KOTTAYAM PUBLIC LIBRARY

Call No. 301
A.S
Acc No. [illegible]

Author [illegible]

Title [illegible]

To improve
the Man life
What we can do?

1045

L

# സാമൂഹ്യ സേവനോദ്യമം

87102
20939

★

KOTTAYAM PUBLIC LIBRARY
KOTTAYAM.

DISTRIBUTING LIBRARY
No. ...............
KOTTAYAM

ഗ്രന്ഥകർത്താ:

പി. കെ. ഏബ്രഹാം

★

651

വില 3 ക.

# SOCIAL SERVICE

BY P. K. ABRAHAM PAREKULAM
Thrikothamangalam, Kottayam.

First Published—1969.
Copy right reserved by the Author
Printed at
P. C. Press, Kottayam.
Copies 1000
Price Rs. 3
Published by the Author

20939

ഗാന്ധി ശതാബ്ദി ഗ്രന്ഥാവലി

# സാമൂഹ്യ സേവനോദ്യമം

# My Attempts in Social Service

DISTRIBUTING LIBRARY
No. ...... ......
KOTTAYAM

''ദൈവസേവനം ആത്മീയ സേവനവും
ആത്മീയസേവനം മനുഷ്യസേവനവും ആകുന്നു''

''Service to God is Service to Soul
Service to Soul is Service to humanity''

''Service of the Poor is the Service to God''

301.

# സമർപ്പണം

എൻെറ പ്രിയപ്പെട്ട
മാതൃസന്നിധിയിൽ
ഈ ഗ്രന്ഥം—
സമർപ്പിച്ചുകൊള്ളുന്നു.

പി. കെ. ഏബ്രഹാം
പാറേകുളം, തൃക്കോതമംഗലം.

# ആമുഖം

'സാമൂഹ്യസേവനോദ്യമം' എന്നപേരിൽ ഒരു പുസ്തകം എഴുതണമെന്നു് ഉദ്ദേശിച്ചു് ഇതു് എഴുതിയതല്ല. കാരണം ഞാനൊരു സാമൂഹ്യസേവകനല്ല. എന്നാൽ പ്രസ്തുത വയലിൽ ഒരിക്കൽ പണിയെടുക്കുന്നതിനു് എനിക്കു് സാധിച്ചു. എന്റെ ഉദ്യമം സഫലമായയെന്നോ, പൂർത്തിയായയെന്നോ ഉള്ള കൃതാർത്ഥതയടയുവാൻ എനിക്കു് ഭാഗ്യം സിദ്ധിച്ചില്ല. അചിരേണ എന്റെ ഉദ്യമങ്ങളിൽ നിന്നു് ഞാൻ വിരമിക്കത്തക്കവണ്ണം പരിതസ്ഥിതികളുടെ വ്യതിയാനം എന്നെ സാമൂഹ്യസേവനാനർഹനാക്കിത്തരം താഴ്ത്തിയോ എന്നു് ഞാൻ ഇപ്പോൾ സന്ദേഹിക്കുന്നു. ഏതായാലും ചില ആശയങ്ങൾ എനിക്കു പ്രേരണ നൽകി. ക്രമേണ സാമൂഹ്യശാസ്ത്രത്തിൽ എനിക്കു് വളരെ താല്പര്യം തോന്നി. തുടർന്നു് പ്രായോഗികമായി ചിലതെല്ലാം എനിക്കു് ഗ്രഹിക്കുവാനിടയായി. ദൈവസഹായത്താൽ എന്റെ ഈ ആശയങ്ങൾ മററുള്ളവരെ സാമൂഹ്യസേവനോദ്യമത്തിലേക്കു് പ്രേരിപ്പിക്കുവാനെങ്കിലും സാധിച്ചാൽ എന്റെ ലക്ഷ്യം സംപ്രാപ്തമായി എന്നു് ഞാൻ കരുതുന്നു. ഏററവും ഗഹനങ്ങളായ, സാമൂഹികം, സേവനം എന്നീ വിഷയങ്ങളെ പുരസ്കരിച്ചു് എന്റെ എളിയ കഴിവിൽ ഇത്രയും പ്രതിപാദിക്കാനിടയായതിൽ എനിക്കു ചാരിതാർത്ഥ്യമുണ്ടു്. ഈ ഗ്രന്ഥം ഒരു വികസിത കുസുമം പോലെ, ഭംഗി, ശോഭ, സൗരഭ്യം എന്നിവ പ്രദാനം ചെയ്യട്ടെ.

ശുഭം.

ഗ്രന്ഥകർത്താവു്

പി. കെ. എബ്രഹാം

തൃക്കോതമംഗലം—കോട്ടയം,

1–9–1969.

# അവതാരിക

സാമൂഹ്യസേവനത്തിൽ മതപരമോ, സാമുദായികമോ, രഷ്ട്രീയമോ ആയ പരിഗണനകൾക്ക സ്ഥാനമില്ല. എന്നാൽ മതത്തിലും, സമുദായത്തിലും, രാഷ്ട്രീയത്തിലും സാമൂഹ്യസേവനം ഉൾക്കൊണ്ടിരിക്കുകയും ചെയ്യുന്നു. സമസ്തജീവികളുടെ സർവ്വതോന്മുഖമായ ഉന്നതിയും അഭിവൃദ്ധിയുമാണ് സാമൂഹ്യസേവനത്തിന്റെ പരമപ്രധാനമായ ലക്ഷ്യം. ഭൗതികവും ആദ്ധ്യാത്മികവുമായ പരിവേഷം, അതിന്റെ ആകർഷകത്വം വർദ്ധിപ്പിക്കുന്നു.

സാമൂഹ്യസേവനം. ജീവകാരുണ്യപരവും, നിസ്വാർത്ഥവും പരോപകാരപ്രദവുമായ ഒരു ''പ്രക്രിയ''യാണ്. സമസ്തജീവികളെ സേവിക്കുന്നത്—അവരുടെ സുഖക്ഷേമങ്ങൾക്കായി പ്രവർത്തിക്കുന്നത്—മനുഷ്യരാശിയുടെ അനുപേക്ഷണീയമായ ഒരു പൊതു കർത്തവ്യമാണെന്നുള്ളത് നിസ്സന്ദേഹമാണ് സാമൂഹ്യജീവിയായ മനുഷ്യന് ഒററപ്പെട്ടുള്ള ജീവിതം സാദ്ധ്യമല്ല. പരസ്പരം ബന്ധപ്പെട്ടും, സഹകരിച്ചും, കൈകോർത്തുപിടിച്ചുമുള്ള ഒരു ജീവിതപദ്ധതിയാണവന് ആവശ്യം.

വിവേകാനന്ദനും, മഹാത്മജിയും, വിനോബാജിയും മററു ലോകാചാര്യന്മാരും നമുക്ക് ഈ വഴിത്താര

തെളിച്ചുതന്നിട്ടുണ്ട്. ബുദ്ധനും ക്രിസ്തുവും നബിയും—എല്ലാ മതസ്ഥാപകന്മാരും മററു മഹാത്മാക്കളും—മതഗ്രന്ഥങ്ങളും സാമൂഹ്യസേവനത്തിൻെറ പ്രാധാന്യത്തെയും ആവശ്യകതയേയും ഉൽബോധിപ്പിക്കുന്നു.

മിത്രങ്ങളെയും ശത്രുക്കളെയും പാവപ്പെട്ടവരേയും ഇതരക്കാരെയും ദുഷ്ടന്മാരേയും ശിഷ്ടന്മാരെയും—എല്ലാം ഒരുപോലെ ഗണിച്ചു വർത്തിക്കുകയാണ് സാമൂഹ്യസേവനമെന്ന് ഗീതയിൽ പറയുന്നു. ''നിൻെറ അയൽക്കാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കുക എന്നും, പാവപ്പെട്ടവന് ചെയ്തുകൊടുക്കുന്ന സേവനമാണ് യഥാർത്ഥ ദൈവസേവനമെന്നും ബൈബിൾ പഠിപ്പിക്കുന്നു.

ധനികൻ ദരിദ്രൻെറ ദുരിതാവസ്ഥ ഗ്രഹിച്ച് അവനെ ''ഉള്ളവ''നാക്കിത്തീർക്കുക, വയറു നിറഞ്ഞിരിക്കുന്നവൻ വിശക്കുന്നവൻെറ അവശത മനസ്സിലാക്കി അവനു ഭക്ഷിക്കാൻ കൊടുക്കുക, അജ്ഞരെ വിജ്ഞരാക്കുക, ശത്രുക്കളെ മിത്രങ്ങളാക്കുക, ദുഷ്ടരെ ശിഷ്ടരാക്കുക, ദുർമ്മാർഗ്ഗികളെ സൽപഥത്തിലേക്കു നയിക്കുക, ആപദ്ഗർത്തത്തിലകപ്പെട്ടവന് സഹായഹസ്തം നീട്ടിക്കൊടുക്കുക, ദുഃഖിതരെ ആശ്വസിപ്പിക്കുക, രോഗികളെ ശുശ്രൂഷിക്കുക, വൃത്തിശൂന്യമായ പരിതസ്ഥിതികളിൽ കഴിഞ്ഞുകൂടുന്നവരെ ശുചിത്വബോധമുള്ളവരാക്കുക, വഴിമുട്ടിനിൽക്കുന്നവനു മാർഗ്ഗദീപം കാണിച്ചുകൊടുക്കുക—ഇങ്ങനെ പോകുന്നു സാമൂഹ്യസേവനത്തിൻെറ ഉദ്ദേശ്യലക്ഷ്യങ്ങൾ.

മററുള്ളവൎക്കു നന്മ ചെയ്യുകയെന്നതാണ് എല്ലാ മതങ്ങളുടെയും അടിസ്ഥാന തത്വം. തന്മൂലം ദൈവസേവനവും മനുഷ്യസേവനവും ഒരുമിച്ചു സാധിക്കുന്നു. മതങ്ങൾ ദൈവസേവനത്തിന് പ്രാധാന്യം നൽകുന്നു. അ

ത്തുകൊണ്ടാണ് യഥാർത്ഥ സന്യാസികൾ പ്രാചീനകാലങ്ങളിൽ ദൈവസേവനത്തിനു മാത്രമായി അവരുടെ ജീവിതം ഉഴിഞ്ഞുവച്ച് കാനനങ്ങളിലും ഗുഹകളിലും ഏകാന്തസ്ഥലങ്ങളിലുമായി ധ്യാനനിരതരായി കഴിഞ്ഞുവന്നത്. കാലത്തിൻെറ പുരോഗതിയിൽ ഈ സന്യാസചര്യക്കു് മാററങ്ങൾ വന്നുകൂടി. മനുഷ്യസേവനം വഴിയായും ദൈവസേവനം സാധിക്കാമെന്നുള്ള അഭിപ്രായത്തിനു പ്രാബല്യം സിദ്ധിച്ചു. അങ്ങനെ അവരുടെ ശ്രദ്ധ സാമൂഹ്യസേവനത്തിലേക്കും തിരിഞ്ഞു. മഹാത്മജിയുടെ പ്രസ്ഥാനം സാമൂഹ്യസേവനം വഴിയായിട്ടു കൂടിയാണ് വിജയശ്രീലാളിതമായത്.

ശരിയായ സാമൂഹ്യഭദ്രതയില്ലാത്തതു കൊണ്ടാണല്ലോ ഹിപ്പികളും മററും തലതിരിഞ്ഞ മട്ടിലുള്ള ജീവിതത്തിൽ നിമഗ്നരായിരിക്കുന്നത്. സാമൂഹ്യസേവനത്തിനു കുറെപ്പേരെ മാത്രം മാററി നിറുത്തി മററുള്ളവർ ചുററുപാടും നടക്കുന്ന സംഭവവികാസങ്ങൾ കണ്ടില്ലെന്നു നടിച്ചു കഴിയുന്നത്, ആപൽക്കരമായ ഒരു പ്രവണതയാണ്. സാമൂഹ്യസേവനം നാമോരോരുത്തരുടെയും കടമയാണെന്നുള്ള ബോധം മനസ്സിലുറച്ചെങ്കിൽ മാത്രമെ സോഷ്യലിസം ഇന്നാട്ടിൽ വേരുറയ്ക്കുകയുള്ളു എന്ന വസ്തുത രാഷ്ട്രീയ—സമുദായനേതാക്കന്മാർ മനസ്സിലാക്കേണ്ടതാണ്.

ശ്രീ പി. കെ ഏബ്രഹാമിൻെറ സാമൂഹ്യസേവനോദ്യമം എന്ന ഈ ഗ്രന്ഥം, സാമൂഹ്യസേവനത്തിൻെറ വിവിധ വശങ്ങളെ സമഗ്രമായി വിശകലനം ചെയ്തുകൊണ്ടാണ് സംവിധാനം ചെയ്തിട്ടുള്ളത്. മഹത്തുക്കളുടെയും മതഗ്രന്ഥങ്ങളിലെയും, തത്സംബന്ധമായ പ്രബോധനങ്ങളും, തത്വോപദേശങ്ങളും ഇതിൽ ക്രോഡീകരിച്ചിട്ടുള്ളതു സമുചിതമായിരിക്കുന്നു.

നമ്മുടെ വിദ്യാലയങ്ങളിലെപാഠ്യപദ്ധതിയിൽ, സാമൂഹ്യപാഠങ്ങൾക്ക് പ്രാധാന്യം നൽകിയിട്ടുണ്ടല്ലോ. വിദ്യാർത്ഥികൾക്കും, സാമൂഹ്യപ്രവർത്തകർക്കും, വൈ. എം. സി. ഏ. മുതലായ സംഘടനാ പ്രവർത്തകർക്കും പ്രയോജനപ്പെടത്തക്കവിധമുള്ള ഈദൃശ ഗ്രന്ഥങ്ങൾ മലയാളഭാഷയിൽ വിരളമാണെന്നു തന്നെ പറയാം.

ഗാന്ധിയൻ തത്വചിന്തകൾക്ക് ഉടനീളം പ്രാധാന്യംകൊടുത്തു വിരചിതമായിട്ടുള്ള ഈ ഗ്രന്ഥം, ഗാന്ധിജന്മശതവാർഷികമാഘോഷിക്കുന്ന ഈ ഘട്ടത്തിൽ പ്രസിദ്ധപ്പെടുത്തുവാൻ സാധിച്ചതു് ശ്ലാഘനീയവും സർവ്വഥാ സ്വാഗതാർഹവുമാണ്. ശ്രീ. ഏബ്രഹാമിൻെറ ഈ സൽഗ്രന്ഥത്തിനു് സാമൂഹ്യസേവനതൽപരരുടെയും സാമൂഹ്യസേവനസംഘടനകളുടെയും വിദ്യാഭ്യാസപ്രവർത്തകരുടെയും നിർലോപമായ സ്വീകരണവും പ്രോത്സാഹനവും ലഭിക്കുമെന്നു് പ്രതീക്ഷിക്കുന്നു.

കോട്ടയം<br>15–12–'69

പി. സി. കോരുതു്.

# ഉള്ളടക്കം

## അദ്ധ്യായങ്ങൾ


1 മനുഷ്യജീവിതത്തിലെ സാമൂഹ്യപ്രശ്നങ്ങൾ
2 വ്യക്തിജീവിതത്തിൽ സാമൂഹ്യഘടന
3 സാമൂഹ്യജീവിതത്തിലെ വ്യക്തിപ്രഭാവം
4 സാമൂഹ്യസംസ്ക്കാരം
5 സാമൂഹ്യജീവിതവും സംസ്ക്കാരവും
6 സാമൂഹ്യജീവിതത്തിലെ പൊതുശത്രുക്കൾ
7 മതങ്ങളും സാമൂഹ്യസേവനങ്ങളും
8 ക്രിസ്തു മാർഗ്ഗത്തിൽ സാമൂഹ്യപ്രശ്ന പരിഹാരം,
9 സംഘടനായുഗത്തിലെ സാമൂഹ്യബോധം.
10 സാമൂഹ്യസേവനധർമ്മങ്ങൾ
11 സാമൂഹ്യസേവനത്തിൻെറ മാഹാത്മ്യം
12 സാമൂഹ്യപ്രവത്തകൻ
13 സ്ത്രീകളും സാമൂഹ്യസേവനങ്ങളും
14 യുവജനസംഘടനകളും സാമൂഹ്യസേവനങ്ങളും.
15 ഗ്രാമംതോറും ഗ്രന്ഥശാലകൾ, സാമൂഹ്യവികസനപദ്ധതികൾ
16 സാമൂഹ്യവിദ്യാഭ്യാസസേവനങ്ങൾ
17 ഗാന്ധിജയന്തി

18 സഹകരണയുഗത്തിലെ തൊഴിലില്ലായ്മ പ്രശ്നം.
19 യാചകരില്ലാത്ത ലോകം
20 ഒരു നല്ല അയൽക്കാരൻ
21 സാമൂഹ്യസേവനം സൽക്കർമ്മഗണത്തിൽ
22 സേവനമാണെന്റെ ലക്ഷ്യം
23 സാമൂഹ്യസേവനോദ്യമങ്ങൾ

# അദ്ധ്യായം ഒന്നു്

## മനുഷ്യജീവിതത്തിലെ സാമൂഹ്യപ്രശ്നങ്ങൾ

''ചിലരെ വിദ്വാന്മാരായും, ധനവാന്മാരായും, പിച്ചക്കാരായും, മൂഢന്മാരായും, സുരൂപികളായും, വിരൂപികളായും, ചെറുതായും, വലുതായും, പലവിധമായി സൃഷ്ടിച്ചു് ലോകത്തെ അലങ്കാലപ്പെടുത്തിയിരിക്കുന്നതു് എന്തിനു്? ഭൂലോകത്തിൽ ജനിച്ചതിനുമേൽ ആത്മാക്കൾ 'തനിക്കു താനെ' വിദ്യ പഠിച്ചു് ജ്ഞാനത്തിൽ മുഴുകി പൂർണ്ണപ്പെടണമെന്നുള്ളതു തന്നെ.'

''മനുഷ്യനു് മാനധനമല്ലേ വലുതു്.'' —മാനവധർമ്മശാസ്ത്രം.

മനുഷ്യജീവിതം ആരംഭിച്ചിട്ടു് നൂറ്റാണ്ടുകൾ വളരെയായി. പലരും അയതിന്റെ പല അതിർത്തികളും, സംവത്സരക്കണക്കുകളും പറയുന്നുണ്ടു്. ഈ കാലമൊക്കെയും മനുഷ്യജീവിതത്തിനു് പല പോരായ്മകളും കുറ്റങ്ങളും ഉണ്ടായിട്ടുണ്ടല്ലോ. എന്നാൽ അവയെല്ലാം പരിഹാരം കണ്ടുപിടിച്ചു തന്ന പല മഹർഷിമാരെയും, പുണ്യാത്മാക്കളെയും പററി നാം മനസ്സിലാക്കിയിട്ടുമുണ്ടു്. മനുഷ്യജീവിതത്തെ മാതൃകാപരമായി കാണിച്ചുതന്നവരിൽ ഒരാളാണു് ശ്രീയേശു. മനുഷ്യജീവിതത്തിന്റെ വിവിധ രീതികൾ നാം ദൈനംദിനം കണ്ടുവരുന്നവയല്ലോ.

മനുഷ്യജീവിതത്തിന്റെ സ്ഥിരത, മേന്മ മുതലായവയെപ്പററി പല മതഗ്രന്ഥങ്ങളും പഠിപ്പിക്കുന്നുണ്ടു്.

എന്നാൽ സാമൂഹ്യജീവിതത്തിൽ വ്യക്തിജീവിതത്തിന്റെ സ്ഥിരത—സ്ഥായിയായ പ്രതിഫലനം—ദർശിക്കാവുന്നതാണ്. മനുഷ്യജീവിതം അധഃപ്പതിക്കുന്നതു്, അതിന്റെ നാലു പ്രധാനമൂലക്കല്ലുകളാകുന്ന ജീവിതത്തിന്റെ സ്ഥിതി, നില, ഗതി, നിഷ്ഠ എന്നിവകളുടെ വ്യതിചലനംകൊണ്ടാകുന്നു. അതു് ശരിപ്പെടുത്തുന്നതാണ് സാമൂഹ്യജീവിതത്തിന്റെ വശ്യത. സംസർഗ്ഗംകൊണ്ടു് സമുദായം ഇതു് സാധിക്കുന്നു. അതു് മനുഷ്യസ്വഭാവത്തിന്റെ ഒരു പ്രത്യേകതയാണ്. ജീവിതത്തിന്റെ വില നിർണ്ണയിക്കുന്നതു് ഒരുവന്റെ സ്ഥിതി, നില, ഗതി, നിഷ്ഠ എന്നിവയുടെ ആകെത്തുക നോക്കിയാകുന്നു. ജീവിതത്തിനു് വിലയുണ്ടെങ്കിൽ മനുഷ്യനു് മാനമുണ്ടു്. ഇതിന്റെ മാക്കറ്റു് നിയന്ത്രിക്കുന്നതു് സമുദായമാണ്. തൻമൂലം അധഃപ്പതിച്ചവരെ ഉദ്ധരിക്കുക എന്നതു് സമുദായത്തിന്റെ കടമയായിത്തീരുന്നു. അപ്പോഴാണ് സാമൂഹ്യസേവനം ആവശ്യമായിരിക്കുന്നതു്. സാമൂഹ്യസേവനംമൂലം മനുഷ്യനു് നഷ്ടപ്പെട്ടുപോയ ജീവിതമൂല്യങ്ങൾ വീണ്ടെടുത്തു് അവനെ സ്ഥിതിയുള്ളവനും, നിലയുള്ളവനും, ഗതിയുള്ളവനും, നിഷ്ഠയുള്ളവനും ആക്കുന്നു. അതുകൊണ്ടു് സേവനം മാനവും വിലയുള്ളതും ആകുന്നു.

### 1. മനുഷ്യസ്ഥിതി (Status quo)

മനുഷ്യസ്ഥിതി നിർണ്ണയിക്കുന്നതു് മനുഷ്യനിൽ എന്തുണ്ടു് എന്നതിനെ ആശ്രയിച്ചായിരിക്കും. എന്നാൽ മനുഷ്യന്റെ ഉദ്യോഗനിലയോ, ഭവനവലിപ്പമോ, വിശേഷവസ്ത്രധാരണമോ അല്ല അവനെ മനുഷ്യനാക്കിത്തീർക്കുന്നതു്. പിന്നെയോ അവനിലുള്ള സ്വഭാവമാണ് ഒരുവനെ മനുഷ്യനാക്കിത്തീർക്കുന്നതു്.

ഭാവനയിൽക്കൂടി മനുഷ്യന്റെ സ്ഥിതിയെ ഒന്നു് സങ്കല്പിക്കുക. മനുഷ്യൻ സ്ഥിതിചെയ്യുന്നതു് എന്തി

ന്നെ?—സ്ഥലകാലപരിമിതികൾക്ക് വിധേയനായ മനുഷ്യൻ; സുഖദു:ഖസമ്മിശ്രമായ അവൻെറ ജീവിതം ഇന്നു കാണുന്നതും നാളെ കാണാത്തതും ആയപുഷ്പം; പരിവർത്തനങ്ങളുടെ മൂശയിൽ ചുട്ടെടുത്ത തനിത്തങ്കം.

സ്ഥിതി എന്നു് ഇവിടെ ഉദ്ദേശിക്കുന്നതു് സമുദായമദ്ധ്യത്തിൽ ഒരുവൻെറ സ്ഥിതിയെന്തു്? എന്നതാണു്. അതു് പഴക്കാപ്പാക്കുകളുടെ ഇടയിൽ പച്ചപ്പാക്കു് പോലെ ശോഭിക്കുകയാണോ? ചുരുക്കത്തിൽ ഒരുവൻെറ സ്ഥിതിയെ നിലനിറുത്തുന്നതു് അവൻെറ സ്വഭാവമാണെന്നു വ്യക്തമാകും. രത്നത്തിനു് തിളങ്ങുവാൻ ശോഭയുണ്ടു്. വെറും കല്ലുകൾ ശോഭിക്കുന്നില്ല. എന്നാൽ മനുഷ്യനെ സംബന്ധിച്ചിടത്തോളം, അവനിലുള്ള ശോഭ അവൻെറ സ്വഭാവമാണു്. നിങ്ങൾ ലോകത്തിൻെറ പ്രകാശമായിത്തീരണം എന്നു് ക്രിസ്തുഭഗവാൻ അഭിലഷിച്ചിട്ടുണ്ടു്. മനുഷ്യനിൽ മനുഷ്യസ്വഭാവം ഉള്ളിടത്തോളം കാലം അവൻെറ സ്ഥിതിക്കു് കുറവു വരികയില്ല. സ്ഥിതിയുള്ളവർ പുരോഗമിക്കുമെന്നതു് സ്വാഭാവികമാണു് 'ഈ മനുഷ്യനിൽ ഞാൻ ഒരു കുററവും കാണുന്നില്ല എന്നു് പീലാത്തോസ് വിധിച്ച ക്രിസ്തു കുററക്കാരൻെറ നിലയിലാണെങ്കിലും തൻെറ യഥാർത്ഥസ്ഥിതിയെന്തു് എന്നു് ന്യായാധിപൻ അവിടെ സ്പഷ്ടമായി പറയുന്നു. ഞാൻ അവനെ വിട്ടയയ്ക്കും എന്നു് തുടർന്നു് പറയുന്നു. അതെ! യഥാർത്ഥ മനുഷ്യസ്ഥിതി സ്വാതന്ത്ര്യമാണു്.

ഒരു പുഷ്പത്തിനു് ചെടിയുടെ പുഷ്പമെന്ന നിലയിൽ ശോഭിക്കുവാനും, വികസിക്കുവാനും, ആകർഷിക്കുവാനും, സൗരഭ്യം പരത്തുവാനും, പരമാവധി സാധിച്ചാൽ ആ അവസ്ഥയാണു് അതിൻെറ പാരമ്യസ്ഥിതി. ഇതുപോലെ മനുഷ്യനിലുള്ള സൗരഭ്യങ്ങളാകുന്ന സൽഗുണങ്ങൾ വീശി, നല്ല സ്വഭാവങ്ങളാൽ

ശോഭിക്കപ്പെട്ട്. സൽപ്രവൃത്തികളാൽ വികസിക്കപ്പെട്ട്. ജ്ഞാനരത്നങ്ങളാൽ ആകർഷിതമായി ചമയപ്പെട്ടുമോ അതാണ് മനുഷ്യൻെറ യഥാർത്ഥസ്ഥിതി.

'ഹാ പുഷ്പമെ! അധികതുംഗപദത്തിലെത്ര
ശോഭിച്ചിരുന്നൊരു രാജ്ഞികണക്കയേ നീ'

അതുകൊണ്ട് മനുഷ്യൻെറ യഥാർത്ഥസ്ഥിതി നിലനിറുത്തുവാൻ സാധിക്കുന്നത് സൽഗുണങ്ങളാൽ നിറയപ്പെട്ട സൽസ്വഭാവത്തോടു കൂടി സൽപ്രവൃത്തികൾ ചെയ്ത് വിജ്ഞാനപ്രകാശിതരായി ജീവിക്കുകമൂലമാണെന്ന് വ്യക്തമായല്ലോ. ഒരാളുടെ സ്ഥിതി നിർണ്ണയിക്കുന്നത് ഈ പന്ഥാവിൽ എന്തുമാത്രം അയാൾ പ്രയാണം ചെയ്തു എന്നതനുസരിച്ചാണ്. ഓരോ അവസ്ഥ മനുഷ്യൻെറ സ്വഭാവത്തേയും ഗൗരവത്തേയും എത്രക്ഷണത്തിൽ മാററുന്നതാണ്. അതാതു സമയത്തെ അവസ്ഥയ്ക്കനുസരിച്ചാണ് മനുഷ്യന് സുഖം ഉണ്ടാകുന്നത്. മനുഷ്യശരീരം നിർമ്മിച്ച ആ മഹാശില്പി അതിൽ സംസ്ഥാപിച്ചിരിക്കുന്ന ശക്തികളെ യഥോചിതം യഥാകാലം, യഥാവിധി വിനിയോഗിച്ച് മനുഷ്യൻ തൻെറ ജീവിതം സാർത്ഥകമാക്കിത്തീർക്കുന്നതിന് ഉദ്ദേശിച്ചിരിക്കുന്നു.

## 2. മനുഷ്യൻെറ നില (location)

ചില മനുഷ്യരെപ്പററി നിലയും വിലയും ഉള്ളവർ എന്നു പറയാറുണ്ട്. നിലയും വിലയും സമമാണ്. എന്താണ് ഈ നിലപാട്? ജ്യോതിശ്ശാസ്ത്രത്തിൽ ഗ്രഹനിലയെപ്പററി പറയുന്നു. ഇതുപോലെയാണ് മനുഷ്യരാശിയുടെയും നില. ഈ നില ചുററുപാടുകളെ ആശ്രയിച്ചിരിക്കും. മനുഷ്യൻ സാധാരണ നല്ലനിലയിൽ ആകുക ചില സമാർജ്ജിത സജ്ജീകരണത്തിൻെറ പിൻബലം കൊണ്ടാണ്. സാമ്പത്തികഭദ്രത, ജ്ഞാനഭദ്രത, ജീവിതഭദ്രത മുതലായവയാണവ. ഇവ

യുടെ നിലനില്പ്, മനുഷ്യജീവിതത്തെ ഒരു ഉറച്ച നിലയിലേക്ക് നയിക്കുന്നു. ഇവയുടെ ഇല്ലായ്മ, മനുഷ്യനിലയേയും, വിലയേയും കുറയ്ക്കുന്നു. ചുററുപാടുകൾ മേല്പറഞ്ഞ ഭദ്രതകളെ പ്രായോഗികമായി സഹായിക്കുന്നവയാണ്. സ്നേഹിതന്മാർ, ബന്ധുക്കൾ ധനവരുമാനം, സിൽബന്ധികൾ, സുഖജീവിതം, ഏതുകാര്യവും സാധിക്കുന്നതിനുള്ള കഴിവ് കുടുംബപാരമ്പര്യം, മന:സ്ഥിതി, ബുദ്ധിമുട്ടുകളെ തരണംചെയ്വാനുള്ള സാദ്ധ്യത മുതലായവയാണ് ആ ചുററുപാടുകൾ പരിതസ്ഥിതികളുടെ സമ്മർദ്ദം. ജീവിതത്തിലെ ചഞ്ചലനിലപാട മാററി സ്ഥിരപ്പെടുത്തും. മിക്കവാറും പ്രായപൂർത്തിയായതിനു് ശേഷമായിരിക്കും ആ കാലഘട്ടം.

ചെളിയിൽ തൂൺ നാട്ടിയാൽ ഉറയ്ക്കുന്നതു് അതിന്റെ അഗാധ നിലപാടിലെത്തുമ്പോഴാണല്ലോ. അപ്പോൾ അതു് ഉറച്ചു് ബലപ്പെടുകയും ചെയ്യും. ''ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും''എന്നു് കർത്താവു് പറയുന്നു. വി. പത്രോസിൽ വിശ്വാസജീവിതത്തിന്റെ ഉറച്ച നില കണ്ടിട്ടാണ് ക്രിസ്തു അതു് പറഞ്ഞതു്. മനുഷ്യൻ സ്വതെ ചഞ്ചലനാണ്. ജീവിതത്തിൽ നിലയും വിലയും സമ്പാദിച്ചെങ്കിലെ അതു് മാറുകയുള്ളു.

ജോമട്രിയിൽ ഒരു ബിന്ദു അടയാളപ്പെടുത്തുന്നതു് ഇന്ന ഇന്ന ബിന്ദുക്കളിൽ നിന്നു് നിശ്ചിത അകലം കണക്കുകൂട്ടിയാണല്ലോ. ഭൂമിശാസ്ത്രത്തിൽ, ഒരു സ്ഥലത്തിന്റെ കിടപ്പ് ഇത്ര ഇത്ര ഡിഗ്രി ഭൂരേഖയനുസരിച്ചാണ് (longitude & lattitude) എന്നു് കണക്കുകൂട്ടുന്നു. ഇതുപോലെ നമ്മെ വലയം ചെയ്തിരിക്കുന്ന ചുററുപാടുകളാകുന്ന പരിധിയിൽ നാം ബന്ധിതരായി ഉറച്ചുനിൽക്കുന്നു എന്ന ആ നാല്പപാട്ട് ചിത്രീകരിക്കാ

വുന്നതാണു്. ഗോളങ്ങളെല്ലാം ആകർഷണംകൊണ്ടു് നിലകൊള്ളുന്നതുപോലെ ചുററുപാടുകളാൽ നാം ആകർഷിക്കപ്പെട്ടു് നിലകൊള്ളുന്നു. അവയുമായുള്ള ആകർഷണം നശിച്ചാൽ നമ്മുടെ നിലപാടു് വ്യത്യാസപ്പെടുമെന്നുള്ളതു് തീർച്ചയാണു്

''മാളികമുകളേറിയ മന്നൻെറ
തോളിൽ മാറാപ്പു കേററുന്നതും ഭവാൻ
കണ്ടുകൊണ്ടിരിക്കും ജനങ്ങളെ
കണ്ടില്ലെന്നു വരുത്തുന്നതും ഭവാൻ
രണ്ടുനാലുദിനം കൊണ്ടൊരുത്തനെ
തണ്ടിലേററി നടത്തുന്നതും ഭവാൻ''

സാഹചര്യങ്ങൾ മനുഷ്യജീവിതത്തെവളരെ നിയന്ത്രിക്കുന്നുവെന്നാണു് പല മഹാന്മാരും പറയുന്നതു്. ഗ്രഹനില നോക്കി കണക്കുകൂട്ടി ജ്യോത്സ്യൻ ജാതകഫലം പറയുന്നതുപോലെ ഓരോ മനുഷ്യൻെറയും നില അറിഞ്ഞു് ചില നിഗമനങ്ങളിലേക്കു നാം പ്രവേശിക്കുന്നു. ആ നിഗമനങ്ങളുടെ വ്യത്യസ്ഥതയുടെ കാരണം ഓരോരുത്തരിലും. ഓരോ തരത്തിലുള്ള കുറവുകളും കുററങ്ങളുമായിരിക്കും. ഇപ്രകാരം വന്നുചേരുന്ന കുറവുകളെ കണ്ടുപിടിച്ചു് പരിഹരിക്കുന്നതിനാണു് സാമൂഹ്യസേവകർ ശ്രദ്ധിക്കേണ്ടതു്. മനുഷ്യൻെറ നില നഷ്ടപ്പെടുന്നതു് ചുററുപാടുകളുടെ അഭാവം കൊണ്ടും, ദോഷം കൊണ്ടും ആണു്.

ആദാമും ഹവ്വായും പരമാനന്ദകരമായ പറുദീസ്സയിൽ അനുഭവിച്ച നില എന്തു്? അതിൽനിന്നു് താഴ്ത്തിയതിൻെറ കാരണം പാപവും അതിലേക്കു് വശീകരിച്ചതു് സാഹചര്യങ്ങളുമാണെന്നു് പ്രസിദ്ധമാണല്ലോ. 'ആദാമെ നീ എവിടെയാകുന്നു' എന്നാണു് കർത്താവു് അവർ നഗ്നരെന്നു് കണ്ടു് ഒളിച്ചപ്പോൾ.

ചോദിച്ചതു്. ആ ചോദ്യത്തിൻെറ ഉത്തരം ആദാമിൻെറ പരിതാപകരമായ നിലപാടു് വ്യക്തമാക്കും. ഇതുപോലെ നമ്മുടെ നിലപാടു്, ധാർമ്മികവശത്തെ ഉറപ്പിക്കുന്നതിനു വേണ്ടി ആയിരിക്കണം.

ഒരു പാലം അതിൻെറ തൂണുകളാൽ യഥാസ്ഥാനപ്പെടുത്തുന്നതുപോലെ ചുററുപാടുകളാകുന്ന നല്ലതും, ബലമുള്ളതുമായ തൂണുകളിലാണു് നമ്മുടെ നിലപാടു് ഇരിക്കേണ്ടതു്. ഞാൻ നിങ്ങളെ യഥാസ്ഥാനപ്പെടുത്തുവോളം നിങ്ങൾ ഇവിടെ തന്നെ താമസിക്കുവിൻ. വിശുദ്ധാത്മാ വരുമ്പോൾ അദ്ദേഹം യഥാസ്ഥാനപ്പെടുത്തും! എന്നു് ക്രിസ്തു അരുളിച്ചെയ്തിരിക്കുന്നു. ഈ തിരുമൊഴികളനുസരിച്ചു് നാം യഥാസ്ഥാനപ്പെടേണ്ടിയിരിക്കുന്നുവെന്നും, അതിലേക്കുള്ള നമ്മുടെ പരിശ്രമമെത്രയെന്നും തൻമൂലം എന്തുമാത്രം ആർജ്ജിച്ചുവെന്നും ഉള്ളതാണു് നമ്മുടെ യഥാർത്ഥനിലയുടെ അളവു് എന്നു് വ്യക്തമായല്ലോ. ഇപ്രകാരം നമ്മുടെ നിലപാടു് ഒന്നു് വിശദീകരിക്കാവുന്നതാണു്

ചുരുക്കിപ്പറഞ്ഞാൽ ലോകജീവിതത്തിൽ നാം വഹിക്കുന്ന പങ്കു് എന്തു് എന്നു് ലോകം വിശദമാക്കുന്നതായിരിക്കും നമ്മുടെ നില. ആ വിശദീകരണം നമ്മുടെ ലക്ഷ്യത്തെയും, (view) ഏതു് ചേരിയിലേക്കാണു് പോകേണ്ടതെന്നും, ഏതു് മാർഗ്ഗമാണവലംബിച്ചിരിക്കുന്നതെന്നും, മററു് ഏതു് ആദർശങ്ങളുടെ (മതങ്ങളുടെ) പ്രതിഫലനമാണെന്നും വ്യക്തമാക്കുകയാണു്. ഈ പറഞ്ഞവ പല രീതിയിൽ കാണാവുന്നതുകൊണ്ടു മാത്രമാണു് ഓരോരുത്തരുടെയു, നില വ്യക്തമാക്കേണ്ടതായിട്ടുള്ളതു്. ധർമ്മം, അർത്ഥം, കാമം, മോക്ഷം, എന്ന നാലു ലക്ഷണങ്ങളാണു് ഹിന്ദുശാസ്ത്രത്തിൽ പ്രതിപാദിച്ചിട്ടുള്ളതു്. ചേരികൾ വലതെന്നും ഇടതെന്നും രണ്ടാണു്. മാർഗ്ഗങ്ങൾ അക്രമവും അക്രമരാഹിത്യ

വ്യമാണ് ആദർശങ്ങളം (Principles) പ്രായോഗികമോ, വെറുംപരിശോധനാപരമോ എന്നു് വിഭജിക്കാം.

ഒരു മനുഷ്യൻെറ നില ശാസ്ത്രപ്രകാരം തിട്ടപ്പെടുത്തുമ്പോഠം ഒരു താരതമ്യവിവേചനംകൂടി ആവശ്യമായി വരും. മൃഗലോകം, മനുഷ്യലോകം, ദൈവലോകം എന്നു് ത്രിമണ്ഡലങ്ങളിലാണ് മനുഷ്യനു് ബന്ധമുള്ളതു്, ഒരുവനു് മനുഷ്യലോകം കൂടാതെ മറേറാരോന്നിലേക്കു് ചായ്‌വോ, ബന്ധമോ ഉണ്ടാകാം. മനുഷ്യനു് മൃഗലോകത്തിലും, ദൈവലോകത്തിലും വ്യാപരിക്കാം. കൂടാതെ മനുഷ്യലോകത്തിൽ മാത്രം വിഹരിക്കുന്നവരും കാണും. ഇവരുടെ പരിഗണനയിൽ മനുഷ്യൻെറ യഥാർത്ഥനില ചൂണ്ടിക്കാണിക്കപ്പെടുന്നു.

മനുഷ്യൻെറ സ്ഥിതി മെച്ചപ്പെടുത്തുകയും, മനുഷ്യൻെറ നില ഉയർത്തുകയും ചെയ്യേണ്ടതു് രണ്ടും ഒരുപോലെ ആവശ്യമാണ്. മനുഷ്യൻെറ സ്ഥിതി, നല്ല സ്ഥിതിയെന്നും, ചീത്തസ്ഥിതിയെന്നും, നന്മയും തിന്മയും ചേർന്നതെന്നും വ്യവഹരിക്കപ്പെടുന്നു. അതായതു് മനുഷ്യൻെറ സ്ഥിതി നിർണ്ണയിക്കുന്നതു് അളന്നു് തുലനം ചെയ്യികകയാണെങ്കിൽ, ഒരുവൻെറ നില നിർണ്ണയിക്കുന്നതു് അതിൻെറ ഇളകുകയും, താഴുകയും ചെയ്യുന്ന മുകൾപരപ്പിനെ ആധാരമാക്കിയാണ് എന്നു കാണാം. ''നിലയ്ക്കു നിന്നാൽ മലയ്ക്കു തുല്യം'' എന്നാണ് പറഞ്ഞു കേട്ടിട്ടുള്ളതു്. സ്ഥിരമായ നിലപാടിനു് അസൂയാവഹമായ നിലയെന്നു് പറയുന്നു. സാമൂഹ്യസേവനംമൂലം നിലപാട്ട് ശരിപ്പെടുത്തുന്നതു് ഓരോരുത്തരെ നിലയ്ക്കു് നിർത്തുകയാകുന്നു. സാമൂഹ്യസേവനാർഹരാകാതെയോ ആ അർഹത ലഭ്യമാകാതെയോ പോകുകയാണെങ്കിൽ, വെള്ളത്തിൽ നിലയില്ലാതെ വരുന്നതുപോലെ നിൽക്കക്കള്ളിയില്ലാതെ അവർ നശിച്ചുപോകുന്നതാണ്.

## 3. മനുഷ്യന്റെ ഗതികൾ

മനുഷ്യനും നദിയുടേതുപോലെ ഒരു ഗതി വേണ്ടിയിരിക്കുന്നു. സൂര്യൻപോലും സൗരയൂഥത്തിൽ ഒരേ തെ നില്ക്കുന്നില്ല പ്രത്യുത, അതു് കറങ്ങി ചുററിന്നില്ക്കുന്നു. മനുഷ്യന്റെ ചലനാത്മകങ്ങളായ പ്രവൃത്തി വ്യാപാരങ്ങൾ മൂലമുള്ള ഗതിയാണു് ഇവിടെ വിവക്ഷിക്കുന്നതു്.

അഗതികൾ അഥവാ ''നിർഗ്ഗതിക്കാർ '' എന്നൊരു കൂട്ടരെ നാം അറിയുന്നുണ്ടല്ലോ. അവരുടെ അവസ്ഥ 'ഒന്നുകിൽ യാചകവൃത്തി അംഗീകരിക്കണം അല്ലെങ്കിൽ ഉപവസിച്ചു മരിക്കണം' എന്നതാണു്. ഒരുമവൻ ദൈവഭൂതനായി ഉയരാൻ ശ്രമിക്കുന്നില്ലെങ്കിൽ തീർച്ചപ്പെടുത്തികൊള്ളുക, അവൻ പിശാചായി താഴുകയാണെന്നു്. ഒരു മൃഗമായിത്തീരാൻ അവനു് സാധിക്കയില്ല. ദുഷ്ടമനുഷ്യൻ ക്രൂരജന്തുക്കളെക്കാൾ നീചനാകുന്നു! എന്നു് കോററിഡ്ജ് എന്ന മഹാൻ പറഞ്ഞിരിക്കുന്നു. ഒരു കുളത്തിൽ വെള്ളം വാർന്നുപോകാതെ കെട്ടിനിന്നാൽ അതു് ദുഷിക്കുമെന്നു മാത്രമല്ല, വെള്ളത്തിന്റെ അളവു കുറഞ്ഞുപോകുകയും ചെയ്യും. ഇതുപോലെ നമ്മുടെ മേൽഗതി തടഞ്ഞുപോയാൽ നമുക്കു് അധോഗതിയായിരിക്കും ഫലം. 'ഒഴുക്കു നീററിൽ അഴുക്കില്ല.' എന്നാണല്ലോ പഴമൊഴി. പുരോഗമനപരമായ ഗതി നമ്മെ ഉയർത്തുകയും മാലിന്യത്തിൽ നിന്നകലുവാൻ സഹായിക്കുകയും ചെയ്യും. ഗതി 'കെട്ടാൽ പുലി പുല്ലും തിന്നും' എന്നാണല്ലോ പഴഞ്ചൊല്ലു്.

ചുരുക്കിപ്പറഞ്ഞാൽ, നമ്മുടെ ആർജ്ജിതമായ ജീവിതത്തിന്റെ പോക്കു്— അഥവാ ജീവിതയാത്രയുടെ പുരോഗമനം തന്നെ—മനുഷ്യജീവിതത്തിൽ മൗലികമായ ഒരു കാര്യമാണു്. ആരോഹണക്രമമനുസരിച്ചു്,

ജീവിതവികസനസാദ്ധ്യതകളും, അതിൻെറ ഫലാസ്വാദനവും, ലക്ഷ്യത്തിലേയ്ക്കുള്ള പ്രയാണവും, അനുഭവങ്ങളുടെ പുതുമയും പുരോഗതിയെ സൂചിപ്പിക്കുന്നു. അന്യജീവികളിൽ അനുകമ്പയും, അവരുടെ ദുഃഖങ്ങളിൽ സഹതാപവും മനുഷ്യന് അവശ്യം ഉണ്ടായിരിക്കേണ്ട ഗുണങ്ങളാകുന്നു. സൗഭാഗ്യമൂർത്തികളായുള്ളവർ താന്താങ്ങളുടെ സുഖത്തെപ്പററിമാത്രം വിചാരിച്ച് കൂട്ടത്തോടാകുന്നു അപ്രകാരമുള്ളവക്കു യഥാർത്ഥ ആനന്ദം സിദ്ധിക്കുന്നത് അവർ നിമിത്തം അന്യരും ആനന്ദം അനുഭവിക്കുമ്പോൾ മാത്രമാണ്. അതുകൊണ്ട് ഒരു ഗതിയുമില്ലാതെ, അധോഗതിപ്രാപിച്ചവർക്ക് വേണ്ട കാര്യങ്ങൾ ചെയ്തുകൊടുത്ത് അവരെ ഉയർത്തുന്നത് സാമൂഹ്യമായ ഒരാവശ്യമാണ് എല്ലാ സമുദായങ്ങളിലും ഇങ്ങനെയുള്ളവർ കാണും. കൂടാതെ അനാഥർ, ദരിദ്രന്മാർ, വിധവകൾ മുതലായവരെ സഹായിക്കുന്നത് പുണ്യകർമ്മമായി എല്ലാ മതഗ്രന്ഥങ്ങളും അനുശാസിക്കുന്നുണ്ട്. തൻമൂലം അഗതിമന്ദിരങ്ങളുടെ സേവനവും പ്രവൃത്തനവിലയും വളരെ പ്രശംസാർഹമാണ്. ഓരോരുത്തരുടെയും ജീവിതത്തെ നില നിറുത്തുന്നു. ആശയിലേക്കുള്ള വഴിയിൽ നമ്മുടെ വണ്ടികേടായിപ്പോയാൽ (brake down) ശരിപ്പെടുത്തുവാനും സാധിക്കാതെ പോയാൽ ആ ജീവിതം നഷ്ടമായിപോകുമല്ലോ. പരിപാലനം ഇല്ലാത്തേടത്ത് ജനം അധോഗതി പ്രാപിക്കുന്നു. (സദൃശ 11;14)

ദൈവം മനുഷ്യനെ ആദ്യം പറുദീസയിൽ സർവ്വസുഖ സൗകര്യങ്ങളോടുംകൂടി താമസിപ്പിച്ചു പിന്നീട് അവിടെ നിന്ന് ഭൂമിയിലേക്ക് അയച്ചപ്പോൾ അദ്ധ്വാനിച്ച് വേലചെയ്ത് ജീവിക്കുക എന്ന ജീവിതമാർഗ്ഗമന്ത്രമാണ് ഉപദേശിച്ചത്. അതുകൊണ്ട് മനുഷ്യൻെറഗതിഉദ്ദേശിക്കപ്പെട്ടിരിക്കുന്നത് അദ്ധ്വാനംകൊണ്ടു

ജീവിക്കുന്നതിലാണ്. ജീവിതത്തിൻെറ ഒരു ഭാഗമാണല്ലോ കാലയാപനവും അതിനുവേണ്ടി ചെയ്യുന്ന ജോലിയും. അതുകൊണ്ട് ജോലിയില്ലായ്മ പരിഹരിക്കയാണ് ഒരു സാമൂഹ്യസേവനം. മനുഷ്യൻ ഒരു സുഖജീവിയായിരുന്നപ്പോഠം സകല സുഖങ്ങളും അനുഭവിച്ചു. ഇന്ന് മനുഷ്യൻ സുഖിമാനാകണമെങ്കിൽ അതിൻെറ വ്യവസ്ഥ അവൻ അദ്ധ്വാനിക്കണം എന്നാണ്. സുഖജീവിതത്തിൽനിന്ന് ഭ്രംശനം ചെയ്യപ്പെട്ടപ്പോഠം ദുഖിതനായിത്തീൎന്ന മനുഷ്യന്, ദൈവം അപ്പഴപ്പോഠം സുഖത്തിൻെറ അംശങ്ങഠം നഠകുന്നതിന് നമുക്ക് അദ്ധ്വാനമാകുന്ന ശാപമോക്ഷം നഠകിയിരിക്കുന്നു. ദൈവത്തിൻെറ കരുണയുടെ ശേഷിച്ച അനുകമ്പമൂലമാണ് ഇന്ന് മനുഷ്യജീവിതം സുഖദുഃഖസമ്മിശ്രമാക്കിത്തീൎത്തു് മനുഷ്യജീവിതത്തിൻെറ ലക്ഷ്യം സുഖത്തിലേക്കാണ്, അതിനുള്ള മാർഗ്ഗം കഠിനാദ്ധ്വാനമാണെന്ന് വ്യക്തമായല്ലോ.

''സർവ്വജീവികളും ഉൽഗതിയെത്തന്നെ നിർന്നിമേഷം പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു ഇതിൻെറ സിദ്ധിക്കായിട്ടുള്ള ശ്രമമാണ് ജീവിതരണത്തിന് നിദാനമായി തീർന്നിട്ടുള്ളത്. ഈ രണത്തിൽ സാധനസമ്പന്നന്മാർ വിജയികളും തദ്വികലന്മാർ പരാജിതരും ആയിത്തീരാതെ തരമില്ല. സകല ഭൂതങ്ങളുടെയും പ്രവൃത്തികളെല്ലാം സുഖത്തെ ഉദ്ദേശിച്ച് ചെയ്യപ്പെടുന്നവയാകുന്നു. സുഖം എന്നതു് ധർമ്മം കൂടാതെ ഉണ്ടാകുന്നതല്ല. അതിനാൽ എല്ലാവരും ധർമ്മതല്പരരായിരിക്കേണ്ടതു് അത്യാവശ്യമാണ് എന്നാണല്ലോ ആപ്തവാക്യം.

ഇന്നത്തെ വ്യവസ്ഥിതിയിൽ സ്ത്രീകളുടെ ശക്തി അസ്ഥിരമാണ്. കുടുംബമായി മാത്രമേ അവൎക്കുമേൽഗതിയുള്ളു. അതുകൊണ്ട് സാമൂഹ്യസേവനം സ്ത്രീകളുടെ ക്ഷേമത്തെ ഉദ്ദേശിച്ച് നടത്തേണ്ടതാണ്. ''കുമാ

ഗതിയിലേക്കം, അധോഗതിയിലേക്കം ഓരോ രാജ്യപാതയുണ്ട്, ഒന്ന് സഹകരിച്ചുള്ള നീക്കം, മററത് ഒററതിരിഞ്ഞുള്ള പോക്ക്''—ഡെൻവർ.

## 4. മനുഷ്യൻെറ നിഷ്ഠകൾ

മനുഷ്യ ജീവിതത്തിനുള്ള ഒരു പ്രത്യേകതയാണ് നിഷ്ഠാജീവിതം (Habits make or mar the man) മതങ്ങളുടെ പ്രമാണ സാക്ഷാൽക്കാരം നിഷ്ഠകളാണ്. നിഷ്ഠകൾ എന്നത് ഒരുതരം ശാഠ്യതയും, സാഹസവും പ്രതിജ്ഞാപരവും, നിർബന്ധവും ആയതാകുന്നു. നിഷ്ഠകളോടുകൂടി മാത്രമേ പ്രമാണങ്ങൾ പ്രമാണങ്ങളാകുന്നുള്ളൂ. വ്രതം മുതലായ ആചാരങ്ങളിൽ ആളുകൾ നിഷ്ഠയില്ലാത്തവരാണെങ്കിൽ മതജീവിതം വ്യർത്ഥം. ഒരിക്കൽ മാത്രം പ്രാർത്ഥിച്ചാൽ മതിയോ? പോരാ, രണ്ടല്ല ദിവസവും അല്ല, എപ്പോഴും പ്രാർത്ഥനാ നിഷ്ഠയുള്ളവരായിത്തീരണമെന്നാണ് മതം അനുശാസിക്കുന്നത്. മനുഷ്യനെ സംബന്ധിച്ച് നിഷ്ഠകൾ 'ശീലങ്ങളായി' അറിയപ്പെടുന്നു. ഒരു മനുഷ്യൻെറ സ്വഭാവത്തെ അപഗ്രഥിച്ചാൽ അതു പല ഗുണങ്ങളുള്ളതായും പല ദോഷവശങ്ങളുള്ളതായും കാണാൻ കഴിയും. വീണ്ടും പിരിച്ചു നോക്കിയാൽ അത് ചില ശീലങ്ങൾ (നല്ലതും ചീത്തയും) ഉൾക്കൊള്ളുന്നതായി അറിയാം അവയെ വീണ്ടും പരിശോധിച്ചാൽ അത് ചില പ്രവൃത്തികളുടെ നിഷ്ഠകളായി (habits) തീർന്നതാണെന്നും, അതിനുള്ള കാരണങ്ങൾ ലക്ഷ്യം വിചാരവുമായി—ചുരുക്കത്തിൽ മനസ്സിൻെറ വ്യാപാരമായി കാണാവുന്നതാണ് 'മനുഷ്യൻ' എന്ന ശബ്ദത്തിൻെറ ധാത്വർത്ഥം വിചാരശീലൻ എന്നാണല്ലോ. മനുഷ്യൻ അവൻെറ ചിന്താപരിണാമം ആണെന്നു് തത്വദർശികളായ മഹാപുരുഷന്മാർ സമർത്ഥിക്കുന്നു. ഗുണമായാലും, ദോഷമായാലും അത് സ്ഥായിയായി

ത്തീരുന്നതു് അവസാനം നിഷ്ഫലമായ വഴിയാണു്. അതുകൊണ്ടാണു് ചെറുപ്പത്തിലെ നല്ല ശീലങ്ങൾ അഭ്യസിക്കണമെന്നു് പറയുന്നതു്.

മനുഷ്യസ്വഭാവം രൂപീകരിക്കപ്പെടുന്നതു് ഏറിയകൂറും പാരമ്പര്യസിദ്ധമായ ഗുണങ്ങൾ കൊണ്ടാണു്. ഏതെങ്കിലും ഒരു കാര്യത്തെപ്പററി ആവർത്തിച്ചാവർത്തിച്ചു് ആലോചിക്കുന്നുവെങ്കിൽ നാം അതെപ്പററി സംസാരിക്കാനൊരുങ്ങുന്നു. സംസാരത്തിൽ ആവർത്തിക്കപ്പെടുന്നതു് പ്രവൃത്തിയായി പരിണമിക്കുന്നു. പ്രവൃത്തിയിൽ ആവർത്തിക്കപ്പെടുന്നതു് സ്വഭാവമായിത്തീരുന്നു. "മലിനവസ്ത്രം ധരിച്ചിരിക്കുന്ന ഒരുവൻ തോന്നുന്നിടത്തെല്ലാം ഇരിക്കും. വസ്ത്രം കൂടുതൽ മുഷിയുമെന്ന ഭയം അവനു് തോന്നുന്നതേയില്ല. അതുപോലെ തന്നെ നന്മയിൽനിന്നു് വ്യതിചലിച്ചു് ഒരുവൻ ഏതു് അസാന്മാർഗ്ഗിക പ്രവൃത്തിയും കൈക്കൊള്ളും. അവന്റെ ശീലം കൂടുതൽ മലീമസമാകാതെ സൂക്ഷിക്കണമെന്ന ചിന്തയേ അവനു് ഉണ്ടാകുന്നില്ല. എന്നാണു് പഴമൊഴി ഏതായാലും സമുദായത്തിൽനല്ലനിഷ്ഠയും, നീചനിഷ്ഠയും, രണ്ടും ചേർന്നവരും ആയി അനേകർ കാണും. ശീലരൂപവൽക്കരണത്തിന്റെ പ്രാധാന്യം അസാധാരണകലുഷമായ ചിന്താപരിണാമത്തിന്റെയും, നിഷ്പ്രയോജനമായ ഉപദേശത്തിന്റെയും ഉത്തരവാദിത്വമാകുന്നു. ദുഷ്ടപുത്രന്മാരാൽ കുടുംബവും, ഖലസേവയാൽ ശീലവും, മേൽനോട്ടക്കുറവിനാൽ കൃഷിയും നശിക്കുന്നു എന്നാണു് പ്രമാണം. ദിവ്യഗ്രന്ഥങ്ങളുടെ പാരായണം കൊണ്ടു് ശീലസമ്പത്തിനു് ഉൽക്കർഷം ലഭിക്കുന്നുണ്ടെങ്കിൽ മാത്രമേ അതുകൊണ്ടു് പ്രയോജനമുള്ളൂ.

സാമൂഹ്യസംസ്ക്കാരം കെട്ടിപ്പടുക്കുമ്പോൾ ഈ നിഷ്ഠകൾ പൊതുഗുണത്തിനനുസരിച്ചു് വ്യത്യാസപ്പെ

ടുത്തണം. പഠിപ്പും വികാസവും പക്വതയും സിദ്ധി ച്ചിട്ടുള്ളവർക്ക് പോരായ്മകളുണ്ടെങ്കിൽ സംസർഗ്ഗം കൊണ്ടു് നീങ്ങിക്കൊള്ളും. സംസ്ക്കാരത്തെ പടുത്തു യർത്തുന്നതു് ആചാരാനുഷ്ഠാനവും സംസർഗ്ഗസംക്രമണ വും വഴിയായിട്ടാണു്. അപ്പോൾ ആചാരത്തിൻെറ നിഷ്ഠയും, നിഷ്ഠയില്ലായ്മയും, സംസ്ക്കാരത്തെ ബാധിക്കുന്നതാണു്. സദാചാരസ്ഥാപനവും, അവയു ടെ അനുഷ്ഠാനവും മാത്രമേ നല്ല സംസ്ക്കാരത്തിനു് സഹായിക്കു. നിഷ്ഠകൾ സാമൂഹികഗുണ ത്തിനനുകൂല മായിത്തീരണമെങ്കിൽ—അതെ! സന്മാർഗ്ഗികളായ വർ ഗ്ഗങ്ങൾ സംസൃഷ്ടമാകണമെങ്കിൽ—വിദ്യാഭ്യാസവും തുട ൎന്നു് നല്ല പരിശീലനവും ആവശ്യമാണു്. സാമൂഹ്യ സേവനം കൊണ്ടുദ്ദേശിക്കുന്നതു് ഉൽകൃഷ്ട വിദ്യാ ഭ്യാസവും ഇതരസാമുദായിക ജീവിതപരിശീലനവും വ്യക്തികൾക്കു് നൾകുക എന്നുള്ളതാണു്. ഇപ്രകാരം സാമൂഹ്യവിദ്യാഭ്യാസസ്ഥാപനത്തിൻെറ ഫലം പൊ തുജനങ്ങൾക്കു് പ്രയോജനപ്പെടും.

ഒരു പ്രവൃത്തിമൂലം ഒരു പരിചയവും, പരിചയം കൊണ്ടു് സ്വഭാവവും, സ്വഭാവംകൊണ്ടു് ജന്മവും സാ ധിക്കുന്നു എന്നാണു് വിജ്ഞാനികൾ പറഞ്ഞിട്ടുള്ളതു്. നിങ്ങൾ ഏതു് തരത്തിലുള്ള ആളാണു്; നിങ്ങളുടെ സ്വഭാവം എന്താണു്; എന്നുള്ള ഉത്ഭവസ്ഥാനത്തിൽനി ന്നാണു് നിങ്ങളുടെ സകല ചിന്തകളും പ്രവൃത്തികളും പുറപ്പെടുന്നതു്.

KOTTAYAM PUBLIC LIBRARY
81102
KOTTAYAM.

## അദ്ധ്യായം രണ്ട്

### വ്യക്തിജീവിതത്തിൽ സാമൂഹ്യലക്ഷ്യം

### (Social outlook on human life)

"സാഹസംകൊണ്ടും സാവധാനം കൊണ്ടും അനുഗ്രഹം നഷ്ടപ്പെട്ടാം. ഒരാൾ ചെയ്യുന്നതെല്ലാം മറൊരാൾക്കും ചെയ്യുവാൻ സാധിച്ചു എന്നു് വരികയില്ല."

ലോകാരംഭത്തിൽ ഒററ മനുഷ്യനാൽആരംഭിച്ചു്, പിന്നെ രണ്ടായി, മൂന്നായി ഇങ്ങനെ വളർന്നു് മനുഷ്യജാതി ലോകം മുഴുവൻ നിറഞ്ഞു അതായത്തു് ഒരുവ്യക്തി സമൂഹത്തിൻെറപിതാവായി. തുടന്നു് വ്യക്തിത്വത്തെ ആണും പെണ്ണും എന്നു്രണ്ടായി വിഭജിച്ചു. അവരിരുവരും തെററിപ്പോകയാൾ തുടർന്നു് സാമൂഹ്യവ്യവസ്ഥിതി ദൈവ, നിശ്ചയിച്ചു ഒററ മനുഷ്യൻെറ ദോഷത്താൽ മനുഷ്യജാതി മുഴുവൻ പാപത്തിലായിത്തീർന്നു. അതിൽ നിന്നു് സമൂഹത്തിലെ വ്യക്തികളുടെ സ്ഥാനമെന്തു് എന്നു് നിർണ്ണയിക്കാം. എന്നാൽ പ്രസ്തുത സമുദായം വളർന്നു് സമൂലം വഷളായിത്തീരുകയാണു് ചെയ്തതു്. പുളിച്ചമാവു് പിണ്ഡത്തെ പുളിപ്പിക്കുന്നതുപോലെ ലോകം മുഴുവൻ വഷളായി നാശത്തിൻെറവക്കിലേക്കു് വന്നു. ഒടുവിൽ ദൈവം ജലപ്രളയത്താൽഎല്ലാവരെയുംനശിപ്പിച്ചു. നോഹയും കുടുംബവും ആയിരുന്നു പിന്നത്തെ ലോകം. നോക്കണം ആറുനൂറായിരത്തി അറുപതിനായിരംലക്ഷം ആളുകളിൽ കേവലം 7 പേർ മാത്രം രക്ഷപ്പെട്ടു. അന്നത്തെ സമുദായത്തിൻെറ സ്ഥിതി എന്തു് ശോചനീയം. ഇതുകൊണ്ടും പോരാ എന്നു് ദൈവം കണ്ടു. അവരെ വിവിധ ഭാഷക്കാരാക്കുന്നതിനു് തീരുമാനിച്ചു

അപ്രകാരം അവർ ലോകത്തിൻെറ നാനാഭാഗങ്ങളിലേക്കു് ചിതറപ്പെട്ടു. കാലക്രമേണ അവർ വിവിധ ജാതികളും കുലങ്ങളും വംശങ്ങളുമായി വിഭാഗിക്കപ്പെട്ടു. ദൈവം അവരിൽ നിന്നു് ഒരാളെ തിരഞ്ഞെടുക്കുകയും, അബ്രാഹാമിൻെറ സന്തതികളായ ഇസ്രായേൽക്കാരെ തിരഞ്ഞെടുക്കുകയും ചെയ്തു. അവർക്കു് ദൈവം ന്യായപ്രമാണവും, പ്രത്യേക സാമൂഹ്യപിട്ടുകളും നിർമ്മിച്ചുകൊടുത്തു. ഇങ്ങനെ സമുദായമെന്ത ലോകത്തിനു് മനസ്സിലാക്കിക്കൊടുത്തു. കർത്താവിൻെറ മനുഷ്യാവതാരക്കാലത്തു് ചിതറപ്പെട്ട വിവിധ ഭാഷക്കാരെയും, ജാതിക്കാരേയും, ദേശക്കാരെയും, ചേർത്തു ക്രിസ്തീയസഭസ്ഥാപിച്ചു. അനേകം പൂക്കളിൽ നിന്നു് മധുനുകർന്നു് തേനീച്ചകൾ സംഭരിക്കുന്ന മെഴുകുപോലെ അനേക ജാതികളും സംസ്ക്കാരങ്ങളും ഒലിച്ചുചേർന്നു് തനിശുദ്ധമെഴുകായി പ്രസ്തുത സഭയെ താൻ രൂപീകരിച്ചു. ഇങ്ങനെ വ്യക്തികളിൽനിന്നു് ചില സംഭാവനകൾ സമുദായത്തിനും. സമുദായത്തിൽ നിന്നു് ചില അനുഗ്രഹങ്ങൾ വ്യക്തികൾക്കും,—ഇങ്ങനെ കടലും ആറും തമ്മിലുള്ള വേലിയേററമിറക്കങ്ങൾപോലെ—സമുദായങ്ങളും വ്യക്തികളും തമ്മിൽ സംഘടിപ്പിക്കപ്പെട്ടിരിക്കുന്നു.

ഒരു സമുദായത്തിലേക്കു് വ്യക്തികളുടെ സംഭാവനകൾ അല്ലെങ്കിൽ ഏതെല്ലാം പുഷ്പങ്ങളിൽ നിന്നുള്ള മധുവാണു് ചേർന്നു് മെഴുകായതു്? എന്നു് മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഒരു വജ്രമാലയിൽ ഒരു വജ്രക്കല്ലു മാത്രമേയുള്ളു എങ്കിൽ അതു് മാലയായി ആരും സ്വീകരിക്കുകയില്ലല്ലോ. എന്നാൽ അനേകം കല്ലുകൾ ചേർന്ന മാലയുടെ ശോഭയും ഭംഗിയും അവയെല്ലാററിൻെറയും ശോഭയും ഭംഗിയും ചേർന്നതാണല്ലോ, എല്ലാം അതിലേയ്ക്കു് സംഭാവനകൾ ചെയ്യാതിരിക്കുന്നില്ല.

അവയുടെയിടയിൽ മോശമായ ഒരു കല്ലുണ്ടെങ്കിലും ആ മാലയുടെ മൊത്തഭാഗിയിൽ അതു് വലിയ മാററു് കുറവ്വാതിരിക്കുവാൻ ബാക്കി കല്ലുകളുടെ പ്രഭയിൽ സമാന്തരീകരിക്കപ്പെടുമല്ലോ. ഇങ്ങനെ ഒററക്കെട്ടായി സമുദായത്തിന്റെ പൊതുലക്ഷ്യ കൊണ്ടു് ജയം പ്രാപിക്കുക എന്നതാണു് സാമൂഹ്യലക്ഷ്യം ഞാൻ മാത്രം ഒരാൾ മാത്രം, രക്ഷപ്പെട്ടതുകൊണ്ടായില്ല, നമ്മോടുകൂടി അനേകം പേർ രക്ഷപെടണം. ബലഹീനന്മാർക്കും കുറവുള്ളവർക്കും നാം വേണ്ടത്ര സഹായം ചെയ്യണം. ഒരു ധനികൻ ലുബ്ധനാകാതെയിരുന്നാൽ അവനെക്കൊണ്ടു് അനേകം പേർ ജീവിതവൃത്തി കഴിക്കുമല്ലോ. ഇതുപോലെ നമ്മുടെ ധനം, ജ്ഞാനം, കഴിവുകൾ മുതലായവ പരമാവധി വികസിപ്പിച്ചു് അന്യർക്കു് എത്രകണ്ടു് പ്രയോജനകരമായിത്തീരുന്നു എന്നതാണു് സാമൂഹ്യമായി നമ്മോരോരുത്തരോടും സമുദായം ആഗ്രഹിക്കുന്നതു്. ഇങ്ങനെ സമൂഹമായി രക്ഷപെടേണ്ടതാണു് ദൈവത്തിന്റെ ഇഷ്ടവും മാതൃകയും. അതുകൊണ്ടാണു് വി. സഭ വഴിയായി മാത്രമേ രക്ഷയുള്ളു എന്നു് പഠിപ്പിക്കുന്നതു്. സാമൂഹ്യസേവനം മതത്തിന്റെ സംഭാവനയായിത്തീർന്നതും അപ്രകാരമാണു്.

ആ മാലയുടെ ശോഭയും ഭംഗിയും എന്നപോലെ മനുഷ്യജീവിതത്തെ അലങ്കരിക്കുന്ന സാമൂഹ്യഘടകങ്ങൾ എല്ലാവരിലും ഉണ്ടായെങ്കിൽ സാമൂഹ്യജീവിതം ശോഭനമാണെന്നതു കൂടാതെ സാമൂഹ്യസേവനവും സാദ്ധ്യമാകും, മനുഷ്യജീവിതഭോഗങ്ങളിൽ നിന്നു് സമുദായാവകാശമായി കണക്കാക്കുന്നതു് ശീലാദിഗുണങ്ങൾ (temperaments) കുടുംബശ്രേഷ്ഠത (ഗോത്രം) പ്രതാപം (പ്രശസ്തി) ധൈര്യം, പ്രവൃത്തി (tastes) യൗവ്വനപ്രായം, ധനം, രൂപം, വാസസ്ഥാനം (Back ground) ബലം, ബന്ധുജനങ്ങൾ, വിദ്യ (learning)

ആരോഗ്യം (ശരീരസ്ഥിതി) മനസ്ഥിതി (mental out look) ദൈവം, സ്ത്രീ ഇനം എന്നിവയനുസരിച്ചാണ് ഒരുവന്റെ സാമൂഹനില കണക്കാക്കുന്നതു്. ഇവയുടെ നിലനിൽപ്പിന്റെ ആന്തരമനുസരിച്ചായിരിക്കും 'എല്ലാം തികഞ്ഞിട്ടൊരു വസ്തുവില്ലയി ഉലകത്തിൽ' എന്നു് പറഞ്ഞതുപോലെ സാമൂഹ്യജീവിതത്തിലെ സംഭാവനകൾ പരിപൂർണ്ണമാക്കാൻ സാധിക്കാതെ വന്നുപോകുന്നുണ്ടു്. മേൽപ്പറഞ്ഞ കാര്യങ്ങളിലുള്ള ഏതെങ്കിലും കുറവു് ഒരുവനിൽ കണ്ടാൽ അതു് പരിഹരിക്കുകയാണു് സാമൂഹ്യസേവനംകൊണ്ടു് ഉദ്ദേശിക്കുന്നതു്. സാമൂഹ്യമായ മേന്മയാണു് അപ്പോൾ കൈവരുന്നതു്. മേൽപ്രസ്താവിച്ച സാമൂഹ്യകാര്യങ്ങൾ നാലു പ്രധാന കാര്യങ്ങളുടെ വികസനങ്ങളായി സംക്ഷേപിക്കാവുന്നതാണു്.

1) സ്വഭാവം (ധൈര്യം, പ്രവൃത്തി, പ്രതാപം, ഇനം.)

2) കുടുംബം (ഗോത്രം, ബന്ധുജനങ്ങൾ, സ്ത്രീ.)

3) പരിതസ്ഥിതികൾ (ധനം, വിദ്യ, വാസസ്ഥാനം, ദൈവം അഥവാ മതം.)

4) ആത്മതം. (യൗവ്വനം, രൂപം, ആരോഗ്യം, ബലം, മനസ്ഥിതി.)

## 1. സ്വഭാവം

ഒരു മനുഷ്യന്റെ സ്വഭാവം സൗമ്യതയായിരിക്കണം. (a gentleman) സൗമ്യനായ മനുഷ്യനെപ്പറ്റി ബൈബിളിൽ പറഞ്ഞിരിക്കുന്നതു് മോശയെക്കുറിച്ചാണു്. ''സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ എന്തുകൊണ്ടെന്നാൽ അവർ ഭൂമിയെ അവകാശമാക്കും.' എന്നാണു് ഗിരിപ്രസംഗത്തിൽ ശ്രീയേശു കല്പിച്ചിരിക്കുന്നതു്. അതിനാൽ ഇഹലോകത്തിൽ ജീവിക്കണമെങ്കിൽ നാം സൗമ്യരായിരിക്കണം. മോശ സൗമ്യനാ

യിരുന്നതുകൊണ്ടു് പാലും തേനും ഒഴുകുന്ന കനാൻദേശം നേടിക്കൊടുത്തു. പഴയനിയമത്തിലെ ഏററവും പ്രധാനപ്പെട്ടയാളാണു് മോശ. അദ്ദേഹം ഇസ്രായേൽ സമൂഹത്തിനു് വേണ്ടി പ്രവർത്തിച്ചു. മോശ വിക്കനും, ആട്ടിടയനുമായിരുന്നിട്ടും കേവലം യോദ്ധാക്കളാൽപോലും സാദ്ധ്യമല്ലാത്തവ, അദ്ദേഹം ധൈര്യപൂർവ്വം ഏറെറടുത്തു. തന്റെ പ്രവൃത്തിയിൽ താൻ പ്രതാപവാനായി തീർന്നു. അവസാനം അദ്ദേഹം പുണ്യവാന്മാരോടുകൂടെ എണ്ണപ്പെട്ടു. ഇതുപോലെ കേവലമനുഷ്യരായ നാം ഏതു് സ്വഭാവത്തോടുകൂടിയവരായാലും, സാമൂഹ്യസംഭവനകൾക്കായി നാം അർജ്ജിക്കേണ്ടവ, ധൈര്യം, പ്രവൃത്തി, പ്രതാപം, ശ്രേഷ്ഠത, സ്ഥാനം എന്നിവയാണു്.

വാസനയനുസരിച്ചാണു് പ്രവൃത്തികളുടെ പോക്കു്. ജന്മവാസനകളനുസരിച്ചാണു് ഓരോരുത്തരുടെയും പല പ്രവൃത്തികളും കണ്ടുവരുന്നതു്. ജന്മനാ മനുഷ്യൻ പ്രവൃത്തിനിരതനായിരിക്കണമെന്നു് അതുകൊണ്ടു് സിദ്ധാന്തിക്കുന്നു. സമൂഹജീവിതത്തിൽ ആവശ്യമായിരിക്കുന്ന ധൈര്യമുണ്ടെങ്കിലേ മനുഷ്യനു പ്രവർത്തിക്കുവാൻ സാധിക്കുകയുള്ളു. പ്രതാപവാനു് ശ്രേഷ്ഠസ്ഥാനം ലഭിക്കുകയും ചെയ്യും. അതുകൊണ്ടു ധൈര്യം പ്രവൃത്തിക്കും പ്രവൃത്തി, പ്രതാപത്തിനും, പ്രതാപം നേതൃസ്ഥാനത്തിനും ആവശ്യമാണെന്നു് വ്യക്തമായല്ലോ.

ഇന്നു് സാമൂഹ്യസേവനത്തിനുവേണ്ടി പ്രവൃത്തിക്കുവാൻ ധൈര്യമില്ലാത്തവർ ധാരാളമുണ്ടു്. നേതാക്കന്മാർ നന്നാ ചുരുക്കവുമാണു്. അതുകൊണ്ടു് നാം നമ്മുടെ സ്വഭാവഗുണങ്ങളിൽ സാമൂഹ്യസേവനത്തിനായി അർപ്പിക്കേണ്ടതു ധൈര്യമാണെന്നു് നാം മനസ്സിലാക്കിയിരിക്കുമല്ലോ. ''കൊയ്ത്തു വളരെയുണ്ടു്, വേല

ക്കാരോ പുരുക്കം'' ധൈര്യത്തോടുകൂടി പ്രവർത്തനം ആരംഭിച്ചെങ്കിലും പുരോഗതി പ്രാപിക്കാതിരുന്നാൽ നാം അപ്രശസ്തരായിത്തീരുകയാണ് ചെയ്യുന്നതു്. സമുദായനേതാക്കന്മാരെല്ലാം അക്ഷീണപരിശ്രമശാലികളായിരുന്നവരാണ്. പ്രവർത്തനത്തിൻെറ വയൽ വിശാലവും വിവിധവും ആകയാൽ നമ്മുടെ പ്രതാപം, പ്രവർത്തനവയൽ അനുസരിച്ചും പ്രവർത്തനവിജയം അനുസരിച്ചും ഉച്ചനീചത്വമുള്ളതായിരിക്കും. പ്രതാപമനുസരിച്ചാണ് മനുഷ്യരുടെ ഇനം തിരിക്കുന്നതു്. പ്രതാപത്തിന് ഉത്തമോദാഹരണം സൂര്യചന്ദ്രനക്ഷത്രാദിഗോളങ്ങളാണ്, പ്രതാപത്തിൻെറ വിവിധ വ്യത്യാസം ചെറിയ നക്ഷത്രം മുതൽ മഹാസൂര്യൻെറ തേജസ്സനുസരിച്ച് കണ്ടുകൊള്ളാവുന്നതാണ്. ഹിന്ദുക്കൾ സൂര്യനെ നമസ്കരിക്കുന്നതു് പ്രതാപത്തെ ആരാധിക്കുന്നതായി സങ്കല്പിച്ചാണെന്നു വ്യാഖ്യാനിക്കുന്നുണ്ടു്. നേതൃസ്ഥാനങ്ങളിൽ വലിപ്പ ചെറുപ്പങ്ങളുണ്ടാകുകയും, അങ്ങിനെ പല ഇനങ്ങളിലായി വിഭജിക്കപ്പെടുകയും ചെയ്യുന്നു. ''ധൈര്യം പുരുഷലക്ഷണം എന്നാണ്'' ആപ്തവാക്യം. ശ്രീയേശു തൻെറ പുനരുത്ഥാനത്താൽ മരണത്തെപ്പോലും ജയിച്ചതു് തന്നിലുണ്ടായിരുന്ന ധൈര്യംകൊണ്ടാണ്. ധൈര്യമുള്ളവനെ യമനുപോലും ഭയമാണെന്നാണ് പറയുന്നതു്. ലോകം അവന് കീഴടങ്ങിക്കൊടുക്കുകയേ നിവൃത്തിയുള്ളു. ആകയാൽ ധീരന്മാരാൽ അസാദ്ധ്യമായിട്ടു് ഈ ലോകത്തിൽ ഒന്നുമില്ല. ഇഹലോകത്തിലേ ധൈര്യം അത്യന്താപേക്ഷിതമായിട്ടുള്ളു. ഒരുപുരുഷനിലുള്ള സ്വഭാവഗുണങ്ങളെല്ലാം അവനെ ധൈര്യവാനാക്കുവാൻ മാത്രമാണ് പര്യാപ്തം. 'പ്രതാപഹീനനെയാണ് സാധാരണ, ആളുകൾ 'പാവങ്ങൾ' എന്നു് വിളിച്ചുവരുന്നതു്. അപ്രകാരമുള്ളപാവങ്ങളെ സമുദ്ധരിക്കുകയാണ് യഥാർത്ഥ സാമൂഹ്യസേ

വനം. ധൈര്യവാനുമാത്രമേ കാലസംപൂർണ്ണനായി മരിക്കുവാൻ സാധിക്കുകയുള്ളു. മനുഷ്യനുള്ള വാസനകൾ (tastes) ഇഷ്ടങ്ങൾ (temperaments) ശീലങ്ങൾ മുതലായവ വ്യത്യാസപ്പെട്ടുകാണുന്നതുകൊണ്ടു് നേതൃസ്ഥാനങ്ങൾ വിവിധ രീതിയിലായിപ്പോകും.

''വീരകൃത്യങ്ങളിൽ നിന്നുള്ള സുഗന്ധമാണു് കീർത്തി''—സോക്രട്ടീസ്.

## 2. കുലശ്രേഷ്ഠത.

കുടുംബശ്രേഷ്ഠതയെക്കുറിക്കുന്നതു് പരമ്പരാഗതമായ അന്യൂനപിൻതുടർച്ചയും(lineage)ശ്രേഷ്ഠന്മാരുടെ ഗോത്രവും ആണു് പാരമ്പര്യം പിതൃപരവും, മാതൃപരവും ആയി രണ്ടു രീതിയിൽ അംഗീകരിക്കുന്നവരുണ്ടു്. എന്നാൽ പൊതുവെ പിതൃഗോത്രങ്ങൾക്കാണു് കൂടുതൽ ശ്രേഷ്ഠത്വം കല്പിച്ചുവരുന്നതു് ഹിന്ദുവിശ്വാസം മനുഷ്യജാതി സപ്തർഷിമാരുടെ സന്താനങ്ങളാണെന്നാണു്. അതിൽ ഇന്നുള്ള ഉപഗോത്രങ്ങൾക്കു് പ്രാധാന്യം കൊടുക്കുന്നതുപോലെ. മറ്റു ഗോത്രങ്ങളിൽ ഉണ്ടായ ശ്രേഷ്ഠവ്യക്തികൾക്കും, ശ്രേഷ്ഠത്വം സങ്കല്പിക്കുന്നു. ഉദാഹരണമായി നീചകുടുംബത്തിൽ (പറയവംശം) പെട്ട പാക്കനാരുടെ വ്യക്തിമാഹാത്മ്യം കൊണ്ടു് അദ്ദേഹത്തിന്റെ കുടുംബം, മേന്മയെ അർഹിക്കുന്നതായി പുരാണത്തിൽ നിന്നു് മനസ്സിലാക്കുന്നു.

ശ്രീയേശുവിന്റെ കുടുംബശ്രേഷ്ഠതയെ നമുക്കു് ഒന്നു് പരിശോധിക്കാം. ആദാം മുതലുള്ള പിൻതുടർച്ചാവകാശവും, ശ്രേഷ്ഠന്മാരുടെ ഗോത്രവും ആയ ദാവീദ് ഗോത്രത്തിലാണു് യേശുവിന്റെ ജനനം.

കുടുംബ ശ്രേഷ്ഠതയെ ഗോത്രംകൊണ്ടു് മാത്രം സങ്കോചിപ്പിക്കാവുന്നതല്ല. കുടുംബം എന്ന വിശാലാർത്ഥത്തിൽ ബന്ധുജനങ്ങളും അന്യാർത്ഥത്തിൽ സ്ത്രീജനങ്ങളും ചേർന്നതാണെന്നാണു് വിവക്ഷിക്കുക. ബന്ധുജ

നങ്ങൾ പരസ്പരസഹായത്തിനും, സ്ത്രീകൾ സംരക്ഷണത്തിനും ആണ് കൂട്ടുകുടുംബത്തിൽ നിലകൊള്ളുന്നതു്. ഇവരുടെ സാമൂഹ്യഗുണങ്ങളും കുടുംബശ്രേഷ്ഠതയെ ബാധിക്കുന്നതാണു്. ബന്ധുജനങ്ങൾ പോലും ഇല്ലാത്തവർ നിരാലംബരാണല്ലോ. ബന്ധുജനങ്ങളാണു് ആപത്തിൽ സഹായിക്കേണ്ടവർ. മാതാപിതാക്കന്മാർ നഷ്ടപ്പെട്ടവരെ ബന്ധുജനങ്ങൾ സംരക്ഷിക്കുകയും, ബന്ധുജനങ്ങളില്ലാഞ്ഞാൽ രാജാവു് സംരക്ഷിക്കുകയും ചെയ്യണം, രാജാവു് സംരക്ഷിക്കാത്തവരെ ദൈവവും സംരക്ഷിക്കാതിരുന്നാൽ എന്തൊരു ദയനീയസ്ഥിതിയാണു് അവരുടേതു്? ഇങ്ങനെ ഒരു ബന്ധം സാമൂഹ്യമായിട്ടുള്ള ഒരു കരുതലാണു്.

സ്ത്രീകളുടെ പാവനത കുടുംബശ്രേഷ്ഠതയെ സംരക്ഷിക്കുകയാണു്. ഒരു കുടുംബത്തിൽ ജനിക്കുന്നവർ എല്ലാം പുരുഷന്മാരോ, എല്ലാം സ്ത്രീകളോ ആകുന്നപക്ഷം അതൊരു കുറവായി പരിഗണിക്കപ്പെടും. "ഒരു പകുതി മറ്റെ പകുതിയെ കണ്ടെത്തുവാൻ ശ്രമിക്കട്ടെ; കണ്ടെത്തിയാൽ അവർ ഒരുമിക്കട്ടെ; സ്നേഹിക്കട്ടെ; ആനന്ദിക്കട്ടെ; അന്യോന്യം ലയിക്കട്ടെ; വിരോധമില്ല" എന്നു് ഗ്രീക്കു് ഇതിഹാസങ്ങളിൽ ഹോമർ പറഞ്ഞിരിക്കുന്നു. ദൈവം മനുഷ്യനെ ആണും പെണ്ണും ആയി, തരം തിരിച്ചു് സൃഷ്ടിക്കുകയാണു് ചെയ്യുന്നതു് രണ്ടർദ്ധങ്ങളായി ഇന്നു് സ്ത്രീയേയും പുരുഷനേയും കണക്കാക്കാവുന്നതാണു്. തൻമൂലം ഒരു അർദ്ധം കുറയുമ്പോൾ, വിരലിലേ എല്ലാവിരലും ഒരുപോലെയായിരുന്നാലുള്ള അഭംഗിപോലെ പ്രകടമാകും. കൂടാതെ സ്ത്രീകൾ മാത്രമുള്ളിടത്തു് കാലാന്തരത്തിൽ ആദ്യഗോത്രങ്ങളിൽ നിന്നു് പുരുഷന്മാരെ ദത്തെടുക്കേണ്ടതായി വരുന്നു. ലോകത്തിന്റെ ശൈശവദശയിൽ മനുഷ്യർ, മനുഷ്യസ്ത്രീകൾക്കു് പകരം ദേവസ്ത്രീകളെ വിവാഹം

കഴിച്ചിരുന്നതായി ബൈബിളിൽ പറയുന്നു. പിന്നീട്ട് അവരിൽ നിന്നു് ജനിച്ച മനുഷ്യസ്ത്രീകൾ മററു് ദൈവകന്യകകളെക്കാൾ അതിസുന്ദരികളെന്നു് കണ്ടു് ജനങ്ങൾ അവരെ സ്വീകരിക്കാതിരുന്നു. അങ്ങനെ അവരുടെ വംശം ക്ഷയിക്കുകയും ചെയ്തു. എന്നാൽ ശേഷിച്ച മനുഷ്യസ്ത്രീകൾ തുലോം കുറവാകുകയും സമുദായത്തിൽ സ്ത്രീകൾ കൂടുതൽ പ്രാധാന്യം അർഹിക്കുകയും ചെയ്തു അക്കാലത്താണു് ബഹുഭർത്തൃത്വവും, ഏററവും അടുത്ത ബന്ധുക്കൾ തമ്മിലുള്ള വിവാഹവും നിലനിന്നിരുന്നതു്. മാത്രമല്ല ഒരപൂർവ്വവസ്തുവായി മനുഷ്യർ സ്ത്രീകളെ കണക്കാക്കുകയാൽ സമുദായം അവക്കു് ചില പ്രത്യേകസൗജന്യങ്ങൾ നിശ്ചയിച്ചു. ഗോത്രം ഭൂതകാലമഹിമയും, ബന്ധുജനങ്ങൾ വത്തമാനകാല ഭാവുകവും സ്ത്രീകൾ ഭാവി തലമുറയുടെ ശ്രേഷ്ഠതയും കുറിക്കുന്നു. ഇപ്രകാരം മനുഷ്യജീവിതത്തെ നിയന്ത്രിക്കുന്ന ഒരു ഘടകമായും കൂടിയാണു് സ്ത്രീ വത്തിക്കുന്നതു്.

പുരോഹിതന്മാരുണ്ടായിട്ടുള്ള കുടുംബങ്ങൾ ശ്രേഷ്ഠങ്ങളായി പൊതുവെ കണാക്കക്കിവരുന്നു. സാമൂഹ്യജീവിതബന്ധത്തിൻെറ പാവനതയെ കാത്തുപോരുന്നതു് കുലശ്രേഷ്ഠതയാണു്. തന്മൂലം അതിനു് അതിപ്രധാനമായ സ്ഥാനമാണു് സാമൂഹ്യജീവിതത്തിൽ കല്പിക്കപ്പെട്ടിരിക്കുന്നതു്. പ്രത്യക്ഷത്തിൽ ഉൽകൃഷ്ടകുലജാതനെന്നു്, ഒരാളുടെ ഗംഭീരമായ പെരുമാററം കൊണ്ടും, മുഖഭാവംകൊണ്ടും ആക്കു പ്രഥമദൃഷ്ടിയിൽ ബോദ്ധ്യപ്പെടുന്നതാണു്. ഇപ്രകാരം ശ്രേഷ്ഠത്വമില്ലാത്തവരെ ശൂദ്രർ എന്നും സാമൂഹ്യഭ്രഷ്ടന്മാരെ ഹരിജനങ്ങൾ എന്നും നാമകരണം ചെയ്തു്, പ്രാചീന ഹിന്ദുസമുദായം ശുദ്ധി ചെയ്തെടുത്തതിൻെറ കാരണവും ഇതുതന്നെ മാതൃപരമായ പിൻതുടർച്ചയാണു് ഹിന്ദുക്കൾ സ്വീക

രിച്ചുപോന്നിരുന്നതു് ക്രിസ്തുമതം പൈതൃകമാകയാൽ അവിടെ പിതൃപരമായ പിൻതുടർച്ചയും നിലവിൽ വന്നുകൂടി.

### 3. പരിതസ്ഥിതികൾ

A. വാസസ്ഥാനം. മനുഷ്യൻ ചുററുപാടുകളുടെ സൃഷ്ടിയാണു് എന്നു പറയാറുണ്ടു്. അതു് പരമാർത്ഥമാണു്. കുടുംബശ്രേഷ്ഠതകൊണ്ടു സംസൃഷ്ടമായ മനുഷ്യൻ പരിതസ്ഥിതികൾ മൂലം വ്യത്യാസപ്പെട്ടുപോകുന്നു. സ്വഭാവത്തെയും, ആളത്വത്തെയും പരിതസ്ഥിതികൾ ഭേദപ്പെടുത്താനിടയുണ്ടു്. പരിതസ്ഥിതികൾ പ്രധാനമായി നാലു ഘടകങ്ങളാണു്. വാസസ്ഥാനം, മതം, വിദ്യ എന്നിവയാണവ. മനുഷ്യൻ നന്നാകണമെങ്കിൽ ആ മനുഷ്യൻെറ ചുററുമുള്ള സ്ഥിതി നന്നാക്കണം എന്ന പരമാർത്ഥമാണു് അതു്.

1) സന്മാർഗ്ഗത്തിൽ പോകുവാനുള്ള സ്ഥിതിയിൽ ആക്കിവെക്കുക.

2) സ്വന്തം പ്രയത്നംകൊണ്ടു് മര്യാദയായി ഉപജീവനം കഴിഞ്ഞുകൂടത്തക്കവണ്ണമുള്ള വല്ല പ്രവൃത്തിയും ശീലിപ്പിക്കുക.

3) സന്മാർഗ്ഗത്തിൽ ശരിയായ നിഷ്ഠയുണ്ടാകുന്നതിനു് ദൈവത്തിങ്കൽ നിർവ്യാജമായ വിശ്വാസം ജനിപ്പിക്കണം.

ഇങ്ങനെയുള്ള പരിതസ്ഥിതികളുമായി ഇണങ്ങിക്കഴിയാമെങ്കിൽ ജീവിതം എത്ര സുഖകരമായിരിക്കും!

ആദിമകാലത്തു് വനാന്തരങ്ങളിലും പിന്നീടു് കുടാരങ്ങളിലും കഴിച്ചുകൂട്ടിയ മനുഷ്യൻ കാലത്തിൻെറ പുരോഗതിയിൽ മനോഹരമായ ഭവനങ്ങളിലും രമ്യസൗധങ്ങളിലും താമസമുറപ്പിച്ചു തുടങ്ങി. മനുഷ്യനെ അറിയുന്നതു് അവൻെറ വാസസ്ഥാനത്തോടു കൂടിയാ

ണ്ട്. ചിലരുടെ പേരുപോലും, വീട്ടുപേരും സ്ഥലപ്പേരും കൊണ്ടാണ് വെളിപ്പെടുത്തുന്നതു്.

കാട്ടിൽ നിന്നു നാട്ടിലേയ്ക്കു മാറിയ മനുഷ്യൻ ഗ്രാമങ്ങളിലും നഗരങ്ങളിലും കുടിപാർത്തുവന്നു. വാസസ്ഥാനം—നമ്മുടെ ജീവിതത്തിലെ ഒന്നാം രംഗസ്ഥലം. ലോകത്തെ ദർശിക്കുന്നതു് ആ സ്ഥലത്തുകൂടെയാണ്. നാം ഏററവും ബഹുമാനിക്കുന്നതു്. നമ്മുടെ മാതൃഭൂമിയെയാണ്. ജനനംകൊണ്ടോ, വിവാഹംകൊണ്ടോ, പ്രത്യേകം ബന്ധപ്പെട്ട സ്ഥലങ്ങളെ നമുക്കു് വിസ്മരിക്കുവാൻ സാദ്ധ്യമല്ല. മണ്ണിൻെറ ഗുണം നമുക്കുണ്ടു്. ഭാരതീയർ തനി ഭാരതീയരാണ്. യൂറോപ്യൻ, യൂറേഷ്യൻ എന്ന വ്യത്യാസം സൃഷ്ടിച്ചതു് മണ്ണിൻെറ പ്രകൃതിയാണ്. ക്രിസ്തു ജനിച്ചു് ജീവിച്ച സ്ഥലവും തൻെറ ജീവിതവുമായി അഭേദ്യമായ ബന്ധമുണ്ടു് എന്നു് സസൂക്ഷ്മം പഠിച്ചാൽ മനസ്സിലാകും. ക്രിസ്തുവിൻെറ ഉപദേശങ്ങളിലെ ഉപമകളെല്ലാം അതിനു് ദൃഷ്ടാന്തം കാണിക്കുന്നു. വിശാലമായ ലോകരംഗത്തു് നാം പ്രത്യക്ഷപ്പെടുന്നതിനു മുമ്പു് വേണ്ടതു പരിശീലനം സാധിക്കുന്നതു് നമ്മുടെ വാസസ്ഥാനത്തു് വച്ചാണ്, നമ്മുടെ സാമൂഹ്യജീവിതത്തെ നിശ്ചയിക്കുന്നതും വ്യത്യാസപ്പെടുത്തുന്നതും ആയ ഒരു സംഗതി ഇതാണ്. ഇതുകൊണ്ടാണ് വാസസ്ഥാനങ്ങൾ പ്രത്യേകം തിരഞ്ഞെടുക്കണമെന്നും മററും പറയുന്നതു്. നമ്മുടെ മാതാപിതാക്കന്മാരുടെ പരിശീലനവും സ്നേഹിതന്മാരുടെ സഹവാസവും ആണ് നമ്മുടെ ജീവിതാരംഭത്തെ പ്രോൽഘാടനം ചെയ്യുന്നതു്. ചില ദേശത്തുള്ളവർ ചില പ്രത്യേകസ്വഭാവക്കാരാണെന്നു നിസ്സംശയം പറഞ്ഞുവരുന്നുണ്ടു്. ഭാരതം പുണ്യഭൂമിയാണെന്നും ഇവിടെ ജനിക്കുന്നതു ജന്മസുകൃതംകൊണ്ടാണെന്നും ഹിന്ദുക്കൾ വിശ്വസിച്ചുപോരുന്നു. അതിനനുസരിച്ചു് ഭാരതീയർ വേദാന്തംമുതലായ തത്വ

സംഹിതയാൽ തൽപ്പരരായും കാണുന്നുണ്ടു്. നമ്മുടെ വാസസ്ഥാനം അഥവാ ഭവനമാണു് നമ്മുടെ ജീവിതത്തിന്റെ പശ്ചാത്തലം. (back ground) അതിന്റെ പ്രതിഫലനമാണു് നമ്മുടെ ജീവിതം മണ്ണിന്റെയും പരിസരങ്ങളുടെയും നിറം അനുസരിച്ചു് മൃഗങ്ങൾക്കു നിറം കാണാവുന്നതുപോലെ മനുഷ്യർക്കും നിറവ്യത്യാസം ഓരോ സ്ഥലങ്ങളിൽ നാം ദർശിക്കുന്നുവല്ലോ,

## B. മതം അഥവാ ദൈവം

പിന്നെ മനുഷ്യനു് രൂപം കൊടുക്കുന്നതു മതമാണു്. മനുഷ്യൻ പിറക്കുന്നു. വളരുന്നതു് ക്രിസ്ത്യാനി, ഹിന്ദു, മുസ്ലിം എന്നിങ്ങനെ. മതമാകുന്ന ചട്ടക്കൂട്ടിൽ നാം വളർന്നു വരുന്നു. ഓരോ മതങ്ങളുടെയും ആദർശങ്ങളനുസരിച്ചു നമ്മുടെ ജീവിതം ഭേദപ്പെട്ടിരിക്കും. ഒരു ഹിന്ദു ആദ്ധ്യാത്മം അവലംബിക്കുമ്പോൾ ഒരു ക്രിസ്ത്യാനി സുവിശേഷപ്രസംഗം നടത്തുന്നു; ഒരു മഹമ്മദീയൻ ഖുറാൻ പഠിപ്പിക്കുന്നു. ഇങ്ങനെ പോകുന്നു ഓരോരുത്തരുടെയും രീതികൾ. ഇവ തമ്മിൽ ഐകരൂപ്യങ്ങളും വിരുദ്ധതകളും ഉണ്ടാകുന്നുണ്ടു്. മതസംഹിതയിൽ പ്രത്യേകിച്ചു് സനാതന മതത്തിൽ സർവ്വനടപടികളും ക്രോഡീകരിച്ചിട്ടുണ്ടു്. കുളിക്കുന്നതുപോലും മതനിയമമനുസരിച്ചാണു്. ചികിത്സയ്ക്കാണെങ്കിൽ പ്രത്യേകിച്ചു് ഒരു വേദംപോലും ഉണ്ടു് ഇപ്രകാരം മതമാകുന്ന മൂശയിൽ ഉരുക്കി ശുദ്ധി ചെയ്യപ്പെടുന്ന മനുഷ്യരാണു് നാം. മനുഷ്യൻ സ്വന്തഇഷ്ടമനുസരിച്ചല്ല ജീവിക്കേണ്ടതെന്നും, ദൈവമുണ്ടെന്നും ആ പരാശക്തിയുടെ ഇഷ്ടാനിഷ്ടങ്ങൾ നോക്കി ജീവിക്കുന്നതാണു് ശ്രേയസ്കരമെന്നും, അതിനുള്ള വിധികളാചരിക്കണമെന്നും, മതം പഠിപ്പിക്കുന്നു. ഇങ്ങനെ മതത്തിന്റെ ഇടപെടൽകൊണ്ടു് നമ്മുടെ ജീവിതം പടുത്തുയർ-

ത്തുന്ന ദൈവത്തെ ഓരോ മതസ്ഥർ ഓരോ രീതിയിൽ സങ്കല്പിക്കുന്നതുകൊണ്ട് വിവിധ മതക്കാർ വ്യത്യസ്ത സംസ്കാരങ്ങളോടുകൂടി അറിയപ്പെട്ടു വരുന്നു. ബ്രാഹ്മണൻ ശാന്തനാണെങ്കിൽ, കാളിപൂജ ചെയ്യുന്ന എമ്പ്രാൻ ക്രൂരനായിരിക്കും. ഇങ്ങനെ ദൈവത്തെ യഥാർത്ഥത്തിൽ ഗ്രഹിക്കാത്തതു് ഒരു സാമൂഹ്യവിപത്തായിത്തീർന്നിരിക്കുകയാണു് അതുകൊണ്ടാണു് വിവിധമതസ്ഥർ മതപ്രചരണം ഒരു സാമൂഹ്യസേവനമായി കണക്കാക്കിവരുന്നതു്,

## C വിദ്യ

ജീവിതാഭ്യോധനത്തിനുള്ളകരുക്കളെ നേടിത്തരുന്നതാണു് വിദ്യാഭ്യാസം. വിദ്യ കൈവന്നു കഴിഞ്ഞാൽ നമ്മുടെ ജീവിതം വികാസത്തെ പ്രാപിക്കുന്നു. പ്രവർത്തനമണ്ഡലത്തിലേക്കു് നാം ഉയർത്തപ്പെടുന്നു. 'വിദ്യാവിഹീനാം പശു' എന്നാണു് ആപ്തവാക്യം. ഒരുത്തനും വിദ്വാനോ, പാമരനോ ആയി ജനിക്കുന്നില്ല. എന്നാൽ ചുററുപാടുകൾക്കു് അതീതനായി മഹാജ്ഞാനികളായിത്തീരുന്നവരും, വിദ്യാഭ്യാസം കൊണ്ടു് വിദ്വാന്മാരായവരും ഉണ്ടു്. ശ്രീയേശുവിനെക്കുറിച്ചു് മററുള്ളവർ പറഞ്ഞതു് ''അവൻ തച്ചന്റെയും മറിയയുടെയും മകനല്ലേ അവന്റെ സഹോദരന്മാരും ബന്ധുക്കളും നാം അറിയുന്നവരല്ലേ അവനു് ഈ ജ്ഞാനം എവിടെ നിന്നു കിട്ടി.'' തന്നെയുമല്ല തന്റെ സഹവാസത്താൽ വെറും ഭോഷന്മാരും അക്ഷരജ്ഞാനമില്ലാത്തവരുമായ ശിഷ്യന്മാർ വലിയ ജ്ഞാനികളായിത്തീർന്നു. ഇങ്ങനെ വിദ്യാസമ്പന്നർക്കു് ചുററുപാടുകൾ അതിനനുസരിച്ചു വ്യത്യാസപ്പെടുകയാണു് ചെയ്യുന്നതു്. സഹപാഠികളുമായുള്ള കൂട്ടുകെട്ടും അതിനു പ്രേരിപ്പിക്കുന്നു. വിദ്യാഭ്യാസം ഒരുവന്റെ സാഹചര്യങ്ങളെ പരിഷ്ക്കരിക്കുന്നു. കൂടാതെ തുടർന്നു

മാനസസംസ്ക്കാരം പ്രാപിക്കയും, അതു സ്വഭാവത്തെ സാത്വികമാക്കുകയും അവനെ സേവനത്തിന് പ്രാപ്തനാക്കി സാമൂഹ്യജീവിതരംഗത്തു പ്രശോഭിക്കുന്നതിന്നിടയാക്കുകയും, അപ്രകാരം വിദ്യ ജീവിതത്തിന്റെ അഭേദ്യ ആവശ്യമാക്കിത്തീക്കയും ചെയ്യുന്നു. ഒരാളെ അറിയുക എന്ന് പറഞ്ഞാൽ യഥാർത്ഥത്തിൽ അയാളുടെ സ്വഭാവമറിയുക എന്നതാണ്. സ്വഭാവം ഇഷ്ടപ്പെട്ടുവെങ്കിൽ അയാളുമായി നാം സഹവസിക്കുന്നു. സഹവാസം സ്നേഹത്തിനും പരസ്പരസേവനത്തിനും ഇടയാക്കുന്നു. അങ്ങിനെ സ്നേഹിതന്മാർ അപ്രകാരം അന്യൂനമായി വർത്തിക്കുന്നു. ഇതുപോലെ ആദർശവിദ്യാഭ്യാസം അറിവുകളായി നമുക്ക് ലഭിക്കയും, അവയുമായുള്ള സഹവാസംകൊണ്ട് അതു നമ്മുടെ സ്വഭാവത്തെ സ്പർശിക്കയും ചെയ്യുന്നു. പരിസരങ്ങളുടെ സമ്മർദ്ദംകൊണ്ട് അതു പ്രായോഗികമാക്കുകയും അങ്ങിനെ സേവനവയലിലേയ്ക്കു നാം പുറപ്പെട്ട്, അവസാനം നാം അതിനടിമയായി അഭേദ്യബന്ധം പുലർത്തുകയുമാണ് ചെയ്യുന്നത്. ഒരുവന്റെ ജീവിതത്തിൽ അത്യന്താപേക്ഷിതമായ ഒരു കാര്യമാണിത്. വിദ്യാഭ്യാസം നൽകാത്ത മാതാപിതാക്കന്മാർക്ക് വലിയ കഷ്ടം!-അവർക്ക് ഭയങ്കരമായ ശിക്ഷാവിധിയാണ് ഹിന്ദുശാസ്ത്രങ്ങളിൽ പറഞ്ഞിരിക്കുന്നത്. ജീവിതമെന്നത് ജീവിക്കാനാണെന്നും, ജീവിക്കുക എന്നത് അത്രക്ഷിപ്രസാദ്ധ്യമല്ലെന്നും, അതിന്റെ വിജയമാണ് മനുഷ്യജന്മത്തിന്റെ ഉദ്ദേശമെന്നും അതിലേക്കുവേണ്ട സജ്ജീകരണങ്ങളും സന്നാഹങ്ങളും ഒഴിച്ചുകൂടാൻ പാടില്ലാത്തതാണെന്നും നാം മനസ്സിലാക്കുകതന്നെ വേണം.

## D. ധനം

ധനം മനുഷ്യന്റെ ചുററുപാടുകളെ നിയന്ത്രിക്കുന്ന ഒരു വസ്തുവാണ്. ധനത്തിനുവേണ്ടി ധർമ്മത്തേയും,

സ്നേഹഭാജനങ്ങളെയും, വേണ്ടിവന്നാൽ സ്വന്തജീവനെപ്പോലും ബലികഴിക്കുന്നതിനും മടിക്കാത്ത ആളുകളും ഈ ഭൂമിയിൽ ജീവിച്ചിരുന്നതായും, ഇപ്പോഠം ജീവിച്ചിരിക്കുന്നതായും നമുക്കറിയാം. ഇത്രമേൽ മനുഷ്യജീവിതത്തെ സ്പർശിക്കുന്ന ഒരു കാര്യം ലോകത്തില്ല. ക്രിസ്തുവിൻെറവചനങ്ങളിൽ അത് സ്പഷ്ടമായി പറഞ്ഞിട്ടുണ്ട്. ''ദ്രവ്യാഗ്രഹത്തെയും ദൈവത്തെയും ഒരുമിച്ച സേവിപ്പാൻ ഒരുവനും സാദ്ധ്യമല്ല. കൂടാതെ ധനികർ സ്വർഗ്ഗരാജ്യത്തിൽ കടക്കുകയില്ല നിശ്ചയം ''എന്നും മററുമാണത്. ധനാശ, പെണ്ണാശ, മണ്ണാശ, ജീവിതാശ, ജീവിതമോചനാശ എന്നുവേണ്ടാ ഏതൊരാശയെങ്കിലും കൊണ്ട് കലുഷമാകാത്ത ചിത്തം കാണാൻ പ്രയാസം തന്നെ. ഉൽകൃഷ്ടാപകൃഷ്ട ദശകളിൽ കിടന്ന് കഷ്ടപ്പെടേണ്ടിവരുന്നതും ഈ ആശകളുടെ പിടിയിൽ ഉഠംപ്പെടുന്നതുകൊണ്ടത്രേ. ധനമുള്ളവനും, ധനമില്ലാത്തവനും ഒരുപോലെ പാപികളായിത്തീരുന്ന സാഹചര്യമാണ് കാണുന്നത്: ഉള്ളവൻ അഹങ്കരിക്കുന്നു. ഇല്ലാത്തവൻ ഉണ്ടാക്കാൻ ഏതുവിധവും പ്രയത്നിക്കുന്നു. അതുകൊണ്ടാണ് ഒരു പരിശുദ്ധൻ ഇപ്രകാരം പറഞ്ഞിരിക്കുന്നത് ''എൻെറ ദൈവമെ! തിരുനാമത്തെ ദൂഷിപ്പാൻ തക്ക ദ്രവ്യബഹുത്വവും, നിന്നെശപിപ്പാൻ ഇടയാക്കുന്ന മുട്ടുവരത്തക്ക ദാരിദ്ര്യവും നീ തരരുതെ.''

പുരുഷാർത്ഥങ്ങളിൽ അർത്ഥസമ്പാദ്യത്തിന് ഒരു കാലഘട്ടം പറയുന്നുണ്ട്. 20–55 വയസ്സുവരെ. എന്നാൽ ആ ശാസ്ത്രവിധി 'ചക്രത്തിനുവേണ്ടി അക്രമം കാണിക്കുന്നത്' സാമൂഹ്യജീവിതത്തിൽ വലിയ തകരാറുകഠം ഉണ്ടാക്കുകയാണ് ചെയ്യുന്നത്, ധനം സ്നേഹിതന്മാരെ ആകർഷിക്കുന്നു, ആഡംബരങ്ങളെ അവലംബിപ്പിക്കുന്നു. മദ്യത്തെ വിളിച്ചുവരുത്തി ക്രമേണ ദുർവൃത്ത

നം കഠിന പാപിയുമായിത്തീരുന്നു. എന്നാൽ ധനം കൊണ്ടു് സ്നേഹിതന്മാരെ ഉണ്ടാക്കുന്നതു് ബുദ്ധിപൂർവ്വകമാണെന്നു് വി: വേദപുസ്തകത്തിൽ പറഞ്ഞിട്ടുണ്ടു്, അതു് ധനം വ്യയം ചെയ്യുന്നതുകൊണ്ടും. ദാനംചെയ്യുന്നതിനാലും, സേവനമായി ഉപയോഗിക്കുന്നതിനാലും ബുദ്ധിപൂർവ്വകമായിത്തീരുകയാണു്, മറിച്ചു് ചെയ്യുന്നതു് മനുഷ്യനു് ആപത്തായിത്തീരുകയാണു്. ''നിങ്ങൾ അനീതിയുള്ള മാമ്മോനെക്കൊണ്ടു് സ്നേഹിതന്മാരെ ഉണ്ടാക്കിക്കൊൾവീൻ'' എന്നാണു് വി: വേദവാക്യം. ഒരു മനുഷ്യൻെറ ഉത്തമകൃത്യം ലബ്ധമായ ദ്രവ്യത്തെ സൂക്ഷിക്കുകയും കൂടുതൽ ലാഭം സാധിക്കയും ചെയ്തിട്ടു് തങ്ങളുടെ മിത്രങ്ങൾക്കു് നേരിട്ടിരിക്കുന്ന വിപത്തുകളിൽ നിന്നു് അവരെ മോചിപ്പിക്കുക എന്നുള്ളതാണു്. ''ഞാൻ നൽകിയതാണു് എനിക്കു് സാക്ഷാലുള്ളതു്. ചെലവു ചെയ്തതാണു് എനിക്കുണ്ടായിരുന്നതു്. സൂക്ഷിച്ചുവച്ചതാണു് എനിക്കു നഷ്ടപ്പെട്ടതു്.'' എന്നാണു് എപ്പിററാഫ് എന്ന മഹാൻ പറഞ്ഞിരിക്കുന്നതു്. ധനവ്യയം ദ്രവ്യാഗ്രഹത്തെ കുറയ്ക്കുകയും, ന്യായമാർഗ്ഗത്തിൽ ആർജ്ജിക്കുന്നതിനു് സഹായിക്കുകയും ചെയ്യുന്ന ദാനം പുണ്യവും ധനത്തിൻെറ കാവലും ആയിത്തീരുന്നതാണു് സേവനത്തിനു് പ്രയോജനപ്പെടുന്നതു് ദ്രവ്യസംബന്ധമായ പാപത്തിനു് ശാന്തിയും, ഭാവിശുഭത്വവും സൂചിപ്പിക്കുന്നു. ധനംകൊണ്ടു് സ്നേഹിതന്മാരെ സമ്പാദിയ്ക്കുന്നതു് ധനരഹിതമാകുന്ന കാലത്തു് തുണകരുതുകയാകുന്നു. അതു് സാമൂഹ്യജീവിതത്തെ സാരമായി സ്പർശിയ്ക്കുന്നൊരു കാര്യമാണെന്നു് തെളിഞ്ഞുവല്ലോ. മഹാജ്ഞാനികളായ സന്യാസിമാരെക്കൂടി പെട്ടെന്നു് വഞ്ചിയ്ക്കുന്ന ഒരു വസ്തുവാണു് ഈ ധനമോഹം. കൊലപാതകത്തിൻെറ കാരണങ്ങളിലൊന്നാണു് ധനം. സ്നേഹിക്കപ്പെടുവാൻ

പാടില്ലാത്ത ഒരു വസ്തുവാണ് ധനം. മററല്ലാത്തിനെയും സ്നേഹിക്കാം. എന്നാൽ ധനത്തെ മാത്രം സ്നേഹിപ്പാൻ ആഗ്രഹിക്കരുതു്, പണമല്ല എല്ലാററിലുംകാര്യം. എന്നാൽ മനുഷ്യഗുണമാണ് പണത്തെക്കാളും തുലോം പ്രധാനമായിട്ടുള്ളതു്. ദ്രവ്യം എന്നുവെച്ചാൽ ദ്രവിക്കുന്നതു്, ഓടുന്നതു്, ഒഴുകുന്നതു എന്നത്ഥമാണ്. അതു് ഒരു സ്ഥലത്തുതന്നെ ഇരിക്കുന്നതായാൽ അതിന് ധനം എന്നു് പറയും. ദ്രവ്യം വളരെ ഉണ്ടായിരിക്കണം. ജലം നിരന്തരമായി ഒഴുകിക്കൊണ്ടിരിയ്ക്കുമ്പോഴാണ് സ്വച്ഛവും പവിത്രവുമായിത്തീരുന്നു'' എന്നു് വിനോബാജി പറയുന്നു.

## 4. ആളത്വം.

A യൗവ്വനം. സാമൂഹ്യജീവിതത്തെ ആളത്വം ഭേദപ്പെടുത്തുന്നതു് വിവിധ രീതിയിലുള്ള ആളുകളെ കാണുന്നതിൽ നിന്നും മനസ്സിലാക്കാം. പല പ്രായത്തിൽ പല തൊഴിലിൽ, പലരൂപത്തിൽ, പലനിറത്തിൽ, പല സ്വഭാവങ്ങളിൽ, പലവ്യത്യാസങ്ങളിൽ ഇങ്ങനെ പോകുന്നു ഭേദം. രണ്ടുപേർ ഒരുപോലെ ലോകത്തിൽ കാണപ്പെടാറില്ല. ആളുകളെ തിരിച്ചറിയുന്നതു് ചില പ്രത്യേക രൂപങ്ങളും, അടയാളങ്ങളും മുതലായവകൊണ്ടാണല്ലോ മനുഷ്യന്റെ ആകൃതിയും പ്രകൃതിയും അത്യന്തം പ്രാധാന്യപ്പെട്ട രണ്ടു ഘടകങ്ങളാണ്. മനുഷ്യാകാരത്തിന്റെ പൂർണ്ണതയും മനുഷ്യപ്രകൃതിയുടെ സംപൂർണ്ണതയുമാണ് ഒരു മനുഷ്യനെ മനുഷ്യനാക്കുന്നതു്. പ്രായഭേദമാണ് മനുഷ്യജീവിതത്തിനു് വിവിധത്വം നൽകുന്നതു്. ചെറുപ്പത്തിലെപ്പോലെയല്ല യൗവ്വനത്തിലെ ജീവിതം. യൗവ്വനത്തിലെ സാഹചര്യമല്ല, വാർദ്ധക്യകാലത്തെ സാഹചര്യം. ഇങ്ങിനെ പല പല ഘട്ടങ്ങളിലായ ജീവിതം സാമൂഹ്യജീവിതത്തോടു് ബന്ധപ്പെട്ടിരിയ്ക്കുന്നു. പ്രായഭേദം ലോക

ത്തിൽ നിന്നു് നിർമ്മാർജ്ജനം ചെയ്യാൻ പാടില്ലാത്ത അത്ര അത്യന്താപേക്ഷിതമായ ഒരു ജീവിതഘട്ടകമാണു്. എല്ലാവരും കുട്ടികളാണെങ്കിൽ വലിയവരെവിടെ? എല്ലാവരും വലിയ ആളുകളാണെങ്കിൽ കുട്ടികളുടെ സ്ഥാനം എങ്ങിനെ നികത്തും? തലമുറകൾ സങ്കലിതമാകയും വലിയവരെ കണ്ടു് ചെറിയവർ പഠിക്കയും തുടർന്നു് മുൻതലമുറപോകുമ്പോൾ തൽസ്ഥാനങ്ങൾ യഥാക്രമം പിൻതലമുറകൾ ഏറ്റെടുക്കയും ചെയ്തുകൊണ്ടിരിയ്ക്കുന്നു. ഒരു മനുഷ്യന്റെ പ്രായത്തിന്റെ മദ്ധ്യഘട്ടവും, ജീവിതത്തിന്റെ ദർശനീയവശവും കാണുന്നതു് യൗവ്വനത്തിലാണു്. യൗവ്വനമാണു്, വൃക്ഷമൃഗഗണനിഷേവിതമായ ജീവിതവനം. ഇവിടെയാണു് അന്ധകാരവും, സൗന്ദര്യവും ജീവിതത്തിലെ മാദകത്വവും കാണപ്പെടുന്നതു്. ഒരുവന്റെ ജീവിതത്തിലെ പ്രാരംഭം ജീവിതസജ്ജീകരണങ്ങൾക്കും യൗവ്വനം പ്രവൃത്തിക്കും വാർദ്ധക്യം അനുഭവങ്ങളുടെ അസ്വാദ്യതയ്ക്കുമാണു്. ഒരുവന്റെ ജീവിതത്തിലെ സുപ്രധാനഘട്ടമായ യൗവ്വനകാലമാണു് സാമൂഹ്യസേവനത്തിനു് പ്രയോജനപ്പെടുത്തേണ്ടതു്. അന്നു് സൃഷ്ടിയുടെ കാലമാണു്. സേവനത്തിന്റെ ജോലിയാണു് അന്നു് നടത്തേണ്ടതു്. ഒരാൾ യൗവനത്തിൽ പ്രവേശിയ്ക്കുന്നതു് അവന്റെ ശക്തിയും ബലവും പൂർണ്ണമാകുന്ന അക്കാലത്താണു്. വിജയത്തിന്റെയും പരാജയത്തിന്റെയും കാലമാണതു്. ഇതുപോലെ സമൂഹത്തിന്റെ ശക്തിയും ബലവും യൗവ്വനക്കാരുടെ ആധിക്യത്തിലാണു്. സാമൂഹ്യപ്രസ്ഥാനങ്ങളുടെ ജീവൻ യുവജനങ്ങളാണു്. പ്രവർത്തനശക്തി അവരിൽ മാത്രമേയുള്ളു. അതാണു് യുവജനപ്രസ്ഥാനങ്ങളുടെ വിജയം. എന്തും ചെയ്യുവാനുള്ളത്രാണിയും, സന്നദ്ധതയും ധൈര്യവും അവർക്കുണ്ടു്. യുവജനക്ഷേമമാണു് വാസ്തവത്തിൽ സാമൂഹ്യക്ഷേമം.

സാമൂഹ്യക്ഷേമപദ്ധതികൾ രൂപീകരിക്കുന്നതു് ഇതിനെ അടിസ്ഥാനമാക്കിയായിരിക്കണം.

## B. ബലവും ആരോഗ്യവും.

ശേഷിയുള്ളവർക്ക് ഏതു് പ്രവൃത്തിയാണ് പ്രയാസം? പരിശ്രമശാലികൾക്ക് ദൂരമെന്നൊന്നുണ്ടോ? പണ്ഡിതനു് ഏതൊന്നാണു് വിദേശം? മധുരമായി സംസാരിക്കുവാൻ കഴിയുന്നവനു് ഏതൊരുവനാണു് അപരിചിതൻ. വിളവുകൾ വാടിക്കരിഞ്ഞു നശിക്കുകയും, രാജ്യത്തു ക്ഷാമം പിടിപെടുകയും ചെയ്യുമ്പോൾ അവിടെത്തന്നെ തമസിച്ച് തങ്ങളുടെ കുടുംബങ്ങളുടെ മരണവും രാജ്യത്തിന്റെ നാശവും കാണ്മാൻ ഇടവരുത്താതിരിക്കുന്നവർ തന്നെ അനുഗൃഹീതന്മാർ. ഈ ഭൂമിയിൽ പിറന്ന ഏതൊരുജീവിക്കും ആപത്തെന്നതു് സദാ നികടവർത്തിയാണു്. ബലമുള്ള സമുദായം സുസ്ഥിരമാണു് ബലം എന്നതിൽ ആളത്വപരമായ ബലവും, സംഖ്യാബലവും ഉൾക്കൊള്ളുന്നു. ആൾബലം വ്യക്തികൾക്ക് പ്രാബല്യമാണു്, സാമൂഹ്യബലം സമുദായത്തിനും പ്രതാപത്തിനു് ഹേതുവാകുന്നു. വ്യക്തിബലത്തിനു് ആരോഗ്യവും, ശരീരസ്ഥിതി) മനസ്ഥിതിയും (mental out look) ആവശ്യമാണു്. ഇവയുടെ അഭാവത്തിൽ സാമൂഹ്യബലവും ശൂന്യമായിത്തീരുന്നതാണു്, ആരോഗ്യം ശരീരസ്ഥിതിയുടെ വികാസവും, നല്ല മനസ്ഥിതി, മാനസിക കഴിവുകളുടെ വികസനപരമായ പ്രയോജനങ്ങളുമാണു് സാധിക്കുന്നതു്. സാധാരണ ആരോഗ്യഹീനന്റെ മനസ്ഥിതി പ്രായേണ ചീത്തയും അവനു് ദോഷകരവുമായിത്തീരുകയാണു്. ഇതു് ഒരിക്കലും സാമൂഹ്യജീവിതത്തിൽ അഭിലഷണീയമല്ല. കൂടുതൽ ആളുകളും, ആരോഗ്യവാന്മാരാണെങ്കിലും, പൊതുവെ ചഞ്ചല മനഃസ്ഥിതിയുള്ളവരായിരിക്കും, ഹിന്ദുമതം ആരോഗ്യശാ-

സ്റ്റൂവിധികരം തയ്യാർ ചെയ്തിരിക്കുന്നതു് ശുചിത്വം ദൈവീകത്വത്തിൻെറ അടുത്തതാണെന്നു കാണിക്കാനും (cleanliness is next to godliness) മററു് സനാതന തത്വങ്ങളുടെ ഉദ്ദേശം മനുഷ്യനെ ഭയത്തിൽ നിന്നകററി ബലവാനാക്കുന്നതിനുമാണെന്നു് സിദ്ധാന്തിക്കുന്നു. ''മനുഷ്യൻെറ അകത്തേയ്ക്കു് പോകുന്നതു് ഒന്നും അവനെ അശുദ്ധനാക്കുന്നില്ല. എന്നാൽ മനുഷ്യൻെറ ഹൃദയത്തിൽ നിന്നു് പുറപ്പെടുന്നതാണു് അവനെ അശുദ്ധനാക്കുന്നതു്'' എന്നാണു് ശ്രീയേശുവിൻെറ തിരുവചനം. ബലവാന്മാർ ആയുധം ധരിക്കുന്നു ബലഹീനന്മാർ ആരവം ഉണ്ടാക്കുന്നു. ഇതാണു് അവരുടെ കഴിവിൻെറ വ്യത്യാസം. ബലവാനായവൻ, അരയും തലയും മുറുക്കി എന്തിനും കച്ചകെട്ടി തയ്യാറായി കാണപ്പെട്ടാൽ അവൻെറ വസ്തുവകകരം തുറന്നു് മോഷ്ടിപ്പാൻ ഒരുവനും സാദ്ധ്യമല്ലാ. നല്ല മനഃസ്ഥിതി സമൂഹത്തെ നന്നാക്കുന്നതിനു് പ്രോത്സാഹിപ്പിക്കുന്നതാണു്. ശാരീരികവ്യായാമം ആരോഗ്യത്തെ ദൃഢപ്പെടുത്തുന്നതുപോലെ മാനസിക ഉല്ലാസങ്ങരം മനസ്സിനെ ഉണർത്തുന്നു.

## C. രൂപം.

മനുഷ്യൻെറ രൂപം. ദൈവത്തിൻെറ സ്വരൂപമാണെന്നാണു് ക്രിസ്തുമതം അനുശാസിക്കുന്നതു്. ദൈവം മനുഷ്യനെ നിർമ്മിക്കുന്നതിനു് തൻെറ സ്വരൂപവും സാദൃശ്യവും ആണു് ഉപയോഗപ്പെടുത്തിയതു്. സ്വരൂപം മനുഷ്യജീവിതത്തെ എങ്ങിനെ സ്പർശിക്കുന്നു് എന്നു് നമുക്കു് പരിശോധിക്കാം. ലോകത്തിൽ മനുഷ്യരുടെ രൂപങ്ങരം വിവിധങ്ങളായി കണ്ടുവരുന്നു. രാക്ഷസീയരൂപങ്ങരം, മാനുഷീകരൂപങ്ങരം, ദൈവീകരൂപങ്ങരം ഇങ്ങനെ പൊതുവെ മൂന്നായി വിഭജിക്കാം. മനുഷ്യസ്വഭാവങ്ങളുടെ നിദർശന പ്രതിഫലനമാണു് ഓരോരൂപവും, രൂപഭേദങ്ങളും. അതു് വ്യക്തമാക്കുന്ന

തിന് ഹിന്ദുക്കരം ആരാധിക്കുന്നവിവിധ ദേവന്മാരു ടെയും ദേവികളുടെയും രൂപങ്ങരംനോക്കിയാലറിയാം. ഓരോന്നുംഓരോ സ്വഭാവത്തെക്കാണിക്കുന്നവയാണ്. ഭദ്രകാളിയുടെ രൂപം എന്തു് ബീഭത്സമാണ്? സ്വഭാവ ത്തിൻെറ വ്യതിയാനത്തിൽ രൂപാന്തരം ഉണ്ടാകാവുന്ന താണ്. ക്രിസ്തുവിൻെറ മനുഷ്യരൂപം യഥാത്ഥമാക യാൽ തൻെറ മനുഷ്യരൂപം കരുണയുടെയും ശാന്തിയുടെ യും നിദർശനമായിരിക്കും. ദൈവീകരൂപം തേജസ്സി ൻെറയും മഹത്വത്തിൻെറയും രൂപമാണ്. രാക്ഷസീയ രൂപത്തിൻെറ ഒരു നിദർശനമാണ് യൂദാസ്ക്കറിയോ ത്താ. നിരാശയുടെയും ബീഭത്സതയുടെയും രൂപമാണ ത്. ഹേ! മനുഷ്യ! നിൻെറ സ്വരൂപവും സാദൃശ്യവും ക്രിസ്തുവിൻെറതു് തന്നെയാണ്. സ്വഭാവമാകുന്ന നാ ണയത്തിലെ സ്വരൂപവും മേലെഴുത്തും നോക്കുക. "ദൈവത്തിനുള്ളതു് ദൈവത്തിനും കൈസർക്കുള്ളതു് കൈസർക്കും കൊടുക്കുക" മനുഷ്യരൂപത്തിൻെറ ഭാവപ്പ കർച്ച വിചാരത്തിൻെറയും, പ്രവൃത്തിയുടെയും, വച നത്തിൻെറയും അത്ഥപുഷ്ടിയെ ദ്യോതിപ്പിക്കുന്നതാ യി അതനുസരിച്ചുള്ള പെരുമാററം കൊണ്ടു് നമുക്കു് സ്പഷ്ടമാക്കാം, ഭാവഭേദങ്ങരം ഒരുവനിൽ ദർശിക്കു ന്നതു് നവരസങ്ങരം കൊണ്ടാണെന്നു് ശാസ്ത്രം വിധി ക്കുന്നു. മനഃശ്ശാസ്ത്രപ്രകാരം മനുഷ്യർ ഒരിക്കലും മുഴു വൻ ബോധവാന്മാരായിരിക്കുന്നില്ലെന്നും എപ്പോഴും അദ്ധബോധവാനോ; അംശബോധവാനോ(Sub Conscious) ആയിട്ടാണു് കാണപ്പെടുന്നതെന്നും വ്യക്ത മാക്കിയിരിക്കുന്നു യഥാത്ഥമനുഷ്യൻ ശരിയായി ബോ ധവാനായിരിക്കുക ആവശ്യമാണ് ആയതിൻെറ വർ ദ്ധനവിലാണ് മഹത്വം സ്ഥിതി ചെയ്യുന്നതു്. അങ്ങ നെയുള്ളവരാണ് ശ്രീബുദ്ധനെപ്പോലെ ബോധവാനാ യി സംഗതികളുടെ യാഥാത്ഥ്യം ബോദ്ധ്യപ്പെടുന്നതു്.

ക്രിസ്തു പോലും തൻെറ സ്വന്തരൂപത്തിൽ നിത്യം കാണപ്പെട്ടില്ല. ഒരിക്കൽ ആ രൂപം കണ്ടവർ അതീവ അത്ഭുതസ്തബ്ധരായി. തൻെറ കഷ്ടാനുഭവസമയത്ത് താൻ പറയുന്നത് "ഞാൻ എൻെറ സ്വന്തരൂപത്തിൽ ഇവിടെ നിന്നിരുന്നുവെങ്കിൽ അനേകായിരങ്ങൾ എനിക്കുവേണ്ടിപ്പോരാട്ടമായിരുന്നു" എന്നാണ്. മനുഷ്യരൂപം വലുതായും ചെറുതായും രൂപാന്തരം പ്രാപിക്കും. ഒരു കാട്ടാളൻെറ രൂപവും, ഒരു ജ്ഞാനിയുടെ രൂപവും ആ സംസ്കാരഭേദം തെളിയിക്കുന്നു. ഒരു മഹാപാപിയുടെ രൂപം പൈശാചികമായും ഒരു പരിശുദ്ധൻെറ രൂപം ഭക്തിദ്യോതകമായും തോന്നും മാലാഖമാരും പിശാചുക്കളും മനുഷ്യരൂപം ധരിക്കുന്നു. മനുഷ്യന് മാലാഖയാകാനും പിശാചാകാനും സാദ്ധ്യമല്ലെങ്കിലും നമ്മുടെ രൂപവും ഭാവഭേദപ്പെടാമെന്നുള്ളതുകൊണ്ട് നാം നമ്മുടെ രൂപം ദൈവസാദൃശ്യമാക്കിത്തീർക്കേണ്ടിയിരിക്കുന്നു. ഇങ്ങനെ രൂപം പ്രാപിക്കുക പ്രത്യക്ഷപ്പെടുന്നതിനാകയാൽ നമ്മുടെ രൂപവും ഒരു സ്ഥിതിചെയ്യൽ മാത്രമാണെന്നു ധരിക്കണം. പിശാച് പാമ്പിൻെറ വേഷം ധരിച്ച് ആദാമിനേയും ഹവ്വായേയും പിഴപ്പിച്ചതുപോലെ മനുഷ്യവേഷധാരികളായ നാം പാപം ചെയ്യുന്നു. പാപംചെയ്യുന്നവനിൽനിന്നു ദൈവസാദൃശ്യം നഷ്ടപ്പെട്ടുപോകുകയാണെന്നു ഓക്കണം.

മനുഷരൂപവും ദൈവരൂപവും സാദൃശ്യമുള്ളതാണ്. അതു് അപ്രകാരം കാത്തുകൊള്ളുവാൻ നാം ദൈവത്തെ മാതൃകയായി സ്വീകരിക്കണം. "ഞാൻ പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരാകുവിൻ." എന്നാണ് ക്രിസ്തുവിൻെറ വചനം. മനുഷ്യരൂപത്തിൽ പൂർണ്ണമായി പ്രത്യക്ഷപ്പെടണമെങ്കിൽ ദൈവപുത്രൻ മനുഷ്യാവതാരം ചെയ്തു് പരോപകാരപരവും സാമൂഹ്യവുമായ നന്മപ്രവൃത്തികൾ

ചെയ്തതുപോലെ നാമും സേവനസമ്പന്നരാകേണ്ടിയിരി ക്കുന്നു. ''പരോപകാരാർത്ഥം ഇദം ശരീരം'' ക്രിസ്തു മറു രൂപപ്പെട്ടതുപോലെ നാമും നമ്മുടെ തനിസ്വരൂപത്താൽ ഒരിക്കലെങ്കിലും പ്രത്യക്ഷപ്പെടുവാൻ പരിശ്രമിക്കുക. എന്നാൽ മനുഷ്യർക്കു് ജന്മസാഫല്യം കൈവരുന്ന താണു്.

മനുഷ്യജീവചരിത്രം തന്നെ അവൻെറ പൊതുജീ വിതത്തിൻെറയും, സാമൂഹ്യചരിത്രത്തിൻെറയും ഒരു സംഗ്രഹമാണു് ഒരിക്കലും അവൻെറ രഹസ്യജീവി തം സ്പഷ്ടമാക്കപ്പെടുകയോ, അതിൽ ലോകം കൗതു കം പ്രകടിപ്പിക്കുകയോ ചെയ്യുന്നില്ലായെന്നുള്ളതു് മഹാ ന്മാരായിട്ടുള്ളവരുടെ ജീവിതം പഠിച്ചാലറിയാവുന്നതാ ണു്. പരകാര്യത്തിലോ, പൊതുരംഗത്തോ ശോഭിക്കാ ത്ത മഹാന്മാരില്ല. ചരിത്രം സൃഷ്ടിക്കപ്പെടുന്ന സംഭവ ങ്ങൾക്കു് സാക്ഷി നിൽക്കാത്ത ജീവിതത്തിനു് ചരി ത്രം സാക്ഷിയില്ല. ക്രിസ്തുവിൻെറ ജീവചരിത്രം ലോ കമറിയുന്നതു് തൻെറ പരസ്യശുശ്രൂഷാകാലം മുതൽ ക്കാണല്ലോ. മനുഷ്യൻ എന്നു് സാമൂഹ്യമായി പ്രവർത്തി ക്കുന്നുവോ അപ്പോൾ മാത്രമേ അവൻ ചരിത്രപരനായ മനുഷ്യനായിത്തീരുന്നുള്ളു. സാമൂഹ്യചരിത്രമാണു് ലോ കചരിത്രത്തിൻെറ ഭാഗങ്ങൾ. സാമൂഹ്യചരിത്രത്തിനു് സഹായിക്കുന്നതാണു് വ്യക്തികളുടെ സാമൂഹ്യപ്രവർ ത്തനങ്ങൾ. സംഭവങ്ങളുടെയും സംഭവകർത്താക്കളുടെ യും വിവരങ്ങളാണു് ചരിത്രത്തിൻെറ ഏടുകളിൽ കാ ണുന്നതു്. ''ലോകത്തിൻെറ ചരിത്രം മഹാന്മാരുടെ ജീവചരിത്രങ്ങളാണു്'' എന്നു് കാർലൈൽ പറഞ്ഞി രിക്കുന്നു. മഹാന്മാരുടെ ജീവിതരീതി, അറിവ്, അ നുഭവം, സിദ്ധി മുതലായവയാണു് മഹത്വം നിർണ്ണ യിക്കുന്നതു്! പൊതുജീവിതത്തിലെ മാന്യതയേക്കാൾ മുഖ്യമായിട്ടുള്ളതു് രഹസ്യജീവിതത്തിലെ നിർമ്മല തയാണു്,

# അദ്ധ്യായം മൂന്നു്

## സമൂഹ്യജീവിതത്തിലെ വ്യക്തിപ്രാഭവം

''ഈ ജീവിതമാർഗ്ഗത്തിൽക്കൂടി ഞാനൊരിക്കലെ പോകുന്നുള്ളു. അതുകൊണ്ടു് എന്നാൽ സാദ്ധ്യമായ എന്തെങ്കിലും നന്മയോ, ഏതെങ്കിലും മനുഷ്യനോടു് പ്രദർശിപ്പിക്കാവുന്ന ഭൂതദയയോ, ചെയ്യുന്നപക്ഷം ഇപ്പോഴ്തന്നെ നടത്തട്ടെ. ഞാനതു് നിരസിക്കയോ ഉപേക്ഷിക്കുകയോ ചെയ്താൽ ഇനി ഒരിക്കൽക്കൂടി ഈ മാർഗ്ഗത്തിൽ ഞാൻ വന്നു എന്നു വരികയില്ലല്ലോ ''

ലോകത്തിലെ വിവിധ സാമൂഹ്യഘടകങ്ങളെ അപഗ്രഥിച്ചാൽ വ്യക്തിയെന്ന സ്ഥാനത്താണു് ഒടുവിൽ വന്നെത്തുക. വ്യക്തി, കുടുംബം, സമുദായം, രാജ്യം ഇങ്ങനെ പോകുന്നു അതിൻെറ ആരോഹണക്രമം. എന്നാൽഇൻഡ്യയിൽഅവ കൂടുതൽ വ്യത്യസ്ഥമാണു്. ഇവിടെ കൂട്ടുകുടുംബങ്ങൾ, ജാതി, കുലം, വംശം, ഗോത്രം മുതലായവയും കൂടതലായുണ്ടു്. തൻമൂലം സമുദായത്തോടുള്ള ബന്ധം അത്ര ബലവത്താകാൻ സാധിച്ചുവെന്നു് വരാനിടയില്ല. സമുദായസ്നേഹത്തെ ജാതിസ്നേഹം കവർന്നു്കളയാൻ മതി. ജാതിസ്നേഹമില്ലാത്തവൻ, തൻെറ വംശസ്നേഹിയായിരിക്കും. ഇങ്ങനെ ശിഥിലീകരണത്തിനും, അവസാനം വർഗ്ഗീയതയ്ക്കും ഇടയാകുന്നതാണു് കണ്ടുവരുന്നതു്. ''എല്ലാം തികഞ്ഞു് ലോകത്തിൽ ഒന്നുമില്ലല്ലോ.'' കൂടാതെ നിയമാനുസരണം ജാതിഭ്രഷ്ടരെ കൂടുതൽ സൃഷ്ടിക്കുകയും അവർ തന്നെ ജാതികളായി അവശേഷിക്കുകയും ചെയ്യുന്നതു് ഇൻഡ്യയ്ക്കു് പ്രത്യേകമാണു്. രാജ്യനന്മയെലാക്കാക്കുന്നവർ വ്യക്തിമേന്മയെ വദ്ധിപ്പിക്കേണ്ടതാ

ണെന്നു് ഇപ്പോഠം വ്യക്തമാണല്ലോ. അതു സാമൂഹ്യജീവിതരക്ഷയും, അതിലേക്കു് നയിക്കപ്പെടുന്നതു് സാമൂഹ്യസേവനവും, അതിനുവേണ്ടി ശ്രമിക്കുന്നവർ സാമൂഹ്യപ്രവത്തകരും ആണെന്ന നിഗമനത്തിലെത്താം. മാത്രവുമല്ല, ഇതു് രാജ്യത്തിൻെറ കടമയാണെന്നും, അതിൽ സഹകരിക്കേണ്ടതു് പൗരന്മാരുടെ കത്തവ്യമാണെന്നും ഇതൊടൊന്നിച്ചു നാം ഗ്രഹിച്ചു കഴിഞ്ഞു.

'മനുഷ്യൻ എന്നും മനുഷ്യനാണു്' എന്ന തത്വത്തിലാണു് അവൻെറ ജീവിതം തെളിയിക്കുന്നതു്. മാനവൻ മാനനീയൻ. ജീവിതം മാനത്തിനുവേണ്ടി. മാനം നഷ്ടപ്പെടുത്തുന്നതു് അപമാനമാണു്. മാനവനാണു് മന്നവനും, പ്രഭുവും ഋഷിയുമൊക്കെയായിത്തീരുന്നതു്. മനുഷ്യനെ എന്നും മനുഷ്യനാക്കിത്തീക്കുന്നതു് അവൻെറ ജീവിതമാണു്. മൃഗീയതത്വത്തിലേക്കു് തരംതാഴ്ത്തുന്നതും, ദൈവീകതത്വത്തിലേക്കു് നയിക്കുന്നതും അവൻെറ ജീവിതമാണല്ലോ.

മനുഷ്യനിലുള്ള സാമൂഹ്യഗുണങ്ങഠം പരിഗണിക്കപ്പെടുന്നുണ്ടു്. ബ്രഹസ്പതി പറയുന്നതു് 'ഏതൊരുവൻെറ ധൈര്യം, പ്രവൃത്തികഠം, കുടുംബം എന്നിവയെപ്പററി നമുക്കറിവില്ലയോ അവനുമായി സ്നേഹം തുടങ്ങരുതു്' എന്നാണു്. ഒരുവൻെറ സ്വഭാവം, കുടുംബം, പ്രതാപം ഇവയെപ്പററി അറിഞ്ഞിരിക്കേണ്ടതാണു്. കൂടാതെ ഗോത്രം, ശീലം, വാസസ്ഥാനം, ബലം ഇവയറിയാതെ സംസർഗ്ഗം തുടങ്ങരുതെന്നു് അഭിജ്ഞവചനമുണ്ടു്. കുടുംബം, സ്വഭാവം എന്നിവയെയെപ്പററി അറിവില്ലാത്തവനെ നമ്മുടെ ഭവനത്തിൽ പാർപ്പിക്കരുതു്. നല്ലമനസ്ഥിതി, ശരീരസ്ഥിതി, പ്രായം ഈ സ്വഭാവാദി ഗുണങ്ങഠം മുതലായവ എല്ലാവരിലും ഉണ്ടായിരിക്കേണ്ടതാണു് യൗവ്വനം, ധനം, രൂപം, കുല

ശ്രേഷ്ഠത മുതലായ സംസ്കാരവിഭവങ്ങളോടുകൂടിയവൻ ഉത്തമനാകുന്നു കുടുംബം, ശീലം, ബന്ധുജനങ്ങൾ, വിദ്യ, ധനം, ആരോഗ്യം, പ്രായം എന്നിവയാണു് വിവാഹകാര്യത്തിൽ ചിന്തിച്ചുവരുന്നതു്. പൊതുവേ മനുഷ്യജീവിതത്തെ നിയന്ത്രിക്കുന്ന നാലു ഘടകങ്ങൾ സ്ത്രീ, ധനം, ദൈവം, പ്രശസ്തി എന്നിവകളാണു്. മനുഷ്യരുടെ ഭേദം വ്യത്യാസപ്പെടുന്നതു് പരിശീലനംകൊണ്ടും ജന്മവാസനകൾകൊണ്ടും മനസ്ഥിതികൊണ്ടും ആണു്.

ലോകജീവിതം ആരംഭിക്കുന്നതു് ജനനത്തോടുകൂടിയും അവസാനിക്കുന്നതു് മരണത്തോടുകൂടിയുമാണു്. ഈ കാലഘട്ടമാണു് ഇഹലോകജീവിതത്തിൻെറ നാളുകൾ. അതിലെ സംഭവങ്ങളാണു് ജീവിതത്തെ പ്രേരിപ്പിക്കുന്നതും നശിപ്പിക്കുന്നതും ജനനവും മരണവും ഇല്ലാത്ത മനുഷ്യരില്ല ജനിച്ചാൽ മരിക്കും തീർച്ച. ഇതുപോലെ ഭൂരിപക്ഷം ആളുകൾക്കും സംഭവിക്കാവുന്ന മററു് പരിണാമങ്ങൾ വിവാഹം, രോഗബാധ എന്നിവകളാണു്. മനുഷ്യനെ സംബന്ധിച്ചിടത്തോളം അവൻെറ ജീവിതത്തിൽ എങ്ങിനെയായാലും ഈ 4 സംഭവങ്ങൾ പ്രധാന്യമർഹിക്കുന്നവയാണു്. സാമൂഹ്യജീവിതത്തെ അളക്കാവുന്ന മാനദണ്ഡങ്ങളാണിവ. സമുദായത്തിൻെറ പുരോഗതിയും അധോഗതിയും ഇവയെ ആശ്രയിച്ചിരിക്കുന്നു,

എത്ര നിസ്സാരനായ വ്യക്തിയായാലും അവൻ സമുദായത്തിൻെറ പൂർണ്ണതക്കു് ആവശ്യമാണെന്നോർക്കണം. അവനു് സമുദായത്തിൽ അപരിഹാര്യമായ ഒരു സ്ഥാനംതന്നെയുണ്ടു്. ഒരു ശരീരത്തിലെ അവയവങ്ങൾ എന്നതുപോലെ അവയിൽ ഏതിൻെറ എങ്കിലും അഭാവം വളരെ സങ്കടകരമാണല്ലോ. നോക്കണം മനുഷ്യൻെറ വില? അവൻെറ പ്രാധാന്യം എന്തുമാത്രം?

നമ്മുടെ ഭവനത്തിൽ ഒരു കോമളനായ ശിശു ജനിക്കുന്നുവെന്നിരിക്കട്ടെ. ആ ഭവനത്തിൽ എന്തു് സന്തോഷം! കുട്ടിക്കു് ദുഃഖമെങ്കിലും ലോകം സന്തോഷിക്കുന്നുവല്ലോ. അയൽപക്കക്കാരും നമ്മോടൊന്നിച്ചു് ആഹ്ലാദിക്കുന്നു. എല്ലാവരും ആ ശിശുവിനെ ആശിർവദിക്കുന്നു. ദൈവം മനുഷ്യനായി ഭൂജാതം ചെയ്തപ്പോൾ മനുഷ്യരും മാലാഖമാരും സന്തോഷിച്ചു. ശിശുവിനെ മഹാരാജാവിനെപ്പോലെ നമസ്ക്കരിച്ചു് കാഴ്ചകൾ അണയ്ക്കുകയും ചെയ്തുവല്ലോ. പുരാണപ്രസ്താവ്യമായ മനുഷ്യാവതാരവിവരണങ്ങൾ എത്ര വിസ്മയജനകമാകുന്നു. ശിശുവിനെ ദേവനെപ്പോലെ സ്തുതിക്കുകയും, പ്രഭുവിനെപ്പോലെ മാനിക്കുകയു, സ്വർണ്ണത്തെപ്പോലെ സ്നേഹിക്കുകയും പരിശുദ്ധനെപ്പോലെ ഭക്തിപൂർവ്വം സൂക്ഷിക്കുകയും ചെയ്തുവരുന്നു. അതിന്റെ വളർച്ചയെ മററുള്ളവർ കൗതുകപൂർവ്വം വീക്ഷിക്കുന്നു. അതിന്റെ ആവശ്യങ്ങൾക്കു് ഭംഗം വരുത്തുന്നില്ല. മററുള്ളവയെ അപേക്ഷിച്ചു് അതിനു് എല്ലാവരും പ്രാധാന്യം കൊടുക്കുന്നു. സമുദായത്തിൽ അതിനു സ്വാഗതമരുളിയ ആ പ്രധാനസമയം എത്ര ശ്രേയസ്ക്കരം! എല്ലാവരുടെയും അകമഴിഞ്ഞ ആശിസ്സു് അതിനു് ലഭ്യമാകുന്നു. ഇതാണു് മനുഷ്യജീവിതത്തിന്റെ ആരംഭം. എന്നാൽ ഈ അമൂല്യസന്ദർഭം മനുഷ്യനല്ലാതെ മാലാഖമാക്കുപോലും ലഭിക്കുന്നില്ല. അതുകൊണ്ടാണു് ജന്മദിനത്തെ അനുഗ്രഹിപ്പാൻ ആഘോഷങ്ങൾ ആചരിക്കുന്നതു് മനുഷ്യജന്മത്തിന്റെ പുണ്യം!! 5 വയസ്സുവരെകുട്ടിയെ രാജാവിനെപ്പോലെയും, 16 വയസ്സുവരെ വേലക്കാരനെപ്പോലെയും 16 വയസ്സിനു മേൽ, സ്നേഹിതനെപ്പോലെയും കണക്കാക്കണമെന്നാണു് മനുസിദ്ധാന്തം. രാജകീയപരിരവി, സേവനജീവിതം, സ്നേഹസിദ്ധാന്തങ്ങൾ മുതലായവ ജീവിതത്തിൽ യഥാ

ത്ഥമാക്കിത്തീർത്തതു് ശ്രീയേശുക്രിസ്തുവാണു് അതുകൊണ്ടു് മനുഷ്യലോകത്തിൻെറ സ്വഭാവം തന്നെ സേവനാത്മകമാണെന്നും, സ്വയംശക്തിയില്ലാത്ത അവസരങ്ങളിൽ സഹായിക്കുക എന്നതു് പ്രകൃതിതത്വമാണെന്നും നാം പഠിക്കുന്നു. ഇതുപോലെ കഷ്ടതയിലും, ദുരിതത്തിലും ബലഹീനതയിലും ഇരിക്കുന്ന സമുദായത്തിലെ വ്യക്തികളെ ശുശ്രൂഷിക്കുകയും വേണ്ട സഹായങ്ങൾ പ്രതിഫലം കൂടാതെ ചെയ്യുകയും ചെയ്യേണ്ടതു് അവരുടെ രക്ഷയ്ക്കു് എന്നപോലെ നമുക്കും സന്തോഷജനകമാണെന്നു് ഓർക്കണം. സാധുക്കൾക്കു സഹായം ചെയ്താൽ പ്രത്യക്ഷപ്രതിഫലം തരുവാൻ അവർക്കു് നിവൃത്തിയില്ലല്ലോ, അതിനു് ഉപരിയായ പ്രതിഫലം സാധുക്കളുടെ ഉടയവൻ നമുക്കു തരാതിരിക്കയില്ല. അവരോടുള്ള സ്നേഹമാണു് യഥാർത്ഥസ്നേഹം. യേശുതമ്പുരാൻ അരുളിച്ചെയ്തതു്, താൻ ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതനാണെന്നാണു്. തന്നെപ്പോലെയുള്ളവരെ സ്നേഹിച്ചാൽ നമുക്കു് പ്രത്യുപകാരം കിട്ടുമെന്നും, ദരിദ്രരെയും, കഷ്ടതയിൽപെട്ടവരെയും സ്നേഹിക്കുന്നവർക്കു് ദൈവരാജ്യം കിട്ടുമെന്നും താൻ പറഞ്ഞു. ഒരു ശിശുവിനുവേണ്ടി ചെയ്യുന്ന മഹൽത്യാഗങ്ങൾക്കു് ഒരു മാതാവിനു് പ്രത്യുപകാരം കിട്ടുന്നുണ്ടോ? ആ മഹൽസേവനം എത്രകണ്ടു് അഭിനന്ദനീയമായി ലോകം കണക്കാക്കുന്നു. മനുഷ്യജന്മത്തിൻെറ ഉദ്ദേശം സേവനവും മാർഗ്ഗം സ്നേഹവുമാണെന്നു് അതു് വെളിപ്പെടുത്തുന്നു. മാതാവും കുട്ടിയും ആയിട്ടുള്ള സ്നേഹമാണു് പ്രഥമവും, ഉത്തമമാതൃകയും. മററു സ്നേഹരീതികളേക്കാൾ മനോഹരത്വം പ്രദാനം ചെയ്യുന്ന ഈ മാതൃസ്നേഹത്തിൻെറ കാരണം, സേവനം, ത്യാഗം മുതലായവയുടെ ഫലസിദ്ധിയായതുകൊണ്ടാണു്. അതു മുള്ളുകളാൽ ചുററപ്പെട്ട തണ്ടുകളിൽ വളഞ്ഞു പടന്നു് ഷോ

നോഹരമായി പരിലസിക്കുന്ന റോസാപുഷ്പങ്ങളുടെ ആസ്വാദ്യതയ്ക്കു് തുല്യമാണ്. അതു് ഹൃദയത്തിൽ വഹിക്കുവാനാഗ്രഹിക്കുന്നവർ, അതിന്റെ ചുറ്റുമുള്ള ചെളിമണ്ണിനെയോ, വേദനിപ്പിക്കുന്ന മുള്ളുകളെയോ ഒരു അഭംഗിയായിട്ടോ, അസൗകര്യമായിട്ടോ കരുതുന്നില്ലല്ലോ. ഇതുപോലെ മുറമുടിയും, ആണിപ്പഴുതുകളും, ചതവുകളും, രക്തപ്രവാഹങ്ങളും അനുഭവിച്ചുകൊണ്ടു് ക്രൂശിൽ കിടക്കുന്ന രക്ഷകനെ, തന്റെ സേവനത്തിന്റെ ആഗാധതയാൽ അവിസ്മരണീയനായി ജനങ്ങൾ ആരാധിക്കുന്നു. സ്നേഹത്തിന്റെയും സേവനത്തിന്റെയും മഹാമാതൃക!

ഇനിയും നമുക്കു് ഒരു മരണഭവനത്തിലേയ്ക്കു കടക്കാം. അവിടെ എന്തു സംഭവിച്ചു? ഒരു പ്രശാന്തത അനുഭവമാകുന്നു. ഒരു ശോഭയേറിയ പുഷ്പം ഇതാ കൊഴിഞ്ഞു കിടക്കുന്നു. ഒരു ജ്വലിച്ചിരുന്ന ദീപം അണഞ്ഞിരിക്കുന്നു. അതെ! ആ ജീവനില്ലാത്ത ശവം, അലങ്കരിച്ചു് തന്റെ പ്രിയപ്പെട്ടവരാൽ ചുറ്റപ്പെട്ടും, ആദരിക്കപ്പെട്ടും, വന്ദിക്കപ്പെട്ടും അതു് ഒരു പരിശുദ്ധന്റെ ശരീരമെന്നപോലെ ആഘോഷബഹുമാനങ്ങളോടുകൂടി ശ്മശാനത്തിൽ ഒരു പ്രത്യേകസ്ഥലത്തു് സംസ്കരിക്കുന്നു. അതിനുവേണ്ടി പ്രാർത്ഥനകളും, കീർത്തനങ്ങളും, കർമ്മങ്ങളും നടത്തപ്പെടുന്നു ഒരു പരിശുദ്ധനെയെന്നപോലെ ആണ്ടുതോറും ആ ദിവസം സ്മരിക്കുകയും, ആഘോഷിക്കപ്പെടുകയും ചെയ്യുന്നു. പിതൃപൂജ, മുതലായവ വിവിധമതസ്ഥർ അനുഷ്ഠിക്കപ്പെടുന്നവയല്ലോ. ഒരു മനുഷ്യന്റെ ഭാഗ്യം അവന്റെ അവസാനത്തതാണെന്നും, ഒരു മനുഷ്യനെക്കുറിച്ചുള്ള ലോകരുടെ അഭിപ്രായം പൂർണ്ണമാകുന്നതു് മരണശേഷമാണെന്നും പറയുന്നു. ജന്മദിനം എത്രകണ്ടു് മഹത്തരമാകുന്നുവോ, അതുപോലെ അവസാനനിമിഷവും മഹത്വമേറിയതാ

യിരിക്കുന്നു. ജന്മദിനം പൂർവ്വന്മാരുടെ പുണ്യപാപമനുസരിച്ചും, അവസാനദിവസം സ്വന്ത ജന്മാന്തരസുകൃതങ്ങളുടെ ഫലവുമാണെന്നോർക്കണം. ക്രിസ്ത്യാനികൾ പ്രാർത്ഥിക്കുന്നതു് ''ഞങ്ങൾക്കു ക്രിസ്തീയമായ ഒരു അന്ത്യം തരണമെ'' എന്നാണു്. ഏതു ബലശാലികൾ പോലും മൃത്യുവക്ത്രത്തിൽ ചെന്നാൽ അകപ്പെട്ടുപോകുകയേ ഉള്ളു. സ്വന്തക്കാരും, പ്രിയപ്പെട്ടവരും, വലിയവരും, വീരന്മാരും നിർന്നിമേഷനായി നോക്കിയിരിക്ക മാത്രമേ ചെയ്യുവാൻ അപ്പോൾ നിർവ്വാഹമുള്ളു. അതെ! ദേഹിയും ദേഹവും തമ്മിലുള്ള വേർപാടിന്റെ ഭയങ്കരതയും അതിന്റെ കാഴ്ചയും, നമ്മുടെ പ്രിയപ്പെട്ടവരുടെ നഷ്ടവും ഓർത്തു് വാവിട്ടു നിലവിളിക്കാൻ മാത്രം നാം ഇക്കാര്യത്തിൽ വെറും നിസ്സഹായരാണു്. ഈ ഭയങ്കരനിമിഷത്തിൽ നമ്മെ രക്ഷിക്കുന്നതിനു് ക്രിസ്ത്യാനികൾ പ്രത്യേകം പ്രാർത്ഥിക്കുന്നതിൽനിന്നു് ഇതു് മനസ്സിലാക്കാം (ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തിലും ദൈവംതമ്പുരാനോടു് അപേക്ഷിക്കണമെ.)

കൂടാതെ വിഗ്രഹാരാധകർ മൃത്യുദേവനെ ആരാധിക്കുന്നു. ക്രിസ്തുമതപ്രകാരം 'കർത്താവിൽ മരിക്കുന്നവർ'' ഭാഗ്യവാന്മാരാണു്, ഒരു മന്നവൻ പോലും ഒരു മൃതശരീരത്തെ ബഹുമാനിക്കും. അതാണു് മരിച്ചവന്റെ യത്ഥനില. കാരണം അവൻ ദേഹത്യാഗം ചെയ്തു. കൂടാതെ, മഹാത്മാരെന്നോ, മഹതികളെന്നോ. രാജാവെന്നോ, രാജകുമാരിയെന്നോ, ദരിദ്രനെന്നോ, കുബേരനെന്നോ; സുന്ദരിയെന്നോ, ഉള്ള യാതൊരു വ്യത്യാസവും കൂടാതെ നാമെല്ലാവരുടെയും അവസാനം ഈ നില തന്നെ. അതേ! സ്വഭാവികമാണിതു്. എന്നാൽ പ്രകൃതിയുടെ സൗന്ദര്യപുഷ്പങ്ങളായ ചിലർ ലോകം അറിയാതെ, ജനിക്കുകയും, ലോകം അറിയാതെ

പൊലിഞ്ഞു പോകുകയും ചെയ്യുന്നെങ്കിൽ അത്ര് ഏത്ര ശോചനീയമാണു്? പ്രകൃതി മാതാവെ! നിൻെറ സന്താനങ്ങളെ നീ വാസ്മരിക്കല്ലേ. അപ്രശസ്തരായവരുടെ രക്ഷയ്ക്കുവേണ്ടി ചില മതസ്ഥർ പ്രകൃതീ ദേവിയേയും, യമരാജനെയും പൂജിക്കുന്നു,

ഒരുവൻെറ ജീവിതത്തിലെ മറെറാരു പ്രധാനസംഭവം അവൻെറ വിവാഹമാണു്. വിവാഹബന്ധം പലരുടെയും ജീവിതത്തെ തന്നെ വ്യത്യാസപ്പെടുത്തുകകൂടി ചെയ്യുന്നുണ്ടു്. രണ്ടായി തിരിഞ്ഞ വഴികൾ ഒന്നിച്ചു് തുടരുന്നതുപോലെ സമുദായത്തിലെ രണ്ടു വ്യക്തികൾ ഒന്നിച്ചു് കുടുംബജീവിതം നടത്തുന്നു. വ്യക്തികളെ കുടുംബം എന്ന ഘട്ടത്തിലേക്കു് നയിക്കുന്ന ഒരു സംഭവമാണിതു്. മനുഷ്യർ ജീവിക്കുന്നതും, സ്വപ്നം കാണുന്നതും, ആഗ്രഹിക്കുന്നതും, ആശിച്ചിരുന്നതും ആയ ആ സുദിനം ഇതാ! സമാഗതമാകുന്നു. അന്നു് നിങ്ങളുടെ സകല മനോഹാരിതയും കേന്ദ്രീകരിക്കുന്നതായി തോന്നത്തക്കവണ്ണം നിങ്ങൾ പ്രത്യക്ഷപ്പെടുകയും, ഒരു ലോകചാമ്പ്യൻ എന്നതുപോലെ നടിക്കുകയും, ഒരു പന്തയക്കുതിര എന്നപോലെ, ചമഞ്ഞു് തയ്യാറാകയും ചെയ്യുന്നു. അപ്പോൾ സകലരുടേയും നേത്രങ്ങൾ നിങ്ങളിൽ കേന്ദ്രീകരിച്ചിരിക്കും മാത്രവുമല്ല, കുറെ നേരത്തേക്കു്, നിങ്ങൾ നിൽക്കുന്ന ഇടംപോലും നിങ്ങളുടെതായിരിക്കും. അന്നു് കാഴ്ചയിൽ ഏററവും സന്തോഷിപ്പിക്കുന്ന ആൾ നിങ്ങളായിരിക്കും. കൂടാതെ ഏററവും ആകർഷകങ്ങളായ താരങ്ങളും. ഉന്നതശൃംഗങ്ങളും നിങ്ങളായിരിക്കും മററുള്ളവരിൽ അത്യാശ്ചര്യകരങ്ങളായ 'വിചാരങ്ങളെ ജനിപ്പിക്കുവാൻ അപ്പോൾ നിങ്ങൾക്കു് സാധിക്കും. ഇപ്രകാരം ഒരു പ്രഭുവായോ, പ്രഭ്വിയായോ, ലോകം നിങ്ങളെ ബഹുമാനിക്കും. വിവാഹദിനത്തിലെ സുമുഖത്വവും സൗന്ദര്യവും മധുര

സ്മരണകളായി ജീവിതം മുഴുവൻ ആനന്ദിപ്പിക്കും, അതുകൊണ്ടു് വർഷം തോറും ദമ്പതികൾ ആ സുദിനത്തിൻെറ പുനർ സ്മരണകൊണ്ടു് അതീവസുന്ദരങ്ങളായ ഭാവിയെ അഭിമുഖീകരിക്കാൻ പ്രാപ്തരായിത്തീരുന്നു. ആശംസകളും അനുഗ്രഹങ്ങളും സങ്കല്പങ്ങളും അനുഭവവേദിയിൽ ബലിയർപ്പിക്കുന്ന ഒരു ശുഭമുഹൂർത്തമാണിതു്. സാമൂഹ്യജീവിതത്തിലെ കുടുംബ സ്ഥാപനത്തിലേയ്ക്കുള്ള തീർത്ഥാടനമാണിതു്. ''നല്ല ആരംഭം പകുതി ചെയ്തുതീർക്കും'' എന്ന തത്വമനുസരിച്ചു് ഹിന്ദുക്കൾ ജാതകം നോക്കിയും മുഹൂർത്തം നിശ്ചയിച്ചും വിവാഹം നടത്തുന്നു. ചിലർ വിവാഹജീവിതത്തിനു് വേണ്ടി ജീവിക്കുന്നു ചിലർ അതു് മാത്രമാണു് ജീവിതമെന്നു് വിചാരിക്കുന്നു. ഇങ്ങിനെ ജീവിതത്തെ കേന്ദ്രീകരിക്കുന്ന ഒരു മായയാണു് ഒരു മനുഷ്യൻെറ യൗവ്വനദശയിലെ അനുഭവം. ആയുസ്സിൻെറ ഏതാണ്ടു് മദ്ധ്യത്തോടൊത്തു് ചേർന്നിണങ്ങുന്ന രണ്ടു് ഇണപ്രാവുകൾ—അതെ കാട്ടുരുവികൾ—ലോകത്തിൽ സമരാദ്ധ്യരായി രംഗത്തിൽ പ്രവേശിക്കുന്നു. ഈ നാടകത്തിനു് ലോകം കൊടുക്കുന്ന സ്വാഗതവും സ്വീകരണവും മനുഷ്യബുദ്ധിയുടെ അഗാധതയെ തെളിയിക്കുന്നു.

നാലാമതായി പറഞ്ഞതു് രോഗാവസ്ഥയെപ്പററിയാണു്. ഒരുരോഗിയെ അർദ്ധപ്രാണനാക്കിയിടുകഎന്നതു് മനുഷ്യോചിതമല്ലാത്തതിനാൽ ആ രോഗിയെ എടുത്തു ശുശ്രൂഷിക്കുന്നു, വേണ്ടത്ര സഹായങ്ങൾ ചെയ്തുകൊടുക്കുന്നു. മതങ്ങളെല്ലാം പഠിപ്പിയ്ക്കുന്നതു് ശുശ്രൂഷാ ജീവിതത്തെപ്പററിയാണു്. രാമായണത്തിൻെറ ഉത്ഭവം തന്നെ വേടൻെറ അമ്പു് തറച്ചു് കൊന്ന പക്ഷിയുടെ രോഗശുശ്രൂഷയെ തുടർന്നാണല്ലോ ക്രിസ്തുവിൻെറ ശുശ്രൂഷാജീവിതം അത്ഭുതകരവും സീമാതീതവുമാണു്. താൻ രോഗികളെ സുഖപ്പെടുത്തുകയും, ഭൂതങ്ങളെ

പുറത്താക്കുകയും, മരിച്ചവരെ ഉയിർപ്പിക്കുകയും മററും ചെയ്തു. അതുകൊണ്ടു് സേവനം ജീവിതത്തിൻെറ ആരംഭമാണെന്നു് ധരിക്കണം. അപ്പോൾ മനുഷ്യസ്നേഹം ഉത്ഭവിക്കുന്നു. വലിയ മഹർഷിമാരാണു് രോഗചികിത്സ കണ്ടുപിടിച്ചിരിക്കുന്നതു്(ആയുർവ്വേദം) ആത്മീയ സേവനത്തിലേക്കു് നയിക്കുന്നതു് മനുഷ്യസേവനമാണെന്നു് ഇതു് വ്യക്തമാക്കുന്നു. മതസ്ഥാപനങ്ങൾ ദൈവസേവനത്തെ പ്രതി സാമൂഹ്യസേവനം അനുഷ്ഠിക്കുന്നതിൻെറ ഹേതുവും ഇതുതന്നെ ക്രിസ്തു മനുഷ്യസേവനം ഒന്നുകൊണ്ടുമാത്രമാണു് തൻെറ സാമ്രാജ്യം സ്ഥാപിച്ചതു്. സമുദായമദ്ധ്യത്തിൽ രോഗികൾക്കു് കൂടുതൽ പ്രാധാന്യം കൊടുക്കുന്നു, അവരുടെ ആജ്ഞകൾ അലംഘനീയങ്ങളെന്നപോലെ നിർവിഘ്നം നിറവേററിക്കൊടുക്കുന്നു. ഒരുമനുഷ്യനു് മററുള്ളവരുടെ മേൽ കൂടുതൽ സ്വാധീനം ചെലുത്തുവാൻ സാധിക്കുന്ന ഒരവസരമാണതു്. രോഗക്കിടക്കയിൽ കിടക്കുന്നവരുടെ ആഗ്രഹം സാധിച്ചുകൊടുക്കാൻ എല്ലാവരും സന്നദ്ധരായിരിക്കും. ജോലികളിൽനിന്നും, കുഴപ്പങ്ങളിൽ നിന്നും, മുക്തിനേടുന്ന ഒരവസരമാണതു്. സൗമ്യജീവിതവും ബലഹീനജീവിതവുമാണതു്. മുൻപറഞ്ഞ മൂന്നു് അവസരങ്ങളിലും മററുള്ളവർ നൾകിയ സ്വീകരണവും സന്തോഷവും എല്ലായ്പ്പോഴും ആ അർത്ഥത്തിൽ ഇവിടെ ലഭിക്കുന്നില്ല. കൂടുതൽ സഹതാപവും ഭൂതദയയുമാണു്, ഇപ്പോൾ പ്രദർശിപ്പിക്കേണ്ടതു് അങ്ങനെ സ്നേഹം ജ്വലിച്ചു് സേവനത്തിലേയ്ക്കു് പുറപ്പെടുന്നു. ഒരു ജീവൽമരണം പ്രശ്നം ഇവിടെ ആവിർഭവിക്കുന്നു. ഒന്നുകിൽ സുഖം പ്രാപിയ്ക്കുക അല്ലെങ്കിൽ മരിയ്ക്കുക എന്നതാണു് അതിൻെറ ഉത്തരം. രോഗം ബാധിക്കാത്തവരായി ലോകത്തിൽ ആരും കാണുമെന്നു് തോന്നുന്നില്ലും അനേകായിരം തരം രോഗങ്ങൾ കണ്ടുപി

ടിക്കപ്പെട്ടിട്ടുണ്ട്, മനുഷ്യനെ അതുകൊണ്ട് മരിക്കാനും വദിക്കാതിരിയ്ക്കുവാൻ അവകാശക്ക് പ്രതിവിധികളും കണ്ടുപിടിച്ചിരിയ്ക്കുന്നത് സമാശ്വാസകരമാണ്. രോഗത്തിൽ നിന്നു് രക്ഷപെടുന്നവക്ക് അനന്തമോദനവും സന്തോഷവും എല്ലാവരും പ്രദാനം ചെയ്യുന്നു. ഒരു പോർക്കളത്തിൽവെച്ച് ജയം നേടിയ ഒരു വീരയോദ്ധാവിനെപ്പോലെ സ്വാഗതം ചെയ്യുന്നു. ''രോഗം വന്നു് ചികിത്സിച്ച് സുഖപ്പെടുത്തുന്നതിനേക്കാരം നല്ലതു് രോഗംവരാതിരിക്കാൻ ശ്രമിയ്ക്കുകയാണ്,''

അവസാനം പറഞ്ഞ വിവാഹത്തെയും രോഗത്തെയും സംബന്ധിച്ച് ലോകത്തിനു ദാമ്പത്യശാസ്ത്രവും, ആരോഗ്യശാസ്ത്രവും ഉണ്ടാക്കപ്പെട്ടിട്ടുണ്ട്. ദാമ്പത്യത്തിൽ വിജയവും, രോഗത്തിൽ നിന്നു് മുക്തിയും ലഭിക്കേണ്ടവർ അവ അറിഞ്ഞിരിക്കുന്നതു് ആവശ്യമാണ്. അതായതു് ജനനമരണങ്ങളുടെ കാരണങ്ങളാണ് മേല്പറഞ്ഞവ രണ്ടും. ഇതാണ് അവയ്ക്കുള്ള പ്രാധാന്യവും. അവയുടെ അനന്തരഫലങ്ങളാണ് ജനനമരണങ്ങരം. അതുകൊണ്ട് സാമൂഹ്യജീവിതത്തിൽ പ്രാധാന്യം കൊടുക്കേണ്ടതു് വിവാഹത്തിനും രോഗാവസ്ഥയ്ക്കും ആണ്. മനുഷ്യരുടെ സാന്മാർഗ്ഗിക നിലയെ ഒന്നു് (ദാമ്പത്യശാസ്ത്രം) ശരിപ്പെടുത്തുമെങ്കിൽ മററതു് ശരീരാരോഗ്യത്തെ നിലനിറുത്തും. ഒന്നു് ഭാവിലോകത്തെ രക്ഷിക്കുമെങ്കിൽ മററതു് വത്തമാനകാലത്തെ സൂക്ഷിക്കും.

# അദ്ധ്യായം നാല്

## സാമൂഹ്യസംസ്ക്കാരം

''ഒരു രാജ്യത്തിന്റെ അഭിവൃദ്ധി, അവിടെ സംസ്ക്കാരം, വിദ്യാഭ്യാസം, പരിഷ്ക്കാരം, പൌരുഷം എന്നിവ തെളിഞ്ഞുശോഭിക്കുന്ന പൌരന്മാരിലാകുന്നു. അവിടെയത്രെ അതിന്റെ പരമാത്മപുരോഗതിയും അഭിമാനവും ശക്തിയും കാണുന്നത്.''—മാർട്ടിൻ ലൂതർ.

ഇന്ന് ലോകത്തിലുള്ള സംസ്ക്കാരങ്ങളുടെ നിലനിൽപ്പും, വ്യത്യസ്തതയും, രാജ്യത്തെയും, മതത്തെയും, സമൂഹത്തെയും ആശ്രയിച്ചിരിക്കുന്നു ഇവ ഏകീകരിക്കുവാനോ, വ്യത്യാസപ്പെടുത്തുവാനോ, ഒരു വിശ്വസംസ്ക്കാരം കെട്ടിപ്പടുക്കുവാനോ, ഇതുവരെ സാധിച്ചിട്ടില്ല, കാരണം ''ഭിന്നരുചിർഹിലോകം!'' ഒരുവന്ന് സമ്മാനം മറ്റൊരുവന്ന് ശിക്ഷ എന്നാണല്ലോ ആപ്തവാക്യം. ഓരോ ദേശങ്ങളിലും, ഓരോ കാലങ്ങളിലും, ഓരോ വർഗ്ഗങ്ങളിലും ജീവിതരീതി വ്യത്യാസമാണ്. ഒരുവന്റെ ഭക്ഷണം ഇതരന്റ് വിഷം (one man's food is another man's poison) ഒരാളുടെ ആചാരം അന്യന്ന് അനിഷ്ടം, ഒന്ന് ശരിയെന്ന് വിശ്വസിക്കുന്നത് അന്യന്നു തെററാണ്. ഓരോരുത്തനും അവനവന്റെ സ്ഥാനമാണ് നല്ലതെന്ന് തോന്നും. ഒരുവന്ന് യോജിച്ചത് മറെറാരുവന്നു യോജിച്ചു എന്നു വരികില്ല. മത്സ്യത്തിന്നു വെള്ളത്തിൽ പരമാനന്ദം. മഹിഷത്തിന്നു ചേററിൽ പരമാനന്ദം. പക്ഷികൾക്ക് ആകാശത്തിൽ പരമാനന്ദം. സ്ഥാനഭ്രംശം വന്നുപോയാൽ ഒന്നിന്ന് പരമാനന്ദമായത് മറേറതിന്ന് പരമസങ്കടമായിത്തീരുന്നു.

സാമൂഹ്യനിഷ്ഠകരം ധർമ്മം, ഗതി, മര്യാദകരം ആചാരങ്ങരം, ജാതിക്രമം, തൊഴിൽ, ആഹാരം. രൂപം, വസ്ത്രധാരണം, വിശ്വാസങ്ങരം, സാഹിത്യം, ഭരണക്രമങ്ങരം മുതലായവയാണ് സംസ്ക്കാരത്തിനു നിദാനമായ ഘടകങ്ങരം. സമുദായത്തിനു ഒരേ നിയമമേയുള്ളു. അതാണ് ''കസ്റ്റം.'' എന്നാൽ അതു സ്ഥിരമല്ലെന്നും, അതു ലോകത്തിൻെറ സൗകര്യത്തിനുവേണ്ടി സൃഷ്ടിച്ചതാണെന്നും കാലാനുസൃതമായി മാററാവുന്നതാണെന്നും ഓക്കണം ഓരോ ആചാരത്തിൻെറയും പരമോദ്ദേശ്യം ആയതിനെ അനുസരിക്കുന്ന ജനസമുദായത്തിലുള്ള ഭൂരിപക്ഷക്കാക്കും ഭൂരിഭാഗം സൗഖ്യം വരുത്തുക എന്നു മാത്രമാണ്. ലോകത്തിലുള്ള സകല മതഗ്രന്ഥങ്ങളുടെയും ഉദ്ദേശം സദാചാരപ്രവൎത്തനമാകുന്നു. സദാചാരമാകുന്ന വൃക്ഷത്തിൻെറ ബീജം ദൈവഭക്തിയാണ്. ദൈവഭക്തിയില്ലാത്തവർ എത്രതന്നെ അറിവുള്ളവരായിരുന്നാലും സദാചാരനിരതന്മാരായിരിക്കുക അസംഭാവ്യമാകുന്നു.

സാധാരണ എല്ലാ മനുഷ്യർക്കും ആവശ്യമായ സംസ്ക്കാരഘടകങ്ങളെ—അഥവാ മനുഷ്യത്വത്തിൻെറ മേന്മയെ—കുറിക്കുന്നതു് അവനവൻെറ സ്ഥിതി, നില, ഗതി, നിഷ്ഠ മുതലായവയുടെ സ്ഥിരതയാണ്. ഇന്നത്തെ സാമൂഹ്യലോകത്തിൽ സംഭവിച്ചിരിക്കുന്ന വ്യത്യസ്ഥതയുടെ കാരണം വ്യക്തികളുടെ അപരിഹാര്യമായ ഈ വ്യത്യസ്ഥഘടകങ്ങളാണ്. ഒരു ഗതിയും, നിലയും, വിലയും ഇല്ലാതെ മനുഷ്യത്വത്തിന് അപമാനം വരുത്തുന്നതിന് ചിലർ ജീവിക്കുന്നു. ഇതു് പരിഹൃതമാകുന്നെങ്കിൽ മാത്രമേ സാമൂഹ്യസംസ്ക്കാരം സിദ്ധിക്കുന്നുള്ളു. മനുഷ്യൻ അധഃപതിക്കരുതു്, എന്നാൽ നന്നാകണം മനുഷ്യലോകത്തിലെ ഉച്ചനീചത്വങ്ങരം വ്യക്തിജീവിതത്തെ സാരമായി സ്പർ

ശിക്കുന്നു. തന്മൂലം അതു് സാന്മാർഗ്ഗികതയെ പൊതുവെ ബാധിക്കുന്നു. എന്നാൽ മതങ്ങൾ, ഇസങ്ങൾ മുതലായവയുടെ പ്രേരണയാൽ നഷ്ടപ്പെട്ട സാമൂഹ്യയശസ്സ് വീണ്ടെടുക്കുന്നതിനു ജനങ്ങൾ ശ്രമിക്കുന്നു. അതുകൊണ്ടും അതു പരിപൂർണ്ണമായി സാധിക്കുന്നില്ല. പ്രതിഫലരഹിതമായ സാമൂഹ്യസേവനമാണു് ഈ ദാഹത്തിനു് നല്ല കുളിർ തണ്ണീർ. എന്നാൽ വീണ്ടും വീണ്ടും ദാഹിക്കുകയും, തുടർന്നു ദാഹശമനം എല്ലായ്പോഴും സാധിക്കാതെ വരുകയും ചെയ്യുന്നതിനിടയാകുന്നു. അതു കാരണം, സാമൂഹ്യസേവനം ലഭിക്കാത്തിടത്തു് വളരെ അധഃപതിച്ച സംസ്ക്കാരം നിലനിൽക്കുന്നു ഒരു സാമൂഹ്യവിപ്ലവത്തിൻെറ വക്കിലേക്കു് അതു ലോകത്തെ അടുപ്പിക്കും, ലോകസമുദ്ധാരകന്മാരുടെ ആവിർഭാവം ഇങ്ങനെയുള്ള ഘട്ടങ്ങളിലാണെന്നു് ചരിത്രം ഉൽഘോഷിക്കുന്നുണ്ടു് എന്നാൽ ഓരോ ലോകസമുദ്ധാരകന്മാരും മൺമറഞ്ഞതോടുകൂടി ഇന്നും വിവിധ സംസ്ക്കാരം ഒന്നായിത്തീരുന്നതിനു സാധിക്കാതെയാണു് വരുന്നതു്. 'മനുഷ്യരെല്ലാം ഒന്നുപോലെ' എന്ന അവസ്ഥ സംസ്ഥാപിതമാകുമോ?

എന്നാൽ വിവിധ സംസ്ക്കാരങ്ങളുടെ പുരോഗതിയിൽ നമുക്കു വളരെ പഠിക്കുവാൻ സാധിക്കും, ശിലായുഗം മുതൽ ലോകം പുരോഗമിച്ചു് അണുയുഗത്തിൽ വന്നിരിക്കുകയാണല്ലോ. നരവംശശാസ്ത്രം പഠിക്കുന്നതോടൊപ്പം, ഈ സംസ്ക്കാരചരിത്രവും പഠിക്കുന്നതു് പ്രയോജനകരമാണു്. പില യാത്രാവിവരണവൃത്താന്തങ്ങളിൽനിന്നു് ഓരോ ദേശങ്ങളിലെ സാമൂഹ്യവ്യവസ്ഥിതികളുടെ ശകലങ്ങൾ ലഭ്യമാണു്. ഒരു വിശ്വസംസ്ക്കാരം കെട്ടിപ്പടുക്കുവാൻ ശ്രമിക്കുന്നതോടൊപ്പം ഇന്നു് നിലവിലുള്ള വിവിധ സംസ്ക്കാരങ്ങളുടെ ചരിത്രം പഠിക്കേണ്ടതാവശ്യമാണു്. സംസ്ക്കാ-

രശാസ്ത്രം ധാരാളം ഗവേഷണങ്ങൾ നടത്താൻ സാദ്ധ്യതയുള്ള ഒരു വിഷയമാണ്. സംസ്ക്കാരവും ചരിത്രവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. വിവിധ ദേശങ്ങളിലെ സാമൂഹ്യസംസ്ക്കാരഘടകങ്ങൾ സംബന്ധിച്ച് വിശദമാക്കുന്ന ഗ്രന്ഥങ്ങൾ ഇന്നു തുലോം കുറവാണ്, എഴുതപ്പെടാത്ത പ്രസ്തുത സംസ്ക്കാരചരിത്രം സമ്പാദിക്കുന്നതു് ഭാവിലോകത്തിനു് മാർഗ്ഗദർശകമായിരിക്കും. അറിവിന്റെ ആകത്തുകയാണ് സംസ്ക്കാരം—ലിഖിതവും അലിഖിതവുമായ സമസ്ത വിജ്ഞാനങ്ങളുടെ സമുച്ചയം. അപ്പോൾ സംസ്ക്കാരത്തിന്റെ പ്രധാനോപാധി ഭാഷയാണ്. വേഷഭൂഷണാദികൾ, ആചാരക്രമങ്ങൾ, ജീവിതചര്യകൾ ഇവയെല്ലാം സംസ്ക്കാരത്തിന്റെ പരിധിയിൽ പെടുന്ന അംഗഘടകങ്ങൾ തന്നെ.

# അദ്ധ്യായം അഞ്ച്

## സാമൂഹ്യജീവിതവും സംസ്ക്കാരവും

## (Social life of Culture)

''ഈ മനോഹരമായഭൂമിയിൽ ജനിച്ചിട്ട് അന്യരാജ്യങ്ങളിലെ വിവിധ ഭാഷകളും വസ്ത്രധാരണരീതിയും ആചാരങ്ങളും നേരിട്ടറിയാത്ത ഒരുവന്റെ ജന്മം വ്യർത്ഥമാണെന്ന അഭിജ്ഞവാക്യം എത്രയും ശരിയാണ്. ഒരുവൻ ഉത്സാഹത്തോടും സന്തോഷത്തോടും കൂടി ഓരോ രാജ്യംതോറും സഞ്ചരിക്കാത്ത പക്ഷം അവന്റെ പഠിതവും. ധനവും, വിദ്യയും പൂർണ്ണതപ്രാപിച്ചു എന്നു് പറവാനും പാടുള്ളതല്ല.''

മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ്. ജീവിതം മൂന്നാണ്. വ്യക്തിജീവിതം, സാമൂഹ്യജീവിതം, പ്രകൃതി ജീവിതം (വിശ്വജീവിതം.)

പ്രകൃതിജീവിതം സാമൂഹ്യജീവിതത്താലും, സാമൂഹ്യജീവിതം, വ്യക്തിജീവിതത്താലും ബന്ധപ്പെട്ടിരിക്കുന്നു. വ്യക്തിജീവിതം മോക്ഷത്തിനും. സാമൂഹ്യജീവിതം സംസ്ക്കാരത്തിനും, പ്രകൃതിജീവിതം മനുഷ്യനന്മയ്ക്കും കാരണമായിത്തീരുന്നു. പ്രകൃതിയുടെ രാജാവു മനുഷ്യനും, മനുഷ്യർ ചേർന്നതു് സമൂഹവുമാണല്ലോ. മനുഷ്യജീവിതത്തിലെ ഒരുഭാഗം മുഴവനുംഈ വിശ്വാസത്തിലാണല്ലോ കഴിച്ചുകൂട്ടുന്നതു്. നമ്മുടെ ലോകജീവിതം ഭാസുരമാകണമെങ്കിൽ പ്രകൃതിപരവും സാമൂഹ്യപരവുമായ ബന്ധങ്ങാം സുസ്ഥിരമാകണം.

മനുഷ്യസൃഷ്ടിതന്നെ അവൻ ഒരു സാമൂഹ്യഘടകമാണെന്നുള്ളതു് തെളിയിക്കുന്നു. അഞ്ചുദിവസം കൊണ്ടു് മററു സൃഷ്ടികളെല്ലാം പൂർത്തിയാക്കി ദൈവം അവയെ ഭരിക്കുന്നതിനു്, ആരുടെ സുഖസൗകര്യങ്ങാംക്കവേണ്ടി അവ ഉദ്ദേശിക്കപ്പെട്ടുവോ, അവരെ കർത്താക്കളായും സൃഷ്ടിച്ചു. അവനു മററുള്ളവയെക്കാാം മേന്മയും ഒരുപക്ഷേ സ്വയം ജീവിക്കുവാൻ വേണ്ട സൗകര്യങ്ങളും കൊടുത്തു. ഒരു മനുഷ്യനുള്ള അവയവങ്ങളിൽപോലും ചിലവ ഈരണ്ടുവീതം കൊടുത്തിട്ടുമുണ്ടു്. ഒന്നു് അവനവനുവേണ്ടിയും, മററതു് അന്യക്കുവേണ്ടിയും പ്രയോജനപ്പെടണമെന്നാണോ അതിൻെറ അത്ഥം? ഒരു കൈയുള്ളവനും ജീവിക്കുന്നു. അംഗഭംഗംപോലും മനുഷ്യനെ ജീവിതത്തിനു് അയോഗ്യനാക്കുന്നില്ല. ആദ്യം ദൈവം മനുഷ്യനെ ആണും പെണ്ണും ചേർന്നവനായിട്ടു് സൃഷ്ടിച്ചുവെന്നും, പിന്നീടു് അവ വേർതിരിച്ചുവെന്നുമാണു് ക്രിസ്തുമതഗ്രന്ഥം ഉൽഘോഷിക്കുന്നതു്. ആയതിൽ പുരുഷൻെറ തുണയ്ക്കാണു് സ്ത്രീയെ നിർമ്മിച്ചതു്. ഇരുവരേയും 'സന്താനവദ്ധനവുള്ള

വരായിരിക്കുക എന്നു് ദൈവം അനുഗ്രഹിച്ചു. ചതുക്കത്തിൽ ഒരു കുടുംബത്തിൽ ഗൃഹനായകൻെറ ചുമതലയും അവനോടു് മററുള്ളവരുടെ കടപ്പാടും അതിൽവ്യക്തമാകുന്നു. ഇങ്ങനെയാണു് മനുഷ്യൻ സാമൂഹ്യജീവിയായിട്ടു് രൂപാന്തരപ്പെട്ടതു്. അവൻെറ വ്യക്തിജീവിതവുമായി ഇതു് എത്രകണ്ടു ബന്ധപ്പെട്ടിരിക്കുന്നു. പ്രകൃതിവിഭവങ്ങൾ സുലഭമായിരുന്ന ഏദനിൽനിന്നു മനുഷ്യൻ പുറത്താക്കപ്പെട്ടപ്പോൾ മുതൽ അദ്ധ്വാനം ചെയ്തു് നാം അവ സമ്പാദിക്കേണ്ടിവന്നു.

വ്യക്തിജീവിതവും സാമൂഹ്യനിലയും അന്യത്രപ്രതിപാദിച്ചിട്ടുണ്ടു്. സാമൂഹ്യജീവിതം സാംസ്കാരിക രംഗങ്ങളിൽ എന്തു് സാധിക്കുന്നുവെന്നാണു് ചിന്തിക്കേണ്ടതു്. മനുഷ്യൻ നന്നാകണം പുരോഗമിക്കണം എന്നെല്ലാം പ്രസംഗപരങ്ങളിൽ നിന്നു് നാം ദൈനംദിനം കേൾക്കുന്നു. പരിഷ്ക്കാരങ്ങൾ, പുരോഗമനങ്ങൾ, സംസ്ക്കാരങ്ങൾ മുതലായവ വളരുന്നതായി സങ്കല്പിക്കപ്പെടുന്നു. വിദ്യാഭ്യാസവും പൗരുഷവും പരിഷ്ക്കാരങ്ങളും ആണു് സംസ്ക്കാരനിദാനങ്ങൾ. വിദ്യാഭ്യാസത്തിൽ നിന്നു് വിജ്ഞാനവും പൗരുഷത്തിൽനിന്നു് പ്രവൎത്തനകഴിവുകളും. അവയുടെ നിദർശനമായി പരിഷ്ക്കാരവും. അവ സംസ്ക്കാരത്തിൻെറ സോപാനത്തിലേയ്ക്കു് നമ്മെ നയിക്കയും ചെയ്യുന്നു. വിവിധ സംസ്ക്കാരത്തെ ഉത്ഭവിപ്പിക്കുന്നതു് (1) വേഷം (വസ്ത്രധാരണം) (2) ഭാഷ (സാഹിത്യം) (3) ആചാരങ്ങൾ (observances) (4) സാമൂഹ്യനിയമങ്ങൾ (customs) (5) ജാതിക്രമം (6) തൊഴിൽ (7) ആഹാരരീതി (8) രൂപം (9) മതം (വിശ്വാസങ്ങളും ധർമ്മങ്ങളും) (10) മര്യാദകൾ (manners) (11) ഭരണക്രമങ്ങൾ (12) പുരോഗതി എന്നിവകളാണു്.

## 1. വേഷം.

വസ്ത്രധാരണം തുടങ്ങിയത്ത് ക്രിസ്തീയ വിശ്വാസപ്രകാരം ആദ്യ മാതാപിതാക്കന്മാർ ഏദനിൽനിന്നു് പുറത്താക്കപ്പെട്ടതു്—പാപം ചെയ്തതു്—മുതലാണു്. ആദ്യം മരവുരിയിൽ തുടങ്ങിയതു് കാലാന്തരത്തിൽ തുണി ധരിയ്ക്കുന്നതിനിടയായി. വസ്ത്രധാരണം ചെയ്യണമെന്നു് ആദ്യമെ ദൈവകല്പനയില്ലായിരുന്നു. എന്നാൽ പാപം ചെയ്തതുമുതൽ തങ്ങൾ നഗ്നരാണെന്നു് ആദാമും ഹവ്വായും അറിഞ്ഞു് അതു് മറയ്ക്കുന്നതിന്നു് ശ്രമിച്ചു. എന്നാൽ ഇന്നത്തെ വസ്ത്രധാരണ പരിഷ്ക്കാരത്തിൽ വസ്ത്രം കൊണ്ടുദ്ദേശിക്കുന്നതു് ശരീരത്തിന്റെ ചിലഭാഗങ്ങൾ കാട്ടിത്തരുവാനാണു് എന്നു് തോന്നും. ആദാമിന്റെയും ഹവ്വായുടെയും ബോധം ശരിയാണെന്നുള്ളതു് ദൈവം അവരെ പുറത്താക്കുമ്പോൾ ഉടയാട കൊടുത്തതിൽ നിന്നും വ്യക്തമാണു് നഗ്നാവയവങ്ങൾ മറയ്ക്കപ്പെടുക എന്നതു് ഇപ്പോൾ മനുഷ്യധർമ്മമായിത്തീർന്നിരിക്കുകയാണു്. തുണി ഇന്നു് മനുഷ്യാവശ്യങ്ങളിൽ വലിയ പ്രാധാന്യം അർഹിക്കുന്നു. തയ്യൽക്കാരും നെയ്ത്തുകാരും, തുണിവ്യാപാരികളും ഇന്നു് വർദ്ധമാനമായിത്തീർന്നിട്ടുണ്ടു്. തയ്യൽ, നെയ്ത്തു് മുതലായ വേലകൾക്കു് പരമ്പരയാ ആദാം സന്തതികൾ പ്രവർത്തിച്ചുവരുന്നതു് വസ്ത്രത്തിന്റെ വിശേഷതയേയും, ഭംഗിയേയും മോടിപിടിപ്പിക്കുന്നതിന്നു് വേണ്ടിയാണു്. ക്രിസ്തുവിന്റെ വസ്ത്രം പടയാളികൾ വീതിച്ചെടുക്കയും അടിമുതൽ മുടിവരെ നെയ്ത്തു് എടുക്കപ്പെട്ട തന്റെ അങ്കിക്കായി ചിട്ടിയിടുകയും ചെയ്തതായി ക്രിസ്തുചരിതത്തിൽ പറയുന്നു. യൗസേഫിന്റെ പല വർണ്ണകുപ്പായം സുപ്രസിദ്ധമാണു്. കാലക്രമത്തിൽ വസ്ത്രപരിഷ്ക്കാരം ഓരോ ദേശങ്ങളിൽ വിഭിന്നരീതിയിലാകുകയും, സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകമായി തരം

തിരിയ്ക്കുകയും അവയുടെ മോഡൽ (model). തുടർന്ന് മതവർഗ്ഗങ്ങളെ പ്രതിനിധീകരിച്ച് പ്രചരണം നേടുകയും ചെയ്യു. ഇന്ന് ഓരോമതസ്ഥർ ഓരോരീതിയിലാണ് വസ്ത്രധാരണം ചെയ്യുവരുന്നതു്. ഹിന്ദുമതം. വസ്ത്രധാനം ഒരു പുണ്യമായി വ്യാഖ്യാനിയ്ക്കുന്നുണ്ടു്. കാലാവസ്ഥയനുസരിച്ചും, ധനാഢ്യത്വമനുസരിച്ചും അവ വ്യത്യാസപ്പെട്ടിട്ടുണ്ടെങ്കിലും മതത്തിൽ ക്രമീകൃതവസ്ത്രങ്ങളാണ് കൂടുതൽ പ്രാബല്യം. ഇവയുടെ നിലനില്പ് അവരുടെ സംസ്ക്കാരത്തെ ധ്വനിപ്പിക്കുന്നതായും കണ്ടുവരുന്നു. ചിലജാതിക്കാർ പർദ്ദാരീതി തുടർന്ന് വരുന്നുണ്ടു്. ബ്രാഹ്മണർ മുൻകാലങ്ങളിൽ വസ്ത്രശൂന്യരായിട്ടാണ് ജീവിച്ചിരുന്നതു്. കാരണം. അവർ ദൈവത്തിന്റെ അടുത്ത ആളുകളാണെന്ന് കരുതപ്പെട്ടിരുന്നു എന്നാൽ ക്രിസ്തുമതത്തിലാകട്ടെ, പുരോഹിതന്മാരുടെ സ്ഥാനമനുസരിച്ച് വിശേഷവസ്ത്രങ്ങൾ നിർദ്ദേശിക്കപ്പെട്ടിരിയ്ക്കുന്നു. മഹാപുരോഹിതന്മാർ രാജാക്കന്മാരെക്കാളും കേമമായി വസ്ത്രധാരണം ചെയ്യുകയുണ്ടായി, ഇൻഡ്യയിൽ ഹിന്ദുക്കൾ പ്രത്യേകിച്ചും, ആണുങ്ങൾ അർദ്ധനഗ്നന്മാരായും സ്ത്രീകൾ മുഴുവൻ വസ്ത്രാലംകൃതരായും കാണുന്നു. അപരിഷ്കൃതരായ ജാതിക്കാർ മുഴുനഗ്നരായും, അർദ്ധനഗ്നരായും, സ്ത്രീകളും പുരുഷന്മാരും ഇന്നും കാടുകളിൽ വസിച്ചുവരുന്നുണ്ടു്. രാജാക്കന്മാരും, ഉദ്യോഗസ്ഥന്മാരും പ്രത്യേകരീതിയിൽ സ്ഥാനവലിപ്പമനുസരിച്ച് വേഷം ഉപയോഗിക്കുന്നു. പട്ടാളക്കാരുടെയും, പോലീസുകാരുടെയും വേഷങ്ങൾ വിവിധസ്ഥലങ്ങളിൽ വ്യത്യാസപ്പെട്ടിരിയ്ക്കുന്നു. ഇന്ന് മനുഷ്യജീവിതത്തിന് അത്യന്താപേക്ഷിതമായ ഒരാവശ്യമാണ് വസ്ത്രധാരണം. പലനിറത്തിലും, നേർമ്മയിലും പല ഇനത്തിലും വിലയേറിയ വസ്ത്രങ്ങൾ നിലവിലുണ്ടെങ്കിലും സന്യാസിമാർ കാവിവസ്ത്രത്തിലും,

മററുമാണു് ഇഷ്ടപ്പെടുന്നതു്, ക്രിസ്ത്യാനികളുടെ വേഷത്തിൽ വെള്ളനിറമാണു് ഉപയോഗിക്കുന്നതു്. അതു്, ശരീരം മുഴവൻ ആച്ഛാദനം ചെയ്തിരിക്കണം, പ്രത്യേകിച്ചു് ദിവ്യകർമ്മങ്ങളിൽ ഉൾപ്പെടുമ്പോൾ. ഹിന്ദുസമുദായ നിബന്ധനയനുസരിച്ചു് എത്രയും നഗ്നരായിട്ടു വേണം കർമ്മങ്ങളിൽ പങ്കുകൊള്ളുവാൻ. ആരോഗ്യപരമായി വസ്ത്രധാരണംകൊണ്ടു സാധിക്കുന്നതു്, ശരീരത്തിൻെറ ചൂടു് നിയന്ത്രിക്കുന്നതിനും ദേഹത്തിൽ പൊളിയും അഴുക്കും പററാതെ സൂക്ഷിക്കുന്നതിനും മറ്റുമാണു്. വസ്ത്രാഡംബരങ്ങളില്ലാതെ ആളുകൾ (പ്രത്യേകിച്ചു് സ്ത്രീകൾ) സൗന്ദര്യമുള്ളവരാണെങ്കിലും വസ്ത്രധാരണം കൊണ്ടുമാത്രം സൗന്ദര്യം തോന്നിപ്പിക്കുന്നവരും ഇന്നു് ഇല്ലാതില്ല. 'പുരുഷനെ ഉണ്ടാക്കുന്നതു് വസ്ത്രമല്ല' എന്ന തത്വം ഗ്രഹിക്കുക. വസ്ത്രധാരണത്തെ എതിർക്കു ഒരുതരം നഗ്നതാപ്രസ്ഥാനക്കാർ അമേരിക്കാ. ആസ്ട്രിയാ. ജർമ്മനി, ബ്രിട്ടൻ എന്നിവിടങ്ങളിൽ പ്രവർത്തനം നടത്തിവരുന്നുണ്ടു്. അവരുടെ അഭിപ്രായം മനുഷ്യൻെറ നഗ്നത വെളിവാക്കിയാൽ ഇന്ദ്രിയജയം പ്രാപിക്കാമെന്നും, വിഷയാസക്തി ലോകത്തിൽ നിന്നു് വിട്ടുപോകുമെന്നും, അങ്ങിനെ ദൈവസൃഷ്ടിയെ മാനിക്കാമെന്നുമാണു്. സാധാരണ വസ്ത്രാക്ഷേപം പാപമായിട്ടാണു് ലോകം കണക്കാക്കിവരുന്നതു്. വസ്ത്രധാരണം പരിഷ്ക്കാരത്തിൻെറ ഒരു ചിഹ്നവും, അതിൻെറ മാതൃക, സൂചനാർത്ഥങ്ങൾ ദ്യോതിപ്പിക്കുന്നതും ആയിട്ടു് കണ്ടുവരുന്നു. ഓരോ ജാതി വസ്ത്രധാരണരീതി സംസ്ക്കാരത്തിൻെറ ഒരു മകുടമാണെന്നും കരുതപ്പെടുന്നു. നാണം പോലും മറയ്ക്കുവാൻ വസ്ത്രമില്ലാത്തവർ മനുഷ്യത്വത്തിനു് വളരെ അപമാനകരമാണു്. അതിനു് വകയില്ലാത്തവർക്കു് വസ്ത്രദാനം ചെയ്യുന്നതു് ഒരു സാമൂഹ്യചുമതലയായി ശേഷിക്കുന്നു. ഉണ്മാനും ഉടുപ്പാനും ഇ

ല്ലാത്തവരെ പോററുകയും, ഉടപ്പിക്കയും ചെയ്യുന്ന സാമൂഹ്യസേവനം വളരെ വില മതിക്കപ്പെട്ടു. മാന്യമായി വസ്ത്രധാരണം ചെയ്യുന്നവനെ മാന്യനായി ആളുകൾ എണ്ണുന്നു.

## 2. ഭാഷ

മനുഷ്യനുണ്ടായതു മുതൽ വാമൊഴിയും ദൈവം നൽകി. ആദ്യം ദൈവം മനുഷ്യനുമായി വത്തമാനങ്ങൾ പറയുകയും അങ്ങിനെ സംസർഗ്ഗബന്ധം പുലർത്തുകയും ചെയ്തിരുന്നു. ആദിയിൽ വചനമുണ്ടായിരുന്നുവെന്നും, ദൈവം വചനമാണെന്നും, വചനത്താൽ സകലവും സൃഷ്ടിച്ചുവെന്നും, തൻെറ ശ്വാസമാണ് മനുഷ്യനിലെന്നും, അതിനാലാണ് മററു മൃഗങ്ങൾക്കില്ലാത്ത ഈ കാര്യം മനുഷ്യനുള്ളതെന്നും, തൻെറ ഭാഷയാണ് നമുക്കു നൽകിയതെന്നും സിദ്ധാന്തിക്കപ്പെട്ടുന്നു. ഹിന്ദുശാസ്ത്രപ്രകാരം ആദിപ്രണവശബ്ദം 'ഓം' കാരമാണല്ലോ. ആദ്യം ആദാമും ദൈവവുമായി സംസാരിച്ചിരുന്നതും, പിന്നീട്, ആദാമും ഹവ്വായുമായി അതിന്നു തുടന്ന് ഭാര്യാഭത്താക്കന്മാരും മക്കളും തമ്മിലായി സംസാരം വികസിക്കുകയും, ഒട്ടുവിൽ മനുഷ്യനും മനുഷ്യമായി വത്തമാനവിനിമയം നടക്കുകയും ചെയ്തു. കാലാന്തരത്തിൽ എല്ലാവരും ഒരേ ഭാഷക്കാരാകുകയാൽ ആശയവിനിമയം സൗകര്യമായിത്തീർന്നു. ഇപ്രകാരം കിട്ടിയ അനുഗ്രഹം മനുഷ്യൻ സ്വാതന്ത്ര്യപ്രതാപത്തിനായി ഉപയോഗിക്കുകയാൽ ദൈവം ജലപ്രളയകാലത്തിനുശേഷം ഭാഷയെ കലക്കിക്കളഞ്ഞു.

'ബാബേൽ' എന്നാണ് വി. വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്നതു്. ഇപ്രകാരം വിവിധ ഭാഷകളാവിർഭവിക്കയാൽ മനുഷ്യർ തമ്മിൽ ആശയവിനിമയം കുറയുകയാൽ, ഭാഷകൾ ഇതരക്കു് മനസ്സിലാകുവാൻ പരിഭാഷ ചെയ്യേണ്ടതായി വന്നുകൂടി. അവനവന് കി

ട്ടിയ ആശയനിധികൾ ഓരോ ഭാഷക്കാരുടെ സ്വന്ത മായിത്തീരുകയും ചുരുക്കം ചിലക്കു മാത്രം പ്രയോജനപ്പെടുകയും ചെയ്തു. കാലക്രമത്തിൽ പല രാജ്യങ്ങളുണ്ടാകുകയും, പരമ്പരാഗതമായി സിദ്ധിച്ച അനുഭവപ്രമാണങ്ങളും, ദൈവകല്പനകളും വിസ്മരിക്കത്തക്ക നിലയിലാകുകയും ചെയ്യുകയാൽ അവ, വരമൊഴിയാക്കുന്നതിനു അധികൃതർ ശ്രമിച്ചുതുടങ്ങി. ദൈവം വാമൊഴിയായി നൽകിയ പ്രമാണങ്ങൾ ആണ് പിന്നീട് 10 കല്പനകളായി കൽപ്പലകകളിൽ എഴുതിക്കൊടുത്തതു്. മററു നിയമങ്ങളാണ് പരിശുദ്ധന്മാരും, ദീർഘദർശിമാരും വഴിയും വെളിപ്പെടുത്തപ്പെട്ട പഴയനിയമന്യായപ്രമാണപുസ്തകം. മുൻപറഞ്ഞതുപോലെ ഓരോ ഭാഷക്കാർക്കു കിട്ടിയ ആശയസംഗ്രഹം ആ ഭാഷയുടെ മാത്രം സ്വത്തായിത്തീരുകയും, ഇങ്ങനെ അന്യോന്യസമ്പർക്കമില്ലാതെ, ഓരോ ഭാഷയ്ക്കും പ്രത്യേകജ്ഞാനസമ്പത്തു് ലഭിക്കുകയും അവ പ്രായോഗികമാക്കുന്ന ജനതതിക്കു മാത്രം. അതിനനുസരിച്ചുള്ള സംസ്ക്കാരം ലഭിക്കയും ചെയ്തിരുന്നു. ഇന്നും എല്ലാ ഭാഷകളിലെയും ജ്ഞാനസമ്പത്തു് ഏകീകരിക്കുവാൻ സാധിച്ചിട്ടില്ല. ഇപ്രകാരം ഓരോ ദേശക്കാരും ഓരോ ഭാഷ സ്വന്തമാക്കി തുടങ്ങി. കൂടാതെ ഇപ്പോൾ മതവിശ്വാസികൾ അവരുടെ മതസ്ഥാപകന്മാരുടെ ഭാഷ തന്നെ കർമ്മങ്ങളിൽ ഉപയോഗിച്ചുവരുന്നു. ഇന്നും വരമൊഴിയില്ലാത്ത പല വാമൊഴി ഭാഷകളും നടപ്പിലുണ്ടു്. ദൈവവും മനുഷ്യനുമായി ആരംഭിച്ച വർത്തമാനസംസർഗ്ഗം വളർന്നു്, ദമ്പതികൾ, കുടുംബം, ലോകർ ഇങ്ങനെ വികസിച്ചതോടുകൂടി ഭാഷയും വളർന്നുവന്നു. നല്ല ആശയങ്ങൾ ധാരാളമുള്ള ഭാഷ സംസാരിക്കുന്നവർക്കു് കൂടുതൽ സംസ്ക്കാരമുള്ളവരായിക്കാണുകയാൽ ആ ഭാഷ സംസ്ക്കാരത്തിൽ കൂടുതലെന്നെണ്ണു

പ്പെട്ടവണു. ആശയങ്ങരം വിപുലപ്പെടുത്തുവാൻ എഴുത്തുകാർ ബദ്ധപ്പെട്ടു തുടങ്ങി. അതു വികസിച്ച് നല്ല ഭാഷാപ്രയോഗങ്ങരം ഉണ്ടാകുകയും, സാഹിത്യരചനാസാദ്ധ്യമാകുകയും ചെയ്തു. സാഹിത്യത്തിനു് ആദ്യം കൂടുതൽ സഹായിച്ചതും ആസ്വാദ്യകരമാക്കിയതും മതമായിരുന്നു. ഇന്നും ഹിന്ദുമതസാഹിത്യം വളരെ വിലമതിക്കപ്പെടുന്നതു് ഇതുകൊണ്ടാണു്. സാഹിത്യത്തിന്റെ ആവിർഭാവത്തോടുകൂടി മതഗ്രന്ഥങ്ങരം നിർമ്മിക്കയും, കാവ്യങ്ങരം, കഥകരം, ആഖ്യായികകരം, മുതലായവയുണ്ടാക്കുകയും, അങ്ങിനെ ഇന്നുംസാഹിത്യപരമായി ഭാഷ വികസിച്ചുവരികയുമാണല്ലോ. ഏതു ഭാഷയുടെയും പുരോഗമനത്തിൽ ദൈവസ്തോത്രങ്ങരം, ശൃംഗാരരസമധുരമായ സാഹിത്യം, വർത്തമാനകാലസംഭവവിവരങ്ങരം മുതലായവ സഹായകങ്ങളാണെന്നും കാണാവുന്നതാണു്. കവികരം ജന്മമെടുക്കുകയും ഭാവനാസമ്പന്നരായ അവർ ഭാവനാകൽപ്പിതങ്ങളായ പല കാര്യങ്ങളും കൂട്ടിച്ചേർക്കുകയും ചെയ്തു. ഇപ്രകാരം സാഹിത്യവികസനം ഭാഷകളെ വളർത്തുകയും ഭാഷാചരിത്രം തുടരുകയും ചെയ്തുതുടങ്ങി. ഇന്നു കുറഞ്ഞ ഭാഷാപരിജ്ഞാനം എഴുതുക, വായിക്കുക, സംസാരിക്കുക എന്നതാണു്. ഇവയൊന്നും അറിവില്ലാത്ത പല ആളുകളും ഇന്നു് ലോകത്തിൽ കാണുന്നുണ്ടു്: അവരെ വിദ്യാഭ്യാസം ചെയ്യിക്കുക എന്ന സാമൂഹ്യസേവനവും ആദ്യമെടുത്തു പ്രയോഗിച്ചതു് മതമാണു്. ക്രിസ്തുമതമാണു് അതിൽ മുടിചൂടിയതു്. ഇന്നും ഭാഷാസംബന്ധമായ കൂടുതൽ അറിവു്, മതപ്രവർത്തകരിലാണു്, കാരണം അവരാണു് ഭാഷ കൂടുതലായി ഉപയോഗിക്കുന്നതു്. മലയാളത്തിനു് നിഘണ്ടു തയ്യാറാക്കിയതു് ഗുണ്ടർട്ടു് മിഷ്യനറി സായ്പാണു്. പരിഭാഷ, സാഹിത്യപോഷണം. സാക്ഷരതം, ജ്ഞാന-

വിതരണം ഇവയാണ് ഭാഷയുടെ പുരോഗതിക്ക് നിദാനമായിട്ടുള്ളത്. ഗാനങ്ങളാൽ മഹത്വീകൃതമായ യാഗങ്ങളും കർമ്മങ്ങളും ഈശ്വരപ്രസാദകരമായിത്തീരുകയാൽ കലകൾ അഭിവൃദ്ധിപ്പെട്ടുന്നു. മതഗ്രന്ഥപാരായണമാണ് ആദ്യം മുതൽ ജനങ്ങൾ സ്വീകരിച്ചുവന്നത്. തുടർന്ന്, പ്രാർത്ഥനകൾ. കീർത്തനങ്ങൾ മുതലായവ അഭ്യസിക്കപ്പെട്ടുവന്നു. ഇന്നു ഈ ശാഖ വളർന്നു ലോകം മുഴവൻ നിറഞ്ഞിരിക്കുകയാണ്. മുൻപ് വാക്കായിരുന്നു വാഗ്ദാനം. ഇന്നു രേഖയാണ് സ്വീകാര്യം. മുൻപ് ജീവനുള്ളവർ തമ്മിൽ സംസാരിച്ചിരുന്നുവെങ്കിൽ ഇന്ന് ഭാവനയിൽ കൂടിയും ദീർഘദർശനങ്ങളും ആശയങ്ങളും പുറപ്പെടുവിക്കുന്നു. ഇന്ന് സാക്ഷരത്വം ജനങ്ങളിൽ ഭൂരിപക്ഷത്തിനും കൈവരാകയാൽ പൊതുപ്രസംഗങ്ങൾ, റേഡിയോപ്രഭാഷണങ്ങൾ, പത്രപാരായണം, വയോജനവിദ്യാഭ്യാസം മുതലായ പരിപാടികൾ ആവിഷ്ക്കരിക്കപ്പെട്ടിരിക്കുന്നു. മാതൃഭാഷ, വിദേശഭാഷ, പൊതുഭാഷ ഇങ്ങനെ ഭാഷകളെ ഏകീകരിക്കാൻ മനുഷ്യൻ ഇന്നും ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഭാഷാനിപുണന്മാർ, പണ്ഡിതന്മാർ, അദ്ധ്യാപകർ മുതലായവർ ഇന്നു ഭാഷയുടെ പ്രചാരകന്മാരാണ്. ഒരു മനുഷ്യൻ ചിലപ്പോൾ രണ്ടു ഭാഷ—അതായത്, മാതാവിൻെറയും, പിതാവിൻെറയും അല്ലെങ്കിൽ അവൻെറയും അവൻെറ ഭാര്യയുടെയും—അല്ലാതെ മൂന്ന് ഭാഷ സംസാരിക്കാറില്ല. കുട്ടികൾക്ക് പല ഭാഷകൾ സ്വദേശിയരെപ്പോലെ ശരിയായി സംസാരിക്കാമെങ്കിലും തുടർച്ചയായി അതു സാദ്ധ്യമല്ല. രണ്ടാമത്തെ ഭാഷപഠിക്കുമ്പോൾ ഒന്നാമത്തേതു മറക്കും. ഇങ്ങനെ എല്ലാം മറക്കാനിടയുണ്ട്. ഒരു പ്രായപൂർത്തിയായവൻ 5 കൊല്ലം ഒരു ദേശത്തു താമസിച്ചെങ്കിലേ ആ ദേശഭാഷ സംസാരിക്കുവാൻ സാധിക്കുകയുള്ളു. എന്നാൽ അവിടത്തെ

ആളുകളുമായി കൂടുതൽ സമ്പർക്കപ്പെട്ടില്ലെങ്കിൽ 20 കൊല്ലവും പോരാതെവരും. ''ഇംഗ്ലീഷ് ഒരു കമ്മററിയോട് സംസാരിക്കാൻ പററിയതാണ്. ജനക്കൂട്ടത്തോട് സംസാരിക്കാൻ പററിയ ഭാഷയാണ് ഫ്രഞ്ച്. ഇററാലിയൻ ഭാഷ ഒരു മിസ്ട്രസ്സിനോട് സംസാരിക്കാൻ പററിയ നല്ലഭാഷയാണ്, സ്പെയിൻ ഭാഷ ഒരു പുരോഹിതനോടും. ജർമ്മൻ കുതിരയോടും, സംസാരിക്കാൻ പററിയതാണ്'' എന്നൊരു ചൊല്ലുണ്ട് ഏതായാലും സാക്ഷരത്വമില്ലാത്തവരും, അക്ഷരജ്ഞാനമുള്ളവരും, അറിവുള്ളവരും. വിദ്വാന്മാരും ഇടകലർന്ന് ലോകത്തിൽ കാണാം. ദൈവം സ്വയം ജ്ഞാനവികസനം കൊടുക്കാതെ ചുരുക്കം ചിലരെ വിദ്വാന്മാരായും ജ്ഞാനികളിൽ ജ്ഞാനിയായി ശലോമോനെ മാത്രവും തിരഞ്ഞെടുത്തതെന്തുകൊണ്ടാണ്. വിജ്ഞന്മാരും അജ്ഞന്മാരും ഒരുമിച്ച കഴിച്ചുകൂട്ടിയാൽ അറിവ് പകരുമോ? കല്ല് രത്നത്തിൻെറ സമീപത്തിരുന്നാലും പ്രകാശിക്കുന്നില്ല. മനുഷ്യൻ വിദ്യ അഭ്യസിച്ചെങ്കിലേ ജ്ഞാനിയാകൂ. അതാണ് മനുഷ്യൻ വിദ്യാസമ്പന്നനായിരിക്കണമെന്ന് നിർദ്ദേശിക്കുന്നത്. വിജ്ഞന്മാർ കുറച്ച്മതി. അവർ പഠിച്ചത് വദ്ധിപ്പിക്കണമെങ്കിൽ അതു് പഠിപ്പിക്കണം. പ്രായോഗികമാക്കണം, കൂടാതെ ആ താലന്തു് വിനിയം ചെയ്ത് വദ്ധിപ്പിക്കണം. ജ്ഞാനികൾ ലേകത്തിന് ജ്ഞാനം നൽകുന്നില്ലെങ്കിൽ അതു് ദ്രവിച്ചുപോകുകയേയുള്ളൂ. കൂടാതെ വിജ്ഞന്മാർ അജ്ഞന്മാരുടെയിടയിൽ, ''പഴുത്ത മാങ്ങാ, ചീഞ്ഞ മാങ്ങായുടെകൂടെ'' എന്നപോലെയാണെങ്കിൽ ലോകത്തിൽനിന്നു് വിജ്ഞാനം മാറിപ്പോകുകയും എല്ലാവരും അജ്ഞാനികളായിത്തീരുകയും ചെയ്യും. അതുകൊണ്ട് ജ്ഞാനികൾ അവരുടെ സമ്പത്തു് വിതരണം ചെയ്യുകയും അജ്ഞാ

നികരം അതു് സ്വീകരിക്കുകയും ചെയ്യേണ്ടിയിരിക്കു ന്നു. പ്രതിഫലരഹിതമായ ഈ സാമൂഹ്യസേവനം അ ന്യാത്ഥത്തിൽ പ്രതിഫലപ്രദമാണെന്നു് കാണാവുന്ന താണു്, ''വെറുതെ കിട്ടിയതു് വെറുതെ കൊടുപ്പിൻ എന്നാൽ അതു് വർദ്ധിച്ചു് നിങ്ങരംക്കു് ധാരാളമായി ലഭിക്കും''എന്ന തത്വമാണു് ഇവിടെ ഗ്രഹിക്കേണ്ടതു്. വിജ്ഞന്മാർ പുളിച്ച മാവിനു് തുല്യം അജ്ഞന്മാരെയും വിജ്ഞന്മാരാക്കുന്നതിനു് ശ്രമിക്കണം, അപ്രകാരമാ ണു് സ്വർഗ്ഗരാജ്യത്തെക്കുറിച്ചു് ക്രിസ്തു പറഞ്ഞിരിക്കു ന്നതു്. ലോകം പുരോഗമിച്ചു്. ഈ അവസ്ഥയിൽ എ ത്തുന്നതിനു് ഇന്നു് വിദ്യാദാനം ഒരു സൽപ്രവൃത്തിയാ യും സാമൂഹ്യസേവനമായും നടപ്പിൽ വരുത്തേണ്ടിയി രിക്കുന്നു. മിഷ്യനറിമാർ നടത്തുന്നസേവനം ഇതിനെ ആധാരമാക്കിയാണു്. ലോകം എന്നു ജ്ഞാനവൃദ്ധന്മാ രെക്കൊണ്ടു് നിറയുമോ അന്നു്സ്വർഗ്ഗരാജ്യം, അഥവാ രാമരാജ്യം സ്ഥാപിതമായിത്തീരും.

## 3. സദാചാരനടപടികരം

ഒരു വ്യക്തിയുടെ നടപടികളെ ദർശിച്ചു് സ്വഭാ വം രൂപീകരിക്കാം. സമുദായത്തിൽ പല ആചാരങ്ങ ളും കടന്നുകൂടിയിട്ടുണ്ടു്. ഒരു സമുദായത്തിന്റെയോ, സമൂഹത്തിന്റെയോ,നല്ല ഫലങ്ങളാണവ ഒരു യാഗം നടത്തുവാൻ നിശ്ചയിച്ചുവെന്നിരിക്കട്ടെ. ആയതിനു ള്ള സാധനങ്ങളും കാര്യങ്ങളും തയ്യാറാക്കി. എന്നാൽ അതിന്റെ നിവ്വഹണാനുഷ്ഠാനമാണു് യഥാത്ഥത്തിൽ ദൈവപ്രസാദകരം. ഇതുപോലെ സാമൂഹനന്മയ്ക്കു് നി ദാനം ആചാരാനുഷ്ഠാനമാണു്. അതിനു് ഹേതുവായി രിക്കുന്നതു് സംസ്ക്കാരത്തെ നിയന്ത്രിക്കുന്ന മുൻപറ ഞ്ഞ ഘടകങ്ങളാണു്. പിതൃതർപ്പണം ചെയ്യാത്തവൻ പുത്രധർമ്മം അനുഷ്ഠിക്കുന്നില്ലാ എന്നു് കണക്കാക്കുന്ന തുപോലെ സാമൂഹ്യാചാരങ്ങരം നിർവഹിക്കാത്തവൻ

സാമൂഹ്യനടപടികളെ അവഹേളിയ്ക്കുകയായിരിക്കും. 'നീ സദാചാരനിരതനായിരിക്കുക' എന്നാണു് സമുദായത്തിൻെറ ആഹ്വാനം. കലാവിദ്യകളും ശാസ്ത്രങ്ങളും എത്രതന്നെ അഭിവൃദ്ധിയെ പ്രാപിച്ചാലും, സദാചാരപ്രതിപത്തിയും, കർത്തവ്യകർമ്മബോധവും ഇല്ലാത്ത സമുദായം ശാശ്വതക്ഷേമത്തെ അനുഭവിക്കുകയില്ല, മത വിശ്വാസത്തിന്മേലും സദാചാര നിഷ്ഠയിന്മേലും, സ്ഥാപിതമല്ലാത്ത പരിഷ്ക്കാരം രക്തംകൂടാതെയുള്ള ശരീരം പോലെയാകുന്നു. യാതൊരു സമുദായവും അതിലെ അംഗങ്ങളിൽ ഓരോരുത്തരുടെയും സ്വഭാവം നന്നാകാതെ അഭിവൃദ്ധി പ്രാപിക്കുന്നതല്ല. മനുഷ്യനും, സദ്ഗുണസമ്പന്നരായ മഹത്തുക്കളാലും, മിത്രങ്ങളാലും നേർവഴിയിൽ നയിക്കപ്പെടുന്നുവെങ്കിൽ മാത്രമേ സദാചാരനിരതനായും ഉൽകൃഷ്ടഗുണസമ്പൂർണ്ണനായും തീരുകയുള്ളു. ഇപ്രകാരം മനുഷ്യൻെറ ഗുണത്തിന് അതിൻെറ പരിതസ്ഥിതികളുടെയും സഹവാസികളായ മനുഷ്യരുടെയും പ്രേരണനിമിത്തം ഉൽക്കർഷാപകർഷഭേദങ്ങൾ ഉണ്ടാകുന്നു എന്നതു് സ്പഷ്ടമാണു് ചിലപ്പോൾ ഒരൊററ വിചാരമോ, പ്രവൃത്തിയോ, ഒരുവൻെറ ഗുണഗണങ്ങളെ മുഴുവനും മാററി അവൻെറ ജീവിതഗതിയെ വഴിതിരിച്ചുവിടുന്നുണ്ടു്. ലോകത്തിൽ ദുഷ്കൃത്യങ്ങളായി കാണുന്നവകൂടി സർവ്വശക്തൻെറ ഇച്ഛയനുസരിച്ചുള്ള പ്രവൃത്തികൾ മാത്രമാണു്, ദുഷ്ടന്മാരും, ലോകോപകാരത്തി ജനിക്കുന്നു. മനുഷ്യസമുദായരക്ഷയ്ക്കു് ദുർവൃത്തന്മാരും ആവശ്യമായിരിക്കുന്നു. അവരുടെ അകൃത്യങ്ങൾ സദാചാരപരന്മാരുടെ സൽക്കർമ്മങ്ങൾക്കു് സൗരഭ്യം നൽകുന്നു. ''നിൻെറ സദാചാരങ്ങളെ ആത്മാർത്ഥയാകുന്ന ഉരകല്ലിൽ ഇട്ടു് വിശ്വാസമാകുന്ന വെള്ളം ചേർത്തു് ദൃഢതയാകുന്ന ഉലക്കകൊണ്ടിടിച്ചു് സൽസ്വഭാവമാകുന്ന സിമിൻറാക്കിക്കൊള്ളുക'' സമുദാ

യത്തിലുള്ള ദുരാചാരങ്ങളെയും അനാചാരങ്ങളെയും മാററാൻ സദാചാരസ്ഥാപനം ആവശ്യമാണ്. അതാണ് ഓരോ മതസ്ഥാപകന്മാരും ചെയ്തിട്ടുള്ള സ്തുത്യർഹസേവനം. ഇന്ന് വിവിധ മതങ്ങളിലും പല ആചാരങ്ങളും ചിരപ്രതിഷ്ഠിതമായിട്ടുണ്ട്. അവ യഥാവിധി അനുഷ്ഠിക്കപ്പെടുന്നത് യുക്തപൂർവ്വമാണ്. സദാചാരനടപടികളെ പുലർത്തി സമുദായത്തെ നിയന്ത്രിക്കുന്നതാണ് സാമൂഹ്യപരിഷ്ക്കാരം. കാലക്രമത്തിൽ സമൂഹത്തിൽ പല ദൂഷ്യനടപടികളും വന്നുകൂടിയേക്കാം. അവയെല്ലാം ദൂരീകരിച്ച് പരിഷ്ക്കരിക്കുന്നതിന് സാമൂഹ്യപ്രവർത്തകർ ഉത്സാഹിക്കണം. ഹിന്ദുശാസ്ത്രപ്രകാരം ഓരോ യുഗത്തിലും ഈശ്വരാവതാരം ഉണ്ടാകുന്നതും, വിശ്വമഹാത്മാക്കൾ ജനിക്കുന്നതും സദാചാരനടപടികളുടെ നിരസനത്തിൽ ലോകത്തിൽ അധർമ്മം വർദ്ധിക്കുമ്പോഴാണെന്നാണ്. സാമൂഹ്യനന്മയ്ക്കുവേണ്ടി നാം നടത്തുന്ന സാമൂഹ്യസേവനം നമ്മുടെ ഇന്നത്തെ സംസ്ക്കാരത്തിന്റെ ഒരു പ്രതീതിയായിരിക്കും. സദാചാരങ്ങളുടെ കുറവ് നമ്മുടെ സംസ്ക്കാരശൂന്യതയെ വെളിപ്പെടുത്തും. സൽസ്വഭാവത്തിൽനിന്നുത്ഭവിക്കുന്ന സദാചാരങ്ങൾ. നമ്മുടെ സാമൂഹ്യസംസ്ക്കാരത്തെ വളർത്തുകയും, അങ്ങനെ പൊതുനന്മയ്ക്കും, മോക്ഷത്തിനും അർഹരാക്കുകയും ചെയ്യുന്നതാണ്. നല്ല ആചാരങ്ങളാണല്ലോ സദാചാരം അഥവാ സന്മാർഗ്ഗം. സദാചാരപ്രചരണത്തിനായി സാഹിത്യശാഖയിൽ സന്മാർഗ്ഗം ചൂണ്ടിക്കാണിക്കുന്ന വിഭാഗം (ethics) ഗ്രന്ഥങ്ങളാണ്. ''ധർമ്മമധഃപതിച്ചാൽ യാഗപീഠത്തിൽ പട്ടി കയറിയിരിക്കും '' എന്നാണ് മഹാകവി കുമാരനാശാൻ പാടിയിരിക്കുന്നത്.

''സത്യത്തെ ധർമ്മവും, വിദ്യയെ യോഗവും പാത്രത്തെ ശുചീകരണവും കുടുംബത്തെ സദാചാരവും രക്ഷിക്കുന്നു,—(ബൃഹസ്പതി)

## 4. സമൂഹ്യനിയമങ്ങാം (Customs)

ഭാഷ, ജാതി, മതം, വേഷം, തൊഴിൽ, ആഹാര ക്രമം ഇവ ആറും വേറെങ്കിൽ, തായ്ത്തടിയും ശിഖരങ്ങളും സാമുദായിക നിയമങ്ങാം (customs), സദാചാരനടപടികാം, മര്യാദമുറകാം (manners) അനുഷ്ഠാനക്രമങ്ങാം(observances)എന്നിവകളാണ്. പ്രസ്തുത സാംസ്ക്കാരികവൃക്ഷത്തിന്റെ ഫലങ്ങാം ഭരണക്രമങ്ങാം പുരോഗതി, പരിഷ്ക്കാരം എന്നിവകളാണ്. ആദ്യത്തെ ആറു സംഗതികാം അടിസ്ഥാനവും അടുത്തതിൽ അതിന്റെ പ്രത്യാഘാതങ്ങളും ഒടുവിൽ അതിനിന്ന് പുറപ്പെടുന്നതാണ് സാമൂഹ്യനിയമങ്ങാം. സാമൂഹ്യനിയമങ്ങാം എഴുതപ്പെട്ടില്ല, നിയന്ത്രിക്കപ്പെട്ടില്ല, അതു് ആചരിക്കുന്നുണ്ടു് ലംഘിക്കുന്നവക്ക് ശിക്ഷകാം കിട്ടുന്നുണ്ടു്. പലയിടത്തും പലരീതിയിലാണെന്നുമാത്രം. ഈ നിയമങ്ങളിലും നമുക്കു് സംസ്ക്കാരം ദർശിക്കാം. ഒരു സംഘടന വിവിധ ആദർശങ്ങാംക്കുവേണ്ടി നിലകൊണ്ടേക്കാം. എന്നാൽ അംഗങ്ങളുമായുള്ള ബന്ധം ചില നിബന്ധനകളാൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഇതുപോലെ സാമൂഹ്യജീവിതബന്ധത്തെ പുലർത്തുന്ന നിയമങ്ങളാണു് സാമൂഹ്യനിയമങ്ങാം (customs) അതു് വിനോദം, സത്യപ്രതിജ്ഞ, ദാനകർമ്മം, ധനവിനിമയം. സ്വഭാവരൂപീകരണം, കൂട്ടുകെട്ടു് മുതലായവയെ സംബന്ധിക്കുന്നതാണ്. തഴക്കങ്ങാംകൊണ്ടും കീഴ്വഴക്കങ്ങാം കൊണ്ടുമാണ് ഇതു് ചിരപ്രതിഷ്ഠിതമായിത്തീർന്നിട്ടുള്ളതു്, എന്നാൽ അവ കാലാനുസൃതമായി പരിഷ്ക്കരിച്ചിട്ടില്ലായിരിക്കാം.

സാമൂഹ്യനിയമങ്ങാംക്കു് വിരുദ്ധം കുററകരമായിത്തീരുന്നു. അവ മോഷണം, കവർച്ച, അതിരുമാററങ്ങാം, കള്ളക്കണക്കുകാം, ചതിപ്രയോഗങ്ങാം, കൊലപാതകം, ദേഹോപദ്രവം, ആയുധപ്രയോഗം, മാനനാ

ശം, ബലാൽസംഗം, ഭ്രൂണഹത്യ, വ്യഭിചാരം, പരദാരഗമനം, വ്യാമോഹിപ്പിക്കൽ മുതലായവകളാണ്.

സമുദായത്തിന് ഒരൊററ നിയമമേയുള്ള ആചാരം. ആചാരം എത്രത്തോളം അതിൻെറ ഭാഗത്താണോ, അത്രത്തോളമേ മതത്തിന് കൂടി സാമൂഹ്യമായ എന്തെങ്കിലും ശക്തിയുള്ളു. (ഹാമിൽട്ടൺ).

## 5 ജാതീയക്രമം

മനുഷ്യജാതി എന്നൊന്നു മാത്രമേ ആദ്യം ലോകത്തിൽ അറിയപ്പെട്ടിരുന്നുള്ളു അവർ സന്താനവർദ്ധനവുള്ളവരായി ലോകം മുഴുവനു നിറഞ്ഞു ഓരോരുത്തർ ഓരോ തൊഴിലുകളിൽ ഏർപ്പെട്ടു ഹിന്ദുധർമ്മമനുസരിച്ച് ഭാരതത്തിൽ 4 വർണ്ണമായി തരംതിരിച്ചു. അതിൽ ചിലതിന് ശ്രേഷ്ഠത്വവും, ചിലതിന് നീചത്വവും കല്പിച്ചു. നിർദ്ദിഷ്ട ജോലികൾ മാത്രം പിൻതുടരുന്നതിനും എന്നെന്നും, ഈ വ്യത്യാസം വച്ചുകൊണ്ടിരിക്കുന്നതിനും ഉദ്ദേശിക്കപ്പെട്ടിരുന്നു. ഒരുവൻ എത്ര നല്ലവനായിരുന്നാലും, അവൻെറ ജാതിശ്രേഷ്ഠമല്ലെങ്കിൽ അവനു മതിപ്പില്ലാ എന്ന നിലയിൽ വന്നുകൂടി. ഈ വ്യവസ്ഥിതി മൂലം ശ്രേഷ്ഠത്വമുള്ളവർ ധനികരും മററവർ അവരെ ആശ്രയിച്ച് ജീവിക്കുന്ന ദാസന്മാരുമായി ചേരി തിരിയപ്പെട്ടു. സവർണ്ണരും അവർണ്ണരും എന്ന നിലയിൽ വരികയും, അവർക്ക് സാമ്പത്തികദുസ്ഥിതി പരമ്പരയാ നിലനിറുത്തത്തക്കവണ്ണം ആയിത്തീരുകയും ചെയ്തു. അവശതയനുഭവിക്കുന്ന താണജാതിക്കാരെ ഈ ദുരിതത്തിൽ നിന്ന് കരകയററിയതിന് ഒരു വലിയ പങ്ക് ക്രിസ്തുസമുദായത്തിനുണ്ട്. ഇപ്രകാരം അവരുടെ സാമ്പത്തിക നില ഭദ്രമാക്കുന്നതു കൂടാതെ അവർക്ക് മററുള്ളവരോടൊപ്പം സ്ഥാനം കൊടുക്കുന്നതിനും ക്രിസ്ത്യാനികൾ മടിച്ചിട്ടില്ല. ക്രിസ്തു സകല മനുഷ്യർക്കുംവേണ്ടിയാണല്ലോ

ക്രൂശ്മരണം സഹിച്ചത്. ഇത്തരം ജാതീയ അവശത അനുഭവിക്കുന്നവർ മററുള്ളിടത്തെ അപേക്ഷിച്ച് ഇൻഡ്യയിൽ വളരെ കൂടുതലാണ്. മഹാത്മാഗാന്ധിയുടെ പരിശ്രമം ഇക്കാര്യത്തിൽ വളരെ പ്രാധാന്യമർഹിക്കുന്നതാണ്. തലമുറതലമുറയായി മനുഷ്യത്വപരമായ പരിഗണന ലഭിക്കാതെ കഴിഞ്ഞുകൂടുന്ന ഈ ജാതീയക്രമം, അസ്പൃശ്യത, തീണ്ടൽ മുതലായ ഭവിഷ്യത്തുകളെ വിളിച്ചുണ്ടാക്കി. മുൻപ് ഹിന്ദുസമുദായം വളരെ ബലവത്തരമായിരുന്നെന്നും അന്ന് ജാതിഭ്രഷ്ടരായവരുടെ സന്താനങ്ങളാണ് ഇന്നും ആ ദുരിതം അനുഭവിക്കുന്നതെന്നുമാണ് ഇപ്പോഴും പറഞ്ഞുവരുന്നത്. എന്നാൽ ശാപത്തിനുമുണ്ടല്ലോ സാധാരണ ശാപമോക്ഷം. അതുപോലുമില്ലാതെ തലമുറകളായി 'ഭ്രഷ്ട്' കൽപ്പിക്കുന്നത് വളരെ കഠിനവും, സാഹസവും, അന്തഃകരണവുമല്ലേ? ക്രിസ്തുമതന്യായപ്രകാരം 7 തലമുറവരെയേ അതു നിലനിർത്തുവാൻ അർഹതയുള്ളു - ഏതായാലും 'ജാതിഭ്രഷ്ട്' എന്ന ദുസ്ഥിതി സമുദായവിപത്തായി തുടങ്ങി. ജാതി, ഉപജാതി ഇങ്ങനെ അച്ചടക്കനടപടികൾക്ക് വിധേയമായി അസാന്മാർഗ്ഗികബന്ധങ്ങൾ പുലർത്തി മനുഷ്യൻ അധഃപതിച്ചുതുടങ്ങി. മാന്യത ചിലരുടെ കുത്തകയാകുകയും, ലോകദൃഷ്ടിയിൽ മററുള്ളവർ ഹീനരായി തീരുന്നതിനിടയാകുകയും ചെയ്തു. കാലക്രമേണ ജാതീയ പരിഗണനകളും, അവസാനം വർഗ്ഗീയതയുടെ നാരകീയ ദുരന്തംവരെയുള്ള സംഭവവികാസങ്ങളും സംഭവിക്കപ്പെട്ടു. അധഃസ്ഥിതരുടെ സാമൂഹ്യനില ഭേദമാക്കുക എന്ന കടമയാണ് ഇന്ന് ദേശീയ ഗവർമെൻറിൻെറ പ്രശ്നം. ഇൻഡ്യയുടെ ശ്രേയസ്സ് ഈ പ്രശ്നപരിഹാരത്തിലാണ് അടങ്ങിയിരിക്കുന്നത്. ജാതീയവിധേയത്വം മാററപ്പെടണം. മനുഷ്യൻ മനുഷ്യനായിത്തീരണം. നീചജാതികളെ ഉയർത്തുവാൻ തക്ക സഹായങ്ങൾ ചെയ്തുകൊടുക്കുന്നതാ

ണ് സാമൂഹ്യസേവനത്തിൽ അദ്വിതീയമായതു്. അവർ ശുചിത്വമുള്ളവരും, സന്മാർഗ്ഗികളും ആയി ത്തീരട്ടെ. ദൈവസന്നിധിയിൽ നാമെല്ലാവരും ഒരു പോലെതന്നെ കാണപ്പെടുമല്ലോ? ജാതീയസംസ്ക്കാര ങ്ങൾ മററുള്ളവയെ ധ്വംസിക്കത്തക്കരീതിയിലാക യാൽ ജാതികൾ തമ്മിൽ സംഘട്ടനമുണ്ടാകുകയും, തൻമൂലമുള്ള സൗന്ദര്യപ്പിണക്കങ്ങൾകൊണ്ടു് ജാതീയ ത്വം നിലനിന്നുവരികയും ചെയ്യുവരുന്നു. ജാതിയെ നിർമ്മാജ്ജനം ചെയ്യുവാൻ പല പരിശ്രമങ്ങളും നട ത്തിവരുന്നുണ്ടു്. അതു പന്തിഭോജനം മിശ്രവിവാഹം മുതലായവകളാണു്. ഇതുകൊണ്ടു് ഭക്ഷണശാലയിൽ സമത്വവും, അന്യോന്യസംസാരംകൊണ്ടു് സൗഹാർദ്ദ വും വർദ്ധിക്കുമെന്നിരുന്നാലും, സാംസ്ക്കാരിക കാ ര്യങ്ങളിൽ യോജിപ്പില്ലാത്തതിനാൽ അതു് ഒന്നുകൂടി മിശ്രത്വം നിലനിറുത്തുകയെന്നതേ കണ്ടുവരുന്നുള്ളു. അതു കൊണ്ടു് സംസ്ക്കാരത്തിലും നിലപാടിലും യോജി പ്പുള്ള സമുദായങ്ങൾ പരസ്പരം യോജിക്കുകയോ, ല യിക്കുകയോ ഏകോപിക്കുകയോ ചെയ്തിട്ടു് മിശ്രഭോ ജനം മിശ്രവിവാഹം മുതലായവ നടത്തുന്നുവെങ്കിൽ അതിൻെറ ഫലം സമുദായത്തിൽ വളരെ പ്രതിഫലി ക്കുന്നതാണു്. അല്ലാഞ്ഞാൽ അതു് ഒരു ശോഭനഭാവി ക്കു് നിദാനമായി കാണുന്നില്ല. ഹിന്ദുസമുദായം ഒററ ക്കെട്ടായി പ്രവർത്തിക്കുമെങ്കിൽ ഇൻഡ്യയുടെ ജാതീ യപ്രശ്നം പരിഹരിക്കുമെന്നതു് തർക്കമററ സംഗതി യാണു്. തിരുവിതാംകൂറിൽ മന്നം—ശങ്കരന്മാരുടെ ഹിന്ദുമഹാമണ്ഡലം ഏതാണ്ടു് ആ ആശയപ്രകടനമാ യിരുന്നു. പക്ഷെ അതു് പ്രായോഗികമായി വ ന്നില്ല. ഇതുപോലെ ക്രിസ്തുമതത്തിലും പല ഉൾപ്പിരി വുകളും കക്ഷികളും ഉണ്ടു്. അവരും ഒററക്കെട്ടിൽ നിൽക്കാൻ ശ്രമിക്കേണ്ടതാകുന്നു.

## 6. തൊഴിൽ

ലോകജീവിതത്തിന് ഒരു ജോലി അത്യാവശ്യമാണ്. 'അദ്ധ്വാനിച്ച് വിയർപ്പിന്റെ അപ്പം ഭക്ഷിക്കുക' എന്നാണ് ദൈവശാപവും. ഏതു ജോലിയും അതിന്റെ നിർവ്വഹണത്തിൽ മാനമേറിയതാണ്. ജോലിചെയ്യാതെ ജീവിക്കുന്നതു് ധർമ്മവിലോപമായിത്തീരുന്നു എങ്ങിനെയെന്നാൽ തൊഴിൽരഹിതർ, പരദൂഷകരും, അസന്മാർഗ്ഗികളും, ദുർബുദ്ധികളും മററു് ദോഷികളുമായിത്തീർന്നു് നാട്ടിന് ഒരു വിപത്തായിത്തീരുകയാണ് ചെയ്യുന്നതു്. ആത്മഹത്യ, കൊലപാതകം മുതലായവയുടെ പ്രതികളിൽ ഭൂമിക്കവാറും ഇത്തരക്കാരാണ്. അപ്പോൾ തൊഴിൽദാനം ഇന്നു് ഒരു പുണ്യമാണ്. തൊഴിലില്ലായ്മ പരിഹരിക്കുക എന്നതാണ് ഇന്നത്തെ പ്രശ്നം. ഈ കാര്യത്തിൽ എന്തെങ്കിലും ആനുകൂല്യം കാണപ്പെടുന്നുണ്ടെങ്കിൽ അതു് സേവനസംഘടനകളിലാണ്. ശമ്പളം ആവശ്യമില്ലാത്തവർ സന്നദ്ധഭടന്മാരായി പ്രവർത്തിക്കുന്നതിന് ഈ സംഘം ഉതകുന്നു സേവനലോകത്തിൽ പ്രാമാണ്യം ക്രിസ്തുമതത്തിനാണെന്നു് പരക്കെ സമ്മതമാണല്ലോ. മററു മതസ്ഥരെ അപേക്ഷിച്ച് പുരോഹിതന്മാർ, മിഷ്യനറിമാർ മുതലായവരെ ശമ്പളത്തോടുകൂടിയും, അല്ലാതെയും പ്രവർത്തനമണ്ഡലത്തിൽ ചേർക്കപ്പെട്ടിട്ടുള്ളതു് പരിഗണനാർഹമാണ്. 'ദൈവരാജ്യത്തെയും, തന്റെ നീതിയേയും മുന്നമെ അന്വേഷിപ്പീൻ. എന്നാൽ ബാക്കിയൊക്കെയും നിങ്ങൾക്ക് ലഭിക്കും.' എന്നാണ് ക്രിസ്തു അരുളിച്ചെയ്തിരിക്കുന്നതു്. കൊയ്ത്തു വളരെയുണ്ടു്, വേലക്കാരോ ചുരുക്കം. എന്നതാണ് ക്രിസ്തീയലോകത്തിലെ സ്ഥിതി. ജോലി ചെയ്യാൻ സാദ്ധ്യമായിട്ടും ചെയ്യാത്ത മടിയന്മാർക്കു കാലാവസ്ഥ തന്നെ പ്രതികൂലമായിത്തീരുന്നതിനാ

ണ്. ശീതരാജ്യങ്ങളിൽ ഇപ്രകാരമുള്ളവർക്ക് ദേഹ
ത്തിലെ ചൂട് നഷ്ടപ്പെടുന്നതാണ്. തന്മൂലം ജീവഹാ
നിഭവിക്കുവാനും ഇടയുണ്ട്. സാമൂഹ്യജീവിതത്തിൽ
തൊഴിൽ പ്രത്യേകം പരിഗണനാർഹമായ ഒരു സംഗ
തിയാണ്. അവന്റെ സംസ്കാരത്തെയും, സ്വഭാവ
ത്തെയും അതു ബാധിക്കുന്നതാണ്. മററു രാജ്യങ്ങളെ
അപേക്ഷിച്ച് ഇൻഡ്യയിൽ ചില തൊഴിലുകൾ ചി
ല സമുദായത്തിന്റെ കുത്തകയായിട്ട് പരമ്പരാനുഗത
മായി അനുഭവിച്ചുവരുകയാണ്. അതുകൊണ്ട് പ്രസ്തുത
തൊഴിൽ വികസിക്കുന്നതിനോ, വൈദഗ്ദ്ധ്യത്തിനോ
പ്രയോജനപ്പെടുത്തുന്നതിനോ സൗകര്യമില്ലാതെ വന്നു
കൂടുന്നുണ്ട്. കാരണം അത് കുലധനമായും അതിന്റെ
ഭവിഷ്യത്തുകൾ അവരുടെ സംസ്കാരമായും കരുത
പ്പെടുന്നു. തന്മൂലം എന്തു ജോലിയും ചെയ്തു ജീവിക്കുവാൻ
ഇവിടെ പ്രയാസമായിത്തീരുന്നു. തൊഴിലുകളുടെ മേ
ന്മയെ ഉയർത്തുകയും, അവയുടെ നിർവ്വഹണം കൂടുതൽ
പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ് സാമൂ
ഹ്യസേവനത്തിന്റെ ഒരു ഉദ്ദേശം. ഇന്ന് തൊഴിലാളി
വർഗ്ഗങ്ങൾക്ക് വേണ്ട സാമൂഹ്യസേവനങ്ങൾ, സാമൂ
ഹ്യവിദ്യാഭ്യാസം, വ്യായാമസൗകര്യങ്ങൾ, ഗ്രന്ഥപാ
രായണം മുതലായവകളാണ്. രോഗികളുടെ ശുശ്രൂ
ഷ, പ്രസവകാലത്തു് അവധി. വയസ്സുകാലപെൻ
ഷ്യൻ മുതലായവ അവരുടെ ജോലിയുടെ സ്ഥിരതയെ
കാണിക്കുന്നു. ''ഓരോരുത്തനും അവനവന്റെ തൊഴി
ലിൽനിന്നു് ഉപജീവിക്കുക.'' (അനുഭവിക്കുക) കാര
ണം വേലക്കാരൻ തന്റെ കൂലിക്ക് അർഹനല്ലോ.

പാശ്ചാത്യരാജ്യങ്ങളിൽ കൂടുതൽ വിദ്യാഭ്യാസമു
ള്ളവരും, ഉൽകൃഷ്ടകുടുംബജാതരും തെരഞ്ഞെടുക്കുന്ന
ജോലി പൗരോഹിത്യമാണ്. സുവിശേഷജോലിയാ
ണ് ഏററവും മാന്യമായി അവർ കരുതുന്നത്. സമൂ

ദായത്തിൽ നാലാം തരക്കാരാണ് ഗവർമെൻറ് സർവ്വീസുകളിൽകയറുന്നതു്. കൃഷികച്ചവടം എന്നിവകളാണ് മദ്ധ്യവൎത്തികളുടെ ജോലികറം. പൊതുവെവൈദികവൃത്തി, നിയമവൃത്തി വൈദ്യവൃത്തി എന്നിവകളാണു് യഥാക്രമം ശ്രേഷ്ഠജോലികളായി കണക്കാക്കപ്പെടുന്നതു്. വൈദികവൃത്തി ഏററവും മാന്യവും, ലളിതവും, മാതൃകാപരവും ആയിരിക്കും. വൈദ്യവൃത്തി മററു നല്ല ആദായകരമായ തൊഴിലുകളേക്കാറം മനുഷ്യൻെറ ബുദ്ധിജീവിതത്തെ വികസിപ്പിക്കുവാൻ വളരെ പററിയതാണു്. ഉത്തരവാദിത്വങ്ങളും, വ്യക്തിപരമായി തീരുമാനങ്ങളെടുക്കേണ്ട ചുമതലയും, ഉള്ള ഉയർന്ന പദവിയിലുള്ള സൈനികസേവനത്തിലുള്ളവർക്കു് നിസ്സംശയമായും മാനസീക കഴിവുകളെ വികസിപ്പിക്കുന്നതിനും മൻഷ്യത്വപരമായ സ്വഭാവരൂപീകരണത്തിനും, അതു് ബുദ്ധിജീവിതത്തിൽ വളരെ പ്രയോജനപ്പെടുത്തുന്നതിനും ഏററവും ഒരു ശാസ്ത്രീയ മനുഷ്യനെപ്പോലെ നിയന്ത്രണാധീനനാകുന്നതിനും, അവൻെറ പരിചയങ്ങളും അവനെ പഠിപ്പിക്കുന്നു. (നിർമ്മലവും പ്രയാസം കുറഞ്ഞതുമായ) ഒരു ജോലിയുടെ ഉദ്ദേശം അറിവിനെയും കഴിവിനെയും ആദായകരമായി വ്യയം ചെയ്യുകയാകുന്നു. വിദഗ്ദ്ധന്മാരും സംസ്ക്കാരസമ്പന്നരുമായവർ ജോലിയിൽ പ്രവേശിക്കുന്നതിൻെറ ഉദ്ദേശം, ജോലിക്കുവേണ്ടിയല്ല, പിന്നയോ അറിവു വൎദ്ധിപ്പിക്കുന്നതിനും, അതു് കൂടുതൽ പ്രായോഗികമാക്കി മനസ്സിലാക്കുന്നതിനും, അഥവാ അപ്രകാരമുള്ള ഉന്നതലക്ഷ്യത്തിനുവേണ്ടി പ്രവൎത്തിക്കുന്നതിനുമാകുന്നു. യാന്ത്രികമെന്നപോലെ നിത്യതൊഴിലിൽ ഏർപ്പെടുന്നതു് സാധാരണക്കാരൻെറ ആരോഗ്യത്തിനും, താല്പര്യത്തിനും, ബുദ്ധിവികാസത്തിനും ഉതകുന്നതാകയാൽ, കൃത്യനിർവ്വഹണം വിശ്വസ്തതയോടിരിക്കേണ്ട

താണ്. 3 ജോലികളാണ് മററു ജോലികളേക്കാഠ പൂർണ്ണമായും അഴിമതികളും ദൂഷ്യങ്ങളും ഇല്ലാത്തത്. അവർ, വസ്തുഉടമകഠ (കർഷകൻ), ഭടൻ, പുരോഹിതൻ എന്നിവരാണ്. അവരുടെ ജോലി പൂർണ്ണമായും വളരെ പാവനമായും സൂക്ഷിക്കാവുന്നതാണ്, എഴുത്തു പണി മററുള്ളതിനേക്കാളൊക്കെ സന്മാർഗ്ഗമായിട്ടുള്ള ഒന്നാണ്. ഭാരതത്തിലെ പുരാതന തൊഴിലുകഠ കാലിസംരക്ഷണവും കൃഷിയുമാണ്, പിന്നീട് കച്ചവടവും ചിലരുടെ തൊഴിലായിത്തീർന്നു. കൃഷി പാവനവും മനഃശുദ്ധിയ്ക്കു്നിദാനവും ദീർഘായുസ്സിനു് പര്യാപ്തവുമാകുന്നു. കൃഷിക്കാരൻ പ്രകൃതിനിരീക്ഷണം ചെയ്യുവാൻ പ്രാപ്തനും, പ്രകൃതിദേവിയുടെ അനുഗ്രഹത്തിനു് പാത്രവാനും ആയിത്തീരുന്നു, മുൻകാലങ്ങളിൽപ്രകൃതിയെ ജനങ്ങഠ ആരാധിച്ചുവന്നതു് ഇക്കാരണം കൊണ്ടാണ്. ശരിയായ കർഷകൻ ഒരു സൽഗ്ഗുണസമ്പന്നനായിരിക്കും. കവികളും ദേവന്മാരും അവരെ പുകഴ്ത്തിപ്പറയുന്നു. ആനന്ദകരമായ പറുദീസ്സായിൽ സുഖമായിത്താമസിച്ച് പ്രകൃതിദത്തമായ അനുഗ്രഹങ്ങഠ കിട്ടിയതിൽനിന്നു്മനുഷ്യനെ പുറത്താക്കിയപ്പോഠ ദൈവം ദയതോന്നി കല്പിച്ച ഒന്നാണു്, അദ്ധ്വാനം ഹേതുവായി തദ്പദവിയെ പ്രാപിക്കുക എന്നു്. മനുഷ്യൻ കൃഷിസംബന്ധമായി പുരോഗമിക്കേണ്ടതു് മനുഷ്യജാതിക്കു് ആവശ്യമാണ്. അല്ലയോ കർഷകാ? നീ ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടവനാകുന്നു. നിന്റെ കൃഷി നിന്നെ സൽഗ്ഗുണസമ്പന്നനാക്കിത്തീക്കുന്നു. നിന്നെ മോക്ഷത്തിലെത്തിക്കുന്നു. ആ സസ്യലതാദികഠ പ്രകൃതിദേവി മുഖാന്തിരം പ്രാത്ഥിക്കും. ''ഒരു വൃക്ഷം നട്ടുന്നവൻ പത്തുപുത്രന്മാരുടെ പിതാവാകുന്നു'' എന്നാണ്പുരാണവാക്യം, വൃക്ഷങ്ങളിൽ മൂന്നിലൊന്നു് നശിച്ചാൽ ലോകം മുഴുവൻ നശിക്കുമെന്നു് തുടർന്നു് പറയു

ന്നു. കൃഷിനശിച്ചാൽ ക്ഷാമവും ദാരിദ്ര്യവും നാടെങ്ങും നിറയും. കൃഷി മുഴുവൻ നശിച്ചാൽ മനുഷ്യവർഗ്ഗവും മൃഗങ്ങളും മുഴുവൻ നശിക്കും. കർഷകനില്ലെങ്കിൽ വാണിജ്യമോ, വ്യവസായമോ, ഗവർമെൻേറാ ഒന്നുമില്ല. രാജ്യത്തിലെ രക്തസിരകളാണു് കർഷകർ. കർഷകൻെറ ക്ഷേമം നാട്ടിൻെറ ക്ഷേമം, ലോകത്തിൽ ആദ്യമുണ്ടായ തൊഴിൽ തോട്ടം കാക്കുകയും, അതിനെ നനയ്ക്കുകയും ശുശ്രൂഷിക്കുകയും(gardening)ചെയ്യുന്ന ജോലിയായിരുന്നു. പിന്നീട്ടു് തുണി നെയ്ത്തും തയ്യലും, ക്രമേണ കൃഷിയും കന്നുകാലിവളർത്തലും, കച്ചവടവും—ഇങ്ങനെയാണു് മനുഷ്യൻ പുരോഗമിച്ചുവന്നതു്. ആളുകളുടെ ബഹുത്വത്തിൽ ഓരോ ജോലികൾ ഓരോരുത്തർ സ്വീകരിക്കുകയും സാമൂഹ്യമായി നിർവഹിക്കുന്നതു് സൗകര്യപ്രദവും, പ്രയോജനകരമായിത്തീരുകയും ചെയ്തു. കാലക്രമത്തിൽ മനുഷ്യൻെറ കഴിവുകൾ ചിലകാര്യങ്ങളിൽ കേന്ദ്രീകരിക്കപ്പെടുകയും, അപ്രകാരം വിവിധ ജോലിക്കാർ സാമൂഹ്യജീവിതത്തിനു് അത്യന്താപേക്ഷിതമായിത്തീരുകയും ചെയ്തു. ഓരോ തൊഴിലിലും ഏർപ്പെട്ടവർ ആയതിൽ വിദഗ്ദ്ധരായിത്തീരുകയും, അതു് ഉപജീവനമാർഗ്ഗമായി കരുതപ്പെടുകയും ചെയ്തുതുടങ്ങി. ഇന്നു് സാമൂഹ്യസേവനം ഒരു തൊഴിലായിത്തീൎന്നെങ്കിൽ അന്നു് തൊഴിൽ ഒരു സാമൂഹ്യസേവനമായിരുന്നു.

## 7. ആഹാരക്രമം.

സർവ്വജന മൈത്രിയെ സ്ഥാപിക്കുന്നതിനു് സിക്കമതോപദേശത്തിൽ പെട്ടതാണു് ധർമ്മഭക്ഷണശാലാപ്രസ്ഥാനം. അന്യോന്യം സാരിക്കുന്നതുകൊണ്ടുതന്നെ രണ്ടുപേരുടെ മനസ്സുതമ്മിൽ എത്രമാത്രം സൗഹാർദ്ദം വർദ്ധിക്കും. സകലർക്കും ധനവാന്മാരായി ജനിക്കുവാൻ സാധിക്കുന്നതല്ല, എന്നാൽ ഭക്ഷണം ഒഴിച്ചുകൂട

വാൻ പാടുള്ളതല്ല. അതുകൊണ്ടു് സകലരും ധർമ്മഭക്ഷണശാലയിൽ മററു സാധുക്കളോടൊരുമിച്ച് ഭക്ഷണം കഴിക്കണമെന്നു് ഗുരുനാനാക്കു് ഉപദേശിച്ചിരിക്കുന്നു. "നല്ലഭക്ഷണം രാജാവിനെയും ഭിക്ഷുവിനെയും ഒരുപോലെ ആനന്ദിപ്പിക്കുന്നു." എന്നാണു് പഴഞ്ചൊല്ല്. ആഹാരശുദ്ധികൊണ്ടു് സത്വശുദ്ധിയും, സത്വശുദ്ധികൊണ്ടു് ബുദ്ധി നിർമ്മലവും നിശ്ചിതവും ആയിത്തീരുന്നു. രണ്ടുവർഷം ഒരുമനുഷ്യൻ സാത്വികാഹാരം മാത്രം കഴിച്ചാൽ അവന്റെ കുബുദ്ധി നശിക്കുകയും ദൈവതേജസ്സ് ഉണ്ടാകുകയും ചെയ്യും. വൃത്തിയുള്ളതും രസയുക്തവും ലഘുവും മധുരവുമായ ആഹാരമാണു് സാത്വികാഹാരം (അരി, ഗോതമ്പ്, പാല്, നെയ്യ്. പഞ്ചസാര, പയർ, പാകംവന്ന ഫലങ്ങൾ) ഇപ്രകാരം ഭക്ഷണവും, ബുദ്ധിയും തമ്മിൽ സംബന്ധമുണ്ടു്. മണ്ണു് പെണ്ണു്, പൊരുൾ, ഭക്ഷണം മുതലായ പ്രപഞ്ചസാധനങ്ങളിൽ മനുഷ്യനു് ആഗ്രഹസമ്പൂർത്തി വരുന്നില്ല. "സന്യാസികൾ മെലിഞ്ഞിരിക്കണം, നാൽക്കാലികൾ മിനുത്തിരിക്കണം. പുരുഷന്മാർ ജ്ഞാനികളായിരിക്കണം, സ്ത്രീകൾ വിവാഹം കഴിച്ചിരിക്കണം, അപ്പോഴാണവർക്കെല്ലാം സൗന്ദര്യം എന്നു് ഒരു പഴമൊഴി ബർമ്മയിലുണ്ടു്. പ്രശാന്തവും, ആരോഗ്യപൂർണ്ണവുമായ മഹജ്ജീവിതത്തെ നയിക്കുവാൻ ആഗ്രഹമുള്ളവർക്കു് പക്വാഹാരം ഫലപ്രദമാണു്. മഹർഷികളുടെ ഭക്ഷണമാണിതു്. കിഴക്കു് മുഖമായിരുന്നു് ആഹാരം കഴിക്കുന്നതു് ദീർഘായുസ്സിനെ ഉണ്ടാക്കും. കീർത്തിയാഗ്രഹിക്കുന്നവർ തെക്കു് നോക്കിയാണിരിക്കേണ്ടതു്. പടിഞ്ഞാറോട്ടു് നോക്കിയിരുന്നു് ഭക്ഷണം കഴിക്കുന്നതിൽ ധനലാഭമെന്നു് ഫലം. വടക്കു് നോക്കിയുള്ളതു് സത്യബോധമുണ്ടാകുവാൻ നല്ലതാണു്" എന്നെല്ലാം ആയുർവ്വേദത്തിൽ വിധിച്ചിരിക്കുന്നു. 'ഷഡ്വ

ൻെറ സ്വഭാവം അവൻെറ ഭക്ഷണത്തിനനുസരിച്ചിരിക്കും, (As a man eateth, so he becometh) എന്നു് ഇൻഡ്യയിൽ ഒരു ചൊല്ലുണ്ടു്. ആഹാരക്രമം മനുഷ്യജീവിതത്തേയും സ്വഭാവത്തേയും ബാധിക്കുന്നുവെന്നു് മേല്പറഞ്ഞതിൽ നിന്നും വ്യക്തമായല്ലോ. കൂടാതെ ഓരോ മതക്കാരും ഓരോ ദേശക്കാരും, ഓരോ തരം ഭക്ഷണരീതി സ്വീകരിച്ചു വരുന്നതായും കണ്ടുവരുന്നു. അതു് സാമ്പത്തികത്തെയും ദേശകാലാവസ്ഥകളെയും ആശ്രയിച്ചിരിക്കുമെങ്കിലും, സാംസ്ക്കാരികമായി മനുഷ്യസ്വഭാവത്തെ സ്പർശിക്കുന്നുണ്ടു്. വീഞ്ഞു് ഉപയോഗിച്ചാൽ തലച്ചോറിനെ പോഷിപ്പിക്കുകയും മനുഷ്യൻ ഫലിതപ്രിയനാകുകയും ചെയ്യും. കവികൾ അതിനെ വാഴ്ത്തുന്നു. പക്വഫലങ്ങളും, വീഞ്ഞും, പുഷ്പത്തിൻെറ സൗരഭ്യവും, പ്രകൃതിയുടെ ആത്മാവിൽക്കൂടി നമുക്കു് രഹസ്യവിചാരങ്ങളെയും, നിർദ്ദേശങ്ങളെയും തരികയും, നമ്മുടെ വികാരങ്ങളെ കാര്യമായി സ്പർശിക്കുന്ന ഒരവസ്ഥയിലേക്കു നയിക്കുകയും ചെയ്യുന്നു. ഇതു് എപ്രകാരം സംഭവിക്കുന്നു എന്നുള്ളതു് നമ്മുടെ അത്ഭുതസ്വരൂപത്തിൻെറ വിസ്മയകരമായ ഒരു സംഗതിയാണു്. മദ്യം സേവിക്കുന്നവരെ അസാന്മാർഗ്ഗികളായി ലോകം വിധിക്കുന്നു. അവർ കാട്ടിക്കൂട്ടുന്ന വ്യതിയാനങ്ങൾ അവൻെറ സംസ്ക്കാരത്തെ നശിപ്പിക്കുന്നു. ശുചിയായും ശുദ്ധമായും ഉപയോഗിക്കുന്നതു് ആരോഗ്യത്തിനുതകുന്നതുപോലെ ഭക്ഷണസാധനങ്ങളുടെ ഇനവും പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ടു്. മാംസാഹാരത്തിൽ ഇന്നയിന്നവ ഉപയോഗിക്കാമെന്നും, ഇന്നയിന്നതു് ഉപയോഗിക്കരുതെന്നും മിക്ക മതഗ്രന്ഥങ്ങളിലും പ്രതിപാദിച്ചിട്ടുണ്ടു്. ഹിന്ദുക്കൾ പൊതുവെ സസ്യഭക്ഷകരും, മുസ്ലീങ്ങൾ മാംസഭക്ഷകരും ആയി അറിയപ്പെടുന്നു. അവരുടെ സ്വഭാവവും

സംസ്ക്കാരവും അതനുസരിച്ച് ഭേദപ്പെട്ടിട്ടുണ്ടെന്നും മനസ്സിലാക്കാം, വിശന്നു വലയുന്ന ഒരുവൻ ഏതുപാപവും ചെയ്യും. ഒരു അശക്ത മനുഷ്യന് ദയയെന്നതു് ഉണ്ടായിരിക്കയില്ല. അതുകൊണ്ടു് ആഹാരം സുലഭമായി കിട്ടാത്ത ദരിദ്രരെ ഉയർത്തുക എന്നതാണു് സാമൂഹ്യപ്രശ്നം. അതു ഒരുവിധത്തിൽ സാമൂഹ്യസേവനം മാത്രമാണെങ്കിലും അതിന്റെ ഭവിഷ്യത്തുകൾ ആത്മീയസൗഭാഗ്യത്തിനും ഇടയാകുന്നു. ആഹാരം ആകാരത്തെ വ്യത്യാസപ്പെടുത്താം. രൂപം അഥവാ പ്രകൃതം നിലനിറുത്തുന്നതു് ആഹാരനീഹാരാദികളെക്കൊണ്ടും, ആരോഗ്യത്താൽ സുഖക്കേടിനെ മാററുന്നതുകൊണ്ടും അത്രേ. (Complexion) സ്വരൂപം, കുടുംബപരമായി നിലനിറുത്തുന്നതു് രക്തംവഴിക്കും, ആയതു് ആ കുടുംബക്കാരുടെ പ്രത്യേകരീതിയിലുള്ളഭക്ഷണസമ്പ്രദായം കൊണ്ടുമാണു്. ''വിശക്കുന്നവനു് അപ്പം കൊടുക്കയും, ദാഹിക്കുന്നവനു് തണുത്തവെള്ളം കൊടുക്കുകയും ചെയ്യുന്നതു്.'' ഒരു വലിയ മനോഗുണപ്രവൃത്തിയാണു്. എന്നാൽ നീതിമാന്റെ മക്കൾ അപ്പം യാചിക്കേണ്ടി വരികയില്ല എന്നും ഓക്കണം.

ഭക്ഷണം ഇരന്നുകൊണ്ടു് ഒരാൾ മുററത്തു നിൽക്കുന്ന സമയത്തു് അവനു കൊടുക്കാതെ ഞാൻ വീടിനുള്ളിലിരുന്നുകൊണ്ടു് ഭക്ഷിക്കുന്നപക്ഷം ആ ഭക്ഷണം അമൃതമായാൽക്കൂടി ഭക്ഷണമല്ല, വെറും വിഷം മാത്രമാണു്. ഞാൻ എന്റെ പാപമാണു് ഭക്ഷിക്കുന്നതു്. (കുറൾ.)

## 9. മതം.

ക്രിസ്തു പഠിപ്പിച്ച ഒരു പ്രധാന സംഗതി 'അന്യോന്യം സ്നേഹത്താൽ സേവിപ്പീൻ' എന്നാണു്. എല്ലാ മതങ്ങളും മനുഷ്യസേവനത്തിനു പ്രാധാന്യം കൊടുത്തിട്ടുണ്ടു്. അതുകൊണ്ടു് മതസംസ്ക്കാരമാണു് ഇന്നു

കൂടുതൽ വ്യാപകമായും സുശക്തമായും കാണുന്നതു്. ഏതായാലും ഹിന്ദുമതം പലതരത്തിലും വിവിധസംസ്ക്കാരങ്ങളെ പുലർത്തുന്നുണ്ടു്. കാരണം സാമൂഹ്യജീവിതത്തെ നിയന്ത്രിക്കുന്നതിനു് മതം വേണ്ട കരുതലുകഠം ചെയ്യുവരുന്നു. മതമില്ലാത്ത സ്ഥലങ്ങളിൽ സംസ്ക്കാരം പ്രായേണ ശൂന്യമായിരിക്കും. 'തന്നെപ്പോലെ തന്നെ തൻെറ അയൽക്കാരനെയും കാണുക എന്നതാണു് അതിപ്രധാനമായ സാമൂഹ്യസംസ്ക്കാരസംഗ്രഹം. ക്രിസ്തുമതം വിവിധ വിശ്വാസപ്രമാണങ്ങളിൽ അധിഷ്ഠിതവും, ഹിന്ദുമതം ധർമ്മങ്ങളിൽ മാത്രം പ്രതിഷ്ഠിതവും മററു മതങ്ങഠം സ്ഥാപകന്മാരുടെ ഉപദേശങ്ങളിൽ അടിയുറച്ചുമായാണു് കാണുന്നതു്. മതം, നിയമം, കർത്തവ്യകർമ്മം, സത്ക്കർമ്മം, അവകാശം, അധികാരം, സ്വഭാവം, ഗുണം, ആചാരം, അനുഷ്ഠാനം എന്നിങ്ങനെ അനേക അർത്ഥങ്ങളിൽ ഉപയോഗിക്കുന്ന പദമാണു് ധർമ്മം.

മതങ്ങളെക്കുറിച്ചു് വിശാലമനസ്ഥിതിയോടുകൂടി പഠിക്കുന്നവർ പറയുന്നതു് മതസാരം ഒന്നാണു് എന്നാണു്. അപ്പോഠം ഉദിക്കുന്ന ചോദ്യം, പിന്നെന്തിനു് ഈ വിവിധമതങ്ങഠം? വാസ്തവത്തിൽ ലോകത്തിൽ ഒരു മതമേ ആവശ്യമുള്ളു. എല്ലാ മതങ്ങളും പ്രായോഗികമാക്കി ജീവിക്കുവാൻ ഒരു മനുഷ്യനെക്കൊണ്ടും സാധിച്ചിട്ടില്ല എന്നാൽ അവരവരുടെ മതം മാത്രം അഭ്യസിച്ചു ജീവിക്കുവാൻ ഓരോരുത്തരെക്കൊണ്ടും സാധിക്കാവുന്നതാണു്. അപ്രകാരം മഹാത്മാഗന്ധി തൻെറ മതത്തിൽ അടിയുറച്ചു് ജീവിക്കുവാൻ ശ്രമിക്കുകമാത്രം ചെയ്തു, താൻ ഒരു മതവും സ്ഥാപിച്ചിട്ടില്ലായെങ്കിലും തന്നെ അവതാരപുരുഷനായി ഗണിക്കുന്നവർ ഉണ്ടു്. അതുകൊണ്ടു നാം മനസ്സിലാക്കേണ്ടതു് മതങ്ങളെല്ലാം പരിപൂർണ്ണമായി ത്തീരണമെങ്കിൽ അവയെ പ്രായോ

ഗികജീവിതത്തിൽ നാം അനുഭവമാക്കണം. മതങ്ങൾ വിവിധ രീതിയിലാകയാൽ ചിലതിന് ചില കുറവുകൾ കാണാനും ഇടയുണ്ടല്ലോ. അങ്ങിനെ കുറവുണ്ടോയെന്ന് അറിയണമെങ്കിൽ ആ മതത്തിൽ നമുക്ക ശരിയായ പരിജ്ഞാനമുണ്ടായിരിക്കണം. ശ്രീ.വിവേകാനന്ദസ്വാമികൾ ഹിന്ദുമതത്തിലുള്ള ദാഹം തീർക്കാൻ ക്രിസ്തുമതഗ്രന്ഥം ആവശ്യമാണെന്ന് സിദ്ധാന്തിച്ചു. എല്ലാ മതങ്ങളും, ഒരു തരത്തിൽ അല്ലെങ്കിൽ മററൊരുതരത്തിൽ നമ്മെ നേർവഴിയിലേക്ക് നയിക്കുകയാണ് ചെയ്യുന്നത്. കൂടാതെ നമ്മുടെ ലക്ഷ്യത്തിലേക്കു് പ്രയാണം ചെയ്യാനുള്ള വഴി അനന്തമായിരിക്കാനിടയില്ലല്ലോ. ദാഹം തീർപ്പാൻ വെള്ളം പര്യാപ്തമാകാഞ്ഞാൽ മററൊന്ന് നാം ഉപയോഗിച്ച് ദാഹശമനം വരുത്തുന്നതുപോലെ നമ്മുടെ മതമാകുന്ന മാർഗ്ഗം മോക്ഷലക്ഷ്യത്തിന് പര്യാപ്തമെന്ന് അതിൽ കൂടി പ്രയാണം ചെയ്യുമ്പോൾ മനസ്സിലാകും. അതുകൊണ്ട് എല്ലാമതങ്ങളെപ്പററിയും സാമാന്യജ്ഞാനം ഉണ്ടായിരിക്കുന്നത് നല്ലതാണ്. തത്വജ്ഞാനമതത്തെക്കാൾ സ്ഥാപകമതങ്ങളാണ് കൂടുതൽ അഭികാമ്യവും പ്രായോഗികവും ആയിട്ടുള്ളത്. ക്രിസ്തുമതത്തിന് രണ്ട് ഭാഗങ്ങൾ ഉണ്ട് പഴയനിയമവും പുതിയ നിയമവും. ഒന്ന് നിഴൽ മററത് പൊരുൾ. കൂടാതെ ക്രിസ്തുമതം പുരാഗമനപരമാണെന്ന് തെളിയിക്കുന്നു. ക്രിസ്തുമതത്തിന് കിട്ടിയ സ്വാധീനവും അതുകൊണ്ട തന്നെയാണ്. ഇതരമതങ്ങളെല്ലാം ദൈവപ്രസാദത്തെയാണ് ആഗ്രഹിക്കുന്നത്. അതായത് യജമാനനും ദാസനും തമ്മിലുള്ള ബന്ധമാണ് ദൈവവും മനുഷ്യനുമായുള്ള ബന്ധം ദ്യോതിപ്പിക്കുന്നത്. എന്നാൽ ക്രിസ്തുമതസംഹിത സ്പഷ്ടമാക്കുന്നത് ക്രിസ്തുവിനോട കൂടിയുള്ള ജീവിതത്തെയാണ്. അതായതു രണ്ട സ്നേഹിതന്മാർ

തമ്മിലുള്ള സ്നേഹജീവിതമാണാഗ്രഹിക്കുന്നതു്. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ആദർശങ്ങൾ പലർത്തുന്നതിനു് സാധിക്കുന്നു. 'നിൻെറ രാജ്യത്തിൽ പ്രവേശിക്കുമ്പോൾ എന്നെയും ഓർത്തുകൊള്ളണമെ!' എന്നു് വലത്തുഭാഗത്തെ കള്ളൻ കർത്താവിനോടു് അപേക്ഷിച്ചു. ക്രിസ്തുവിൻെറ മറുപടി 'ഇന്നു് നീ എന്നോടുകൂടെ പറുദീസ്സായിൽ ഇരിക്കും എന്നാണു്' കൂടാതെ, വി. കുർബ്ബാനവഴിയായി ക്രിസ്ത്യാനികൾ ക്രിസ്തുവിൻെറ തിരുശരീരരക്തങ്ങളെ അനുഭവിക്കുന്നതുമൂലം, താൻ നമ്മിലും നാം അവനിലും ആയിത്തീരുന്നു. ഹിന്ദുമതം ഒഴിച്ചുള്ളതെല്ലാം ഓരോരുത്തരുടെ ജീവിതത്തെ ആസ്പദമാക്കിയാണു് പഠിപ്പിച്ചുവരുന്നതു്. അവരെല്ലാം വിശ്വമഹാന്മാരായിരുന്നു. അവരെ ആരാധിക്കുക എന്നതു് വീരാരാധനയെന്നതിൽ കൂടുതലായല്ല അവരിലുള്ള ആരാധ്യമായ ഗുണം അവരവരുടെ മതത്തെ പ്രായോഗത്തിൽ കാണിച്ചു് എന്നതു്മാത്രമാണു്. ഉദാഹരണമായി ശ്രീബുദ്ധൻ ഹിന്ദുമതത്തെ ഉദ്ധരിച്ചു് ബുദ്ധമതം സ്ഥാപിച്ചു. മതങ്ങളെല്ലാം രണ്ടുചേരിയിൽ ഉൾപ്പെടുന്നു. വിഗ്രഹാരാധനാമതവും അല്ലാത്തവയു, ഇതിൽ രണ്ടാമത്തേതു് ആദ്യത്തേതിനെ എതിർക്കുന്നു. ഹിന്ദുമതം അനുശാസിക്കുന്നതു് അവനവൻെറ പ്രവൃത്തികളുടെ ഫലം അവരവർ തന്നെ അനുഭവിക്കും എന്നാണു്. വാല്മീകി കള്ളനായിരുന്നപ്പോൾ തൻെറ പാപപ്രവൃത്തിയുടെ ഫലത്തിൽ കുടുംബാംഗങ്ങൾ പങ്കു വഹിക്കയില്ലായെന്നറിഞ്ഞാണല്ലോ സന്യാസം സ്വീകരിച്ചതു് എന്നാൽ ക്രിസ്തുമതഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നതു്. കർത്താവായ യേശുവിൽ വിശ്വസിക്ക, എന്നാൽ നീയും നിൻെറ കുടുംബവും രക്ഷപ്രാപിക്കും എന്നാണു്. നമ്മുടെ കുടുംബത്തിലെ അംഗങ്ങൾ തെററിയാൽ, നാം ന്യായവിധി ദിവ

സത്തിൽ ഉത്തരം പറയേണ്ടിവരുന്നുവല്ലോ. ഇതിൽ നിന്നും നമ്മുടെ സാമൂഹ്യജീവിത ചുമതല മനസ്സിലാക്കുക. സോദോമും ഗോമാറായും നശിപ്പിക്കാതിരിപ്പാൻ പത്തു് നീതിമാന്മാരെങ്കിലു മതിയായിരുന്നു. പത്തു് നീതിമാന്മാരുണ്ടായിരുന്നെങ്കിൽ മററു് ദുഷ്ടന്മാരും രക്ഷപെടുമായിരുന്നല്ലോ. ദൈവത്തിൻെറ സൗജന്യത്തിൻെറ അനന്തത!! ഏതായാലും മതസംസ്ക്കാരങ്ങൾ വിഭിന്നങ്ങളാണെന്നു് മേൽ വിവരിച്ചതിൽ നിന്നു് വ്യക്തമായല്ലോ. അതുകൊണ്ടു് സാമഹ്യജീവിവിതബന്ധങ്ങളും അതിനനുസരിച്ചു് വ്യത്യസ്ഥമാണെന്നു് സമത്ഥിക്കാം. അതിനാൽ മനുഷ്യജീവിതത്തെ പൊതുവെ സ്പർശിക്കുന്ന ഒരു കാര്യമാണിതു്. നമ്മുടെ ജീവിതം ഏതാണ്ടു് നമ്മുടെ മതപഠനത്തിൻെറ നിദർശനമായിരിക്കും. ഹിന്ദുമതസ്ഥരുടെ സ്വഭാവങ്ങൾ അവരുടെ ദേവന്മാരുടെയും ഋഷികളുടെയും പോലെ പൊതുവെ ആയിരിക്കാനിടയുണ്ടു്. ദുർവ്വാസാവിനെപ്പോലെ ക്ഷിപ്രകോപികളും, ക്ഷിപ്രപ്രസാദകരും അവരുടെയിടയിലുണ്ടു്. കൂടാതെ ശ്രീകൃഷ്ണനെപ്പോലെ കൂടുതൽ ഭാര്യമാരുള്ളവരെയും കണ്ടേക്കാം, ഇപ്രകാരം ഉള്ള പ്രതിഫലനം മററു മതസ്ഥരിലും ഉണ്ടാകും. ഇങ്ങനെ നമ്മുടെ ജീവിതരീതി, മതസംസ്ക്കാരത്തിൻെറ ഒരു പ്രതീകമാണു്, എല്ലാ മതത്തിലും പറയുന്നതു് മനുഷ്യർ എല്ലാം സഹോദരങ്ങളാണെന്നും, അന്യോന്യം സഹായിക്കണമെന്നുമാണു്. മനുഷ്യർ എല്ലാവരും സഹോദരന്മാരായിക്കഴിയണം, അന്യോന്യം സഹായിക്കണം എന്നൊക്കെയാണു് എല്ലാ മതങ്ങളും അനുശാസിക്കുന്നതു് നരകത്തിലാണു് ജനങ്ങൾക്കു് സാർവ്വത്രികമായ സ്നേഹവും സഹാനുഭൂതിയും ആവശ്യമായിരിക്കുന്നതു്. അതുകൊണ്ടു് ആണു് മരിച്ചവൎക്കുവേണ്ടി പ്രാത്ഥനകളും മററും മതങ്ങൾ അനുശാസിക്കുന്നതു്.

## 10. മര്യാദക്രമങ്ങൾ

''ഒരു ജീവകാരുണ്യപ്രവൃത്തി ദൈവത്തിന്റെ മുമ്പാകെ അനേകം പാപങ്ങളെ ആഛാദനം ചെയ്യുന്നു. അതുപോലെ തന്നെ മര്യാദ മനുഷ്യരുടെ മുമ്പാകെയും— ഗ്രീവിൽ.

മര്യാദ മനുഷ്യനെ മെടഞ്ഞുണ്ടാക്കുന്നു എന്നാണ് പ്രമാണം (manners that make man) മര്യാദ എന്നതു് മൃഗങ്ങളെയും, മററു സൃഷ്ടികളെയും അപേക്ഷിച്ച് മനുഷ്യനു് മാത്രമുള്ള ഒരു ഗുണമാണു്. മര്യാദ എന്നതു് സംസ്കാരമുള്ളവരുടെ ഗുണമാണു്. സമൂഹത്തിലാണു് മര്യാദയ്ക്കു് അതിപ്രധാനസ്ഥാനം. ലോകത്തിലെ ജനസംഖ്യ 350 കോടിയാണു്. അവർക്കെല്ലാം ഒരുപോലെ ജീവിക്കുവാൻ; വേണ്ട സൗകര്യങ്ങൾ ലോകത്തിൽ പര്യാപ്തമെന്നു് സങ്കൽപ്പിക്കുവാൻ സാദ്ധ്യമല്ല. കാരണം ജനസംഖ്യാ വർദ്ധനവനുസരിച്ച് പ്രകൃതി വികസിക്കുന്നില്ലായെന്നുള്ളതാണു്. എന്നാൽ ഉള്ളതുകൊണ്ടു ഓണംപോലെ' ആഘോഷിക്കുവാൻ വിട്ടുവീഴ്ചയും സൗജന്യമനഃസ്ഥിതിയുംകൊണ്ടു് മര്യാദയായി ജീവിക്കുക. ഇപ്രകാരം വ്യക്തിസൗകര്യങ്ങളെ സാമൂഹ്യലക്ഷ്യത്തിലേക്കു് ബലികഴിക്കുന്നതു മര്യാദവഴിയായിട്ടാണു്. മര്യാദയില്ലാത്തവരെ അക്രമികൾ എന്നു പറയുന്നു 'വിവേകം, സൗമ്യത, അനുസരണം, വിനയം എന്നീ ഗുണങ്ങളുടെ മനോഹരമായൊരു സങ്കലനമാണു് മര്യാദ. വാക്കിലും പ്രവൃത്തിയിലും ഒരുപോലെ അതു് വ്യാപിച്ചുനിൽക്കുന്നു.' എന്നു എവർമോണ്ടു് എന്ന മഹാൻ പറഞ്ഞിരിക്കുന്നു. മര്യാദയുള്ളവനെ എല്ലാവരും ബഹുമാനിക്കുന്നു. എല്ലാവരുടെയും ഉത്തരവാദിത്വത്തേയും, സമത്വത്തേയും നാം അവിടെ ദർശിക്കുന്നു. ജീവിതത്തിലെ സുന്ദരത്വം ദർശിക്കുന്ന

ത്തു് മര്യാദയിലാണു്. ഇപ്രകാരം സാമൂഹ്യനന്മകളെ ഒരുപോലെ പങ്കിട്ടെടുക്കുന്നതിന്നു് സാമുദായികമര്യാദകൾ പലതുമുണ്ടു്. അവ നാം ആചരിക്കുന്നതുകൊണ്ടു് നാം അന്യോന്യം സേവനമനുഷ്ഠിക്കുകകൂടി ചെയ്യുന്നു. നമ്മുടെ എല്ലാ കാര്യത്തിലും ഈ മര്യാദ നാം പ്രയോഗിക്കണം. എങ്കിൽ മാത്രമേ നമുക്കു് സാമൂഹ്യമായി പുരോഗമിക്കുവാൻ സാധിക്കുകയുള്ളു. അർഹതയുള്ളവരെ ആദരിക്കുക, വേണ്ടതു് വേണ്ടപോലെ ചെയ്യുക, ക്രമീകരണംകൊണ്ടു് അസൗകര്യം ഇല്ലാതാക്കുക, സത്യദീക്ഷ, പരോപദ്രവം ചെയ്യാതിരിക്കുക മുതലായ ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കിയായിരിക്കും മര്യാദക്രമം നാം കൈക്കൊള്ളുന്നതു്. എന്തെല്ലാം ഗുണങ്ങൾ നാം ആർജ്ജിച്ചാലും, മര്യാദയില്ലാഞ്ഞാൽ നാം സ്വാർത്ഥന്മാരും, ദ്വേഷികളുമായിത്തീരുകയേ ഉള്ളു. വിശാലമനസ്കരിൽനിന്നും മഹാശയന്മാരിൽനിന്നുമേ അതിന്റെ അമിതപ്രവാഹം ദർശിക്കുവാൻ സാദ്ധ്യതയുള്ളു.

ഇന്നു ലോകസേവനത്തിനു പുറപ്പെട്ടവർ ഈ മര്യാദക്രമം അനുഷ്ഠിക്കപ്പെടുവാൻ ശ്രമിക്കുന്നുവെങ്കിൽ അതിൽകൂടിയ സാമൂഹ്യസേവനം മറ്റൊന്നില്ല. ക്രിസ്തുവിന്റെ ജീവചരിത്രത്തിൽ ഒരു നല്ല യൗവ്വനക്കാരനോടു് കർത്താവു പറയുന്നു. ''നീ നിന്റെ ധനംമെല്ലാം വിററു് ദരിദ്രർക്കുകൊടുത്തെങ്കിൽ മാത്രമേ രക്ഷപെടുകയുള്ളു ന്യായപ്രമാണങ്ങളാചരിച്ചാലും ഈ കുറവു നിനക്കുണ്ടു്'' എന്നു്. അതു കേവലം ഒരു മര്യാദ മാത്രമാണെന്നു് അവനു സമാധാനിക്കാം. കാരണം അളവില്ലാത്ത ധനത്തിന്റെ ഉടമസ്ഥൻ ദാനം ചെയ്യുക എന്നതു് കേവലമര്യാദമാത്രമാണു്. അതുപോലും സകല കല്പനകളും പ്രമാണിക്കുന്നവൻ അതനുഷ്ഠിക്കാത്തതിനാൽ അവനിലുള്ള ആ കുറവു് അവനെ ദൈവരാജ്യത്തിനു് അയോഗ്യനാക്കിത്തീർക്കും. ചുങ്കക്കാരിൽ പ്രമാണിയും ധ-

നികനുമായ സക്കായി പറയുന്നു. ''കർത്താവേ! എൻെറ വസ്തുവകയിൽ പാതി ഞാൻ ദരിദ്രക്കു കൊടുക്കുന്നുണ്ടു്; വല്ലതും ചതിവായി വാങ്ങീട്ടുണ്ടെങ്കിൽ നാലു മടങ്ങു് മടക്കിക്കൊടുക്കുന്നു.'' (ലൂക്കോ:19:8). ഇതു് വാസ്തവത്തിൽ ഒരു കേവലമര്യാദ തന്നെയാണു്. നമ്മുടെ കർത്തവ്യത്തിൽ നിന്നു് ഉപരിയായ ഒരു വിശാലാശയമാണു് 'മര്യാദ'യിൽ ഉൾക്കൊണ്ടിരിക്കുന്നതു്. ന്യായാന്യായവിവേചനം അവിടെ ആവശ്യമില്ല. അതായതു് പെരും കള്ളനാണെങ്കിലും അവൻ അനുതപിച്ചാൽ രക്ഷയുണ്ടു്. മര്യാദയെ മനുഷ്യത്വപരമായ സമീപനമെന്നു് നിർവചിക്കാവുന്നതാണു്. 'മര്യാദ'നടത്തുന്നവനു് 'മര്യാദ' ലഭിക്കും—ഇതാണു് ലോകനിയമം. സത്യം, നീതി, ന്യായം എന്നിവകളാണു് മര്യാദയുടെ അളവുകോൽ. സേവനത്തിൻെറ ആത്മാവു് 'മര്യാദക്കാരനിലേ കുടികൊള്ളുകയുള്ളു'. 'അക്രമികളും കൊള്ളക്കാരനും ദൈവസന്നിധിയിൽ പ്രവേശനമില്ല! ദൈവത്തെ നിരപ്പാക്കുന്ന സ്വർണ്ണത്താക്കോലാണു് മര്യാദ. മനുഷ്യനെ പ്രവൃത്തിനിരതനാക്കുന്നതും മര്യാദകൊണ്ടാണു്. അതായതു് വെള്ളത്തെ സ്വീകരിക്കുന്ന തടാകം, അതിനെ സ്വച്ഛന്ദം വിഹരിക്കാനും, നിർഗ്ഗമിപ്പിക്കുന്നതിനും സാധിതമാക്കുന്നതുപോലെ നമ്മെ കർത്തവ്യോന്മുഖരും കർമ്മോൽസുഖരുമാക്കിത്തീർക്കുകയാണു് ചെയ്യുന്നതു്. മര്യാദയെന്നൊന്നില്ലായിരുന്നുവെങ്കിൽ മനുഷ്യൻ മടിയനായിരുന്നു് മരിക്കയേയുള്ളു. മര്യാദയുടെ മണിമന്ദിരമാണു് വിനയം, മര്യാദയുടെ കണികപോലും ഇല്ലാതെ കാലം കഴിക്കുന്നവർക്കു് അയ്യോ കഷ്ടം! ''മററുള്ളവർ നിങ്ങളോടു് എപ്രകാരം ചെയ്യണമെന്നു് നിങ്ങളാഗ്രഹിക്കുന്നുവോ അപ്രകാരം നിങ്ങളും ചെയ്യുവിൻ.'' ഇതിൽ സകല മര്യാദയും അടങ്ങിയിരിക്കുന്നു,

മര്യാദക്രമങ്ങൾ, കാലദേശാവസ്ഥയനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കും. അത് സാമൂഹ്യവും സാംസ്ക്കാരികവുമായി ഏററക്കുറച്ചിലോടുകൂടി കാണപ്പെടാം. ജാതി, മതം മുതലായവ ഇവയെ നിയന്ത്രിച്ചുവെന്നുവരാം. മര്യാദക്കാരുടെ എണ്ണം വർദ്ധിച്ചുകാണുന്നിടം സംസ്ക്കാരത്തിൻെറ പുരോഗതിയെ കാണിക്കുന്നു. മര്യാദരാമന്മാരുടെ രാജ്യമാണല്ലോ രാമരാജ്യത്തിൽ വിഭാവനം ചെയ്തിരിക്കുന്നത്. മര്യാദ വാക്കിലും പ്രവൃത്തിയിലും പ്രതിഫലിക്കണം.

നിയമത്തേക്കാൾ മര്യാദയ്ക്കാണ് പ്രാധാന്യം നൽകേണ്ടത്. മര്യാദയെ ആശ്രയിച്ചാണ് നിയമം നിലനിൽക്കുന്നത്. നിയമം ജീവിതത്തിലെ ചില വശങ്ങളെ വല്ലപ്പോഴും സ്പർശിക്കുക മാത്രമേ ചെയ്യുന്നുള്ളു, മര്യാദ നമ്മെ സമാശ്വസിപ്പിക്കുകയോ, ശല്യപ്പെടുത്തുകയോ, ശുദ്ധീകരിക്കുകയോ, മലിനപ്പെടുത്തുകയോ, ഉയർത്തുകയോ, താഴ്ത്തുകയോ ചെയ്തുകൊണ്ടു ജീവിതത്തിന് വർണ്ണവും രൂപവും നൽകുന്നു. സദാചാരത്തിൻെറ സൃഷ്ടിസ്ഥിതിസംഹാരങ്ങൾ മര്യാദയെയാണ് ആശ്രയിച്ചിരിക്കുന്നത്.''

## 11. ഭരണക്രമങ്ങൾ

ഭരണരീതികൾ മൂന്നു വിധത്തിലാണറിയപ്പെടുന്നത്. രാജാധിപത്യം, പ്രഭുത്വഭരണം, ജനാധിപത്യം എന്നിവകളാണ്. ഇവയിൽ യഥാക്രമം ഒന്നിനൊന്നു മേന്മകൂടുമെന്നും, അത് സംസ്ക്കാരത്തിൻെറ അളവിനെ ആശ്രയിച്ചിരിക്കുമെന്നും കരുതപ്പെടുന്നു. ഒരു സംസ്ക്കാരരാഷ്ട്രത്തിനെ യഥാർത്ഥ ജനാധിപത്യം പുലർത്തുവാൻ സാധിക്കുകയുള്ളു ഇന്നു് ജനകീയ ഇൻഡ്യയുടെ ഭരണവിജയം സ്ഥിതിചെയ്യുന്നത് ഇവിടുത്തെ സാമൂഹ്യവും സാമ്പത്തികവും സാംസ്ക്കാരികവുമായ

ഉന്നതിയിലാണ്. ഇൻഡ്യാ അതിൻെറ അഭിവന്ദ്യനേതാവായ പണ്ഡിത ജവഹർലാലിൻെറ നേതൃത്വത്തിൽ നടത്തിവന്നപ്രവർത്തനങ്ങളും മേല്പറഞ്ഞവയുടെ ഉന്നതിയെ കേന്ദ്രീകരിച്ചാകയാൽ ശ്ലാഘനീയത്വം അർഹിക്കുന്ന പഞ്ചവത്സരപദ്ധതികൾ മുതലായവ ഇൻഡ്യയെ ഒരു ക്ഷേമരാഷ്ട്രമാക്കുവാൻ തികച്ചും പര്യാപ്തമെന്നു കാണാവുന്നതാണ്. ഇൻഡ്യയുടെ പൂർവ്വികസംസ്കാരത്തിനു് ഇടക്കാലത്തു് തകരാറു സംഭവിച്ചെങ്കിലും അതു വീണ്ടെടുക്കപ്പെടേണ്ടിയിരിക്കുന്നു. ആദർശസമ്പന്നരും, പ്രതിഭാശാലികളുമായവരുടെ നേതൃത്വം ഇനിയും കൂടുതലായി നമുക്കു് ലഭിക്കേണ്ടിയിരിക്കുന്നു. മൺമറഞ്ഞ മഹാരഥന്മാരുടെ അഭിമാനം പാലിക്കുവാനും, ഇൻഡ്യയുടെ ശബ്ദം ലോകത്തിൽ മുഴങ്ങുവാനും ഓരോ ഇൻഡ്യാക്കാരനും ശ്രമിക്കേണ്ടതാണ്. ക്രമീകൃതമായ ഭരണം എവിടെയായാലും ശോഭിക്കും. ഇന്നു ജനാധിപത്യഭരണം ജീവിതത്തിൻെറ പകത്തിലേ വേണ്ടതയെ അഭ്യസിപ്പിക്കേണ്ടിയിരിക്കുന്നു. വിദ്യാസമ്പന്നരും, മഹാശയന്മാരുമായ നല്ല നേതാക്കന്മാർക്കു മാത്രമേ ജനകീയ ഭരണത്തിൽ സ്ഥാനമുള്ളു. ഓരോ പൗരൻെറ കർത്തവ്യവും, ഉത്തരവാദിത്വവും മനസ്സിലാക്കുന്നതിനും, മററുള്ളവരുടെ അവകാശങ്ങളും അധികാരങ്ങളും മാനിക്കുന്നതിനും, തൻമൂലം സ്വയനിയന്ത്രണവും ഉത്തമസാമൂഹ്യജീവിതവും കൈവരുത്തുന്നതിനും നാം അഭ്യസിച്ചിരിക്കേണ്ടതാണ്. സാമൂഹ്യസേവനം വഴിയായി നമ്മുടെ ചുററുപാടുമുള്ള നിർഗ്ഗതിക്കാരെയും നിരക്ഷരകുക്ഷികളെയും നമുക്കു് സമുദ്ധരിക്കാം. പുരോഗതിയുടെ വാതിൽ തുറക്കട്ടെ! പ്രവേശിക്കാം, ''ലോകജീവിതം ചൈതന്യമാണ്, പ്രവർത്തനമാണ്, പുരോഗമനമാണ്, അതാണു സത്യം.' (ഇക്ബാൽ) പുരോഗതി ജീവിതധർമ്മമാണ്. മനുഷ്യൻ ഇനിയും മനുഷ്യനാകാനിരിക്കുന്നതേയുള്ളു.

20939

# അദ്ധ്യായം ആറ്

## സാമൂഹ്യജീവിതത്തിലെ പൊതുശത്രുക്കൾ

''ദുഷ്ടതയുടെ പാരമ്യത്തിലെത്തുമ്പോൾ മനുഷ്യൻ 'മൃഗ'വും, ശിഷ്ടതയുടെ മൂദ്ധന്യദശയെ പ്രാപിക്കുമ്പോൾ 'മഹാത്മാ' എന്നും പറയുന്നു. മഹാന്മാക്ക് മാത്രമെ മഹൽകാര്യങ്ങൾ ചെയ്യാൻ കഴിയുകയുള്ളു എന്ന് പറയപ്പെടുന്നു.''

വ്യക്തിജീവിതം സമാധാനത്തോടും സുഖത്തോടും കൂടി നടത്തുന്നതിനു നമുക്ക് സാധിക്കാവുന്നതാണ്. എന്നാൽ പൊതുവെ, സാമൂഹ്യജീവിതം അതുപോലെ സുന്ദരഭാസുരമാക്കുന്നതിന് ചില പ്രതിബന്ധങ്ങൾ കണ്ടുവരുന്നുണ്ട്. ഇന്നു ലോകത്തെ അലട്ടുന്ന ചില പ്രധാനപ്രശ്നങ്ങളുമാണവ. ഇതുപരിഹൃതമായില്ലെങ്കിൽ സാമൂഹ്യസംസ്ക്കാരം അധപ്പതിക്കാനിടയുമുണ്ട്, ഇപ്രകാരമുള്ള പൊതുശത്രുക്കൾ (1) വർഗ്ഗീയത (സമുദായവൈരാഗ്യം) (2) അസാന്മാർഗ്ഗികജീവിതം (3) ദുസ്വാതന്ത്ര്യം (4) അധികാരദുഷ്പ്രഭുത്വം (5) ഹീനസങ്കല്പം (Inferiority complex) എന്നിവകളാണ്.

### 1. വർഗ്ഗീയത (Communalism)

വർഗ്ഗീയ മനഃസ്ഥിതിയോടുകൂടിയ മനുഷ്യനെ തിമിരം ബാധിച്ച ഒരു മനുഷ്യനോട് തുല്യപ്പെടുത്താവുന്നതാണ്. വെറും വർഗ്ഗീയതയുടെ അടിസ്ഥാനത്തിൽ ന്യായത്തിനും, സത്യത്തിനും, നീതിക്കും വിരുദ്ധമായി എന്തും ചെയ്യുവാൻ പ്രേരിപ്പിക്കുന്ന ഒരു അന്ധമനസ്ഥിതിയാണിത്. വർഗ്ഗീയത നശിച്ചില്ലെ

ങ്കിൽ അവിടെ കലാപവും നാശവുമായിരിക്കും ഫലം. അന്യോന്യം സൗഹാർദ്ദതയോടുകൂടെ 'സഹോദരങ്ങൾ' എന്നവണ്ണം ഒരുമിച്ച് വളർന്ന് ഒരുമിച്ച് പ്രവർത്തിച്ച്, വഴക്കും മല്ലും ഇല്ലാതെ കഴിഞ്ഞുകൂടുക കൂടാതെ ജോലി പഠിക്കുന്നതിനു, സ്നേഹിതന്മാരുമായി സംവാദിക്കുന്നതിനും, സേവനമനുഷ്ഠിക്കുന്നതിനും, വർഗ്ഗീയതയെ ഉപേക്ഷിക്കുകതന്നെ ചെയ്യണം. സാമൂഹ്യജീവിതത്തിലെ അനീതിയാണ് വർഗ്ഗീയത. ഇൻഡ്യയിലുള്ള വിവിധ മതങ്ങളുടെ സാന്നിദ്ധ്യം ഈ പ്രശ്നത്തിന്റെ പ്രാബല്യത്തെ വർദ്ധിപ്പിക്കുന്നു. സമുദായ സൗഹാർദ്ദ സമിതികളിൽ കൂടി ഇവയുടെ പരിതാപാവസ്ഥ പൊതുജനങ്ങളെ ധരിപ്പിക്കേണ്ടതാണ്. ചരിത്രത്തിൽ ഭയങ്കര രക്തക്കളം കണ്ടിട്ടുള്ളത് ഇൻഡ്യയിലെ ഹിന്ദു മുസ്ലീം ലഹളയാണ്. രക്തം ചൊരിയുന്ന സന്ദർഭങ്ങൾ പ്രധാനമായും മതവൈരാഗ്യം, സംഘട്ടനവും വസ്തുതർക്കവും, സ്ത്രീയും കനകവും മൂലവുമാണ്. ഇവയിൽ ആദ്യത്തേതൊഴിച്ച് ബാക്കിയെല്ലാം മൂലം എന്തെങ്കിലും വിലയുള്ള സാധനം, ലാഭമോ നഷ്ടമോ വരാവുന്നതാണ്. എന്നാൽ വർഗ്ഗീയതയ്ക്കുവേണ്ടി രക്തം ചൊരിഞ്ഞാൽ അത് ഒരുതരത്തിലും നീതീകരിക്കുവാൻ സാദ്ധ്യമല്ല. അതായത് അത് മതത്തെയാകട്ടെ സംഘട്ടനത്തിലുൾപ്പെടുന്നവരെയാകട്ടെ രക്ഷിക്കുന്നില്ലെന്ന് മാത്രമല്ല, നശിപ്പിക്കുകകൂടിയാണ് ചെയ്യുന്നത്. മതസംസ്ക്കാരങ്ങളുടെ വിഭിന്ന—ആദർശങ്ങളുടെ ഒരു സംഘട്ടനം—ഇതിനെ ഏതാണ്ട് സഹായിക്കുന്നു. ഉദാഹരണമായി ഏകഭാര്യാത്വത്തിൽ വിശ്വസിക്കുന്ന ക്രിസ്തുമതവും, ബഹുഭാര്യാത്വമനുവദിച്ചിട്ടുള്ള മുഹമ്മദ് മതവും, പ്രായോഗത്തിൽ വളരെ വ്യത്യസ്ഥമാണ്. മുസ്ലിങ്ങൾ, ഒററവെട്ടിന് കൊല്ലുന്ന മൃഗങ്ങളുടെ മാംസം തിന്നുന്നില്ല. എന്നാൽ അറുത്തുകൊന്നതിനെ തിന്നുകയുള്ളു. ഇങ്ങനെപോകുന്നു അവയുടെ അന്യോന്യവിരുദ്ധാദർശങ്ങൾ,

## 2. അസാന്മാർഗ്ഗികജീവിതം.

മതങ്ങളാണു് മനുഷ്യജീവിതത്തിന്റെ നല്ലവശം കണ്ടുപിടിച്ചതു്, ഇന്നു് മതാനുസാരികൾ സന്മാർഗ്ഗികളാണു് പുരാതനമനുഷ്യരുടെ മതങ്ങൾ നിർദ്ദേശിച്ച വ്യവസ്ഥകൾ അതേപടി സ്വീകരിക്കുന്നവരും, നൂതന മതങ്ങളിൽ വിശ്വസിച്ചു് അതിലെ സംസ്ക്കാരങ്ങൾ പുലർത്തുന്നവരും, കൂടാതെ മദ്ധ്യവർത്തികളായ മറ്റൊരു കൂട്ടരും ഇങ്ങനെ വിവിധ സംസ്ക്കാരങ്ങളുടെ പ്രദർശനത്തിൽ ആളുകൾ തെററിപ്പോകുന്നു ഹൈന്ദവ സംസ്ക്കാരം സ്മൃതികളുടെ പിൻതുടർച്ച അനുവദിക്കുമെങ്കിൽ ക്രിസ്തുമത, പിതൃത്വസഭയായി നിലകൊള്ളുന്നു. ചില മതങ്ങളിൽ ചില വ്യവസ്ഥകളിൽ ചില സൗജന്യമര്യാദകൾ കാണിക്കുന്നതു്, അവകാശമാക്കി ചിലർ സ്വീകരിക്കുന്നു. ഹിന്ദുമതത്തിൽ ഭ്രഷ്ടന്മാരായി തള്ളുന്നവരുടെ ഒരു ജാതിപോലും ഉണ്ടു് (ശൂദ്രർ) മററു ജാതികളിൽ അസന്മാർഗ്ഗികളെ, ശൂദ്രരിൽ വിടുകയും അങ്ങനെ അസന്മാർഗ്ഗികളുടെ കൂട്ടത്തെ വളർത്തുകയും ചെയ്തു. തന്മൂലം സവർണ്ണർ പെരുകി. അങ്ങിനെ അവർണ്ണർ എപ്രകാരം അങ്ങിനെയായോ ആയതു് അവരുടെ സംസ്ക്കാരമായി അവർ അഭിമാനിച്ചു തുടങ്ങി ക്രമേണ ആ സംസ്ക്കാരം മററു പലരേയും ആകർഷിച്ചു് ചിന്താകുഴപ്പം സൃഷ്ടിച്ചു. അപ്രകാരം ഇന്നു് ലോകം ഏതാണ്ടു് മുഴുവൻ അതിന്റെ അടിമയിൽ അകപ്പെട്ടവരുകളാണു്. മിശ്രവിവാഹങ്ങളുടെ ഫലവും ഇത്തരത്തിൽ കലാശിച്ചുവരുന്നു എന്നുള്ളതിനു് ആംഗ്ലോ ഇൻഡ്യൻ സമുദായം ഉദാഹരണമാണു്.

''ഒരുത്തൻ പാപകർമ്മം ചെയ്തീടതിൻ ഫലം
പരക്കെയുള്ള മഹാജനങ്ങൾക്കൊക്കെത്തട്ടും.''

ഇന്നു് മതങ്ങളിൽ വച്ചു് സാന്മാർഗ്ഗികത്തിന്റെയും, ജാതി പരിഗണനയില്ലായ്മയുടെയും കാര്യത്തിൽ

മുന്നിട്ടു നിൽക്കുന്നതു് ക്രിസ്തുമതമാണെന്നു് പറയാവുന്നതാണു്. എങ്കിലും ഹെൻട്രി എട്ടാമൻ എന്ന ഇംഗ്ലീഷ് രാജാവിൻെറ വിവാഹം പ്രമാണിച്ചു് പ്രൊട്ടസ്റ്റൻറു് എന്നൊരു വിഭാഗം ഉണ്ടായി. ഇതൊക്കെയാണെങ്കിലും പൊതുവെ പിതൃത്വപരമായ പിൻതുടർച്ചയാണു് ആദികാലം മുതൽ ക്രൈസ്തവരിൽ തുടർന്നു വരുന്നതു്,

### 3. ദുഃസ്വാതന്ത്ര്യം.

ദൈവം മനുഷ്യർക്കു് നന്മയിലേക്കോ, തിന്മയിലേക്കോ തിരിയുവാനുള്ള സ്വാതന്ത്ര്യം കൊടുത്തിട്ടുണ്ടു്. വിവേചനാശക്തിയാണു് മനുഷ്യനും മൃഗവും തമ്മിലുള്ള പ്രധാന വ്യത്യാസം. സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്നിടത്തോളം കാലം അവൻ സ്വാതന്ത്ര്യത്തിൻെറ പരിധിയിൽ നിലനിൽക്കുന്നു. അപ്രകാരം നിയന്ത്രിക്കപ്പെടുന്നതിനു് മനുഷ്യനു് സാധിക്കുന്നതാണു്. സാമൂഹ്യജീവിതത്തിൽ ദുഃസ്വാതന്ത്ര്യം ഉപയോഗിക്കുന്നതു് അവ്യവസ്ഥിതമാണു്. മനുഷ്യൻ സ്വാതന്ത്ര്യപ്രിയനാകയാൽ എളുപ്പം ദുസ്വാതന്ത്ര്യത്തിനടിമപ്പെടും. തന്മൂലം അതു് ഒരു സാമൂഹ്യവിപത്തായി വരുന്നു, സമുദായനിയമങ്ങളും നീതികളും ശക്തിപ്പെട്ടെങ്കിലേ ഈ ദുഃസ്വാതന്ത്ര്യം ഹനിക്കപ്പെടുകയുള്ളു. അതു് അനുവദിച്ചാൽ സമുദായജീവിതത്തിലെ സന്ധിബന്ധങ്ങൾ തകരുന്നതാണ്. ഇതിനു് ഉപോൽബലകമായിപ്പറയുന്നതു് നാസ്തികവാദവും സമത്വവാദവുമാണു്. അതു് എത്രയും അപഹാസ്യമാണെന്നു് അതിൻെറ കാര്യം അവഗ്രഹിച്ചുനോക്കിയാൽ അറിയാവുന്നതാണു്. ''മനുഷ്യൻെറ സ്വാതന്ത്ര്യം അവൻെറ അയൽക്കാരനു് ഒരു ശാപമായിത്തീരുമ്പോൾ അവസാനിക്കുന്നു; അവസാനിക്കുകതന്നെ വേണം.''—ഹാറോൾ.

### 4. അധികാര ദുഷ്പ്രഭുത്വം.

ലോകത്തിൽ പൊതുവെ കണ്ടുവരുന്ന ഒരു സംഗതിയാണു് അധികാരദുഷ്പ്രഭുത്വം. അധികാരത്തിൻെറ മറയിൽ സ്വേച്ഛാപ്രവൃത്തിയും, അധമകാര്യങ്ങളും ചെയ്യുക എന്നതു് മതത്തിലായാലും, രാജ്യത്തിലായാലും ജനങ്ങൾക്കും ഭരണകർത്താക്കൾക്കും ദോഷകരമാണു് ചരിത്രംതന്നെ അതിനു് തെളിവാണു്. ലോകചരിത്രംതന്നെ മാററി എഴുതാൻ തക്കവണ്ണം പരസ്ഥിതി സൃഷ്ടിക്കുന്നതിനുപോലും ഇതു് കാരണമായിത്തീർന്നിട്ടുണ്ടു്. ഒടുവിൽ അധികാര വടംവലിയിൽ അതു് അവസാനിക്കയും ചെയ്യും. തന്മൂലം സാമൂഹ്യജീവിതത്തെ ഇതു് ബാധിക്കുന്നതു്, അതിൻെറ പ്രയോഗത്തിലും ജനങ്ങളുടെ വികാരങ്ങളെ ഉണർത്തുന്നതുമൂലവുമാണു്. അപ്പോൾ സാമൂഹ്യജീവിതം സമാധാനമായി നടത്തുവാൻ സാധിക്കാതെ പോകുന്നു. ഇതിനു് പരിവർത്തനം വരുത്തുന്നതു് ക്രിസ്തു അരുളിച്ചെയ്ത ഗിരിപ്രഭാഷണത്തിലെ ആദർശങ്ങളനുസരിച്ചുള്ള ദൈവരാജ്യവും, ഹിന്ദുക്കൾ ആശിക്കുന്ന രാമരാജ്യവും, മഹാത്മാ ഗാന്ധി വിഭാവനം ചെയ്ത ഇൻഡ്യയും ഒക്കെയാണു്. സാമൂഹ്യനീതിയെ അലംഘ്യമായി തുടരാനനുവദിക്കുന്നതിനു് അധികാരികൾ ശ്രദ്ധിക്കുന്നപക്ഷം സാമൂഹ്യജീവിതം സമാധാനത്തിൽ കലാശിക്കുന്നതാണു്. ചില ചീത്ത കീഴ്വഴക്കങ്ങൾ നമ്മുടെ പൂർവ്വികന്മാരോ, മററോ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ അങ്ങിനെയുള്ളവ നമ്മുടെ സംസ്ക്കാരത്തെ ബാധിപ്പുവാൻ അനുവദിക്കരുതു്. നല്ല കീഴ്വഴക്കങ്ങൾ സൃഷ്ടിക്കുന്നതോടൊപ്പം അധികാരികളും സാമൂഹ്യബന്ധവും ഇണങ്ങിക്കഴിയുവാൻ ശ്രമിക്കേണ്ടതാണു്.

''അധികാര നശീകരണനിപുണമായ ഒരു മഹാവ്യാധിയെപ്പോലെ സ്പർശിയ്ക്കുന്നതിനെയെല്ലാം മലീമസമാക്കുന്നു—ഷെല്ലി.

## 5. അധമ മനഃസ്ഥിതി.

സമുദായ മദ്ധ്യത്തിൽ കഴിഞ്ഞുകൂടുന്നവർ സാധാരണ സമത്വം, സാഹോദര്യം, സ്വാതന്ത്ര്യം എന്നീ വിപുലവാത്മകങ്ങളായ ഗുണങ്ങളോടുകൂടിയവരായിരിക്കും. ഒരുത്തൻ അധമൻ. മററവൻ വലിയവൻ എന്നും ഒരു മനഃസ്ഥിതി വച്ചുപുലത്തുന്നതു് വിഭജനത്തിനും, വിരുദ്ധതയ്ക്കും ഇടയാകുന്നു. അധമരെ ഉയർത്തുക, ഉയർന്നവർ താണവരോടു് സമഭാവന പ്രദർശിപ്പിക്കുക മുതലായവയാണു് സാമൂഹ്യജീവിതത്തെ ബന്ധിപ്പിക്കുന്ന ശൃംഖലകൾ. ചില ആളുകളും ജാതിക്കാരും അധമരും അവർണ്ണരും എന്നു് സങ്കല്പിച്ചു് തരം താഴ്ത്തുന്നതു് ഇൻഡ്യയ്ക്കു് പ്രത്യേകതയാണു്. അസ്പൃശ്യത. തീണ്ടൽ മുതലായവ അങ്ങിനെ ഉണ്ടായതാണു്. അതുപോലെ ചിലർ സവർണ്ണരെന്നും സങ്കല്പിക്കുന്നതും ഇവിടെ സാധാരണമാണു്. ഈ മനഃസ്ഥിതിയെ നിലനിറുത്തുന്നതു്, നിറം, തൊഴിൽ, ജാതി മുതലായവയെ നോക്കിയാണു് സാമൂഹ്യജീവിതത്തിൽ ഇവയെ പരിഗണിയ്ക്കുന്നതു് സഹവർത്തിത്വത്തിനു് ഹാനികരമാണു്. അതാതു തൊഴിലിൻെറ മഹിമ അതാതിനുണ്ടു്. അതു് ചെയ്യുന്ന ആളുകൾ നമ്മെപ്പോലെയുള്ളവരെന്നാണു് നാം സങ്കല്പിക്കേണ്ടതു്. ആ ജോലിചെയ്യുന്നതു് ആ ജാതിക്കാരെ ആകാവൂ എന്നും ഏതു് ജാതിക്കാരൻ ചെയ്താലും ആ ഹീനജാതിയാകണമെന്നു് വിധിക്കുന്നതും സമുദായത്തിൽ വളരെ ദോഷങ്ങൾ ചെയ്യും. സാമൂഹ്യജീവിതം സുഗമമാക്കണമെങ്കിൽ ഹീനജാതികളുടെ മനഃസ്ഥിതിയും, മററുള്ളവക്കു് അവരോടുള്ള മനസ്ഥിതിയും മാററുകയും, അവരുടെ നശിച്ചുവെന്നു് കരുതുന്ന യശസ്സു് സമ്പാദിച്ചു കൊടുക്കുകയും ചെയ്യണം. മനുഷ്യൻ മനുഷ്യനായിത്തീരണം. സാമൂഹ്യജീവിതം എല്ലാവരെയും ഒരുപോലെ ബാധിക്കുന്നതാണെന്നും

ഓരോരുത്തർക്കും അതിൽ ഓരോ പങ്കുണ്ടെന്നും നാം മനസ്സിലാക്കണം. അവ യഥാവിധി നിർവ്വഹിക്കുന്നതിലാണ് നമ്മുടെ മാനം സ്ഥിതിചെയ്യുന്നത്. പിന്നോക്കസമുദായോദ്ധാരണത്തിൽ നാം ചെയ്യേണ്ടതു് ചുവടെ ചേർക്കുന്നു.

(1) ആരാധനാ സ്ഥലങ്ങളിലും ജലവിതരണ സ്ഥലങ്ങളിലും, വിദ്യാലയങ്ങളിലും സമുദായിക വ്യത്യാസം പരിഗണിക്കാതിരിക്കുക,

(2) തീണ്ടൽ, തൊടീൽ മുതലായവ ഇല്ലാതാക്കി സാംസ്ക്കാരികവും, സാമ്പത്തികവുമായ സമുദ്ധാരണം നടത്തുക.

(3) ജീവിതവികസന സൗകര്യങ്ങളും, വിദ്യാഭ്യാസ സൗജന്യങ്ങളും നൽകുക.

അധഃകൃത മനഃസ്ഥിതിയെ ഉച്ചാടനം ചെയ്യുവാൻ പന്തിമിശ്രഭോജനം, മിശ്രവിവാഹം മുതലായവ ഇന്ന് നടന്നുവരുന്നുണ്ടെങ്കിലും ആയതുകൊണ്ടു് ഉള്ള പ്രയോജനം അത്ര പ്രബലപ്പെട്ടു കാണുന്നില്ല, മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ ഇവരെ സംഘടിപ്പിച്ചു് ഹരിജനങ്ങളെന്നു് നാമകരണം ചെയ്തു് വേണ്ട പരിഗണനകൾക്കു് അർഹരാക്കിത്തീർത്തതു് എത്രയും അഭിനന്ദനീയമാണല്ലോ. സാമൂഹ്യസേവനത്തിൽ നിരതരായിരിക്കുന്ന സംഘടനകളും, പ്രവർത്തകരും പരിശ്രമിക്കേണ്ട വയലിലെ വിതയ്ക്കപ്പെടാനിടയുള്ള മേപ്പറഞ്ഞ 5 കളകളെ സൂക്ഷിച്ചുകൊള്ളുവിൻ. കാരണം അവയെക്കൊണ്ടു് നല്ല കാര്യങ്ങളിൽ പലതും ഞെരുങ്ങി നശിക്കാനിടയുണ്ടെന്നു് ഓർക്കണം. സാമൂഹ്യജീവിതത്തിലെ ഓരോവ്യക്തികളും ഈ പ്രബല ശത്രുക്കളോടു് നല്ല മൂർച്ചയുള്ള ആയുധങ്ങളോടുകൂടി സമരം ചെയ്യുക. സാമൂഹ്യജീവിതം സുഗമമാക്കി സമാധാനവും സഹവർത്തിത്വവും പുലർത്തി സാമൂഹ്യ സംസ്ക്കാരം ശുഭകരമാക്കുക.

ലോകത്തിൻെറ ആദിമഘട്ടങ്ങളിൽ ഉച്ചനീചത്വങ്ങളോ, മററു സാമൂഹ്യ അനീതികളോ ഇല്ലായിരുന്നു. അന്നു് സുഭിക്ഷതയും സമാധാനവും ഉണ്ടായിരുന്നു. ദൈവസംസർഗ്ഗത്തിൽ കഴിഞ്ഞുകൂടി ദൈവസേവനം ചെയ്തവർ അധ:പതിച്ചു കഴിഞ്ഞപ്പോഠം വിവിധത്വം നിറഞ്ഞ ലോകത്തിലേയ്ക്കു മനുഷ്യൻ വന്നു. ദാരിദ്ര്യവും കഷ്ടപ്പാടും മററു ദു:ഖങ്ങളും ഉണ്ടായി. ഇങ്ങനെ പാപാന്ധകാരത്തിൽ കഴിഞ്ഞുകൂടിയ ജനതതിയെ ദൈവപുത്രൻ രക്ഷിച്ചു എന്നാണു് ക്രിസ്തുമതവിശ്വാസം. അതു മനുഷ്യസേവനം വഴിയായിരുന്നു. ദൈവസേവനം നേരിൽ നടത്താൻ സാധിച്ചിരുന്ന മനുഷ്യജാതിക്കു് പ്രായശ്ചിത്തമായിഇന്നു മനുഷ്യസേവനംവഴിയേ അതുസാദ്ധ്യമാകു എന്നു താൻ കാണിക്കുകയും പഠിപ്പിക്കുകയും ചെയ്തു. സമ്പൂർണ്ണ മനുഷ്യനായ ആദാം തെററിയപ്പോഠം അതിനെ വീണ്ടുകൊഠംവാൻ സാഹചര്യം സൃഷ്ടിച്ചതു് സേവനം വഴിയാകയാൽ സൃഷ്ടികഠം അപൂർണ്ണപ്പെട്ടമാറു്, ദരിദ്രർ, ധനികർ, ബുദ്ധിമാന്മാർ, ബുദ്ധിഹീനർ, ജ്ഞാനികഠം, ഭോഷന്മാർ, സുന്ദരന്മാർ, വിരൂപന്മാർ, സൗന്ദര്യവതികഠം, വിരൂപികഠം എന്നിങ്ങനെ ലോകത്തെ അപൂർണ്ണത്വത്തിൽ നിന്നു് പൂർണ്ണത്വത്തെ പ്രാപിക്കാനായി ശിഥിലീകരിപ്പിച്ചു. അതായതു് തീ പടർന്നു പിടിക്കുന്നതുപോലെ ജ്ഞാനികഠം അജ്ഞാനികളെ പഠിപ്പിക്കുക, ധനികർ, ദരിദ്രരെ സഹായിക്കുക—ഇങ്ങിനെ അന്യോന്യം സ്നേഹത്താൽ സേവിക്കണമെന്നും, അങ്ങിനെ ആദിമകാലത്തെ ആ സുന്ദരത്വം ദർശിക്കട്ടെ എന്നുമായിരിക്കും ദൈവത്തിൻെറ ഉദ്ദേശം. അതായതു് സാമൂഹ്യസേവനം വഴിയായി ലോകം, അതിൻെറ പൂർവ്വഅവസ്ഥയിലേക്കു് വരികയും, അങ്ങിനെ ദൈവസംസർഗ്ഗത്തിലായിരുന്നതുപോലെ ആയിത്തീരുക എന്നതാണു് ആശയം. തീക്കനെലി

നട്ടത്തു് കരിക്കഷണങ്ങൾ കിടന്നാൽ അതും കനലാകുന്നതുപോലെ ഉച്ചനീചത്വങ്ങൾ നീങ്ങിപ്പോകണം. സുഖിമാന്മാർ യഥാൎത്ഥസുഖമനുഭവിക്കുന്നതു് ദുഃഖിതരെ സമാശ്വസിപ്പിക്കുന്നതുകൊണ്ടു തന്നെ. സേവനത്തിൻെറ ആത്മാവിനെ നശിപ്പിക്കുന്നവയെ നാം ദൂരികരിക്കുക തന്നെ വേണം. സേവനമാകുന്ന വയലിൽ എല്ലാവർക്കും ജോലിയുണ്ടു്. ധനികനേക്കൊണ്ടു് ദരിദ്രർ കഴിയുന്നു ജ്ഞാനികളിൽ നിന്നു് അജ്ഞാനികൾ സമ്പാദിക്കുന്ന ജ്ഞാനം അവരെ ധന്യരാക്കുന്നു. ഒരുത്തൻ നശിച്ചാൽ മററൊരുത്തൻ ഉയരുന്നു. 'ഒരു കയററത്തിനു് ഒരു ഇറക്കം.' സാമൂഹ്യസേവനം മനുഷ്യജാതിക്കു് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു സംഗതിയാണെന്നു് ഇപ്പോൾ, ഗ്രഹിച്ചിരിക്കുമല്ലോ. സാമൂഹ്യജീവിതത്തിലെ പൊതുശത്രുക്കളെ നാം നിഹനിച്ചു് ലോകസേവനത്തിനായി കച്ചകെട്ടിയിറങ്ങുക എന്നു് ആഹ്വാനം ചെയ്തുകൊള്ളുന്നു.

## അദ്ധ്യായം ഏഴു്

### മതങ്ങളും സാമൂഹ്യസേവനങ്ങളും

''മററുള്ളവർക്കുവേണ്ടി നീ എന്തെങ്കിലും ചെയ്യുന്നില്ലെങ്കിൽ ദൈവത്തോടുള്ള നിൻെറ പ്രാൎത്ഥനകളെല്ലാം വ്യൎത്ഥമാണു്.''—ചൈനയിലെ ഒരു ആപ്തവാക്യം. ''ഓരോരുത്തരും ഓരോരുത്തനെ പഠിപ്പിക്കുക, ഓരാളെ ആദായപ്പെടുത്തുക.'' —മുദ്രാവാക്യം.

സേവനങ്ങളുടെ ചരിത്രം ആവിർഭവിക്കുന്നതു് മതസംഹിതകളിൽ നിന്നും, മതസംഘടനകളിൽനി

ന്നമാണ്. ''വിശന്നിരിക്കുന്നവനോട് വേദമോതുന്നതു' നിഷ്പ്രയോജനമാണ്.'' എന്ന തത്വം ആവിർഭവിച്ചതു മുതൽ സാമൂഹ്യബോധം ജനങ്ങളെ ഉണർത്തി കാരണം വിശന്നു വലയുന്നവൻ ഏതു് പാപവും ചെയ്യും. ഒരു അശക്തമനുഷ്യനു് ഭയമെന്നതു് ഉണ്ടായിരിക്കയില്ല. ''ഒരുവനു് അങ്ങേഅററത്തെ ദാരിദ്ര്യം ഉണ്ടായി അന്നത്തെ ഭക്ഷണത്തിനു് വകയെന്തെന്നു മനോവിചാരം വന്നുചേരുമ്പോൾ അവൻ സത്യത്തെ പരിത്യജിക്കും. ബന്ധുജനങ്ങളെയും മിത്രങ്ങളെയും ഉപേക്ഷിക്കും. മാതാപിതാക്കളെയും മാതൃഭൂമിയേയും വിട്ട് ദൂരദിക്കിൽ പോകുകയും ചെയ്യും.'' എന്നാണ് പഴമൊഴി അതുകൊണ്ട് സാമൂഹ്യസേവനം സംരക്ഷണത്തിനും, ക്ഷേമത്തിനും ഉതകുന്നതാണു്. സാധുക്കളുടെ കഷ്ടതയും, പട്ടിണിയും, സങ്കടവും ദൈവത്തിൻെറ സന്നിധിയിൽ എത്തി. അദ്ദേഹം പ്രവാചകന്മാരെ അയച്ചു. അവർ ലോകത്തിൽ പ്രത്യക്ഷപ്പെട്ട് ജനങ്ങളെ അജ്ഞാനാന്ധകാരത്തിൽനിന്നു് രക്ഷിച്ചു. പിന്നിട്ട് ദൈവം മനുഷ്യാവതാരം എടുത്തു തുടങ്ങി. എല്ലാ മതങ്ങളുംസമ്മതിക്കുന്ന പരമാർത്ഥങ്ങളാണിതു്, ക്രിസ്തു വിശന്നവർക്ക് അത്ഭുതകരമായി ഭക്ഷണം കൊടുത്തിട്ടാണ് സുവിശേഷം അറിയിച്ചതു് എന്നു കാണുന്നു. ഇപ്രകാരം മനുഷ്യൻെറ സാമൂഹ്യധർമ്മം, സേവനവും, അടിസ്ഥാനവുമായിത്തീർന്നു.

ലോകാരംഭത്തിൽ എല്ലാവരും സുഭിക്ഷമായി അനുഭവിച്ചു പോന്നു. തുടർന്നു് കാലക്രമത്തിൽ ഉള്ളവനും ഇല്ലാത്തവനും എന്ന നില വന്നുചേർന്നു. സമത്വസുന്ദരമായ പ്രഥമദശയുടെ പരിണാമമായി ഉള്ളവനെ ഇല്ലാത്തവൻ ആശ്രയിക്കാൻ തുടങ്ങി, അവൻ കൊടുക്കുവാനും തുടങ്ങി. പിന്നീട് ജനപ്പെരുപ്പം ഹേതുവാൽ അതു് ദാനധർമ്മങ്ങളും യാചനകളും ആയി ലോകം

ദർശിക്കുവാൻ തുടങ്ങി. ഒടുവിൽ ധനാഗമത്തോടുകൂടി കടംവായ്പ, തെണ്ടൽ, മോഷണം മുതലായി അതിന്റെ ദൂഷ്യവശങ്ങളിലേക്കു് മനുഷ്യൻ ചാടിത്തുടങ്ങി

ദാനശീലമാണു് ഒരു മനുഷ്യന്റെ ഉത്തമലക്ഷണമെന്നു് ഗീതയിൽ പറയുന്നു. ധനദാനം, അന്നദാനം, ഭൂമിദാനം, ഗോദാനം മുതലായവ ദീനന്മാർക്കും, ദരിദ്രർക്കും, ഹീനർക്കും, ക്ഷീണിതർക്കു നിർഭേദമായി കൊടുക്കുന്നതു് പുണ്യമായി ദാനത്തിന്റെ വികാസമണ്ഡലത്തിൽ ഹിന്ദുമതം പ്രഖ്യാപിച്ചു. അംഗീകൃതമായ പഞ്ചദാനങ്ങൾ, അന്നം, വസ്ത്രം, പൊന്ന്, പെൺ, ഭൂമി എന്നിവകളാണു്. ഇപ്രകാരം സർവ്വവും ദാനം ചെയ്യാമെന്നു, അതിന്റെ പരമാവധിയിൽ അവർ സർവ്വസംഗപരിത്യാഗികളായ സന്യാസിത്വത്തെ അവലംബിക്കുന്നതു് മോക്ഷപ്രാപ്തിക്കു് നിദാനമാണെന്നുമാണു് ഭാരതീയസിദ്ധാന്തം ഇപ്രകാരം ശ്രമം, ബുദ്ധി മുതലായവയും ദാനംചെയ്തു. ആശുപത്രികൾ, അന്നസത്രങ്ങൾ ദേവാലയങ്ങൾ, വിദ്യാലയങ്ങൾ മുതലായ ധർമ്മസ്ഥാപനങ്ങൾ സാമൂഹ്യരംഗത്തു് പ്രത്യക്ഷപ്പെടുത്തി. ധനദാനത്തിലും മഹത്തരമായതു് കരുണാദാനമാണു്; സ്നേഹദാനമാണു്. ആത്മദാനമാണു് മറ്റെല്ലാദാനങ്ങളിലും ശ്രേഷ്ഠതരം. സകല അപായങ്ങളിൽനിന്നും രക്ഷിച്ചുകൊള്ളാമെന്നുള്ള അഭയദാനമാണു് ദാനങ്ങളിൽ വച്ചു് ശ്രേഷ്ഠം. സകല ദാനങ്ങളിൽവച്ചു് ഉൽകൃഷ്ടതരമായിട്ടുള്ളതു് ജീവദാനം. അന്നദാനത്തിന്റെ ഒരു സാമൂഹ്യരൂപമാണു് ആതിഥ്യമര്യാദ. ''കൊടുക്കുക ജീവിക്കുകയാണു്. ധനം കൂട്ടിവെക്കുക പ്രകാശത്തിൽ നിന്നു് അന്ധകാരത്തിലേക്കു കടന്നുകൂടുകയാണു്.'' ഇപ്രകാരം ഗുരുമന്ത്രം ഉപദേശിക്കുന്നു. ഇങ്ങനെ മതം മനുഷ്യനെ സാമൂഹ്യജീവിയാക്കി മനുഷ്യൻ എന്നു പറഞ്ഞാൽ സാമൂഹ്യജീവി എന്നാണല്ലോ അർത്ഥം.

ശരീരപരിഗ്രഹത്താൽ വിശപ്പ്, ദാഹം, ശീതം, ഉഷ്ണം, വാർദ്ധക്യം, നാശം, രോഗം ഇവ നിശ്ചയമാണെന്നും സന്യാസവൃത്തി അവലംബിക്കുന്നതു് നല്ലതെന്നും ആണു് ശ്രീബുദ്ധൻ ഉപദേശിക്കുന്നതു്. സന്യാസവൃത്തി ഏറിയകൂറും സാമൂഹ്യസേവനം തന്നെയാണല്ലോ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. ക്രിസ്ത്യൻസന്യാസിനിമാർ ചെയ്യുന്ന രോഗാതുരശുശ്രൂഷ, ലോകം വിലമതിക്കുന്ന ഒന്നാണു്. ഹിന്ദുയോഗികളുടെ നിയമം ഒരുവൻ വേലചെയ്തു് കിട്ടുന്ന പണം മാത്രമേ അവൻ ദാനമായി സ്വീകരിക്കാവൂ എന്നും, അതുകൊണ്ടു നിത്യവൃത്തികഴിഞ്ഞുകൊള്ളണമെന്നും ആണു്. പ്രത്യേകിച്ചു് അവരുടെ പ്രാർത്ഥനകളും യാഗങ്ങളും അവരുടെ മാത്രം പ്രയോജനത്തിനല്ല ഉദ്ദേശിക്കുന്നതു്. പ്രത്യുത മനുഷ്യജാതി മുഴുവന്റെയും നന്മയ്ക്കാണല്ലോ. അതുകൊണ്ടാണു് പുരോഹിതജാതിയെ തിരഞ്ഞെടുക്കാനിടയായതു്. ഹിന്ദുക്കളിൽ ബ്രാഹ്മണരും, യൂദന്മാരിൽ ലേവ്യരും ആയിരുന്നു. 'അനേകർക്കുവേണ്ടി ഒരുവൻ മരിക്കുന്നതു് കൊള്ളാം.' എന്നാണു് അതിന്റെ ആശയം. ഇപ്രകാരം നിസ്വാർത്ഥമതികളായ ഭക്തന്മാരാണു് ആദ്യം സമൂഹ്യസേവനയജ്ഞം സമാരംഭിച്ചതു്, ഒററയ്ക്കു് ആരംഭിച്ചതു് പിന്നീടു്, സമൂഹമായും, സംഘങ്ങളായും തുടർന്നു് കാലാന്തരത്തിൽ മതാംഗീകരണത്തോടുകൂടി വിശാലരംഗത്തേക്കും പ്രവേശിച്ചു. ഇപ്രകാരം മതസേവനത്തിനായി പ്രത്യേകം ആളുകളെ നിയോഗിച്ചുതുടങ്ങി. മിഷ്യനറിമാർ മതപരിവർത്തനം നടത്തുന്നതു് വെറും പ്രസംഗങ്ങൾകൊണ്ടല്ല, പ്രത്യുത, സാമൂഹ്യസേവനം വഴിയായിട്ടാണു്. ഇങ്ങനെ മതവും സാമൂഹ്യസേവനവും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ടു് സാമൂഹ്യസേവനമാണു് മതജീവൻ. സേവനമനുഷ്ഠിക്കാത്ത മതം നിർജ്ജീവമാണു്.

മതങ്ങൾ പലതും സേവനത്തിന്റെ വിവിധ തലങ്ങളിൽ പ്രവേശിച്ചുകഴിഞ്ഞു. തുടർന്ന് അതിന്റെ ശൃംഗങ്ങളിലേക്ക് പ്രയാണം ചെയ്യുകയാണ്. സേവനത്തിന്റെ ആത്മാവിനെ കണ്ടെത്തുവാനാണ് ആ ശ്രമം. അവസാനം സേവനം ആനന്ദമായി പരിണമിക്കുന്നു എന്നതാണ് അതിന്റെ വിജയം.

സാമൂഹ്യക്ഷേമത്തെ പുരസ്ക്കരിച്ച് ഓരോരുത്തരും വ്യക്തിപരമായി നിർവ്വഹിക്കേണ്ട സൽപ്രവൃത്തികൾ ഹിന്ദുമതം അനുശാസിക്കുന്നത് ചുവടേ ചേർക്കുന്നു.

1. ലോകത്തിലുള്ള സകല മനുഷ്യരെയും സഹോദരതേ്വന പരിഗണിക്കുകയും ജീവകാരുണ്യം പ്രദർശിപ്പിക്കുകയും ചെയ്യുക.

2. ക്ഷുത്ത്, ദുഃഖം മുതലായവ തനിക്കു നേരിടുന്നതായാൽ, അതിനെ താൻ ഏതുപ്രകാരം വിചാരിക്കുന്നുവോ ആയതുപോലെ അന്യർക്കുണ്ടാകുമ്പോഴും വിചാരിക്കുക.

3. അറിവുള്ള വിഷയങ്ങളെ മറച്ചുവെക്കാതെ ലോകോപകാരാർത്ഥം പ്രകാശിപ്പിക്കുക.

4. പരദൂഷണം ചെയ്യാതിരിക്കുക.

5, അന്യന്മാരുടെ ഐശ്വര്യത്തെ കണ്ടു് അസൂയപ്പെടാതിരിക്കുക.

6. ഒരുവനു് അരോചകം തോന്നത്തക്ക സ്ഥിതിയിൽ ആക്ഷേപിക്കാതിരിക്കുക.

7. അന്യജനങ്ങളെ വ്യസനിപ്പിക്കാതിരിക്കുക.

8. അന്യർക്കു കഴിയുന്ന വാക്സഹായവും ദേഹസഹായവും ചെയ്തുകൊടുക്കുക.

9. മഹത്തുക്കളെ വണങ്ങുക.

10 ഗുരുക്കന്മാരെ ബഹുമാനിക്കുക.

11. അച്ഛനമ്മമാരെ ആദരിക്കുക.

12. സദാസന്തോഷമായിരിക്കുക.

13. അകാരണമായി വല്പസമയത്തും ക്രോധമുണ്ടായാൽ തൽക്ഷണം ദൈവധ്യാനനിരതനായിരുന്നു് കോപത്തെ ശമിപ്പിക്കുക.

14. ആശ്രിതന്മാരെ രക്ഷിക്ക.

15. സന്താനങ്ങൾക്കു് ദൈവഭക്തി സംജാതമാകുന്ന ഉപദേശങ്ങൾ പറഞ്ഞുകൊടുക്കുക.

16 കഴിയുന്നതും ധ്രുതഗതി കൂടാതിരിക്കുക.

17 വിമതർക്കും താൻ നല്ലവനായിരിക്കുക.

18. ധനാപഹരണം, വിശ്വാസവഞ്ചന, ദ്യുതം മുതലായ നിഷ്ഠുരകർമ്മങ്ങൾ ചെയ്യാതിരിക്കുക.

19. പരസ്ത്രീകളെ തങ്ങളുടെ ജനനിമാരെന്നു് ദൃഢമായി മനസ്സിൽ നിശ്ചയിച്ചു് അവരോടു് വണക്കമായി സംസാരിക്കുകയും, മര്യാദയ്ക്കനുസരണമായി നോക്കുകയും ഭക്തിയോടുകൂടി പെരുമാറുകയും ചെയ്യുക.

''നിത്യവും കുറഞ്ഞതു് ഒരു സൽക്കർമ്മമെങ്കിലും ചെയ്യുക.''—(മുദ്രാവാക്യം.)

വേദങ്ങളിൽ രണ്ടുതരം കർമ്മങ്ങളുണ്ടു്. ഒന്നു് ഇഷ്ടം; മററതു് പൂർത്തം. ഇഷ്ടമെന്നാൽ ദേവപൂജ, ജപം, ധ്യാനം, അതിഥിപൂജ, സാദ്ധ്യായം. പിതൃസേവനം മുതലായവകളാണു്. പൂർത്തമെന്നാൽ അഗതിമന്ദിരങ്ങൾ, ആസ്പത്രികൾ, ദേവാലയങ്ങൾ മുതലായവ സ്ഥാപിക്കുകയും സമുദായസേവനം നടത്തുകയും ആകുന്നു.

സുസംഘടിതമായ സ്ഥാപനങ്ങളിൽ ജീവിക്കുന്ന സേവനപരായണരായ സ്ത്രീപുരുഷന്മാരുടെ വലിയ സംഖ്യ ബുദ്ധമതത്തിനു് വമ്പിച്ച ശക്തിയുണ്ടാക്കി. സമുദായസേവനത്തിനു, സന്മാർഗ്ഗനിഷ്ഠയ്ക്കും അതിപ്രധാനമായ സ്ഥാനം ബുദ്ധമതത്തിൽനൽകിയിട്ടുണ്ടു്. ''സ്നേഹവും, പരോപകാരവും, സംസ്ക്കാരവും പരസ്പരത്യാഗത്തിൻെറയും സഹിഷ്ണതയുടെയും സേവനത്തിൻെറയും അക്ഷയവും അജയ്യവുമായ പ്രവാഹമാണു്.''—സെൻറ്പോൾ.

## അദ്ധ്യായം എട്ട്

## ക്രിസ്തുമാർഗ്ഗത്തിൽ സാമൂഹ്യപ്രശ്നപരിഹാരം

''ദീനന്മാർക്കും ദരിദ്രർക്കും ലൌകിക സുഖങ്ങൾ സമ്പാദിക്കുവാൻ സഹായിക്കുന്നവൻ പരോപകാരിതന്നെ. എന്നാൽ സ്വർഗ്ഗ സമ്പാദനത്തിൽ പാപികളെ സഹായിക്കുന്നവരാണ് അതിലുംവലിയപരോപകാരി''

'ദരിദ്രന്മാർക്കു് കൊടുക്കാനുള്ളതു് കൊടുപ്പിൻ'—നബി,

സാമൂഹ്യവും, സാമ്പത്തികവും, രാഷ്ട്രീയവുമായ പ്രശ്നങ്ങൾ പരസ്പരം ബന്ധപ്പെട്ടാണ് ലോകത്തിൽ ഇന്നു കാണുന്നതു്. സാമ്പത്തികമായി ഒരു മനുഷ്യനു് വസ്ത്രം, ആഹാരം, ഭവനം എന്നിവകളാണ് അത്യന്താപേക്ഷിതമായിട്ടുള്ളതു്. സാമൂഹ്യവിഷയമായി ക്രിസ്തു പഠിപ്പിച്ചിരിക്കുന്നതു് അയൽക്കാരനുമായിട്ടുള്ള ബന്ധത്തെപ്പററിയാണ്. അയൽക്കാരനുമായിട്ടുള്ള ബന്ധത്തെപ്പററി നല്ല ശമറിയാക്കാരന്റെ ഉപമയിൽ ക്രിസ്തു വ്യക്തമാക്കിയിരിക്കുന്നു. അതെ! ആ ബന്ധം ക്രിസ്തുവിന്റെ ആത്മാവിൽക്കൂടി പരിശോധിക്കുന്നതിനാലാണ് സുസ്ഥിരമാകുന്നതു്. എന്നാൽ ക്രിസ്തു അവതരിച്ചതു് സാമൂഹ്യസാമ്പത്തിക രാഷ്ട്രീയഉന്നമനത്തിനായിട്ടല്ല എന്നു് അവിടുന്നു സ്വീകരിച്ച പൊതുതത്വങ്ങളും, തന്റെ മാതൃകാജീവിതവും നമ്മെ മനസ്സിലാക്കുന്നു. രണ്ടുപേർ തമ്മിൽ വസ്തുതർക്കമുണ്ടായപ്പോൾ മദ്ധ്യസ്ഥനായി, ക്രിസ്തുവിനെ ക്ഷണിച്ചു. അവിടുന്നു് അതു സ്വീകരിച്ചില്ലല്ലോ. കൂടാതെ കൈസർക്കു് തലവരിപ്പണം കൊടുക്കുന്നതിനെ എ

തീർത്തില്ല. വ്യഭിചാരിണിയായ സ്ത്രീയെ കല്ലെറിയാൻ സമ്മതിച്ചില്ല. എന്നാൽ മനുഷ്യരാശിയെ സകല വിഷമസന്ധികളിൽ നിന്നും വിമുക്തമാക്കുവാനായി, അനർഘങ്ങളും, അനശ്വരങ്ങളും ദിവ്യങ്ങളുമായ ഉപദേശങ്ങളായ ''ഗിരിപ്രഭാഷണം'' ലോകത്തിനു ദാനം ചെയ്തു. ആകയാൽ സാമൂഹ്യസാമ്പത്തികരാഷ്ട്രീയ നിലപാടിനേക്കാൾ അദ്ധ്യാത്മീകപുരോഗതിയാണ് ആവശ്യം എന്നു ക്രിസ്തു വ്യക്തമാക്കി.

ആധുനികലോകം ശാസ്ത്രീയപുരോഗമനത്തോടുകൂടി തന്നെ ചിന്താരീതിയിലും പുരോഗമിച്ചുവന്നു. 17–13 ശതാബ്ദങ്ങൾ മതവൈരാഗ്യത്തിന്റെ കാലഘട്ടമായിരുന്നു. ക്രിസ്ത്യൻ തത്വങ്ങൾ അനുസരിച്ച് നാം പുരോഗമിച്ച് ദൈവരാജ്യത്തിൽ എത്തുമെന്നും, അപ്പോൾ നാം പരിപൂർണ്ണരാകുമെന്നും ആണ്. എന്നാൽ അതിനു വിഘാതമായി ഇന്നു കാണപ്പെടുന്നതു് ഇവകളാണ്.

1. മനുഷ്യൻജീവിതപ്രകൃതിയെ തെററി കണക്കുകൂട്ടുന്നു. അതായതു് മനുഷ്യൻ സ്വയം പാപം ചെയ്യുന്നില്ലായെന്നും, പ്രത്യുത, അതു് സാഹചര്യങ്ങൾകൊണ്ടു് മാത്രമാണെന്നും തെററിദ്ധരിക്കപ്പെട്ടു.

2. പരലോകകാര്യങ്ങളെ സംബന്ധിച്ചുള്ള വിശ്വാസത്യാഗം.

3. ക്രിസ്തുമതത്തിന്റെ പരിപൂർണ്ണത്വനിഷേധം.

4. മതവും ജീവിതവും മതേതരമാർഗ്ഗങ്ങളിൽ വീക്ഷിക്കപ്പെടുന്നു. അതായതു് മതം ലൗകികജീവിതത്തിനു് മാത്രമാണാവശ്യമെന്നു് തെററിദ്ധരിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഒന്നാം ലോകമഹായുദ്ധകാലത്തോടുകൂടി ഈ ആശയങ്ങൾ തകർന്നു് തരിപ്പണമായി. പക്ഷേ, രണ്ടാംലോകമഹായുദ്ധത്തോടുകൂടി മാനസീകമായ അധപ്പതനം ഉണ്ടെന്നു് ലോകം ഗ്രഹിച്ചു.

ഴിഞ്ഞു. അതുകൊണ്ട് ആത്മീയകാര്യങ്ങളിൽ നാം ഉത്സുകരായിരിക്കണമെന്നാണ് ഇന്നും, ലോകനേതാക്കന്മാർ ഉൽബോധിപ്പിക്കുന്നത്. ദൈവസേവനം മൂലം ആത്മീയസേവനവും, അതുമൂലം മനുഷ്യസേവനവും സാദ്ധ്യമായിത്തീരുന്നതാണ്. സാമൂഹ്യസേവനത്തിൻെറ ഉയന്ന സോപാനങ്ങളാണിത്. അതാലേക്കാണ് ക്രിസ്തുമതത്തിൻെറ ആഹ്വാനം.

ക്രിസ്തുമതത്തിൽ, ബൈബിൾ കഥകൾ കൂടുതലും സാമൂഹ്യവും, സേവനപരവും ആയ സംഗതികളെ സംബന്ധിച്ചാണ് ശ്രീയേശു തൻെറ ജീവിതംകൊണ്ട് മനുഷ്യലോകത്തെ പഠിപ്പിച്ചതു് സമഭാവനയും സാഹോദര്യവും ആണ്. സാമൂഹ്യജീവിതത്തിൽ ഇവ രണ്ടും നാം സ്വീകരിച്ചില്ലെങ്കിൽ നാം പുരോഗമിക്കുവാൻ പോകുന്നില്ല. നിസ്തുലമായ മനുഷ്യസ്നേഹത്തിനും, സേവനത്തിനും വേണ്ടി ക്രിസ്തുജീവനെപ്പോലും ബലികഴിച്ചു. സേവനത്തിൻെറ, മൂലം സ്നേഹവും, അതിൻെറ ഉത്തമോദാഹരണം ദൈവം തന്നെയുമാണ്. ക്രിസ്തു അന്ധന്മാർക്കു് കാഴ്ച കൊടുക്കയും, മുടന്തനെ സുഖപ്പെടുത്തുകയും, വിശന്നവർക്കു് ഭക്ഷണം നല്കുകയും ചെയ്തു. അവസാനം എല്ലാവരുടെയും രക്ഷയ്ക്കായി പ്രാണത്യാഗംപോലും ചെയ്തില്ലേ? ക്രിസ്തുവിനോടുള്ള സ്നേഹത്തെ പ്രതി എത്ര മിഷ്യനറിമാർ അന്യരുടെ സേവനത്തിനുവേണ്ടി ജീവിതം ഒഴിഞ്ഞുവെക്കുകയും, അജ്ഞാനികളും അപരിഷ്കൃതരുമായവരുടെയിടയിൽ താമസിക്കുകയും ക്രിസ്തുവിനുവേണ്ടി കഷ്ടതകളും നഷ്ടങ്ങളും സഹിക്കുകയും ചെയ്തു എന്നാൽ നിസ്വാർത്ഥമായ ഈ സേവനത്തിനു് ക്രിസ്തീയസ്നേഹമല്ലാതെ. ഭൂതദയ. കൃത്യനിർവ്വഹണം മുതലായ മററു് ആദർശങ്ങൾകൊണ്ടു് സാദ്ധ്യമല്ല എന്നു് ആലോചിച്ചാൽ മനസ്സിലാക്കാവുന്നതാണ്. അതുകൊണ്ടു് ക്രിസ്തുമതം

'സ്നേഹത്തിൻെറ മതം' എന്നു് അറിയപ്പെട്ടുവന്നു. കൂടാതെ സാമൂഹ്യസേവനം സംബന്ധിച്ച് പല കാര്യങ്ങളും ക്രിസ്തുമതഗ്രന്ഥത്തിൽ വളരെ കൂടതലായിട്ടുണ്ടു്. സാമൂഹ്യവിദ്യാഭ്യാസം സംബന്ധിച്ച് വൈ. എം. സി. ഏ വകയായി പഠിപ്പിച്ചുവരുന്നതു് ക്രിസ്തുമതത്തിൻെറ ആദർശങ്ങളും വിശ്വാസങ്ങളും (പ്രാർത്ഥന, കൃപാദാനങ്ങൾ, ധർമ്മസംഹിതകൾ) സഭാചരിത്രം, ഗിരിപ്രഭാഷണം, 23-ാം സങ്കീർത്തനം, 100-ാം സങ്കീർത്തനം (മനപ്പാഠം) വേദകഥകൾ, ക്രിസ്തീയഭവനം എന്നിവ കൂടാതെ അക്ഷരാഭ്യാസാനന്തരം, ആരോഗ്യശാസ്ത്രം, കൃഷിശാസ്ത്രം, ഗ്രാമീണസാമ്പത്തികശാസ്ത്രം എന്നിവകളാണു്. ഇതിൽനിന്നു് 'സേവനത്തിൻെറ മതവും' ക്രിസ്തുമതമാണെന്നു കാണുന്നു.

പരോപകാരം ചെയ്യുന്നതിനാലാണു് ഒരു മനുഷ്യൻെറ ദൈവികബന്ധം സംസ്ഥാപിതമായിത്തീരുന്നതു്. വ്യക്തിപരമായ നമ്മുടെ സേവനങ്ങൾവഴി നമുക്കു് ദൈവസംസർഗ്ഗം ചെയ്യാമെന്നു് ക്രിസ്തു പഠിപ്പിക്കുന്നു. ''ഈ ഏററവും ചെറിയവരിൽ ഒരുത്തനു് ചെയ്യുള്ളു് എനിക്കു ചെയ്തതാണു്'' എന്നാണു് ക്രിസ്തു അരുളിച്ചെയ്തതു്. പരോപകാരം ഏററം വലിയ പുണ്യം. പരോപദ്രവം ഏററം വലിയപാപം എന്നു് വി. മത്തായി 25:31–46 വായിച്ചാൽ ഗ്രഹിക്കാവുന്നതാണു്. 'പരോപകാരാർത്ഥമിദംശരീരം.' എന്നാണു് പഴഞ്ചൊല്ല്. ഒരാൾക്കു് രണ്ടു് യജമാനന്മാരെ സേവിപ്പാൻ കഴിയുന്നതല്ലല്ലോ. എന്നാൽ വലിയ ആത്മാക്കൾ തങ്ങളുടെ മരണം തീർച്ചയാണെന്നു് അറിഞ്ഞുകഴിയുമ്പോൾ അന്യർക്കുവേണ്ടി എന്തെങ്കിലും ഉപകാരം ചെയ്യുകയും അങ്ങിനെ അനശ്വരയശസ്സ് സമ്പാദിക്കുകയും ചെയ്യുന്നു എന്നാണു് മഹദ്വാക്യം.

ലോകത്തിലെ ആദ്യത്തെ സാമൂഹ്യപ്രസ്ഥാനം

കുടുംബം (Home) ആണ്. (ഉല്പത്തി 1:27–28). അതിൻെറ ഉദ്ദേശം സന്തതി ഉല്പാദനവും മററു സൃഷ്ടികളെ ഭരിക്കുകയും ആകുന്നു. കൂടാതെ മററു സൃഷ്ടികളെ പ്രതിനിധീകരിച്ച് നാം ദൈവത്തെ സ്തുതിക്കണം. (ഉല്പ 2:20; 31:14, 15.) മനുഷ്യനെ ആദ്യം ആണും പെണ്ണുമായി സൃഷ്ടിച്ചതിനുശേഷം അവരിരുവരുമായുള്ള അഭേദ്യബന്ധവും ഉദ്ദേശിച്ചതുകൊണ്ടാണ്. വേറെ സ്ത്രീയെ (പുരുഷനിൽ നിന്നെടുക്കാതെ) ദൈവം മനഞ്ഞുണ്ടാക്കാഞ്ഞതു്. (സങ്കീ. 48:15: മത്താ. 19:5). ഹിന്ദുമതശാസ്ത്രപ്രകാരം സ്ത്രീയെ കൗമാരംവരെ മാതാപിതാക്കന്മാരും, യൗവ്വനത്തിൽ ഭർത്താവും, വാദ്ധക്യത്തിൽ പുത്രനും രക്ഷിക്കണമെന്നു മനു വിധിച്ചിരിക്കുന്നു. കൂടാതെ സ്ത്രീ സ്വാതന്ത്ര്യം അർഹിക്കുന്നില്ലെന്നും, ബഹുഭാര്യാത്വം ആകാമെന്നും, വിധവാവിവാഹം പാടില്ലെന്നും, ഭാര്യയെ ഉപേക്ഷിക്കുവാൻ അനുവാദമുണ്ടെന്നും തുടർന്നു പറയുന്നു. ക്രിസ്തുമതത്തിൽ മേൽപ്പറഞ്ഞ ദാമ്പത്യബന്ധത്തെപ്പററി കോലസ്യ 3 18–20; എഫേ. 5:32–33. 1 കോരി. 11:11–13; 7:39. എന്നീ വേദഭാഗങ്ങളിൽ വ്യക്തമായി പറയുന്നു. കാലാന്തരത്തിൽ എബേന്യർ എന്നൊരുതരം യൂദർ വിവാഹമാവശ്യമില്ലെന്നു വാദിച്ചു. കൂടാതെ സൂത്തിക്കോസ്, മാനി, നവാദി എന്നീ വേദവിപരീതികളും ഈ അഭിപ്രായക്കാരായിരുന്നു.

ജീവനുള്ള മൂന്നു ക്രിസ്തീയ ഭവനത്തെ സംബന്ധിച്ച് സുവിശേഷത്തിൽ കാണുന്നുണ്ട്. ഒന്നു സക്കായിയുടെ ഭവനമാണ്. സക്കായി ക്രിസ്തുവിനെ കാണുവാൻ കാട്ടത്തിമേൽ കേറുന്നതിനായി ബദ്ധപ്പെടുന്നു, കേറുന്നു; കാണുന്നു; അവൻ ക്രിസ്തുവിനെ സ്വന്തം ഭവനത്തിലേക്കു സ്വീകരിക്കുന്നു; തൻെറ ഭൂതകാല ജീവിതവിവരണത്തോടെ മാനസാന്തരപ്പെടുന്നു. ക്രിസ്തു

ആ ഭവനത്തിന് ജീവനുണ്ടായി എന്ന് അരുളിച്ചെയ്തു. മറ്റൊരു കുടുംബം നസ്രേത്തിലെ വി. കുടുംബമാണ്. കുടുംബാംഗങ്ങൾ, യൗസേഫ്, കന്യകമറിയാം, കർത്താവ് എന്നിങ്ങനെ 3 വ്യക്തികൾ. യൗസേഫ് നീതിമാൻ, ദിവ്യആലോചനയോടുകൂടിയവൻ. പ്രാർത്ഥനാജീവിതവും, അനുസരണവുമുള്ള കുട്ടി യേശു. വിശ്വാസവും വിനയവും ഉള്ള ഗൃഹനാഥ മറിയാം—മൂന്നാമത്തെ മാതൃകാഭവനം ബഥാന്യായിലെ ഗൃഹമാണ്. അത് ഒരു പരിശുദ്ധമായ ഭവനമാണ് മറിയാമിന്റെ കർതൃശുശ്രൂഷയും, മാർത്തയുടെ ലൗകീകകാര്യബദ്ധപ്പാടും സൂക്ഷിക്കുക. കർത്താവ് മറിയാമിന്റെ പാദശുശ്രൂഷയെ സ്വീകരിക്കുന്നു.

വ്യക്തിപരമായും സാമൂഹ്യമായും നമ്മുടെ ജീവിതത്തിലവാരം ഉയരേണ്ടിയിരിക്കുന്നു. ദൈവത്തെ കാണുന്നതിന് സ്വർഗ്ഗാദിസ്വർഗ്ഗങ്ങളിൽ അന്വേഷിക്കേണ്ട. ദരിദ്രനും, യാചകനും, കഷ്ടമനുഭവിക്കുന്നവനും, അംഗഹീനനും ആയവരെ സേവിക്കുക. പണ്ട് ഒരു ഔഷധദായകക്കാരൻ ദൈവത്തെ കാണിച്ചുതരുന്നതിനായി മുട്ടിപ്പായി പ്രാർത്ഥിക്കുക പതിവായിരുന്നു. ഒരിക്കൽ ആ സന്യാസിക്ക് ഒരു അരുളപ്പാടുണ്ടായി. ആയത് ഇന്ന ആണ്ട് ഇന്നമാസം ഇത്രാം തീയതി ഒരു മലയുടെമുകൾ പരപ്പിൽ സന്ധ്യയോടുകൂടി ദൈവം വന്നെത്തുമെന്നായിരുന്നു. ലോകരെല്ലാം അറികെതന്നിക്ക് ദൈവത്തെ കാണ്മാൻ തക്കവണ്ണം വിവരം പട്ടണങ്ങളിലും പരിസരങ്ങളിലും അറിയിക്കപ്പെട്ടു കൃത്യദിവസം കൃത്യസമയം ദൈവം പ്രത്യക്ഷപ്പെട്ടുമെന്ന് പറഞ്ഞ മലമുകളിൽ അനേകായിരം ആളുകൾ വന്ന് കാത്തിരിപ്പായി. സന്യാസിയും തൽസ്ഥലത്തേക്ക് പുറപ്പെട്ടു വഴിമദ്ധ്യേ ഒരു കുഷ്ഠരോഗി തന്നെ സമീപിച്ചു. തനിക്ക് നടക്കുവാൻ വാർദ്ധക്യവും ക്ഷീണവും

കൊണ്ടു് നിവൃത്തിയില്ലാത്തതിനാൽ തന്നെയുംകൂടെ ആ സ്ഥലത്തേയ്ക്കു് വഹിച്ചുകൊണ്ടുപോകണമെന്നു് അപേക്ഷിച്ചു. സന്യാസിക്കു് ദയവു തോന്നുകയാൽ അവനേയും തോളിൽ വഹിച്ചു് മലമുകളിൽ വന്നു. കൃത്യസമയം കഴിഞ്ഞു, ആളുകൾ അക്ഷമരായി; ആരും ദൈവത്തെ കണ്ടില്ല; എല്ലാവരും നിരാശരായി തിരിച്ചുപോയി. ഈ ഹീദായക്കാരനും നന്നാ വിഷമിച്ചു് മനസ്ഥാപിച്ചു. പിന്നീടു് താൻ പ്രാർത്ഥനയിൽ ഇക്കാര്യത്തെപ്പററി ദൈവസന്നിധിയിൽ ആരാഞ്ഞു. അപ്പോൾ കർത്താവു് അരുളിച്ചെയ്തു. ''ഞാൻ കല്പിച്ചതുപോലെ പ്രവർത്തിച്ചു. നീ ചുമന്നുകൊണ്ടുപോയ നിരാധാരനായ കുഷ്ഠരോഗി ഞാനായിരുന്നു; നീ എന്നെ കണ്ടു എൻെറ അപേക്ഷ സ്വീകരിച്ചു, എന്നെ വഹിച്ചു. എന്നാൽ മററുള്ള എല്ലാവരേയും ഞാൻ കണ്ടു. അവരോടു് ഞാൻ ആവശ്യപ്പെട്ടു അവർ എന്നെ ദ്വേഷിച്ചു. അതുകൊണ്ടു് അവക്കു് ഒരുനാളും ദൈവത്തെ കാണാനോ, തന്നെ വഹിപ്പാനോ സാദ്ധ്യമല്ലയെന്നറിയുക.'' ഇതിൽ പിന്നീടു് ആ പരിശുദ്ധൻ, മാനുഷികസേവനത്തിനായി തൻെറ ശിഷ്ടജീവിതം സമർപ്പിച്ചു.

ക്രിസ്തുമതഗ്രന്ഥമനുസരിച്ചു് ജോലികളിൽ പ്രാമാണ്യം ദൈവസേവയ്ക്കാണു്. മാലാഖമാരുടെ ജോലിയാണതു്. അവർ ദൈവത്തെ സ്തുതിക്കുകയും ശുശ്രൂഷിക്കുകയും, തൻെറ ദൗത്യം നിർവ്വഹിക്കുകയും ചെയ്തുവന്നു. പിന്നീടു് ആദാമിനെയും ഹവ്വായേയും ഏദൻതോട്ടത്തിൽനിന്നു് പുറത്താക്കിയപ്പോൾ പറുദീസായിക്കു് കാവൽക്കാരായി നിയമിച്ചു( മനുഷ്യനു് ദൈവം ആദ്യം നൽകിയ ജോലി ഏദൻതോട്ടം കാക്കുകയും ചെടികൾ നനയ്ക്കുകയും — ഇങ്ങനെ ഒരു തോട്ടക്കാരൻെറ പണിയായിരുന്നു. തുടർന്നു് അവർ നിലം

ഫലനത്താൽ അവിടെ നിന്ന് നിഷ്ക്കാസിതരായി. അപ്പോൾ ദൈവം അവരെ ഭൂമിയിൽ കൃത്യമായ ദാനം ചെയ്ത് ഉപജീവിക്കുവാൻ കല്പിച്ചയച്ചു. അങ്ങിനെ അവർ കൃഷീവലന്മാരായിത്തീർന്നു. കാലക്രമത്തിൽ പലരും പല ജോലികളിൽ, അവരുടെ ഇഷ്ടമനുസരിച്ചും, ജന്മവാസനയനുസരിച്ചും, സൗകര്യമനുസരിച്ചും വ്യാപൃതരായി. കാലാന്തരത്തിൽ ക്രിസ്തുവിന്റെ നാളുകളിൽ അദ്ദേഹം മനുഷ്യസേവനത്തിനായി ജീവിച്ചു രോഗികളെ സുഖപ്പെടുത്തുക; അറിവില്ലാത്തവർക്ക് സുവിശേഷം അറിയിക്കുക, ഭൂതബാധിതരെ സുഖപ്പെടുത്തുക മുതലായ കാരുണ്യപ്രവൃത്തികൾ ചെയ്തു. ഇപ്രകാരം ഒരു മനുഷ്യൻ ദൈവസേവനവും, പ്രകൃതിസേവനവും (കൃഷി അല്ലെങ്കിൽ മറെറന്തെങ്കിലും ജോലി) മനുഷ്യസേവനവും നടത്തുവാൻ ആവശ്യമാണെന്നു വ്യക്തമാക്കി. ഒന്ന് വ്യക്തിക്കും, (പ്രകൃതി) മററത്ത് സമൂഹത്തിനും (മനുഷ്യസേവനം) അടുത്തത് ആത്മാവിനും (ദൈവസേവനം) ആവശ്യമാണ്, | മനുഷ്യസേവനം ആത്മീയസേവനവും, ആത്മീയസേവനം ദൈവീകസേവനവുമായിത്തീരുന്നു.

ക്രിസ്തുസഭ പഠിപ്പിക്കുന്ന ''മനോഗുണപ്രവൃത്തികൾ'' (കാരുണ്യപ്രവൃത്തികൾ) 14 ആണ്. ഇവകളിൽ ഏഴ് ജഡികവും ഏഴ് ആത്മീയവും ആകുന്നു.

1 വിശന്നിരിക്കുന്നവർക്ക് ഭക്ഷണം കൊടുക്കുക

2 ദാഹിച്ചിരിക്കുന്നവർക്ക് കുടിപ്പാൻ കൊടുക്കുക

3. പരദേശികളെ സ്വീകരിക്കുക

4. നഗ്നന്മാരെ ഉടുപ്പിക്കുക.

5. രോഗികളെ സന്ദർശിച്ച് സഹായിക്കുക.

6. ബന്ധനത്തിലിരിക്കുന്നവരെ സന്ദർശിച്ച് സഹായിക്കുക.

7. മരിച്ചവരെ കബറടക്കുക.
8. ചഞ്ചലഹൃദയമുള്ളവരെ ഉറപ്പിക്കുക
9 ഭോഷന്മാർക്കു് ബുദ്ധിപറഞ്ഞുകൊടുക്കുക.
10. പാപികളെ ശാസിക്കുക.
11. അപരാധങ്ങളെ ക്ഷമിക്കുക.
12 സങ്കടക്കാരുടെ സങ്കടം കേൾക്കുക.
13. സഹനശക്തിയുണ്ടായിരിക്കുക
14 ജീവനുള്ളവർക്കും, മരിച്ചവർക്കുംവേണ്ടി പ്രാർത്ഥിക്കുക.

## അദ്ധ്യായം ഒൻപതു്

### സംഘടനായുഗത്തിലെ സാമൂഹ്യബോധം

"True Community does not arise through people having feelings for one another (though indeed not without it) but through first, their taking their stand in living mutual relation with a living centre and second, their being in living mutual relation with one another. The second has its source in the first, but is not given when the first alone is given. Living mutual relation includes feelings, but does not orginate with them. The community its built up out of living mutual relation, but the builder is the living effective centre. Martin Buber.

സാമൂഹ്യപ്രശ്നം മനുഷ്യനെപ്പോലെ തന്നെ അത്രപഴക്കമുള്ളതാണു്. ദുഃഖിതരെ ആശ്വസിപ്പിക്കുക.

ജീവിതത്തിൽ പരാധീനത അനുഭവിക്കുന്നവരെ സഹായിക്കുക, അപഥചാരികളെ നേർവഴിയെ നയിക്കുക, ആതുരരെയും വികലാംഗരേയും ശുശ്രൂഷിക്കുക മററനേകവിധത്തിൽ ദരിദ്രരെ സഹായിക്കുക. ഈ വിധം അനേകതര പ്രശ്നങ്ങൾ എപ്പോഴും ഉള്ളവയാണ്. പഴയകാലത്ത് പൊതുകാര്യപ്രസക്തരും പരോപകാരാത്മരുമായ സ്ത്രീപുരുഷവ്യക്തികൾ മാത്രമായിരുന്നു ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നത്. എന്നാൽ പരിഷ്കൃതമായ ഇക്കാലത്ത് ഇവയെ അഭിമുഖീകരിക്കുവാൻ സംഘടിത ശ്രമമാണ് ആവശ്യം.

മനുഷ്യൻ ഒരു സാമൂഹ്യസൃഷ്ടിയാണെന്ന് അവൻെറ സൃഷ്ടികൊണ്ടും പരിപാലന വ്യവസ്ഥകൊണ്ടും ദൈവം പഠിപ്പിക്കുന്നു. മനുഷ്യനാവശ്യവും, സമൂഹത്തിനാവശ്യവുമായ എല്ലാ സൃഷ്ടികളെയും സൃഷ്ടിച്ച് സജ്ജമാക്കിയ ശേഷം രാജാവായി മാനവനെ ആറാം ദിവസം ദൈവം സൃഷ്ടിച്ചു. കൂടാതെ സന്താനപുഷ്ടിയുള്ളവരായിത്തീരുവാനും വരം കൊടുത്തു. തന്മൂലം ഒരു ഒരു മനുഷ്യനു് പ്രകൃതിവലയം കൂടാതെ സമൂഹ വലയവും ഉണ്ടായി. മനുഷ്യരെല്ലാം അന്യോന്യം ബന്ധപ്പെട്ട് സമൂഹവും. ആയത് പല രീതിയിലും സംഘടിപ്പിച്ചു. മാതാവ്, പിതാവ്, സഹോദര സഹോദരികൾ, ബന്ധുക്കൾ, മിത്രങ്ങൾ മുതലായവരുടെയിടയിലുള്ള അവൻെറ ജീവിതം അവനെ പരസ്പരം സേവിക്കുന്നതിനും, സ്നേഹിക്കുന്നതിനും ഇടയാക്കുന്നു. ദൈവം തന്നെയും മനുഷ്യനായി 12 വയസ്സുവരെ കുടുംബത്തിൽ കഴിച്ചുകൂട്ടുകയാണല്ലോ ചെയ്തത്. തൻെറ സ്വന്തക്കാരോടുമാത്രമാണ് താൻ ആദ്യം സുവിശേഷം പ്രസംഗിച്ചത്. പുറജാതികൾക്ക് താൻ അതിനെ നൽകാൻ വിസമ്മതിയ്ക്കുന്ന ഭാഗം കനാൻ കാരത്തി സ്ത്രീ

യോടുള്ള സംഭാഷണത്തിലുണ്ട്. ദൈവം മനുഷ്യനെ മനുഷ്യരായി വിഭജിച്ചു. അവർ പരസ്പരം സഹായിക്കുവാൻവേണ്ടി''—സെനക്കാ.

സാമൂഹ്യബോധം അഥവാ മററുള്ളവരെ സഹായിക്കുന്നതിനുള്ള ആഗ്രഹം സാധാരണ എല്ലാ മനുഷ്യരിലും കാണാവുന്നതാണ്. ആദാമിനു് തുണയായിട്ടാണല്ലോ ഹവ്വാ സൃഷ്ടിക്കപ്പെട്ടതു്. അതുകൊണ്ട് ദൈവം മനുഷ്യനെ സൃഷ്ടിച്ചതു് ഈ സ്വഭാവ വിശേഷത്തോടുകൂടിയാണ്. അന്യോന്യ സഹായം കൂടാതെ മനുഷ്യർക്കു് ജീവിതം തന്നെ വിഷമകരമാണല്ലോ. പൊതുവെ അപരിഷ്കൃത മനുഷ്യരിലാണ് സാമൂഹ്യബോധം കൂടുതൽ കാണപ്പെടുന്നതു്. ഒരിക്കൽ ഒരു മാനസിക (Neurosis) രോഗം ബാധിച്ച ഒരു കച്ചവടക്കാരൻ ചികിത്സയ്ക്കു് ഒരു വിദഗ്ദ്ധ ഡോക്ടരെ സമീപിച്ചു. അദ്ദേഹം മരുന്നുകളൊന്നും കുറിച്ചുകൊടുക്കാതെ റെയിൽവെ സ്റ്റേഷനിൽ പോയി അവിടെ പരസഹായം ആവശ്യമുള്ളവർക്കു് വേണ്ടതു ചെയ്തുകൊടുക്കുക എന്നു മാത്രമാണ് നിർദ്ദേശിച്ചതു്. ഈ ഉപദേശം ആദ്യം അയാൾ നിരസിച്ചുവെങ്കിലും കുറെ നാൾ കഴിഞ്ഞപ്പോൾ ഒന്നു് പരീക്ഷിച്ചുനോക്കുവാൻ തീരുമാനിച്ചു. അയാൾ സ്റ്റേഷനിൽ ചെന്നപ്പോൾ ഒരു വൃദ്ധസ്ത്രീ വഴിയറിയാതെ ഒരുവശത്തുനിന്നു് കരയുന്നതായി കണ്ടു. അയാൾ വൃദ്ധയുടെ അടുത്തുചെന്നു് ദയാപൂർവ്വം വിവരം അന്വേഷിച്ചു, വഴി പറഞ്ഞുകൊടുത്തു് അവിടേയ്ക്കുള്ള വണ്ടിയിൽ കയററി അയയ്ക്കുകയും, കുറെ മധുരസാധനങ്ങളും പഴങ്ങളും സമ്മാനം നൽകുകയും ചെയ്തു. ഇതുപോലെ പല നിസ്സാരങ്ങളായ സഹായങ്ങൾ മററു് പലർക്കും ചെയ്തുകൊടുക്കുവാൻ അവനു് മനസ്സുവന്നു. അന്നുമുതൽ അയാൾ ഒരു യഥാർത്ഥ മനുഷ്യനായി അനുഭവപ്പെടുകയും, സുഖക്കേടിൽ നിന്നു് പൂർണ്ണമുക്തിനേടുകയും ചെയ്തു. മനുഷ്യഹൃദയത്തിൽ കാരുണ്യത്തിൻെറ

ഉറവുകൾ ഇല്ലാതെ വന്നിട്ടില്ല അതു് പൊട്ടിപ്പുറപ്പെടുവാനുള്ള സന്ദർഭം ലഭിക്കണമെന്നേ ഉള്ളൂ. അന്യരുടെ മുഖത്തു് സന്തോഷത്തിൻെറ മന്ദഹാസം പുറപ്പെടുവിക്കുവാൻ സാധിക്കുന്ന പ്രവൃത്തിയാണു് സൽപ്രവൃത്തിയെന്നു മഹമ്മദ് നബിപറയുന്നു. സോറോസ്റ്റർ പറഞ്ഞിരിക്കുന്നതു്—''മററുള്ളവർക്കു് നന്മ ചെയ്യുന്നതു് കൃത്യനിർവഹണമല്ല. എന്നാൽ നിങ്ങളുടെ ഐശ്വര്യത്തേയും അതു് വർദ്ധിപ്പിക്കുമെന്നുള്ളതുകൊണ്ടു് സന്തോഷകരമാണു്.''

ഇങ്ങനെ വ്യയഹേതുകമായ സഹായങ്ങളും പരോപകാരങ്ങളും ചെയ്യുന്നതുകൂടാതെ ചേതമില്ലാത്ത പല ഉപകാരങ്ങൾ പോലും ചെയ്യുന്നതിനും നാം തയ്യാറാകണം. എന്നാൽ ചേതമില്ലാത്ത ഉപകാരങ്ങളും ഗുണദോഷങ്ങളും നാം ചെയ്യാതിരിക്കുന്നുവെങ്കിൽ അതു് സാമൂഹ്യബോധത്തിൻെറ കുറവുകൊണ്ടാണു്. ഭൂമദ്ധ്യരേഖയ്ക്കു് അടുത്തുള്ള ഒരു സ്ഥലത്തു് ഒരു അപരിഷ്കൃതമനുഷ്യൻ രണ്ടുമാസം യാത്രചെയ്തു് ഒരു രോഗിയെ ചികിത്സയ്ക്കു് ഒരു വലിയ പട്ടണത്തിലേക്കു് കൊണ്ടുപോയ ഒരു സംഭവം പത്രപംക്തികളിൽ കാണുവാനിടയായി അയാൾ സ്വയം ഭക്ഷണം കഴിക്കാതെ 6 ആഴ്ചവരെ ആ രോഗിക്കു് ഭക്ഷണം കൊടുത്താണു് ചികിത്സിപ്പിച്ചതു്.

ഇന്നു് സംഘടനകളുടെ യുഗമാണല്ലോ. കഷ്ടപ്പെടുന്ന നമ്മുടെ സഹോദരൻെറ നിലയിലേക്കു് ഇറങ്ങിച്ചെന്നു് അവൻെറ പ്രയാസങ്ങളെ മനസ്സിലാക്കണം. മനഃപൂർവ്വമായ സ്വയ ത്യാഗത്താൽ സമയവും പണവും മിച്ചപ്പെടുത്തി അങ്ങിനെയുള്ളവരെ സഹായിക്കണം ദൈവത്തിൻെറ പ്രമാണങ്ങളോടു് യോജിക്കുന്ന പുതിയ വ്യവസ്ഥിതിക്കു വേണ്ടി സർവ്വസേവന സംഘടനകളും പ്രവർത്തിക്കുന്നതിനു് തയ്യാറാകണം. ഇപ്രകാരം

നാട്ടിൽ അവിടവിടെയുള്ള പ്രസ്ഥാനങ്ങരം മുൻകൈ-യെടുത്തു് പ്രവർത്തിക്കേണ്ട കാര്യങ്ങരം ചുവടെ ചേർക്കുന്നു.

1. എഴുത്തുപള്ളികരം:—പള്ളിക്കൂടങ്ങരം സ്ഥാപിക്കുന്നതു് അഭികാമ്യമായ ഒരു ഏർപ്പാടാകയാൽ പൊതുജനോപകാരപ്രദമായ ഈ പ്രസ്ഥാനം പ്രോത്സാഹനാർഹം തന്നെ.

2 ഗ്രന്ഥാലയങ്ങരം:—യുവജനങ്ങളെ നേർവഴിക്കു തിരിക്കത്തക്ക ഉത്തമഗ്രന്ഥങ്ങരം ശേഖരിച്ചു് സമുദായാംഗങ്ങരംക്കു പൊതുവായ ഗ്രന്ഥശാലയിൽനിന്നു് വിതരണം ചെയ്താൽ അതു് ഏററവും പ്രയോജനകരമായിരിക്കും.

3. ആതുരാലയങ്ങരം, അംഗഭംഗപ്പെട്ട കുട്ടികരംക്കു് അവരുടെ കഴിവുകളുടെ ആകത്തുകയെക്കുറിച്ചു് അറിവില്ലാത്തതുകൊണ്ടു് അവനവനിലുള്ള യഥാർത്ഥമനുഷ്യത്വം നിലനിറുത്തുന്നതിനു് നാം സഹായിക്കേണ്ട ഒരു അവസരമാണതു്. അതുകൊണ്ടു് അവരിൽ ഉറച്ചതും സ്ഥിരവുമായ സ്വഭാവവും വ്യക്തിത്വവും ആരോഗ്യപുഷ്ടിയും വരുത്തുന്നതുകൂടാതെ അവരുടെ വിശ്രമസമയങ്ങരം കായികപരിശീലനങ്ങരംക്കു മററു വിനോദപരിപാടികരംക്കും സൗകര്യം കൊടുക്കയും, മററു കൂട്ടുകാരുമായി സഹവസിക്കുന്നതിനു് പൊതുവെ ഉത്സാഹം തോന്നുന്ന വിനോദയാത്രകളും മററും നടത്തുകയും ചെയ്യേണ്ടതു് ആവശ്യമാണു്. ഇപ്രകാരമുള്ള ക്യാമ്പു് (Camp) ജീവിതം നടത്തുന്നതായാൽ അവരിൽ ദൈവവിശ്വാസവും, പരസ്പരസ്നേഹവും, വിജ്ഞാനാഭിവൃദ്ധിയും വളർത്തുവാൻസാധിക്കും. കൂടാതെ നല്ലതും ചീത്തയും തിരിച്ചറിഞ്ഞു് സന്മാർഗ്ഗികമായി ജീവിക്കാൻ വേണ്ട പ്രേരണ സിദ്ധിക്കയും ചെയ്യും.

4. ആസ്പത്രികരം. ദൈവഭൃത്യന്മാർ തീർച്ച

യായും സേവനതല്പരരായിരിയ്ക്കുക തന്നെ വേണം. സാധുജനസേവനാത്ഥം നാം എന്തു ചെയ്തു? എന്ന ചോദ്യത്തിനു് നാം ഉത്തരം നൽകുവാൻ കടപ്പെട്ടവരാണെന്നു് ഓർമ്മവേണം.

5. പരസ്പരസഹായസംഘങ്ങൾ. നെയ്ത്തുശാലകൾ മുതലായി തൊഴിൽ പരമായും മററും സാധുജനസഹായം ചെയ്യാവുന്ന പല തൊഴിൽശാലകളും സ്ഥാപിച്ചു നടത്തുവാൻ നമുക്കു് പ്രയാസമില്ല,

'സാമൂഹ്യബോധമുണ്ടായാൽ നമ്മുടെ ജീവിതം ധന്യമാകുന്നു; സാമൂഹ്യസഹാനുഭൂതിയാണു് ജനങ്ങൾക്കു് സൗഖ്യം നൽകുക.' —വിനോബാജി

സംഘടിതസംരംഭങ്ങക്കേ സമൂഹത്തിനു് ക്ഷേമം വരുത്താനൊക്കയുള്ളു, വ്യക്തിപരമായ ഒരു ജീവിതവീക്ഷണം അലറുന്ന കടലിനും, ഞെട്ടലുണ്ടാക്കുന്ന മിന്നലിനും ഉഗ്രമായ കാററിനും, സ്തംഭനം ജനിപ്പിക്കുന്ന ഭൂമിക്കും എതിരായി ദുർബ്ബലഹസ്തങ്ങളുയർക്കാൻ മാത്രം.

# അദ്ധ്യായം പത്തു്

## സാമൂഹ്യസേവനധർമ്മങ്ങൾ

''അന്യരെ സഹായിക്കുക എന്നതു് ജീവിതസൗഭാഗ്യങ്ങളിലൊന്നാണു്. സമയം കൊണ്ടോ, വിചാരംകൊണ്ടോ ഭൂതദയകൊണ്ടോ, ദരിദ്രനെ സമാശ്വസിപ്പിക്കുന്നതും, ബലഹീനനു് അഭയംകൊടുത്തു് രക്ഷിക്കുന്നതും, നിന്റെ സർവ്വശക്തിയും ഉപയോഗിച്ചു് തെററുള്ളവരെ ശരിയാക്കുന്നതും ഒരിക്കലും കുററകരം അല്ല. അങ്ങനെ ചെയ്യുമ്പോൾ ദൈവം നിന്നെ സ്നേഹിക്കും. അദ്ദേഹം തന്നെ നിനക്കു് വലിയ പ്രതിഫലം തരികയും ചെയ്യും.'' — മഹാനായ ആൽഫ്രഡ്.

KOTTAYAM PUBLIC LIBRARY ★ KOTTAYAM.

സാമൂഹ്യസേവനം 'വിഭിന്നരുചിർഹിലോക'ത്തിൽ വളരെ ആവശ്യവും, സാമൂഹ്യക്ഷേമം കൈവരുത്തുവാൻ വളരെ സഹായകരവും ആണല്ലോ മനുഷ്യൻെറ നിസ്സഹായതയെ മാററുന്ന ഔഷധമാണ് സാമൂഹ്യസേവനം. ദൈവസേവനത്തിലേക്ക് വഴിതെളിക്കുന്നതാണ് മനുഷ്യസേവന. ദൈവസംസർഗ്ഗം നിത്യവും അനുഭവപ്പെട്ടു കൊണ്ടിരുന്ന മനുഷ്യൻ നഷ്ടപ്പെട്ട ആ ഭാഗ്യം സിദ്ധിക്കുന്നതിന് ഉള്ള ശാപമോക്ഷമാണ് സാമൂഹ്യസേവനം. ക്രിസ്തുവിൻെറ ഐഹിക ജീവിതം അതിനു ഒരു തെളിവാണ്. മനുഷ്യൻ സമൂഹജീവിയായിത്തീർന്നതുകൊണ്ട് സാമൂഹ്യധർമ്മങ്ങളും, "ഉലകം പലവിധ'മാകയാൽ സേവനധർമ്മങ്ങളും ഉണ്ടായി. ദൈവത്തെ ഓർത്ത് ദൈവത്തിന് വേണ്ടി, ദൈവസൃഷ്ടികളിൽ നമ്മെക്കാൾ താഴ്ന്നവരോട് ചെയ്യുന്ന സേവനമാണ് സാമൂഹ്യസേവനം. സേവനംകൊണ്ട് ദൈവപ്രസാദവും, ഭൂമിയിൽ സമാധാനവും മനുഷ്യരിൽ സംപ്രീതിയുമാണ് ഫലം.

സാമൂഹ്യസേവനം കായികമായും, മാനസികമായും, ആദ്ധ്യാത്മീകമായും, ബുദ്ധിപരമായും (intallectual) ധനപരമായും അനുഷ്ഠിക്കാവുന്നതാണ്. ആയതിൻെറ സാദ്ധ്യത ഓരോരുത്തരുടെയും ഇവയിലുള്ള കഴിവ്, സ്വാധീനം, തല്പരത മുതലായവ ആശ്രയിച്ചിരിക്കും. അതിനനുസരിച്ചുള്ള സംഭാവനകൾ അവരിൽനിന്ന് സമൂഹം സേവനമായി പ്രതീക്ഷിക്കുകയും, അതുത്രയും അനുഷ്ഠിക്കുവാൻ അവർ അതേ അവസരത്തിൽ ബാദ്ധ്യസ്ഥരും. അപ്രകാരം പ്രവർത്തിക്കുന്നതു് ന്യായവും യുക്തവുമാകുന്നു. കായികമായ സേവനം നമ്മുടെ ദേഹാദ്ധ്വാനം കൊണ്ട് മാത്രം സാധിക്കുന്നവയാണ്. നമ്മുടെ ശരീരത്തിൻെറ ഘടനതന്നെ സേവനതല്പരതയെ' സ്പഷ്ടമാക്കുന്നുണ്ട്. നമുക്ക്

രണ്ടു് കൈയ് നാകപ്പെട്ടിരിക്കുന്നു. അതു് അന്യനുവേണ്ടിയും നാം പ്രയത്നിക്കണമെന്നു സൂചിപ്പിക്കുകയാണു്. അതുകൊണ്ടു് ആരോഗ്യമുള്ളവർ രോഗികളെ ശുശ്രൂഷിക്കണം എന്നും മററും വിവക്ഷിക്കുന്നതാണു്. മാനസികമായി അധഃപതിച്ചവരെ വിദ്യാഭ്യാസം കൊണ്ടും മററും, സംസ്ക്കാരചിത്തരാക്കുന്നതാണു് മാനസികസേവനംകൊണ്ടു് ഉദ്ദേശിക്കുന്നതു്. ഇതുപോലെ പ്രാർത്ഥനകരം വഴിയായും. കർമ്മാനുഷ്ഠാനങ്ങരം വഴിയായും വേദപാരായണം വഴിയായും വേണ്ടത്ര സേവനങ്ങരം അനുഷ്ഠിക്കുന്നതു്. അദ്ധ്യാത്മികസേവനങ്ങളാണു്. ബുദ്ധിയില്ലാത്തവർക്ക് ബുദ്ധി ഉപദേശിച്ചുകൊടുക്കുക എന്നതു് ബുദ്ധിപരമായ സേവനമാണു്. ധനമില്ലാത്തവനു് ധനസഹായം ചെയ്യുന്നതു് ധനപരമായ സേവനമാകുന്നു. ഇതുപോലെ ഇല്ലാത്തവനെ സഹായിക്കുന്ന സൗജന്യ മനസ്ഥിതിയാണു് സേവനം.

ഇന്നു് ധനം, ഔഷധം, ബുദ്ധി, മതം എന്നീ വിഷയങ്ങളിലെല്ലാം സാധുക്കരംക്ക് സഹായം ചെയ്യുന്നതു് ജീവകാരുണ്യ സംഘടനകളാണു്. കാരണം വ്യക്തികരംക്കു് ചെയ്യാവുന്നതിൽ കൂടുതൽ സഹായം, സംഘടനകരംക്കു്ഇക്കാര്യത്തിൽ ചെയ്യാമെന്നു് കണ്ടുകഴിഞ്ഞു. അതുകൊണ്ടു് സാമൂഹ്യസന്നദ്ധസംഘങ്ങരംക്കു് ഇന്നു ജനതാമദ്ധ്യത്തിൽ കൂടുതൽ ആകർഷണീയത ലഭിച്ചുതുടങ്ങി. ഒരു മനുഷ്യനു്നരംകാവുന്ന ഏററം വലിയ സംഭാവനകളാണു് അതുമൂലം ചെയ്തുവരുന്നതു്. സാമൂഹ്യക്ഷേമം കൈ വരുത്തുന്നതിനു് ഇത്തരം സംഘടനകരം നമ്മുടെ നാട്ടിൽ ധാരാളം സ്ഥാപിക്കേണ്ടതും അതു് യഥാർത്ഥ പ്രവൃത്തിപഥത്തിൽ വരുത്തേണ്ടതുമാണു്

ഹിന്ദുമതശാസ്ത്രമനുസരിച്ചു് 'ശ്രമദാനം, ബുദ്ധി

ദാനം, പൊൻദാനം, ധർമ്മചികിത്സ മുതലായി ദാനയജ്ഞങ്ങൾ നടത്തിവരുന്നുണ്ട്. തുടർന്ന് വസ്ത്രദാനം, അന്നദാനം സൗജന്യമതാഭ്യസനം മുതലായവയും ഇന്നും ഓരോപുണ്യമായി ആളുകൾ അവരുടെ സാമൂഹ്യജീവിതത്തിൽ ചേർത്തു പകർത്തിക്കഴിഞ്ഞു. വിവാഹം, ജനനം മരണം മുതലായവ സംബന്ധിച്ചു നടത്തുന്ന സദ്യകളും മററും യഥാർത്ഥത്തിൽ മതപരമായ ചടങ്ങുകളല്ല. എങ്കിലും ഇന്ന് അതു് ഏതാണ്ട് ആചാരങ്ങളിൽ പെട്ടുപോയി.. കൂടാതെ അതു് സമുദായത്തിൽ ഒരു അലങ്കാരവസ്തുവായും പരിണമിച്ചിരിക്കയാണു്. പണ്ട് അതു് ആദ്യം ഒരു സാമൂഹ്യസേവനമായി ദരിദ്രരെ ഉദ്ദേശിച്ചു് നടത്തപ്പെട്ടതായിരുന്നു. എന്നാൽ ഇന്നു് ഈ സൽക്കാരങ്ങൾ സാമൂഹ്യസേവനമർഹിക്കുവർക്കു് പ്രയോജനം സിദ്ധിക്കാതെയാണു് കാണുന്നതു്. ഇതിനെ സംബന്ധിച്ചു് ക്രിസ്തുപഠിപ്പിക്കുന്നതു്—നിങ്ങൾ വിരുന്നുകഴിക്കുമ്പോൾ വലിയവരെയോ ധനികരെയോ അല്ല വിളിക്കേണ്ടതു്. പിന്നെയോ അംഗഹീനർ, ദരിദ്രർ, രോഗികൾ മുതലായ അഗതികളെയത്രെ. അതുകൊണ്ട് പ്രത്യുപകാരം ഉടൻതന്നെ ലഭിക്കാത്ത ഒരു അനർഘസേവനമായി അതു് പരിണമിക്കുന്നതുമാണു്.

സംഘടനകൾ വഴിയായി സാമൂഹ്യസേവനം, നിയന്ത്രിതവും, ക്രമീകൃതവും ആയി നടത്തുന്നതിനും അർഹിക്കുന്ന പാത്രങ്ങൾക്കു് സംഭാവന ചെയ്യാനും, പൊതുവെ സമുദായത്തെ ഉദ്ധരിക്കുവാനും, പൊതുവായ വീക്ഷണത്തിൽ കൂടി പ്രശ്നങ്ങളെ കൈകാര്യം ചെയ്യുവാനും സാധിക്കുന്നു. മനുഷ്യനു് പ്രയാസവും ബുദ്ധിമുട്ടും പ്രധാനമായി കാണുന്നതു് ധനം. ഔഷധം ബുദ്ധി, മതം മുതലായ കാര്യങ്ങളിലാണു്. ധനവാന്മാർ ധർമ്മസ്ഥാപനങ്ങൾക്കു് ധനസഹായം ചെയ്യേ

ണ്ടതു് അവരുടെ വെറും സാമൂഹ്യധർമ്മം മാത്രമാണെന്നു് വ്യക്തമാക്കിയല്ലോ. നമുക്കു ഔഷധലബ്ധിക്കായി ആശുപത്രികളും, ഡോക്ടറന്മാരും നഴ്സുകളും ഉണ്ടാകേണ്ടിയിരിക്കുന്നു മനുഷ്യജീവിതത്തെ അധഃപ്പതിപ്പിക്കുന്ന മറ്റൊന്നാണു് ബുദ്ധിശൂന്യമായ പ്രവൃത്തികൾ. ഇതു് പരിഹരിക്കുന്നതിനു് സാക്ഷരതവും ശാസ്ത്രാഭ്യസനവും ആവശ്യമാണു്. ഇപ്രകാരം വിദ്യാഭ്യാസത്തിൽ നാം പുരോഗമിക്കുന്നതിനു് സാമൂഹ്യവിദ്യാഭ്യാസം, വയോജനവിദ്യാഭ്യാസം. ഉന്നതവിദ്യാഭ്യാസം, വിവിധവിജ്ഞാനശാഖാഭ്യസനം മുതലായവ അപരിത്യാജ്യങ്ങളാണു്. മതം മനുഷ്യൻെറ സന്മാർഗ്ഗജീവിതത്തെ നിയന്ത്രിക്കുന്നതാകകൊണ്ടു് ദൈവവിശ്വാസത്തിലും മതാനുഷ്ഠാനങ്ങളിലും മനുഷ്യനുവേണ്ട അറിവു് ലഭിപ്പാനും, ദൈവസേവനത്തെ പ്രതി മനുഷ്യസേവനം അനുഷ്ഠിപ്പാനും ന്യായമാകുന്നു. ഇപ്രകാരം ''സാധുക്കളിൽപെയ്യുന്നദാനം ഹരിതാംബരത്തിൽ പതിച്ച മുത്തുമണിപോലെ''—തത്വം.

''വിരുന്നുഭവനത്തിൽ പോകുന്നതിനേക്കാൾ നല്ലതു് മരണഗൃഹത്തിലേക്കു് പോകുന്നതാണു് എന്തുകൊണ്ടെന്നാൽ ഇതാണു് എല്ലാവരുടെയും അവസാനം.'' എന്നു് ജ്ഞാനിയായ ശലോമോൻ പറഞ്ഞിരിക്കുന്നു. ആകയാൽ മനുഷ്യൻെറ നിസ്സഹായതയിൽ അവനു സന്തോഷത്തിനു വകയില്ലെന്നും, അതു് നാം ഗ്രഹിക്കണമെന്നും, അപ്പോൾ ആ സഹതാപം നമ്മെയെല്ലാം ബന്ധപ്പെടുത്തുകയാൽ നാം ഒരേ അനുഭവത്തിൽപ്പെട്ട സമൂഹമാണെന്നും, സമൂഹത്തിലുള്ള മനുഷ്യനു് അതു് ഒരുപോലെ അവകാശമുള്ളതാണെന്നും കരുതുക. സാമൂഹ്യസേവനത്തിനു് നമ്മെ പ്രേരിപ്പിക്കുന്നതു് നമ്മുടെ നിസ്സഹായതയെക്കുറിച്ചുള്ള ബോധം. ദയ, കരുണ, സഹതാപം, സ്നേഹം മുതലായ ഗു

ങ്ങളാണു്. ദയ ധർമ്മത്തിൻെറ മൂലമെന്നു് തുളസീദാസൻ രാമായണത്തിൽ പറയുന്നു. സാധുവും കുബേരനും ഒരുപോലെ അന്ത്യവിശ്രമംകൊള്ളുന്നതാണു് ശ്മശാനസ്ഥലം. ഈ സ്ഥലം കടക്കാതെ മനുഷ്യനു് സാദ്ധ്യമല്ല. എന്നാൽ ക്രിസ്തു മാത്രം മരണത്തെ ജയിച്ചു് പുനരുത്ഥാനം ചെയ്തു. ഇതിൽ നിന്നും മനുഷ്യൻെറയും മനുഷ്യത്വത്തിൻെറയും ദുർബലത ഗ്രഹിക്കാം. അതുകൊണ്ടു് ഒരു മനുഷ്യൻ മററു മനുഷ്യരോടു് അനുകമ്പ പ്രദർശിപ്പിക്കുക കാരണം അതു് അർഹവും ന്യായവുമാകുന്നു 'ഒരു സ്ത്രീയുടെ സ്വാഭാവികശോഭ വസ്ത്രാലങ്കാരങ്ങളിലല്ല, സാധുദരിദ്രരിൽ ദയ പ്രകടിക്കുന്നതിലാണിരിക്കുന്നതു്'. 'ഇക്കാലത്തു് മനുഷ്യർ അറിയേണ്ടതു കാര്യങ്ങൾ രണ്ടാണു്. അഗതികൾ എങ്ങിനെ ജീവിക്കുന്നു എന്നു് ധനികരും; ധനികർ എങ്ങിനെ ജീവിക്കുന്നു എന്നു് അഗതികളും ആരാഞ്ഞറിയണം.'' (ററ്കിൻസൻ) ദുർബലരിൽ ദയതോന്നുക എന്നതു് മനുഷ്യപ്രകൃതമാണു്. ചപലകളും അബലകളും എന്നു് മുദ്രയടിച്ചിരിക്കുന്ന സ്ത്രീകളെയും ലോകം അനുകമ്പയോടെ വീക്ഷിക്കുന്നു. സേവനത്തിനു് മനുഷ്യനെ സഹായിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുന്ന സ്നേഹം. താഴ്മ മുതലായ ഗുണങ്ങൾ അതിൻെറ ധാർമ്മികവശത്തെ കാണിക്കുന്നു. ''സ്നേഹത്താൽ പരസ്പരം സേവിപ്പീൻ'' എന്നാണു് ക്രിസ്തുവിൻെറ അന്ത്യവചനം. 'മനുഷ്യരെ സ്നേഹിക്കുക' എന്നാണു് ഹെഡ്പ്പാക്കാററീസ് എന്ന മഹാൻ പറഞ്ഞിരിക്കുന്നതു്. ''സ്നേഹമാണഖില സാരമൂഴിയിൽ'' എന്നു് മഹാകവി കുമാരനാശാനും പാടിയിരിക്കുന്നു. അവതാരപുരുഷന്മാരെല്ലാം മനുഷ്യസേവനത്തിനായി സ്വർഗ്ഗാദിസ്വർഗ്ഗങ്ങളിലെ സൗഭാഗ്യം വിട്ടിറങ്ങി, മനുഷ്യനായി, താണു് നടത്തിയ സേവനം എത്രകണ്ടു്

മഹത്വമേറിയതാണ്. എന്ത്? സ്വർഗ്ഗസുഖഭാഗ്യം ത്തന്നനുഭവിക്കുവാൻ സേവനമനുഷ്ഠിച്ചേ മതിയാകൂ. തൻെറ താഴ്മയുടെ അധികത്വത്തെക്കുറിച്ച് മാലാഖമാർ വിസ്മയിച്ചു, എന്നാണ് ക്രിസ്തുവിനെക്കുറിച്ചു പറഞ്ഞിരിക്കുന്നത്.

സേവനദുർഗ്ഗങ്ങളിൽ അഭയം പ്രാപിച്ചാൽ അവിടെ സകല ഗുണങ്ങളും സുലഭമാണ്. സേവനത്തിന് നമ്മെ നയിക്കുന്നഗുണങ്ങളുടെ തുണകൊണ്ട് മനുഷ്യത്വപരമായ അനവധി ഗുണങ്ങൾക്ക് പിന്നീട് നാം അവകാശികളായിത്തീരുകയും ചെയ്യും. മനുഷ്യസേവനം നിർവ്വഹിച്ചവരിൽ എത്രപേരാണ് വിശ്വമഹാന്മാരായിത്തീരാതെ ഇരുന്നിട്ടുള്ളത്? ഒരുത്തൻപോലുമില്ല. മഹത്വത്തിന് സഹായിക്കുന്നത് വാസ്തവത്തിൽ വിനയവും സേവനമനസ്ഥിതിയുമാണ്. സേവനസന്നദ്ധതയില്ലാത്തവരിൽ യാതൊരു ഗുണങ്ങളും നിലനില്ക്കുന്നതല്ല, എല്ലാ ഗുണഗണങ്ങളുടെയും സംയോജനവും കേന്ദ്രീകരണവും, പ്രായോഗികതയും സേവനജീവിതംമൂലം സാധിക്കുന്നു. സത്യം, നീതി, ധർമ്മം, മുറ മുതലായവ സേവനജീവിതത്തെ നിയന്ത്രിക്കുന്നു. നാം നല്ലവനോ, പുണ്യവാനോ ആകുവാൻ ആഗ്രഹിക്കുന്നെങ്കിൽ ശുശ്രൂഷാജീവിതം അഥവാ സേവനജീവിതത്തിലേക്കു വരിക എന്നാണ് ദൈവവിളി. സകല ന്യായപ്രമാണങ്ങളും പാലിച്ച യൗവ്വനക്കാരനോട്ട കർത്താവ്, തൻെറ അളവില്ലാത്ത ധനം മനുഷ്യസേവനത്തിന് വിനിയോഗിക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും, ആ ഒന്നിൽ അവൻ ഭഗ്നാശനായിപ്പോയി. ആ ഒരു കുറവ് നികത്താൻ ന്യായപ്രമാണങ്ങളെല്ലാം ആചരിച്ചതുകൊണ്ടാകുന്നില്ലല്ലൊ. ആകയാൽ സർവ്വവും നേടിയാലും സേവനത്തിൻെറ ആത്മാവല്ലെങ്കിൽ എല്ലാം വ്യർത്ഥവും നഷ്ടവും തന്നെ.

ലോകസ്വഭാവം നോക്കുകയാണെങ്കിൽ ധനവാനും, ദരിദ്രനും, ഉള്ളവനും, ഇല്ലാത്തവനും എന്നു് രണ്ടു വിഭാഗങ്ങളെ കാണുവാൻ സാധിക്കും. അവർ എങ്ങിനെ അപ്രകാരമായി എന്നു് ചിന്തിക്കുന്നില്ല. എന്നാലും ത്യാഗത്തിൻെറയും സേവനത്തിൻെറയും അളവു്, ഉള്ളവരിൽ ഉണ്ടാകണമെന്നു് ലോകം സിദ്ധാന്തിക്കുന്നു. കാരണം ഇവരെല്ലാം ദൈവമുമ്പാകെ ഒരുപോലെ വീക്ഷിക്കപ്പെടുന്നവരും ജീവിക്കുവാൻ തുല്യ അവകാശമുള്ളവരും ആകുന്നു. മഹനീയമായ സേവനത്തിൻെറയും ത്യാഗത്തിൻെറയും അപൂർവ്വപാരമ്പര്യം ലോകം ആദ്യം ദർശിച്ചിരുന്നു. കാലക്രമത്തിൽ അതു് ഭാഗികമായി ദാനം എന്ന പുണ്യവും, ആയിത്തീർന്നു കൂടാതെ മനുഷ്യപ്രയത്നത്തെ പണയപ്പെടുത്തിമാത്രം, ഉള്ളവൻ ഇല്ലാത്തവനെ സഹായിക്കുവാൻ ആരംഭിച്ചു. സ്വാർത്ഥനായ മനുഷ്യപ്രഭു ഇപ്രകാരം ഒരു കച്ചവടമാതൃക സ്വീകരിക്കുകയും ലോകത്തിൽ തൊഴിലാളി മുതലാളി വ്യത്യാസം വരികയും ചെയ്തു തുടങ്ങി. ഇപ്രകാരം നശിച്ചു് 'നാറാണക്കല്ലു'പിടിച്ച ഒരു ദരിദ്രൻെറ സ്ഥിതി ഒന്നു ഗ്രഹിക്കുക. ഹൃദ്യമായ മനോഭാവം; കളങ്കരഹിതമായ ചാരിത്ര്യം, സഹനശക്തി, ദയ. മധുരമായ സ്വഭാവം. ഉൽകൃഷ്ടകുടുംബത്തിലെ ജനനം ഇവയൊന്നും തന്നെ ദരിദ്രനിൽ ശോഭിക്കുന്നില്ല. സ്വാഭിമാനം, പൗരുഷം, വിജ്ഞാനം, സൗരൂപ്യം. ബുദ്ധിസമ്പത്തു് ഇവയെല്ലാം ദാരിദ്ര്യത്തിൻെറ ആവിർഭാവത്തോടുകൂടി വിനാശമടയുന്നു. ''സാമൂഹ്യസേവനത്തിനിറങ്ങുന്നവരുടെ ശ്രദ്ധയ്ക്കു് വിഷയമാകേണ്ട സംഗതിയാണിതു്. ഇതിൽ നിന്നു് സാമൂഹ്യസേവനം മനുഷ്യർക്കു് എത്രകണ്ടു് ആവശ്യവും, പ്രയോജനകരവും. പാവനവും ആണെന്നു് ഗ്രഹിക്കാവുന്നതാണു്. ദരിദ്രരുടെ ശോച്യസ്ഥിതിയുടെ മറെറാരു ചിത്രംകൂടെ വരയ്ക്കാം. ''ദരിദ്രന്മാർ ഭക്തിവാ

ശ്വാസങ്ങളോടുകൂടി അവർ സേവിക്കുന്ന യജമാനന്മാരാൽപോലും അവരെ മടി കൂടാതെ അകററിനിർത്തുന്നു. അവരുടെപുത്രന്മാർ പോലും പ്രഥമസൗകര്യത്തിൽ വിട്ടുകലുന്നു. ചാരിത്രവതികളും, ഗുണസംപൂർണ്ണകളുമായ ഭാര്യമാർശ്രദ്ധാപൂർവ്വം ശുശ്രൂഷിക്കുന്നില്ല. സ്നേഹിതന്മാർ അവരുടെ ഭവനങ്ങളിൽ സന്ദർശനത്തിനു് വരുന്നില്ല. ഈ ലോകത്തിൽ പ്രകൃത്യാ, ധീരനും, സുന്ദരനും, പ്രസന്നനും, വാഗ്മിയും, ആയുധവിദ്യയിലോ ശാസ്ത്രജ്ഞാനത്തിലോ, ഉൽകൃഷ്ടവാസനയുള്ളവനും ആയിരുന്നാലും ഒരുവനു് അല്പം ധനമില്ലാത്തപക്ഷം യശസ്സോ, ബഹുമതിയോ ലഭിക്കുന്നില്ല. ' അതുകൊണ്ടു് പ്രാഥമികമായ സാമൂഹ്യസേവനം ദരിദ്രരെ ഉയർത്തുക എന്നതായിരിക്കണം. അവരുടെ ജീവിതമാനദണ്ഡം ഉയർത്തുകകൂടാതെ, അവരുടെ ജീവിതനിലവാരം മററുള്ളവരോടൊപ്പം ആക്കിത്തീർക്കുക മുതലായവ ചെയ്യുന്നതായാൽ അവരുടെ ജീവിതം എത്രകണ്ടു് ശോഭനമായിരിക്കുമെന്നു് സങ്കല്പിക്കണം. അതുകൊണ്ടു്, സാമൂഹ്യസേവനകൊണ്ടു് ലഭിക്കുന്ന പുണ്യം എത്ര മഹത്വമേറിയതാണെന്നു് ചിന്തിക്കുക. കാരണം, അഭിമാനമില്ലാത്തവനു് അഭിമാനം നൽകുന്നു; പൗരുഷത്വം ഇല്ലാത്തവനു് അതു് കൊടുക്കുന്നു; സൗരൂപ്യമില്ലാത്തവനെ സുന്ദരനാക്കിത്തീർക്കുന്നു; ബുദ്ധിയില്ലാത്തവനു്, ബുദ്ധിയുപദേശിച്ചു കൊടുക്കുന്നു, ജ്ഞാനമില്ലാത്തവനു് ജ്ഞാനം ലഭിയ്ക്കുന്നു, ചാരിത്ര്യമില്ലാത്തവരെ ചാരിത്ര്യവതികളാക്കിത്തീർക്കുന്നു; ഇങ്ങനെ അനേകം കാര്യം സാധിതമായിത്തീരുന്നു. ''അന്യർക്കു് വേണ്ടി നന്മചെയ്യുന്നതിനാൽ, സുകൃതം വർദ്ധിക്കയും, അന്യനോടു് ചെയ്യുന്ന ദോഷങ്ങൾ പാപസംഭാരമായിത്തീരുകയും ചെയ്യുന്നു. ഇതു് ധർമ്മത്തിന്റെ സാരാംശമാണു്. അന്യരുടെ ഗുണത്തിനായി നിങ്ങൾക്കു് സ്വയം വേദനയുണ്ട.

കുന്ന കാര്യങ്ങരം ചെയ്യാവുന്നതാണ്. എന്നാൽ നിങ്ങരംക്ക് ഗുണം കിട്ടുവാനായി അന്യക്ക് വേദനയുണ്ടാകുന്ന യാതൊരു കാര്യങ്ങളും ചെയ്യുക്കൂടാത്തതാകുന്നു.''

മനുഷ്യന്റെ സാമൂഹ്യഘടനയിൽ ബന്ധുക്കളും മിത്രങ്ങളും സാമൂഹ്യസേവനത്തിനു് നിയോഗിക്കപ്പെട്ടിട്ടുള്ളതാണ്. ആപൽക്കാലത്തെ സേവനം—ബന്ധുക്കളുടെ സേവനം—വിലമതിക്കപ്പെട്ടതുമാകുന്നു. സ്നേഹിതന്മാക്ക് മാത്രമേ ആപത്തുകാലത്തെ സേവനം, രഹസ്യങ്ങളുടെ വിശ്വാസപൂർണ്ണമായ പ്രകാശനം, ആപത്തുവരാതെ സൂക്ഷിക്കാമെന്നുള്ള അഭയദാനം എന്നീ 3 വില തീരാത്ത മഹോപകാരങ്ങരം ചെയ്യുവാൻ സാധിക്കു ''സ്നേഹിതനെ സങ്കടാവസ്ഥയിൽ പെട്ടുഴലുന്നതായും അവരുടെ ഭവനങ്ങരം ശത്രുക്കളാൽ ആക്രമിക്കപ്പെട്ടതായും, അവരുടെ നാട്ട് അന്യാധീനപ്പെട്ടതായും, അവരുടെ കുടുംബങ്ങരം നശിപ്പിക്കപ്പെട്ടതായും കാണാൻ ഇടവരാത്ത ആളുകരം ഭാഗ്യവാന്മാരത്രെ. സുഹൃത്തിനെ ദുരിതാവസ്ഥയിൽ കണ്ടിട്ട് ഉപേക്ഷിച്ചുപോകുന്ന ക്രൂരചിത്തൻ കൃതഘ്നനായ പാപിയാണ്. അവൻ തീർച്ചയായും ഈ പാപഫലമായി നരകത്തിൽ പതിയ്ക്കുന്നതാണ്'' എന്നാണ് പഴഞ്ചൊല്ലുകരം— 'ഒരു മനുഷ്യന്റെ യഥാർത്ഥസമ്പത്ത് ഈ ലോകത്തിൽ അവൻ ചെയ്യുന്ന നന്മപ്രവൃത്തികളാകുന്നു. ഒരുവൻ മരിച്ചാൽ അവൻ എന്തുമാത്രം വസ്തുവകകരം ശേഷിപ്പിച്ചു എന്നാണ് മററു മനുഷ്യർ ആരായുന്നതു് എന്നാൽ മാലാഖമാർ അന്വേഷിക്കുന്നതു അവന്റെ മരണത്തിനു് മുമ്പ് അവൻ എന്തു് നന്മപ്രവൃത്തി ചെയ്തു എന്നാണ്'' (ഒരു അറബി പഴഞ്ചൊല്ല്)

ഹിന്ദുശാസ്ത്രപ്രകാരം ഒരു മനുഷ്യന്റെ ആദ്യകാലയളവ് വിദ്യാഭ്യാസത്തിനും, പിന്നീട് ധനാജ്ജനത്തിനും വിനിയോഗിക്കണമെന്ന് സിദ്ധാന്തിക്കുന്നു

ന്റെ. എന്നാൽ അവസാനകാലയളവ് സന്യാസത്തിന് വേണ്ടിയാണ് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്, എന്നാൽ ഇന്ന് ആ കാലഘട്ടം സാമൂഹ്യസേവനത്തിനും കൂടി വിനിയോഗിക്കയാണ് ആവശ്യം. കാരണം അത് കാലോചിതവും അഭികാമ്യവുമാണ്. ക്രിസ്തു സന്യസിച്ചില്ല, പിന്നെയോ മരണംവരെ മനുഷ്യസേവനം അനുഷ്ഠിക്കുകയായിരുന്നു.

''ധർമ്മത്തെ രക്ഷിക്കുന്നവനെ ധർമ്മവും രക്ഷിക്കും. ധർമ്മത്തെ ശിക്ഷിക്കുന്നവനെ ധർമ്മവും ശിക്ഷിക്കും.''

## അദ്ധ്യായം പതിനൊന്ന്

### സാമൂഹ്യസേവനത്തിന്റെ മാഹാത്മ്യം

''അന്യർക്കുവേണ്ടി ചെയ്യുന്ന വിശ്വസ്ത സേവനം നമുക്ക് വേണ്ടി പകൽ പുലരുന്നതിന് ധൃതിപ്പെടുത്തും.''
(Faithful Service for others hastens the day dawuing for ourselves)

മനുഷ്യന്റെ സാമൂഹ്യജീവിതത്തിന് സംസ്കാരം അത്യാവശ്യമാണ്. സത്യം, മര്യാദ, ധർമ്മം മുതലായവ സാമൂഹ്യജീവിതം ആവശ്യപ്പെടുന്നു. പുരോഗതിയുടെ പ്രവർത്തകൻ ജ്ഞാനമാണ്. ആനന്ദമാണ് മനുഷ്യന്റെ ലക്ഷ്യം. ആനന്ദത്തിനുവേണ്ടിയും സൗന്ദര്യത്തിനുവേണ്ടിയും മനുഷ്യൻ ജീവിക്കുന്നു.

ഒരു ദരിദ്രന് നൽകുന്ന ദാനം മരുഭൂമിയിൽ മഴയെന്നപോലെയോ, വിശക്കുന്നവന് അന്നം എന്നപോലെയോ ഫലപ്രദം ആണ്. വിശക്കുന്നവന് അപ്പം കൊടുക്കുകയും, നിന്റെ വീട്ടിൽ വരുന്ന ദരിദ്രനെ സ്വീകരിക്കുകയും, നഗ്നനെ കാണുമ്പോൾ അവനെ ഉടു

പ്പിക്കുകയും ചെയ്യുക ഇപ്രകാരം ചെയ്യുന്നവരുടെ തേജസ്സ് പ്രഭാതംപോലെ ഉദിക്കുകയും, അവരുടെ ആരോഗ്യം പെട്ടെന്ന് വദ്ധിക്കുകയും ചെയ്യും. അപ്പോൾ അവർ വിളിക്കുമ്പോൾ 'കത്താവ്' ''ഞാൻ ഇവിടെയാകുന്നു,'' എന്ന് ഉത്തരം പറയുകയും ചെയ്യും. വിശക്കുന്നവൻെറ ആത്മാവിനെ രക്ഷിക്കുകയോ, കഷ്ടതക്കാരനെ ആശ്വസിപ്പിക്കുകയോ, ചെയ്താൽ നിൻെറ ദീപം അന്ധകാരത്തിൽ ഉദിക്കുകയും നിന്നിലുള്ള അന്ധകാരം മദ്ധ്യാഹ്നത്തിലെന്നപോലെ പ്രകാശപൂരിതമായിരിക്കയും, ദൈവം തന്നെ നിന്നെ തുടർച്ചയായി നയിക്കുകയും, അരിഷ്ടതയിൽ നിന്നു നിൻെറ ആത്മാവിനെ സംതൃപ്തിയിലേയ്ക്കു് നയിക്കയും, നിൻെറ അസ്ഥികളെ ബലപ്പെടുത്തുകയും ചെയ്യും. ഇപ്രകാരം നീ ഒരു നീരുറവയുള്ള പൂന്തോട്ടം പോലെയും ഉറവ വററാത്ത ഒരു നീരുറവയ്ക്കു് തുല്യമായും വിളങ്ങും.

ദരിദ്രന്മാക്കും, യാചകന്മാക്കും കൊടുക്കാതെ ഭൂമിയിൽ ദ്രവ്യത്തെ ഒളിച്ചുവച്ചവക്ക് ഹാ! കഷ്ടം! തീക്കനലുകൾ വീണു് നശിച്ചുപോകുന്നതായ ദ്രവ്യത്തിലാശ്രയിച്ച് അതിപലിശവാങ്ങിയവക്കും കഷ്ടം! ഉടുപ്പില്ലാത്തവരെ ഉടുപ്പിച്ചവർ ഭാഗ്യവാന്മാർ. അവർ പ്രകാശത്തിൻെറ മണവറയിൽ നാശമില്ലാത്ത മഹത്വം ധരിക്കും. തങ്ങളുടെ മേശയിൽ നിന്നു് പട്ടിണിക്കാരെ തൃപ്തിപ്പെടുത്തിയവരും ഭാഗ്യവാന്മാർ. എന്തുകൊണ്ടെന്നാൽ അവർ സ്വർഗ്ഗരാജ്യത്തിൽ ആനന്ദിക്കും.

ഒരു സ്നേഹസമ്പന്നയായ മാതാവ് അവളുടെ ഓമന ശിശു സൽസ്വഭാവങ്ങളോടുകൂടി സൈ്വര്യവും, സമാധാനവും, ശാന്തവുമായി കഴിഞ്ഞുകൂടുമ്പോൾ, ആയതിൽ പ്രീതിപ്പെട്ട് മധുരപലഹാരങ്ങൾ വാങ്ങിക്കൊടുത്തു് പ്രസാദിപ്പിക്കുന്നതുപോലെ നമുക്ക് വിശ്വസ്തസേവനത്തിൽ പ്രതിഫലമായി ദൈവികദാന

ങ്ങൾ ലഭിക്കപ്പെടുന്നില്ല, എന്നാൽ സേവനം ദൈവീകകൃപയ്ക്കു നിദാനമായിത്തീരുന്നതിലേയ്ക്കു നയിക്കുന്ന ഒരു പടിമാത്രമാകയാൽ നാം സേവനം അനുഷ്ഠിക്കുമ്പോൾ ദൈവികദാനങ്ങൾക്കു നാം അർഹരായിത്തീരുകയും, അങ്ങിനെ ആയതു് ലഭിക്കുകയുമാണു് ചെയ്യുന്നതു്.

ജ്ഞാനം ആഗ്രഹിക്കുന്നവർക്കു് അതു കൊടുക്കുക, ശരിയായിട്ടുള്ളതു് കാണാൻ അവരെ പരിചയിപ്പിക്കുക; ഇങ്ങനെയുള്ള ഒരു സേവനത്തിനു് ഭൂമി മുഴുവൻ കൊടുത്താലും തുല്യമാകുകയില്ല—'മനു'

തൻെറ അയൽപക്കക്കാരെല്ലാം അജ്ഞാനികളായിരിക്കുന്നതു് ജ്ഞാനിക്കു് ഭൂഷണമല്ല; അവരൊക്കെ അറിവുള്ളവരാകുമ്പോൾ മാത്രമേ അയാളുടെ അറിവ് സഫലമാവൂ.

മററുള്ളവരുടെ നന്മയ്ക്കും സുഖത്തിനും വേണ്ടി നാം ചെയ്യുന്ന ഓരോ ശ്രമവും നമ്മെ ഉയർത്തുന്നു. സാമൂഹ്യസേവനം ചെയ്തു് സമൂഹത്തിൻെറ—അതായതു് നാട്ടിൻെറ ഉയർച്ചയെ പ്രതീക്ഷിക്കുന്നവൻെറ പേരും പെരുമയും ലോകം എന്നെന്നേയ്ക്കും വാഴ്ത്തുന്നതാണു്. ലോകചരിത്രം അപഗ്രഥിച്ചുനോക്കിയാൽ കാണാം മനുഷ്യസ്നേഹികളുടെ മറക്കാനാവാത്ത പ്രവർത്തനങ്ങളും മനുഷ്യപുരോഗതിക്കുവേണ്ടി അവർ ചെയ്തിട്ടുള്ള നിസ്തുലസേവനങ്ങളും സുവർണ്ണലിപികളിൽ രേഖപ്പെടുത്തിയിരിക്കുന്നതു്. അവരുടെ മനുഷ്യസ്നേഹം അവരെ ചിന്തിപ്പിച്ചു ദാരിദ്ര്യവും വേദനയും അനുഭവിച്ച് നീറിക്കൊണ്ടിരുന്ന അവരുടെ സഹോദരങ്ങളുടെ ദാരുണമായ സ്ഥിതി അവക്ക് ചിന്താവിഷയമായിമനുഷ്യസ്നേഹത്താൽപ്രചോദിതരായി ചിന്തയിൽ നിന്നു് ഉത്ഭവിച്ച ദിവ്യമായ അസംതൃപ്തിയാണു് (Divine unrest)

കിരീടത്തെ ജഡമായിട്ടും, ചെങ്കോലിനെ യോഗദണ്ഡായിട്ടും മാററുവാൻ അവരെ പ്രേരിപ്പിച്ചതു്.

മനുഷ്യസമുദായത്തിൻെറ സേവനതൃഷ്ണയിൽ നിന്നാണു് സഹകരണപ്രസ്ഥാനം ഉടലെടുത്തതു്. സേവനതൃഷ്ണയിൽ നിന്നും ത്യാഗസന്നദ്ധതയിൽനിന്നും ഉടലെടുത്തു പ്രതിഭാശക്തിയാൽ തഴച്ചുവളർന്നു് സൽഫലസമ്പൂർണ്ണമാകുന്നഒന്നാണു് സേവനവല്ലരി. സേവനം വെറും ദാസ്യമാണെന്നു് ധരിക്കരുതു്.

(സദൃശ 11:17–25:27)

മററുള്ളവരുടെ നന്മയ്ക്കും സുഖത്തിനും വേണ്ടി നാം ചെയ്യുന്ന ഓരോശ്രമവുംനമ്മെ ഉയർത്തുന്നു—ചൈൽഡ്.

## അദ്ധ്യായം പന്ത്രണ്ടു്

### സാമൂഹ്യപ്രവർത്തകൻ

ഒരു ഗ്രാമത്തിൽ ഒരു സാമൂഹ്യസേവകൻ
ഉണ്ടെങ്കിൽ മററു് യാതൊരു പ്രായോഗിക
പ്രവർത്തകനും അവിടെ പോകേണ്ടതില്ല''

മഹാത്മാഗാന്ധി

യഥാർത്ഥ സാമൂഹ്യസേവകർ ചില സംഗതികൾ ഹൃദിസ്ഥമാക്കേണ്ടതുണ്ടു്. യാഥാർത്ഥ്യങ്ങളുമായി ഏററുമുട്ടുകയാണു് സാമൂഹ്യസേവനത്തിൻെറ കാതൽ. അതായത്തു് സംഭവങ്ങൾ അവയുടെ തനി നിറത്തിലും രൂപത്തിലും, മനസ്സിലാക്കാനുള്ള പക്വതവേണം. വികാരത്തിനും വിഭാവനയ്ക്കും അവിടെ സ്ഥാനമില്ല. നാം ഓരോ സംഗതിയും ഇന്നതരത്തിലായിരിക്കണമെന്നു് ആഗ്രഹിക്കുന്നുണ്ടാകും. പക്ഷെ, ആ ആഗ്രഹമനുസരിച്ചായിരിക്കരുതു്, അഭിപ്രായം രൂപവൽക്കരിക്കുന്നതും പ്രവർത്തനം കൊണ്ടുപോകുന്നതും. വാസ്തവംപറഞ്ഞാൽ നമ്മുടെ വ്യക്തിഗതപ്രവണതകളും വർഗ്ഗതാല്പര്യങ്ങളും അപകവബുദ്ധിയും, പ്രാദേശികചിന്താഗതിയും ഏകപക്ഷീയ ജ്ഞാനവും വിദ്യാഭ്യാസവും

പൊതുജനസേവനത്തിൽ നമ്മുടെ വലിയ പ്രതിബന്ധങ്ങളാണ് ഇവയെല്ലാം കടിഞ്ഞാണിട്ട് പിടിച്ച് സേവനത്തിനിറങ്ങിയാൽ മാത്രമേ നാടിന്ന് മേന്മയുണ്ടാകൂ. നാട്ടാർക്ക് മെച്ചമുണ്ടാകൂ. ഒരു ഗ്രാമോദ്ധാരപ്രവർത്തകൻ ചില നിയമങ്ങളിൽ തന്റെ ലക്ഷ്യപ്രാപ്തിക്കുവേണ്ടി ചില മഹൽത്യാഗങ്ങൾ പോലും ചെയ്യേണ്ടിവന്നേക്കാം. സേവനസന്നദ്ധതയോടുകൂടി സാധുജനസമുദ്ധാരണാൎത്ഥം ത്യാഗവേദിയിൽ ജീവൻ ഹോമിക്കുവാൻ ഉത്ബുദ്ധരായ യുവജനങ്ങൾ തയ്യാറാകട്ടെ. ഓരോ ഗ്രാമത്തിലും ജനങ്ങൾ സംഘടിച്ച് സാമൂഹ്യപ്രവർത്തനങ്ങൾ നടത്തണം. രാജ്യത്തിന്റെ ജീവനാഡി ഓരോ ഗ്രാമവും, അവിടത്തെ ജനങ്ങളുമാണ്. അവരുടെ സംഘടനശക്തിയും സാമൂഹ്യപ്രവർത്തനങ്ങളുമാണ് രാജ്യത്തിന്റെ പൊതുവായുള്ള ജീവൻ.

സാമൂഹ്യസേവകൻ ശരീരസുഷമ, ആത്മത്യാഗം, അനുകമ്പ തുടങ്ങിയ സദ്ഗുണങ്ങളുള്ളവനും സദാചാരപരിപാലനം, സമുദായോദ്ധാരണം മുതലായ അപാരനന്മകൾ നാംകുവാൻ സാധിക്കുന്നവനും ആയിരിക്കണം. സത്യസന്ധത; ഉത്സാഹം, സാമാന്യവാചാലത വിനയം, മോശപ്പെടാത്ത വസ്ത്രധാരണം ഇത്രയുമാണ് സാമൂഹ്യപ്രവർത്തകർക്കു വേണ്ട യോഗ്യതകൾ. ഗ്രാമങ്ങളും വീടുകളും സന്ദർശിക്കുവാൻ കഴിവുള്ളവരായിരിക്കണം. ചുണയും വിശ്വസ്തതയും പ്രദർശിപ്പിച്ചാൽ സാമൂഹ്യസേവനം പോലെ നന്മയും സന്തോഷപ്രദവുമായ ഒരു ജോലി മറെറാന്നില്ലെന്നു് മനസ്സിലാക്കാം. തീർച്ചയായും നാടിനു് ഒരു ഉത്തമസേവനമാണ് ഇവർ ചെയ്യുന്നതു്. ഉത്സാഹം നിങ്ങളെ സമ്പന്നരാക്കും, സേവനം നിങ്ങളെ സുഖിപ്പിക്കും.

ബുദ്ധിമാൻ സുഖങ്ങളിൽ മാത്രം തല്പരനാകാതെ പരഗുണ കാര്യങ്ങളിലേർപ്പെട്ടു് തന്നെപ്പോലുള്ള അനം

വധി ജീവാത്മാക്കളെ രക്ഷിക്കും. മധുരവാക്കുകൾ സം
സാരിക്കുക; സംസ്കരിച്ച പദങ്ങൾ ഉപയോഗിക്കു
ക, അനാവശ്യ നാട്യം പ്രയോഗിച്ചു സംസാരിക്കാതി
രിക്കുക. ഓരോ വാക്കും സൂക്ഷ്മമായ വിവേചനത്തോ
ടുകൂടി പ്രയോഗിക്കുക എന്നിവയെ അനുഷ്ഠിക്കുന്നവൻ
എല്ലാകാര്യത്തിലും വിജയം നേടുന്നു എന്നാണു് മഹദ്വ
ചനം. വിശ്വാസമാണു് ക്ഷേമൈശ്വര്യങ്ങളുടെ ബീജം.
ധർമ്മിഷ്ഠരായ അനുയായികൾ ദുരിതമനുഭവിക്കു
മ്പോൾ, സ്വയം സുഖിക്കുന്ന നേതാവു് ഇഹത്തിൽ വേ
ദനയനുഭവിക്കയും പരത്തിൽ നരകത്തിലേക്കു് നയി
ക്കപ്പെടുകയും ചെയ്യുന്നു. മഹാന്മാർ പറയുന്നതു് "സ്വ
ന്തം ക്ഷേമത്തെപ്പററി ആഗ്രഹമുള്ള ബുദ്ധിമാൻ തന്റെ
വർത്തമാനം കേൾക്കാൻ ഇഷ്ടമില്ലാത്തവനോടും, ഒരു ചൂ
താടിയോടും, മദ്യപാനിയോടും, ക്ലേശങ്ങളിൽ കുടുങ്ങി
ക്കിടക്കുന്ന ഒരു മൂഢനോടും, തോൽവിയോ, നിരാശ
യോ ബാധിച്ചിരിക്കുന്ന ഒരുവനോടും സംസാരിച്ചു
പോകരുതു്." ഗുണദോഷം ആവശ്യപ്പെടുന്ന ആൾക്കു്
മാത്രമേ അതു് നൽകാവൂ അതിൽ വിശ്വാസമില്ലാ
ത്തവനു് അതു് നൽകുവാൻ പോകുകയുമരുതു്. വള
യ്ക്കാൻ വയ്യാത്ത തടി ഒരിക്കലും വളയുകയില്ല ഒടിയു
കയേ ഉള്ളു. കത്തി കല്ലിൽ പ്രയോഗിച്ചാൽ അതി
ന്റെ വായ്ത്തല പോകുകയാണുഫലം. ശരിയായ ഗു
ണദോഷം മൂഢനിൽ വിഫലമത്രേ. അതു്, നൽകുന്ന
വനെ ആപത്തിൽ ചാടിക്കയേ ഉള്ളു. വല്ലതും ദുഃഖകര
മോ ആപൽ സൂചകമോ ആയ കാര്യം വരുമ്പോൾ മധു
രോക്തികളാൽ അതിനെ മാററാൻ ശ്രമിക്കുക. പതം
ഗം ദീപത്തിന്മേൽ തന്റെ പ്രാണാർപ്പണം ചെയ്യുന്ന
തുപോലെ സൽക്കർമ്മത്താലും സാധുസംരക്ഷണത്താ
ലും നിങ്ങളുടെ ജീവിതം നയിക്കുക.

സന്യാസികൾ സർവ്വലോക ക്ഷേമപ്രവർത്തകരാകുന്നു. ലോകഗുണത്തിനായി സഞ്ചരിച്ച് യഥാശക്തി ജനോപകാരം ചെയ്യുകയാണ് യഥാർത്ഥ സന്യാസിമാരുടെ ധർമ്മം. മഹാത്മാഗാന്ധി പറയുന്നത് പൊതുജനസേവനത്തിൽ അതിയായ അഭിലാഷമുള്ളവരാണ് ലോകസേവകന്മാർ, അവർ വിനയത്തിൻെറ പരമകാഷ്ഠയെ പ്രാപിക്കണം; ധാർമ്മികവൃത്തിയുള്ള ആളുകളായിരിക്കണം. സദാചാരനിരതരായിരിക്കണം; ...ബത്തിക വ്യവഹാരങ്ങളിൽ പരിശുദ്ധരായിരിക്കണം, പരിശ്രമശീലമുള്ളവരായിരിക്കണം.

ലോകശുശ്രൂഷ മുഖേന ദൈവസേവ ചെയ്യുകയാകുന്നു സന്യാസിമാരുടെ പരമോദ്ദേശ്യം. അവർ ഗ്രാമവാസികളുടെ സുഹൃത്തുക്കളും, മാർഗ്ഗദർശകരും, തത്വബോധകന്മാരും ആയി വർത്തിക്കുന്നു. സദ്വൃത്താനുഷ്ഠാനങ്ങളായ ധർമ്മനിയമങ്ങളെ വിശദീകരിച്ചു കാണിക്കുന്നു, നീതിസാരോപദേശങ്ങൾ പഠിപ്പിക്കുന്നു: സന്തോഷസന്താപമിശ്രമായ മനുഷ്യജീവിതത്തെ മനസ്സമാധാനത്തോടുകൂടി നയിക്കുന്നതിനുതകുന്ന നിബന്ധനകളും, ബുദ്ധിക്ക് അഗോചരമായ ഗഹനവിഷയങ്ങളെ ആരായുവാനുള്ള മനുഷ്യൻെറ അശക്തതയും, സൃഷ്ടികർത്താവിൻെറ മഹിമാതിരേകവും കമനീയമായ രീതിയിൽ വർണ്ണിക്കുന്നു.

''സേവനവും പ്രയത്നവും ഒട്ടകത്തിൻെറ ലക്ഷണങ്ങളാണ്. ക്ഷമയും സഹനവും അതിൻെറ മാർഗ്ഗങ്ങളാകുന്നു.'' പ്രവൃത്തി ചെയ്യുന്ന ആൾക്ക് പ്രവർത്തനവൈദഗ്ദ്ധ്യത്തെക്കാൾ അധികം ആളുകളുടെ ആവശ്യങ്ങളെയും, ആ ആവശ്യങ്ങൾ തൃപ്തിപ്പെടുത്താനുള്ള മാർഗ്ഗങ്ങളെയും അറിയുക എന്നതാണ് പ്രധാനം. പ്രവൃത്തിയെ എല്ലായ്പോഴും 'പണം' എന്ന ഉപാധികൊണ്ടളക്കരുത്. സ്നേഹപൂർണ്ണമായ നിലപാടും നിഷ്കാമമായ ഉപകാരവും പണത്തിനോട് കിടനിൽക്കും.

# അദ്ധ്യായം പതിമൂന്ന്

## സ്ത്രീകളും സാമൂഹ്യസേവനങ്ങളും

''യഥാർത്ഥമാഹാത്മ്യം ഉള്ളവർ അത്യന്തമായ വിപൽഘട്ടങ്ങളിൽപോലും തങ്ങളുടെ നിസ്സർഗ്ഗസൽഗുണങ്ങളെ പരിത്യജിക്കുന്നില്ല. കത്തുന്ന തീയിലിട്ടുന്ന ശംഖ് പൂർവ്വാധികം വെളുക്കുന്നതേയുള്ളൂ.'' —പഴമൊഴി.

സമുദായത്തിൽ സ്ത്രീകൾക്ക് അദ്വിതീയമായ ഒരു സ്ഥാനവും, പ്രാധാന്യവും, അസാമാന്യമായ പ്രേരണാശക്തിയും, വേണ്ടത്ര പിൻതുണയും കിട്ടിക്കഴിഞ്ഞിട്ടുണ്ട്. പുരുഷനു് തുണയായി സൃഷ്ടിക്കപ്പെട്ട സ്ത്രീ സുന്ദരി, സുഖി, സുമിത്രം (സഖി) എന്ന മൂന്ന് നിലയിൽ സാമൂഹ്യരംഗത്തു് സ്ഥിരപ്രതിഷ്ഠ നേടിപ്പോയി. ദൈവം തന്റെസൃഷ്ടിയെയൊക്കെ ഒന്നുകൂടി, സൃഷ്ടി കഴിഞ്ഞു്, നോക്കിയശേഷം നല്ലതു്' എന്നു കണ്ടു എന്നു് വി. വേദപുസ്തകത്തിൽപ്പറയുന്നു. ഏദൻ തോട്ടത്തിലെ ആ വിലക്കപ്പെട്ട ഫലത്തെക്കുറിച്ചു് സ്ത്രീയുടെ കാഴ്ചപ്പാടു് വർണ്ണിച്ചിരിക്കുന്നതു് ഇപ്രകാരമാണു്. ''തിന്മാൻ നല്ലതും, കണ്മാൻ ഭംഗിയുള്ളതും, ജ്ഞാനം പ്രാപിപ്പാൻ കാമ്യവും എന്നു് സ്ത്രീ കണ്ടു.'' ദൈവസൃഷ്ടികളെല്ലാം മൂന്നു് കാര്യത്തിൽ ഏററവും മെച്ചമാണെന്നു് വ്യാഖ്യാനിക്കപ്പെടുന്നു. ആസ്വാദ്യത, രൂപഭംഗി, ജ്ഞാനദായകം എന്നിവകളാണവ. അതുകൊണ്ടു് പ്രകൃതിയുടെ വികൃതിക്കുട്ടികളായ മനുഷ്യരിലും ഈ മൂന്നു് ഘടകങ്ങൾ നിശ്ചയമായും കാണുമല്ലോ,

ലോകചരിത്രം അപഗ്രഥിച്ചാൽ ചരിത്രം ആരം-

ഭിക്കുന്നതും, തുടരുന്നതും സ്ത്രീതത്വചരിത്രത്തോടുകൂടിയാണെന്നു് കാണാം. ക്രിസ്തുമതപ്രകാരം പഴയനിയമകാലം ആരംഭിക്കുന്നതു് ഹവ്വായുടെ വീഴ്ചയോടുകൂടിയും പുതിയനിയമം തുടങ്ങുന്നതു് കന്യകമറിയാമിന്റെ വിശുദ്ധജീവിതം മുതലും ആണല്ലോ ഏകാകിയായിരുന്ന മനുഷ്യനെ സാമൂഹ്യജീവിയാക്കിയതു് സ്ത്രീയുടെ സമാഗമത്തോടുകൂടിയാണു്. അവരം മനുഷ്യനു് തുണയും, സ്നേഹിതയും,സന്തതസഹചാരി (ണി)യും ആണു്. സാധാരണ സാമൂഹ്യമനുഷ്യനു് അനുപേക്ഷണീയമായി മൂന്നു് കാര്യങ്ങളുണ്ടു്. സഹായഹസ്തം, സ്നേഹലത (നിദാനപാത്രം) സദാ (നികട) സഹവർത്തി ഇവകളാണു് മനുഷ്യജീവിതത്തെ നിലനിറുത്തുന്നതും സാമൂഹ്യജീവിതത്തെ ഉത്തേജിപ്പിക്കുന്നതും. സഹായം, സംരക്ഷണ (പരിപാലനം) ത്തിനും, സ്നേഹം, ബന്ധുത്വം (ശൃംഖലത്വം) സഹവർത്തിത്വം, സംസർഗ്ഗത്തിനും, ഇടയാക്കുന്നു.

സ്ത്രീയിൽനിന്നു് ദൈവവും ദൈവത്തിൽ നിന്നു് ലോകവും ഉളവായി എന്ന തത്വമനുസരിച്ചാണു് ഹിന്ദുക്കൾ ദേവീസ്തോത്രം, ഭഗവതിപൂജ മുതലായവ നടത്തുന്നതു്. സ്ത്രീകളെ ആരാധ്യകളാക്കിയതിനു് മറ്റൊരു കാരണം സ്ത്രീകളിൽ ദൈവികഗുണങ്ങളായ സത്യം സ്നേഹം, പ്രത്യാശ എന്നിവകൾ സ്വതവേ തന്നെ അടങ്ങിയിട്ടുണ്ടെന്നും, ഒരു സ്ത്രീ ദൈവജനനി എന്ന സ്ഥാനത്തിനർഹയായി എന്നും ഉള്ള സിദ്ധാന്തമാണു്. പുരുഷസംസർഗ്ഗം കൂടാതെയാണല്ലോ ദൈവപുത്രൻ കന്യകയിൽ ജാതനായതു്. ''തന്റെ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും, തന്റെ മാംസത്തിൽ നിന്നുള്ള മാംസവും, തന്റെ രക്തത്തിൽ നിന്നുള്ള രക്തവും, തന്റെ മജ്ജയിൽ നിന്നുള്ള മജ്ജയും ഉള്ളവളായിട്ടാണു് ആദിമനുഷ്യനായ ആദാം തന്റെ ഭാര്യയെ കാണുന്നതു്. ഏതാ

യാലും പ്രായോഗികജീവിതത്തിൽ വെറും മൺമയനായ പുരുഷൻ കേവലം ഒരു സ്ത്രീക്കു് അടിമപ്പെട്ടുപോകുന്നതായിട്ടാണു് കണ്ടുവരുന്നതു്. എന്നാൽ മനുഷ്യരിൽ പുരുഷന്മാരെ അപേക്ഷിച്ചു് നിഷ്പ്രയാസം തെററാനിടയുള്ള സ്ത്രീകളാണു് പാവനതയുടെ പരമകാഷ്ഠവരെ ഉയൎന്നിട്ടുള്ളതു്. അതേ അവസരത്തിൽ, പതിശ്രമിക്കുന്ന പക്ഷം അങ്ങേ അററം മഹത്വത്തിനവകാശമുള്ള സ്ത്രീകൾ ദുഷ്ടതയുടെ പാരമ്യംവരെ എത്തിച്ചേർന്നിട്ടുള്ളതായി അറിയപ്പെടുന്നുവല്ലോ. എത്രയും വിശിഷ്ടകളായ പതിവ്രതാരത്നങ്ങൾ ദൈവതുല്യകളായിത്തീരുകയാൽ മററുള്ളവരെ ശപിക്കുകയും അനുഗ്രഹിക്കയും ചെയ്തതു് സഫലമായതായി പുരാണങ്ങളിരു കാണുന്നു. സ്ത്രീകളുടെ സാമൂഹ്യജീവിതമേന്മയെ അളന്നു് പരിശോധിച്ചറിയുന്ന മാനദണ്ഡം സ്ത്രീകൾ പുരുഷന്മാരുമായി സംസർഗ്ഗം ചെയ്യുന്നതിൽ നിന്നാണല്ലോ. മനോഹരമായ ആപ്പിൾ പഴം പഴുത്തതാണെങ്കിൽ വളരെ ആസ്വാദ്യകരമാണു്. പ്രത്യുത അതു് ചീഞ്ഞളിഞ്ഞാൽ എത്രയും വെറുക്കത്തക്കതായിരിക്കുന്നതുപോലെ സ്ത്രീകളുടെ ജീവിതവും സംസ്ക്കാരവും സാമൂഹ്യമണ്ഡലത്തിൽ യഥാസ്ഥിതിയിലല്ലെങ്കിൽ വളരെ ദുരന്തങ്ങൾക്കു് കാരണമായിരിക്കും,

സ്ത്രീമൂലം പാപം ഇദംപ്രഥമമായി ലോകത്തിൽ ആവിർഭവിച്ചു എന്നു് ബൈബിളിൽ പറയുന്നു. ആദാമിനു് തുണയായിരുന്ന സ്ത്രീ ചെയ്ത സഹായമാണിതു്. 'നന്മയ്ക്കു് വച്ചതു് തിന്മയ്ക്കു് കൊണ്ടു.'' അതുകൊണ്ടു് സമൂഹത്തിൽ സ്ത്രീകൾക്കുള്ള സ്ഥാനമെന്താണെന്നു് നമുക്കു പരിശോധിക്കാം. കുടുംബത്തിൽ ദാമ്പത്യബന്ധവും, ഗൃഹത്തിൽ റാണിയെന്ന നിലയും, നാട്ടിനു് മണിദീപമെന്ന അലങ്കാരവും ആണു് സ്ത്രീകൾ. കുടുംബജീവിതത്തിൽ സ്ത്രീകൾ പ്രധാനമായി മാ

താവ്, പുത്രീ, ഭാര്യ എന്നിങ്ങനെ മൂന്നു് സ്ഥാനങ്ങളിലായി നിലകൊള്ളുന്നു. ഐശ്വര്യത്തെ ദേവത (സ്ത്രീ) യായിട്ടാണു് സങ്കൽപ്പിക്കുന്നതു്. പല കുടുംബങ്ങളിലും ഐശ്വര്യത്തെ വിഘാതപ്പെടുത്തുന്നതു് സ്ത്രീകളുടെ കൊള്ളരുതായ്മകൊണ്ടായിരിക്കും. എന്നാൽ സ്ത്രീകൾ അവരുടെ നിർദ്ദിഷ്ടസ്ഥാനങ്ങളിൽ ശോഭിക്കുകയാണെങ്കിൽ വീട്ടിലെന്നല്ല, നാട്ടിലും സാമൂഹ്യമായി ഐശ്വര്യമുണ്ടാകും. സമുദായത്തോടു് അവർക്കുള്ള കടപ്പാടു് അവർ വിസ്മരിക്കുമ്പോൾ സാമൂഹ്യതിന്മ സംജാതമാകുന്നു. സ്ത്രീകളുടെ സാമൂഹ്യ കർത്തവ്യം, സ്നേഹം, സേവനം, സൗശീല്യം എന്നിവകളാണു്. കുടുംബജീവിതത്തിൽ ഭർത്താവിനെയും മക്കളെയും പററിയുള്ള സ്നേഹവും, അവരെ ശുശ്രൂഷകളാൽ സേവിക്കുകയും, സൗശീല്യാദി ഗുണഗണങ്ങളാൽ തന്നെത്താൻ ശോഭിക്കുകയും ചെയ്യണമെന്നാണു് സമൂഹം അവരെക്കൊണ്ടു് ഉദ്ദേശിക്കുന്നതു്. സ്ത്രീകൾ പ്രായേണ ചപലകളും അബലകളുമാകയാലാണു് അവർ തെററിപ്പോകുന്നതും, മററു് സാമൂഹ്യവിപത്തു് ഉൽഭൂതമാകുന്നതും. അതുകൊണ്ടു് സ്നേഹിക്കാത്തവൾ സ്ത്രീയല്ല, സേവനമനുഷ്ഠിക്കാത്തവൾ സുശീലയുമല്ല. സുശീലയല്ലെങ്കിൽ അവൾ മൂലം സമുദായം അധഃപ്പതിക്കും നിശ്ചയം. ദൈവവും ദേവിയുമായുള്ള ബന്ധംപോലെയാണു് ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ബന്ധമെന്നു് ഹിന്ദുമതം സമർത്ഥിക്കുന്നു. അതുകൊണ്ടാണു് മാതൃപൂജ, ഭർത്തൃപൂജ, പ്രജാപതികർമ്മം മുതലായ ആചാരങ്ങൾ ഹിന്ദുക്കൾ ഏർപ്പെടുത്തിയിരിക്കുന്നതു്. ഇപ്രകാരം പ്രാചീനാര്യന്മാർ സ്ത്രീകൾക്കു് സമുദായത്തിൽ അനന്യൂനമായ സ്ഥാനം കൽപ്പിച്ചുവന്നു എന്നാൽ കാലക്രമത്തിൽ ആ സങ്കൽപ്പബന്ധങ്ങൾ കുഞ്ഞുപാകയും ആയതു് പല സ്ഥലത്തു് പല രീതിയിലും ഇങ്ങനെ

സംസ്ക്കാരത്തിനനുസരിച്ച് സ്ഥാനവ്യത്യാസത്തോടുകൂടിയും ഇന്നു കണ്ടുവരുന്നു.

സ്ത്രീകൾക്ക് അതിപ്രധാനമായ സ്ഥാനം ദാമ്പത്യജീവിതത്തിലാണ്. യുവതികൾ വിവാഹം കഴിച്ചിരിക്കുക പ്രകൃതിയുടെ അനുഗ്രഹവും, സാമൂഹ്യനിയമവും ആണ്. യൗവനം സുഖത്തിനെന്നപോലെ മനുഷ്യന് വംശവർദ്ധനവിനും സഹായിക്കേണ്ടതും അക്കാലത്താണ്. ഭാവിലോകത്തെ രാഷ്ട്രാപരമായി വളർത്തേണ്ടതും അവളുടെ കടമകളിൽപ്പെട്ടതാണ് ഇവ ആചരിച്ചാൽ സ്ത്രീകൾക്ക് ജന്മസാഫല്യം സിദ്ധിക്കുന്നതാണ്. അതുകൊണ്ടുതന്നെ ആയിരിക്കും ഹിന്ദുധർമ്മശാസ്ത്രത്തിൽ സ്ത്രീകൾക്ക് മോക്ഷസിദ്ധിയ്ക്കായി ഭർത്തൃപൂജമാത്രം മതിയെന്നാണുവിധിച്ചിരിക്കുന്നത്. എന്നാൽ അരുമാരുമറിയാതെ വനകുസുമങ്ങൾ ആരാലും ആസ്വദിക്കപ്പെടാതെയും, സ്നേഹിക്കപ്പെടുകയോ, സ്വന്തമാക്കപ്പെടുകയോ ചെയ്യാതെയും കൊഴിഞ്ഞു പോകുന്നെങ്കിൽ അതു എത്രകണ്ട് ദയനീയമാണ്. തക്കകാലത്തു് വിവാഹം കഴിക്കാൻ സാധിക്കാഞ്ഞ ഒരു കന്യകയെ പണ്ട് ഒരിക്കൽ ബ്രാഹ്മണൻ രൂപാന്തരപ്പെടുത്തിയെടുത്തതാണ് തുളസ്സിച്ചെടി എന്ന് പുരാണത്തിൽ പറയുന്നു.

മനുഷ്യജന്മസിദ്ധമായവൈവാഹികം ശരിയായും വേണ്ടവിധത്തിലും, തക്കകാലത്തും അനുഷ്ഠിക്കാൻ ഭാഗ്യം സിദ്ധിക്കാത്തവർ, അതിലെ വെറും വിഷയസൗഭാഗ്യം ഉദ്ദേശിച്ചും അമിതമായി ആമധു നുകരുന്നതിന് വേണ്ടിയും, പാവനമായ ദാമ്പത്യജീവിതം വിട്ട് വ്യഭിചാരവൃത്തി സ്വീകരിച്ചുകാണുന്നു കൂടാതെ ചില സമുദായാചാരങ്ങൾ ആയതിന് ചില സൗകര്യങ്ങളും, സാഹചര്യങ്ങളും സൃഷ്ടിക്കത്തക്കതുമാണ്. ചില വെറും ബാഹ്യമതങ്ങൾ അത്തരം ആചാരങ്ങളും

അനുഷ്ഠാനങ്ങളും ചില പ്രത്യേക സാഹചര്യങ്ങളിൽ അനുവദിക്കുന്നതായും, അംഗീകരിക്കുന്നതായും, ഗൗരവാവഹമായി ഗൗനിക്കാതിരിക്കുന്നതായും കാണും. ലോകത്തിൽ ആദ്യകാലങ്ങളിൽ സ്ത്രീകളുടെ ജനസംഖ്യ പുരുഷന്മാരെക്കാൾ കുറവായിരുന്നു. അന്ന് ഇത്തരം പല ആചാരങ്ങളും ഉണ്ടായി. തുടർന്ന് സ്ത്രീകളുടെ ജനസംഖ്യ പുരുഷന്മാരുടെ സംഖ്യയെക്കാൾ ക്രമാതീതമായി വദ്ധിക്കുകയാൽ അതും പല അനാചാരങ്ങൾക്കും, സാമൂഹ്യദൂഷ്യങ്ങൾക്കും ഇടയാക്കി എന്നാണ് സംസ്കാരിക ചരിത്രം തെളിയിക്കുന്നത്. പഴയനിയമകാലത്ത് മൂത്ത സഹോദരൻ മരിക്കുമ്പോൾ അയാളുടെ ഭാര്യയെ ഇളയവൻ സ്വീകരിക്കണമെന്ന് വിധിച്ചിരുന്നു പിന്നീട് ഉപേക്ഷണ ചീട്ട് കൊടുത്ത് ഭാര്യയെ ഉപേക്ഷിക്കാൻ മോശ അനുവാദം കൊടുത്തു. ഇതിൽനിന്നും മേല്പറഞ്ഞത് തെളിയുന്നു. വ്യഭിചാരം ഹേതുവായിമാത്രം സ്ത്രീയെ ഉപേക്ഷിക്കാം എന്നാണ് ക്രിസ്തുമതത്തിലെ ഏക ഉപേക്ഷണകാരണം. ശിക്ഷണനടപടികൾക്ക് വിധേയനായിരുന്ന് അനുതപിച്ച് മാനസാന്തരപ്പെട്ടാൽ പാപം ക്ഷമിക്കപ്പെടുമെങ്കിലും അത് സാമൂഹ്യമാന്യതയെ കളങ്കപ്പെടുത്തുന്നതാകയാൽ ഏറ്റവും വലിയ സാമൂഹ്യപാപമായി സമുദായം കണക്കുകൂട്ടുകയാൽ ആണ് മിക്ക സമുദായങ്ങളും 'ഭ്രഷ്ട്' കല്പിക്കുന്നത്. കാലക്രമത്തിൽ സ്ത്രീമോഷണം, അടിമവ്യാപാരം, ബാല്യവിവാഹം, വേശ്യാവൃത്തി, ബലാൽസംഗം, കാമുകശല്യം ജാരശങ്ക മുതലായവ ആവിർഭവിക്കുകയും ഇങ്ങനെ സ്ത്രീലോകം കളങ്കപ്പെടുകയും ചെയ്തിട്ടുണ്ട്. പിന്നീട് ഗർഭച്ഛിദ്രം, ഭ്രൂണഹത്യ, അധാർമ്മിക പുത്രജനനം, മാനഭംഗം, സങ്കരജാതികൾ, വ്യഭിചാരസമൂഹങ്ങൾ, മിശ്രവിവാഹങ്ങൾ മുതലായവ ഉണ്ടായിത്തുടങ്ങി. ലോകത്തിൽ

ആദ്യമായി വഴക്കുണ്ടായതു് സ്ത്രീയെ സംബന്ധിച്ചാണു്. കായേനും ഹാബേലും തമ്മിലുള്ള കലഹമാണു് അതു്. ഒരുപുരുഷനെ സംബന്ധിച്ചിടത്തോളം അവൻ സൗമ്യ മനുഷ്യനായിത്തീരണം (Gentleman) എന്നതാണു് പരമലക്ഷ്യം എന്നാൽ സ്ത്രീയെപ്പററി അവരം രാജ്ഞികണക്കെ ശോഭിക്കണമെന്നാണു് സമുദായം ആവശ്യപ്പെടുന്നതു്. രാജ്ഞിയെപ്പോലെ മാന്യയും, മററുള്ളവരാൽ ബഹുമാനിക്കപ്പെടുന്നവളും അവളുടെ രാജ്ഞിസ്ഥാനം കൈവെടിയാത്തവളും ആണല്ലോ. കൂടാതെ സീസറുടെ ഭാര്യയെക്കുറിച്ചു് പറഞ്ഞതുപോലെ സംശാതീതയുമായിരിക്കണം. (Caesar's wife must be above suspicion) അതാണല്ലോ വെറും അപവാദം മാത്രമുണ്ടായിരുന്ന സീതയെ ശ്രീരാമൻ ദയനീയമായി ഉപേക്ഷിച്ചുകളഞ്ഞതു്.

പലമതങ്ങളിലുംസ്ത്രീസ്വാതന്ത്ര്യംസമത്വം എന്നീ കാര്യങ്ങളിൽ വിഭിന്ന അഭിപ്രായമാണു്. മുസ്ലീങ്ങരം മുൻകാലങ്ങളിൽ സ്ത്രീക്കുഞ്ഞുങ്ങളെ ജീവനോടെ കുഴിച്ചുമൂടിയതായി ചരിത്രമുണ്ടു്. കൂടാതെ ബഹുഭാര്യാത്വവും അവർക്കു് അനുവദിച്ചിട്ടുമുണ്ടു്. ഹിന്ദുമതത്തിൽ എട്ടുവിധ വിവാഹങ്ങരം ഉള്ളതായിപ്പറയുന്നുണ്ടു്. വിവാഹം എന്ന ഏർപ്പാടുപോലും ഇല്ലാതെ മൃഗീയരീതിയിൽ കഴിയുന്നവർ പോലും ഇന്നു് ലോകത്തിലുണ്ടെന്നാണു് പറയുന്നതു്. ഗൃഹസ്ഥാശ്രമികളും, സന്യാസികളും എന്ന വേർതിരിവു്, കമ്മ്യൂണിസത്തിൻെറ ആവിർഭാവം, കേരളോണിയൽ ഭീകരവാഴ്ച, സമുദായഭ്രഷ്ടരുടെ നിയന്ത്രണാതീതത(out casters)മുതലായവ സമുദായങ്ങളിൽ വളരെ കുഴപ്പങ്ങരം വരുത്തിവച്ചിട്ടുണ്ടു്. അറിവു് ഏറുകയാൽ നെറിവു് കുറയുന്നു. അജ്ഞാനികളും അബദ്ധപ്പെടുന്നു, എന്നീ തത്വങ്ങളനുസരിച്ചു് പണ്ഡിതപാമര ഭേദമെന്യേ എല്ലാവരും ഒരുപോലെ

കൊള്ളരുതാത്തവരായിത്തീർന്നിരിക്കുകയാണു്. എന്നാൽ ക്രിസ്തുമതം സാമൂഹ്യജീവിതത്തെ വളരെ കരുതലോടുകൂടിയാണു് വീക്ഷിക്കുന്നതും നിയന്ത്രിക്കുന്നതും. വിഷയാസക്തിലോകത്തിൽ നിന്നു് നിർമ്മാർജ്ജനം ചെയ്യുവാൻ നഗ്നതാ പ്രസ്ഥാനത്തിനു് സാധിക്കുമെന്നു് ശീതരാജ്യങ്ങളിൽ അവർ പ്രചരണം നടത്തുന്നുണ്ടു്. എവിടെയും ദാരിദ്ര്യവും ധനവും മനുഷ്യജീവിതത്തെ വളരെയേറെ സ്പർശിക്കുന്നതാണല്ലോ. ഇന്നു് മിക്ക വലിയ പട്ടണങ്ങളിലും വേശ്യാലയങ്ങൾ ചിരപ്രതിഷ്ഠിതങ്ങളാണു്, ഇൻഡ്യയുടെ സംസ്കാരത്തിൽ അതു് തീരാക്കളങ്കമാണു്. അതിലേക്കു് ആളുകളെ ആകർഷിക്കുന്ന സാഹചര്യങ്ങളെയും, തന്മൂലമുണ്ടാകുന്ന വ്യവസ്ഥിതിയേയും തികച്ചും പരിവർത്തനം ചെയ്യിക്കാൻ ശ്രമിക്കേണ്ടതു് ഒരു സാമൂഹ്യപ്രവർത്തനമാണിന്നു്. ഇൻഡ്യയെ സംബന്ധിച്ചിടത്തോളം അഭയാർത്ഥി പ്രശ്നം, യാചകശല്യം, തൊഴിലില്ലായ്മാ പ്രശ്നം മുതലായവമൂലം ക്ഷാമം, പട്ടിണി മുതലായ ദാരിദ്ര്യവും ദുരിതങ്ങളുമാണു് ഇതിനു് സഹായിക്കുന്നതു്. അതുകൊണ്ടു് മനുഷ്യന്റെ പ്രാഥമികസൗകര്യങ്ങളായ ഗൃഹം, ഭക്ഷണം, വസ്ത്രം; മുതലായവയെങ്കിലും എല്ലാവർക്കും ലഭിക്കുവാൻ തക്കവണ്ണം സഹായിക്കുകയാണു് സാമൂഹ്യക്ഷേമം കൈവരുത്തുവാൻ ആദ്യം ചെയ്യേണ്ടതു്. ദൈവബോധവും, മതഭക്തിയും സന്മാർഗ്ഗപ്രവണതയും സമുദായത്തിൽ വളർത്തുന്നതിനു് ശ്രമിക്കണം. കൂടാതെ വേശ്യകളായിത്തീരുന്നവരെ ലോകം അവജ്ഞയോടെ വീക്ഷിക്കുകയും, അതേ അവസരത്തിൽ അവരെ വീണ്ടെടുക്കുവാൻ അവസാനം വരെ വേണ്ട ശ്രമങ്ങൾ ചെയ്യുകയും ചെയ്യേണ്ടതാണു്. വാസവദത്തയുടെ കഥ ഈ അവസരത്തിൽ സമുദാഹരണമാണു്.

ആകപ്പാടെ സാമൂഹ്യജീവിതത്തിൽ സ്ത്രീകളുടെ ഗതി അസ്ഥിരമാണു്. അതു ശരിപ്പെടണമെങ്കിൽ അവരിൽ ധർമ്മബുദ്ധിയും, ദയയും, സാമൂഹ്യമന:സ്ഥിതിയും ഉൽഭൂതമാകണം. ഭാവിലോകത്തെ മെനയുന്ന ആ മാതാക്കളെ നാം നല്ലവരാക്കിത്തീർത്തില്ലെങ്കിൽ അതു് വളരെ കഠിനമായിരിക്കും. സാമൂഹ്യസേവകർ ഇക്കാര്യത്തിലേക്കു് ശ്രദ്ധിക്കണം. സ്ത്രീകൾക്കു് മേന്മയും, അവകാശസംരക്ഷണവും സ്വാതന്ത്ര്യമനഃസ്ഥിതിയും നൽകുന്നതിനു് വേണ്ടതു് ചെയ്യണം. വിധവാ വിവാഹം, ബാല്യവിവാഹം നിരോധിക്കൽ, ഭർത്താവിനെ തിരഞ്ഞെടുക്കാൻ സ്വാതന്ത്ര്യം, സതിനിരോധനം മുതലായവകളാണു് സ്ത്രീകളുടെ മൗലികാവകാശങ്ങൾ. സ്ത്രീകളെ അബലകളെന്നു് എണ്ണുന്ന അവജ്ഞാമനസ്ഥിതി മാററണം.

ഇന്നത്തെ സാമൂഹ്യയുഗത്തിൽ സാമൂഹ്യപ്രവർത്തനങ്ങൾക്കു് സ്ത്രീകൾ അർഹരായിത്തീരുന്നതുപോലെ മററുള്ളവർക്കും അവർ സേവനമനുഷ്ഠിപ്പാൻ ന്യായവും സാദ്ധ്യവുമാകുന്നു. സ്ത്രീകൾക്കു് സമുദായം നിശ്ചയിച്ചിരിക്കുന്നതു സാമൂഹ്യസേവനപരമായ ജോലികളാണു്. കാരണം അവർക്കാണു് സാമൂഹ്യസേവനം കൂടുതൽ ആവശ്യമായിരിക്കുന്നതും. "താഴ്ന്ന നിലത്തെ നീരോടു" എന്ന പഴമൊഴി ഇവിടെ പ്രസക്തമാണു്. സ്ത്രീകൾക്കു് പ്രത്യേകിച്ചു് പ്രസവകാലത്തു് പുരുഷസംരക്ഷണം അതിയായി ആവശ്യമാണല്ലോ. എന്നാൽ സൂതികർമ്മിണികളുടെ സേവനം വളരെ വിലമതിക്കപ്പെട്ടതുമാണല്ലോ. രോഗികളെ ശുശ്രൂഷിക്കുന്നതിനു് കന്യാസ്ത്രീകളെക്കാൾ നിഷ്കർഷയുള്ളവർ ഇന്നു് ഭൂമുഖത്തില്ല. കുട്ടികളെ വളർത്തുക എന്ന ക്ലേശകരമായ ജോലി സ്ത്രീകൾ നിർവഹിക്കുന്നതു് അവരുടെ സേവനമനസ്ഥിതികൊണ്ടാണു്.

സാമൂഹ്യമായി സ്ത്രീകളുടെ സംഭാവനകൾ, സൂതികർമ്മികൾ, നേഴ്സ്കൾ, ശിശു സംരക്ഷകർ (nursery) എന്നീ 3 നിലകളാകുന്നു. സ്ത്രീകളെ അധപ്പതിക്കുന്ന സാമൂഹ്യ അനാചാരങ്ങളായ, അകാലത്തിൽ വിവാഹം. ദൂഷിച്ച അതിഥിപൂജ, യുവമിഥുനങ്ങളുടെ അനാരോഗ്യവഴക്കങ്ങൾ, ലൈംഗികപരിജ്ഞാനമില്ലായ്മ, വിധവാ വിവാഹം നിരോധിക്കൽ, ദേവദാസി സമ്പ്രദായം മുതലായവകളാണ്. അവയെ ദൂരികരിക്കുന്നതിനു് മതവിഭാഗങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. നിത്യദാരിദ്ര്യം, ജീവിത അസംതൃപ്തി ദൂഷിച്ച കുടുംബകലഹം മുതലായവ ഇല്ലായ്മ ചെയ്യുവാൻ സമുദായം ശ്രദ്ധിക്കേണ്ടതാകുന്നു. വെറും അടുക്കളയിൽ മാത്രം കഴിഞ്ഞുകൂടുന്ന സ്ത്രീകൾ, പ്രായേണ വിദ്യാഭ്യാസശൂന്യരാണല്ലോ. സ്ത്രീ വിദ്യാഭ്യാസത്തിനും, ഗാർഹികമായും മററും പ്രത്യേക പഠനത്തിനും, സൗകര്യം ചെയ്തുകൊടുക്കുന്നതു് എത്രയും ഫലപ്രദമായ ഒരു സാമൂഹ്യസേവനമാണ്. മനുഷ്യാർദ്ധം സ്ത്രീയാകയാൽ സ്ത്രീകളുടെ ക്ഷേമൈശ്വര്യങ്ങൾ മനുഷ്യരെല്ലാവരുടെയും സുഖസൗകര്യങ്ങൾക്കുതകുമെന്നു നാം മനസ്സിലാക്കി പ്രവർത്തിക്കണം. ''സ്ത്രീകളാണു് ഭാവിലോകത്തെ സംവിധാനം ചെയ്യുന്നതു്.''

വൈദികഭാരതം സ്ത്രീകളെ ദേവിമാരായി വാഴ്ത്തിയിട്ടുണ്ട്. വേദസൂക്തങ്ങളിൽ ഒരു നല്ല പങ്കും ആമാഷ്ട്രത്തിലാണ് രചിച്ചിട്ടുള്ളതു്. കലകളുടെയെല്ലാം മൂർത്തികരണമായി സരസ്വതിയേയും; ഐശ്വര്യത്തിൻെറ മൂർത്തീകരണമായി ലക്ഷ്മിയേയും, ശക്തിയുടെ മൂർത്തീകരണമായി ദുർഗ്ഗയേയും സ്ത്രീരൂപത്തിൽ —ദേവീരൂപത്തിൽ— ആരാധിക്കുന്നു ഇതുകൊണ്ടുതന്നെ ലോകത്തെ എല്ലാ കാര്യങ്ങളുടെയും പൂർത്തീകരണത്തിനു് സ്ത്രീകൾ അനുപേക്ഷണീയരാണെന്നു്

മനസ്സിലാകുന്നുണ്ട്. ആധുനികലോകം, ഈ യാഥാർത്ഥ്യം മനസ്സിലാക്കിയതിന്റെ ഫലമായിട്ടാണ് ഇന്നു എല്ലാ രംഗങ്ങളിലും സ്ത്രീകളുടെ സേവനം ആവശ്യപ്പെടുന്നതു്. ''സാമൂഹ്യപരിവർത്തനത്തിൽ വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ് സ്ത്രീ.''

## അദ്ധ്യായം പതിന്നാല്

### യുവജനസംഘടനകളും സാമൂഹ്യപ്രശ്നങ്ങളും

> ''മനുഷ്യജീവിതം, മററു ആളുകളുമായി ബന്ധത്തോടുകൂടി കഴിയുന്ന ഒരു ജീവിതമാണ്. ആ ബന്ധങ്ങളിൽ നിന്നു മാത്രമാണ് മനുഷ്യജീവിതത്തിന്റെ അർത്ഥവും, ആഴവും കിട്ടുന്നതു്. എന്നാൽ ഒരു വ്യക്തിക്ക് ഇപ്രകാരം നേരിട്ടുള്ള അടുത്ത അടുപ്പങ്ങൾ എത്രയോ പരിമിതമാകയാൽ, സാമൂഹ്യജീവിതം എന്നതു് (കല) ചെറിയ കൂട്ടങ്ങളായി പരിശീലിക്കുകയും പഠിക്കുകയും ചെയ്യുക ആകുന്നു''
>
> —ജെ. എച്ച്. ഓൾഡ്ഹാം.''

പൊതുവെ, ഇൻഡ്യയിൽ സാമൂഹ്യവും, ധാർമ്മികവും, സാംസ്ക്കാരികവും ആയ പ്രശ്നങ്ങളെ ആത്മീയ പ്രചോദനസംഘങ്ങളാണ് കർത്തൃത്വം ചെയ്തു വരുന്നതും കൈകാര്യം ചെയ്തുവരുന്നതും. തൻമൂലം ഓരോ മതക്കാരും അവരുടെതന്നെ പ്രവർത്തനങ്ങൾ വികസിപ്പിക്കുകയും, ആയതു് മതപ്രചരണത്തെ അചിരേണ സഹായിക്കയും, ചെയ്യുകയാണ് ഫലം. എന്നാൽ വിവിധ ജാതിമതസ്ഥരുള്ള ഇൻഡ്യയിൽ, അ

വ വർഗ്ഗീയതയ്ക്കു് സാദ്ധ്യത വദ്ധിപ്പിക്കുകയും രാജ്യത്തിൻെറ അഭിവൃദ്ധിയിൽ വിഘാതമായിത്തീരുകയും ചെയ്യുന്നതാണു്, തൻമൂലം യഥാത്ഥപ്രവത്തകക്കു് രാഷ്ട്രത്തെ പൊതുവെ ബാധിക്കുന്ന രംഗങ്ങളിൽ പ്രവേശിക്കുന്നതിനു അസാദ്ധ്യമായും പരിണമിക്കും. അതുകൊണ്ടു് ഇന്നത്തെ ഇൻഡ്യൻ രാഷ്ട്രം അഭിവൃദ്ധിപ്പെടണമെങ്കിൽ രാജ്യശ്രേയസ്സും മതനിഷ്ഠകളും ഒരുപോലെ വീക്ഷിക്കുവാൻ തക്കവണ്ണം സാംസ്ക്കാരികവും, സാന്മാർഗ്ഗികവും, സാമൂഹ്യവുമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനു് സമചിത്തതയോടും ദീർഘവീക്ഷണത്തോടുംകൂടി നമ്മുടെ കഴിവുകൾ നന്മയ്ക്കായി ഉപയോഗിക്കണം.

ഇന്നു് ഭാരതത്തിൽ പ്രവൃത്തിപഥത്തിലുള്ള സാമൂഹ്യസംഘടനകൾ വളരെ ചുരുക്കവും. അവ കൈകാര്യം ചെയ്യുന്ന പ്രവത്തനങ്ങൾ (പ്രോഗ്രാം) തുലോം തുച്ഛവുമാണു്. സ്വതന്ത്ര ഇൻഡ്യയുടെ അഭിവൃദ്ധിക്കായി തന്നെത്താൻ ബലികഴിക്കാൻ ഒരുക്കമുള്ള സന്നദ്ധസാമൂഹ്യപ്രവത്തകർ സംഘങ്ങളായി ചേർന്നു് ക്രമപ്രവൃദ്ധമായി വളർന്നു പ്രവത്തിച്ചു് ഇൻഡ്യയെ സമുദ്ധരിച്ചു് ലോകാരാധ്യമാക്കണം. ലോകസമുദ്ധാരകന്മാരായ മഹൽവ്യക്തികൾ മൺമറഞ്ഞു എന്നോർത്തു് വ്യസനിക്കുകയോ, ഇനി ഒരാൾ ഉണ്ടാകും എന്നു വിചാരിച്ചു്, ഉദാസീനരായിരിക്കുകയോ ചെയ്യുന്നതു് നമ്മുടെ പാരമ്പര്യത്തിനു ഒട്ടും യോജിച്ചതല്ല. സാമൂഹ്യബോധം പുലരുന്നതിനു് സഹായിക്കുന്നതു് സാധാരണ ചെറിയ കൂട്ടായ്മകളും സ്ഥാപനങ്ങളും ആണു്. അതുകൊണ്ടു് സാമൂഹ്യക്ലബ്ബുകൾ, സ്കൂളുകൾ മററു് സാമുദായിക സ്ഥാപനങ്ങൾ മുതലായവ അഭിവൃദ്ധിപ്പെടുത്തേണ്ടിയിരിക്കുന്നു. ആധുനികസമുദായത്തിൽ വ്യക്തിപരമായി പ്രവത്തിക്കുന്നതിനു സൗകര്യം ലഭിക്കു

DISTRIBUTING LIBRARY KOTTAYAM No. ...... ......

ന്നില്ലെന്നുള്ളതാണ് വ്യക്തിപരമായ സേവനത്തേക്കാൾ സേവനാസംഘടനകൾക്കുള്ള പ്രാധാന്യ കൂടുതൽ. അതുകൊണ്ട് അത്തരം സംഘടനകൾ വർദ്ധിപ്പിക്കുകയും അവയുടെ പ്രവർത്തനത്തിൽ പൊതുസഹകരണം നൾകുകയും ചെയ്യേണ്ടതാണ്. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ മുദ്രാവാക്യങ്ങൾ ബഹുമാന്യമായി കരുതുന്നവർ സേവനം എന്ന മുദ്രാവാക്യവും സ്വീകരിക്കണം. അത് എല്ലാവരും അനുഷ്ഠിക്കേണ്ട ഒരു അത്യന്താപേക്ഷിത കൃത്യമായി പരിഗണിക്കേണ്ടതാണ്, യുവജനസംഘടനകളുടെ ശക്തിയും ശ്രദ്ധയും ഇക്കാര്യത്തിൽ പതിയേണ്ടതാണ്. 'യൗവ്വനകാലത്തു സ്ഥാപിതതാല്പര്യങ്ങളും ഉദർശനങ്ങളും വളരെ കുറവായും, ആദർശങ്ങളും, അവയുടെ വീക്ഷണം കൂടുതലായും ഉള്ള കാലഘട്ടമാണെന്നാണ് ഒരു മഹാൻ പറഞ്ഞിരിക്കുന്നതു്.

ഒരു സാമൂഹ്യസേവനവിഷയമായി സംഘത്തിന് എത്രയും കുറഞ്ഞ വരിപാടിയെങ്കിലും സ്വീകരിക്കാവുന്നതാണ്. ആദ്യനടപടിയായി, സാമൂഹ്യമായ അറിവുകൾ പൊതുജനങ്ങൾക്ക് പ്രസംഗങ്ങൾ വഴിയായും മററും പ്രദാനം ചെയ്യുകയാണ്. സാമൂഹ്യവിഷയങ്ങൾ നാം വിജയപൂർവ്വം കൈകാര്യം ചെയ്യുന്നതിൽ ഇന്നു വലിയ സാംഗത്യവും സ്ഥാനവും ഉണ്ട്. കാരണം സാമൂഹ്യവയൽ വിശാലവും, പ്രവർത്തകർ ചുരുക്കവുമാണ്. സാമൂഹ്യസേവനത്തിന്റെ പ്രഥമപടിപോലും അത്യാവശ്യമായ ജനങ്ങളാണ് നമ്മുടെ ചുററുമുള്ളത് എന്നതു് ഉദാഹരണസഹിതം കാണാവുന്നതാണ്. ആരോഗ്യനിയമങ്ങളനുഷ്ഠിച്ചാൽ സുഖക്കേടുകൾ സ്വയമേവ നീങ്ങിപ്പോകും. എന്നാൽ മിക്ക ആളുകൾക്കും ആരോഗ്യശാസ്ത്രത്തിൽ വലിയ പരിജ്ഞാനം കാണുകയില്ല. വലിയ പട്ടണ

ങ്ങളിൽപോലും അക്ഷരാഭ്യാസമില്ലാത്തവരും ശുചിത്വമില്ലാത്തവരും ധാരാളം കാണുന്നു. ഇപ്രകാരമുള്ള ദയനീയ ജീവിതരീതി എത്ര ശോചനീയം? അതുകൊണ്ട് മനുഷ്യരുടെ അജ്ഞതയെ ദൂരീകരിക്കുന്നതിനു ഉതകുന്ന പ്രഭാഷണങ്ങളും ഫിലിംപ്രദർശനവും ഒക്കെ നടത്തുന്നതു് വളരെ പ്രയോജനകരമാണു്. ഇങ്ങനെ ക്രമമായി ഓരോ പരിപാടികൾ നടപ്പിൽ വരുത്തുന്നതിനു് ഓരോ കമ്മററികൾ രൂപീകരിക്കുകയും, വലിയ പ്രവർത്തനങ്ങൾ കൂട്ടമായി നടത്തത്തക്കവണ്ണം ആളുകൾ സംഘടിച്ചു സഹകരിക്കുന്നതിനും വേണ്ട ഏർപ്പാടുകൾ ചെയ്കയും ചെയ്യണം. കൂടാതെ മാതൃകാപരമായി ഒരു ഗ്രാമമെങ്കിലും തിരഞ്ഞെടുത്തു് പ്രവർത്തനങ്ങളുടെ ഒരു കേന്ദ്രം പ്രദർശനത്തിനും, പ്രചരണത്തിനുമായി ഉണ്ടാകുന്നതു് അഭിനന്ദനീയമാണു്. വികസിതകുസുമം ചേതോഹരമായിരിക്കുന്നതുപോലെ സാമൂഹ്യസേവനപ്രവർത്തനങ്ങളുടെ വികസനത്തിലാണു് നാട്ടു് ശോഭയും, സൗന്ദര്യം സൗരഭ്യവും പ്രസരിപ്പിക്കുന്നതു്. ഇന്നത്തെ ലോകത്തിലെ സങ്കീർണ്ണങ്ങളായ പ്രശ്നങ്ങളിൽ നമുക്കുള്ള ഉത്തരവാദിത്വവും, നമ്മെ ആകർഷിക്കുന്ന സുവർണ്ണാവസരങ്ങളും നാം നല്ലവണ്ണം അറിയണം. കാരണം സേവനത്തിൻെറ വയൽ വിസ്താരമേറിയതാണല്ലോ? അതിലേക്കു് കൊയ്ത്തുകാരെ കാത്തുനിൽക്കുകയാണു് ലോകം. നിങ്ങൾ ആ ജോലി ഭരമേൽക്കുമോ? വിതച്ചവർ ഒരു കൂട്ടർ, കൊയ്യുന്നവർ മറെറാരുകൂട്ടർ. കൊയ്ത്തിനു് നീങ്ങൾക്കു വരാൻ സമ്മതമില്ലേ? എന്നു ഓരോ സംഘടനകളോടും ചോദിക്കുന്നു. ഈ വിളിയെ ആരും നേരിടാതെ പുറകോട്ടു് മാറുവാൻ തുനിയുമെങ്കിൽ എത്ര ദയനീയമാണു്. വിതയ്ക്കാത്തവർക്കും കൊയ്ത്തിനു കൂടാം. ''വെച്ച വിഷം'' താൻ തന്നെ എടുക്കണമെ-

ണോ? എന്നാൽ കൊയ്ത്തിന് ആയുധങ്ങളുള്ളവരാരായിരുന്നാലും അവർ അതിനർഹരാണ്. പാപം വിതയ്ക്കുന്നതു് പിശാച്: അതിൽനിന്ന് മനുഷ്യരെ രക്ഷിച്ചതു് ദൈവം. ഇന്ന് ലോകത്തിലുള്ള സ്ത്രീപുരുഷന്മാരിൽ 2/3 ഭാഗം കഷ്ടതയിലും, പട്ടിണിയിലും, സുഖക്കേടിലും, ദാരിദ്ര്യത്തിലും, അജ്ഞാനത്തിലും, അപമൃത്യുവിനടിമപ്പെട്ടും കഴിഞ്ഞുകൂടുകയാണെന്ന് നാം മനസ്സിലാക്കണം. ഈ സ്ഥിതി വളർത്തുന്നതാണോ ദൈവത്തിന്റെ ഉദ്ദേശം? ഈ ശോചനീയ നിലകണ്ടുകൊണ്ടിരിക്കുന്നതു് മനുഷ്യനുചിതമോ? കമ്മ്യൂണിസം വളർത്തുന്നതിന് ഈ പരിതസ്ഥിതി സഹായിക്കയില്ലേ? കമ്മ്യൂണിററി സെൻററുകൾ, സാമൂഹ്യ വിദ്യാഭ്യാസകേന്ദ്രങ്ങൾ, കായികപരിശീലനകേന്ദ്രങ്ങൾ, രോഗാതുരാലയങ്ങൾമുതലായവ സ്ഥാപിച്ചുനടത്തുന്നതുകൊണ്ടു് ഈ സ്ഥിതി വ്യത്യാസപ്പെടുത്തി ഇപ്രകാരമുള്ള മനുഷ്യരെ രക്ഷിക്കുവാൻ നമുക്കു സാധിക്കും. ഒരു സുഖിമാൻ മററു് രണ്ടു് പേർക്കു് വേണ്ടിയും സേവനമനുഷ്ഠിച്ചാൽ സാമൂഹ്യസേവനം പൊതുവായി വേണ്ടിവരികയില്ല.

ഓരോ പ്രത്യേക സാമൂഹ്യദുഷ്യങ്ങളെ ഇല്ലായ്മ ചെയ്യാൻ വേണ്ടി ചില വ്യക്തികൾ ആദ്യം സ്വമനസ്സാലെ ചെയ്യുന്ന സൽപ്രവത്തനങ്ങൾ, ക്രമേണ സംഘടനകൾ ഏറെറടുത്തു് നടത്തുന്ന സാമൂഹ്യക്ഷേമപ്രവത്തനങ്ങളായി വികസിപ്പിക്കാവുന്നതാണ്. സാമൂഹ്യക്ഷേമപ്രവത്തനങ്ങളിലുള്ള അപൂർണ്ണത നികത്തുകയാണ് സന്നദ്ധസേവക സംഘടനകളുടെ ധർമ്മം.

# അദ്ധ്യായം പതിനഞ്ച്

## ഗ്രാമംതോറും ഗ്രന്ഥശാലകൾ

"വായന മനുഷ്യനെ പൂർണ്ണനാക്കുന്നു. സമ്മേളനം കർമ്മോത്സുകനാക്കുന്നു. ചരിത്രം മനുഷ്യനെ പ്രബുദ്ധനാക്കുന്നു, കവികൾ മനുഷ്യനെ ചിന്താശീലനാക്കുന്നു."

—ബേക്കൺ.

പുരാതനകാലംമുതൽ—ഇൻഡ്യാ ഋഷി പ്രോക്തങ്ങളായ വേദപുരാണേതിഹാസങ്ങളുടെ ആഗമനംമുതൽ—ഗ്രന്ഥ ജ്ഞാനം നുകരുന്നവരായും, സാഹിത്യാദികലകളിൽ അഭിരുചിയുള്ളവരായും ലോകം അറിഞ്ഞുകഴിഞ്ഞു. ഇന്നു് വായനശാലകൾ ഗ്രാമംതോറും സ്ഥാപിച്ചു് വിജയപൂർവ്വം മുന്നോട്ടു പോകുന്നതു് യുവാക്കന്മാരുടെ ജിജ്ഞാസാദി വികാരത്തള്ളൽ മൂലമായിട്ടാണു് അറിയപ്പെടുന്നതു്, ഏതായാലും പഴയ പാരമ്പര്യം കാത്തുപോരുന്നതിനും. നമ്മുടെ ശ്രേഷ്ഠജ്ഞാനദീപം കെടാതെ സൂക്ഷിക്കുന്നതിനും ഉള്ള കടമ ബാലികാബാലന്മാർ തുടങ്ങി വൃദ്ധന്മാർവരെയുള്ളവർക്കുണ്ടു്.

ഗ്രന്ഥശാലകൾ സ്ഥാപിക്കുന്നതു് ഏതാണ്ടു് ഒരു ഗ്രാമത്തെ പ്രതിനിധീകരിച്ചും, അതിലെ ജനങ്ങൾക്കു് എത്രയും പ്രയോജനപ്പെടത്തക്ക സൗകര്യമുള്ള സ്ഥാനത്തും, നല്ല കെട്ടിടങ്ങളിലും ആയിരിക്കേണ്ടതാണു്. പ്രാരംഭമായി തുടങ്ങുന്ന ഗ്രന്ഥശാലകൾ പുസ്തകശേഖരണം സംഭാവനകൾ പോലെ വാങ്ങുന്നതു് പല പഴയ അമൂല്യഗ്രന്ഥങ്ങൾ സൂക്ഷിക്കുന്നതിനും, വെളിച്ചം കിട്ടാത്ത പല ഭാഷാസമ്പത്തുകളും ലോകപ്രകാരം കാണുന്നതിനും സഹായിക്കുന്നതാണു്. ഒരു പുസ്തകദാനയജ്ഞം തന്നെ നടത്തുന്നതു് തികച്ചും പ്രയോജനകരമായിരിക്കും. ഗ്രന്ഥങ്ങൾ പ്രായേണ മാനസികമായും ബു

ദ്ധിപരമായുമുള്ള അറിവ് വദ്ധിപ്പിക്കുവാൻ ഉതകുന്ന വയായിരിക്കണം. യുവജനങ്ങളെ നേർവഴിക്കു തിരിക്കത്തക്ക ഉത്തമ ഗ്രന്ഥങ്ങൾ ശേഖരിച്ച് സമുദായാംഗങ്ങൾക്ക് പൊതുവക ഗ്രന്ഥശാലയിൽ നിന്നു് വിതരണം ചെയ്താൽ അതു് ഏററവും പ്രയോജനകരമായിരിക്കും. പുസ്തകങ്ങൾ വിവിധ വിഷയങ്ങളായ യാത്രാവിവരണം, രാഷ്ട്രീയം. ചരിത്രം, ശാസ്ത്രം, ആവശ്യ വിജ്ഞാനീയം, പദ്യങ്ങൾ, ചെറുകഥകൾ, മതപരമായതു്, ഉപന്യാസങ്ങൾ, ബാലസാഹിത്യം. നോവലുകൾ, ജീവചരിത്രങ്ങൾ, ആരോഗ്യരക്ഷ, നാടകങ്ങൾ മുതലായവയിൽ പെട്ടവയായിരിക്കണം.

ഗ്രന്ഥശാലവക പുസ്തകങ്ങൾ എല്ലാദിവസവും കൃത്യസമയത്ത് വിതരണം ചെയ്യുക, അംഗങ്ങളല്ലാത്തവക്ക് വായനശാലയിൽ ഇരുന്നു് സൗജന്യമായി വായിക്കുവാൻ സൗകര്യം കൊടുക്കുക. ഒരാൾ ഒരു പ്രാവശ്യം പുസ്തകം കൈയിൽ വച്ചുകൊണ്ടിരിക്കുന്ന പരമാവധി ദിവസം ക്ലിപ്തപ്പെടുത്തുന്നതു്, വായനശാലയ്ക്കു് സ്ഥിരമായി ഒരു ലൈബ്രേറിയൻ ഉണ്ടായിരിക്കുന്നതു് ഇവ വായനയെ പ്രോത്സാഹിപ്പിക്കുന്നതും, ക്രമപ്രവൃദ്ധമായ ഗ്രന്ഥശാലയുടെ വളർച്ചയ്ക്കു് എത്രയും നല്ലതുമാണു്. വായനക്കാരുടെ താല്പര്യം, പുസ്തകങ്ങളുടെ കുറവു് സംശയം പരിഹരിക്കാനും, വായനശാലയെ പ്രോത്സാഹിക്കാനും ഏററവും ഉതകുന്നതാണെന്നു് ഓരോ ലൈബ്രറിപ്രവത്തകരും, ചിന്തിക്കേണ്ടതാകുന്നു. ഗ്രന്ഥശാലകളുടെ സ്ഥിരപ്രവത്തനത്തിനായി കരുതൽ ധനം കരുതുന്നതു് വളരെ പ്രയോജനകരമാണെന്നു് അനുഭവത്തിൽ കണ്ടുവരുന്നുണ്ടു്. ഗ്രന്ഥശാലയ്ക്കു് ആവശ്യമുള്ള റിക്കാർഡുകൾ സൂക്ഷിക്കുന്നതു് നമ്മുടെ സാഹിത്യപരിശ്രമങ്ങളുടെ ഒരു കണക്കായി സങ്കല്പിക്കാമെന്നതും അതു് വായനശാലയുടെ ചരിത്രമാണെന്നുള്ളതും പ്ര-

ത്യേകം പ്രസ്താവ്യമാണ്. ഗ്രന്ഥശേഖരണത്തിൽ എല്ലാ മത പ്രസിദ്ധീകരണങ്ങളും, എല്ലാത്തരം പുസ്തകങ്ങളും പരിഗണന നൽകുന്നതുകൂടാതെ ഒരുമനുഷ്യൻ അത്യാവശ്യം വായിച്ചിരിക്കേണ്ട ഏതാനും പുസ്തകങ്ങൾകൂടി ഉൾക്കൊള്ളിക്കേണ്ടതും പ്രസിദ്ധ മഹാന്മാരുടെ പ്രധാന ഗ്രന്ഥങ്ങളും, റഫറൻസ് പുസ്തകങ്ങളും ഉണ്ടായിരിക്കേണ്ടതും ആവശ്യമാണ്. ഓരോ പ്രസിദ്ധീകരണക്കാരും, ഗ്രന്ഥകാരന്മാരും അവരുടെ പ്രസിദ്ധീകരണങ്ങൾ ഒരു ഗ്രന്ഥശാലയിലെങ്കിലും സൂക്ഷിക്കുവാൻ ശ്രമിക്കുന്നതു് അഭിലഷണീയമാണ്.

ഗ്രന്ഥശാലാപ്രവർത്തനത്തിൽ കാണുന്ന കുറവുകൾ കണ്ടുപിടിച്ചു് അവ ശരിപ്പെടുത്തുവാൻ തക്കവണ്ണം, അതിന്റെ ഭരണക്രമമനുസരിച്ചു് കമ്മററിയോഗങ്ങൾ പൊതുയോഗങ്ങൾ, വാർഷികയോഗങ്ങൾ മുതലായവ നടത്തുന്നതു് വളരെ പ്രാധാന്യമർഹിക്കുന്നു. ഇന്നു് നമ്മുടെ ജനകീയ ഗവർമെൻറു് വിജ്ഞാനപരമായും വളരെ പരിശ്രമിക്കുന്നുവെന്നുള്ളതു് പ്രോത്സാഹനാർഹമാണ്. ഓരോ ഡിപ്പാർട്ടുമെൻറുവകയും, യൂണിവേഴ്സിററിവകയും ഗവർമെൻറു് പ്രസ്സ്‌വകയും, പബ്ളിക്ക് റിലേഷ്യൻസ്‌വകയും പ്രസിദ്ധീകരണങ്ങളും, ഗസററുകൾ, കേന്ദ്രഗവർമെൻറുവക പുസ്തകങ്ങളും മററും നിയമബില്ലുകൾ (Acts) എന്നിവ പൊതുജന ശ്രദ്ധയ്ക്കു് വിഷയീഭവിക്കുന്നതു് വളരെ കുറവാണ്. ഇവ ഈ ഗ്രന്ഥശാലകൾ വഴിയായി വിററഴിക്കുന്നതിനു് ശ്രമിക്കുന്നതു് ഉത്തമമാണ്. ഗ്രന്ഥശാലാമാർഗ്ഗം വയോജന വിദ്യാഭ്യാസം, സാമൂഹ്യവിദ്യാഭ്യാസം ഇവ അഭിവൃദ്ധിപ്പെടുത്തുന്നതോടൊപ്പം ബാലികാബാലന്മാർക്കുള്ള സാഹിത്യപ്രവർത്തനങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതുമാണ്. ഗ്രാമങ്ങളിലെ ജനങ്ങളെ പ്രത്യേകിച്ചു് അക്ഷരാഭ്യാസം പോലുമില്ലാത്ത ഭൂരിപക്ഷത്തെ ഏങ്ങിനെ ഈ

പ്രസ്ഥാനം രക്ഷിക്കുമെന്നു് ചിന്തിക്കേണ്ടിയിരിക്കുന്നു. ദഹനശക്തിയില്ലാത്തവർക്കു് ഗുരുപദാർത്ഥങ്ങൾ കൊടുക്കാതെ ലഘുപ്പെടുത്തി കൊടുത്തു് ദഹനശക്തി വീണ്ടെടുക്കുന്നതുപോലെ ഗ്രന്ഥങ്ങൾ വായിച്ചുകൊടുത്തും, പദ്യങ്ങൾ പാടി വ്യാഖ്യാനിച്ചുകൊടുത്തും പ്രവർത്തിക്കുന്നതു് ഗ്രന്ഥശാലകളിൽ പ്രയോഗിച്ചു് നോക്കുന്നതു് ഫലപ്രദമായിത്തീരുന്നതാണു്. ഗ്രന്ഥശാലാധികൃതരുടെ പരിശ്രമം ഈ വഴിക്കു് തിരിക്കുമെങ്കിൽ അതു് ഒരു വലിയ നേട്ടമായിരിക്കും.

മിക്കസ്ഥലങ്ങളിലും ആരംഭശൂരശീലരായ കേരളീയർ ഗ്രന്ഥശാലതുടങ്ങുന്നതായും പ്രായേണ അതു് പ്രവർത്തനമില്ലാതെ നിന്നുപോകുന്നതായും അറിയുന്നു. അതിൻെറ അതിപ്രധാനകാര്യങ്ങൾ വരുമാനമാർഗ്ഗങ്ങളുടെ പരിമിതിയും. പ്രവർത്തകരുടെ ഏതൽ കാര്യങ്ങളിലുള്ള അജ്ഞതയും പരിശ്രമക്കുറവും, ആണു്. വിവിധ രീതികളിൽ പരിശ്രമിച്ചു് വേണ്ട വരുമാനം കൈവരുത്തേണ്ടതു് ആവശ്യമാണു്. അതു സംബന്ധിച്ച ചില പ്രായോഗികനിർദ്ദേശങ്ങൾ പ്രസ്താവിക്കാം. ഗവർമെൻറു് സഹായധനം കിട്ടുന്നതു കൂടാതെ വരിസംഖ്യ വഴിയായി പണം ലഭിക്കുന്നതാണല്ലോ. ഇതോടുകൂടി മററു ചില അവാന്തരപരിപാടികളും അപ്പഴപ്പോൾ വച്ചു് വരുമാനം വദ്ധിപ്പിക്കാവുന്നതാണു്. അവ കൗതുകവില്പന, കഥാപ്രസംഗങ്ങൾ, നാടകം. സർക്കസു് മുതലായ വിനോദപരിപാടികൾ, ഭാഗ്യക്കുറി മുതലായവകളാണു്. വരിസംഖ്യപോലും കിട്ടാൻ പ്രയാസമുള്ളതായി വന്നാൽ ഒരു മത്സരം എന്നപോലെ 10 കൊല്ലം തുടർച്ചയായി വീഴ്ചകൂടാതെ വരിസംഖ്യ നൽകുന്നവർക്കു് ഒരു പ്രത്യേക പരിഗണനയായി ഒരു ഒരു സമ്മാനം നൽകുന്നതു് പ്രോത്സാഹനജനകമായിരിക്കും. അംഗത്വം, സാധാരണ സഹകാരിത്വം, ആ

യുഷ്ക്കാലികം, മുതലായവയായി വദ്ധിപ്പിക്കുന്നതു് ആളുകളുടെ അംഗതസംഖ്യയെ വദ്ധിപ്പിക്കുകയായിരിക്കും. മതപരിഷത്തോ, സുവിശേഷപ്രസംഗങ്ങളോ നടത്തി കാണിക്കശേഖരം ഏർപ്പെടുത്തുക; സാഹിത്യമത്സരം; ഭൂദാനയജ്ഞപ്രസ്ഥാനം, സർവ്വോദയവിദ്യാർത്ഥികാമ്പുകൾ മുതലായവ സംഘടിപ്പിച്ചു പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നതു് ഫലപ്രദമായ ഒരു മാർഗ്ഗമാണു്. സ്വാതന്ത്ര്യദിനത്തിൽ സാധുക്കൾക്കു അന്നദാനം. ക്രിസ്തുമസ്സ് കാർണിവൽ മുതലായവകളു് ഉല്ലാസപ്പിരിവു് നടത്തിയാൽ അതിൽ നിന്നും കുറെ പണം മിച്ചപ്പെട്ടതാവുന്നതാകയാലും അതു ഒരു അഭികാമ്യപരിപാടിയാകയാലും സ്വീകാര്യമാണു്. കൂടാതെ സർക്കാർ വക പുറമ്പോക്കു സ്ഥലങ്ങൾ പതിപ്പിച്ചു് കൃഷി നടത്തുക; കായികപരിശീലനമത്സരക്കളികളേർപ്പെടുത്തുക; മുതലായവവഴി നല്ല ആദായം സംഭരിക്കാവുന്നതാണു്.

പൊതുജനങ്ങളുടെ സഹകരണം അനുസരിച്ചും, അതാതു ദേശകാലാവസ്ഥയനുസരിച്ചും, പ്രവത്തകരുടെ ഔൽസുക്യം അനുസരിച്ചും മാത്രമേ ഇവ വിജയകരമായിത്തീരുകയുള്ളൂ. ഒരു സേവനവാരം ആഘോഷിച്ചു് പ്രാദേശികമായ ചില സാമൂഹ്യസേവനകൃത്യങ്ങൾ പൊതുജനസഹായത്തോടുകൂടി ആരംഭിക്കുകയും, യുവജനസംഘാനാവാരമോ, തൊഴിൽവാരമോ ഒക്കെനടത്തുകയും, കൂടുതൽ അംഗങ്ങളെ ചേക്കുന്നവക്കു് സമ്മാനം നൽകുകയും ചെയ്യുന്നതു് വിജയകരമായ പദ്ധതികളാണു്. മറെറാന്നു് ഒരു ഗ്രന്ഥശാലാവാരം ആഘോഷിക്കുക എന്നതാണു്. അതിൻെറ പരിപാടിയായി പഴയ ഉപയോഗിച്ച പുസ്തകങ്ങൾ സംഭാവനയായി സ്വീകരിക്കുകയാണു് വേണ്ടതു്. പൊതുജനങ്ങളോടു

പ്പം പ്രസ്സും, പുസ്തകഡിപ്പോകളും, ഗ്രന്ഥകാരന്മാരും, മററു സാഹിത്യകാരന്മാരും സഹകരിക്കേണ്ടതാണ്. സാധാരണ ആളുകരം പുസ്തകങ്ങരം വാങ്ങി ഉപയോഗം കഴിയുമ്പോരം ചിതലിനും പുഴുവിനും ഇരയാക്കാതെ, ഈ ശേഖരണംകൊണ്ട് അതു മററുള്ളവർക്കുകൂടി പ്രയോജനകരമാക്കുകയാണ് ചെയ്യുന്നതു്. നിന്നുപോയ ഗ്രന്ഥശാലകരം അടുത്തുള്ള വായനശാലകളോട് സംഘടിപ്പിക്കുകയോ ലയിപ്പിക്കുകയോ ചെയ്യേണ്ടതാണ്. പ്രസ്തുത കാര്യത്തിൽ പത്രംവഴി ഗ്രന്ഥശാലാപ്രസ്ഥാനത്തിനു വേണ്ട പ്രോത്സാഹനമാർഗ്ഗങ്ങരം പൊതുജനങ്ങളെ അറിയിക്കുന്നതു് ആവശ്യമാണ്. ഇതര രാജ്യങ്ങളിൽ ധനികന്മാർ അവരുടെ മരണപത്രികകളിൽ സാമൂഹ്യസ്ഥാപനങ്ങരംക്കും ധർമ്മസ്ഥാപനങ്ങരംക്കും പണം കൊള്ളിക്കുന്നു. ഇവിടെ ആ പതിവു് സ്വീകരിക്കുന്നെങ്കിൽ അതു് ഗ്രന്ഥശാലക്കാണെങ്കിൽ ജ്ഞാനവർദ്ധനയെ സഹായിക്കുമല്ലോ. കഴിയുന്നതും ഗ്രന്ഥശാലാ അഭ്യുദയകാംക്ഷികളുടെ സംഭാവനകളായി പുസ്തകങ്ങരം, പത്രങ്ങരം, മാസികകരം മുതലായവ വരുത്തിക്കൊടുക്കുന്നതു് എത്രയും പുരോഗമനപരവും ഉത്തേജജനകവുമാണ്.

ഇപ്പോരം പൊതുവകയായുള്ള ലൈബ്രറികളെ മാത്രമാണ് ഗവർമെൻറു് പ്രോത്സാഹിപ്പിക്കുന്നതു്. ഗവർമെൻറുവക പ്രസിദ്ധീകരണങ്ങളും വാർത്തകളും, മാസികകളും, ആക്ടുകളും മററും പ്രദർശിപ്പിക്കുവാൻ ഗവർമെൻറു് ഓരോ ഡിസ്ട്രിക്ടിൽ ഗവർമെൻറുവക ലൈബ്രറി നടത്തുന്നതു് ജനാധിപത്യഗവർമെൻറിന് ഭൂഷണമാണ്. പ്രസ്തുത ഗ്രന്ഥശേഖരണത്തിൽ ഉദ്യോഗസ്ഥന്മാർക്കു് പ്രയോജനമുള്ളതും പഠിക്കുന്നതിനുതകുന്നതുമായ റഫറൻസു് പുസ്തകങ്ങളും, മാസികകളും ഉണ്ടായിരിക്കുന്നതു് ഒരു തരത്തിൽ ഒരു നല്ല രാജ്യസേ

വനമാണല്ലോ. ഗ്രന്ഥശാലാപ്രസ്ഥാനം ഒരു സാമൂഹ്യ സ്ഥാപനമാകയാൽ അതിന്റെ വളർച്ചയിൽ നമുക്ക് വേണ്ട സാമൂഹ്യസംസ്ക്കാരശാസ്ത്രാദികളുടെ ജ്ഞാനം സാദ്ധ്യവും ആണല്ലോ.

## അദ്ധ്യായം പതിനാറ്

### സാമൂഹ്യവികസന പദ്ധതികൾ

''വിളക്ക് നല്ല ഗ്രഹണത്തേയും, തുറന്ന പുസ്തകം വിജ്ഞാനത്തേയും, നെല്ലിൻകതിർ അഭിവൃദ്ധിയേയും സൂചിപ്പിക്കുന്നു.''

ഇന്നു തൊഴിലാളികളും മുതലാളികളും നിറഞ്ഞ ലോകത്തിൽ സോഷ്യലിസം പടന്ന് വ്യാപിച്ചിരിക്കുകയാണല്ലോ ജനങ്ങൾ കഠിനമായി അദ്ധ്വാനിക്കാതെ ജീവിതം ശോഭനമായിത്തീരുകയില്ല എന്ന തത്വം വിസ്മരിക്കാൻ പാടില്ല. കൃഷിയാണ് ഇൻഡ്യയുടെ ജീവൻ. ആര്യന്മാർ തുടങ്ങി കൃഷിയും കന്നുകാലി വളർത്തലും ഭാരതത്തിന്റെ അഭിമാന ജോലികളാണ്.

ദേശീയവികസനപരിപാടികളുടെ അടിസ്ഥാന തത്വങ്ങളിവകളാണ്.

1. ഗ്രാമീണജീവിതത്തിന്റെ എല്ലാ വശങ്ങളുടെയും അഭിവൃദ്ധിയും വിവിധ വികസനപദ്ധതികളും പൊതുവെ പരസ്പരബന്ധവും സമഗ്രവുമായിരിക്കണം.

2. അഭിവൃദ്ധിക്കുള്ള ഉത്തേജനം ജനമദ്ധ്യത്തിൽ നിന്നുണ്ടാകണം. ഉൾനാടുകളിൽ നിർമ്മാണമായി കിട

ക്കുന്ന വമ്പിച്ച കർമ്മശക്തിയെ ഉപയോഗപ്പെടുത്തുക യാണു് വേണ്ടതു്. ഓരോ കുടുംബവും അതിന്റെ വികസനത്തിനു പുറമെ സമൂഹത്തിന്റെ വികസനപരിപാടികൾക്കുവേണ്ടി പ്രവർത്തിക്കാൻ സമയവും സൗകര്യവും കണ്ടുപിടിക്കണം.

3. ഗ്രാമീണജീവിതപ്രശ്നങ്ങളുടെ പരിഹാരത്തിനുവേണ്ടി സഹകരണതത്വം അതിന്റെ വിവിധരീതിയിൽ പ്രയോഗിക്കുക. ഇപ്രകാരം ഗ്രാമോദ്ധാരണം ചെയ്യും ജനങ്ങളുടെ മനം മാററാൻ കൃഷി, മൃഗസംരക്ഷണം, മീൻപിടുത്തം തുടങ്ങിയവ ശാസ്ത്രീയമായി ചെയ്യും കുടിൽവ്യവസായങ്ങളും ഉപവ്യവസായങ്ങളും സ്ഥാപിച്ചും ഉൽപ്പാദനം വർദ്ധിപ്പിക്കുകയും, സ്വാശ്രയത്വവും സഹകരണമനോഭാവവും അങ്ങേയററം സ്വീകരിക്കുകയും ഗ്രാമീണരുടെ വിശ്രമസമയം സമൂഹത്തിന്റെ പൊതുനന്മയ്ക്കായി വിനിയോഗിക്കുകയും ചെയ്യണം.

സാമൂഹ്യവികസനപദ്ധതിയിൽ കൃഷിവിഭാഗം കൊണ്ടു് ഉദ്ദേശിക്കുന്നതു് സ്വയം പര്യാപ്തത, കൂടുതൽ ഉല്പാദനം മുതലായവകളാണു്. നമ്മുടെ കൃഷികൾ കൂട്ടകൃഷി സമ്പ്രദായത്തിൽ നടത്തുന്നതായാൽ കൂടുതൽ പ്രയോജനകരവും, ശ്രമക്കുറവും ആയിരിക്കും. കൃഷി വർദ്ധിപ്പിക്കുകയാണു് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഉൾപ്രദേശങ്ങളിലെ ജോലിയില്ലായ്മയ്ക്കുള്ള പരിഹാരം കാണുക, ഗതാഗതമാർഗ്ഗങ്ങൾ ശരിപ്പെടുത്തുക, പ്രാഥമികവിദ്യാഭ്യാസം പ്രചരിപ്പിക്കുക, പൊതുജനാരോഗ്യം, ഗ്രാമീണവിനോദം ഇവയിൽ നാട്ടുകാർക്കു് വേണ്ട സഹായം നൽകുക മുതലായവയും പദ്ധതിയുടെ പരിപാടിയിൽ പെട്ടവയാണു്.

ഇൻഡ്യയെ സംബന്ധിച്ചിടത്തോളം ശാസ്ത്രീയകൃഷി സമ്പ്രദായങ്ങളും വർദ്ധിച്ച ഭക്ഷ്യോല്പാദനങ്ങളും

ഇന്നത്തെ ഏററവും അത്യാവശ്യമായ സംഗതികളാണ്. കൃഷി കൂടാതെ മൃഗസംരക്ഷണം, ജലസേചനമാർഗ്ഗങ്ങൾ, പതുപ്പനിലങ്ങൾ പൊക്കിയെടുക്കുക (Reclamation of lover lands) റോഡുകളുടെ നിർമ്മാണം, കൈത്തൊഴിൽ വികസനം മുതലായ കാര്യത്തിലും നാം പുരോഗമിക്കേണ്ടിയിരിക്കുന്നു. നാട്ടിൻപുറങ്ങളെ ഉയർത്തുന്നതിന് ഗ്രാമോദ്ധാരണകേന്ദ്രങ്ങൾ സ്ഥാപിച്ച് ഭൂമിയില്ലാത്തവർക്ക് ഭൂമി ദാനം ചെയ്യുകയും, ഭവനരഹിതരായവർക്ക് ഭവനനിർമ്മാണപദ്ധതികൾ ഏർപ്പെടുത്തുകയും ചെയ്യേണ്ടതു് നമ്മുടെ ക്ഷേമരാഷ്ട്രത്തിന്റെ ലക്ഷ്യങ്ങളാണ്. വനസംരക്ഷണം മൃഗചികിൽസ, മീൻപിടുത്തം, ലഘു നിക്ഷേപപദ്ധതി, കാർഷികസഹകരണബാങ്ക് മുതലായവയിലും നമ്മുടെ രാജ്യം ഇനിയും വികസിച്ചിട്ടില്ല. ആരോഗ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം മുതലായവയുടെ പഠനം നമ്മുടെ ലക്ഷ്യത്തിന് സഹായകമായിരിക്കും. നെയ്ത്ത് ഇൻഡ്യയ്ക്ക് പ്രത്യേകമാണ്. കൈത്തറി നെയ്ത്ത് പ്രോത്സാഹിപ്പിക്കേണ്ടതു് ഇൻഡ്യയുടെ പൊതുക്ഷണത്തിന് അത്യാവശ്യമാണ്. നമ്മുടെ രാജ്യത്തിന്റെ സാമൂഹ്യപുനരുദ്ധാരണ സംവിധാനത്തിൽ നാം എല്ലാവരും ഒരുപോലെ സഹകരിക്കുമെങ്കിൽ മഹാത്മാഗാന്ധി വിഭാവനം ചെയ്ത 'സർവ്വോദയം' നമുക്ക് സംസിദ്ധമാകും.

# അദ്ധ്യായം പതിനേഴ്

## സാമൂഹ്യവിദ്യാഭ്യാസ സേവനങ്ങൾ

ജനാധിപത്യഭരണം ഒരു രഥമെങ്കിൽ,
തെരഞ്ഞെടുപ്പും, സാമൂഹ്യവിദ്യാഭ്യാസവും
അതിൻെറ രണ്ടു ചക്രങ്ങളാണ്.

—മഹാത്മാഗാന്ധി.

''സാമൂഹ്യവിദ്യാഭ്യാസം പൂർണ്ണമനുഷ്യർക്കുള്ള വിദ്യാഭ്യാസമാകുന്നു.''

മുൻകാലങ്ങളിൽ മതങ്ങളും പുരോഹിതവരേണ്യരും കൈയടക്കിയിരുന്ന സാമൂഹ്യവിദ്യാഭ്യാസപ്രവർത്തനങ്ങൾ ഇതര സംഘടനകളും രാഷ്ട്രീയപാർട്ടികളും കൈയേററ് ഇന്ന് ഒരു സാമൂഹ്യയുഗമാക്കിത്തീർത്തിരിക്കുകയാണ്. നമ്മുടെ രാജ്യത്തിൻെറ ചരിത്രത്തിൽ ചില ദേവാലയങ്ങളും ക്ഷേത്രങ്ങളും അവയുടെ പ്രേരണയിൽ ചില സന്നദ്ധസംഘങ്ങളും പെട്ട പ്രവർത്തനങ്ങളാണ് ഈ വകയിൽ ഉണ്ടായിരുന്ന സ്വത്ത്. പുറകേ ചില വ്യക്തിപ്രമുഖന്മാരും ചില പ്രശംസാർഹങ്ങളായ സാമൂഹ്യസേവനോദ്യമങ്ങൾ നടത്തിയിട്ടുണ്ട് എന്നുള്ളതു സ്മരണീയമാണ്. ഇന്നും ഭരണാധികാരികൾ സ്വന്തമായി ചിലതെല്ലാം ചെയ്യാവുന്നതും, ചെയ്തിട്ടുള്ളതുമായ പല സമീപനങ്ങളും ഉണ്ടെങ്കിലും, ഇവിടത്തെ സാമൂഹ്യവ്യവസ്ഥിതി ഏററം ഉൽകൃഷ്ടമാകത്തക്കവണ്ണം ഇപ്പോൾ പ്രവർത്തിക്കേണ്ടതായിട്ടാണ് വന്നിരിക്കുന്നതു്. അതുകൊണ്ട് സഹകരണസേവനസംഘങ്ങൾ, ധർമ്മപ്രസ്ഥാനങ്ങൾ മുതലായവ ഏകോപിച്ച് സുസംഘടിതവും കേന്ദ്രീകൃതവുമായി പ്രവർത്തിക്കേണ്ട ഈ അവസരം പാഴാക്കാനിടവരരുത് എന്നു അനുസ്മരിപ്പിച്ചുകൊള്ളുന്നു.

ഒരു ഇൻഡ്യൻ ഗ്രാമത്തിൽ 2000 ത്തോളം വരുന്ന ജനസംഖ്യയുള്ളതിൽ, വിദ്യാവിശാരദന്മാരെക്കാറം കൂടുതൽ പാമരരും, ധനികരെക്കാറം ദരിദ്രരും അവരിലൊക്കെയക്കാറം കൂടുതൽ അവശസമുദായക്കാരും പട്ടികജാതിക്കാരും ആണെന്നു് സങ്കല്പിക്കാവുന്നതാണു്. ചില ഗ്രാമങ്ങളിൽ ചിലപ്പോറം നല്ല വായനശാലയും ഉണ്ടായിരിക്കാം. എന്നാൽ അതിലും പുരോഗമനോന്മുഖങ്ങളായ സാമൂഹ്യസേവനങ്ങറം കായികപരിശീലനങ്ങറം, പൊതുവിദ്യാഭ്യാസ സൗകര്യങ്ങറം മുതലായവ ഉറംപ്പെടുത്തുവാൻ സാധിക്കുന്നില്ല എന്നതു് വെറും പരമാർത്ഥം മാത്രമാണു്. എന്നാൽ ഇന്നു് രാഷ്ട്രം വിലമതിക്കുന്നതു് സാമൂഹ്യവിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുകയാകുന്നു. ഇങ്ങനെ ഇത്രയും കാര്യങ്ങറം നിർവ്വഹിക്കപ്പെടണമെങ്കിൽ ആയതിനു് ഓരോ ഗ്രാമങ്ങറംക്കും ഓരോ ഗ്രാമസേവകൻ ആവശ്യമാണു്. ഇപ്രകാരം ഒരു കേന്ദ്രം ഗ്രാമ-തോറും പ്രവർത്തിച്ചുകാണുന്നതു് നാടിന്റെ ഒരു വലിയ ഭാഗ്യമായി കാണാവുന്നതാകുന്നു. വിവിധ ജനവിഭാഗക്കാർക്കും ഒരുപോലെ പ്രയോജനപ്പെടുത്തുവാനും ഗ്രാമത്തെ പൊതുവെ തൃപ്തിപ്പെടുത്തുവാനും സാധിക്കുമ്പോറം പ്രവർത്തനം കുറെക്കൂടെ വിശാലമായിത്തീരുന്നതാണു്. ഇങ്ങനെ ഗവർമെൻറു് വകയായും അല്ലാതെയും പല സാമൂഹ്യവിദ്യാഭ്യാസ കേന്ദ്രങ്ങറം നടത്തിവരുന്നുണ്ടു്. എന്നാൽ സാമൂഹ്യപ്രവർത്തനങ്ങറം സാമാന്യം കൂടിയ തോതിൽ അനേകർക്കു് പ്രയോജനപ്പെടത്തക്കവണ്ണം കമ്യൂണിററി സെൻറർ നടത്തുവാൻ പ്രത്യേകം പരിശീലനം സിദ്ധിച്ചവർ ആവശ്യമായിത്തീരും. സാമൂഹ്യ വിദ്യാഭ്യാസം കൂടാതെ, പൊതുജനാരോഗ്യ പദ്ധതികളും ഗ്രാമശുചീകരണവും നടത്തുന്നതു് വളരെ അത്യാവശ്യമാണു്. തുടർന്നു് വയോജന വിദ്യാഭ്യാസം, കുടിൽ വ്യവസായ-

രൂപീകരണം. മദ്യവർജ്ജനപ്രസ്ഥാനം എന്നി ത്രിവിധ പദ്ധതികൾ രൂപമെടുക്കാൻ സാദ്ധ്യത ലഭിക്കുകയും ചെയ്യും. സകല മണ്ഡലങ്ങളിലും, സകല ഘട്ടങ്ങളിലും സഹകരണാത്മകങ്ങളായ യത്നങ്ങളാണ് ഈ പദ്ധതികളുടെ നിർവ്വഹണത്തിനു് എല്ലാവരിൽനിന്നും പ്രതീക്ഷിക്കുന്നതു്. നമ്മുടെ പ്രദേശത്തു് സഹകരണസംഘമോ മറേറാ ഉണ്ടെങ്കിൽ അവ ഇന്നു് അനാരോഗ്യകരമായ നിലയിൽ പ്രവത്തിക്കുന്നതായിട്ടാണു് കണ്ടുവരുന്നതു് പഞ്ചായത്തുകളോ മറേറാ, അതു് പുനഃസംഘടിപ്പിക്കുന്ന പക്ഷം സഹകരണസംഘങ്ങളുടെ നേർക്കുള്ള ജനങ്ങളുടെ വീക്ഷണഗതിക്കു് കുറെയൊക്കെ മാററംവരുമെന്നു് പ്രതീക്ഷിക്കാവുന്നതാണു്. ''സ്വയം സഹായിക്കുക'' എന്ന അടിസ്ഥാനത്തിൽ ജനങ്ങളുടെ ക്ഷേമോൽക്കർഷം സാധിക്കണം എന്ന ഒരാഗ്രഹം സാമാന്യജനങ്ങളിൽ സംജാതമാകുന്നതിലാണു് സാമൂഹ്യവിദ്യാഭ്യാസ കേന്ദ്രത്തിൻെറ വിജയം സ്ഥിതിചെയ്യുന്നതു്. ഇതിനു് സമയം ആവശ്യമാണു്. അതിനാൽ ചുരുങ്ങിയ ഒരു കാലയളവിനുള്ളിൽ ഉണ്ടായിട്ടുള്ള പുരോഗതിയെ അടിസ്ഥാനമാക്കി ഈ പദ്ധതിയുടെ വിജയാപജയങ്ങൾ നിർണ്ണയിക്കുന്നതു് അപാകതയായിരിക്കുമെന്നു് ചൂണ്ടിക്കാണിക്കാം. വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നിർവ്വഹിക്കുന്നതിലും കമ്യൂണിററി സെൻററിൻെറ ജനാധിപത്യാടിസ്ഥാനം പരമമായി പാലിക്കപ്പെടുന്നുണ്ടു്.

കേവലം ക്ഷാമത്തിൻെറയും പഞ്ഞത്തിൻെറയും കേളീരംഗങ്ങളെന്നു് അധിക്ഷേപിക്കപ്പെടുന്ന ഗ്രാമങ്ങളിൽ ക്ഷേമപ്രവത്തനങ്ങളുടെ 'വിത്തുകൾ വളരുന്നതു് എത്ര അത്ഭുതകരമായിരിക്കുന്നു. ഇത്തരം പ്രസ്ഥാനങ്ങൾ ക്രമപ്രവൃദ്ധമായി വളരുന്നതു് പല മാന്യ പൗരന്മാരുടെയു, സഹായസഹകരണങ്ങളും ത്യാഗശീല

ത്തോടുകൂടിയ അത്യദ്ധ്വാനവുംമൂലം ആണെന്നു് പറഞ്ഞുവല്ലോ. ഇതു് കൂടുതലായി സാധിക്കുന്നതു് ഭവനസന്ദർശന പരിപാടി വഴിയാണു്. സ്ഥലത്തെ നിവാസികളുടെ, പ്രത്യേകിച്ചു് അർഹിക്കുന്നവരുടെ സന്മാർഗ്ഗികവും സാമൂഹ്യവുമായ വളർച്ചയ്ക്കു് സഹായിക്കുന്ന സന്ദർശനമാണു് ഇവിടെ ഉദ്ദേശിക്കുന്നതു്. അറിവില്ലാത്തവർക്കും നിവൃത്തിയില്ലാത്തവർക്കും വേണ്ടിയുള്ള ഒരു സേവകസംഘത്തിന്റെ അന്വേഷണമായിരിക്കും ഇതു്. അംഗങ്ങളെ ചേർത്തും, പണപ്പിരിവു് നടത്തിയും ചെയ്യുന്ന അന്വേഷണവും ഈ സേവപൂർവ്വമായ അന്വേഷണവും സാമൂഹ്യക്ഷേമനായണയത്തിന്റെ ഇരുവശങ്ങളാണെന്നോർക്കണം. ഇപ്രകാരമുള്ള സംസർഗ്ഗംപുലർത്തി പരസ്പര ധാരണയ്ക്കും, സഹായസഹകരണങ്ങൾക്കും ഇടയാക്കുകയും, തന്മൂലം ജനങ്ങളെ യഥാർത്ഥമായി മനസ്സിലാക്കുന്നതിനും, അതനുസരിച്ചു് നയപരിപാടികൾ രൂപീകരിക്കുന്നതിനും, വേണ്ടിവന്നാൽ ഒരു സർവ്വേ നടത്താനും സാധിക്കുന്നതും ആണു്.

## 1. സാമൂഹ്യ വിദ്യാഭ്യാസം

സാമൂഹ്യവിദ്യാഭ്യാസത്തിന്റെ ഉദ്ദേശങ്ങൾ താഴെപ്പറയുന്നവകളാണു്.

(1) അക്ഷരാഭ്യാസം ചെയ്യിക്കുന്നതു കൂടാതെ, ഗ്രാമീണസാധാരണമായ വിമുഖത, നിസ്സഹായത മുതലായ മനോഭാവങ്ങളിൽ നിന്നു് വിമുക്തരാകുവാൻ സഹായിക്കുന്ന വിദ്യാഭ്യാസം നൽകുക.

(2) സാമ്പത്തികസ്ഥിതി നന്നാക്കുന്നതിനുവേണ്ടി—നാട്ടിലെ വിഭവസമ്പത്തു് വർദ്ധിപ്പിക്കുന്നതിനു് വേണ്ടി—നിർദ്ദേശങ്ങളും സൗകര്യങ്ങളും നൽകി ഊർജ്ജസ്വലതയും ഉത്തേജനവും നൽകി പ്രവർത്തിക്കുക.

20939



(3) യഥാർത്ഥ പൗരനാകുവാൻ പരിശീലനം നൽകുക.

(4) ആരോഗ്യം, സംതൃപ്തി ഇവയെ ലക്ഷ്യപ്പെടുത്തി വിശാലവും, വിവിധങ്ങളുമായ താല്പര്യത്തോടുകൂടിയും സമൃദ്ധമായ സുഖത്തോടുകൂടിയും ജീവിക്കുവാൻ ഓരോ പ്രായപൂർത്തിയായവരെയും സഹായിക്കുക.

(5) സാമ്പത്തികവും, സാമൂഹ്യവും രാഷ്ട്രീയവുമായ മേഖലകളിൽ പുരോഗമിക്കുവാൻ തികച്ചും പര്യാപ്തമായ അഭ്യസനം നൽക്കുക.

സാമൂഹ്യവിദ്യാഭ്യാസ സേവനങ്ങളുടെ സന്ദേശങ്ങൾ നമ്മുടെ വാക്കിലും പ്രവൃത്തിയിലും പ്രോഗ്രാമിലും കാണിക്കുന്നതുകൂടാതെ യുവജനസംഘ പ്രവർത്തനത്തിലും നമ്മുടെ മതസംഘടനയിലും ഉൾപ്പെടുത്തുകയും, ചെയ്യേണ്ടതാണു്. ദേശീയസംവിധാനത്തിൽ എപ്പോഴെങ്കിലും നമുക്കു് എന്തെങ്കിലും ചെയ്യുവാൻ സാധിക്കുമ്പോൾ ഇതര സംഘങ്ങളുമായി സഹകരിച്ചു് യുവാക്കന്മാരെ നേരായ മാർഗ്ഗത്തിൽ വിടുന്നതിനും, ശരിയായ തീരുമാനം ചെയ്യുന്നതിനും, അതാതു കാലത്തെ നിലയെപ്പററി പൊതു അഭിപ്രായം രൂപീകരിക്കാനും അഭ്യസിപ്പിക്കുവാൻ ശ്രമിക്കണം. തന്മൂലം സാമൂഹ്യവും രാഷ്ട്രീയവും നീതിപരവുമായ താല്പര്യങ്ങൾ നമ്മിൽ രൂഢമൂലമാകുവാൻ സാധിക്കും. എപ്പോഴെങ്കിലും സാമൂഹ്യപ്രവർത്തനത്തിനു് വികസിപ്പാൻ സാധിക്കാത്തപ്പോൾ അതിനുവേണ്ടി കൂടുതൽ പണം ഉണ്ടാക്കി അതു് ശരിയാക്കിയില്ലെങ്കിൽ നാം മോശക്കാരും ഭയന്മാരുമായിത്തീരും. പണ്ടു് യൂറോപ്പിലുണ്ടായിരുന്ന ചില വലിയ സ്ഥാപനങ്ങൾ പണക്കൊഴുപ്പുണ്ടായിരുന്നിട്ടും പ്രവർത്തനരാഹിത്യം കൊണ്ടു്, ക്രമേണ ഇല്ലാതായല്ലോ. അതുകൊണ്ടു് നിങ്ങൾ നട

ത്തുന്ന ഓരോ യോഗങ്ങളിലും പ്രവർത്തന വികസനത്തിനായി പണം ആവശ്യപ്പെടുന്നത് ഉചിതമാണ്. കാരണം അത് സംഘത്തിന്റെ ദൈനംദിന നടത്തിപ്പിനല്ലല്ലോ, പിന്നെയോ സാമൂഹ്യപ്രവർത്തന വികസനങ്ങൾക്കായിട്ടും, അതെല്ലാവർക്കും പ്രയോജനപ്പെടുമെന്നുള്ളതുകൊണ്ടും തന്നെയല്ലോ.

മനുഷ്യൻ സാമ്പത്തികവും, മാനസീകവും, കായികവും ആയി ഒരു ആരോഗ്യകരമായ ജീവിതം നയിക്കുന്നതിനും, അവനെ അവന്റെ ജീവിതവൃത്തിക്ക് അനുഗുണമാക്കിത്തീർക്കുകയും തന്മൂലം അവൻ ലോകകാര്യങ്ങളുടെ സംവിധാനത്തിൽ ശരിയായ സ്ഥാനം പ്രാപിക്കുകയും ചെയ്യുന്നതിനും, മിഥ്യയായ കാര്യസാരം കളഞ്ഞിട്ട് ശരിയായ കാര്യസാരം ഗ്രഹിക്കുന്നതിനും അവനെ പ്രാപ്തനാക്കുന്നതിനും, ഒരിക്കലും തൃപ്തിയടയാത്തവണ്ണം ജ്ഞാനത്തെയും, സത്യത്തെയുംപ്പററിയുള്ള ഒരു തൃഷ്ണ അവനിൽ ഉളവാക്കുന്നതിനും, അപ്രമാദമായ വിചിന്തനം, വാദപ്രതിവാദം അഭിപ്രായപ്രകടനം, എന്നിവയ്ക്കുള്ള ബുദ്ധിവിശേഷത്തെ പുലർത്തുന്നതിനും, ശരിയായിട്ടുള്ള സ്നേഹിതന്മാരെ തിരഞ്ഞെടുക്കുന്നതിന് അവനെ സഹായിക്കുന്നതിനും അവനെ സമുദായത്തിലെ ഏററവും വിലയേറിയ ഒരംഗമാക്കുന്നതിനും, അവൻെറ ജ്ഞാനം, പരിചയാനുഭവങ്ങൾ, യുക്തി. സമ്പത്ത്, ശക്തി എന്നിവയെ അനർഹരല്ലാത്ത അവൻെറ സമസൃഷ്ടങ്ങൾക്കുവേണ്ടി പ്രയോഗിച്ചു സാധുക്കളെയും അറിവില്ലാത്തവരെയും മർദ്ദിതരേയും ദുഷ്ടരേയും, അധോഗതിയടഞ്ഞവരേയും സഹായിക്കയും അങ്ങനെ അവൻ ലോകത്തെ ആദ്യം കണ്ടതിനേക്കാൾ നല്ല നിലയിൽ കണ്ടിട്ട് മരിക്കയും ചെയ്യത്തക്കവണ്ണം അവനെ മനുഷ്യവർഗ്ഗത്തിൻെറ സേവനകനാക്കുന്നതിനും, ശേഷിമാനാ

കുന്നതിനും ആയിരിക്കണം ഒരു ആദർശവിദ്യാഭ്യാസത്തിൻെറ യഥാൎത്ഥ ഉദ്ദേശം.

## 2. വയോജനവിദ്യാഭ്യാസം

**"വിദ്യാധനം സർവ്വധനാൽപ്രധാനം"** എന്നാണല്ലോ ആപ്തവാക്യം. ഒരുവൻെറ വിദ്യാഭ്യാസം സാധാരണ ചെറുപ്പകാലത്തു് ആരംഭിച്ച് യൗവ്വനാവസ്ഥയോടുകൂടി സമാപിക്കുകയാണ് പതിവ്. എന്നാൽ ജീവിതകാലം മുഴുവൻ തന്നെ അവസാനത്തോളം ഒരു പഠനകളരിയാണു്. പ്രായേണ, സാക്ഷരതാശതമാനം കണക്കു കൂട്ടിയാൽ ഇന്നത്തെ വയോജനങ്ങളിൽ ഭൂരിഭാഗവും അക്ഷരാഭ്യാസംപോലും ഇല്ലാത്തവരാണെന്നു് കാണുവാൻ സാധിക്കുന്നു. കുട്ടിക്കാലസാധാരണമായ പഠനസൗകര്യം നഷ്ടപ്പെട്ടുപോയ വയോജനങ്ങളെ വിദ്യാസമ്പന്നരാക്കുന്നതിനു് ഉദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രസ്ഥാനമാണു് വയോജനവിദ്യാഭ്യാസം. വയോജനവിദ്യാഭ്യാസത്തിനു് ഉദ്ദേശിക്കുന്നതു് 13 വയസ്സു മുതൽ 40 വയസ്സുവരെയുള്ള വെറും അക്ഷരാഭ്യാസമില്ലാത്തവരെയാണു്. മാതൃഭാഷ വായിക്കുവാനും, എഴുതുവാനും ശരിയായി സംസാരിക്കാനും പഠിപ്പിക്കുന്നതു കൂടാതെ പൊതുപ്രയോജനങ്ങളായ മററു വിഷയങ്ങളിലുള്ള ജ്ഞാനവും നാംകേണ്ടതാണു്. സാമ്പത്തികദുഃസ്ഥിതിമൂലവും മററും പഠിത്തം മുടക്കിയവർക്കും ഇതു് അപൂൎവ്വമായ ഒരു ദൈവാനുഗ്രഹമായി കരുതി കുട്ടികൾ പഠിച്ചുവരുന്നതിന്നിടയാകുന്നു. അവരവരുടെ ജോലികൾക്കു് പുറമെ, അവൎക്കു് തടസ്സം നേരിടാതെ അവരവരുടെ സൗകര്യംപോലെ പഠിപ്പിക്കുന്ന രാത്രിക്ലാസ്സുകളാണിവ. കൂടാതെ വെറും അക്ഷരാഭ്യാസം തന്നെയല്ല ഇതുകൊണ്ടു് ഉദ്ദേശിക്കുന്നതു്. പിന്നെയോ, ദൈനംദിനജീവിതസാധാരണങ്ങളായ കൃത്യങ്ങളുടെയും കാര്യങ്ങ

ളുടെയും ഗ്രഹണവും, തൊഴിൽ പരമായ അറിവുകളും സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനും ഈ പ്രവർത്തനം വികസിപ്പിക്കുന്നതുമാണ്. കാരണം, മന:ശാസ്ത്രമനുസരിച്ച്, സാധാരണ വയോജനങ്ങൾക്ക് സാഹിത്യമോ, കവിതയോ, മററു ഗഹനതത്വജ്ഞാനശാസ്ത്രങ്ങളോ അല്ല അഭികാമ്യമായി കാണുന്നത്. പ്രത്യുത, ലോകജീവിതത്തിൽ പ്രയോജനകരമായ അറിവുകളും കാര്യങ്ങളുമാണ് ആവശ്യമുള്ളത്. ഇപ്രകാരം വയോജനവിദ്യാഭ്യാസംകൊണ്ട് പ്രായവമായവർക്ക് പത്രപാരായണം നടത്തുവാനും, എഴുത്തുകുത്തുകൾ നടത്തുവാനും രാഷ്ട്രീയവിജ്ഞാനം സമ്പാദിപ്പാനും, ഗ്രന്ഥപാരായണംവഴി ഇതരശാസ്ത്രങ്ങളും മററും പഠിപ്പാനും സാധിക്കുന്നത് എത്രയോ അനുഗ്രഹപ്രദമാണ്. കൂടാതെ ഉപരിപഠനത്തിന് ആഗ്രഹിക്കുന്നവർക്ക് അതുതുടരാം. അങ്ങനെ ജീവിതത്തിൽ എന്നന്നേയ്ക്കുമായി നഷ്ടപ്പെട്ട ഒരവസരം പുനർലഭിയ്ക്കുകയും ചെയ്യുന്നതാണല്ലോ. ഇപ്രകാരം സുവർണ്ണാവസരം പാഴാക്കാതെ ഉയർന്ന നിലയെ പ്രാപിച്ചവരും നമ്മുടെയിടയിലുണ്ട്. വിദേശരാജ്യങ്ങളിൽ വയോജനവിദ്യാഭ്യാസം പ്രയോജനപ്പെടുത്തുന്നവരാണ് ഏറിയ പങ്ക് ജനങ്ങളും എന്നാണ് അറിയപ്പെടുന്നത്.

ഇന്ന് വിദ്യാഭ്യാസകാര്യത്തിൽ പണ്ഡിതന്മാർ പാമരന്മാരെ പഠിപ്പിക്കുവാൻ ശ്രമിക്കേണ്ടതാണ്. പുരാതനകാലങ്ങളിൽ ഇങ്ങിനെ ഗുരുകുലസമ്പ്രദായം ഇൻഡ്യയിൽ നടന്നുവന്നിരുന്നു ഇന്ന് അദ്ധ്യാപകവൃത്തി ഒരു കൂലിയില്ലാപ്പണിയായി തരംതാഴ്ത്തിവരികയാണ്. അതുകൊണ്ട് പണ്ഡിതന്മാരെല്ലാവരും സ്വന്തം ഉദരപൂരണത്തിന് ഇതരമാർഗ്ഗങ്ങൾ സ്വീകരിക്കുന്നു. തൻമൂലം സാക്ഷരത്വം വർദ്ധിപ്പിയ്ക്കുവാൻ പൊതുവെ വ്യക്തിപരമായ ശ്രമങ്ങൾ കുറഞ്ഞു കാണുന്നു. ശിഷ്യരില്ലാത്ത വിദ്വാനും, പ്രസവിക്കാത്ത സ്ത്രീയും ഗർഭമുണ്ടാകാത്തുള്ള ഗോവിനെപ്പോലെയാണ്.

നീ മററുള്ളവരെ പഠിപ്പിക്കുക എന്നാണ് ലോകഗുരുക്കന്മാർ പറഞ്ഞിട്ടുള്ളത്. സ്വർണ്ണം സൂക്ഷിക്കുന്നതുപോലെ വിദ്യാധനം സൂക്ഷിക്കുന്നത് അപകടകരമാണ്. പ്രത്യുത, അഗ്നിയിൽനിന്ന് അഗ്നി എന്നതുപോലെ അതു് നശിച്ചുപോകാതെ വദ്ധിച്ചുവരികയേയുള്ളൂ. അതുകൊണ്ടു് ഓരോരുത്തരും ഒരുത്തരെ പഠിപ്പിക്കുക, ഒരാളെ ആദായപ്പെടുത്തുക എന്നതാണ് മുദ്രാവാക്യമായി സ്വീകരിക്കേണ്ടതു്. അപ്രകാരം ചെയ്യാതിരിക്കുന്നതു വലിയ തെററാണ്. കാരണം മററുള്ളവരെ പഠിപ്പിക്കുന്നതുകൊണ്ടു് പല ഗുണങ്ങളും പൊതുവെ സിദ്ധിക്കുന്നുണ്ടു്. അങ്ങനെ ചെയ്യേണ്ടതാണെന്നു് താഴെപ്പറയുന്ന കാര്യങ്ങൾകൊണ്ടു് മനസ്സിലാക്കാവുന്നതാണ്.

1. ലോകാനുഗ്രഹത്തിനുവേണ്ടി

2. നീ സമ്പാദിച്ചും, കണ്ടുപിടിച്ചും വച്ചിരിക്കുന്ന അറിവുകളെല്ലാം നിന്നോടുകൂടിത്തന്നെ ലോകത്തിനു് നഷ്ടമായിപ്പോകും, മനുഷ്യദൃഷ്ട്യാ നോക്കുമ്പോൾ ജീവിതം പാഴായിപ്പോകും. നീ കണ്ടുപിടിച്ചവയെല്ലാം മനുഷ്യലോകം വീണ്ടും കണ്ടുപിടിക്കേണ്ടതായും വരും. അതു് എത്രമാത്രം അനാവശ്യശ്രമമായിരിക്കും.

3. കരുണയുടെയും മററുള്ളവരുടെ സുഖം കാണുന്നതിൽ നിന്നുണ്ടാകുന്ന ആനന്ദത്തിൻെറയും (മഹാസുഖം) സിദ്ധാന്തപ്രകാരം അതു് ആവശ്യമാകുന്നു.

4. മററുള്ളവരെ പഠിപ്പിക്കുന്നതുകൊണ്ടു് അറിവു് നഷ്ടപ്പെടുന്നില്ല. എന്നാൽ മിടുക്കന്മാരായ ശിഷ്യന്മാരുടെ സമ്പത്തുകൊണ്ടു് ഗുരു പൂർവ്വാധികം പ്രശോഭിക്കുകയാണ് ചെയ്യുന്നതു്.

5. ഗുരുക്കന്മാരോടുള്ള കടം വീട്ടേണ്ടതു് നാം തന്നെ ഗുരുവായി ശിഷ്യന്മാരെ സ്വീകരിച്ചു് അദ്ധ്യാപനപാരമ്പര്യത്തെ നിലനിറുത്തികൊണ്ടുവേണം. ഗുരു-

വിൽനിന്നു് വാങ്ങിയതു് ശിഷ്യനെ കൊടുത്തുകൊണ്ട വേണം എന്നു് താൽപ്പര്യം.

3. പൊതുജനാരോഗ്യവിദ്യാഭ്യാസം.

ജനായത്ത രാജ്യങ്ങളിൽ എല്ലാ കാര്യങ്ങളിലും കുറെ വിജ്ഞാനം ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യമാണു്. പൊതുജനാരോഗ്യശാസ്ത്രം, ലോകത്തിന്റെ പുരോഗതിയിൽ ആവിർഭവിച്ച ഒന്നാണു്. വേദകാലത്തും, പുരാണകാലത്തും നിലവിലിരുന്നതു് ചികിത്സാശാസ്ത്രമാണു്, ഇന്നു് ജനങ്ങൾ വർദ്ധിച്ചു വരുന്നതോടൊപ്പം നാട്ടുകളും ഭൂമികളു വികസിയ്ക്കായ്കകൊണ്ടു്, പട്ടണങ്ങൾ, നഗരങ്ങൾ മുതലായവ വർദ്ധിച്ചു തുടങ്ങി. പരിഷ്ക്കാരയുഗത്തിലേയ്ക്കു് വന്ന ലോകത്തിനു് പൊതുജനങ്ങളുടെ ആരോഗ്യം ഒരു പ്രശ്നമായിത്തീരുകയും, ശുചീകരണം; പകർച്ചവ്യാധികളുടെ നിരോധനം മുതലായവ പ്രധാന കർത്തവ്യമായിത്തീരുകയും ചെയ്തു. പൊതുജനാരോഗ്യം എന്ന പ്രശ്നത്തെപ്പററി എല്ലാവക്കും അറിവുണ്ടെങ്കിലേ അതു് ശരിയായി പരിഹരിക്കപ്പെടുകയുള്ളു.

''ഒരുത്തൻ പാപകർമ്മം ചെയ്തീടതിൻ ഫലം
പരക്കെയുള്ള മഹാജനങ്ങൾക്കൊക്കെത്തട്ടും ''

എന്നപോലെ ഒരാൾമൂലം പൊതുജനക്ഷേമത്തിനു ഹാനിഭവിക്കാവുന്നതാണു്. അതുകൊണ്ടു് പൊതുജനാരോഗ്യവിദ്യാഭ്യാസം വളരെ ആവശ്യമാണു്. ആയതിനു് ലഘുലേഖകൾ, സിനിമാപ്രദർശനങ്ങൾ, ലേഖനങ്ങൾ, പൊതുപ്രസംഗങ്ങൾ മുതലായവയാണു് സ്വീകരിച്ചുപോരുന്നതു്. എന്നാൽ ഇവകൊണ്ടും ജനങ്ങളുടെ ശ്രദ്ധ വേണ്ടപോലെ കിട്ടുന്നുണ്ടോ എന്നു് സംശയമാണു്. ഏററവും നവീനമാർഗ്ഗം വോളൻറിയർ ഹെൽ

ത്ത് സർവ്വീസ് സംഘങ്ങൾ, സ്ഥാപിച്ച് ഗവർമെൻറ് പൊതുജനാരോഗ്യഡിപ്പാർട്ടുമെൻറുമായി സഹകരിച്ച് വേണ്ട സംഘടിതയത്നങ്ങൾ നടത്തുകയാകുന്നു. സംഘംവഴി പൊതുജനാരോഗ്യപ്രദങ്ങളായ നടപടികൾക്ക് പുസ്തകങ്ങൾ, പ്രസംഗം, ചലച്ചിത്രപ്രദർശനം മുതലായവ വഴിയായി പ്രചരണം നടത്തുന്നതു് ഇന്നു് വളരെ പ്രയോജനകരമായിരിക്കും.

ശുചീകരണംകൊണ്ടു് പട്ടണങ്ങൾ ശുചിയും വൃത്തിയും വെടിപ്പും ഉള്ളതായിത്തീരുന്നതു കൂടാതെ മലിനവസ്തുക്കൾ ശേഖരിച്ച് ചതുപ്പുനിലങ്ങൾ നികത്തി എടുക്കുന്നതിനും വളങ്ങളാക്കിത്തീർക്കുന്നതിനും മററും പല പ്രയോജനകരമായ പദ്ധതികൾക്ക് ഉതകുന്നതാണ്. അവിടവിടെ കൂട്ടമായി നിൽക്കുന്ന കാട്ടുചെടിക്കൂട്ടങ്ങൾ, കുററിക്കാടുകൾ മുതലായവ കളഞ്ഞു് ശുചിയാക്കുന്നതു് കൊതുക്, സർപ്പങ്ങൾ മുതലായ ക്ഷുദ്രജീവികളുടെ നാശത്തിനും, ഇങ്ങനെ മനുഷ്യജീവിതത്തിനും, പൊതുജനാരോഗ്യത്തിനും ഭദ്രമായിരിക്കും. പൊതുജനസൗകര്യങ്ങൾക്ക് പ്രത്യേകം കക്കൂസുകളും മൂത്രപ്പുരകളും ഏർപ്പെടുത്തുന്നതു കൂടാതെ മലം ശേഖരിച്ച് കമ്പോസ്ററുവളം തയ്യാറാക്കാവുന്നതാണ്. പകർച്ചവ്യാധികൾ ഉണ്ടാകാതിരിപ്പാൻ കുത്തിവെയ്പുകൾ മുതലായ പ്രതിരോധനടപടികൾ ഏർപ്പെടുത്തേണ്ടതാണ്. ക്ഷുദ്രജന്തുക്കളായ എലികൾ, പേപ്പട്ടികൾ, കൊതുക് മുതലായവയെ നശിപ്പിക്കുക, മലിനജലങ്ങൾ വാർന്നുപോകുവാൻ തക്ക ഓടകളും മററും ഉണ്ടാക്കുക പൊതുജനാരോഗ്യപ്രദമായ കൃത്യങ്ങളാണ്. വ്യക്തിപരമായി ശരീരാരോഗ്യത്തെ അഭിവൃദ്ധിപ്പെടുത്തുവാൻ ഭക്ഷണം, ഗൃഹശുചീകരണം, ദാമ്പത്യബന്ധം മുതലായവയിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. സ്കൂൾ കുട്ടികൾക്ക് ആരോഗ്യപാഠങ്ങൾ പാിപ്പിക്കു

ന്നതു കൂടാതെ വ്യക്തിപരവും, സാമൂഹ്യവുമായ ആരോഗ്യനിയമങ്ങൾ പരിശീലിപ്പിക്കുകയും ചെയ്യുന്നതു് ഭാവി തലമുറയ്ക്കു് പ്രയോജനകരമായിരിക്കും. ഗാർഹികവിഷയത്തിൽ പരിസരശുചീകരണം കൂടാതെ, ആരോഗ്യസംരക്ഷകങ്ങളായ രീതിയിൽ (sanitory houses) ഭവനങ്ങൾ നിർമ്മിക്കുന്നതു് ശുചീകരണത്തിനും, താമസത്തിനും ആരോഗ്യകരമായിരിക്കും. ആരോഗ്യശാസ്ത്രവും, പ്രഥമ ശുശ്രൂഷകളും, നമ്മുടെ ഗൃഹനായികമാർ അഭ്യസിക്കുന്നതു് നന്നായിരിക്കും. കൂടാതെ കക്കൂസുകൾ നിർമ്മിക്കുക, അടുക്കളത്തോട്ടമുണ്ടാക്കുക, ശുചിയായ കന്നുകാലിസംരക്ഷണം മുതലായവയും ഏറ്റവും ഉചിതമായിരിക്കും. പൊതുജനാരോഗ്യവിഷയത്തിൽ ഇന്നു് അതിപ്രധാന ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതു് ഭാവിതലമുറയുടെ സംരക്ഷണത്തിലാണു്. ആയതിലേക്കു് മാതൃശിശുസംരക്ഷണകേന്ദ്രങ്ങൾ സ്ഥാപിച്ചു് ഗർഭിണികളെയും കുഞ്ഞുങ്ങളെയും ചികിത്സിച്ചു് ഭക്ഷണം, വസ്ത്രം, മുതലായവ കൊടുക്കേണ്ടതാണു്. ഇങ്ങനെയുള്ള സ്ഥാപനങ്ങൾ ഇന്നു് നമ്മുടെ നാട്ടിൽ വർദ്ധിച്ചുവരുന്നതു് നമ്മുടെ ഭാവി തലമുറയ്ക്കു് ഏറ്റവും അനുഗ്രഹപ്രദമായിരിക്കും.

ഇന്നു് പൊതുജനാരോഗ്യപരമായി നഗരങ്ങളിൽ ശുദ്ധജലം, ശുദ്ധവായു, മലിനവസ്തുക്കളുടെ മാററം എന്നിവകളാണു് മുഖ്യപ്രശ്നങ്ങൾ. കാരണം ഇവയുടെ അഭാവം നേരിടുന്നതായാൽ പൊതുജനാരോഗ്യത്തിനു് അവ ഹാനികരങ്ങളാണു്. മിക്ക സുഖക്കേടുകളുടെയും കാരണം ഇതിനെ ആശ്രയിച്ചിരിക്കും. ശുദ്ധവായുവാണു് ഏററവും പ്രാധാന്യമർഹിക്കുന്ന പ്രശ്നം. വമ്പിച്ച നഗരങ്ങളിൽ ഉദ്യാനങ്ങളും തുറസ്സായ സ്ഥലങ്ങളും മററു വിശ്രമസ്ഥലങ്ങളും നിർമ്മിക്കുന്നുണ്ടു്. ഭാരതീയർ ഉദ്യാനത്തിലും പുഷ്പങ്ങളിലും അ

തീവ്ര ആസക്തിയുള്ളവരാണല്ലോ ലോകത്തിന്റെ നന്ദനോദ്യാനമായി കരുതപ്പെടുന്ന ഈ ഭാരതത്തിൽ ഗ്രാമങ്ങൾ ഒഴിച്ചുള്ള പ്രദേശങ്ങളിൽ പാർക്കുകൾ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. പട്ടണങ്ങളിൽ ഉള്ള ചില്ലറ പാർക്കുകൾ കൂടാതെ തുറസ്സായ പരിസരങ്ങളുള്ള, പബ്ലിസ്റ്റ് ആഫീസ് കമ്പോണ്ടുകൾ, സ്കൂളുകൾ, ലൈബ്രറികൾ, കച്ചേരികൾ മുതലായി ജനങ്ങൾ കൂടുതൽ ഉപയോഗിക്കുന്ന പരിസരങ്ങളിൽ നയനാനന്ദകരങ്ങളായ പാർക്കുകൾ സൃഷ്ടിക്കുന്നത് വളരെ നന്നായിരിക്കും. കൂടാതെ ഓരോ ഗൃഹത്തിനും മുൻവശം കുറച്ച് മനോഹരമായ ചെടികൾ നട്ടുപിടിപ്പിക്കുന്നത് ശുഭോദർക്കമായിരിക്കുന്നതാണ്.

ഒരു പ്രദേശത്തെ പൊതുജനാരോഗ്യം നിർണ്ണയിക്കുന്നത് അവിടത്തെ ജനനമരണങ്ങൾ, നടന്ന സുഖക്കേടുകൾ മുതലായവയുടെ സ്ഥിതിവിവരക്കണക്കു കൊണ്ടാണ്. എന്നാൽ സാമൂഹ്യമായ നമ്മുടെ നിലപാട് പരിഗണിക്കുന്നതിന് ഒരു ഏർപ്പാടും സ്ഥിരമായി നിലവിലില്ല. പരമ്പരാഗതമായ ജനങ്ങളുടെ വിവരം, കുടുംബബന്ധം, വിവാഹം മുതലായവയും പില്ക്കാലങ്ങളിൽ ഗ്രഹിക്കുവാൻ ഉതകുന്ന ഒരു കുടുംബരജിസ്ട്രേഷൻ ആരംഭിക്കുന്നത് സാംസ്ക്കാരികവളർച്ച, നരവംശശാസ്ത്രം മുതലായവ സംബന്ധിച്ച് ഒരു ഡയറക്ടറിപോലെ ഉതകുന്നതാണ്. ഇതുമൂലം സമുദായം സ്വയം സാമൂഹ്യവിരുദ്ധനടപടികളെ നിയന്ത്രിക്കുകയും, പിന്നോക്കാവകാശങ്ങൾ അഭംഗം പാലിക്കുകയും, ശുദ്ധവും നിർമ്മലവും സാമ്രാജ്ഞികവുമായ ബന്ധങ്ങൾ പുലർത്തുകയും ചെയ്യാവുന്നതാണ്. ഒരാളുടെ ചരിത്രം സ്വഭാവം. സാമൂഹ്യനില മുതലായവ സാമൂഹ്യരേഖയായിത്തീരേണ്ടതു് ഉത്തമമാകുന്നു. ഓരോ സാമൂഹത്തിലും, കുലങ്ങളും കുടുംബങ്ങളും തമ്മിലുള്ള ബന്ധം 'അടപ്പുംപോലെ ഉടപ്പു' ആകാതെ ഉറപ്പിക്കപ്പെടുന്നു

തിന്നും, കുലദ്രോഹികളായ യാചകർ, സാമൂഹ്യഭ്രഷ്ടർ ദരിദ്രർ മുതലായവരെ സംരക്ഷിച്ച് നന്നാക്കി കുലമഹിമ സംപൂർണ്ണമായി സംസ്ഥാപിക്കുന്നതിനും, ഇതുപോലെ അധഃസ്ഥിതരെ പൊതുവെ ഉയർത്തുന്ന സാമൂഹ്യപദ്ധതികൾക്ക് പ്ലാനിടുവാനും ബഹുജനങ്ങൾ തന്നെ ശ്രമിക്കുന്നതിന് ഇതു ഒരു കാരണമായേക്കാം. അതുകൊണ്ട് പൊതുജനാരോഗ്യം നിർണ്ണയിക്കുന്നതുപോലെ തന്നെ, സാമൂഹ്യക്ഷേമത്തെ നിർണ്ണയിച്ച്, സാമൂഹ്യസേവനം ആവശ്യമെങ്കിൽ അനുഷ്ഠിപ്പാൻ നമുക്ക് ന്യായമാകുന്നു. അതിനുവേണ്ടി സ്ഥിതിവിവരക്കണക്ക് ശേഖരിക്കുന്നതാണ് സാമൂഹ്യസർവ്വേ. പൊതുജനാരോഗ്യവിദ്യാഭ്യാസവും, പൊതുജനാരോഗ്യകൃത്യങ്ങളും സാമൂഹ്യസേവനത്തിലുൾപ്പെട്ടതാണ്. ''വൈദ്യാ! നീ നിന്നെ തന്നെ ആദ്യം സുഖപ്പെടുത്തുക.''

ഇതുപോലെ, എല്ലാവിധ വിവരങ്ങളും നൽകുന്ന ഒരു ദേശീയ രജിസ്റ്റർ ജപ്പാനിൽ സൂക്ഷിച്ചുവരുന്നതായി അവിടം സന്ദർശിച്ച ഒരു മഹാൻ പറഞ്ഞിരിക്കുന്നു. അതിൽ ഓരോ വ്യക്തിയുടെയും പൂർവ്വചരിത്രം രേഖപ്പെടുത്തുന്നു. ഓരോ പൗരനും ചെയ്യുന്ന കുററങ്ങളും ആക്ഷേപകരമായ പ്രവൃത്തികളും ഈ രജിസ്റ്ററിൽ അയാളുടെ പേരിൽ റിക്കാർഡ് ചെയ്യുന്നു. ഏതെങ്കിലും തൊഴിലിനായി പോകുമ്പോൾ ഏതൊരാളും ഈ ദേശീയ രജിസ്റ്ററിൽ നിന്നും അയാളെ സംബന്ധിച്ചുള്ള വിവരങ്ങൾ കാണിക്കേണ്ടതുണ്ട്. അതിൽ അയാളെ സംബന്ധിച്ചുള്ള വിവരങ്ങൾ മോശമായിരുന്നാൽ അയാൾക്ക് തൊഴിൽ ലഭിക്കുന്നില്ല ഈ ഏർപ്പാടുമൂലം പിടിച്ചുപറി, മോഷണം മുതലായ അപമാനകരമായ പ്രവൃത്തികൾ ചെയ്യുന്നതിൽ നിന്നും ജനങ്ങളെ വളരെ പിന്മാററുന്നുണ്ട്

''ഓരോരുത്തരും ഓരോരുത്തനു'' (മുദ്രാവാക്യം)
യാങ്ങ്ചൂ.

# അദ്ധ്യായം പതിനെട്ട്

## ഗാന്ധിജയന്തി

''എൻെറ സ്നേഹത്തെ സേവനത്തിൽ ഫലദായകമാക്കുന്നതിനുള്ള ശക്തി എനിക്ക് പ്രദാനം ചെയ്യുക. പാവങ്ങളെ പരിത്യജിക്കാതിരിക്കുന്നതിനുള്ള ശക്തി എനിക്കു തരിക.

—മഹാകവി ടാഗോർ,

മഹാത്മാഗാന്ധി മഹത്തായ ഇൻഡ്യയ്ക്കുവേണ്ടി ജീവിച്ചു. അദ്ദേഹം സ്വതന്ത്ര്യഇൻഡ്യയുടെ അസ്ഥിവാരമിട്ടശേഷം ഗാന്ധിയൻ തത്വസംഹിതകളെയും നേടിത്തന്നു് മൺമറഞ്ഞു തൻെറ ജീവിതംപോലെതന്നെ തൻെറ തത്വപ്രദർശനത്തിനായി ഇൻഡ്യൻ ഭരണകൂടംപോലും ഗാന്ധിശിഷ്യരുടെ കരങ്ങളിൽ അവ പ്രായോഗികമാക്കുവാൻ വെമ്പൽകൊള്ളുന്നു. ഇന്നു് ലോകത്തിൽ ഒരു പുതിയ വ്യവസ്ഥിതി കൈക്കൊള്ളത്തക്കവണ്ണം പ്രാചീനവും, നവ്യവുമായ ഇൻഡ്യയുടെ സംസ്ക്കാരത്തെ ഏകീകരിക്കത്തക്ക ഒരു ഗാന്ധിയൻ വിപ്ളവപ്രസ്ഥാനവും സൃഷ്ടിക്കപ്പെട്ടതു് കമ്മ്യൂണിസ്റ്റുകാരുപോലും അന്ധമായി അവിടവിടെ പ്രയോഗിച്ചുവരുന്നതായി കാണാവുന്നതാണു്.

ഗാന്ധിജി ഏതാണ്ടു് ഒരു സംപൂർണ്ണഭാരതീയനായി ജീവിച്ചു. തികച്ചും ആത്മാൎത്ഥതയും കൎത്തവ്യകർമ്മനിരതവും അക്രമരാഹിത്യവും നിറഞ്ഞ സാമൂഹ്യവ്യവസ്ഥിതിയെ പ്രദർശിപ്പിച്ചിരുന്ന ഒരു മനുഷ്യശ്രേഷ്ഠനായി ഇന്നും ലോകം അദ്ദേഹത്തെ എണ്ണുന്നു. അദ്ദേഹത്തിൻെറ ജീവിതവിജയം നമുക്കും പാഠമായിത്തീരട്ടെ. മനുഷ്യൻ യഥാൎത്ഥമനുഷ്യനായിത്തീരുന്നു.

ഇൻഡ്യാക്കാരൻ ഒരു ശരിയായ ഇൻഡ്യാക്കാരനാകണം.' എന്നതാണ് അദ്ദേഹത്തിൻെറ പ്രധാന ജീവിതസന്ദേശം.

ഗാന്ധിജയന്തി സംഘടിതമായി ഇൻഡ്യാ ഒട്ടുക്ക് ആഘോഷിക്കുന്നുണ്ട്. എന്നാൽ അതു ലോകം മുഴുവനും വിളങ്ങത്തക്കവണ്ണവും ഗാന്ധിയൻ രീതിയിലുമായാൽ വളരെ പ്രയോജനകരമാണ്. യഥാർത്ഥ ഭാരതീയനു് അദ്ദേഹത്തെ മറക്കുവാൻ സാദ്ധ്യമല്ല. എത്ര ഹീനമായ ജോലിപോലും രാഷ്ട്രസേവനത്തെ പരിഗണിച്ചു ചെയ്യുവാൻ ഗാന്ധിജി മടികാണിച്ചിരുന്നില്ല. സ്വന്തഭവനവും പരിസരങ്ങളും വൃത്തിയാക്കുക, ദേശങ്ങളുടെ പൊതുവായ മലശേഖരണം മുതലായവ അദ്ദേഹം നടത്തിയതായിട്ടു കാണുന്നതിൽനിന്നു് അദ്ദേഹത്തിൻെറ ദേശീയമനസ്ഥിതി വ്യക്തമാകുന്നതാണ്. സ്വന്ത കൈകൊണ്ടു ജോലി ചെയ്തു് ഉപജീവിക്കുന്ന വ്യവസ്ഥ, നിത്യവും രണ്ടുനേരം ഈശപ്രാത്ഥന, മതപുസ്തകപാരായണം, സാമുദായികമായും, രാഷ്ട്രീയമായും ഉള്ള അഭിപ്രായപ്രകടനം മുതലായവയായിരുന്നല്ലോ തൻെറ ദിവചര്യകൾ. അദ്ദേഹം ഭക്ഷണശുദ്ധി, ദേഹശുദ്ധി, സന്മാർഗ്ഗജീവിതം ഇവയെക്കുറിച്ചു് ജനങ്ങളോടു് പ്രസംഗിക്കുകയും ചെയ്തിരുന്നു.

ഇന്നു് ഇൻഡ്യാക്കാരോരുത്തക്കും ഗാന്ധിജയന്തിദിനം ആചരിക്കാം. ഓരോ ഭാരതീയനും രാഷ്ട്രപിതാവിൻെറ ജന്മദിനത്തിൽ പ്രത്യേകിച്ചും അദ്ദേഹത്തിൻെറ ദിനചര്യകൾ സ്വീകരിക്കുകയും തത്വസംഹിതകൾ പഠിക്കുകയും പ്രവൃത്തിപഥത്തിൽ കൊണ്ടുവരുകയും ചെയ്യുന്നതു് രാജ്യസ്നേഹമായിത്തീരുന്നതാണ്. വീടുകളും പരിസരങ്ങളും ശുചിയാക്കുക, സ്വന്തം കക്കൂസുകൾ വൃത്തിയാക്കുക, ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പി

ക്കക, കൈത്തൊഴിലുകരാംസ്വീകരിക്കുക, മതഗ്രന്ഥങ്ങരാം പാരായണം ചെയ്യുക, ഈശ്വരപ്രാത്ഥന നടത്തുക. ഇത്യാദി കാര്യങ്ങരാം ശരിയായും ആത്മാത്ഥമായും ചെയ്യുന്നപക്ഷം അതുതന്നെയാണ് മഹാനായ ആ ഭാരതീയൻെറ — മഹാത്മാഗാന്ധിയുടെ — സ്മരണയെ നിലനിറുത്തുന്നത്. അങ്ങിനെ നാം അദ്ദേഹത്തിൻെറ യഥാത്ഥ അനുയായികളായിത്തീരുക. അന്ന് ദേശീയവികസനത്തിനായി യത്നിക്കട്ടെ, കൃഷിക്കാർ മററുള്ളവരിൽ കൃഷിയിൽ ഔൽസുക്യം ചെലുത്തുവാൻ ശ്രമിക്കട്ടെ; വസ്ത്രമില്ലാത്തവന് വസ്ത്രവും, ദരിദ്രന് അന്നദാനവും; രോഗികരാക്ക് വൈദ്യസഹായവും നൽകുന്നതിനായി എല്ലാവരും ഒത്തൊരുമിച്ച് ശ്രമിക്കട്ടെ. ഇങ്ങിനെ മഹാത്മാഗാന്ധി വിഭാവനം ചെയ്ത ഇൻഡ്യാ ആണ്ടിലൊരിക്കലെങ്കിലും സംഭവിക്കുവാൻ ഓരോ ഭാരതീയനും പരിശ്രമിക്കുക. മഹത്തായ ഇൻഡ്യ ഉത്തരോത്തരം വളരട്ടെ.

''അനശ്വരമായ സ്വർഗ്ഗരാജ്യം, അഥവാ മോക്ഷം. അതാണ് എൻെറ അഭിലാഷങ്ങളുടെ ലക്ഷ്യം. എന്നെ സംബന്ധിച്ചിടത്തോളം മോക്ഷപദമെന്നത് എൻെറ രാജ്യത്തിനും തദ്വാരാ മനുഷ്യസമുദായത്തിനും വേണ്ടിയുള്ള നിരന്തരസേവനമാകുന്നു. ഒരു മുഹമ്മദീയനോ, ക്രിസ്ത്യാനിയോ, ഹിന്ദുവോ എന്നെ വെറുക്കുകയും അവഹേളിക്കുകയും ചെയ്യുകയാണെങ്കിൽ തന്നെയും അയാളെ സ്നേഹിക്കുന്നതിനും സേവിക്കുന്നതിനും ഞാൻ ശ്രമിക്കും''—ഗാന്ധിജി.

# അദ്ധ്യായം പത്തൊൻപതു്

## സഹകരണയുഗത്തിലോ
## തൊഴിലില്ലായ്മപ്രശ്നം?

"അജ്ഞാനം, അനാരോഗ്യം, അഴുക്കു്, അത്യാശ, അവിവേകം, അന്ധവിശ്വാസം ഇവയെല്ലാം ജീവിതവൃത്തിക്കു് വ്യാപാരസമാനങ്ങളാക്കി ഉപയോഗിക്കുക പതിവാണു്. ആദ്യത്തേതുകൊണ്ടു് അദ്ധ്യാപകനും, ഒടുവിലത്തേതുകൊണ്ടു് മന്ത്രവാദിയും മററുള്ളവകൊണ്ടു് യോഗ്യന്മാരെന്നഭിമാനിക്കുന്ന മററു പലരും വ്യാപാരം നടത്തുന്നു."

ജോലിക്കു് സഹായകങ്ങളായി മനുഷ്യൻ സംഭാവന ചെയ്യുന്ന കാര്യങ്ങളാണു് മേല്പറഞ്ഞതു്. അതുകൊണ്ടു് സാമൂഹ്യസേവനം ഇന്നു് തൊഴിലില്ലായ്മയെ സഹായിക്കുകയാണോ, പരിഹരിക്കുകയാണോ? എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. സ്വന്തമായി ചെയ്യുന്ന സ്വതന്ത്രവാണിജ്യമാണു് ഏററവും മേന്മയേറിയതു് എന്നു് കാണാവുന്നതാണു്. സ്വന്തമായി തൊഴിൽ ചെയ്യുന്ന സ്വതന്ത്രമനസ്ഥിതി ഉപേക്ഷിച്ചു് കൂടുതൽ ആളുകളും, മററുള്ളവരുടെ ശമ്പളക്കാരായി സേവനം അനുഷ്ഠിച്ചുവരുന്നതു് സ്വാതന്ത്ര്യഇൻഡ്യയുടെ വികസനത്തിനു് കൂടുതൽ സഹായകമായിരിക്കയില്ല. ലോകത്തിൽ മനുഷ്യർ ആദ്യം നടത്തിവന്ന തൊഴിൽ—ദാനപ്രസ്ഥാനം—വ്യാപാരങ്ങളായിരുന്ന വ്യാപാരം വഴി സാമ്രാജ്യം സ്ഥാപിച്ചതു് ചരിത്രത്തിന്റെ ഏടുകളിൽ കാണാവുന്നതാണു്. എന്നാൽ ഭാരതത്തിൽ ദൈവസേവകർ എന്ന ഒരു കൂട്ടർ പ്രബലരായി വന്നപ്പോൾ, അവരെ സേവിക്കുന്നതിനു് കുറെ ആളുകൾ ത-

യ്യാറായി. ആ സേവനം വെറും സേവമാത്രമായിരുന്നതിനാൽ നല്ല പ്രതിഫലവും ലഭ്യമായിരുന്നു. അതുവളന്നു ജന്മികളും കാര്യസ്ഥന്മാരും എന്നമട്ടായി. അന്ന് ഇൻഡ്യാ അടിമത്വത്തിലായിരുന്നു; ഇന്നു സ്വാതന്ത്ര്യത്തിൻെറ പൊൻപുലരികളാണുള്ളതു്. അതിനാൽ ഇന്നു ദേശസേവനമായിരിക്കണം നമ്മുടെ ആദർശം.

തൊഴിൽ വികസനത്തിനു നാം അഭിമുഖികരിക്കേണ്ട പില പ്രശ്നങ്ങളുണ്ടു്. ഈ പ്രശ്നങ്ങളാണു നമ്മെ തൊഴിൽ പ്രവേശനത്തിൽനിന്നു പുറകോട്ടു മാറിനിർത്തുന്നതും, തൊഴിലില്ലായ്മ വദ്ധിപ്പിക്കുന്നതും. തൊഴിലില്ലായ്മ കാരണം ദാരിദ്ര്യം, കൊള്ള, കൊല, വഞ്ചന മുതലായവ ലോകത്തിൽ സംഭവിക്കുന്നു. തൻേറടവും ചുറുചുറുക്കും ഉള്ള യുവാക്കന്മാർ ജോലിയില്ലാപ്പിശാചിൻെറ കൈകളിൽ അമർന്നിരിക്കുന്നതു് എത്രയും സങ്കടകരമായ ഒരവസ്ഥയാണു്. അതു് ഒരു രോഗമായി സങ്കല്പിക്കാവുന്നതാകുന്നു മസൂരിരോഗം ബാധിച്ചവൻെറ മുഖവും, ദേഹവും കഴിഞ്ഞപാടുകൾകൊണ്ടു് നിറഞ്ഞിരിക്കുന്നതുപോലെ ജോലിയില്ലായ്മ, രാഷ്ട്രീയവും, സാമൂഹ്യവും, സാമുദായികവും ആയ ഭവിഷ്യത്തുകൾമൂലം രാജ്യശരീരത്തിൽ സ്ഥിരം പാടുകൾ കാട്ടിക്കൂട്ടുമെന്നുള്ളതിനു തക്കമില്ല.

പാശ്ചാത്യലോകം ഉന്നതിയെ പ്രാപിച്ചതു് വാണിജ്യം ഹേതുവായിട്ടാണല്ലോ. ഭാരതവണിക്പ്രഭുക്കളായ വൈശ്യരെവിടെ? ജോലിയില്ലായ്മപരിഹരിക്കുന്നതിനാണു് ഭാരതത്തിൽവർണ്ണ (ജാതി) ധർമ്മം ഏർപ്പെടുത്തിയിരുന്നതു്. വാണിജ്യവും വ്യവസായവും ഇന്നു് ഏറിയ പങ്കും ധനികൻെറ കൈവശത്തിലായിപ്പോയി. മൂലധനമില്ലായ്ക, ജന്മവാസനയില്ലായ്മ, കഴിവുകാവു്: പരിതസ്ഥിതികളുടെ പ്രാതികൂല്യം മുതലായവയാണു് നമ്മെ അഭിമുഖീകരിക്കു

ന്ന പ്രശ്നങ്ങൾ. ചെറിയ വ്യാപാരങ്ങളോ, തൊഴിലുകളോ നടത്തി വലിയ സ്ഥാനത്തെത്തുക എന്നതാണ് സാധാരണ സംഭവ്യം. കാരണം, ചെറിയതോതിൽ നടത്തുന്നവന്റെ പരിചയവും, സാഹചര്യവും അവനെ വികസനത്തിലേക്ക് നയിക്കുകയാണ് ചെയ്യുന്നതു്. നേരെമറിച്ച് യാദൃശ്ചികമായി വൻതോതിൽ ഒരു കച്ചവടം നടത്തുന്നവനു് സംഗതിവശാൽ ഒരു നഷ്ടത്തിനിടവന്നാൽ സകലവും നശിക്കും. മറെറാരു പരീക്ഷണത്തിനുപോലും തയ്യാറാകാതെ ഭഗ്നാശയനായിപ്പോകും. "അനച്ചവെള്ളം കണ്ട പൂച്ച പച്ചവെള്ളം കണ്ടാൽ അറയ്ക്കുമല്ലോ." എന്നാൽ ചെറിയതോതിൽ ബിസ്സിനസ്സ് നടത്തുന്നവനു് ആ ചെറിയ തുകയെ—നഷ്ടം വന്നാലും—സഹിക്കേണ്ടിവരുന്നുള്ളു. എന്നാൽ ചിരപരിശ്രമത്താൽ അതു് തിരികെ കിട്ടിയെന്നുംവരാം. അല്ലെങ്കിൽ അതു് പുരോഗതിയുടെ ഒരു കല്പടി മാത്രമായി അവനു് ഗണിക്കുവാനും സാധിക്കും. ഏതായാലും ക്രമപ്രവൃദ്ധമായി കച്ചവടത്തിൽ വളരാതെയിരുന്നാലും അധഃപ്പതിക്കുവാൻ ന്യായങ്ങളുണ്ടു്. കാരണം, സമ്പാദിച്ചതു് അശിച്ചും, സമ്പാദിക്കുന്നതു് ചിലവാക്കിയും, തീരുന്നു. ആ വിടവു് നികത്താനോ, ഭാവി സുരക്ഷിതത്വത്തിനു് കരുതൽ ചെയ്യാനോ അവനു് ഇടയാകുകയും ചെയ്യു എന്നു് വരികയില്ലെങ്കിൽ അധോഗതി നിശ്ചയം. രണ്ടായാലും സ്ഥിരപരിശ്രമികൾ മാത്രമേ വിജയസോപാനത്തിൽ ചെന്നെത്തുകയുള്ളു എന്നു് ഗ്രഹിക്കാവുന്നതാണു്. ഇപ്രകാരം മാക്കററു് മുഴുവൻ നിയന്ത്രിക്കുവാൻ തക്ക ശേഷിയും സാമർത്ഥ്യവും ഉള്ളവർ ഇന്നു് വാണിജ്യമണ്ഡലത്തു് എവിടെയുണ്ടു്?

ബിസ്സിനസ്സിലേക്കു് സാധാരണ പ്രവേശിക്കുവാൻ പററിയ എളുപ്പമാർഗ്ഗം പങ്കുകച്ചവടമാണു

(Partnership trade). പണമുള്ള ഒരുവനും കച്ചവടം അറിയാവുന്ന വേറൊരാളും ച്ചേൻസ് നടത്തുന്നതു ഇരുകൂട്ടർക്കും പ്രയോജനകരവും, അഭിവൃദ്ധിനിദാനവുമാണെന്നു് തർക്കമില്ലല്ലോ. അവരുടെ അനുഭവസമ്പത്തു് പക്വമാകുമ്പോൾ പങ്കുപിരിയുന്നവരുമുണ്ടു്. പ്രകൃതിയിൽ ചില ജീവികളുടെ ശരീരം മൂത്തു് (ripen) മുറിഞ്ഞു് മറെറാരു ജീവിയെ ഉല്പാദിപ്പിക്കുന്നതുപോലെ സ്വയം കച്ചവടസംഘത്തിൽ നിന്നു് മാറി നല്ല വാണിജ്യപ്രഭുക്കളായി വേർപെട്ടുവരുന്നവരുണ്ടു്. ബിസ്സിനസ്സ് നടത്തുന്നതു് കഴിയുന്നതും, വെറും ന്യായമായ ലാഭം ഉദ്ദേശിച്ചും നല്ല പേരു് (good will) സമ്പാദിക്കാൻ തക്ക രീതിയിലും ആയിരിക്കണം, കമ്പനികളുടെ ഈ പാരമ്പര്യം വ്യാപാരത്തിൽ അതിപ്രാധാന്യമുള്ളതാണു്. അതിലാണു് ബിസ്സിനസ്സിൻെറ വിജയം ഏറിയകൂറും സ്ഥിതിചെയ്യുന്നതു്. ഇപ്രകാരം ആദർശപരമായി ചെയ്യുന്നബിസ്സിനസ്സ് എത്രയും ശ്രേഷ്ഠവും രസകരവും ആയിരിക്കും. തൊഴിൽപരമായ ഉന്നതിക്കു് സാങ്കേതികപരിശീലനവും, പരിചയവും ഏററവും ഉചിതമായിരിക്കും.

പരിഷ്കൃതരാജ്യങ്ങളിൽ സ്വകാര്യവ്യക്തികളെക്കാൾ കമ്പനികളും, സഹകരണസംഘങ്ങളുമാണു് ക്രയവിക്രയാദികാര്യങ്ങളിൽ പങ്കെടുക്കുന്നതു്. മനുഷ്യർക്കു് ഏററവും പ്രയോജനകരവും, പൊതുവെ മെച്ചവുമാണു് സഹകരണസംഘങ്ങൾ വഴിയുള്ള വ്യാപാരങ്ങളെന്നു് കണ്ടുവരുന്നു. ഏകോദ്ദേശസഹകരണസംഘങ്ങളും വിവിധോദ്ദേശസംഘങ്ങളും ധാരാളമായി നമ്മുടെ നാട്ടിൽ ഉണ്ടാകുന്നതു് തൊഴിലില്ലായ്മക്കു് ഒരു പരിഹാരവും ജനാധിപത്യപരമായ പരിശീലനത്തിനു് നിദാനവുമായിത്തീരുന്നതാണു്. സാമൂഹ്യമായ പരോഗതിയെ അടിസ്ഥാനമാക്കി നടപ്പിൽ വരുത്ത

ണ്ടചില സഹകരണസംഘങ്ങളെപ്പററി പ്രതിപാദിക്കാം.

1. Better living Societies.

ഉദ്ദേശങ്ങൾ (1) ഗ്രാമീണപുനരുദ്ധാരണം.

2) ജനനം, വിവാഹം, മരണം ആദിയായ ഗാർഹിസംഭവങ്ങളോടനുബന്ധിച്ച് നടത്തുന്ന അനാവശ്യ ചിലവുകൾ കുറയ്ക്കുന്നതിന് അംഗങ്ങളെ പ്രേരിപ്പിക്കുക

3) ജീവിതത്തോത് സാമാന്യമായി ഉയർത്തുക.

4) പൊതുജനാരോഗ്യവും മെഡിക്കലും പരസ്പരസഹായസംഘങ്ങളേർപ്പെടുത്തുക.

2. Arbitration Societies.

ഉദ്ദേശങ്ങൾ — വ്യവഹാരം നിറുത്തുകയും. സ്ത്രീ, വിളവ്, കടം, ആക്ഷേപം, ഉപദ്രവം, ജലവിതരണം മുതലായവ സംബന്ധിച്ച് കേസ്സുകൾ കേട്ട് തീരുമാനിക്കുകയും ആകുന്നു.

3. Societies for women.

ഉദ്ദേശങ്ങൾ—മിതവ്യയശീലം പഠിപ്പിക്കുക, ഗാർഹികസുഖാരോഗ്യസൗഭാഗ്യത്തിനുതകുന്ന വിവിധവിഷയങ്ങൾ പഠിപ്പിക്കുക മുതലായവയാണ്.

4. Better farming Societies.

നല്ല വിത്തുകൾ ഉപയോഗിച്ചും, പരിഷ്കൃതങ്ങളായ കൃഷിയായുധങ്ങൾ പ്രയോഗിച്ചും, കൃഷി ഡിപ്പാർട്ടുമെൻറിൻെറ വിദഗ്ദ്ധാഭിപ്രായങ്ങളും മററും സ്വീകരിച്ച് വേണ്ടവിധം കൃഷിയെ പ്രോത്സാഹിപ്പിക്കുകയും, ചതുപ്പ നിലങ്ങൾ പൊക്കിയെടുക്കുകയും, വനം സംരക്ഷിക്കുകയും, മണ്ണൊലിപ്പ് തടയുകയും മൊട്ടക്കുന്നുപുറങ്ങൾ വനമാക്കുകയും മററുമാണ് ഉദ്ദേശങ്ങൾ.

5. വിവിധോദ്ദേശസഹകരണസംഘങ്ങൾ

ഉദ്ദേശങ്ങൾ (1) ഗ്രാമത്തിൽ അധിവസിക്കുന്നവർക്ക് ഭക്ഷണത്തിനും, നിത്യവൃത്തി കഴിക്കുന്നതിനുള്ള തൊഴിലിനും ആവശ്യമായ അസംസ്കൃതസാധനങ്ങൾ ശേഖരിക്കുന്നതിനും.

2) ഗ്രാമവാസികൾക്ക് ആവശ്യമുള്ള സാധനങ്ങൾ വിതരണം ചെയ്യതിൻെറശേഷം ഗ്രാമത്തിലുണ്ടാകുന്ന വിളവുകളെ വിപണനം ചെയ്യുന്നതിനും.

3) വളം, കാർഷികോപകരണങ്ങൾ. വിത്ത് ഇവ ഒരുമിച്ചുവാങ്ങി ആവശ്യക്കാർക്ക് കൊടുക്കുന്നതിനും.

4) വിത്തുകാളയെ വാങ്ങി സംരക്ഷിക്കുന്നതിനും.

5) കരം, പാട്ടം, മുതലായവ പിരിക്കുന്നതിനും ഗവർമെൻറിനും സാമാന്യജനങ്ങൾക്കും മദ്ധ്യേയുള്ള ഒരു ഘടകമായി വർത്തിക്കുന്നതിനും ഉപയോഗിക്കാവുന്നതാണ്.

ധനസഹായം, ഉപഭോക്തൃസംഘം, മാർക്കററിംഗ്, കൃഷി, വ്യവസായം, സാമൂഹ്യം, കന്നുകാലിവളർത്തൽ. മൃഗവൈദ്യം, പ്രാഥമികശുശ്രൂഷ, കുടിൽവ്യവസായം, ഉല്പാദനവും പ്രദർശനവും, ഗൃഹനിർമ്മാണം നിർബന്ധിതവയോജനവിദ്യാഭ്യാസം; ക്ഷീരവ്യവസായം; ഭക്ഷ്യോല്പാദനം; വസ്ത്രനിർമ്മാണം; ചിട്ടി; ജലസേചനം: മുട്ട, നെയ്ത്ത് മുതലായ സംഗതികളിലും ഏകോദ്ദേശസഹകരണസംഘങ്ങൾ പ്രവൃത്തിപഥത്തിൽ കൊണ്ടുവരാവുന്നതാണ്. തൊഴിലില്ലായ്മ ഏറിയകൂറും ഗ്രാമങ്ങളിലാകയാൽ സഹകരണസംഘംവഴി സാമൂഹ്യനന്മയും തൻമൂലം ഗ്രാമോദ്ധാരണവും ജനക്ഷേമവും കൈവരുന്നതാകുന്നു.

# അദ്ധ്യായം ഇരുപത്

## യാചകരില്ലാത്ത ലോകം

"മനസ്സിൽ പ്രേമലും സ്വവർഗ്ഗീയരുടെ നേർക്ക് ദോഷം ചെയ്യാൻ ചിന്തയുള്ളവൻ ഐഹികപാരത്രികങ്ങളെ ഒന്നുപോലെ നഷ്ടപ്പെടുത്തുകയും ചാണകപ്പാത്തിയിലെ ഒരു കൃമിയായി അവനു പുനർജ്ജന്മം ലഭിക്കുകയും ചെയ്യുന്നതാണ്"—അഭിജ്ഞവചനം.

യാചകപ്രശ്നം ഇന്ന് ലോകത്തെ അലട്ടിക്കൊണ്ടിരിക്കുന്ന ഒരു പ്രശ്നമാണ്. പല സാമൂഹ്യപ്രവർത്തകരും. സംഘടനകളും കൈമാറുന്ന ഒരു വിഷയമാണിത്. തെണ്ടികളില്ലാത്ത രാജ്യങ്ങളില്ലേ, പട്ടണമില്ലേ. തെരുവില്ലേ, ഗ്രാമമില്ലേ? ഏതായാലും അനാഥമന്ദിരങ്ങളുടെസംഖ്യ നമ്മുടെയിടയിൽ ക്രമാതീതമായി വദ്ധിക്കേണ്ടിയിരിക്കുന്നു. അവസാനമെങ്കിലും, യാചകരില്ലാത്ത ഒരു ലോകം ദർശിക്കാൻ സാധിക്കുമോ? ഇന്നത്തെ നിലയിൽ അതെങ്ങിനെ സാധിതപ്രായമാകും? വിവിധത്വം നിറഞ്ഞ ഇന്നത്തെലോകം അവരുടെ നിലനില്പിനെ അസാദ്ധ്യമാക്കിത്തീർക്കുമോ? എന്നെല്ലാം ചിന്തിക്കേണ്ടതുണ്ട്.

'തെണ്ടികൾ ലോകത്തിൽനിന്ന് ഒരിക്കലും മാറുവാൻസാധിക്കുന്നതല്ല' എന്നു ക്രിസ്തുമതതത്വങ്ങളിൽനിന്ന് കാണാവുന്നതാണ്. അനാഥരും, വിധവസ്സും, ദരിദ്രനും ന്യായം പാലിച്ചുകൊടുക്കണമെന്ന തത്വം പഴയനിയമകാലം മുതൽ യൂദർ അംഗീകരിച്ചതാണ്. അതിന്റെ ഫലമായി യാചകർക്ക് ധർമ്മം കൊടുക്കുന്നത് പുണ്യമായി അന്നും കരുതപ്പെട്ടിരുന്നു ധർമ്മം കൊടുക്കുന്ന രീതിയെപ്പററി ക്രിസ്തു, മലപ്രസംഗത്തിൽ

പറഞ്ഞിരിക്കുന്നു. (മത്താ. 6) കൂടാതെ ദാനധർമ്മങ്ങൾ നടത്തുന്നതു് ഒരു പുണ്യപ്രവൃത്തിയായി ക്രൈസ്തവലോകവും സമ്മതിക്കുന്നു. ചുങ്കക്കാരെയും പാപികളെയുമാണു് താൻ രക്ഷിക്കുവാൻ വന്നതെന്നും; അവർ യൂദർക്കു് മുമ്പു് ദൈവരാജ്യത്തിൽ പ്രവേശിക്കുമെന്നും ക്രിസ്തു അരുളിച്ചെയ്തിട്ടുണ്ടു്. മഗ്ദലനമറിയത്തിൻെറ പരിമളതൈല ലേപനത്തിൽ അസൂയാലുവായ യൂദായുടെ ചോദ്യത്തിനു് ക്രിസ്തു അരുളിച്ചെയ്തതു്. ദരിദ്രർ നിങ്ങൾക്കു് എപ്പോഴും അടുക്കൽ ഉണ്ടു്, ഞാനോ നിങ്ങളോടു കൂടെ എപ്പോഴും കാണുകയില്ല.'' നിങ്ങളുടെ ധനമെല്ലാം ദരിദ്രർക്കു് ദാനം ചെയ്യുക എന്നാണു് ശ്രീയേശു നല്ല യൗവനക്കാരനെ ഉപദേശിച്ചതു് രാജപുത്രൻെറ കല്യാണം എന്ന ഉപമയിൽ ദരിദ്രരെ വിരുന്നിനു് ക്ഷണിക്കണമെന്നും ആയതു അവർക്കു് പ്രത്യുപകാരം ചെയ്യാൻ കഴിവില്ലായ്കയാൽ നിങ്ങൾക്കു് കൂടുതൽ ഫലം ലഭിക്കുമെന്നും ആണു് ക്രിസ്തു പഠിപ്പിച്ചതു് ദരിദ്രയായ വിധവ ശ്രീഭണ്ഡാരത്തിൽ ഇട്ട രണ്ടു കാശിനെ കർത്താവു് വളരെ വിലമതിച്ചുവല്ലോ.

''ഗതികെട്ടാൽ പുലി പുല്ലും തിന്നും'' എന്നതുപോലെ അഗതിയായ മനുഷ്യൻ യാചകവൃത്തിയെ അവലംബിക്കുന്നു. കഴിവില്ലായ്മയുടെ ഒരവസ്ഥയാണു് യാചനയ്ക്കു് മനുഷ്യനെ പ്രേരിപ്പിക്കുന്നതു്.

''കണ്ടാലിരക്കുന്ന ജനങ്ങളുണ്ടോ

കപ്പാൻമടിക്കുന്നതരംവരുമ്പോൾ'' എന്നു് കുഞ്ചൻനമ്പ്യാർ പാടിയിരിക്കുന്നതുപോലെ യാചകൻ മോഷ്ടാവും മററും ആയി അധഃപതിക്കയാണു് ചെയ്യുന്നതു്. അതുകൊണ്ടു് അവരെ ഈ അവസ്ഥയിൽ നിന്നുദ്ധരിക്കേണ്ടതാണു്. അതിനുവേണ്ട പ്രവൃത്തിമാർഗ്ഗങ്ങൾ കാണിച്ചുകൊടുക്കുന്നതിനു മതങ്ങൾക്കു്

സാധിച്ചിട്ടുണ്ട്. രണ്ടു മാർഗ്ഗങ്ങളാണവ. ഒന്നു് സാമൂഹ്യസേവന പദ്ധതികളും മററതു് ദാനധർമ്മങ്ങളുമാണു്. എന്നാൽ 'ജീവൻ വെച്ചതു് നാശത്തിനായി എന്നു പറഞ്ഞതുപോലെ ഈ മാർഗ്ഗങ്ങളുടെ മദ്ധ്യേ യാചകർ വർദ്ധിക്കയാണു് ചെയ്യുന്നതു്. ഭക്തജനങ്ങൾ നൽകുന്ന ധർമ്മത്തിൻെറ കൂടുതൽ യഥാർത്ഥ ദരിദ്രരെ കൂടാതെ മടിയന്മാരായ മററുള്ളവരേയും ആകർഷിക്കുകയാണു് ചെയ്യുന്നതു്. ഇങ്ങനെ തീർത്ഥയാത്രാ സ്ഥലങ്ങളിൽ നിന്നാണു് ഈ ശല്യം ലോകത്തിൽ വർദ്ധിക്കുവാനിടയായതു്, തുടർന്നു് അതു് ഒരു ആചാരമായിത്തീരുകയും കപടമോ, ജാതിയോ ആവശ്യമോ നോക്കാതെ അവർ ദാനധർമ്മികളായിത്തീരുകയും ചെയ്തു അഗതിമന്ദിരങ്ങൾ, മററു് സേവനസംഘടനകൾ മുതലായവയുണ്ടെങ്കിലും ഈ പ്രശ്നം ഇതുവരെ സംപൂർണ്ണമായി പരിഹരിക്കപ്പെട്ടിട്ടില്ല ജനസംഖ്യ വർദ്ധനവു്, സാമ്പത്തികാധഃപ്പതനം മുതലായവ ഇവരുടെ വർദ്ധനവിനു് കാരണമായിത്തീർന്നു് കാലക്രമത്തിൽ യാചകർ, കപടസന്യാസികൾ മോഷ്ടാക്കൾ, മുതലായവരായി പരിണമിച്ചിട്ടുണ്ടു് അവരുടെ നിരുത്തരവാദിത്വ ജീവിതം, മോഷണം, കൊല, കൊള്ള, വഞ്ചന, മററു് അസാന്മാർഗ്ഗികജീവിതനടപടികൾ മുതലായവയുടെയും കാരണമാകുന്നുണ്ടു്. അതുകൊണ്ടു് സാമൂഹ്യനന്മയ്ക്കു് ഇവരെ രക്ഷിക്കേണ്ടതു് സമുദായത്തിൻെറ ഒരു കടമയായിത്തീർന്നിരിക്കുകയാണു്.

യഥാർത്ഥയാചകരിൽ ഏറിയ പങ്കും ഭക്ഷണ ദാരിദ്ര്യം, സാമൂഹ്യഭ്രഷ്ട്, ഗൃഹവും ഭൂമിയുമില്ലായ്ക, മാനസീകരോഗം, പൊറുക്കാത്തദീനം, അംഗഹീനത്വം, അംഗഭംഗത്വം, ജോലികിട്ടായ്ക അനാഥത്വം മുതലായ കാരണങ്ങളാലാണു് യാചകവൃത്തി സ്വീകരിക്കുന്ന

ത്തു് എന്നു കാണാവുന്നതാണു്. യാചകക്കു് സ്വയം ദുരിതവും, അവർമൂലം പൗരജനങ്ങൾക്കു് വലിയ ശല്യവും ആണു്. അതുകൊണ്ടു് അവരെ ആ വ്യവസ്ഥിതിയിലാക്കിയ കാരണങ്ങളെ ഇല്ലായ്മ ചെയ്യുക എന്ന സാമൂഹ്യസേവനമാണു് ഉടൻ ആവശ്യമായിരിക്കുന്നതു്. അതുകൊണ്ടു സാമൂഹ്യവും, സാമ്പത്തികവും, സാംസ്ക്കാരികവും സാന്മാർഗ്ഗികവുമായ ക്ഷേമം പൊതുവെ കാണാൻ കഴിയും. മഹാത്മഗാന്ധി ഹരിജനോദ്ധാരണം നടത്തിയതുപോലെ ഇവരേയും ഉദ്ധരിക്കുവാൻ ശ്രമിക്കേണ്ടതു് രാജ്യത്തിന്റെ കടമയാണു്. യാചകസങ്കേതങ്ങൾ കൂടാതെ (Refugees) അഭയാർത്ഥികൾക്കു് എന്നതുപോലെ ഒരു ശരിയായ ജീവിതം നയിക്കുവാൻ തക്കവണ്ണം കോളനികളും, മററു് സൗകര്യങ്ങളും ചെയ്തു കൊടുക്കേണ്ടതാണു്. രോഗികളെ ശുശ്രൂഷിച്ചു് സുഖപ്പെടുത്തുന്നതിനും ജോലിക്കു് കഴിവുള്ളവരെ ജോലിക്കു് നിയമിക്കുന്നതിനും മററും വേണ്ട കരുതലുകൾ നടത്തേണ്ടതാകുന്നു. യാചന നിയമവിരുദ്ധമാക്കുകയും; യാചകരുടെ ഉദ്ധാരണത്തിനു സ്ഥിതി ചെയ്യുന്ന സംഘടനകളെ പ്രോത്സഹിപ്പിക്കുകയും ചെയ്യണം കൂടാതെ യാചകരുടെ സെൻസസ്സു് എടുത്തു്, അവരെ സംബന്ധിച്ച സ്ഥിതിവിവരണക്കണക്കും തയ്യാറാക്കി ഒരു മനഃശാസ്ത്രവിദഗ്ദ്ധനെക്കൊണ്ടു് സർവ്വേ ചെയ്യിക്കുന്നപക്ഷം, ഈ പ്രശ്നപരിഹാരാർത്ഥം പല നൂതനതത്വങ്ങളും ആവിഷ്ക്കരിക്കാൻ സാധിക്കും, അവശസമുദായക്കാർക്കു് ചെയ്യുന്നതുപോലെ ഉദ്യോഗദാനവിഷയത്തിലും പഠിത്വത്തിലും മററും ഇവക്കും സൗജന്യങ്ങളും മുൻഗണനകളും നൽകുന്നതു് പ്രോത്സാഹജനകമായിരിക്കും. ഇന്നു് ഇവരുടെ സംഖ്യയും, ജീവിതരീതിയും എത്രയും പുരോഗമിച്ചു് (അധഃപ്പതിച്ചു്) അവർ പട്ടണപ്രാന്തങ്ങളിൽ നിന്നു് മാറാതെ കഴിച്ചുകൂട്ടുന്നതുമൂലം

സാമ്പത്തികവും, ആരോഗ്യപരവും ആയി പല ഭവിഷ്യത്തുകളും പൊതുജനങ്ങൾക്ക് അനുഭവപ്പെടുവാനിടയുണ്ട്. ഏതായാലും അവരുടെ ഉയർച്ചയ്ക്ക് പ്രവർത്തിയ്ക്കുന്നതായാൽ അവരുടെ പേരിൽ വൃഥാപ്രചരണം നടത്തുന്ന കമ്മ്യൂണിസം മുതലായ ഇസങ്ങൾ ഇല്ലാതെയാകുമല്ലോ.

യാചകവൃത്തി നിന്ദ്യവും, നികൃഷ്ടവും ആണ്. ദരിദ്രനും ശവവും ഒന്നുപോലെയാകുന്നു. അതെങ്ങനെയെന്നാൽ ശവത്തിന് യാതൊന്നും ചെയ്യാൻ കഴികയില്ലാത്തതുപോലെ ദരിദ്രനും യാതൊന്നും ചെയ്യാൻ കഴിയുന്നതല്ല. ആർക്കാണ് ദാനം കൊടുക്കേണ്ടത്? ദരിദ്രർക്കും, രോഗികൾക്കും, അതിഥികൾക്കും മററുമാണ്. ദാനം ചെയ്യേണ്ടത് ആരാണ്? പുരുഷന്മാരാണ്. അന്നദാനം മഹാപുണ്യം; വിദ്യാദാനം തതോധികം. അല്പക്ഷണത്തിൽമാത്രം നിറയ്ക്കുന്ന ഒരു ദാനപ്രസ്ഥാനമാണ് അന്നദാനം. എന്നാൽ ദാനങ്ങളിൽ അന്നദാനം മുഖ്യമെന്നാണ് അറിവുള്ളവർ പറയുന്നത് ദാനശീലമാണ് ഒരു മനുഷ്യന്റെ ഉത്തമലക്ഷണമെന്ന് ഗീതയിൽ പറയുന്നു ധനദാനത്തിലും മഹത്തരമായ ദാനം കരുണാദാനമാണ്, സ്നേഹദാനമാണ്. ആത്മദാനമാണ് മറെറല്ലാദാനങ്ങളിലും ശ്രേഷ്ഠതരം

''കൊടുക്കുക ജീവിക്കുകയാണ്. ധനം കൂട്ടിവയ്ക്കുക, പ്രകാശത്തിൽ നിന്നു് അന്ധകാരത്തിലേയ്ക്കു കടന്നുകൂടുകയാണ്.'' —ഗുരുമന്ത്രം.

# അദ്ധ്യായം ഇരുപത്തൊന്നു്

## ഒരു നല്ല അയല്ക്കാരൻ

''നിങ്ങളുടെ വീട്ടിൽ, അതായത്തു് നിങ്ങളുടെ സ്വന്തക്കാരുടെ അടുക്കൽ ചെന്നു് ദൈവം നിങ്ങാംക്കു് ചെയ്തുതന്നിട്ടുള്ളതിനെക്കുറിച്ചു് പറയുക.''—ശ്രീയേശു.

'എൻെറ അയൽക്കാരനാരാകുന്നു' എന്നു് ഒരു ശാസ്ത്രാദ്ധ്യാപകൻ ചോദിച്ചു. യേശു അവനോടിപ്രകാരം പറഞ്ഞു. ''ഒരു മനുഷ്യൻ ഊർശ്ലേലമിൽനിന്നു് യരീഹൊയിലേക്കു് പോകവെ കള്ളന്മാരുടെ കൈയിൽ അകപ്പെട്ടു അവർ അവൻെറ വസ്ത്രമഴിച്ചെടുക്കുകയും പ്രഹരിക്കുകയും, അല്പപ്രാണനാക്കി വിടുകയും ചെയ്തിട്ടു പോയി. അങ്ങിനെയിരിക്കെ ഒരാചാര്യൻ ആ വഴിയെ വരുവാനിടയാവുകയും അവനെ കണ്ടിട്ടു് ഒഴിഞ്ഞു പോകയും ചെയ്തു. അപ്രകാരം തന്നെ ഒരു ലേവ്യനും ആ സ്ഥലത്തു് വന്നെത്തുകയും അവനെ കണ്ടിട്ടു് ഒഴിഞ്ഞുപോകയും ചെയ്തു. എന്നാൽ ഒരു ശൊമറീൻകാരൻ യാത്രയിൽ അവൻ കിടന്നിരുന്നിടത്തുവരികയും അവനെ കണ്ടിട്ടു് അവനിൽ മനസ്സലിഞ്ഞു് അടുത്തുചെന്നു് മുറിവുകളെ കെട്ടുകയും, അവയുടെമേൽവീഞ്ഞും എണ്ണയുംകൊണ്ടു് ധാരകോരുകയും ചെയ്തിട്ടു് തൻെറ കഴുതപ്പുറത്തു് കയറ്റി ഒരു സത്രത്തിൽകൊണ്ടു ചെന്നാക്കി അവൻെറ കാര്യത്തിൽ ഉത്സാഹിച്ചു. പിറെറദിവസം പ്രഭാതസമയത്തു് അവൻ രണ്ടു ദീനാറാ എടുത്തു് വഴിയമ്പലക്കാരൻെറ പക്കൽ കൊടുത്തിട്ടു് ''നീ ഇവൻെറ കാര്യത്തിൽ ഉത്സാഹിക്കുക. അധി

കം വല്ലതും ചെലവിടുന്നപക്ഷം ഞാൻ മടങ്ങിവരു മ്പോൾ തന്നുകൊള്ളാം.'' എന്നു പറകയും ചെയ്തു.

ഈ സ്ഥിതിക്കു കള്ളന്മാരുടെ കൈയിൽ അകപ്പെട്ടവന്നു അയൽക്കാരനായിതീർന്നതു ഈ മൂവരിൽ ആരെന്നാണു് നിങ്ങൾക്കു തോന്നുന്നതു്? അപ്പോൾ അവൻ ''അവനിൽ ദയ ചെയ്യുന്നവൻ തന്നേ'' എന്നു പറഞ്ഞു.

യേശു അവനോടു് ''നീയും പോയി അങ്ങിനെ പ്രവർത്തിക്കുക'' എന്നു പറഞ്ഞു.

''നിന്നെ എന്നപോലെ തന്നെ നിൻെറ അയൽക്കാരനെയും സ്നേഹിക്കണം.''

ലൂക്കോസ്. 10:27–37.

## അദ്ധ്യായം ഇരുപത്തിരണ്ടു്

### സാമൂഹ്യസേവനം സൽകർമ്മഗണത്തിൽ

''സൽപ്രവൃത്തികൾക്കു് ആഹാരത്തെയും വസ്ത്രത്തേയുംകാൾ പ്രാധാന്യവും, മാഹാത്മ്യവും കൂടും. ഒരു സൽപ്രവൃത്തി ചെയ്യാൻ സന്ദർഭം നൽകുന്നവനോടു് ആഹാരവും വസ്ത്രവും തരുന്നവനോടുള്ളതിൽ കൂടുതൽ കൃതജ്ഞത കാണിക്കണം.''—മഹാത്മാഗാന്ധി

മനുഷ്യൻ എപ്പോഴും മനഃശാന്തി എവിടെ കണ്ടെത്താമെന്നുവച്ചു് അന്വേഷിക്കുന്നു. അതായതു് സൗഭാഗ്യവും സംതൃപ്തിയും. അവ സൽപ്രവൃത്തി ചെയ്യുന്നതിനു് പ്രേരണ നൽകുന്ന സൽച്ചിന്തകളിൽക്കൂടെയും ധാരണകളിൽക്കൂടെയും മാത്രമേ ഉണ്ടാകുകയുള്ളു. ജീവിതം അതിൻെറ ലക്ഷ്യത്തിലേക്കു് പുരോഗമിക്കുമ്പോൾ

വന്നുചേരുന്ന ഒരു ഉപഉല്പന്നമാണ് (by product) സൗഭാഗ്യം. ''മററുള്ളവരുടെ ക്ഷേമൈശ്വര്യങ്ങൾക്ക് നിന്നെത്തന്നെ നഷ്ടപ്പെടുത്തുക. നിന്റെ എല്ലാ പ്രവർത്തനങ്ങളിലും സ്വയം മറക്കുക; സമൃദ്ധിയുടെയും സന്തുഷ്ടിയുടെ രഹസ്യം അതാണ്'' എന്നു് ജെ. അല്ലൻ പറഞ്ഞിരിക്കുന്നു.

സാമൂഹ്യസേവനം ലോകത്തിൽആവശ്യമില്ലാതിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. അതു് ലോകാരംഭത്തിങ്കൽ മാത്രമായിരുന്നു. കാരണം അന്നു് മനുഷ്യൻ സാമൂഹ്യജീവിയായിട്ടില്ലായിരുന്നു. ആവശ്യം സൃഷ്ടിയുടെ മാതാവാകയാൽ പിന്നീടാണു് സാമൂഹ്യഘടന മനുഷ്യനു് സംസിദ്ധമായതെന്നു് നമുക്കു് കാണാം. ആദാം എന്ന ഏകമനുഷ്യൻ മാത്രമായിരുന്ന കാലയളവിനെ അപേക്ഷിച്ചു് ഇന്നു് ദേശകാലാവസ്ഥകൾ വളരെ ഭേദങ്ങൾക്കു് നിദാനമായിത്തീർന്നിട്ടുണ്ടല്ലോ, ദൈവം അപൂർണ്ണതയിൽ നിന്നു്—ഇല്ലായ്മയിൽ നിന്നു്—മനുഷ്യനെ പൂർണ്ണതയിലേയ്ക്കു് വരുത്തുക എന്ന ഉദ്ദേശത്തിലാണു് സൃഷ്ടി നടത്തിയതു്. ഏകാന്തജീവിതം എത്രകണ്ടു് മനോഹരമായിരുന്നാലും, സാമൂഹ്യജീവിതം അതിമഹത്തരമായി താൻ ദർശിച്ചു. ആനന്ദ ദാനംചെയ്കയുംഭാഗിക്കപ്പെടുകയും ചെയ്യുന്നതുകൊണ്ടു് അത്യാനന്ദകരമാണെന്നു് മനുഷ്യനും ബോദ്ധ്യപ്പെട്ടു. ആകയാൽ ദൈവം, ആദാമിനു് തുണയായി ഹവ്വായെ സൃഷ്ടിച്ചു. അതായതു് മനുഷ്യസൃഷ്ടി ആറാം'ദിവസം പൂർത്തിയാക്കി. ഏഴാം ദിവസം സ്വസ്ഥമായിരുന്നെങ്കിൽ ദൈവത്തിനു് ആദാമിന്റെ ഏകാന്തത്തിൽ സഹതാപം തോന്നുകയാൽ സാമൂഹ്യാനന്ദം അനുഭവിക്കുവാൻ ഒരു സഹായിയെ കൊടുത്തു. മനുഷ്യൻ ഏകനായിരുന്നു് സുഖിക്കയും, വെറുതെ സമയം കളയുകയും ചെയ്തുകൊള്ളട്ടെ എന്നു് ദൈവം കരുതിയില്ല. ദിനപ

ണ്യകാൎയ്യങ്ങൾക്ക് പുറമെ തോട്ടം കാവലും ചെടികൾക്കും മറ്റും കൎത്തവ്യമായി കല്പിച്ചിരിക്കുന്നു. മനുഷ്യനു് സൎവ്വ സ്വാതന്ത്ര്യവും കൊടുത്തതു കൂടാതെ ആ സ്വാതന്ത്ര്യത്തെ പരീക്ഷിക്കുവാനും, ശ്രേഷ്ഠതപ്പെടുത്തുവാനും ആയി മായയെ കല്പിച്ചു ലോകത്തിൽ നിയമിച്ചു. ഈ മായയാണു് ഭൗമിക മനുഷ്യദൃഷ്ടിയിൽ പെടുന്നതു് എന്നോൎക്കണം. സഭാ പ്രസംഗിപറയുന്നു—'സകലവും മായ, മായ, മായ' മായാപ്രപഞ്ചത്തിൽ നന്മയും തിന്മയും തമ്മിലുള്ള വേർതിരിവു്, ഗുണദോഷവിവേചനം ഇവയൊക്കെ സൂക്ഷ്മ മനുഷ്യനെ സാധിക്കു എന്നായി. ഇപ്രകാരം നന്മതിന്മകളെക്കുറിച്ചുള്ള തിരിച്ചറിവിൽ മനുഷ്യൻ തന്റെ സ്വാതന്ത്ര്യബുദ്ധി പ്രയോഗിച്ചു് വിജയിക്കുന്നതു് കാണ്മാനാഗ്രഹിച്ചു് ആണു് നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിലെ ഫലം തിന്നരുതെന്നു് ദൈവം കല്പിച്ചതു്. എന്നാൽ പ്രതീക്ഷക്കു് വിപരീതമായി മായാവലയത്തിൽ അകപ്പെട്ടു് അവർ പാപ പങ്കിലരായിത്തീരുകയാണല്ലോ സംഭവിച്ചതു്.

ആദാം തനിച്ചായിരുന്നപ്പോൾ താൻ ചെയ്യുന്ന സൽപ്രവൃത്തികൾ സ്വീകരിപ്പാൻ മനുഷ്യപാത്രം ഇല്ലായിരുന്നുവല്ലോ. എന്നാൽ അദ്ദേഹം മൃഗങ്ങളെയും പ്രാണികളെയും സ്നേഹിക്കയും അവകൾക്കു് തുണയായിരിക്കയും ചെയ്തു. ഈ സ്നേഹവായ്പാണു് ജന്തുഹിംസ പാടില്ല, ആദിയായ ചില വിശ്വാസങ്ങൾ ചില മതങ്ങൾ കർശനമായിവിധിച്ചിരിക്കുന്നതു് അവ (1) സമസൃഷ്ടജീവികളുടെ പ്രാണരക്ഷ ചെയ്യുന്നതുകൊണ്ടു് ഒരുവനു് ഏററം വലിയ പുണ്യം സിദ്ധിക്കുന്നു, (2) നരനായി ജീവിക്കുകയാണെങ്കിൽ ചെറിയ ജീവികൾക്കു് തുണയായിരിക്കണം. അതയാതു് അവയുടെ ജീവി

ത്തിന് മനുഷ്യൻ എപ്പോഴും സഹായകമായിരിക്കുകയാണ് മനുഷ്യധർമ്മം.

എന്നാൽ സൽപ്രവൃത്തികൾ അനുഷ്ഠിപ്പാനും അത് ഫലപ്രദമായി പ്രയോജനപ്പെടുവാനും, മനുഷ്യർ ഒപ്പ ഒത്തുചേരുകയാണ് വേണ്ടത് എന്ന് ദൈവം കണ്ട് ... ദാരം അനുഗ്രഹിച്ചു. മനുഷ്യജാതി വർദ്ധിച്ച് ലോ ... അത്ഭുത ... ർ നിറഞ്ഞു. ആകാശത്തിലെ നക്ഷത്രങ്ങൾ, കം ... പൊടിമണ്ണ്, ഇവയൊന്നും ജനസംഖ്യയ്ക്ക് ഭൂമിയിലെ ... ില്ല. എണ്ണമില്ലാത്ത മനുഷ്യവർഗ്ഗത്തെ തുല്യമായിരുന്നു. ... നന്നാക്കാൻ തക്കവണ്ണം വ്യക്തിപ നന്മയിൽ പുലർത്ത ... താൻ പ്രദാനം ചെയ്തു. അത് ... രമായ സൗകര്യങ്ങൾ ... ഹാനോക്ക ദൈവത്തോട് ... വ അരുളപ്പാടുകൾ വഴി ... യും വേണ്ട അഭ്യസനത്തോടു കൂടെ നടന്ന് എന്നതുപോലെ ... പൊതുവെ അത് ... നാംകകയായിരുന്നു, എന്നാൽ ... നൽ മനുഷ്യനെ സാ ... തുപോലെ സാധിച്ചു കാണാത്തത് ... ന്ന സ്വയം രക്ഷ മൂഹ്യജീവിയാക്കിമാറ്റി, ഓരോരുത്ത ... ന്നപ്പെട്ട് സാ പെടുന്നതോടുകൂടി മറ്റുള്ളവർക്കും പ്രയോജ ... ത്തിയിൽ മൂഹ്യമായി രക്ഷപെടണം എന്നതത്വം പ്രവൃ ... ാണയ കൊണ്ടുവന്നു. കൂടാതെ സത്ഗുണങ്ങളാകുന്ന ... ങ്ങൾ കൊടുത്ത് വ്യാപാരം ചെയ്യുവാൻ താൻ അ ... നിയോഗിച്ചു.

"സകലഗുണവും നിന്നിൽനിന്നു ഞങ്ങൾ വാങ്ങി
വ്യാപാരിയെപ്പോൽ ഞങ്ങളുടെ ദ്രവ്യം നീ—
വാങ്ങേണമേ,
പഠിപ്പാൻ നിന്റെ സൽപുസ്തകത്തെ—
നൽകീടണമേ.
ദാസാ ദാസിസുതരെ നീ ജീവിപ്പിക്കണമെ"

ആത്മാർത്ഥതയും സത്യനിഷ്ഠയും— എല്ലാ സദ്ഗുണങ്ങളുടെയും അടിസ്ഥാനമാണ് എന്ന് കൺഫ്യൂഷ്യസ് പറഞ്ഞിരിക്കുന്നു നല്ലത് ചെയ്യുക, നല്ലത് കണ്ടുപി

ടിക്കുക ഇവ രണ്ടുമാണ് തത്വശാസ്ത്രത്തിലെ മുഖ്യലക്ഷ്യങ്ങൾ "നല്ലവനായിരിക്കുക മഹനീയമാണ്. (noble: എന്നാൽ നല്ലവരായിരിക്കുവാൻ മററുള്ളവരെ പഠിപ്പിക്കുന്നതു് അതിലേറെ മഹനീയമാകുന്നു." (Mark Twain) എന്നാൽ സാത്താൻ ദുർഗ്ഗുണങ്ങളാകുന്ന കള്ളനാണയങ്ങളും വിതറി. നല്ല നാണയം തിരിച്ചറിയാൻ പ്രയാസമുള്ളവർക്കു് അവരുടെ ജീവിതം ദുഷ്കരമായി തോന്നിത്തുടങ്ങി. തിരഞ്ഞെടുപ്പിലുള്ള പ്രയാസം ഹേതുവാൽ ക്രമേണ നന്മയാൽ തിന്മയെ ജയിക്കാമെന്നും, നന്മക്കു് വേണ്ടി തിന്മ പ്രവർത്തിക്കാമെന്നും മററു ചിന്താഗതികൾ ആവിർഭവിച്ചു.

ലോകത്തിലേക്കു് തള്ളപ്പെട്ട മനുഷ്യനു ലൗകീകവ്യാപാരങ്ങളിലേർപ്പെട്ടപ്പോൾ, ഭൂമിയിലെ അദ്ധ്വാനവും കഷ്ടതകളും ഒരു ദുരിതമേറിയ ജീവിതത്തെ അനുഭവപ്പെടുത്തി. ഓരോ മനുഷ്യരും വ്യക്തിപരമായി രക്ഷപ്പെടുന്നതിനേക്കാൾ സൗകര്യവും അഭികാമ്യവും സമൂഹമായിട്ടാണല്ലോ. "നിങ്ങളുടെ ജീവിതം നിങ്ങളെക്കൂടാതെ മററു് പലരേയും ബാധിക്കും: ശ്രേഷ്ഠജീവിതം നയിച്ചാൽ നിങ്ങൾ അന്യരുടെ സുഖത്തെ വർദ്ധിപ്പിക്കുകയും ജീവിതത്തെ ദുരുപയോഗപ്പെടുത്തിയാൽ നിങ്ങൾക്കും മററുള്ളവർക്കും ആപത്തു വരുത്തുകയും ചെയ്യും." അതുകൊണ്ടു് എൻെറ ജീവിതം എൻെറ ഇഷ്ടം പോലെ ഞാൻ നയിക്കും. മററുള്ളവർക്കു് അതിലിടപെട്ടിട്ടു് കാര്യമില്ല, എന്നു് ഒരിക്കലും പറയരുതു്. അതു് സാദ്ധ്യമല്ല." എന്നു J. M, പൂരമെൻ പറഞ്ഞിരിക്കുന്നു. സകലരും സ്വതന്ത്രരാകുന്നതുവരെ ഏതെങ്കിലും ഒരാൾക്കു് മാത്രം പൂർണ്ണ സ്വാതന്ത്ര്യം സമ്പാദിക്കുന്നതിനോ, എല്ലാവരും സന്മാർഗ്ഗികളാകുന്നതുവരെ ഒരു വ്യക്തിക്കു് മാത്രം പൂർണ്ണമായ സന്മാർ-

ഗ്ഗനിഷ്ഠ പ്രദർശിപ്പിക്കുന്നതിനോ, സമസ്ത മനുഷ്യരാശിയും ആനന്ദത്താൽ അനുഗൃഹീതരാകുന്നതുവരെ ഒരാൾക്ക് മാത്രം പൂർണ്ണാനന്ദം അനുഭവപ്പെടുന്നതിനോ സാധിക്കുന്നതല്ല.''—(ഹെർബർട്ട് സ്പെൻസർ)

പിന്നീട്ട് ദൈവം ജീവിതം നൽകിയ മനുഷ്യന് മരണവും നിശ്ചയിച്ചു. പുരാണത്തിൽ മരണമില്ലാത്ത ഒരു കാലത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ടല്ലോ. ഈ അവസ്ഥയിൽ നിന്ന് ലൗകികജീവിതാനന്തരം—മരണാനന്തരജീവിതം നൽകി. ഏതായാലും മനുഷ്യൻ രക്ഷപെടുവാൻ തക്കവണ്ണം 'ഏടാകൂട'ങ്ങളിൽ അകപ്പെട്ടുപോയി സ്വയം രക്ഷപെടുവാൻ നിർവ്വാഹമില്ലാതെ വന്നപ്പോഴും അവൻ ദൈവത്തെ അഭയം പ്രാപിച്ചു, അദ്ദേഹത്തെ അറിയുവാൻ ശ്രമിച്ചു. ഇങ്ങനെ മതം ആവിർഭവിക്കുകയും ദൈവകല്പനകളെ ആചരിപ്പാൻ മനുഷ്യൻ കർത്തവ്യനിഷ്ഠനാകുകയും ചെയ്തു ദൈവം നിത്യജീവൻ അഥവാ മോക്ഷം നൽകുന്നതാണെന്ന് മനുഷ്യർ ഗ്രഹിച്ചു. മോക്ഷപ്രാപ്തിക്ക് മനുഷ്യരുടെ സൽപ്രവൃത്തികളുടെയും ദുഷ്പ്രവൃത്തികളുടെയും കണക്കിനെ ആശ്രയിച്ചിരിക്കുന്നതായി മതം ജനങ്ങളെ പഠിപ്പിച്ചു. എന്നാൽ ദൈവം മനുഷ്യന് കൊടുത്ത സകല സൗഭാഗ്യങ്ങളും, അവൻെറ സ്വാതന്ത്ര്യബുദ്ധിയുടെ ദുർവിനിയോഗത്താൽ കളഞ്ഞു കുളിച്ച് വീണ്ടും അധഃപതിച്ചു. ''പ്രപഞ്ചസൃഷ്ടി ദൈവത്തിൻെറ ലീലയാണല്ലോ.'' ഏതായാലും താൻ തൻെറ സൃഷ്ടികളുടെ ദയനീയസ്ഥിതി കണ്ട് സഹതപിച്ചു. ന്യായപ്രകാരം അവരെ നശിപ്പിക്കത്തക്കതാണെങ്കിലും താൻ വച്ച വൃക്ഷം, വിഷവൃക്ഷമായാലും, അത് വെട്ടിക്കളയുന്നതു് ഉചിതമല്ല. എന്ന തത്വപ്രകാരം അവരെ നശിപ്പിക്കുവാൻ ഇഷ്ടപ്പെട്ടില്ല, എന്നാൽ അതിന് പരിഹാരമായി പ്രവാചകന്മാർ, പുണ്യവാന്മാർ, ലോകമ

ഹന്മാർ മുതലായവരെ നിയോഗിച്ചു. അവരുടെ ഉപദേശങ്ങളും മനുഷ്യസേവനങ്ങളും അപര്യാപ്തമാകയാൽ അവസാനം സ്നേഹസ്വരൂപനായിരിക്കുന്ന ദൈവം മനുഷ്യനായി— നമ്മെപ്പോലെയുള്ളവനായി—മനുഷ്യരെ രക്ഷിക്കുകയാണു് ചെയ്തതു്.

സാമൂഹ്യസേവനംകൊണ്ടു് ഉദ്ദേശിക്കുന്നതു് സാമൂഹ്യനന്മ അഥവാ പൊതുക്ഷേമമാകുന്നു. പൂർണ്ണമനുഷ്യൻ ശാരീരികനായി അർദ്ധനാൻ (ആൺ, പെൺ) ആയിത്തീർന്നതു കൂടാതെ, പാപസംബന്ധംമൂലം ആത്മീകമായി അപൂർണ്ണരുമായി വന്നതുകൊണ്ടു് മനുഷ്യൻെറ വ്യക്തിത്വം സമൂഹത്തിൽ കൂടുതൽ വ്യക്തമായി കാണാം. കൂടാതെ മനുഷ്യൻെറ ജീവിതത്തിൽ സകല ആവശ്യങ്ങളും സ്വയം നിവ്വഹിക്കുവാൻ സാധിക്കാത്ത രീതിയിൽ അത്ര വിപുലമായി. അതുപോലെ സകല കലാവല്ലഭത്വവും, സർവ്വജ്ഞസ്ഥാനങ്ങളും മനുഷ്യനു് അത്ര ക്ഷിപ്രസാദ്ധ്യമല്ലെന്നും വന്നുചേർന്നു. ധർമ്മാധർമ്മമത്സരത്തിൽ സമുദായത്തിൽ കുറെയൊക്കെ കേടുപാടുകഠം സംഭവിക്കുന്നുണ്ടു്. എന്നാൽ സാമൂഹ്യമായി പ്രയത്നിക്കുന്നപക്ഷം ഇവ ശരിപ്പെടുത്താമെന്നുള്ളതുകൊണ്ടു് സാമൂഹ്യസേവനം വിലയേറിയതായിത്തീർന്നു. സാമൂഹ്യപ്രവത്തനത്തിൻെറ ലക്ഷ്യം, സാമൂഹ്യശരീരത്തിലെ വ്രണങ്ങളില്ലാതാക്കുകയെന്നതായിരിക്കണം. അണ്ഡം പിണ്ഡത്തെ പുളിപ്പിക്കുന്നതുപോലെ സമൂഹത്തിൽ വ്യക്തിവിലാസം സുശോഭിതവും സൗരഭ്യതരവും ആകുന്നു. തൻമൂലം പല സാമൂഹ്യസംരംഭങ്ങഠംക്കും ആയതു് നിദാനമായിരിക്കുന്നു. മനുഷ്യജീവിതത്തിൻെറ ഈ പുരോഗതിയിലാണു്, വിവിധ മതങ്ങഠം, ഭാഷകഠം, സംസ്ക്കാരങ്ങഠം മുതലായവ സംജാതമായതു്. സാമൂഹ്യസേവനം പ്രത്യക്ഷത്തിൽ സൽപ്രവൃത്തികളുടെ ഗണത്തിലുഠംപ്പെടുത്താമെ

കിലും അതു പരോക്ഷമായി ഒരു സംഘടിത സൽക്കർമ്മസംരംഭമായി ചിത്രീകരിക്കാവുന്നതാകുന്നു. എന്നാൽ അതിൽ വ്യക്തികളെ സംബന്ധിച്ചും, അനുഭോക്താക്കളെ സംബന്ധിച്ചു, സൽക്കർമ്മപ്രതീതി ഉളവാക്കുന്നുണ്ടു്. പ്രാഥമികാവശ്യങ്ങൾ സാധിക്കുന്നതിനുവേണ്ടി മനുഷ്യൻ സാമൂഹ്യജീവിതം ആരംഭിക്കുന്നു സാമൂഹ്യസേവനം സൽക്കർമ്മഗണത്തിലുൾപ്പെടുന്നതു് 3 കാരണങ്ങൾകൊണ്ടാണു്.

1. പരോപകാരം.
2. നിഷ്ക്കാമകർമ്മം.
3. നിസ്വാത്ഥസേവനം.

ഈ മൂന്നു ഘടകങ്ങളുടെ പൂർത്തീകരണത്തെ ആശ്രയിച്ചിരിക്കും അതിൻെറ വ്യത്യസ്ഥത. ഇവയുടെ അഭാവത്തിൽ സാമൂഹ്യസേവനമോ, സൽക്കർമ്മങ്ങളോ, ഫലത്തിൽ സാമൂഹ്യക്ഷേമത്തിനുതകുകയില്ല.

## 1. പരോപകാരം

പരസ്പരസഹായം എന്നതു് സാമാന്യധർമ്മമായി ആദിമുതൽ ലോകം കണക്കാക്കി വന്നു. സാമൂഹ്യസേവനത്തിൽ കാണുന്നതു് രണ്ടാളുകൾ, അധമർണ്ണനും, ഉത്തമർണ്ണനും എന്ന നിലയ്ക്കു് ബന്ധപ്പെട്ടിരിക്കും സ്വീകാരകനും, ദായകനും (ദാനംചെയ്യുന്നവൻ) എന്ന രണ്ടു തരം ആളുകളുടെ പരസ്പര ബന്ധത്തെ ദ്യോതിപ്പിക്കുന്നതാണു് സാമൂഹ്യസേവനം. ദാനമോ സഹായമോ സ്വീകരിപ്പാൻ സ്വീകാരകനില്ലെങ്കിൽ സേവനം വ്യത്ഥം. സഹായം അത്ഥിച്ചാലും ദാനം ചെയ്യുവാൻ സേവനസന്നദ്ധരില്ലെങ്കിൽ അതും അപ്രയോജനം. പരോപകാരപ്രവൃത്തികളെല്ലാം തന്നെ വ്യാപാരന്യായ (പ്രമാണം) പ്രകാരം പരസ്പരം ബാലൻസ് (balance) ചെയ്യുന്നവയാണു്. അതായതു് പ്രയത്നം വേണ്ടിയവ, ലാഭകരമായതു്, വെറും നഷ്ടപ്രായമാ

യത്തു്, കടം കൊടുക്കുക. കടം തീർക്കുക മുതലായ രീതിയിലാണു് ഓരോരുത്തരും പരോപകാരപ്രവൃത്തികൾക്കു് തുനിയുന്നതെന്നു് അതു സമഗ്രമായി പരിശോധിച്ചാൽ കാണാവുന്നതാണു്. ഇപ്രകാരം നാലായി പരോപകാരപ്രവൃത്തികളെ അവഗ്രഥിക്കാവുന്നതാണു്.

1. ചേതമില്ലാത്ത ഉപകാരങ്ങൾ.
2. കർത്തവ്യപരമായ ഉപകാരങ്ങൾ.
3. പ്രത്യുപകാരം ഇച്ഛിച്ചു ചെയ്യുന്നതു്.
4. ദയാപ്രവൃത്തികൾ.

1) യാതൊരു വ്യയവും ചെയ്യാതെ അനുഷ്ഠിക്കുന്ന പരോപകാരപ്രവൃത്തികളാണു് പ്രയത്നരഹിതമായ സേവനങ്ങൾ അഥവാ ചേതമില്ലാത്ത ഉപകാരങ്ങൾ. എന്നാൽ സ്വീകരിക്കുന്നവക്കു് അതു ഒരു വലിയ ലാഭവുമായിരിക്കുന്നു.

2) സമൂഹത്തിൽ ജീവിക്കുന്നവരായ നാം ചില സാമൂഹ്യ ഉപകാരങ്ങൾക്കു് കടപ്പെട്ടിരിക്കുന്നു. കുട്ടികളെ ചെറുപ്പകാലങ്ങളിൽ രക്ഷിച്ചു വളർത്തുക, രോഗാവസ്ഥയിൽ ശുശ്രൂഷിക്കുക, വയസ്സുകാലസംരക്ഷണം മുതലായവകളാണു്. ഇവ ഒരു തരത്തിൽ ഒരു കടംവീട്ടലും അതേ അവസരത്തിൽ ഭാവിയിലേക്കു് ഒരു കടംകൊടുക്കലും (കരുതലും) ആണു്. പാരമ്പര്യ ന്യായപ്രകാരം നമ്മുടെ കർത്തവ്യം നാം യഥായോഗ്യം നിറവേററി എന്നേ അർത്ഥമുള്ളു.

3) കേവലം പ്രത്യുപകാരത്തെപ്രതിയും സ്വയം മേന്മ ലഭിക്കുന്നതിനും ആളുകൾ ഉപകാരങ്ങൾ ചെയ്യുന്നു. പ്രതിദാനം കിട്ടണമെന്നുള്ളവർക്കു് ദാനം, അതിഥിസൽക്കാരവിരുന്നുകൾ മുതലായവ ഇരയിട്ടു് മീൻപിടിക്കുന്ന ഉപായത്തിൽ ഉപകാരപ്രവൃത്തികൾ വിനിയോഗിക്കുന്നു.

4) ദയാപ്രവൃത്തികൾ സ്വമനസ്സിൽ ആർദ്രത-

യിൽനിന്നു് ചെയ്യുന്ന സേവനങ്ങളാണു്. അതു് വ്യയഹേതുകമെന്നോ, ലാഭകരമെന്നോ ഇച്ഛിക്കാതെ, യാദൃച്ഛികമായി അനുഷ്ഠിക്കപ്പെടുന്നവയാണു്. പരിസ്ഥിതികളുടെ സമ്മർദ്ദത്തിൽ അതു കഴിവിനു് കവിഞ്ഞും, ചിലപ്പോൾ കടം വാങ്ങിയും, സമൂഹമായി ബുദ്ധിമുട്ടിയും ചെയ്യുന്ന വൻകാര്യങ്ങളും ഉൾപ്പെടും. മനുഷ്യൻ യഥാർത്ഥത്തിൽ മനുഷ്യനെന്നു് തീരുമാനിക്കപ്പെടുന്ന മനുഷ്യത്വപരമായ യഥാർത്ഥസേവനങ്ങളാണു് ദയാപ്രവൃത്തികൾകൊണ്ടു് സാധിക്കുന്നതു്. ഒരിക്കലും പുറംകാട്ടു മററാൻ മടിക്കാത്തതും ഉത്സാഹം നിലനിർത്തുന്നതും ആയ പ്രവൃത്തികളാണിതു്. 'നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനെ സ്നേഹിക്കുന്ന തത്വത്തിന്റെ പ്രതിഫലനമാണിതു്,

''ദയയാൽ കടലിനെ ഞാൻ കാണുന്നേൻ
ദേവ! തമ്പുരാ, നിനക്കു സ്തുതി.''

ദൈവദാനമാണു് ദയ. ധർമ്മത്തിന്റെ മൂലമാണു് ദയ. ആത്മാഭിമാനത്തിന്റെ അനിവാര്യമായ അനന്തരഫലമാകുന്നു മനുഷ്യസ്നേഹം. സമവീക്ഷണമാണു് സർവ്വോൽകൃഷ്ടമായ ഗുണം. ബുദ്ധിവിലാസം, ശക്തിവിലാസം, പ്രയത്നപ്രവണത, വ്യക്തിനിഷ്ഠകളാദിയായ ഉയർച്ചകൾ സാമൂഹ്യനന്മയ്ക്കാവശ്യമാണു്. ഒരു മനുഷ്യനിൽ യാതൊന്നും കണക്കാക്കാനില്ലാത്തപ്പോഴാണു് നാം അയാളുടെ വയസ്സു് കണക്കാക്കുന്നതു്. ''സ്നേഹം കഴിഞ്ഞാൽ പിന്നെ മനുഷ്യഹൃദയത്തിൽനിന്നുയരുന്ന ഏററവും ദിവ്യമായ വികാരം സഹാനുഭൂതിയാണു്,'' (ബർക്കു്) ആകയാൽ ദയാപ്രവൃത്തികൾ സന്മാർഗ്ഗികവും, ധാർമ്മികവും ആയിരിക്കും,

സാമൂഹ്യബോധമാണു് പരോപകാരത്തെ പ്രോത്സാഹിപ്പിക്കുന്നതു്, പരോപകാരം ചെയ്യുക എന്നതു് നമ്മുടെ പ്രവൃത്തികൾ പരന്മാർക്കു് ഉപകാരപ്പെട്ടു് സാമൂ-

ഹൃദനമസ്സ് കാരണമാകുന്നതു് എന്നാണു്. പരോപകാരം ചെയ്തു് നമ്മുടെ ശരീരം നശിപ്പിക്കണമെന്നുള്ളതാണു് മഹത്തായ ആദർശം. 'വലിയ ആളുകൾ തങ്ങളുടെ മരണം തീർച്ചയാണെന്നു് അറിഞ്ഞുകഴിയുമ്പോൾ അന്യർക്കുവേണ്ടി എന്തെങ്കിലും ഉപകാരം ചെയ്യുകയും അങ്ങനെ അനശ്വരയശസ്സ് സമ്പാദിക്കുകയും ചെയ്യുന്നു' എന്നാണു് മഹദ്വാക്യം. ത്യാഗം ബലിയർപ്പിക്കൽ (Sacrifice) മുതലായ ഉന്നതാദർശങ്ങളുടെ ഉത്ഭവം സൽപ്രവൃത്തികളുടെ ആചരണം വഴി ലഭിക്കുന്നതാണു്. ''നിൻെറ ദേഹം ചുട്ടുവാൻ ഏല്പിച്ചാലും നിനക്കു് യാതൊന്നുമില്ല'' വലുതും ചെറുതും ആയ സ്നേഹപ്രവൃത്തികൾ പഞ്ചസാരയ്ക്കും ഉപ്പിനും തുല്യമാണു്. പഞ്ചസാരയ്ക്കു് കുറെക്കൂടി സ്വാദുള്ളതാണു്. എന്നാൽ അതു നാം (വളരെ കുറച്ചേ) കൂടെക്കൂടെ ഉപയോഗിക്കുന്നില്ല. 'എന്നാൽ ഉപ്പു് നമ്മുടെ ദൈനംദിന ഭക്ഷണത്തിൽ ഉപയോഗിക്കുന്നുവല്ലോ. ശരിയായ സ്നേഹം നിസ്സ്വാർത്ഥമായ ആരാധനയാണു് (devotion). സ്നേഹിക്കപ്പെടുന്ന ആളിൻെറ നന്മയാണു് അതിൻെറ ലക്ഷ്യം. സ്നേഹബന്ധത്തിലാണു് ഒരുവൻെറ വലിയസന്തോഷം. തൻെറ സഖാവിൻെറ ആനന്ദത്തിനുവേണ്ടി സ്വയം പ്രതിഷ്ഠിക്കുകയാണു്. അനുകമ്പ, ബഹുമാനം ദയ എന്നിവയെല്ലാം ഇതിൽ നിന്നു് വളർന്നുകൊണ്ടിരിക്കും സത്യമാണു് സദ്പ്രവൃത്തികൾക്കു് നിദാനം. നന്മയാണു് ലക്ഷ്യം.'' ഒരു നല്ല മനുഷ്യൻെറ ജീവിതത്തിലെ ഏററവും വിശിഷ്ടമായ ഭാഗം, സ്നേഹത്തിൻെറയും കാരുണ്യത്തിൻെറയും പ്രേരണകൊണ്ടു് അദ്ദേഹം ചെയ്തിട്ടുള്ള തുച്ഛതരവും ഓർമ്മിക്കപ്പെടാത്തതുമായ പ്രവൃത്തികളാണു്.''—വേഡ്സ്‌വ൪ത്തു്.

ഉപകാരം ചെയ്യുസമയം പ്രധാനപ്പെട്ടതും ഉപദേശം ചെയ്തുകൊടുത്തവൻ ഏററവും പ്രധാനപ്പെട്ട ആള

മാകുന്നു. ഉപകാരം ചെയ്തുകൊടുക്കുക എന്നതാണ് നിങ്ങളുടെ കർത്തവ്യം. അതുകൊണ്ടാണ് നിങ്ങൾ ശുശ്രൂഷിച്ച രോഗി ഏററവും പ്രധാനപ്പെട്ട വ്യക്തിയായത്. അയാൾക്ക് വേണ്ടി നിങ്ങൾ അനുഷ്ഠിച്ച പ്രവൃത്തികളായിരുന്നു നിങ്ങളുടെ ഏററവും പ്രധാനകാര്യം. ചുരുക്കത്തിൽ പ്രധാനപ്പെട്ടസമയം ഒന്നേയുള്ളു—ഇപ്പോൾ. കാരണം, ഇപ്പോൾ മാത്രമാണ് നമുക്ക് എന്തെങ്കിലും ചെയ്യുവാൻ കഴിയുന്നത്. ആകയാൽ ഏററവും പ്രധാനപ്പെട്ട കാര്യം ഒരാൾക്ക് ഉപകാരം ചെയ്യുക എന്നുള്ളതാണ്. കാരണം അതിനുവേണ്ടി മാത്രമാണല്ലോ മനുഷ്യനെ ജീവൻ നൽകി ഈ ലോകത്തിലേക്ക് അയച്ചിട്ടുള്ളത്."—ടോൾസ്റ്റായി.

ദയയില്ലാതെ ഒരു സമുദായത്തിനു് ക്ഷണനേരം കൂടി നിലനിൽക്കാൻ കഴികയില്ല. മനുഷ്യസമുദായത്തിൽ ദയയ്ക്കു് വലിയ വിലയുണ്ട്, ജീവിതത്തിൽ സർവ്വത്ര ഏതെങ്കിലും രൂപത്തിൽ ദയാഭാവം കാണപ്പെടുന്നു—ഇതുകൊണ്ടു തന്നെയാണ് ജീവിതത്തിൽ മാധുര്യം ഉളവാകുന്നത്. ഇന്നു കോടാനുകോടി ജനങ്ങളുടെ മരണത്തിലും ജീവിതത്തിലും മനസ്സിലും ഏതെങ്കിലും ഒരു വസ്തുവിൻെറ ഏററവും അധികം പ്രഭാവമുണ്ടെങ്കിൽ അതു് കരുണയുടെതാണ്. വ്യക്തിപരമായ ജീവിതത്തിൻെറ ഉന്നതിക്ക് കരുണ ശ്രേഷ്ഠമാണു്.

''സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സമസ്തജീവികളിലുംവെച്ച് ഉത്തമമായ ഒരു പ്രാണിയെ സൃഷ്ടിക്കണം എന്ന് ഒരിക്കൽ ദൈവം വിചാരിച്ചു. ദൈവത്തിൻെറ ഈ ഉദ്ദേശം സത്യത്തിനു് മനസ്സിലായപ്പോൾ അതുപറഞ്ഞു! 'അങ്ങുന്ന് സൃഷ്ടിക്കാൻ പോകുന്ന ആ പ്രാണി ഡംഭും വഞ്ചനയും പ്രചരിപ്പിച്ച് അങ്ങയ്ക്ക് അപമാനം ഉണ്ടാക്കിത്തീർക്കും.'' നീതിപറഞ്ഞു.—''ഭഗവാൻ! ആ

പ്രാണി സ്വാർത്ഥിയായി ഭവിച്ച് എല്ലാവരേയും പീഡിപ്പിക്കും.'' ശാന്തിപറഞ്ഞു!— 'പ്രഭോ! ആ പ്രാണി ലോകരെ നശിപ്പിക്കുന്ന സ്വപ്രവൃത്തികളിൽ അഭിമാനം കൊള്ളും 'എന്നാൽ ദൈവത്തിന്റെ ചെറിയ മകളായ കരുണ വന്നിട്ടു പറഞ്ഞു. 'അച്ഛാ! അങ്ങുന്ന് ആ പ്രാണിയെ തീർച്ചയായും സൃഷ്ടിക്കണം. അവിടുത്തെ എല്ലാ ദൂതന്മാരും ആ പ്രാണിയെ നന്നാക്കുന്നതിൽ അസമർത്ഥന്മാരായി ഭവിക്കുമ്പോഴും ഞാനതിനെ നന്നാക്കിക്കൊള്ളാം.''കരുണയുടെ വാക്കു കേട്ടിട്ടു തന്നെയാണ് ദൈവം താൻ ആഗ്രഹിച്ച ആ പ്രാണിയെ—മനുഷ്യനെ സൃഷ്ടിച്ചതു്.—ടോൾസ്റ്റോയി.

## 2. നിഷ്കാമ കർമ്മങ്ങൾ;

പരോപകാരം സൽപ്രവൃത്തിയുടെ ഗുണഭൂയിഷ്ഠതയെ ആധാരമാക്കിയുള്ളതാണ്. എന്നാൽ സൽക്കർമ്മങ്ങളിൽ വിളങ്ങുന്ന മററൊന്ന്, അതിന്റെ നിർവഹണം വിശുദ്ധ ഉദ്ദേശത്തോടുകൂടിയായിരിക്കണം എന്നതത്രമാണ്. ഇവിടെ പ്രസക്തമായിരിക്കുന്നതു് എന്തെന്നാൽ ലക്ഷ്യപ്രാപ്തിയെ സംബന്ധിച്ചിടത്തോളം അവളുട 'സാമൂഹ്യസേവന പ്രവർത്തനങ്ങൾ' എന്നാണർത്ഥം. വെറും അഭിലാഷ സാദ്ധ്യത്തിനു് വേണ്ടിയുള്ള ഭൗതിക പ്രവൃത്തിയെക്കാൾ ഉപരിയായ കർമ്മങ്ങൾ—അതു് ആദ്ധ്യാത്മീക സ്വഭാവമുള്ളവയാണ്—നിഷ്കാമകർമ്മം കൊണ്ടു് വിവക്ഷിക്കുന്നതു്. ഗുണസമ്മിശ്രമായ പക്വപുണ്യപരിപാകങ്ങൾ ആസ്വാദ്യകരമായിത്തീരുന്നില്ലെങ്കിൽ എന്താണതിന്റെ മോഹനീയത? വസ്തുക്കൾ കാണ്മാൻ കൗതുകകരവും, മോഹിപ്പാൻ ആനന്ദകരവും, ആസ്വദിപ്പാൻ മധുരതരവും എന്നാണല്ലോ പ്രകൃതിതത്വം. സൽക്കർമ്മത്തെ സംബന്ധിച്ചിടത്തോളം ഈ തത്വം ബാധകമാണ്. സൽപ്രവൃത്തികളുടെ അനുഷ്ഠാനവിജയം തന്നെ അതു് നിഷ്കാമകർമ്മങ്ങ

ളാണെന്നു് സ്വയം തെളിയുന്നതായിരിക്കും. കേവലം ശുഷ്ക്കവും, നിർഗ്ഗുണവുമായ വസ്തുവെ ആകർഷിക്കത്തക്കതാക്കിത്തീർക്കുന്ന ജാലവിദ്യയാണു് നിഷ്കാമകർമ്മങ്ങൾ.

ചെടികൾ സാധാരണ വളരുന്നതു് മണ്ണിലാണല്ലോ. അതു് മണ്ണിൽനിന്നു് വളം വലിച്ചെടുത്തു് വളരുന്നുവെങ്കിലും, ആ ചെടി വെറും മണ്ണിൻെറ പ്രത്യക്ഷരൂപമല്ലല്ലോ. ഇതുപോലെ നിഷ്കാമകർമ്മങ്ങൾ, മനുഷ്യനിലുള്ള സൽഗ്ഗുണവളം ഉപയോഗപ്പെടുത്തി വളർന്നു് വരികതന്നെ ചെയ്യും. അതുകൊണ്ടു് നല്ല മനുഷ്യക്കു് മാത്രമേ നിഷ്കാമകർമ്മങ്ങൾ അനുഷ്ഠിക്കുവാൻ സാധിക്കുകയുള്ളു എന്നു് വ്യക്തമാണല്ലോ മറിച്ചു്, വെറും ഭൗമികനായ മനുഷ്യനു് അതു് നിർവഹിപ്പാൻ കേവലം സാദ്ധ്യവുമല്ലല്ലോ, കാരണം, നിഷ്കാമകർമ്മാനുഷ്ഠാനം, ഒരുവൻെറ അദ്ധ്യാത്മിക ചൈതന്യത്തെയാണു് ഏറെ ആശ്രയിച്ചിരിക്കുന്നതു്. പ്രാഥമിക കാര്യങ്ങൾ മാത്രമനുഷ്ഠിക്കുന്ന ഒരു സാമൂഹ്യപ്രവർത്തകനെക്കാരം ഉയർന്നതും ശ്രേഷ്ഠതരവും ആയിരിക്കും, നിഷ്കാമകർമ്മിയുടേതു്. 'പരോപകാരാർത്ഥം ഇദം ശരീരം' എന്നതു് ഒന്നാം പടിയാണെങ്കിൽ നിൻെറ ആത്മരക്ഷയ്ക്കുവേണ്ടി നീ നിഷ്കാമകർമ്മങ്ങളനുഷ്ഠിക്കണം എന്ന ഉന്നതാദർശത്തെ സ്വീകരിക്കുന്നതാണു് അടുത്ത പടി. വെറും ലൗകികവ്യാപാരത്തിൻെറ ഒരു സ്വഭാവം നിഷ്കാമകർമ്മങ്ങളിൽ ദർശിക്കാൻ സാധിക്കാത്തതുകൊണ്ടു് അതിൻെറ അലൗകിക സ്വഭാവം പ്രസിദ്ധവും സ്പഷ്ടവും ആണല്ലോ—നിഷ്കാമകർമ്മങ്ങൾ ലോകത്തിനു് സംഭാവന ചെയ്തതു് മഹർഷിശ്രേഷ്ഠന്മാരാണു്. എങ്കിലും സാമൂഹ്യസേവകർക്കും ഈ വിഷയത്തിൽ നേട്ടങ്ങൾ സമ്പാദിക്കാവുന്നതാണു്. അതായതു് ശാരീരിക സേവനത്തോടൊപ്പം ആദ്ധ്യാ

ആഭീകസേവനവും അത്യന്താപേക്ഷിതമാണല്ലോ. നി ഷ്കാമകർമ്മങ്ങൾ ഏററവും ശ്രേഷ്ഠമായിരിക്കുന്നതു് പ്രതിഫലരഹിതമായ സേവനപ്രവൃത്തികൾ കൊ ണ്ടാണു്.

### 3. നിസ്വാർത്ഥസേവനകർമ്മങ്ങൾ.

ഒരാൾ സാമൂഹ്യസേവനപരമായ സൽപ്രവൃത്തി ചെയ്യു എന്നിരിക്കട്ടെ. എന്നാൽ ശത്രുക്കൾ അതിന്നിട യിൽ കളകൾ വിതച്ച് അതും വളർന്നു് മററതിനെ ന ശിപ്പിക്കുമെങ്കിൽ ആ സേവനം സൽപ്രവൃത്തിയുടെ ഫലം തരുമോ? സൽപ്രവൃത്തികൾ ചെയ്യുന്നവരെ, ആ ളുകൾ ആക്ഷേപിക്കത്തക്കവിധത്തിൽ സ്വാർത്ഥത കല ൎന്നതാണെന്നു് സ്ഥാപിക്കുന്നുവെങ്കിൽ അവർക്ക് ആരു മഹനീയത കല്പിക്കും? സ്വർണ്ണം എവിടെ കിടന്നാലും ശോഭിക്കും എന്ന തത്വമനുസരിച്ച് സൽപ്രവൃത്തികൾ നിസ്വാർത്ഥസേവനങ്ങളായി അനുഷ്ഠിച്ചതാണെങ്കിൽ ഏതു ചെളിക്കുണ്ടിൽ കിടന്നാലും ശോഭിച്ചുകൊണ്ടി രിക്കും. ആ സ്വർണ്ണക്കഷണം വെറും അപരിഷ്കൃത (ore) സ്ഥിതിയിൽ കിടക്കുകയാണെങ്കിൽ അതു് അജ്ഞാതമായിരിക്കുന്നതുകൊണ്ടു് അതിൻെറ മഹത്വം ലോകത്തിനു് നഷ്ടമായിത്തീരും. ഇതുപോലെ സാമൂ ഹ്യസേവനം മനുഷ്യർക്ക് പ്രയോജനപ്പെടുന്നതു് നിസ്വാ ർത്ഥസേവനംവഴി മാത്രമേയുള്ളു, എന്നു് ധരിക്കണം. സൽപ്രവൃത്തിപഥം സ്വാർത്ഥത ഉപേക്ഷിച്ചെങ്കിലേ വിജയത്തിലെത്തുകയുള്ളു. സൽപ്രവർത്തകന്മാർ പെട്ടെ ന്നു് അവർ മോഹിക്കുന്ന ഉന്നതസ്ഥാനത്തു് എ ത്താൻ ഇടയാകാത്തതു് അവരുടെ സേവനം നിസ്വാർ ത്ഥമാണെന്നു് തെളിയിക്കപ്പെടുന്നതിനിടയാക്കുന്ന ആ ക്ഷേപങ്ങളും എതിർപ്പുകളുംകൊണ്ടാണു്. സ്ഥിരപരി ശ്രമിയല്ലെങ്കിൽ അതും ദോഷകരമാകുന്നു. ലോകസാ ധാരണമായ ഒരു തത്വവുമാണിതു്. സൽപ്രവൃത്തികള

അനുഷ്ഠിക്കുന്നതു് എത്രയും ദുഷ്ക്കരമാണെന്നോർക്കണം. ശ്രീയേശുവിൻെറ ത്യാഗമോഹനമായ ജീവിതത്തെ അന്യഥാ വ്യാഖ്യാനിച്ചവരും, ആക്ഷേപിച്ചവരും അസംഖ്യം. ലോകത്തിനു് സീമാതീതമായ രക്ഷയെ അനുഭവമാക്കിയ ആ നിസ്വാർത്ഥസേവനം ആ പങ്കപ്പാടു്, ആക്ഷേപങ്ങൾ, മുൾമുടി, അങ്ങേയററം വേദനകൾ നിറഞ്ഞ ക്രൂശ്മരണം എന്നിവയെ എപ്പോഴം തച്ചുടച്ചു് വിജയശ്രീലാളിതനായിഅദ്ദേഹം ശോഭിച്ചു. നാം പരമാവധി മററുള്ളവക്കു് പ്രയോജനപ്പെടണമെങ്കിൽ നമ്മുടെ സേവനം നിസ്വാത്ഥമായിരിക്കണമെന്നു് ഇതു തെളിയിക്കുന്നു. സാമൂഹ്യസേവനത്തിനിറങ്ങുന്നവരിൽ ഏററവുമുറും സ്വാത്ഥനമ്മയെ അന്വേഷിക്കുകയും, അപൂർവ്വം ചിലർ മുന്നോട്ടുപോയാൽ അവർ സ്വാത്ഥതയിൽ നിപതിച്ചു് അജ്ഞാതരാകുകയുംചെയ്യും. ദുരിതങ്ങളും പ്രയാസങ്ങളും തരണംചെയ്തു് ഉയർന്ന ശൃംഗങ്ങളിൽ ചെല്ലുന്നവർ തുലോം ചുരുക്കവുമായിരിക്കും. ഇപ്രകാരം പരോപകാരം അടിസ്ഥാനവും, നിസ്വാർത്ഥസേവനം മാർഗ്ഗവും, നിഷ്കാമകർമ്മം ഫലദായകവും ആണു് സാമൂഹ്യസൽപ്രവൃത്തികളുടെ നേട്ടനിദാനങ്ങൾ

നിസ്വാത്ഥസേവനം, സേവിക്കപ്പെടുന്ന ആളിൻെറ ആനന്ദം മാത്രം കരുതുന്നു. ഇതാണേററവും ഉന്നതമായ സേവനം എന്നു് ശ്രീരാമകൃഷ്ണൻ പറയുന്നു. പരിശുദ്ധനായി ജീവിച്ചു് അന്യനു് നന്മ ചെയ്യുക. ഇതു മാത്രമാണു് യഥാത്ഥമായ ദൈവാരാധന. ദരിദ്രരിലും ബലഹീനരിലും രോഗികളിലും ദൈവത്തെ കാണുന്നയാൾ ദേവാലയത്തിൽ മാത്രം ദൈവത്തെ കാണുന്ന ആളിനേക്കാൾ ശ്രേഷ്ഠനാണു്. (സ്വാമി വിവേകാനന്ദൻ)

പ്രവൃത്തി എന്തായിരുന്നാലും അതു് നല്ല ഫലങ്ങൾ തരുന്നുവെങ്കിൽ, സൽപ്രവൃത്തികളാണു്. സാമൂഹ്യസേവനംകൊണ്ടു്സൽഫലം ലഭിക്കുന്നതിനാൽ അതു്സൽപ്രവൃത്തിയിൽപെട്ടതാണെന്നു് സമർത്ഥിക്കാം. നിന്റെ സൽപ്രവൃത്തി നിനക്കു് സന്തോഷമുണ്ടാക്കുകയും നിന്റെ ദുഷ്പ്രവൃത്തി നിന്നെ സന്തപിപ്പിക്കുകയും ചെയ്യുന്നുവെങ്കിൽ നീ യഥാർത്ഥവിശ്വാസിയാണു്. എന്നു നബി പറയുന്നു. നാം ജീവിക്കുന്നതു പ്രവൃത്തികളിലാണു്. സ്നേഹം ദയ, സ്വാർത്ഥതയില്ലായ്മ എന്നിവകളാണു് കാരുണ്യപ്രവൃത്തിക്കു പ്രേരിപ്പിക്കുന്നതു്. സൽക്കർമ്മങ്ങൾ സങ്കല്പങ്ങളും ദുഷ്ക്കർമ്മങ്ങൾ കഷ്ടഫലങ്ങളും എപ്പോഴെങ്കിലും ചെയ്യാതിരിക്കുകയില്ല. അതിനാൽ എല്ലായ്പോഴും നന്മ ചെയ്യുക എന്നു ശ്രീബുദ്ധൻ ഉപദേശിച്ചിരിക്കുന്നു.

യാഥാർത്ഥ്യങ്ങൾ മൗലികാംശത്തിൽ നന്മയെക്കുറിക്കുന്നു, എന്ന തത്വമാണു് ചിന്തിക്കേണ്ടതു്. ലോകം നന്മനിറഞ്ഞതാണെന്നും, തിന്മയെ എന്നെങ്കിലും നന്മ കീഴടക്കും എന്നും മനുഷ്യൻ വിശ്വസിക്കേണ്ടിയിരിക്കുന്നു. ഏററവും നല്ലതു് പ്രതീക്ഷിച്ചാൽ ഏററവും നല്ലതു ലഭിക്കും എന്നുള്ളതാണു് അതിന്റെ തത്വശാസ്ത്രം. ''എല്ലാം നന്മക്കു്'' എന്നു കരുതുക. നന്മയുടെ സുന്ദരമായ ഗീതങ്ങൾ എപ്പോഴും ഉരുവിട്ടുകൊൾക. ദൈവം നല്ലവനാണെന്ന വിശ്വാസവും പ്രത്യാശയും ഒരു നല്ല ജീവിതം പടുത്തുയർത്തുന്നതിന്റെ ആവശ്യഘടകങ്ങളാണെന്നു് ബൈബിൾ പറയുന്നു.

# അദ്ധ്യായം ഇരുപത്തിമൂന്നു്

## സേവനമാണെന്റെ ലക്ഷ്യം

''സ്വാതന്ത്ര്യം മനുഷ്യനു് സഹജമാണെങ്കിൽ സേവനം ഒരു ദിവ്യഭാവമാണു്. അതെ! സേവനം മനുഷ്യരെ ദിവ്യരാക്കുന്നു.''

'സേവനം' എന്നതു് വളരെയേറെ അറിയപ്പെടുന്നതും പ്രശംസിക്കപ്പെടുന്നതും ആയ ഒരു സൽഗുണമത്രേ 'സേവകനും, കർത്താവും' എന്നതു് അതിപുരാതനമായ ഒരു ബന്ധമാണു്, സേവനഭാവം ലോകാരംഭം മുതലുള്ളതാകുന്നു; ആദാമും ദൈവവുമായി ഉണ്ടായിരുന്ന സംസർഗ്ഗം, ദൈവസേവനത്തെ പ്രതിയായിരുന്നെങ്കിൽ പിന്നീടു് ദൈവസാമീപ്യം ദുഷ്കരമായിത്തീർന്ന അവസരത്തിലാണു് ആയതിന്റെ മഹിമ അറിഞ്ഞതു്. ഇങ്ങനെ സേവനം ദൈവസേവനവും മനുഷ്യസേവനവുമായി തിരിഞ്ഞു. മനുഷ്യർക്കു് ദൈവസാമീപ്യം സമവിദൂരമായിത്തീർന്നതിനാൽ, സ്നേഹം, സേവനം എന്ന വ്യവസ്ഥകറം ആവശ്യമായി വന്നു. സംസർഗ്ഗം ചെയ്തു അനുഭവിക്കേണ്ട ആനന്ദം, ധ്യാനം, പ്രാർത്ഥന മുതലായ ആരാധനാമാർഗ്ഗത്തിൽ കൂടിയേ സാധിക്കൂ എന്നും, വന്നുകൂടി. സൽഗുണങ്ങളുടെ മാതാവായ 'സ്നേഹ'ത്തിന്റെ പുരോഗതിയിൽ ലഭിക്കുന്ന സൗഭാഗ്യമത്രേ സേവനമനഃസ്ഥിതി. സ്നേഹമന്ത്രമാണു് ക്രിസ്തുമതതത്വസമാഹാരം. സ്നേഹംകൊണ്ടു് അസാദ്ധ്യമായി ഒന്നുമില്ലെന്നു് അദ്ദേഹം ജീവിതത്തിൽ പകർത്തി തെളിയിച്ചുതന്നു. ''എന്നെസ്നേഹിക്കുന്നവൻ എന്റെ കല്പനകളെ പ്രമാണിക്കും.''എന്നാണു് ശ്രീയേശുദേവന്റെ തിരുമൊഴി. സേവനം ദാസത്വമാണെങ്കിൽ സ്നേഹം അതിനെ മഹത്വീകരിക്കുന്ന കിരീടമാകുന്നു. ഒരു യജ

മാനനുവേണ്ടി ദാസൻ മരിക്കുവാൻ തയ്യാറാകുന്ന സ്നേഹമാണു്, സേവനത്തെ ഉത്തേജിപ്പിക്കുന്നതു്. ഒരുവനുവേണ്ടി ഒരുത്തൻ മരിക്കുന്നതിനു കൂടിയ സ്നേഹമില്ലാ എന്നാണു് തിരുവചനം. വിനയം, ആത്മാത്ഥത, സ്നേഹം, സേവനം ഇവ നാലുമാണു് സമുൽകൃഷ്ടങ്ങളായ മഹദ്ഗുണങ്ങൾ. സേവനാസനധരും, സേവനസമ്പന്നരും അല്ലാത്ത മഹാന്മാരില്ല നിശ്ചയം. സേവനമാകുന്ന മൂശയിൽ സ്ഫുടം ചെയ്യപ്പെട്ട വ്യക്തികളാണു് മഹൽവ്യക്തികൾ. സേവനത്തിൻെറ വിശിഷ്ടത ഹേതുവായി 'യോഗ്യരുടെ തെരഞ്ഞെടുപ്പ്' (Survival of the fittest) എന്ന തത്വം ലോകത്തിൽ ആവിഷ്കരിക്കപ്പെട്ടു. ഉത്തമസേവനം വലതീരാത്തതാണു്. വിശ്വസ്തസേവനം കൂടുതൽ മഹത്വത്തിനു നമ്മെ യോഗ്യരാക്കുന്നു. മനുഷ്യജീവിതത്തിൽ സേവാത്മകങ്ങളായ പ്രവൎത്തനങ്ങൾ ഹൃദയതുല്യമാണു്. ദൈവീകസേവനം ദൈവപ്രസാദകരമാകുന്നതുപോലെ സേവനം അനുഷ്ഠിക്കുന്നവർക്കു് നന്മ വരും. സേവിക്കുന്നവരെ ലോകം വാഴ്ത്തുക തന്നെ ചെയ്യും.

സോറാസ്ട്രിയൻ മതഗ്രന്ഥത്തിൽ പറയുന്നതു് ആത്മജ്ഞാനം. മനുഷ്യസ്നേഹം, സേവനം എന്ന മൂന്നു കാര്യങ്ങളിലാണു് മനുഷ്യനു് ആദ്ധ്യാത്മീക വളർച്ചയുണ്ടാകേണ്ടതെന്നാകുന്നു. ആത്മജ്ഞാനം അഥവാ ആശദൈവത്തിൻെറ ശാശ്വതധർമ്മമായ സത്യമാണെന്നു് വ്യാഖ്യാനിച്ചിരിക്കുന്നു. സ്നേഹം എന്നതിനു് "നല്ലമനസ്സു്" എന്നത്ഥമാണു്. ആത്മജ്ഞാനവും, മനുഷ്യസ്നേഹവും മാത്രമുണ്ടായാൽ മനുഷ്യൻെറ പരിശ്രമം അവസാനിച്ചു എന്നു പറഞ്ഞുകൂടാ, കാരണം ഓരോ മനുഷ്യനും അനശ്വരതയും, പൂർണ്ണതയും പ്രാപിക്കും എന്നു സാരമുള്ള് വ്യക്തമായി ഉറപ്പുതരുന്നു. മനുഷ്യൻ ആദ്ധ്യാത്മീക മാർഗ്ഗത്തിൽ തേടുന്നതെന്തും എപ്പോഴും മനു

ഷ്യവംശത്തിൻെറ മുമ്പാകെ ഒരു സേവനമായി സമർപ്പിക്കുക എന്നതാണ് തത്വം. മനുഷ്യജീവിതത്തിലെ ഏററവും വലിയ കർമ്മം സേവനമാണ്. ഇതാണ് കർമ്മമാർഗ്ഗം അഥവാ സേവാമാർഗ്ഗം. സേവനത്തിനുള്ള ഏററവും ഉത്തമമായ പ്രതിഫലം കൂടുതൽ വലുതായ സേവനം അനുഷ്ഠിക്കാനുള്ള ശക്തിലഭിക്കുകയാണ്. മതതത്വങ്ങാം നിർദ്ദേശിക്കുന്ന പ്രധാന മാർഗ്ഗമാണ് കർമ്മമാർഗ്ഗം അഥവാ സേവാമാർഗ്ഗം. ദൈവത്തെ പ്രസാദിപ്പിക്കുകയും, മനുഷ്യസേവനം അനുഷ്ഠിക്കുകയും ചെയ്യുന്നതു് മോക്ഷകാരണവുമാകുന്നു. "ഞാൻ ശുശ്രൂഷിക്കപ്പെടുവാനല്ല വന്നതു് പിന്നെയോ അന്യരെ ശുശ്രൂഷിക്കുവാനും, അനേകക്കു് എൻെറ ജീവനെ മറുവിലയായി കൊടുപ്പാനും അത്രേ." എന്നരുളിച്ചെയ്ത കർത്താവിൻെറ ജീവിതം സേവനാ ജീവിതത്തിനു് ഉത്തമോദാഹരണമാണ്. സാധാരണ, ആളുകാം സുഖജീവിതത്തെ കാംക്ഷിക്കുകയും ആയതിന്നു് ഉതകുന്ന, ആരുടെയും എന്തുതരം സേവനങ്ങാം ഇഷ്ടപ്പെടുകയും ചെയ്യുന്നു. എന്നാൽ സേവനം അനുഷ്ഠിക്കുന്നവർക്കുള്ള സുഖമാണു് വാസ്തവത്തിൽ എത്രയും മധുരതരമായിരിക്കുന്നതു്.

ഹിന്ദുമതത്തിലെ 'സേവന'പാരമ്പര്യം കേവലം ശൂന്യമല്ലെങ്കിൽ വളരെ നിസ്സാരമാകുന്നു. വ്യക്തിപരമായ മോക്ഷപ്രാപ്തിയായിരുന്നു—ആകുന്നു—ഹിന്ദുധർമ്മത്തിൻെറ പരമലക്ഷ്യം. തന്നിമിത്തം ഇന്നത്തെ അർത്ഥത്തിലും, അനുഭവത്തിലും ഉള്ള 'സേവനം'—സമുദായസേവനം, രാജ്യസേവനം; സാധുസേവനം മുതലായവ ഹിന്ദുമതചരിത്രത്തിലില്ലെന്നു പറയാം. വലിയ ഋഷീശ്വരന്മാരും, മുനിശ്രേഷ്ഠന്മാരും, ഭക്തശിരോമണികളും ജ്ഞാനാദ്ധ്യക്ഷന്മാരും എല്ലാം അവരെ സമീപിക്കുന്നവർക്കു് ജ്ഞാനോപദേശവും, മാർഗ്ഗനിർദ്ദേശ

വും ചെയ്തുകൊണ്ടിരുന്നതല്ലാതെ, ജനതാമദ്ധ്യത്തിൽ ഇറങ്ങിച്ചെന്നു്, ആതുരരക്ഷ, ദീനചികിത്സ, ദാരിദ്ര്യശാന്തി, മുതലായ പൊതുജനശുശ്രൂഷകരം—പൊതുജനസേവനങ്ങരം—നിർവ്വഹിപ്പിരുന്നതായി അധികമൊന്നം കാണുകയില്ല. ഭർത്തൃപരിത്യക്തയായ സീതയെ സ്വീകരിക്കുകയും, ലവകുശന്മാരെ വളർത്തുകയും മററും ചെയ്ത വാത്മീകിമഹർഷിയാണു് ഒന്നാമത്തെ പ്രസവാസ്പത്രിയും, ആതുരശാലയും, അനാഥമന്ദിരവും മററും സ്ഥാപിച്ചതെന്നു ഊററത്തിനുവേണ്ടി പറയാമെങ്കിലും, ആ വക യൊന്നും ഹിന്ദുധർമ്മത്തിലെ അനിവാര്യങ്ങളും സാധാരണങ്ങളുമായ കർമ്മപദ്ധതികരം ആയിരുന്നില്ല. യഥാർത്ഥത്തിൽ ലോകചരിത്രത്തിൽ 'സേവനം' എന്ന നൂതനാദർശത്തെ ആവിഷ്ക്കരിച്ചതും, രൂപപ്പെടുത്തി പ്രചാരപ്പെടുത്തിയതും ശ്രീബുദ്ധനാണു്. അഹിംസാവ്രതത്തിൻെറ സജീവവും സുന്ദരവുമായ ഒരു പ്രകടനമായിരുന്നു, ആതുരശാലകളും, ആസ്പത്രികളും അനാഥമന്ദിരങ്ങളും വിജ്ഞാനവിതരണസ്ഥാപനങ്ങളും മററും. സമുദായസേവനത്തെ ഒരാവശ്യമായും ആദർശമായും, ഉന്നയിച്ചതും, ഉയർത്തിയതും ശ്രീബുദ്ധൻ തന്നെ. പിന്നീടു് ക്രിസ്തുമതാനുയായികരം സമുദായസേവനകാര്യങ്ങളെ കണ്ടു പഠിച്ചതും, കൊണ്ടുപിടിച്ചു് പ്രചാരപ്പെടുത്തിയതും ഇന്നു ക്രിസ്തുമതത്തിനു് ഭൂമുഖത്തുള്ള പ്രചാരത്തിൻെറ പ്രധാനമായ ഒരു ഘടകം തന്നെ. ആമതക്കാരുടെ സേവനപദ്ധതികളാകുന്നതു്, ഇന്നും അവരുടെ വിജയത്തിൻെറ 'തുറപ്പുശീട്ടും' അതാകുന്നു. അവരുടെ പള്ളിക്കൂടങ്ങരം, അനാഥമന്ദിരങ്ങരം, ആശുപത്രികരം, തൊഴിൽശാലകരം മുതലായവ ക്രിസ്തുമതത്തിൻെറ പ്രചാരത്തിനുള്ള പ്രധാന കാരണം, അവരുടെ സേവനങ്ങളുടെ ആകർഷകത്വവും അഭികാമ്യതയുമാണെന്നു് നമുക്കറിയാവുന്നു

താണ്. ഏതു വശത്തുകൂടി നോക്കിയാലും, ഈ സംരംഭം സർവ്വഥാ സ്വാഗതാർഹണീയമാകുന്നു. (പുത്തേഴത്തു് രാമൻമേനോൻെറ ഒരു ലേഖനത്തിൽ നിന്നു്) ഇന്നു 'സേവനം' വെറും സേവ മാത്രമായിട്ടു് അധഃപ്പതിച്ചു് കാണുന്നുണ്ടു്. ഹിന്ദുമതപ്രകാരം ദൈവസേവയാൽ വരം ലഭിക്കുന്നതു് ഈശ്വരൻ സ്വയം പ്രത്യക്ഷപ്പെട്ടിട്ടാണെന്നാണ്. കൂടാതെ പല്ലുകല്പനകളിൽ പ്രഥമവും, ദ്വിതീയവും ദൈവസേവനത്തെപ്പററിയാണല്ലോ. ദൈവത്തെ ഒഴിച്ചു്, ആരേയും ഒന്നിനേയും ആരാധിപ്പാനോ, സേവിപ്പാനോ അവകാശമില്ല. സേവമൂലം സേവിക്കപ്പെടുന്ന ആളിനു് അനിയന്ത്രിതമായ സ്വാധീനശക്തിയും തുടർന്നു് അവസരസേവകത്വവും, സ്തുതികീർത്തനങ്ങളും നടത്തത്തക്ക പരിതസ്ഥിതികളും സംജാതമാകുകയാൽ, അതു് യാഥാർത്ഥ്യത്തിനു് വിപരീതമായ പലതിനും ഇടയാകുകയും ചെയ്യും. ഇപ്രകാരമുള്ള സേവകൊണ്ടു് മനുഷ്യൻ നീചപാപങ്ങൾക്കു് കാരണമാകാൻ എളുപ്പമാകയാൽ മനുഷ്യസേവ നിഷിദ്ധമാണു്. എന്നാൽ 'സേവനം' മനുഷ്യനു് ഉത്തമമായിത്തീരുന്നതു് —

1. സാമൂഹ്യസേവനം
2 സമുദായസേവനം (സാധുസേവനം)
3, ദേശീയസേവനം (രാജ്യസേവനം)
4. പൊതുസേവനം
5, ദൈവസേവനം, ഇവ വഴിയായിട്ടാണു്.

## 1. സാമൂഹ്യസേവനം

സമൂഹത്തിനു് അല്ലെങ്കിൽ ജനവിഭാഗത്തിനു്, അതായതു് ബന്ധംകൊണ്ടോ, സാമീപ്യംകൊണ്ടോ, സാജാത്യംകൊണ്ടോ, ഐക്യംകൊണ്ടോ, യോജിപ്പുള്ള കൂട്ടുകുടുംബങ്ങൾ, സമീപവാസികൾ, നിത്യസംസർഗ്ഗികൾ മുതലായവർക്കു—വേണ്ടി നടത്തുന്ന സഹായദാ

സൗകര്യങ്ങൾ ഉപാത്തക്ഷമത്തിനും, നന്മയ്ക്കും നിദാനമായിത്തീരുന്നുവോ, ആയതാണ് സാമൂഹ്യസേവനം., വ്യക്തിനന്മ, സമൂഹനന്മയ്ക്ക് കാരണമായി ഒരു ചെറിയ സമൂഹത്തെ പരമാവധി സമത്വസഹോദര്യ ലക്ഷ്യത്തിലെത്തിക്കുന്നതിന് സാമൂഹ്യസേവനം കാരണമാകുന്നു. ഇങ്ങനെ സാമൂഹ്യക്ഷേമപ്രവൎത്തനത്തിന് ലോകത്തെ വിഭജിക്കുന്നതായാൽ, തൊഴിലനുസരിച്ചും, സ്വഭാവമനുസരിച്ചും വിദ്യാഭ്യാസമനുസരിച്ചും മററും വിവിധ നിലകളിലുള്ളവർ ഉൾപ്പെടുന്ന ഒരു സമൂഹത്തെ ഉദ്ദേശിക്കാവുന്നതാണ്. സമൂഹത്തിലെ പോരായ്മകളും, യോജിപ്പുകുറവുകളും മററു കൂടുതൽ കുറവുകളും പരിഹരിക്കുവാനും, പര്യാപ്തമായ വ്യവസ്ഥിതി ആവശ്യമാണല്ലോ. പരസ്പരസംസർഗ്ഗം കൊണ്ട് ജീവിതം മേന്മപ്പെടുന്നതിനും, സാമൂഹ്യ അവശത പരിഹരിക്കുന്നതിനും, മററു എല്ലാവരേയും ഒരു പോലെ പ്രേരിപ്പിക്കുന്ന പ്രഥമപടി മാത്രമാണ് സാമൂഹ്യസേവനം. സഹായം, ദാനം, സംരക്ഷണം, (ഭദ്രത) എന്നിവകൊണ്ടാണിതു സാധിക്കുന്നതു്. സാമൂഹ്യസേവനത്തിൻെറ ഉപദേശം, നേർവഴിപ്രയാണം, സമ്പൂർണ്ണഅവശതാപരിഹാരം, ക്ഷേമത്തിലേക്കുള്ള ചുവടുവയ്പ്, ജ്ഞാനപ്രകാശനം മുതലായവകളാണ്. കേടുപാടുകൾ പിടിച്ച സമൂഹത്തെ പുനരുദ്ധരിക്കുന്ന പരിശ്രമമാണ് സാമൂഹ്യസേവനം. സാമൂഹ്യസേവനത്തിനുള്ള മാർഗ്ഗങ്ങൾ, പൊതുജനങ്ങളുടെയിടയിൽ സാമൂഹ്യബോധം വളർത്തുക, പൊതുസഹകരണം മുതലായവകളാണ്, സാമൂഹ്യപ്രവൎത്തകർ സാമൂഹ്യസേവനത്തിൻെറ ബാലപാഠങ്ങൾ പഠിപ്പിക്കുക മാത്രമാണ് ചെയ്യുന്നതു്. 'ശീലിച്ചതു് പാലിക്കും.' എന്ന തത്വമനുസരിച്ച് ബാക്കി ഫലപ്രദമായതു് സ്വയം പിൻതുടർന്നുകൊള്ളുമല്ലോ മനുഷ്യർ പലതരത്തിലാ

ണല്ലോ. നിസ്വാർത്ഥരും, സ്വാർത്ഥമതികളുമുണ്ട്; യോഗ്യന്മാരും, അയോഗ്യന്മാരുമുണ്ട്; കഴിവുള്ളവരും, ഇല്ലാത്തവരുമുണ്ട്; സ്നേഹിക്കുന്നവരും, സ്നേഹിക്കാത്തവരുമുണ്ട്; ധനവാന്മാരും, ദരിദ്രന്മാരുമുണ്ട്. ഒന്നിന്റെ മറുവശം മറ്റൊന്ന്—പകലും രാത്രിയുംപോലെ; സുഖവും ദുഃഖവുംപോലെ; ഗുണവും ദോഷവുംപോലെ; സൗന്ദര്യവും വൈരൂപ്യവുംപോലെ, പ്രകൃതിയുടെ കൂടെപ്പിറപ്പായ ഈ ദ്വന്ദ്വഭാവം, എവിടെയും ഏതൊരു വസ്തുവിലും കാണാം. വൈരുദ്ധ്യാത്മകങ്ങളായ ഈ ഗുണവിശേഷങ്ങൾ ഒരുമിച്ച് ഒരിടത്ത് സമ്മേളിക്കാത്തതുപോലെ തന്നെ പരസ്പരം അടുക്കാത്ത വേറെയും ചില ഗുണങ്ങളുണ്ട്. അപരിമിതമായ കഴിവുകളും നിഷ്കളങ്കമായ ആത്മാർത്ഥതയും അത്രയെളുപ്പം യോജിക്കുന്നവയല്ല. അളവററ സ്വത്തുള്ളവർ ലുബ്ധരായിരിക്കും; നിവൃത്തിമാർഗ്ഗമില്ലാത്തവൻ രതിദേവനമായിരിക്കും; ഈ ദ്വന്ദ്വഭാവങ്ങൾ സമുചിതമായി സമ്മേളിക്കപ്പെട്ടിട്ടുള്ള വ്യക്തികളെ വളരെ ചുരുക്കമായിട്ടേ കാണാൻ കഴിയൂ. ഈ പ്രകൃതിവൈരുദ്ധ്യങ്ങളെ രമ്യപ്പെടുത്തുന്ന ഒന്നാണ് സാമൂഹ്യസേവനം. "എല്ലാ മനുഷ്യരും അവനവന്റെ കാര്യം ശരിപ്പെടുത്തുമ്പോൾ സാമൂഹ്യമായ ജോലി നിർവ്വഹിക്കപ്പെടുകയാണ് ചെയ്യുന്നത്." എന്ന് ഒരു ഡാനീഷ് പഴഞ്ചൊല്ലുണ്ട്. "തന്റെ അയൽവാസി വിശന്നു കിടക്കുന്ന അവസ്ഥയിൽ, തിന്നു വയറു നിറക്കുന്നവനല്ല, യഥാർത്ഥ വിശ്വാസി" എന്നു നബി പറഞ്ഞിരിക്കുന്നു. ഒരുവന്റെ പ്രവൃത്തിയുടെ ഫലംകൊണ്ടുമാത്രം ഒരുവൻ സഹിക്കേണ്ടിവരുന്നില്ലെന്നും, പ്രത്യുത, സമൂഹത്തിന്റെ ദോഷപ്രവൃത്തികൊണ്ട് ഒരുവൻ കഷ്ടപ്പെടേണ്ടതായി വരുമെന്നും ആണ് ക്രിസ്തു പഠിപ്പിച്ചിട്ടുള്ളത്. അതുകൊണ്ട് സാമൂഹ്യപരിഷ്ക്കരണവും സാമൂഹ്യസേവനത്തിൽ ഉൾപ്പെടുന്നതായി നമുക്ക് കാണാം.

ഒരു സമൂഹത്തിന്റെ സാമൂഹ്യഭാവം (വ്യക്തിത്വം) ഇല്ലായ്മ ചെയ്താൽ ആ സമൂഹം തന്നെ നശിച്ചതിനു തുല്യമാവും. ധാർമ്മികജീവിതത്തിന്റെ നിലവാരം താഴ്ത്തിക്കൊണ്ട് കുടുംബഭദ്രതയും, സാമൂഹ്യരാഷ്ട്ര ക്ഷേമങ്ങളും കൈവരുത്താവുന്നതല്ല. നാട്ടിൽ ധർമ്മനിഷ്ഠയും, ത്യാഗവും, സേവനവും എന്ന ജീവിതാദർശങ്ങൾ അഭിവൃദ്ധിപ്പെടുമ്പോൾ സുഭിക്ഷതയും സന്തോഷവും കളിയാടും.

സാമൂഹ്യസേവനമെന്നതിന്റെ നിർവ്വചനം സാമൂഹ്യവിപ്ളവമെന്നാണ്. വ്യക്തിജീവിതത്തിനു സമൂഹപരമായ അർത്ഥംകൊടുത്ത് അതെല്ലാവരെക്കൊണ്ടും ജീവിതത്തിൽ പകർത്തിക്കുന്ന രീതിതന്നെ ഒരു വലിയ സാമൂഹ്യപരിഷ്കാരമത്രേ, ''സാമൂഹ്യമനുഷ്യൻ'' കൂലിക്കുവേണ്ടി പണിയെടുക്കുകയല്ല വേണ്ടത്. പിന്നെയോ സമൂഹനന്മയെ ലാക്കാക്കി വേണം ജനങ്ങൾ വേലചെയ്യുവാൻ. 'സേവനം' ആയിരിക്കണം വേലയുടെ ആദർശവും മുദ്രാവാക്യവും. വിദ്യാഭ്യാസത്തിന്റെ ഉദ്ദേശം തന്നെ സമൂഹസേവനമാണ്. ആറുദിവസം തൻകാര്യം നോക്കിയിട്ട് ഏഴാംദിവസം മനസ്സാക്ഷിയുടെ പള്ളിയിൽ പോകുന്നതല്ല സാമൂഹ്യസേവനം. അത് സർവ്വസ്പർശിയായ ഒരു പ്രവർത്തനമാണ്.

> ''വിനീതസേവനമാണ് ജ്ഞാനമാർഗ്ഗം.
> അതാണ് ബുദ്ധിയും വാസനകളും വികസിപ്പിക്കാനുള്ള വഴി.''

## 2. സമുദായസേവനം

ഒരു വ്യക്തി വളരുന്നത് സമുദായത്തിലേക്കാണ്. അപ്പോൾ അവൻ സമുദായത്തിന്റെ അംഗമായിത്തീരുന്നു. പ്രായപൂർത്തിയായവന്റെ സാമൂഹ്യനില

സമ്പൂർണ്ണരായും സമുദായമദ്ധ്യത്തിൽ വികസിക്കുകയാണ്. സമുദായത്തിൽ വ്യക്തിപരമായ അവൻെറ നില, ഗതി, നിഷ്ഠകൾ മുതലായവ അലിഞ്ഞുചേരുന്നു. വ്യക്തികളായ അംഗങ്ങൾ മററു സമുദായാംഗങ്ങളുമായി അവതാരതമ്യപ്പെട്ടു പൊരുത്തപ്പെട്ടുതേണ്ടിവരുന്നു, സമുദായകർമ്മങ്ങൾ അവനവലംബം ചെയ്യുന്ന സാമുദായികാചാരങ്ങൾക്ക് അവൻ സ്വയം ബാദ്ധ്യസ്ഥനാകുന്നു; അവൻ വളരുന്നു. പുരോഗമിക്കുന്നു. സമുദായം അവനെ സ്വന്തമാക്കുന്നു. അവനവൻെറ സമുദായം അവരവർക്ക് രക്ഷയ്ക്ക് കാരണമാണ്. സമുദായം മതവിഭാഗം എന്ന സങ്കുചിത അർത്ഥത്തിൽ ആളുകൾ കണക്കാക്കി വരുന്നു. എന്നാൽ മതസമൂഹം തന്നെയെങ്കിലും അതു ദേശസംസ്ക്കാരാദികളിൽ വികസിച്ച ഒരു പൊതുസമൂഹമായിരിക്കും 'ഒരു സമുദായം ഒരു സംസ്ക്കാരം' എന്നതാണ് കണക്ക്. അവാന്തരവിഭാഗങ്ങളെ അതു് ഗണ്യമാക്കിയെന്നു് വരികയില്ല. സമുദായജീവിയായ മനുഷ്യൻ പരിവർത്തനം ചെയ്യത്തക്കവണ്ണം സമുദായമാണ് ഘടന സൃഷ്ടിച്ചിരിക്കുന്നതു്.

സമുദായസേവനത്തിൽ പ്രധാനം സാധുസേവനമാണ്. ഹിന്ദുമതസിദ്ധാന്തങ്ങളിൽ 'സാധുക്കൾ' എന്നൊരു കൂട്ടരെ വിവക്ഷിക്കുന്നുണ്ട്. അതു് ധനദരിദ്രരും; ജ്ഞാനസമ്പന്നരുമായ സന്ന്യാസികളെയാണ് വിവക്ഷിക്കുന്നതു്. യഥാർത്ഥസാധുക്കൾക്ക് ഇപ്രകാരം ലൗകികമായ ബന്ധനങ്ങളില്ലെന്നും; എന്നാൽ അവർ ആദ്ധ്യാത്മികനിറവുള്ളവരാണെന്നും കാണുന്നതിനാൽ അവരെ സമുദായസ്വത്തായി കരുതി: അവരെ സേവിക്കാനായിട്ടു് സമുദായം നിശ്ചയിച്ചിരുന്നു. ഇവരാണ് ആദ്യം പുരോഹിതന്മാരും മഹർഷിമാരുമായി കോവിലുകളും, ദേവാലയങ്ങളും മററ് സ്ഥാപിച്ചു

തെന്നു് സങ്കൽപ്പിക്കാം. അവർ സമുദായത്തിനുവേണ്ടി പ്രയത്നിക്കുകയാൽ അതിനു് പകരമായി അവരെ ബഹുമാനപൂർവ്വം മറ്റുള്ളവർ സേവിക്കുകയും ചെയ്തുവന്നിരുന്നു. ഇന്നു് സാധുക്കൾ 'വെറും പാവങ്ങൾ' എന്ന അർത്ഥത്തിൽ കാണുന്നു. സമുദായാംഗങ്ങളായ ഈ സാധുക്കളെ രക്ഷിക്കുവാൻ ചുമതലപ്പെട്ടതു് സമുദായമാണു്. കുടുംബമോ, സമുദായമോ നമുക്കുവേണ്ടി ചെയ്യുന്നതിനെയാണു് സാമുദായിക ഭദ്രതയെന്നു പറയുന്നതു്. അതു പ്രേമബന്ധം, സ്നേഹം, വ്യക്തിമാഹാത്മ്യം, കുടുംബ വ്യവസ്ഥ മുതലായ കാര്യങ്ങളിലുള്ള ഭദ്രതയെയാണു് നമുക്കു നൽകുന്നതു്. സമുദായനീതികൾക്കു് വിരുദ്ധമായി നാം ജീവിച്ചാൽ നാം പുറത്താക്കപ്പെടും. അതുകൊണ്ടു് സമുദായസേവനം മൂലം സമുദായത്തെ ഒററക്കെട്ടായി സേവിക്കുകയും, സാമുദായിക ഭദ്രത, സാമുദായനീതികൾ, സാമുദായവ്യവസ്ഥിതിയുടെ സുസ്ഥിരത, മുതലായവയാൽ സമുദായത്തെ പുരോഗമിപ്പിക്കുകയും ചെയ്യേണ്ടതാണു്. ഇപ്രകാരം സമുദായാഭിവൃദ്ധി വരുത്തുന്നതിനു് കാലദേശാവസ്ഥയനുസരിച്ചു് സാമുദായിക നിയമങ്ങൾ ഭേദഗതി ചെയ്തു് പരിഷ്ക്കരിക്കുകയും, അനാചാരങ്ങളും അന്ധവിശ്വാസങ്ങളും ഉപേക്ഷിക്കുകയും ആവശ്യമാണു്. സമുദായത്തിലുള്ള ന്യൂനപക്ഷങ്ങളുടെ സംരക്ഷണം, 'അവശരെ സമുദ്ധരിക്കുക, സാധുസേവനം മുതലായവയും സമുദായസേവനം ആകുന്നു, സ്വസമുദായത്തിന്റെ ക്ഷേമം നമ്മുടെയും (എല്ലാവരുടെയും) ക്ഷേമമാണെന്നുള്ളതു് സ്മരണീയമാണു്. വിദ്യാഭ്യാസം, ധനം, ദേശാഭിമാനം, സേവനസന്നദ്ധത ഇവയുള്ള പൗരന്മാർ സമൂഹത്തെ യഥാശക്തി സഹായിച്ചുകൊണ്ടിരിക്കണം. നന്മയേയും, കാരുണ്യത്തേയും സദാചാരത്തേയും സ്നേഹത്തേയും അന്വേഷിക്കുകയെന്നതാണു് മനുഷ്യധർമ്മം'' എന്നു നബി അരുളിച്ചെയ്തിരിക്കുന്നു.

സമുദായസേവനം, അത്യുന്നതമായ ഒരാദർശവും പ്രവർത്തിക്കുവാൻ ഏതെങ്കിലും ശക്തിയുള്ളവരുടെ എല്ലാം നിരന്തരമായ പരിശ്രമത്തിൻ ലക്ഷ്യമായിരിക്കേണ്ടതുമാകുന്നു. തന്റെ സ്വന്ത സമുദായം ഉയരണം; പുരോഗതി പ്രാപിക്കണം; സമുദായാംഗങ്ങളായ ജനങ്ങൾ വിദ്യാഭ്യാസമുള്ളവരായിരിക്കണം; അവരുടെ സാമ്പത്തിക അവശതകൾ മാറണം; ഇവയൊക്കെയായിരിക്കണം ലക്ഷ്യം.

> "ധർമ്മത്തിൽ നിന്നും, യഥാർത്ഥ ത്യാഗത്തിൽ നിന്നും വിമുഖരാകാതെയും, അതിപ്രധാനമെന്ന് തെററിദ്ധരിക്കാതെയും നടത്തുന്ന സമുദായസേവനമാണ് നല്ലത്."

## 3. ദേശസേവനം

ദേശസേവനം അഥവാ രാജ്യസേവനം പരിഷ്കൃതജനങ്ങളുടെ ഒരു പ്രത്യേകതയാണ്. നമ്മുടെ മാതൃരാജ്യത്തിന്റെ ഭൗമികമായ അഭിവൃദ്ധി, ദേശങ്ങളിലെ ജനങ്ങളുടെ ക്ഷേമം, മുതലായ വസ്തുവേണ്ടി പ്രയത്നിക്കുകയാണ് ദേശസേവനംകൊണ്ട് സാധിക്കുന്നത്. ജനകീയയുഗത്തിൽ ഇന്ന് അത് വളരെയേറെ സാദ്ധ്യമാണ്. ദേശസേവകർ, ഗ്രാമോദ്ധാരണപദ്ധതികൾ ഗവർമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും അതു നടപ്പിൽ വരുത്തുവാൻ വേണ്ടത്ര സഹകരണങ്ങൾ നൽകുകയും ചെയ്യണം. റോഡുകൾ വെട്ടുക, കുളിക്കടവുകൾ കെട്ടുകമുതലായ മരാമത്തു പണികൾ എന്നീ പൊതുജനാരോഗ്യകരങ്ങളായ പല പദ്ധതികളും, പള്ളിക്കൂടങ്ങൾ സ്ഥാപിച്ച് വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുക, തൊഴിലില്ലായ്മയെ പരിഹരിക്കുവാൻ വേണ്ട യന്ത്രശാലകൾ മുതലായവ ഉണ്ടാക്കുക തുടങ്ങിയ മററു പല പദ്ധതികളും നമുക്ക് ഇന്നാവശ്യമാണ്. ദേശസേ-

വനമനഃസ്ഥിതിയുള്ളവർ മുന്നോട്ടിറങ്ങി പ്രവർത്തിക്കുന്നപക്ഷം നമ്മുടെ രാജ്യം ക്ഷേമരാഷ്ട്രമായി ഉയരും. പ്രാദേശികമനോഭാവത്തെക്കാറം രാജ്യത്തിന്റെ ഏകതാനതയ്ക്കായി ശ്രമിക്കുന്നതു് പൊതുവെയുള്ള ഒരു നന്മയ്ക്കായിത്തീരുന്നതാണു്. സോഷ്യലിസം, സർവ്വോദയം മുതലായ നവ്യവ്യവസ്ഥിതികറം ആവിഷ്ക്കരിക്കുന്നതു് ദേശസേവനത്തെ അടിസ്ഥാനമാക്കിയാണു്.

> സേവനം വ്യക്തിക്കു്, ഭക്തി സമുദായത്തോടു്. സേവനത്തിനു് ദൈവത്തോളം എത്താനുള്ള കഴിവുണ്ടു്.–വിനോബാജി.

## 4 പൊതുസേവനം

പൊതുസേവനം; മനുഷ്യരാശി മുഴുവൻ ഉറപ്പെടയുള്ള ലോകസേവനമാണു്. ഇപ്രകാരമുള്ള സേവനം അനുഷ്ഠിക്കുന്നവർ ലോകമഹാചാര്യന്മാരും, അദ്ധ്യാത്മസേവനം നടത്തുന്നവലിയ ഗുരുക്കന്മാരും. വിശ്വസംസ്ക്കാരത്തെ പുരസ്ക്കരിച്ചു് കവിതകളും സാഹിത്യഗ്രന്ഥങ്ങളും രചിച്ചു് വിദ്യാഭ്യാസസേവനം പുലർത്തുന്ന മഹാകവികളും, എഴുത്തുകാരും, വിവിധതുറകളിലും, വിഷയങ്ങളിലും പ്രാവീണ്യമുള്ള വിദഗ്ദ്ധന്മാരും ആകുന്നു. അവരുടെ ലക്ഷ്യം, വിശ്വസംസ്ക്കാരാദർശം, പരിഷ്കൃതാശയപ്രകാശനം സൽനീതി, സമാധാനം മുതലായവകളാണു്. ലോകചരിത്രത്തിൽ പൊതുസേവകർക്കു് അദ്വിതീയമായസ്ഥാനം ലഭിച്ചിട്ടുണ്ടു്. പൊതുവെ മനുഷ്യവർഗ്ഗത്തിനു് സമത്വം, സാഹോദര്യം, സ്വാതന്ത്ര്യം മുതലായ ലഭിച്ചു് സമുദ്ധരിക്കപ്പെടുന്ന വിശാലലക്ഷ്യത്തിലേക്കു് നമ്മുടെ സേവനമനഃസ്ഥിതി ഉയരുന്നതു് മാനവരാശിയുടെ മേന്മയെയാണു് കുറിക്കുന്നതു്. ''പൊതുസേവകന്മാർക്കു് പ്രകൃതി, വികൃതി; സംസ്ക്കാരം എന്നിവ

യെപ്പററി ശരിയായ ബോധം ഉണ്ടായിരിക്കണം. പാൽ പ്രകൃതിയും, പാലിൽ നിന്നു് വെണ്ണയുണ്ടാകുന്നതു് സംസ്ക്കാരവും, നല്ല പുഷ്പങ്ങളിൽനിന്നു് മദ്യം ഉണ്ടാക്കുന്നതു് വികൃതിയും ആണു്.''—വിനോബാ)

> ''ഒരുവൻ നല്ലവനായിരിക്കുക എന്നതാണു് ലോകത്തിൽ അവനു് ചെയ്യാവുന്ന ഏററവും വലിയ സേവനം.''—റൗളണ്ട്ഹിൽ.

> ഈ ലോകത്തിൽ ഏററവുമധികം സന്തുഷ്ടി നൽകുന്നതു് നമ്മുടെ സമസൃഷ്ടങ്ങളെ സേവിക്കാൻ സാധിക്കുന്നതിലാണു്.
>
> —ചാറസ് W. എലിയട്ട്

## 5. ദൈവസേവനം

ലോകം പുരാതനകാലം മുതൽക്കെ ദൈവത്തിലും മതത്തിലും വിശ്വസിച്ചുപോന്നു. ദൈവത്തെ പ്രസാദിപ്പിക്കുവാൻ ഓരോ മതങ്ങളും വേണ്ട ആചാരങ്ങളും നിഷ്ഠകളും ക്രമീകരിച്ചു. എന്നാൽ ഇന്നു് ദൈവികസേവനമെന്ന മറയിൽ, അതു അധഃപ്പതിച്ച്, നിരീശ്വരവാദം, പരിണാമാദിസിദ്ധാന്തങ്ങൾ, കമ്മ്യൂണിസം മുതലായവ പൊന്തിവന്നുതുടങ്ങി. യഥാർത്ഥദൈവികസേവകർ ഇന്നു് ഈ ശത്രുക്കളുമായി കുരിശുയുദ്ധം നടത്തി ദൈവികസേവനം, നിർമ്മലവും പരിശുദ്ധവുമായ ആരാധനയാക്കിത്തീർക്കേണ്ടിയിരിക്കുന്നു. ''യഹോവാ ഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു.'' എന്നാണു് സുഭാഷിതം. ദൈവസേവനം കൊണ്ടുദ്ദേശിക്കുന്നതു് ദൈവനാമം മഹത്വപ്പെടുന്നതിനാണു്. യഥാർത്ഥത്തിൽ സേവനം, ആരാധനയാണു്. ആരാധിക്കേണ്ട, അഥവാ സേവിക്കേണ്ട ദൈവത്തെ—സത്യത്തെ—കണ്ടെത്തുവാൻ അന്വേഷണമുള്ളവർ ഇന്നുണ്ടാവണം.

അല്ലെങ്കിൽ പൗരാണികമായ എപ്പിക്കൂറിയൻ സിദ്ധാന്തത്തിലേക്ക് നാം അധഃപ്പതിക്കാനിടയുള്ളതിനാൽ അതുപോലെയുള്ള പ്രവണതകളെ സമൂലം നശിപ്പിക്കേണ്ടതാണ്. ഇംഗ്ലണ്ടിലെ പ്രധാനമന്ത്രിയായിരുന്ന കാർഡിനൽ വൂൾസി, തൻെറ ജീവകാലം മുഴുവൻ ചക്രവർത്തിയെ നന്നായി സേവിച്ചു. എന്നാൽ അയാറം വയസ്സനായപ്പോറം ചക്രവർത്തി അയാളെ കുഴമരത്തിലേക്കാനയിക്കുകയാണല്ലോ ചെയ്തതു്. ആ അവസരത്തിൽ അദ്ദേഹം പറഞ്ഞതു് "ഈ കാലമൊക്കെയും എൻെറ ദൈവത്തെ ഞാൻ സേവിച്ചിരുന്നെങ്കിൽ എൻെറ കർത്താവു് ഇതുപോലെ ഒരന്ത്യത്തിനു് എന്നെ അനുവദിക്കുകയില്ലായിരുന്നു" എന്നാണു്. അതുകൊണ്ടു് സേവിക്കുന്നവർ ദൈവത്തെത്തന്നെ സേവിക്കട്ടെ. മനുഷ്യസേവനമല്ല നമ്മുടെ ലക്ഷ്യം, ദൈവസേവനത്തിലേക്കു് നയിക്കപ്പെടുവാൻ നാം ശ്രമിക്കുക. അതാണു് ആവശ്യം, സേവനമാണു് എൻെറ ലക്ഷ്യം!!

"ദൈവത്തെ സേവിക്കുകയെന്നാലെന്തു്?
മനുഷ്യനു് നന്മ ചെയ്യുക തന്നെ."

—ഫ്റാങ്കിളിൻ

മനുഷ്യനെ മനുഷ്യനായി കാണാനും, മനുഷ്യനിൽകൂടി ദൈവത്തെ കാണാനും, മനുഷ്യസേവനമാണു് ദൈവസേവനമെന്നു് നാം ധരിക്കണം.

"പട്ടിണി കിടക്കുന്നവർക്കുവേണ്ടിയുള്ള സേവനം യഥാർത്ഥ ദൈവസേവയാണു്."

—വിനോബാജി

# അദ്ധ്യായം ഇരുപത്തിനാല്

## സാമൂഹ്യസമ്പർക്കോദ്യമങ്ങൾ

"ഒരു വർഷമാണ് പ്ലാൻ ചെയ്യുന്നതെങ്കിൽ ധാന്യം വിതയ്ക്കുക; നൂറുവർഷമാണെങ്കിൽ വൃക്ഷം നടുക; ആയിരം വർഷമാണെങ്കിൽ മനുഷ്യനെ വളർത്തുക."

—ചൈനയിലെ പഴഞ്ചൊല്ല്.

"ജീവിതത്തിന്റെ വ്യർത്ഥത സ്ഥിതിചെയ്യുന്നത്, നാം നൽകാത്ത സ്നേഹത്തിലും ഉപയോഗിക്കാത്ത ശക്തികളിലും, ആപത്തിൽനിന്ന് ഒഴിഞ്ഞു മാറുന്നതിനുള്ള വ്യഗ്രതയ്ക്കിടയിൽ ആനന്ദത്തെ അനുഭവാതീതമാക്കുന്ന ഭീരുത്വസങ്കലിതമായ സ്വാർത്ഥതയിലുമാണ്." —മേരി ചാൻമാൻഡലെ

'ഒരു മനുഷ്യനും ഒരു ദ്വീപല്ല' എന്ന് സുപ്രസിദ്ധഗ്രന്ഥകാരനായ മിന്തുമസാനി പറഞ്ഞിട്ടുണ്ട്. അതായത് സാമുദായികജീവിതം വളരെയധികം സങ്കീർണ്ണമായും ശൃംഖലാത്മകമായും തീർന്നിരിക്കുന്ന ഇക്കാലത്ത് ഒരു മനുഷ്യനും, സമുദായത്തിന്റെ മററു ഭാഗങ്ങളിൽ നിന്ന് ഒററപ്പെട്ട് ഒരു ദ്വീപാകുവാൻ കഴിയുകയില്ല. ആളുകൾ പരസ്പരസംസർഗ്ഗത്തിലേർപ്പെടുകയെന്നത് വെള്ളവും വായുവുംപോലെ അത്യാവശ്യമാണ്. സമ്പർക്കംകൊണ്ടല്ലാതെ ശരിക്കു വളരാൻ കഴിയാത്ത ഒരു ജന്തുവാണ് മനുഷ്യൻ. അങ്ങനെയുള്ള സമ്പർക്കം എത്രത്തോളം വ്യാപകവും, വിവിധവും ആയിരിക്കുന്നുവോ, അത്രത്തോളമായിരിക്കും അതിന്റെ വളർച്ച.

മനുഷ്യൻ വ്യക്തിയായിട്ടാണോ, അതോ സമൂഹമായിട്ടാണോ ജീവിതം ആരംഭിച്ചതു് എന്നു് ഒരു സംശയമുണ്ടു്. ഏതായാലും ഇന്നു അവൻ ഒരു സമൂഹചരജീവിയാണു്. മനുഷ്യൻ സമൂഹസൃഷ്ടിയാണെന്നാണതിന്റെ അർത്ഥം. സമൂഹസമ്മർദ്ദത്തിൽനിന്നു് എക്കാലവും ഒഴിഞ്ഞു നിൽക്കുവാൻ ഒരു മനുഷ്യനും സാദ്ധ്യമായെന്നു് വരികയില്ല. ഒരാളുടെ പെരുമാററം അയാളെ മാത്രമല്ല, മററാരാളെക്കൂടി ബാധിക്കുന്നു എന്നു് പറയുമ്പോഠം വ്യക്തിനിഷ്ഠമായ നിശ്ചയദാർഢ്യത്തിനു് ഉലച്ചിലുണ്ടാകാതെ തരമില്ലല്ലോ.

പ്രപഞ്ചത്തിൽ നിന്നു് നിർദ്ധാരണം ചെയ്യാവുന്ന രണ്ടു പരമതത്വങ്ങഠം നാം സമൂഹമായി ജീവിക്കുന്നു എന്നും നമുക്കു സമൂഹമായി തന്നെ ജീവിക്കണമെന്നുമുള്ളതാണു്; മനുഷ്യനേക്കാഠം ഉൽകൃഷ്ടനായ ഒരു ജീവി ഇന്നു ഭൂമുഖത്തില്ല. എന്നാൽ മനുഷ്യൻ ഒരു സാമൂഹ്യജീവിയാണു്. ഒററതിരിഞ്ഞു ജീവിക്കുവാൻ അവനു് സാദ്ധ്യമല്ല. അവൻ അതു് ഇഷ്ടപ്പെടുന്നുമില്ല. സാമൂഹ്യജീവിയായ മനുഷ്യനു് തന്റെ അയൽക്കാരോടും സമൂഹത്തോടുമുള്ള ഏററവും വലിയ കടപ്പാടു സ്നേഹവും നിസ്വാർത്ഥസേവനവുമാണു്. പരസ്പരമുള്ള സഹായസഹകരണങ്ങഠംകൊണ്ടു മാത്രമേ മനുഷ്യനു് മനുഷ്യനായി ജീവിക്കുവാൻ സാധിക്കുന്നതിലും സ്വയത്തെ ത്യജിക്കുന്നതിലും ക്രിയാത്മകമായ പ്രവണതകാഠം അന്യരുടെ ക്ഷേമൈശ്വര്യങ്ങഠംക്കുവേണ്ടി വിനിയോഗിക്കുമ്പോഠ അത്രമാത്രം അവന്റെ മാഹാത്മ്യം വർദ്ധിച്ചിരിക്കും. ദരിദ്രനോടും, അനാഥരോടും, രോഗികളോടുമുള്ള മനുഷ്യന്റെ ഭൂതദയ ദൈവദത്തമാകയാൽ ലോകാരംഭം മുതൽ മനുഷ്യൻ ഓരോ വിധത്തിൽ ഈ വഴിയിൽക്കൂടി പ്രവർത്തിക്കുന്നുണ്ടായിരുന്നു.

1. സാമൂഹ്യസേവനത്തിന്റെ ആവശ്യം

a) മതപരമായ പ്രേരണകൂടാതെ സമുദായത്തി

ലെ വൃദ്ധന്മാരും, രോഗികളും മററുമായ നിസ്സഹായരെ രക്ഷിക്കുവാൻ സാമൂഹ്യഘടനയിൽ വ്യവസ്ഥയുണ്ടായിരുന്നു; ഓരോ വീട്ടിലും വൃദ്ധന്മാരേയും, മററും സഹായിക്കാൻ കൂട്ടുകുടുംബരീതിയിൽ നിബന്ധനയുണ്ടായിരുന്നു,

b) മനുഷ്യൻ സമുദായത്തിന്റെ ഒരു കണ്ണിയാണ്. അവന്ന് മററെന്തൊക്കെ തന്നെ ഉണ്ടായാലും സാമൂഹ്യബന്ധങ്ങളില്ലാതെ ജീവിതം പൂർണ്ണമാവില്ല. കാട്ടിൽ ഒററയ്ക്കു സുഖിച്ചു ജീവിച്ചാൽ മനുഷ്യനാവില്ല. തന്മൂലം സമുദായബന്ധത്തിന്ന് അവൻ കൊതിക്കുന്നുണ്ടെങ്കിൽ അവന്റെ സേവനത്തിന്റെ പങ്ക് സമുദായത്തിന്നു നൽകിയേ മതിയാവൂ.

c) മോഷണം, കൊലപാതകം, വ്യഭിചാരം, വഞ്ചന, പരോപദ്രവം തുടങ്ങിയുള്ള സാമൂഹ്യവിരുദ്ധവാസനകളൊക്കെ സമുദായജീവിതത്തിൽനിന്ന് മാററിക്കളയേണമെന്നാണ് മനുഷ്യസ്നേഹികളൊക്കെ ആഗ്രഹിക്കുന്നത്. ഈ ആഗ്രഹത്തിന് മനുഷ്യചരിത്രത്തോളം തന്നെ പഴക്കമുണ്ട്. മനുഷ്യൻ ഈ വക ദൂഷിച്ച വാസനകളിലേക്ക് വഴുതിവീഴാതിരിക്കാൻ വേണ്ടി എല്ലാ മതപ്രവാചകന്മാരും ഉപദേശിച്ചിട്ടുണ്ട്.

d) വമ്പിച്ച ത്യാഗങ്ങളോ, ഭാരിച്ച ചുമതലകളോ ഇവയൊന്നുമല്ല ജീവിതത്തെ ജീവിതമാക്കുന്നത്. പുഞ്ചിരിയും കരുണയും ആർദ്രതയും പുരണ്ട ചെറിയ ചെറിയ കൃത്യങ്ങളുടെ ആകത്തുകയാണത്. അവ തന്നെയാണ് അതിനെ ഇത്രമേൽ ആസ്വാദ്യമാക്കുന്നതും.—സർ. എച്ച്. ഡേവി.

e) ത്യാഗവും സേവനവും കൊണ്ടാണ് ലോകം നിലനിന്നുപോരുന്നത്. ത്യാഗധർമ്മം ചുമത്തിക്കൊണ്ടാണ് ദൈവം ജീവികളെ സൃഷ്ടിച്ചിട്ടുള്ളത്.

—മഹാത്മാഗാന്ധി

f) ഏതു് ആപൽഘട്ടത്തിലും സമസൃഷ്ടങ്ങളെ സഹായിക്കേണ്ടതു് നമ്മുടെ പ്രാഥമിക മനുഷ്യധർമ്മമാണെന്നുള്ളതു് മൗലികതത്വമാണു്. ഇതു് മനുഷ്യസംസ്ക്കാരത്തിന്റേയും പ്രാഥമികകർത്തവ്യമാണല്ലോ.

g) ''അവിടുന്നു് രാത്രിയെ സൃഷ്ടിച്ചു. ഞാൻ വിളക്കു നിർമ്മിച്ചു. അവിടുന്നു് കളിമണ്ണു സൃഷ്ടിച്ചു, ഞാൻ മൺകോപ്പകളുണ്ടാക്കി. അവിടുന്നു് മരുഭൂമികളും പർവ്വതങ്ങളും കാടുകളും സൃഷ്ടിച്ചു. ഞാൻ കായകനിത്തോപ്പുകളും ആരാമങ്ങളും, ഫലവൃക്ഷത്തോട്ടങ്ങളും ഉണ്ടാക്കി. ഞാനാണു് കല്ലിൽ നിന്നു് കണ്ണാടികൾ സൃഷ്ടിച്ചതു്. ഞാനാണു് വിഷത്തെ അതിന്റെ തന്നെ മറുമരുന്നാക്കിയെടുത്തതു് ''—ഇഖബാൽ മഹാകവി.

അതാണു് മനുഷ്യൻ. പൂർണ്ണനായ മനുഷ്യന്റെ ശക്തി അജയ്യമാണു്. ഉന്നതവിദ്യാഭ്യാസവും സാമൂഹ്യവിദ്യാഭ്യാസവുംകൊണ്ടു് മനുഷ്യൻ ആയിത്തീരേണ്ട അവസ്ഥയാണിതു്.

h) മനുഷ്യരിൽ യാതൊരാളും നൂറുശതമാനം നല്ലവനോ, നൂറുശതമാനം ചീത്തയോ അല്ലെന്നു് ഒരു തത്വജ്ഞാനി പറഞ്ഞിരിരിക്കുന്നു. 'ദുഃസ്വഭാവികളെന്നു് പറയപ്പെടുന്നവരിൽ നന്മയും ശ്രേഷ്ഠരെന്നു് വിചാരിക്കപ്പെടുന്നവരിൽ തിന്മയും കാണുന്നതിനാൽ ഇവരെ വേർതിരിച്ചു് നിറുത്തുന്നതു് അധർമ്മമാണെന്നു് കരുതുന്നു. അങ്ങനെയുള്ള വിഭജനം ദൈവം നിശ്ചയിച്ചിട്ടുള്ളതല്ല. '—ജാകപിൻമില്ലർ.

ഓരോ മനുഷ്യന്റേയും നടപടി മററുള്ളവരുടെ പ്രത്യേകിച്ചു് അതേ വീട്ടിലുള്ളവരുടെ സുഖജീവിതത്തെ ഏറെക്കുറെ ബാധിക്കുമെന്നു് അനുദിനവും സ്മരിക്കേണ്ട കടമ നമുക്കുണ്ടു്.

i) ജീവിതനിയമം തന്നെ വളർച്ചയാണു്. പക

കുന്ന വിമാനത്തിന് പ്രതികൂലമായി വീശുന്ന കാററ് ആകാശത്തിലുയരുവാൻ സഹായിക്കുന്നതുപോലെയാണ് മനുഷ്യജീവിതത്തിൻെറ പ്രതികൂലസാഹചര്യങ്ങൾ ദൈവം ക്രമീകരിച്ചിരിക്കുന്നത്. ആദ്ധ്യാത്മികപ്രായപൂർത്തിയോ, അതിലേക്ക് വളർച്ച പ്രാപിച്ച സ്വഭാവശ്രേഷ്ഠതയോ ആണ് ജീവിതത്തിൻെറ പരമോദ്ദേശമെന്ന് ലോകസൃഷ്ടിഘടന തന്നെ അതിൻെറ അപൂർണ്ണതകൊണ്ട് വെളിപ്പെടുത്തുന്നു. ''ശക്തിയുള്ള കൈകളെ പരിപൂർണ്ണതയിലേയ്ക്കു നീട്ടുവാൻ ഏതു പതിതസ്ഥിതിയിലും പ്രേരിപ്പിക്കുന്നു.'' വിപരീതമായ ശക്തികൾ, ആദ്ധ്യാത്മികപ്രാപ്തിക്കനുസരിച്ച് മനുഷ്യനെ വിവിധ ജീവിതാനുഭവങ്ങളിലേക്ക് തിരിച്ചുവിടും.''—ടാഗോർ.

j) മനുഷ്യന് കാലക്ഷേപത്തിന് ഉപയുക്തമായ ധനാർജ്ജനം, കുടുംബസംരക്ഷണം, സാമുദായികനന്മകൾ, രാഷ്ട്രീയ ചുമതലകൾ ഇത്യാദി വിവിധ സംഗതികളാണ് ജീവിതത്തിൽ അനുഷ്ഠേയമായിരിക്കുന്നത്. ഉത്തമജീവിതം നയിക്കാൻ ഉപയുക്തമായ സകല സാമഗ്രികളും അവിടവിടെ സംഗ്രഹിച്ചിട്ടുതന്നെയാണ് ഈ പ്രപഞ്ചം ദൈവം സൃഷ്ടിച്ചതെങ്കിലും, പ്രകൃതിയോട് ഇണങ്ങിയും പിണങ്ങിയും മനുഷ്യന് അനുകൂലമായ പരിസരം സൃഷ്ടിക്കുന്നതിനുള്ള വഴി അവൻ അറിയേണ്ടിയിരിക്കുന്നു സംശയംകൊണ്ട് നാം പ്രശ്നത്തിലേക്കു വരുന്നു. എന്നാൽ അന്വേഷിച്ചാൽ നാം സത്യത്തിലേക്ക് വന്നെത്തും. 'വിത്തുകളെല്ലാം കുട്ടിക്കലർത്തി വിതച്ചാലും ഉത്തമൻ കിളുക്കുമ്പോൾ തന്മഹത്വമെത്തിക്കാട്ടും.' എന്നാണല്ലോ തത്വം. പക്ഷേ 'കായായിത്തീരാൻ തുടങ്ങിയപ്പോൾ പോയല്ലോ, പോയല്ലോ പുഷ്പമേന്തി!' പ്രകൃതിയിലുള്ള സംഭവങ്ങൾ, കാഴ്ചകൾ, ശ്രുതികൾ എന്നിവയെ

സൂക്ഷ്മമായി പരിചിന്തനം ചെയ്തിട്ടുണ്ടായ അനുഭവങ്ങളിൽനിന്നാണല്ലോ പല ശാസ്ത്രീയതത്വങ്ങളും ഉൽഭൂതമായിട്ടുള്ളതു്.

k) മാതാവിൻെറ ലാളനയും, പിതാവിൻെറ ജ്ഞാനവും കുടുംബാംഗങ്ങളുടെ സ്നേഹവും അനാഥക്കു് ആവശ്യമാണു്.

l) ഒരു റോസാപുഷ്പം അതിൻെറ സൗരഭ്യം നൽകുന്നതുപോലെ നാം ഉദാരമായി കൊടുക്കുക; ഔദാര്യനിധിയാകുവാൻ അനുവദിക്കുന്നതു് നമ്മുടെ അവകാശമാണു്, അതുകൊണ്ടുതന്നെ നമുക്കു വളരാൻ കഴിയും പാവപ്പെട്ടവൻ കഷ്ടപ്പെടുന്നതു് നാം സഹായിക്കേണ്ടതിനാണു്. അതുകൊണ്ടു് ദാതാവു്, മുട്ടുകുത്തി നേരുകയും, സ്വീകാരകൻ എഴുന്നേററുനിന്നു് അതു് അനുവദിച്ചു സ്വീകരിക്കുകയും ചെയ്യേണ്ടതാകുന്നു.

—സ്വാമി വിവേകാനന്ദൻ

m) വ്യക്തിയുടെ ജീവിതം, നമ്മുടെ പൂർവ്വികന്മാർ ആസൂത്രണം ചെയ്തിട്ടുണ്ടു്. ബ്രഹ്മചാരി, ഗൃഹസ്ഥൻ. സന്യാസി എന്നിങ്ങനെ മൂന്നു സൂക്ഷ്മവിഭാഗങ്ങളുണ്ടു്. അറിവും ശക്തിയും സമ്പാദിച്ചു് തൻെറ കഴിവുകളെല്ലാം ഉപയോഗിച്ചു് ഒരു കുടുംബത്തെ വളർത്തി കുട്ടികളെ വിദ്യാഭ്യാസം ചെയ്യിച്ചു് തനിക്കു തൻപോരുന്നവരാക്കി തൻെറ ഉത്തരവാദിത്വമെല്ലാം അവരിൽ സമർപ്പിച്ചു് കൃതകൃത്യതയോടെ ലോകസേവനത്തിനൊരുങ്ങുക എന്നതാണു് ആ ആസൂത്രണം.

n) അനാവശ്യങ്ങളെ അത്യാവശ്യങ്ങളാക്കിത്തീർക്കുക, അവയിൽ ഒന്നു് യഥാവിധി സമ്പാദിക്കുന്നതിനുള്ള കഴിവില്ലാതിരിക്കുക, അങ്ങിനെ ഇല്ലായ്മയെ (ദാരിദ്ര്യത്തെ) വർദ്ധിപ്പിക്കുക അതൃപ്തിയെ വളർത്തുക, മാത്സര്യത്തെ മൂപ്പിക്കുക, പരസ്പരം വേണ്ട സ്നേഹവിശ്വാസങ്ങളെ നശിപ്പിക്കുക, സർവ്വോപരി സ്വേ

ശപാനിഷേധബുദ്ധിയെ പ്രചരിപ്പിക്കുക; ഇതാണിന്നത്തെ നോക്കും പോക്കും. അതിന്നിടയ്ക്കു മനുഷ്യൻ ഒരു പൂർവ്വവസ്തുവായിത്തീരുന്നതിൽ അത്ഭുതമില്ല. മനുഷ്യനു മാത്രമേ മാനവവംശസമുദ്ധാരണം സാധിക്കുകയുള്ളു.

o) മനുഷ്യരുടെ മാതാപിതാക്കന്മാർ, പാരമ്പര്യം, ആഹാരം, ബുദ്ധി, വൃത്തി, വിദ്യാഭ്യാസം, ചിന്താഗതി, പരിചയം, ദേശം. സമുദായം മുതലായവയിൽ വിഭിന്നമായിരിക്കും. വ്യക്തിത്വം, സ്വഭാവവിശേഷം, ഹിതാഹിതങ്ങൾ, വാസനാവിലാസം, സാമർത്ഥ്യോന്നതി ഇവയെ ആശ്രയിച്ചിരിക്കുന്നു.

p) പാവപ്പെട്ടവരോട് അനുകമ്പവേണം എന്ന സ്വഭാവം മനുഷ്യനിൽ കാണേണ്ടതാണ്. എന്തുകൊണ്ടെന്നാൽ ദയവില്ലാത്തവൻ മനുഷ്യനല്ലല്ലോ.

q) മലകളിലാണല്ലോ അധികം മഴപെയ്യുന്നതായി നാം കാണാറുള്ളത്, എന്നാൽ ആ വെള്ളം മുഴവൻ മലമുകളിൽ നിന്ന് കുത്തിയൊലിച്ച് നദികളായി താഴേട്ടു ഒഴുകിച്ചെന്ന് ജനങ്ങളെ അനുഗ്രഹിക്കുന്നു. അതുപോലെ ആരെയാണോ ദൈവം അനുഗ്രഹിക്കുന്നത്, അവരുടെ ധർമ്മം ഈ മലകളുടേതുപോലെയാണ്. ആർക്കാണോ അധികം ബുദ്ധിയുള്ളത്, ശക്തിയുള്ളത്, അവരുടെധർമ്മം തങ്ങളുടെ ശക്തിയും ധർമ്മവും മററുള്ളവർക്ക് പ്രദാനംചെയ്യുക എന്നുള്ളതാണ്. മഴകിട്ടുന്ന മലകൾ ആ വെള്ളം താഴ്വരകളിലേക്ക് ഒഴുകാൻവിടാതെ, തങ്ങളുടെ ഉള്ളിൽ തന്നെ പിടിച്ചുനിറുത്തുന്നപക്ഷം, മനുഷ്യർ മലകൾ കുഴിച്ച് കിണറുകളും കുളങ്ങളുമുണ്ടാക്കി വെള്ളമെടുക്കും. ഇതുപോലെയാണ് മനുഷ്യരുടെ സ്ഥിതിയും. ദൈവാനുഗ്രഹം മനുഷ്യനുനൽകുന്ന ധനം, ബുദ്ധി, ശക്തി, സമ്പത്ത് മുതലായ സിദ്ധികൾ പരോപകാരാർത്ഥം അന്യരുടെ സമീപത്തേക്കൊഴുകിയെങ്കിൽ—ഒഴുക്കിയെങ്കിൽ—മാത്രമേ അ

വരവർ തന്നെ സമ്പന്നരാകും. ദൈവം നമുക്കു് രണ്ടു കൈകരം തന്നിരിക്കുന്നതു് എന്തിനാണു്? ഒരു കൈ കൊണ്ടു വാങ്ങിയാൽ മറെറക്കൈകൊണ്ടു കൊടുക്കണം. വാങ്ങാൻ മാത്രമാണെങ്കിൽ ഒരു കൈ മാത്രം മതിയല്ലോ—ആചാര്യവിനോബഭാവേ.

r) ജീവിക്കുവാൻ പഠിക്കുന്നതു് സമൂഹവുമായുള്ള സമ്പർക്കത്തിൽനിന്നാണു്.....................ബൈറൺ

s) ''ഒരുത്തൻ പാപകർമ്മം ചെയ്താൽ അതിന്റെ ഫലം പരക്കെയുള്ള ജനങ്ങൾക്കെല്ലാം,'' അതുകൊണ്ടു് സമുദായത്തിലെ കുറെപ്പേർ ചെയ്യുന്ന കുററം സമുദായത്തിലെ എല്ലാവരേയും ബാധിക്കുന്നു

t) കാററു് എപ്രകാരം അഗ്നികണ്ഡത്തെ വർദ്ധിപ്പിക്കുകയും ചെറുദീപത്തെ കെടുത്തുകയും ചെയ്യുന്നുവോ അതുപോലെ ബലവാന്മാരെ സഹായിക്കുവാൻ ആളുകരം കാണും. ദുർബ്ബലനെ സഹായിക്കുവാൻ ആരും തന്നെ കാണുകയില്ല.—വൃന്ദന്റെ ഉപദേശം.

u) ഒരു വ്യക്തിയുടെ ജീവിതലക്ഷ്യം സ്വന്തം ഉന്നമനം മാത്രമായിരിക്കരുതു്. സഹജീവികളുടെ ഉൽക്കർഷത്തിന്റെ മാർഗ്ഗത്തിൽ തന്റെ പങ്കു നൽകുന്നതിനുള്ളസന്നദ്ധത ഓരോരുത്തർക്കും ഉണ്ടാകേണ്ടതാണു്.

v) മനുഷ്യരെ സേവിക്കാൻ കഴിയുന്നില്ലെങ്കിൽ നിങ്ങളെങ്ങനെയാണാത്മാവിനെ സേവിക്കുന്നതു്. ലോകത്തിൽനിന്നു് പിൻവാങ്ങി നമ്മോടു് ബന്ധമില്ലാത്ത പക്ഷികളോടും, മൃഗങ്ങളോടും സഹകരിക്കുക സാദ്ധ്യമല്ല. ,യാതനയനുഭവിക്കുന്ന മനുഷ്യരോടല്ലെങ്കിൽ പിന്നെയാരോടാണു് ഞാൻ സഹകരിക്കേണ്ടതു്. സാമൂഹ്യജീവിതമാണു് എന്റെ പഠനവിഷയം.

—കൺഫ്യൂഷ്യസ്സ്.

w) ഒരു യഥാർത്ഥമനുഷ്യൻ ദരിദ്രനോടും മർദ്ദിതനോടും സാത്മ്യം പ്രദർശിപ്പിക്കണം.

x) പണ്ടുണ്ടായിരുന്ന വിജ്ഞന്മാർ ലോകസമാധാനം കൊതിച്ചിരുന്നു. സുഖവും സന്തുഷ്ടിയും കാംക്ഷിച്ചിരുന്നു. അതിനുവേണ്ടി ചെയ്തതോ? ആദ്യമായി സ്വന്തം കുടുംബങ്ങളുടെ നില നന്നാക്കി, കുടുംബകാര്യം നോക്കും മുമ്പ് അവർ സ്വയം നല്ലവരായി. സ്വയം നന്നാവുന്നതിനവർ ചെയ്തതു് ആത്മാർത്ഥതയോടെ ചിന്തിക്കുകയാണു്. സ്വന്തം ആലോചനകളിൽ ആത്മാർത്ഥത പാലിക്കുംമുമ്പ് അവർ സംഗതികളെ സത്യസന്ധമായി കാണാൻ ശ്രമിച്ചു. സംഗതികളെ സത്യസന്ധമായി കാണാൻവേണ്ടി അവർ ആത്മാർത്ഥതയോടെ ചിന്തിച്ചു. ചിന്തകളിൽ നിഷ്കപടത പാലിച്ചപ്പോൾ അവർക്കു സ്വയം നന്നാവാൻ കഴിഞ്ഞു. സ്വയം പരിശുദ്ധരായിത്തീർന്നപ്പോൾ അവരുടെ കുടുംബം സുരക്ഷിതമായി. കുടുംബസ്ഥിതി നന്നായപ്പോൾ രാഷ്ട്രങ്ങളും നല്ലനിലയിലായി. അവരുടെ രാഷ്ട്രങ്ങൾ സുസ്ഥിതി കൈക്കൊണ്ടപ്പോൾ ലോകം മുഴുവൻ സമാധാനമായിരുന്നു, സുഖസമൃദ്ധമായിരുന്നു. സമുദായത്തിന്റെ തെററു് നമ്മളിൽ നിന്നാണു്. അപരാധം നമ്മുടേതാണു്. ഉത്തരവാദിത്വവും നമ്മുടേതു തന്നെ.

—കൺഫ്യൂഷ്യസ്.

y) തന്റേതായ എന്തെങ്കിലും, സമുദായത്തിനുവേണ്ടി സംത്യജിക്കുക എന്നതു് മനുഷ്യന്റെ ഒരു പ്രത്യേക സ്വഭാവവിശേഷമാണു്, സേവനത്തിനും, ത്യാഗത്തിനും പററിയ ഒരവസരം കണ്ടുകിട്ടുന്നതു് മനുഷ്യനു് സന്തോഷപ്രദമാകാനേ വഴിയുള്ളു.

—ആചാര്യവിനോബാഭാവേ.

z) കൊടുത്തെങ്കിൽ മാത്രമേ കിട്ടുകയുള്ളു. ദരിദ്രന്മാരുടെയിടയിൽ ഭക്തി, മര്യാദ മുതലായതൊക്കെയും ധനികന്മാരുടെയിടയിൽ ദാനധർമ്മങ്ങളും വേണ്ടപോലെയുണ്ടെങ്കിൽ അവിടെ ജനങ്ങൾക്കു് സുഖം തന്നെ.

എന്നാൽ മര്യാദ, ജീവസ്നേഹം, ദയ ഇവയൊന്നും പണപ്പിശാചുക്കളുടെ ഇടയിലില്ല മററുള്ളവരുമായി ഇടപെടുമ്പോഴാണ് യഥാർത്ഥമായ സുഖവും ദുഃഖവും ഉണ്ടാകുന്നത്. സ്നേഹം സേവനമായിമാറുന്നു. സേവനത്തിൽനിന്ന് സുഖമുളവാകുന്നു ഇതുപോലെ തന്നെയാണ് ദുഃഖത്തിൻെറയും ഉല്പത്തി—അതുകൊണ്ട് കൂട്ടജീവിതം മനുഷ്യർക്ക് പഥ്യമാണ്. തദ്വാരാ പ്രവൃത്തിവിഭജനവും അതിലൂടെ സാമൂഹ്യബന്ധങ്ങളും വളർന്നുവന്നു. സേവനത്തിൻെറ സ്ഥാനത്ത് കടമകളുണ്ടായി. മനുഷ്യൻ അവൻെറ സാഹചര്യങ്ങളുമായി അഭേദ്യമാംവണ്ണം ബന്ധപ്പെട്ട—ആ ബന്ധത്തിന് വിധേയനായ ഒരു ജീവിയാണ്. സാമൂഹ്യബന്ധത്തിൽ നിന്ന് തികച്ചും ഭിന്നനും സ്വതന്ത്രനുമായി ജീവിപ്പാൻ മനുഷ്യനെക്കൊണ്ട് സാദ്ധ്യമല്ല. മനുഷ്യന് സാഹചര്യങ്ങളെ നിയന്ത്രിക്കാനുള്ള കഴിവുണ്ട് എന്നതാണ് മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള വ്യത്യാസം. അതിനാൽ മനുഷ്യൻ തൻെറ സാമൂഹ്യപരിസരങ്ങളിൽ നിന്നും തന്നിലേക്ക് തന്നെ മുഖം തിരിച്ചുകൊണ്ട് തൻെറ സ്വന്തഅഭിവൃദ്ധിക്കായി ചെയ്യുന്ന പ്രയത്നം പ്രകൃതിതത്വത്തിന് തന്നെ വിരുദ്ധമാണെന്ന് സ്പഷ്ടം. അതുകൊണ്ടാണ് ശ്രീയേശു ''തന്നെത്തന്നെ രക്ഷപ്പെടുത്തുവാൻ ശ്രമിക്കുന്നവൻ, തന്നെത്തന്നെ നഷ്ടപ്പെടുത്തുന്നു, തന്നെത്താൻ ഉയർത്തുന്നവൻ താഴ്ത്തപ്പെടും'' എന്നെല്ലാം അരുളിച്ചെയ്തിരിക്കുന്നത്.

## സാമൂഹ്യസേവനത്തിൻെറ ഉദ്ദേശം.

1) സുഹൃത്തുക്കളെയും മിത്രങ്ങളെയും ശത്രുക്കളെയും, ഇടത്തരക്കാരെയും, പാവപ്പെട്ടവരെയും, പാപികളെയും എല്ലാം ഒരുപോലെ ഗണിക്കുകയാണ് സാമൂഹ്യസേവനോദ്ദേശം—ഗീത.

2) വ്യക്തി സ്വന്തസുഖത്തിന് യത്നിക്കുമ്പോഠം സമൂഹത്തിൻെറ സുഖത്തെ നിഹനിക്കാതെ—അവരണ്ടും തമ്മിൽ വൈരുദ്ധ്യം കൂടാതെ—ചേർത്തിണക്കാൻ സമാധാനമാണാവശ്യം, അതാണ് ഏററവും കൂടുതൽ അദ്ധ്യാത്മകാര്യങ്ങഠം നമ്മെ പഠിപ്പിക്കുന്നതു്.

3) പ്രഥമതഃ അവനവൻെറ ജന്മവാസനകളെ വികസിപ്പിക്കുക, അനന്തരം കുടുംബത്തെ ഉന്നയിപ്പിക്കുക, സ്വദേശത്തെ സേവിക്കുക, തദ്വാരാ രാജ്യസേവനം സാധിക്കുക.

4) മനുഷ്യസമുദായത്തിന് കൂടുതലായി സേവനം ചെയ്യുവാൻ സാധിക്കുക.

5) സമൂഹ്യപ്രവത്തകരെല്ലാം, സാധുസംരക്ഷണവും മനുഷ്യസ്നേഹവും വഴി ദൈവസേവചെയ്യാനാഗ്രഹിച്ചവരായിരുന്നു.

6) സമുദായത്തെ ഒട്ടാകെ നന്നാക്കുകയും അഭിവൃദ്ധിപ്പെടുത്തുകയുമാണ് യഥാർത്ഥ സാമൂഹ്യസേവനത്തിൻെറ ഉദ്ദേശം.

7) കഴിയുന്നത്ര യത്നിക്കുക. കഴിയുന്നത്ര സമ്പാദിക്കുക, കഴിയുന്നത്ര കൊടുക്കുക,

—ആർ. ഡി. ഹിച്ച് കോക്ക്

8) ഉള്ളവൻ ഇല്ലാത്തവൻെറ ദുരവസ്ഥകളെ മനസ്സിലാക്കി ആത്മാർത്ഥതയോടു കൂടി ഇല്ലാത്തവനേയും ഉള്ളവരാക്കിത്തീർത്താൽ മാത്രമേ സാമൂഹ്യോന്നമനം സാദ്ധ്യമാകൂ: ഇങ്ങനെ ധാർമ്മികമായ ഒരു ചിന്താഗതി മനുഷ്യൻെറ മനസ്സിൽ ഉണ്ടാക്കി സമത്വവും സാഹോദര്യവും സഹാനുഭൂതിയും സൃഷ്ടിച്ച് മനുഷ്യനെ മനുഷ്യനാക്കുന്ന പദ്ധതിയാണിതു്.

9) സാമൂഹ്യമായ എല്ലാശ്രമങ്ങളും സമുദായത്തെ പുനരുദ്ധരിക്കുവാനും അതിൻെറ പുരോഗതിക്ക് പ്രചോദനം നൽകുവാനുമാണ്.

10) തന്റെ സഹജീവികൾക്ക് എന്തെങ്കിലും സഹായം ചെയ്യുന്ന അവസരത്തിലാണ് മനുഷ്യൻ ദൈവത്തിന്റെ ഏറ്റവും അടുത്തെത്തുന്നത്,

—സിസറോ

11) ലോകമാണ് എന്റെ മാതൃഭൂമി. നന്മ ചെയ്യുകയെന്നതാണ് എന്റെ മതം.

—തോമസ് പെയ്ൻ.

12) എല്ലാമാനുഷീക പരിശ്രമങ്ങളുടെയും വളർച്ചയുടെയും യത്നങ്ങളുടെയും പുരോഗതിയുടെയും സേവനങ്ങളുടെയും ആകെത്തുക ഇതാണ്—പ്രജ്ഞയിൽക്കൂടെ, കരുണയിൽക്കൂടെ, സകലതിനേയും സ്നേഹിച്ച്, സാർവ്വലൗകികമായ ഏകീഭാവത്തിലേക്ക് സ്വയം വികസിച്ച് ഇന്നത്തെ ജീവിതം ഉൽകൃഷ്ടമാക്കുകയാണ്, ആ സംഗതി. മനുഷ്യലോകത്തിന് യഥാർത്ഥത്തിൽ ഏറ്റവും പ്രധാനമായ കാര്യങ്ങളാണിവ. ഇപ്രകാരം സ്നേഹത്തിന്റെയും, സൗന്ദര്യത്തിന്റെയും, പ്രവൃത്തിയുടെയും, വിനോദത്തിന്റെയും സമ്പ്രദർശനത്തിൽ കൂടെ ആനന്ദാനുഭൂതിയുളവാക്കുവാൻ ഈ ലോകത്തിൽ കഴിയും.—ബുദ്ധൻ.

13) നീ മരണംവരെ ജീവിക്കണം നന്മചെയ്തു കൊണ്ട് ജീവിക്കുക. (തത്വം) യാതൊരാളും, അവനവൻ മാത്രമായ ദ്വീപൊന്നുമല്ല. ഓരോ ആളും ആകെ ഭൂഖണ്ഡത്തിന്റെ ഒരംശം മാത്രമാണ്. മൊത്തത്തിന്റെ ഒരുഭാഗം. ആരുടെ മരണവും എനിക്കൊരു കുറവാണ്. കാരണം ഞാൻ മാനവകുലത്തിൽപ്പെട്ടു നിൽക്കുന്നു. അതുകൊണ്ട് ആരുടെ മരണമണിയാണ് മുട്ടിയതെന്നറിയേണ്ടതില്ല, അതു നിന്റെ തന്നെ മരണമണി മുട്ടലാണ്—ജോൺ ഡോണി.

14) ദൈവം ഭൂമിയിൽ വിതച്ച വിത്തുകളാണ് നിങ്ങൾ വിത്തുകൾ വൃക്ഷങ്ങളായി വളർന്ന് പന്ത

ലിച്ച് പൂത്ത് കായിച്ച്, ലോകോപകാരപ്രദങ്ങളായിത്തീരണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ആ ആഗ്രഹത്തിൽ വിശ്വസിക്കയും ഇടയ്ക്ക് വന്നണയുന്ന പരീക്ഷകളിൽ ഭയപ്പെടാതിരിക്കയും ചെയ്യുന്നവരത്രെ അനുഗൃഹീതർ.

15) എന്തിനാണ് ജനങ്ങൾ ഒരുമിച്ച് ജീവിക്കുന്നത്? ഒരുമിച്ച് ജീവിച്ചാലു വികാസബോധവും സൗഖ്യവും ലഭിക്കുന്നു. സ്വാർത്ഥജീവിതം മനുഷ്യനെ ഒരു ഇടുങ്ങിയ വൃത്തത്തിലിട്ട് അടയ്ക്കുകയും ജീവിതത്തെ ആനന്ദരഹിതമാക്കുകയും ചെയ്യുന്നു, മനുഷ്യൻ ഇത് മറന്നിരിക്കുന്നു. നാം പരസ്പരാശ്രിതരാണ്. ഒററയ്ക്ക് ആർക്കും ജീവിക്കുവാൻ ആവില്ല. ജീവിതം സാമൂഹ്യബന്ധങ്ങളുടെതായ ഒരു വലയമാണ്, രോഗിയായ പുത്രനെ അച്ഛൻ, അവൻെറ യോഗത്തിന് വിട്ടുകൊടുക്കാറില്ല. കാരണം ഉദാസീനനായിരിക്കാൻ കഴിയാത്തവണ്ണം അത്ര സ്നേഹം അവനു പുത്രനോടുണ്ട്.

16 ഭക്ഷണം, വസ്ത്രം, പ്രയത്നം, പ്രസംഗം, പ്രണയം, പൂജ നൃത്തം, സംഗീതം, വ്യായാമം, വിനോദം, എന്നിവ എല്ലാ മനുഷ്യർക്കും ഒരുപോലെ ആവശ്യമാണ്. ജീവിതം എല്ലാവർക്കും ഹൃദ്യമാണ്; അതുഎല്ലാവരുടെയും അവകാശവുമാണ്.

17. മനുഷ്യരാണ്, സമ്പത്തല്ല, ദിവ്യമായിട്ടുള്ളത്. ''പാവപ്പെട്ടവരെ സേവിക്കുന്നത് ദൈവസേവനമാണ്.''—മഹദ്വാക്യം.

18. നരകത്തിൽ കിടക്കുന്നവരോട് ദൈവദൂതന്മാർ ചോദിക്കും. ''എന്താണ് നിങ്ങളെ നരകത്തിലേയ്ക്കെറിഞ്ഞത്?'' അവർ പറയും—''ഞങ്ങൾ പാവങ്ങൾക്ക് ആഹാരം കൊടുത്തിരുന്നവരുടെ കൂട്ടത്തിലായിരുന്നില്ല

19. തന്റെ സുഖസൗകര്യങ്ങളുടെ, തന്റെ രക്തത്തിന്റെയും വിയർപ്പിന്റെയും—ചെറിയോരംശമെങ്കിലും മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടി ചിലവാക്കാൻ തയ്യാറില്ലാത്തവൻ ഒരു വെറും പ്രാകൃതനാണ്.—ബെയ്‌ലി

20. മനുഷ്യന്റെ ഏറ്റവും മികച്ച നേട്ടങ്ങൾ സാമൂഹ്യപ്രയോജനമുൾക്കൊള്ളുന്നവയാണ്.

—ഡോ: ആഡ്‌ലർ

21. മനുഷ്യന് ഒരു ഏകാന്തമായ ജീവിതം സാദ്ധ്യമല്ല. എത്രതന്നെ വലിയ സന്യാസിയോ, മനുഷ്യദ്രോഹിയോ ലൗകികജീവിതം തന്നെമടുത്ത് ഏകാന്തമായി ജീവിക്കുവാൻ ഇഷ്ടപ്പെടുന്നവനോ ആയിരുന്നാലും കൊള്ളാം, ഏതെങ്കിലും പ്രകാരത്തിലുള്ള സഹവർത്തിത്വം അവൻ അന്വേഷിക്കുക തന്നെ ചെയ്യും. അവനു തന്റെ നന്മയ്ക്കായി മറ്റുള്ളവരുടെ സമ്പർക്കം, സേവനം എന്നിവ ആവശ്യമാണ്, മാത്രവുമല്ല, ഒരു നിമിഷനേരത്തേക്കെങ്കിലും അന്യരുടെ സഹായം കൂടാതെ ജീവിക്കുവാൻ വയ്യാ എന്ന കാര്യം അവന് നല്ലപോലെ അറിയാം. എന്നിട്ടും പരസ്പരം മൈത്രീഭാവത്തിൽ ജീവിക്കാനുള്ള പരിസ്ഥിതി സൃഷ്ടിക്കേണ്ടതിനു പകരം മനുഷ്യൻ അന്യോന്യം സംഘർഷത്തോടുകൂടി ജീവിക്കാനുള്ള ഒരു ചുറ്റുപാടാണ് സൃഷ്ടിക്കുന്നത് എന്നതു ആശ്ചര്യജനകം തന്നെയാണ്. സാമൂഹ്യജീവിയായ മനുഷ്യൻ ബുദ്ധിമാനാണ് എന്ന കാരണത്താൽ അവന്റെ ബുദ്ധി, വിദ്യ, എന്നിവ തന്റെ നന്മയ്ക്കായി മാത്രം ഉപയോഗപ്പെടുത്തുന്നതോടൊപ്പം തന്നെ അന്യർക്ക് ഉപദ്രവം കൂടാതെ ജീവിക്കണമെന്നും കൂടി നാം തീരുമാനിക്കേണ്ടിയിരിക്കുന്നു.

22. പലവിധ പരിതസ്ഥിതികൾ, നിരവധി ജനങ്ങളുമായി ഇടപെടലുകൾ മുതലായി മനുഷ്യൻ നിർമ്മിച്ച സാമ്പത്തികസാമുദായികഘടനകൾ വ്യക്തിപ

രമായി മനുഷ്യന്റെ നിസ്സഹായതയേയും മററുള്ളവരുമായി യോജിച്ച് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയേയുമാണ് വെളിപ്പെടുത്തുന്നത്. മനുഷ്യർ ഒന്നിച്ചുചേർന്ന് പ്രയത്നിച്ച് വളരെയധികം മഹത്തായ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. മനുഷ്യൻ ആദ്യമായി കുടുംബം എന്ന സ്ഥാപനം നിർമ്മിച്ചു. അച്ഛൻ, അമ്മ, സന്തതികൾ, മററു അടുത്ത ബന്ധുക്കൾ എന്നിവരൊന്നിച്ച് ഒരേ ഗൃഹത്തിൽ താമസം തുടങ്ങി. ജീവിതസൗകര്യങ്ങൾക്കായി സാമുദായികസംഘടനകളും കായികവും, മാനസികവും സാംസ്കാരികവുമായ വികാസങ്ങൾക്കുള്ള സംഘടന ജീവിതോപാർജ്ജനത്തിനു സൗകര്യപ്രദമായിത്തീരുന്ന സാമ്പത്തികസംഘടന, വ്യക്തിസ്വാതന്ത്ര്യം സമാധാനപരമായ ജീവിതം ഇവയ്ക്കുവേണ്ടിയുള്ള രാഷ്ട്രീയസംഘടനകളും മററും അവൻ വിശ്രമത്തോടും, ആനന്ദത്തോടുംകൂടി ഈ ലോകത്തിൽ ജീവിക്കാനായി സ്വയം നിർമ്മിച്ചു.

23. അന്ധകാരത്തിൽപ്പെട്ടുഴലുന്നവർക്ക്, ഒരു ചെറുവെളിച്ചമെങ്കിലും കാണിച്ചുകൊടുക്കുക, കരകാണാതെ കഷ്ടപ്പെടുന്നവരെ കൈപിടിച്ച് മേല്പോട്ടുകയററുക, കത്തിയെരിയുന്ന ഹൃദയത്തിനു് തണുപ്പും ആശ്വാസവും ഉണ്ടാക്കുക—ഇതാണ് ജീവിതത്തിന്റെ പ്രധാന ഉദ്ദേശമായി കരുതേണ്ടതു്—ടോൾസ്റ്റോയി.

## പൊതുസേവനം

സമുദായത്തെ ആകമാനം സേവിക്കാനുള്ള ആഞ്ചു കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. സാമ്പത്തികം
2. ആരോഗ്യശീലവും ശുചിത്വവും
3, വിദ്യാഭ്യാസം.
4. സാമൂഹ്യകാര്യങ്ങൾ
5. സാംസ്കാരികവശങ്ങൾ

## സാമൂഹ്യപരിഷ്ക്കാരപ്രവർത്തനങ്ങൾ

1. ആത്മീയവും മതപരവും.

2, സാമൂഹ്യദുരാചാരദൂരീകരണം.

3 പുതിയ ജീവിതരീതിയും ചിന്താഗതിയും സൃഷ്ടിച്ചുവിട്ട ആവശ്യങ്ങൾ

## സാമൂഹ്യത്തിന്റെ അഞ്ചു വശങ്ങൾ

1. അച്ഛനും മകനും

2. രാജാവും പ്രജയും (ഭരണാധിപനും, ഭരണീയരും.)

4. മൂത്തവരും ഇളയവരും

5. സ്നേഹിതയും സ്നേഹിതന്മാരും.

സൽപ്രവൃത്തി ആരംഭിക്കുന്നതിനുള്ള സമയം ഓരോ ദിവസവും നിങ്ങൾ മാററിവയ്ക്കുകയാണോ ചെയ്യുന്നതു്? എഴുന്നേൽക്കുക, കർത്തവ്യം അനുഷ്ഠിക്കുക. ഇതാണു് പ്രവർത്തിക്കാനുള്ള സമയം. അദ്ധ്വാനം ആരംഭിക്കേണ്ടതു് ഇപ്പോഴാണു്. തെററുകൾ തിരുത്താനുള്ള സമയം ഇതു തന്നെ —തോമസ് കെംപസ്.

സാമൂഹ്യസേവനം സദുദ്യമമാണു്. ആയിരം സദ്ദേശങ്ങളെലക്ഷ്യമാക്കി 200 പേർ ഒരടിയെങ്കിലും മുന്നോട്ടുവച്ചിരിക്കാം. ആ 200—ൽ ആരംഭശൂരന്മാരാണു് അധികവും. ഉദ്ദേശത്തെ പ്രവൃത്തിയിലേയ്ക്കുയർത്താൻ ശ്രമിക്കുന്ന ന്യൂനപക്ഷക്കാർ 70 പേർ എന്നുവയ്ക്കുക. അതിൽ ഹസ്തദാനം ചെയ്തു് അഭിനന്ദിക്കേണ്ടവർ അവരിൽകുറച്ചുപേരെകാണുകയുള്ളു. സദുദ്ദേശങ്ങളെസൽക്കർമ്മത്തിലൂടെ സാക്ഷാൽക്കരിക്കുന്നവർ—10പേർ—ഭാഗ്യവാന്മാർ എന്ന പേരിലാണു് സാധാരണ അറിയപ്പെടുന്നതു്. അവരുടെ ഭാഗ്യസൗധത്തിന്റെ അടിത്തറ ഇച്ഛാശക്തിയുടെ ഉറച്ച കരിങ്കല്ലുകൾകൊണ്ടാണു് പടുത്തുയർത്തിയിരിക്കുന്നതു്. എല്ലാവർക്കുമുണ്ടു് നല്ല ഉദ്ദേ

ങ്ങൾ, കഴിവുകൾ എല്ലാവർക്കുമുണ്ട്. എന്നാൽ ഇവ രണ്ടും ഒരു നുകത്തിൽ കെട്ടി വിജയത്തിലേയ്ക്കു് തെളിച്ചുകൊണ്ടുപോവാനുള്ള ഇച്ഛാശക്തിയും നിശ്ചയദാർഢ്യവും ആത്മവിശ്വാസവും കർമ്മശക്തിയും വളരെ ചുരുക്കം പേർക്കു മാത്രമാണുള്ളതു്.

എന്താണെഴുതേണ്ടതു്? എന്തിനെയായാലാണു് നന്നാവുക? എന്നൊന്നും അറിയാത്തതുകൊണ്ടു് എഴുതാതിരിക്കുന്ന സാഹിത്യകാരനു ജയമുണ്ടോ? ഖ്യാതിയുണ്ടോ? അയാളാണു് എഴുതുന്നവനെക്കാൾ വിവേകവും വിവരവുമുള്ളവനെങ്കിലും എന്താണു് വിശേഷം? തങ്ങൾ ചെയ്യുന്നതു് ശരിയാണെന്നു് സമർത്ഥിക്കാൻ ആർക്കാണു് ന്യായങ്ങളില്ലാത്തതു്? എന്തും തുടങ്ങിക്കോളൂ, തിരിഞ്ഞുനോക്കുമ്പോൾ ഒരു സൈന്യത്തെപ്പോലെ ന്യായങ്ങൾ പിന്നിൽ നിരന്നു നിൽക്കുന്നതു കാണാം. അവയിൽ ചില സന്യാസിവേഷക്കാരെയും ഇടയ്ക്കു കണ്ടുവെന്നു വരാം.

'മനുഷ്യസമുദായത്തെ യഥാർത്ഥത്തിൽ സേവിക്കാനാഗ്രഹിക്കുന്നവർക്കു് പ്രയത്നത്തിലൂടെ മാത്രമേ അതു സാധിക്കൂ.' —ഹെൻട്രിഫോർഡ്.

''ഉദ്യമം, സാഹസം, ധൈര്യം,
ബുദ്ധി, ശക്തി, പരാക്രമം
ഇവയാറുമിരുന്നീടിൽ
വിധി ദാസ്യം വഹിച്ചീടും.''

'ഞാൻ റോസാപുഷ്പങ്ങളെ വർഷിക്കും; എന്റെ സ്വർഗ്ഗം ഞാൻ ഭൂമിയിൽ നന്മ ചെയ്യുന്നതിനായി വിനിയോഗിക്കും' വി. ത്രേസ്യാ.

''ഉണരൽ ഉദ്യമത്തിലേക്കും, ഉദ്യമം, ഉദ്ഗതിയിലേയ്ക്കും നയിക്കും.''

''പ്രവർത്തിക്കുക, മരിക്കുക എന്നുള്ളതാണു് നിന്റെ കർത്തവ്യം. എന്തിനു് എന്നു ചോദ്യം ചെയ്യേണ്ടതില്ല.''—ടെനിസൺ.

''പതിനെട്ടു പുരാണത്താൽ
വ്യാസൻ ചൊന്നതു രണ്ടുതാൻ
പരോപകാരമേ പുണ്യം
പാപമേ പരപീഡനം.''

'ഓരോ ദിവസവും ഏതെങ്കിലും ഹൃദയത്തെ ആനന്ദഭരിതമാക്കുവാൻ എത്ര എളുപ്പത്തിൽ സാധിക്കുമെന്നുള്ളതിനെപ്പററി നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? നിങ്ങൾ പ്രതിദിനചര്യകൾക്കിടയിൽ കാരുണ്യസംപൂർണ്ണമായ ഒരു വാക്കെങ്കിലും സംസാരിക്കുക. അനുകമ്പാർദ്രമായ ഒരു പുഞ്ചിരി നിങ്ങളുടെ മുഖത്തു് പ്രത്യക്ഷപ്പെടട്ടെ. സ്നേഹദ്യോതകമായ ഒരു നോട്ടം അയൽക്കാരൻെറ മുഖത്തുള്ള കാർമേഘത്തെ നീക്കും, സൗഹൃദപൂർവ്വമായ കരഗ്രഹണം അശ്രുധാരയെ നിറുത്തും.

—എല്ലാ വീലർ വിൽകോക്സ്.

ഈ ലോകത്തിൽ ദൗർബ്ബല്യവും ആലസ്യവും അധികാരദായവും വ്യക്തിഗതമായ അന്തസ്സിനെക്കുറിച്ചുള്ള തെററായ ബോധവും ഉള്ളിടത്തോളം കാലം ചെറിയ ജോലികൾ സ്വാഗതാർഹങ്ങളാണു്, പക്ഷേ പ്രവൃത്തി ചെയ്യുന്ന ആളുകൾക്ക് പ്രവർത്തിക്കാനുള്ള ആശാപൂർണ്ണമായ സന്നദ്ധതയും വേണം. 'ദൈവം നിങ്ങൾ ഏതു വർഗ്ഗക്കാരനാണെന്നു് ചോദിക്കയില്ല; നിങ്ങളുടെ ജനനത്തെപ്പററിയും ചോദിക്കയില്ല; നിങ്ങൾ ഭൂമിയിൽ എന്തു ചെയ്തു എന്നുള്ളതായിരിക്കും ദൈവത്തിൻെറ ഏകചോദ്യം.'—(പേഴ്ഷ്യൻ പഴഞ്ചൊല്ല്)

സാമൂഹ്യജീവിതത്തിൽ ആവശ്യത്തിൽ കൂടുതൽ പൊതുജനശ്രദ്ധയും താല്പര്യവും സുമുഖന്മാരിലേക്ക് നീങ്ങിപ്പോകും. എന്നാൽ മനുഷ്യസമുദായത്തിനു് കൂടുതൽ സേവനം ചെയ്യുവാൻ സാധിക്കുക സാധാരണ വിരൂപന്മാർക്കാണു്. 'സുകൃതം കൊണ്ടു് ഒരു മനുഷ്യൻ സുന്ദരനായെന്നു വരില്ല; എന്നാൽ ദുഷ്ടത തീർച്ചയായും അവനെ വിരൂപിയാക്കും.'—സ്മാം.

''ഒരിക്കലും പിൻതിരിഞ്ഞുനോക്കാതെ ധീരതയോടുകൂടി മുമ്പോട്ടുപോവുകയും കാർമേഘങ്ങൾ അദൃശ്യമാകുമെന്നു് വിശ്വസിക്കുകയും നീതി പരാജയപ്പെട്ടാലും അനീതി വിജയിക്കുമെന്നു് വിചാരിക്കാതിരിക്കുകയും, വീഴുന്നതു് എഴുനേൽക്കാനാണെന്നും, തോല്ക്കുന്നതു് വീര്യത്തോടുകൂടി വീണ്ടും സമരം ചെയ്യുന്നതിനാണെന്നും, ഉറങ്ങുന്നതു് ഉണരുന്നതിനാണെന്നും കരുതുകയും ചെയ്യുന്നയാളാണു് ആദർശപുരുഷൻ.''

—ബ്രൗണിങ്ങ്,

കഴിവുള്ളവർ പ്രവർത്തിക്കുന്നു, കഴിവില്ലാത്തവർ പഠിപ്പിക്കുന്നു. ''കാരണംകൂടാതെയുള്ള കോപം, വൃഥാ ഭാഷണം, പുരോഗതിയില്ലാത്ത വ്യതിയാനം, ലക്ഷ്യമില്ലാത്ത അന്വേഷണം, അപരിചിതരെ വിശ്വസിക്കുക, ശത്രുക്കളെ മിത്രമായി ഗണിക്കുക, ഇവ ആറും വിഡ്ഢിയുടെ ലക്ഷണമാണെന്നു് കാണുക,''

—അറബിപഴഞ്ചൊല്ല്.

''ജീവിതത്തിലെ വിപത്ഘട്ടങ്ങളിൽ യഥാർത്ഥ സുഹൃത്തുക്കളാണു് ഒരുസുനിശ്ചിത അഭയ സങ്കേതമാണു്. യുവാക്കന്മാരെ അവർ അനർത്ഥങ്ങളിൽ നിന്നു് വിനിവർത്തിപ്പിക്കും. വൃദ്ധന്മാർക്കു് അവർ സമാശ്വാസം നൽകും. ജീവിത വ്യവഹാരത്തിലേർപ്പെട്ടിരിക്കുന്നവർക്കു് മഹത്കാര്യങ്ങൾ ചെയ്യുവാൻ അവർ പ്രചോദനം നൽകും''—അരിസ്റ്റോട്ടിൽ.

അതുകൊണ്ടു് ഒരു സാമൂഹ്യപ്രവർത്തകൻ ഒരാദർശപുരുഷനും. അതീവബുദ്ധിമാനും, യഥാർത്ഥമിത്രവുമായി വർത്തിക്കേണ്ടതാണു്.

ലോകസാധാരണമായ ആഗ്രഹത്തേയും, അതിനെ തുടർന്നുള്ള വിഷാദത്തേയും കീഴടക്കി, നിങ്ങളുടെ ശരീരത്തേയും, അനുഭവത്തേയും, സ്വഭാവത്തേയും, ആശയത്തേയും സംരക്ഷിച്ചു്, ഉത്സാഹിയായും, ത

ന്നിൽ തന്നെ അടങ്ങിയവനായും, തന്നിൽ തന്നെ ശ്രദ്ധയോടുകൂടിയവനായും ഇരുന്നുകൊൾക. മനുഷ്യനെ-പശ്ചാത്തലത്തിലനായ മനുഷ്യനെ, സ്നേഹിക്കുക. ജീവിതത്തിൽ നിങ്ങൾക്ക് നിരവധി നിർഭാഗ്യങ്ങൾ അനുഭവിക്കേണ്ടിവന്നേക്കാം. എന്നാൽ അവ നിങ്ങളുടെ ആനന്ദത്തെ വർദ്ധിപ്പിക്കുകയേയുള്ളു''

—ഡാസ്റ്റോവസ്കി.

ഒരു സാമൂഹ്യസേവകൻ സൽസ്വഭാവിയായിരിക്കേണ്ടതാണ് എന്തുകൊണ്ടെന്നാൽ സർവ്വാഭീഷ്ടമായ കാമധേനുവാകുന്ന സൽസ്വഭാവം, സൽകീർത്തി, ലോകബഹുമതി, ഐശ്വര്യം എന്നിവ സ്വയം ചെന്ന് സൽസ്വഭാവിയെ വരിക്കുന്നു. അവന്റെ ഏതു പ്രവൃത്തിയും ശ്ലാഘ്യമായ വിജയത്തിൽ കലാശിക്കുന്നു ദരിദ്രന് ധനവാനും, അജ്ഞന് പണ്ഡിതനും, അല്പന് മഹാനും, രോഗിക്കു സ്വസ്ഥനും, ഭ്രാന്തനു ശാന്തനും, ബദ്ധനു വിമുക്തനും ആയി ഉത്കൃഷ്ടമമായ ക്ഷേമം നേടുന്നതിനു് സൽസ്വഭാവം തന്നെ ശരണം. ശീലശുദ്ധിയെക്കുറിച്ച് രാജശേഖര മഹാകവി പുകഴ്ത്തുന്നു. ഐശ്വര്യം ഉണ്ടാകുന്നു; ആപത്തുകൾ നീങ്ങുന്നു; കീർത്തികിട്ടുന്നു. ഹൃദയത്തിലെ മദമത്സരാദി മാലിന്യം വിട്ടുമാറുന്നു. ആത്മസംസ്കൃതി ലഭിക്കുന്നു. അതുകൊണ്ട് ഉത്തമമായ സ്വഭാവഗുണം കാമധേനുവാകുന്നു. സൽസ്വഭാവം കല്പവൃക്ഷമെന്നു് പ്രകാരാന്തരേണ കാളിദാസമഹാകവി ഉപദേശിക്കുന്നു. വിചാരം, വാക്ക്. പ്രവൃത്തിയെന്നിവയെ സന്മാർഗ്ഗത്തിൽ കൂടി നയിക്കണം. അങ്ങിനെ ചെയ്യുന്നതു് സൽസ്വഭാവം. അതു് ആർക്കു് ഉണ്ടോ അവൻ പുണ്യവാൻ. അവന്റെ ആഗ്രഹം കല്പവൃക്ഷംപോലെ പെട്ടെന്നു് ഫലിച്ച് പക്വവും അനുഭവയോഗ്യവും ആയിത്തീരുന്നു. പരിശുദ്ധമായ സ്വഭാവത്തോടുകൂടിയവനു് ലോകം ആ

ഴവൻ കീഴടക്കി നിർത്തുവാൻ കഴിയും. അവന് സാധിക്കാത്തതായി യാതൊന്നും ഇല്ല. എത്രയോ ഗംഭീരമായ തത്വം. സ്വഭാവത്തിന്റെ വിശിഷ്ടതകൊണ്ട് സമ്പാദിക്കുന്ന ജയം സുസ്ഥിരവും സുഭഗവു ആയി ശോഭിക്കും.

സാമൂഹ്യ പ്രവർത്തകന്റെ ഏററവും കുറഞ്ഞ യോഗ്യത, അവൻ മനുഷ്യനായിരിക്കുക— എന്നതാണ്. അതായത്—

1) ദൈവത്തെക്കുറിച്ചുള്ള ശരിയായ ജ്ഞാനം സിദ്ധിച്ചിട്ടുള്ളവനാണ് മനുഷ്യൻ. അതിനുള്ള പ്രയത്നമാണ് ശരിയായ മനുഷ്യപ്രയത്നം.

2) കാമവിജയവും ആത്മസംയമനവും ഉള്ളവൻ

3) ഏതു കൂട്ടത്തിൽ പെട്ടാലും വ്യക്തിത്വം വിടാത്തവൻ, എതിരഭിപ്രായക്കാരുടെ മദ്ധ്യത്തിൽ പെട്ടാലും സ്വാഭിപ്രായ സ്ഥിരതയെ പാലിക്കുന്നവനും, സ്ഥിരചിത്തനും ആയവൻ.

4) അഭിപ്രായ സ്ഥിരതയുള്ളതോടുകൂടാതെ കർമ്മനിരതത്വവും, അസാമാന്യമായ വിജ്ഞത്വവും, വിശാലമായ ശുദ്ധഹൃദയവും, ഉദാരചതുരങ്ങളായ കരദണ്ഡങ്ങളും ഉള്ളവൻ.

5) അധർമ്മഭീരു, അസത്യഭീരു അസാന്മാർഗ്ഗിക ഭീരു.

6) മനുഷ്യന്റെ മൂപ്പും വളർച്ചയും ഉറപ്പും ലഭിച്ചവൻ.

7) പഠിപ്പ്, പൊടിപ്പ്, മനുഷ്യന്റെ പര്യായങ്ങളല്ല; സമ്പൽസമൃദ്ധിയും, സമരസന്നാഹങ്ങളും മനുഷ്യനെ മാററിനിർത്തുന്നതേയുള്ളു.

8) ഹൃദയശുദ്ധിയും, വികാരശുദ്ധിയും, വചനശുദ്ധിയും, പ്രവൃത്തിശുദ്ധിയും ഉള്ളവൻ.

9) മനഃശക്തിയും, ഹൃദയവിശാലതയും, സത്യവിശ്വാസവും, പ്രവൃത്തി ചതുരതയും ഉള്ളവൻ.

10) ഉദ്യോഗതിമിരം ബാധിക്കാത്തവർ, ലംഭമോഹികാംക്ഷ വഴങ്ങാത്തവർ, സ്വന്താഭിപ്രായവും, അഭിപ്രായദൃഢതയുമുള്ളവർ, മാന്യതയും, മഹാമനസ്കതയും, അചഞ്ചലമായ സത്യസന്ധതയുമുള്ളവർ, മുഖസ്തുതിയിൽ മയങ്ങാത്തവർ. നേതൃത്വത്തിൽ തലതിരിയാത്തവർ, സ്വകാര്യജീവിതത്തിലും. പരസ്യസേവനത്തിലും ഉയർന്ന ശിരസ്സും വിടർന്ന കണ്ണും വിശുദ്ധവിചാരവുമുള്ളവർ —ഒരു പാശ്ചാത്യകവി.

11) വിനീതനും വിശ്വസ്തനും, സത്യവാനും ആയവർ.

12) വാക്കിൽ സത്യമായും, സൗമ്യമായും വിജ്ഞാനവിശുദ്ധമായും നടപടിയിൽ രാജോപമനായും, എന്നാൽ ദൃഢമാനസനായും, ധർമ്മധീരനായും എന്നാൽ അധർമ്മഭീരുവായും ഇരിക്കുന്ന മനുഷ്യനാണ് മനുഷ്യൻ.—എഡ്‌വിൻ ആർണോൾഡ്.

മനുഷ്യനായി ഭവിക്കുക. ഹാ! അവിടെയാണ് ദുർഘടം. അതിനാണ് വിഷമം. എന്നാൽ യഥാർത്ഥത്തിൽ അതിനേക്കാൾ എളുപ്പമായി, സുഗമമായി മററ് ഒന്നും തന്നെയില്ല. ദൈവം മനുഷ്യന് വീണ്ടും വീണ്ടും അവസരം നൽകുന്നു. കാരണം ദൈവം മനുഷ്യനെക്കാൾ മഹാമനസ്കനാണ്.

''മുൾച്ചെടികൾ പിഴുതെടുക്കുകയും, അവയുടെ സ്ഥാനത്ത് പൂച്ചെടികൾ നടുകയും ചെയ്യുന്നതിൽ ഞാൻ സദാ ശ്രദ്ധാലുവായിരുന്നുവെന്ന് എന്നെപ്പററി പ്രസ്താവിക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്''

—ഏബ്രഹാം ലിങ്കൺ

ലോകവ്യവഹാരവ്യഗ്രതകളിൽ നെട്ടോട്ടം ഓടുന്ന മനുഷ്യൻ പുഞ്ചിരിയോടും പ്രസന്നമുഖത്തോടുംകൂടി ബുദ്ധിമുട്ടുകളെ നേരിടാൻ പഠിക്കുമ്പോഴേ വിജ്ഞാനിയാകൂ. —റോബർട്ട ലൂയീസ്സ്റ്റിവൻസൺ

ബുദ്ധിശക്തി, സത്യസന്ധത, ഉദ്ദേശശുദ്ധി, കർമ്മനിപുണത എന്നിത്യാദി സൽഗുണങ്ങളോടുകൂടിയ സേവകർക്ക് തികഞ്ഞ ശുഭാപ്തിവിശ്വാസവും തികഞ്ഞ സംതൃപ്തിയും ജനിക്കുകയും അവ വളരുകയും ചെയ്യുക സർവ്വസാധാരണമാണ്. ശരീരത്തെ ആരോഗ്യാവസ്ഥയിൽ സൂക്ഷിക്കേണ്ടതു് ഒരു ധർമ്മമാണ്. അല്ലാത്തപക്ഷം ജ്ഞാനപ്രദീപത്തെ ശുചിയാക്കുന്നതിനും മനസ്സിനെ പ്രസന്നവും പ്രബുദ്ധവുമാക്കുന്നതിനും നാം ശക്തരാകുന്നതല്ല. —ശ്രീബുദ്ധൻ.

ഓജസ്വിയായ ഹൃദയം, സംസ്കൃതമായ ചിത്തം സന്നദ്ധമായ കരങ്ങൾ എന്നിവയാൽ വിഷമതകളേയും പ്രതിബന്ധങ്ങളേയുംതരണം ചെയ്യുക.—ഗാന്ധിജി

ക്ഷമയുള്ളവന് മാത്രമേ താനാഗ്രഹിക്കുന്ന വൻകാര്യങ്ങൾ നേടാൻ കഴിയൂ —ഫ്റാങ്കിളിൻ

ആളുകൾ നിങ്ങളെപ്പററി നല്ലവർ എന്നു പറയണമെന്നുണ്ടോ? എങ്കിൽ നിങ്ങളെപ്പററി നിങ്ങൾ തന്നെ പറയാതിരിക്കുക—വാസ്ക്കർ.

അവനവൻെറ തെററ് സമ്മതിക്കുന്നതിൽ ആരും ലജ്ജിക്കേണ്ടതില്ല സമ്മതിക്കുന്നതോ, ഇന്നു ഞാൻ ഇന്നലത്തേക്കാൾ കൂടുതൽ ജ്ഞാനിയായിരിക്കുന്നു എന്നു പറയുന്നതിനോട് തുല്യമത്രേ. —ജെ. ഡിപ്പ്ററ്.

മനുഷ്യർ നാലുതരക്കാരാണ്.

1. അറിവില്ല, തനിക്കറിവില്ലെന്നുള്ളതറിയുന്നുമില്ല; അവൻ വിഡ്ഢിയാണ്.—അവനെവർജ്ജിക്കുക.

2. അറിവില്ല, തനിക്കറിവില്ലെന്നുള്ളതറിയുകയും ചെയ്യാം; അവനൊരു ശുദ്ധാത്മാവാണ്. അവനെ പഠിപ്പിക്കുക.

3. അറിവുണ്ട്; തനിക്കറിവുണ്ടെന്നുള്ളതറിയുന്നുമില്ല; അവൻ ഉറക്കം തൂങ്ങിയാണ്—അവനെ ഉണർത്തുക.

4, അറിവുണ്ട്, തനിക്കറിവുണ്ടെന്നുള്ളതറിയുന്നുമുണ്ട്; അവൻ ബുദ്ധിമാനാണ്—അവനെ അനുഗമിക്കുക (അറബിപഴഞ്ചൊല്ല്) വിപുലമായ സാമാന്യജ്ഞാനം, ആയാസരഹിതമായ തൂലികാപ്രയോഗചാതുര്യം, വേണ്ടത്ര അഭിരുചി, സർവ്വോപരി നിർമ്മലമായ സ്വഭാവശുദ്ധി ഇവ തൊഴിലിൽ ഏററവും ഉയർന്നസ്ഥാനം ലഭിക്കുന്നതിന് ഒരുവനെ സാദ്ധ്യമാക്കും.

പ്രവ്ത്തിക്കുക ആക്കും ഹൃദ്യമാണ്. ഫലവത്തായ പ്രവത്തനത്തിന്ന് വാസനകൾക്കനുയോജ്യമായ കർമ്മസരണി തിരഞ്ഞെടുത്തേ മതിയാവൂ. വാസനകൾ അഭ്യാസംകൊണ്ട് വികസിപ്പിക്കണം, അന്യരുടെ അഭിനന്ദനത്തിൽ വ്യഗ്രതയൊന്നും കാണിക്കാതെ കർമ്മനിരതനായി കഴിയുന്ന ഏതൊരാൾക്കും പ്രസ്താവാർഹമായ വിജയം കൈവരിക്കാൻ കഴിയും. അന്യരെ നിരീക്ഷിക്കാനും അവരുടെ വ്യക്തിഗതമായ ഗുണവിശേഷങ്ങൾ കണ്ടെത്താനുമായിരിക്കണം നമ്മുടെ ശ്രമം. മാത്രമല്ല, അവ ഫലവത്തായിത്തീരാൻ നാം ആത്മാത്ഥമായി ആഗ്രഹിക്കുകയും വേണം. സ്വാത്ഥോദ്ദേശങ്ങളാൽ പ്രേരിതമായിരിക്കരുതു്. അപരനെ ഇഷ്ടപ്പെടാനുള്ള സഹജമായ ഒരു പ്രവണത തമ്മിൽ വളർത്തണം. നാം ഒരു ത്യാഗം സഹിക്കുന്നതോ ദയയോ കൃത്യനിർവ്വഹണംനടത്തുന്നതായോ സ്വയം കരുതാൻ പാടില്ല പ്രതിഫലേച്ഛയും അരുതു്. ഇപ്രകാരമായാൽ നമുക്കു ധാരാളം മിത്രങ്ങളെ ലഭിക്കും. നാം സ്നേഹിക്കപ്പെടുവാൻ ഇടയാകും. നമ്മുടെയും അന്യരുടെയും സുഖം അങ്ങനെ ഒട്ടേറെ വദ്ധിക്കും. തൊഴിലെന്നുവച്ചാൽ ബുദ്ധിമുട്ടു സഹിക്കു എന്നത്ഥമാണ്.

വളരെ വിനീതന്മാരായ മഹാന്മാരാണ് കൂടുതൽ ലോകസേവനം ചെയ്തിട്ടുള്ളതു്. എല്ലാ ജോലികളും അതതിൻെറ സ്ഥാനത്തു് തുല്യപ്രധാന്യമുള്ളവയാണ്.

—ഗാന്ധിജി.

ഭൂരിപക്ഷം ആളുകളും മററുള്ളവരോട് അവർക്കുള്ള കടപ്പാടുകളെ ഓർമ്മിക്കും. പക്ഷേ, മിക്കപ്പോഴും കൃതജ്ഞതാപൂർവ്വം പെരുമാറുകയില്ല: അഹങ്കാരികൾ കടപ്പാടുകൾ ഓർമ്മിക്കുന്നതു് അവക്കൊരു പുളിപ്പാണു്. ഡംഭുള്ളവൻ കഷ്ടപ്പാടുകളെപ്പററി മൗനമായിരിക്കുകയേയുള്ളു. —സീംസ്.

ഏററവും വലിയ കഷ്ടപ്പാടുകളുടെയും കലക്കങ്ങളുടെയും കാലങ്ങൾ എപ്പോഴും മഹിതമനസ്സുകൾക്കു് ജന്മമരുളിയിട്ടുള്ളവയാണു്. ഏററവും ശുദ്ധമായ ലോഹം ഏററവും ചൂടുള്ള ചൂളയിൽ നിന്നും, ഏററവും ഉജ്ജ്വലത്തായ മിന്നൽ ഏററവും ഇരുണ്ട മേഘത്തിൽ നിന്നുമാണുണ്ടാകുന്നതു്. —കാർലൈൽ.

നല്ലവണ്ണം പ്രവർത്തിക്കുന്നവർ ഒരിക്കലും ദുഃഖിക്കേണ്ടിവരികയില്ല. അതാണു് ലോകപ്രമാണം. നിങ്ങളുടെ ചുമതലകൾ നേരായി നിർവ്വഹിക്കുക. ജനസേവനപരമായ ഈ പ്രവർത്തനത്തിൽ വിശ്വാസമില്ലാത്തവർ ഈ ജോലിക്കു് പോകേണ്ട ആവശ്യമില്ല. ഈ പ്രവർത്തനങ്ങൾ കുറെനാൾ ചെയ്തിട്ടു് അതുമായി സാത്മ്യം പ്രാപിക്കാൻ സാദ്ധ്യമല്ലെങ്കിൽ നിങ്ങൾ ധൈര്യസമേതം അതു വിട്ടുമാറുക. അല്ലെങ്കിൽ അതു പ്രവർത്തനത്തിൻെറ പരാജയത്തിനു് ഹേതുവാകാനിടയുണ്ടു്. നിങ്ങൾ നല്ലവണ്ണം പ്രവർത്തിക്കുക. വിജയം സുനിശ്ചയമാണു്. സേവനസന്നദ്ധതയാണു് നിങ്ങളുടെ യോഗ്യത. ഹൃദയശുദ്ധിയും, ആത്മവീര്യവും, സ്ഥാനബോധവും കർത്തവ്യജ്ഞാനവും ഉള്ളവരും അവകാശങ്ങളെ അറിയുന്നവരും ബാദ്ധ്യതകളെ മറക്കാത്തവരും, അവസ്സു് വിഘ്നം വരുത്തുന്ന ആരേയും എന്തിനെയും ചെറുക്കുന്നവരുമായിരിക്കണം സാമൂഹ്യസേവകർ.

എങ്ങും ഒരുപോലെ നിറഞ്ഞിരിക്കുന്ന സർവ്വേശ്വരചൈതന്യത്തിൽ സമർപ്പിതനായി സിദ്ധിയി

ലും അസിദ്ധിയിലും, തുല്യഭാവനായിട്ട് ലോകഹിതാത്ഥം, കർമ്മനിരതനായി. ഫലാപേക്ഷയും അഹങ്കാരവും കൂടാതെ പ്രവത്തിച്ചുകൊണ്ടിരിക്കേണ്ടവരാണ് സാമൂഹ്യപ്രവത്തകർ. നിരന്തരം സേവാപരായണനായി വർത്തിക്കയെന്നതാണ് അവരുടെ കർത്തവ്യം. വൃദ്ധന്മാരേയും, മാതാപിതാക്കന്മാരേയും, ദീനരെയും ദുഃഖിതരേയും സമുദായത്തേയും സേവിക്കണം. നിരന്തരം സേവനം നടത്തിക്കൊണ്ടിരുന്നാലും അദ്ധ്യയനവും നടക്കണം. സേവനംകൊണ്ടേ ജ്ഞാനം സമ്പാദിക്കാൻ കഴിയുകയുള്ളു. എവിടെയും അവൻ മനുഷ്യത്വമായി പ്രവത്തിക്കുന്നപക്ഷം അതുകൊണ്ടുതന്നെ ഏതു തൊഴിലിലും സമത്ഥനായിരിക്കുകയും ചെയ്യും. 'ഒരു പ്രവത്തകൻ തനിക്കുവേണ്ടി ഒന്നും ചെയ്യരുത്— യാതൊരു സന്തോഷവും, യാതൊരു പ്രതിഫലവും, യാതൊരധികാരവും ആഗ്രഹിക്കരുതു്. ദിവസത്തിന്റെ 24 മണിക്കൂറും ദൈവത്തെ സ്മരിക്കണം.

—മഹാത്മജി

ശ്രേഷ്ഠാശയങ്ങളടങ്ങിയിരിക്കുന്ന ഉത്തമഗ്രന്ഥങ്ങൾ പാരായണം ചെയ്യുക; ഉന്നതാദർശങ്ങൾ മുൻനിറുത്തി സേവനം നിർവ്വഹിച്ചിട്ടുള്ള മഹത്തുക്കളെപ്പററി ചിന്തിക്കുകയും പഠിക്കുകയും ചെയ്യുക; വിജയകരവും ഫലപ്രദവും. ത്യാഗപരവുമായ ഒരു മഹനീയജീവിതത്തെപ്പററിയുള്ള ദർശനം നമ്മുടെ ഭാവനയിൽ നിരന്തരം സൂക്ഷിച്ചുകൊള്ളുക; വിശുദ്ധവും നിർമ്മലവുമായ ജീവിതരീതിയിൽ നിന്നും അണുപോലും വ്യതിചലിക്കാതെ ഏകാഗ്രതയോടും നിഷ്ഠയോടും മുന്നോട്ടു പോകുക.

'ഒരു ആത്മാത്ഥതയുള്ള പ്രവത്തകനു് സാമ്പത്തികക്ഷാമം ഒരു പ്രതിബന്ധമാകുന്നതല്ല, നിങ്ങളുടെ കാ-

ല്ലാട്ടകളെ പിന്തുടരുന്ന നിങ്ങളുടെ നായെപ്പോലെ നല്ല കാര്യത്തിന്റെ പിന്നാലെ പണവും വന്നുകൊള്ളും.

—ഗാന്ധിജി

സാമൂഹ്യജീവിതത്തിലെ സമസ്തപ്രവത്തനങ്ങളെയും ശക്തിയുടെ മേഖലയിൽ നിന്നു് യുക്തിയുടെ മേഖലയിൽ പ്രതിഷ്ഠിക്കണം. ഒരു ദേശസേവകന് അത്യന്താപേക്ഷിതമായവ ത്യാഗസന്നദ്ധത, അറിവ്, പാണ്ഡിത്യം, നിസ്സംഗത്വം എന്നീ ഗുണങ്ങളാണ്.

സാമൂഹ്യസേവനത്തിന് ഇറങ്ങിത്തിരിക്കുന്നവർ വ്യക്തമായ ചില പരിപാടികളോടുകൂടി ജനഹൃദയങ്ങളെ ആകർഷിക്കുന്നവനായിരിക്കണം. സാമൂഹ്യസേവനമെന്ന പദപ്രയോഗം വളരെ വിശാലമായ അത്ഥവ്യാപ്തിയുള്ളതാണ്. സമൂഹത്തിൽ പരിവത്തനമുണ്ടാക്കാൻ വളരെ വിഷമമാണ്. അതിലേറെ വിഷമമാണ് അവയുടെ മഹത്വം മനസ്സിലാക്കുക. അതുകൊണ്ടാണ് സാധാരണ ജനങ്ങൾ സാമൂഹ്യപ്രവത്തനങ്ങളെ അവഗണിക്കുവാനിടയാകുന്നതു്. സമൂഹ്യസേവനത്തിന് അഗാധമായ ജ്ഞാനം വേണം. നിഷ്ക്കാമകർമ്മം ആദർശമായി എടുക്കുവാനുള്ള ധൈര്യം വേണം, ജനതയുടെ അദ്ധ്യാത്മികവിപ്ളവമാണ് സാമൂഹ്യപരിഷ്ക്കരണത്തിന്റെ അടിസ്ഥാനം. സാമൂഹ്യപരിഷ്ക്കത്താവ് ഓരോ വ്യക്തിയേയും സംസ്ക്കരിക്കുവാനാണ് ഇറങ്ങുന്നതു്. ചുരുക്കിപ്പറഞ്ഞാൽ വ്യക്തിയുടെ സംസ്ക്കരത്തെ ആശ്രയിച്ചു നടത്തപ്പെടുത്തുന്ന സാമൂഹ്യപരിവത്തനം മാത്രമേ യഥാത്ഥമാകു. സുസ്ഥിരമാകു. മർദ്ദനമില്ലാത്ത സംസ്ക്കരണംകൊണ്ടുമാത്രം മനുഷ്യനെ മനുഷ്യനാക്കിത്തീർക്കുവാൻ നടത്തുന്ന വിശുദ്ധകർമ്മമാണ് സാമൂഹ്യപരിവത്തനം.

ജനങ്ങളെ ആത്മാർത്ഥമായും നിസ്വാർത്ഥമായും സേവിക്കുന്നതിന്ന് തയ്യാറുള്ളവരും വ്യക്തിപരം സംസർഗ്ഗാത്മകവുമായ വീക്ഷണഗതിയോടുകൂടിയവരുമായ യഥാർത്ഥനേതാക്കന്മാരായിരിക്കണം സാമൂഹ്യപ്രവർത്തകർ. നാം നല്ലവരായിരിക്കുക എന്നതാണ് ലോകത്തിന് നമുക്ക ചെയ്യാവുന്ന ഏററവും വലിയ സേവനം.

—റോളണ്ട്ഹിൽ.

മനുഷ്യന്റെ സ്വഭാവത്തിലുള്ള പുരോഗതിയാണ് നല്ല കാര്യങ്ങൾ ചെയ്യുവാൻ അയാളെ സഹായിക്കുന്നതു്. സ്വന്തം കുടുംബത്തേയോ, സമുദായത്തേയോ സമർത്ഥമായി സേവിക്കാൻ സാധിക്കാത്തവന് രാഷ്ട്രത്തെ എങ്ങിനെ സമർത്ഥമായി സേവിക്കാൻ കഴിയും. 'സേവനം വീട്ടിൽ വച്ചാരംഭിക്കുന്നു.' (Charity begins at home) എന്നാണല്ലോ ധർമ്മസൂക്തി ഏററവും നല്ല ദാനം, ആത്മാർത്ഥതയോടെ, ആവശ്യപ്പെടാതെ തന്നെ കൊടുക്കുന്നതുമത്രേ. ദാനത്തിന്റെ അടിസ്ഥാനതത്വം സന്തോഷദായകം അഥവാ പുനർസ്മരണാർഹം ആകുന്നു. ആകയാൽ ദാനത്തിന്നു അതിനേറതായ ഒരു ഭാഷിതം വേറെയുണ്ട്

ഒരാളുടെ ബുദ്ധിപരമായ നേട്ടങ്ങളുടെയും, നിസ്വാർത്ഥമായ സേവനത്തിന്റെയും അടിസ്ഥാനത്തിലാണ് മാന്യസ്ഥാനം നിർണ്ണയിക്കപ്പെടുന്നതു്, പ്രവൃത്തിയെക്കാൾ വാക്ക് മധുരമായിരിക്കണം. എന്നു് ഒരു ചൊല്ലുണ്ട്. ദാസ്യവും സേവനവും രണ്ടും രണ്ടാണ്. കുഞ്ഞുങ്ങളുടെ മലം കോരിക്കളയുന്ന മാതാപിതാക്കളുടെയും, രോഗിയായ ഭർത്താവിന്റെ മലമൂത്രാദികൾ കൈകാര്യം ചെയ്യുന്ന ഭാര്യയുടേയും പ്രവൃത്തി സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും ലക്ഷ്യമാകയാൽ അവരെ സമുദായം വാനോളം പുകഴ്ത്തുന്നുവല്ലോ. ബുദ്ധിപൂർവ്വകമായിജീവിക്കുക, പ്രവർത്തിക്കുക,

പ്രവൃത്തിയുടെ ഫലത്തെപ്പററി ഉൽക്കണ്ഠാകുലനാകാതിരിക്കുക എന്നതാണു് പരമമായ ധർമ്മം. സ്വന്തം വ്യക്തിപരമായ പരിധിയിൽനിന്നും മുക്തനായി ദിനചര്യ പരസേവനത്തിനായി പങ്കിടണം. അങ്ങനെ പരാത്ഥപ്രവൃത്തി—സമുദായസേവനം—നാം ശീലിക്കുംതോറും, അതിനുള്ള ശക്തി വദ്ധിച്ചു് ആനന്ദബോധം ഉദിച്ചുവരും.

'ക്ഷമയോടുകൂടി കാത്തിരുന്നു പ്രവൎത്തിച്ചതിൻെറ ഫലമാണു് ലോകത്തിലെ എല്ലാ വലിയ നേട്ടങ്ങളും.'

—ജെ. ജി. ഹൊർള്ളൻേറു്

സത്യത്തിലും പരോപകാരങ്ങളിലും മഹാമനസ്ക്കതയിലും വീരകൃത്യങ്ങളിലും ആത്മാത്ഥമായി വിശ്വസിച്ചു് അതനുസരിച്ചു് പ്രവൎത്തിക്കുന്ന ഒരുവൻെറ പരിശ്രമം വിഫലമെന്നു് പറയുവാൻ സാദ്ധ്യമല്ല.

—തോറോ.

എന്താണു് നിങ്ങൾക്കു ചെയ്യുവാൻ കഴിയുന്നതു് എന്നറിയുക. വയ്യാതാകുന്നതുവരെ അതു ചെയ്യുക.

—ബർനാഡ്ഷാ.

നെഞ്ചൂറപ്പു്, ഇളകാത്ത നിശ്ചയം, പതറാത്തനില, അതാണു് എവിടെയും വിജയം നേടുക.

—നെപ്പോളിയൻ

നാം പരിശ്രമിക്കാതെ എങ്ങിനെയാണു് വിജയം സിദ്ധിക്കുന്നതു്? ഉത്സാഹശീലമുള്ളവരെ മാത്രമേ വിജയലക്ഷ്മി വരിക്കയുള്ളു. വിജയം വേണമെങ്കിൽ നിശ്ചയമായും പരിശ്രമിക്കണം.—നെൽസൺ.

അമ്മ സന്താനത്തെ ശുശ്രൂഷിക്കുന്നതിൽ തന്നെത്താൻ മറക്കുന്നു. സമുദായപ്രവത്തകനും സമുദായസേവനത്തിൽ വിസ്മൃതി നേടുന്നു. അതിനാൽ സേവകന്മാർക്കു് ആനന്ദം ലഭിക്കുന്നു. സമുദായം

എത്രത്തോളം വ്യാപകമാകുമോ, അതനുസരിച്ച് ആനന്ദവും വ്യാപകമാകും. അതാണ് തന്നെ വിസ്മരിച്ച് സമഷ്ടിയിൽ ലയിക്കുന്നതിനുള്ള ഏകമാർഗ്ഗം.

—വിനോബാ.

നിങ്ങൾ സഞ്ചരിക്കുക, ബഹുജന സുഖത്തിനും ബഹുജനഹിതത്തിനും വേണ്ടി—ശ്രീബുദ്ധൻ.

പൂക്കളിൽനിന്ന് വണ്ട് തേൻ കുടിക്കുന്നതുപോലെ വേണം ഗ്രാമത്തിൽ സേവകൻ ജീവിക്കുവാൻ. പൂവിന്റെ നിറത്തിനോ, സൗരഭ്യത്തിനോ മറ്റോ യാതൊരു ഹാനിയുമുണ്ടാകുന്നില്ലല്ലോ.

സാമൂഹ്യസേവനം എന്തിനാണ്? ജീവികളോടുള്ള കടപ്പാട് തീർക്കുവാനും; ഇഹലോകത്ത് ചിലർക്കെങ്കിലും സുഖം നൽകാനും, പരലോകത്തിൽ അവർക്ക് സ്വർഗ്ഗം ലഭിക്കുമാറാക്കുന്നതിനും ആകുന്നു. മനുഷ്യനെ മനുഷ്യനാക്കിത്തീർക്കുന്നതിനും സാമൂഹ്യത്തിൽ ഉത്തമപൗരന്മാരായി വളർന്ന് വരുന്നതിനും സഹായിക്കുന്നു. ജീവരാശികളിൽ ഉൽകൃഷ്ടനായ മനുഷ്യൻ വെറും മനുഷ്യജന്മംകൊണ്ട് മാത്രം ഉൽകൃഷ്ടനായിത്തീരുന്നില്ലെന്നും ജീവസ്നേഹത്തിലധിഷ്ഠിതമായ മനുഷ്യസ്നേഹത്തിലൂടെ മാത്രമേ ശ്രേഷ്ഠനാകുകയുള്ളവെന്നുമാണ് മഹാന്മാർ പഠിപ്പിക്കുന്നത്. അതുകൊണ്ട് സേവനത്തിൽ കൂടിമാത്രമേ മനുഷ്യന് ഉൽക്കർഷ നേടാൻ കഴിയൂ.

മനുഷ്യമഹത്വത്തിന്റെ മൂല്യം പണം മാത്രമല്ല. സ്വഭാവ ശുദ്ധിയും പൊതുജനസേവനവുമാണെന്ന തത്വം സമുദായം അംഗീകരിക്കേണ്ടിയിരിക്കുന്നു, എന്തുകൊണ്ടെന്നാൽ മനുഷ്യ സമുദായസേവനമാണ് മനുഷ്യജന്മത്തിന്റെ ഏററവും പരമോൽകൃഷ്ടമായ ധർമ്മം. എന്നാൽ കാമ—ക്രോധ—ലോഭാദി ദുർവ്വിചാരങ്ങളെ ജയിക്കുന്നവൻ മാത്രമേ നിസ്വാർത്ഥമായ മനുഷ്യസേവനത്തിന് സംപ്രാപ്തനായി ഭവിക്കുകയുള്ളൂ. കൂടാതെ

ഏതവസ്ഥയിലും. ഉള്ളതുകൊണ്ടു് തൃപ്തിപ്പെടാൻ പഠിച്ചാൽ മാത്രമേ സേവനത്തിനുള്ള മന:പാകത ഒരുവനു് ലഭിക്കുകയുള്ളു. ''ഉത്സാഹപൂർവ്വം പ്രവർത്തിക്കുക. പരിശ്രമപൂർവ്വം ജനസേവനം ചെയ്തു് പുണ്യം സമ്പാദിക്കുക, പൊതുജനങ്ങളുടെ സുഖത്തിനുവേണ്ടി പ്രവർത്തിച്ചു് മുന്നോട്ടുപോവുക.''—ശ്രീബുദ്ധൻ.

തന്റെ ശ്രമങ്ങൾക്കു് ദൈവം ഒരിക്കൽ ഫലം നൽകാതിരിക്കുകയില്ല എല്ലാം ദൈവത്തിലർപ്പിച്ചുകൊണ്ടു് പ്രവർത്തിക്കുക. തന്റെ കർമ്മങ്ങൾക്കു് ഫലം നൽകുന്നതു ദൈവമാണെന്നു് ഓർക്കണം. അതൊരു വലിയസന്നദ്ധതയാണു്. ഒരേലക്ഷ്യത്തിനുവേണ്ടി ആ ജീവനാന്തം പരിശ്രമിക്കുക. പൊതുക്കാര്യങ്ങളിലിടപെടാത്ത മനുഷ്യനെ നിശ്ശബ്ദനായ മനുഷ്യനായിട്ടല്ല, പ്രയോജനശൂന്യനായ മനുഷ്യനായിട്ടാണു് കരുതുന്നതു്.

—പെരിക്ലീസ്.

നിങ്ങളുടെ കുറവുകളെപ്പററി ചിന്തിക്കാതിരിക്കുക. മററുള്ളവരുടെ കുറവുകളെപ്പററി ഒട്ടും ചിന്തിക്കാതിരിക്കുക. നിങ്ങൾ സമ്പർക്കത്തിലേർപ്പെടുന്ന ഏതൊരാളിലുമുള്ള നല്ലതിനെയും ബലവത്തായതിനെയും മാത്രം കാണുക, അതിനെ ബഹുമാനിക്കുക, സന്തോഷിക്കുക, കഴിയുന്നിടത്തോളം അതിനെ അനുകരിക്കുക. കാലാന്തരത്തിൽ നിങ്ങളുടെ കുറവുകൾ ഉണങ്ങിയ ഇലപോലെ പൊഴിഞ്ഞു പൊയ്ക്കൊള്ളും,

—റസ്കിൻ.

സാമൂഹ്യക്ഷേമമാണു് ആഗ്രഹിക്കുന്നതെങ്കിൽ ധർമ്മ, സ്നേഹം, ത്യാഗം, ഐക്യം, എന്നീ സൽഗുണങ്ങൾ സ്വന്തമാക്കുകയും പ്രവൃത്തിയിൽ കൊണ്ടുവരികയും ചെയ്യുക. സാമൂഹ്യ പരിഷ്ക്കർത്താക്കളുടെ അസഹിഷ്ണുതയോളം സാത്താൻ ഇഷ്ടപ്പെടുന്ന വേറൊന്നില്ല. അതുപോലെതന്നെ അവരുടെ അനുകമ്പയേയും

സഹിഷ്ണുതയേയും ക്ഷമയേയും സാത്താൻ ഏററവുമധികം വെറുക്കുകയും ചെയ്യുന്നു.—ദലാവെൽ.

ശരിയായ മാർഗ്ഗത്തിൽ കൂടി പോകുവാൻ ആത്മാർത്ഥമായി ഒരാറം ശ്രമിക്കട്ടെ, അവൻ അനുദിനം കൂടുതൽ ശരിയായ മാർഗ്ഗത്തിലേക്കു് വരുന്നതാണു്,

—കാർലൈൽ.

സ്ഥിര ലക്ഷ്യത്തോടു കൂടിയും സമിരോത്സാഹത്തോടുകൂടിയുമുള്ള പ്രവർത്തനമാണു് വിജയത്തിൻെറ രഹസ്യം—ഡിസ്രേലി.

നിർദ്ദിഷ്ട സമയത്തിനു് കാൽ മണിക്കൂർ മുമ്പു് നിർദ്ദിഷ്ട സ്ഥാനത്തു് ചെല്ലുക—എൻെറ ജീവിതത്തിലെ എല്ലാ വിജയത്തിനും കാരണമതാണെന്നു് ഞാൻ വിശ്വസിക്കുന്നു.—നെൽസൺ,

സേവനപുരുഷൻ, ഗുണവാൻ, വീര്യവാൻ, ധർമ്മമറിയുന്നവൻ, നന്ദിയുള്ളവൻ, സത്യം മാത്രം പറയുന്നവൻ, പ്രതിജ്ഞയോടുകൂടിയവൻ, ബുദ്ധിമാൻ, ചിന്താശീലൻ, ഭക്തശിരോമണി എന്നീ നിലകളിൽ ശോഭിക്കണം.

ഒരാറം ചെയ്യുന്ന സൽപ്രവൃത്തികളെപ്പററി പറയാതിരിക്കുന്നതാണു് അധികപക്ഷവും നല്ലതു്. അനുകരണമാണു് ആത്മാർത്ഥമായ പ്രശംസ—ഗാന്ധിജി.

രഹസ്യത്തിൽ ചെയ്യപ്പെടുന്ന ഉൽകൃഷ്ട കർമ്മങ്ങളാണു് അത്യനർഘങ്ങളാം.—ഫാസ്കൽപെൻസീസു്.

നിങ്ങറം ചെയ്യേണ്ടതിനെ ചെയ്യാൻ ഉറയ്ക്കുക, ഉറച്ചതിനെ നീക്കംവരാതെ ചെയ്യുക—ഫ്രാൻക്ലീൻ.

സഹൃദയനായ ഒരു ചിന്തകനു് സാമൂഹ്യപ്രവർത്തനം പോലെ ആത്മസംതൃപ്തിക്കു് പററിയ വേറൊന്നില്ല, തൻെറ ചുററുപാടുമുള്ള ജനങ്ങറംക്കു് ഉപകാരംചെയ്തിട്ടുള്ളവനെ മാത്രമേ 'ജീവിക്കുന്നവൻ' എന്നു പറയുവാൻ സാദ്ധ്യമാകുകയുള്ളു. 'ഒന്നുകിൽ നമുക്കു് പ്രവർത്തിക്കാം അല്ലെങ്കിൽ മരിക്കാം'—ബേൺസു്.

സാമൂഹ്യ സേവകനു് താൻ പരിഷ്ക്കർത്താവാണെന്ന അഭിമാനമോ, ബോധമോ ഉണ്ടാകരുതു്. നിങ്ങൾ ഒരു സേവകനാണെന്നോർക്കുക നിങ്ങളുടെ കഴിവുകളെല്ലാം ആത്മസാക്ഷാൽക്കാരത്തിൽ കേന്ദ്രീകരിക്കണം. അതായതു് എപ്പോഴും സ്വന്തം ഹൃദയവും മനസ്സും ശുദ്ധീകരിപ്പാൻ ശ്രമിക്കുക. നിങ്ങൾ ചെയ്യുന്ന സേവനം ഇതിൻെറ ഒരു ഉപഫലമായിരിക്കണം നിങ്ങളുടെ സേവനങ്ങൾ കൂടാതെ ഈ ലോകത്തിൽ കഴിഞ്ഞുകൂടാമെന്നു് ഓർക്കുക. ജന്തുക്കളുടെ ഇടയിൽ ആരും സേവനം നടത്തുന്നുണ്ടെന്നു് നടിക്കുന്നില്ല. അവ സുഖമായി കഴിഞ്ഞുകൂടുന്നു മനുഷ്യജാതിയുടെയും നില ഇതു തന്നെയാണു്, പരിഷ്ക്കർത്താക്കളുടെയും സന്യാസിമാരുടെയും സേവനം കൂടാതെ മനുഷ്യജാതിക്കു് ജീവിക്കുവാൻ കഴിയും. എന്നാൽ നിസ്വാർത്ഥസേവനം പുഷ്പങ്ങളുടെ പരിമളം പോലിരിക്കണം, അതു് നിർദ്ദിഷ്ടമോ ഉദ്ദിഷ്ടമോ അല്ല അതു് പാടെ അഹങ്കാരരഹിതമാണു്—ശങ്കരാചാര്യ സ്വാമി.

സകല സാമൂഹ്യപ്രവർത്തനങ്ങളുടെയും പ്രചോദനശക്തിയും, മൗലികമൂല്യവും, സ്നേഹമായിരിക്കണം. സ്നേഹത്തിൻെറ സമഞ്ജസമായ ഉത്തേജനം ഉൾക്കൊണ്ടു് കൊണ്ടാവണം ഒരുവൻ സാമൂഹ്യപ്രവർത്തനത്തിനിറങ്ങിത്തിരിക്കേണ്ടതു്. സ്നേഹത്തിൽ നിന്നാണു് ഒരു യഥാർത്ഥ സാമൂഹ്യസേവകൻ ജനിക്കുന്നതു്. ആ യഥാർത്ഥ സാമൂഹ്യസേവകനാകട്ടെ. സ്നേഹത്തിൻെറ സാക്ഷാത്കരണത്തിനും, ശാശ്വതീകരണത്തിനും വേണ്ടിത്തന്നെയാണു് തൻെറ ജീവിതം ഉഴിഞ്ഞു വയ്ക്കുക. മധുരോദാരവും, മഹനീയ ഭാസുരവുമായ മനുഷ്യസ്നേഹമാണു് മാനുഷീകത്തിൻെറ ലക്ഷ്യം. അതിലേയ്ക്കുള്ള മാർഗ്ഗം മാത്രമാണു് മറെറല്ലാ പ്രവർത്തനങ്ങളും. ''ഓരോരുത്തനില്ലാത്തതു് മറെറാരുത്തനു് കൊടുക്കുവാൻ

സാധിക്കയില്ല എന്ന അരിസ്റ്റോട്ടലിന്റെ തത്വമനുസരിച്ച് ഒരു സാമൂഹ്യസേവകൻ സർവ്വഗുണസമ്പന്നനായിരിക്കണമല്ലോ. നിങ്ങൾ വിശിഷ്ടകർമ്മമാണ് ചെയ്യുന്നത്. മനുഷ്യനെ സേവിക്കൽ ദൈവസേവയാണ് —വിനോബാ,

സ്വയം ആദരിക്കുക, അറിയുക നിയന്ത്രിക്കുക, ഔന്നത്യത്തിലേക്കുള്ള 3 രാജപാതകളാണിവകൾ.
—ടെന്നിസൺ.

പർവ്വതാകാരത്തിലുള്ള പ്രതിബന്ധങ്ങളെപ്പോലും അനിരുദ്ധമായ മനക്കരുത്തിനാൽ തരണം ചെയ്യാൻ സാധിക്കും ലോകം മുഴുവൻ ഖഡ്ഗവും ധരിച്ചുകൊണ്ട് നിങ്ങൾക്കെതിരായി നില്ക്കുകയാണെങ്കിൽ തന്നെയും, ന്യായമെന്ന് തോന്നുന്നതിനുവേണ്ടി സമരം ചെയ്യുക —സ്വാമി വിവേകാനന്ദർ.

വിചാരപ്പെടരുത്, ദിവസം മൂന്നുനേരം ഭക്ഷിക്കുക, പ്രാർത്ഥന നടത്തുക, കടക്കാരോട് മര്യാദയായി പെരുമാറുക, നിങ്ങളുടെ ദഹനം നന്നായിരിക്കട്ടെ, നല്ല കായികാഭ്യാസം നടത്തുക, സാവധാനത്തിലും എളുപ്പത്തിലും ഗമിക്കുക, ഇതു കൂടാതെ നിങ്ങളുടെ പ്രത്യേക പരിതസ്ഥിതിയിൽ സൗഭാഗ്യനിദാനമായി മററു പല കാര്യങ്ങളും കണ്ടേക്കാം. എന്നാൽ സ്നേഹിത! ഞാൻ ഈ കാര്യങ്ങൾ ഒരു നല്ല ജീവിതം പ്രദാനം ചെയ്യുന്നതിന് പര്യാപ്തമെന്ന് കരുതുന്നു.
—ഏബ്രഹാം ലിങ്കൺ.

സൽപേര്, സൽസ്വഭാവം—ഒരു ചെറുപ്പക്കാരന് കാംക്ഷിക്കാവുന്ന ഏററവും വലിയ കൈമുതലാണത്. —ജെ ഡി. റോക്ക് ഫെല്ലർ.

സാമൂഹ്യപ്രവർത്തകനിൽ അഹങ്കാരം പാടില്ല. സജ്ജനങ്ങളെ ഉരച്ചുനോക്കിയാൽ, അഹങ്കാരമുണ്ടെങ്കിൽ സേവനം ഉടയും.

സാമൂഹ്യശാസ്ത്രം ഒരു ശുദ്ധശാസ്ത്രമാണ് എന്നു പറയുമ്പോൾ സാമൂഹ്യസേവനം എന്നതു് ആ ശാസ്ത്രീയമായ നിഗമനങ്ങളെ പ്രവൃത്തനപരിധിയിലേയ്ക്കു് കൊണ്ടുവരികയെന്നുള്ളതാണു്. വൈദ്യൻെറ കണ്ണുകൾ കാണാത്ത രോഗങ്ങൾ (കുടുംബസംബന്ധിയോ, സാമ്പത്തികമോ മററോ) സാമൂഹ്യപ്രവൃത്തകനു് വിട്ടുകൊടുക്കുന്നു. സാമൂഹ്യപ്രവൃത്തനം ഒററപ്പെട്ടു് നടത്തിയാൽ വിജയിക്കയില്ല നിശ്ചയം. സംഘടിതമായി ശാസ്ത്രീയമായ രീതിയിൽ സാമൂഹ്യസേവനം നടത്തണം. നമ്മുടെ മൂന്നു് ശത്രുക്കളായ ദാരിദ്ര്യത്തോടും രോഗത്തോടും അജ്ഞാനത്തോടും പോരാടുന്ന അജ്ഞാതഭടനാണു് സാമൂഹ്യപ്രവൃത്തകൻ.

സ്നേഹം അസാദ്ധ്യമായിട്ടുള്ളതിനെ സാദ്ധ്യമാക്കുന്നു, ലോകത്തിലെ സമസ്തരഹസ്യങ്ങളുടെയും കവാടം സ്നേഹം തന്നെയാണു്. അതിനാൽ സ്നേഹപൂർണ്ണരാകുവിൻ.

—വിവേകാനന്ദൻ

ഹിംസ ചെയ്യാതിരിക്കുക, പരധനത്തിൽ മനസ്സു കൊടുക്കാതിരിക്കുക, സത്യം പറയുക, ശക്തിക്കനുസരിച്ചു് ദാനം ചെയ്യുക, പരസ്ത്രീകളെപ്പററിയുള്ള ചർച്ചയിൽ പങ്കുകൊള്ളാതിരിക്കുക, ലോഭവൃത്തി തടയുക, ഗുരുവിൻെറ മുമ്പിൽ വിനീതനാകുക, എല്ലാജീവികളിലും സഹതാപം ഉണ്ടാവുക, ശാസ്ത്രങ്ങളിൽ വിശ്വാസം വയ്ക്കുക, എന്നിവ തന്നെയാണു്. ശാശ്വതപരമാനന്ദത്തിലേയ്ക്കു് നയിക്കുന്ന മാർഗ്ഗങ്ങൾ. (ഭർത്തൃഹരിവചനം) സമുദായസേവനത്തിനു് ആദ്യമായി ദൈവത്തെക്കുറിച്ചുള്ള ജ്ഞാനവും ദൈവദത്തമായ അധികാരവും, ശക്തിയും സമ്പാദിക്കുക, സമസ്തസ്വാർത്ഥങ്ങളും ത്യജിച്ചു് പരിശുദ്ധനായിത്തീർന്ന വ്യക്തിക്കു മാത്രമേ ലോകസേവനത്തിൻെറ മഹാപ്രവൃത്തനം ഏല്പിക്കാവൂ ഉള്ളു.

—രാമകൃഷ്ണപരമഹംസൻ.

യോഗ്യനായ ഒരു സന്യാസിക്ക് മാത്രമേ യോഗ്യമായ സേവനം സാധിക്കുകയുള്ളൂ. എന്തുകൊണ്ടെന്നാൽ അവന്റെ രണ്ടു കൈമുതലുകൾ നീതിയും അപരിഗ്രഹവുമാകുന്നു. —വിവേകാനന്ദസ്വാമികൾ.

എല്ലാ സാമൂഹ്യഗുണങ്ങളുടെയും മൂലം നീതിയിൽ കണ്ടെത്താൻ സാധിക്കും.

സകലരും അന്യരെപ്പററി ദയാപൂർവ്വം ചിന്തിക്കട്ടെ. വിമർശിക്കുകയോ, വിധി കല്പിക്കുകയോ, ആക്ഷേപിക്കുകയോ ചെയ്യാതിരിക്കുക. നേരേ മറിച്ച് മാപ്പുകൊടുക്കുകയും നീതീകരിക്കുകയും, മനസ്സിലാക്കുവാൻ ശ്രമിക്കുകയും, അന്യരുടെ സ്ഥാനങ്ങളിൽ നിങ്ങളെ കാണുവാൻ പരിശ്രമിക്കുകയും ചെയ്യുക. സുസ്ഥിരമായ പരിശ്രമം കൊണ്ടു മാത്രമേ ഈ മനോഭാവം പരിപോഷിപ്പിക്കാൻ സാധിക്കുകയുള്ളൂ.

—ആർനോൾഡ് ബന്നററ്.

ഓരോ ദിവസവും ഏതെങ്കിലും ഒരു ഹൃദയത്തെ ആനന്ദഭരിതമാക്കുവാൻ എത്ര എളുപ്പത്തിൽ സാധിക്കുമെന്നുള്ളതിനെപ്പററി നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? നിങ്ങളുടെ പ്രതിദിനചര്യകൾക്കിടയിൽ കാരുണ്യപൂർണ്ണമായ ഒരു വാക്കെങ്കിലു സംസാരിക്കുക. അനുകമ്പാർദ്രമായ ഒരു പുഞ്ചിരി നിങ്ങളുടെ മുഖത്തു് പ്രത്യക്ഷപ്പെടട്ടെ. സ്നേഹദ്യോതകമായ ഒരു നോട്ടം അയൽക്കാരന്റെ മുഖത്തുള്ള കാർമേഘത്തെ നീക്കും, സൗഹൃദപൂർവ്വമായ കരഗ്രഹണം അശ്രുധാരയെ നിറുത്തും.

—എല്ലാവീലർ വിൽകോക്സ്.

ഒരു സിംഹത്തെപോലെ പ്രവത്തിക്കുക, നിന്റെ ജീവിതത്തിലെ തപസ്യയും ശക്തിയും പ്രതിഫലിക്കട്ടെ, ജനങ്ങളുടെ ഹൃദയത്തിൽ നിന്റെ പ്രേമം അമ്പുപോലെ പ്രവേശിക്കട്ടെ. —വിനോബാജി,

സംഗമില്ലാത്തവനായും ശത്രുവിനെയും മിത്രത്തെയും മാനത്തേയും അപമാനത്തേയും ശീതത്തെയും

ഉഷ്ണത്തേയും സുഖത്തേയും ദുഃഖത്തേയും നിന്ദയേയും സ്തുതിയേയും സമമായിക്കരുതുന്നവനായും എന്തുവന്നാലും സന്തോഷത്തോടുകൂടിയവനായും ഇരിക്കണം. അന്യന്ന് വെറുപ്പു തോന്നിക്കാത്ത—സത്യവും പ്രിയവും ഹിതവും ആയിട്ടുള്ള—ഭാഷണം അഭിനന്ദനീയമാണ്.

നാം മററുള്ളവരിൽനിന്നും ഇച്ഛിക്കാത്ത രീതിയിലുള്ള പെരുമാററം അവരോടും അരുത്. സ്വാതന്ത്ര്യത്തനും അറിവുള്ളവനും, മനഃശക്തിയുള്ളവനും ആയ ഒരാൾക്ക് മാത്രമേ നേർവഴിക്കു പോകാൻ കഴിയൂ.

—ചാൾസ് ബക്സ്റ്റൺ.

മററുള്ള ആളുകളെക്കാൾ സമർത്ഥനാകാൻ പരിശ്രമിച്ചുകൊള്ളുക. പക്ഷേ നിന്റെ സാമർത്ഥ്യത്തെക്കുറിച്ച് നീ തന്നെ ഒരോരോ ആളോടും മിണ്ടിപ്പോകരുത്.

ലോർഡ് ചെസ്റ്റർ ഫീൽഡ്.

ആഗ്രഹിക്കുന്നതു് ചെയ്യാൻ കഴിയുന്ന ആൾ മഹാനാണ്. കഴിവുള്ളതു ചെയ്യാൻ കഴിയുന്നയാൾ ജ്ഞാനിയാകുന്നു.

—ഇഫ്ക്കാബ്.

''ശക്തിയിൽ കവിഞ്ഞു യാതൊന്നിനും ശ്രമിക്കരുതു്.'' നിങ്ങൾ എന്തു പറയുന്നു, എന്തെഴുതുന്നു എന്നുള്ളതല്ല, നിങ്ങളിലുണ്ടായിട്ടുള്ള പുരോഗതിയുടെ മാനദണ്ഡം. നിങ്ങളുടെ മനസ്സിന്റെ ഉറപ്പും നിങ്ങളുടെ വികാരങ്ങളെ നിയന്ത്രിക്കാനുള്ള കഴിവുമാണ്.

—തോമസ് ഷുള്ളർ

നെഞ്ചുറപ്പു്, ഇളകാത്ത നിശ്ചയം, പതറാത്ത നിലഅതാണ് എവിടെയും വിജയം നേടുക.

—നെപ്പോളിയൻ

മനുഷ്യന്ന് അപ്രാപ്യമായി യാതൊന്നുമില്ലെന്നുള്ളബോധം—എന്തിനെയും മനസ്സാന്നിദ്ധ്യത്തോടെ അഭിമുഖീകരിക്കുവാനുള്ളൊരു ധൈര്യം—അതത്രേ വിജയത്തിന്റെ താക്കോൽ. പ്രശംസയോ പ്രതിഫലമോ ഇച്ഛിക്കാതെ നന്മ ചെയ്യുന്നവന്ന് അവ രണ്ടും താനേ ലഭിക്കുന്നു.

—സ്റ്റീംഗ്.

# ഉപസംഹാരം

''ദൈവം നിസ്സഹായരുടെയും കഷ്ടപ്പെട്ടുന്നവരുടെയും രൂപത്തിൽ നമുക്ക് വെളിപ്പെടുമെന്നതിനാൽ മതം നിസ്സഹായരുടെയും ദുരിതമനുഭവിക്കുന്നവരുടെയും സേവനത്തിനു വേണ്ടിയാണ്, സാധുജനസേവനം ഒരുതരം ആരാധനയുമാണ്.

—മഹാത്മാഗാന്ധി

ലോകത്തിൽ എല്ലാ നിലവാരത്തിലും ഉള്ള ആളുകളുണ്ട്. സമൂഹമായി ജീവിക്കുമ്പോൾ ബലവാൻ, ബലഹീനനെയും, ധനവാൻ ദരിദ്രനെയും, പുരുഷന്മാർ സ്ത്രീകളെയും, വലിയവർ ചെറിയവരെയും, രാജാവ് പ്രജകളെയും, പുരോഹിതർ അത്മായക്കാരെയും എന്നുവേണ്ട നാം പരസ്പരം സഹായികളായിരിക്കേണ്ടതാകുന്നു. ആകയാൽ സാമൂഹ്യസേവനമാണ് സ്വയം നിലനിൽപ്പിനേക്കാൾ മനുഷ്യർക്ക് പ്രധാനമെന്ന് നാം മനസ്സിലാക്കണം.

യഥാർത്ഥത്തിൽ മനുഷ്യബന്ധമാണ് സമൂഹത്തെ സൃഷ്ടിക്കുന്നത്. ഈ ബന്ധം കുടുംബപരവും, തൊഴിൽപരവും രാജ്യപരവും, ആത്മീകവും, ജാതീയവും ഒക്കെയാകാം. ഭാരതാംബ, സഭാമാതാവ് എന്നെല്ലാം പറയുന്നത് സമൂഹത്തെപ്പററിയുള്ള ചിത്രീകരണമാണ്. മനുഷ്യൻ സമൂഹജീവിയായതിനാൽ അവർ ഒററപ്പെട്ട് ജീവിക്കുക സാദ്ധ്യമല്ല. ഒരുത്തനായാൽ ഒരുത്തിവേണം, കുട്ടികൾക്ക് മാതാപിതാക്കൾ വേണം, പ്രജകളുണ്ടെങ്കിലേ രാജാവുള്ളു; എന്നു വേണ്ട നമ്മുടെ സാമൂഹ്യബന്ധം അന്നെ എല്ലാ ജീവജാലങ്ങളോടും ആയിരിക്കണമെന്നാണ് വന്നുകൂടുന്നത്. ''പ്രകൃതിയെ സ്പർശിക്കുന്ന ഏവരും ലോകത്തെ മുഴുവൻ ചാർച്ചക്കാരായി കാണുന്നതാണ്'' എന്നാണ് ലിവിങ്ങ്സ്റ്റൺ പറഞ്ഞിരിക്കുന്നത്,

സമുദായത്തിൽനിന്നകന്ന് ഒരു വിജനപ്രദേശത്ത് ഏകനായി സ്വയം മരാം ജീവിക്കുകയാണെങ്കിൽ സത്യം, സഹിഷ്ണത, തത്വദീക്ഷ, എന്നിന്ത്യാദി സമൂഹകാര്യങ്ങൾക്ക് ആവശ്യമില്ല. എന്നാൽ സമുദായത്തിൽ ജീവിക്കുമ്പോൾ മററുള്ളവരെക്കൂടി ജീവിക്കാൻ അനുവദിക്കേണ്ടതുകൊണ്ടാണ് സാമൂഹ്യഗുണങ്ങൾ നാം ശീലിക്കേണ്ടതായി വരുന്നതും, സാമൂഹ്യസേവനം തദ്വാരാ അനുഷ്ഠിക്കേണ്ടതായിവരുന്നതും. ആകയാൽ സാമൂഹ്യസേവനത്തിൻെറ ലക്ഷ്യം സാമൂഹ്യക്ഷേമം, അതു് സഹായമർഹിക്കുന്നവർക്കും അത്രേ.

സമൂഹം എന്നൊന്നുണ്ടോ എന്നു മനുഷ്യൻ ചിന്തിച്ചേക്കാം. അതു് വ്യക്തിയല്ല, എന്നതു് സ്പഷ്ടമാണ്. വ്യക്തികളുടെ സമൂഹം. സമൂഹത്തിൽ ചില അഭിപ്രായങ്ങൾ ഉണ്ടാകും, അപവാദങ്ങൾ ഉണ്ടാകും, തെററായും ശരിയായും വിമർശനം ഉണ്ടാകും. സമൂഹമദ്ധ്യത്തിൽ പ്രസംഗിക്കുന്നവർ ചിലപ്പോൾ സഭാകമ്പം കാണിക്കുന്നു. സമൂഹത്തെ ബഹുമാനിക്കാതെ സംബോധന ചെയ്യാൻ സാദ്ധ്യമല്ല. സമൂഹത്തിൽ നല്ല ആളുകളും, ചീത്ത ആളുകളും ഉണ്ടെങ്കിലും അവർ മാന്യന്മാരായിട്ടാണ് സമൂഹത്തിൽ ഉൾപ്പെടുമ്പോൾ നാം കരുതുന്നതു്. സമൂഹത്തെ നിന്ദിച്ചാൽ അവനു ശിക്ഷ കിട്ടും. ആകയാൽ സമൂഹം ഒരു വെറും സങ്കല്പമല്ല, പ്രത്യുത യാഥാർത്ഥ്യമാണ്.

സമൂഹത്തിൻെറ ചെറിയ ഒരു ഘടകം മാത്രമാണ് ഒരു കുടുംബം. കുടുംബത്തിൽനിന്നു് ബഹിഷ്ക്കരിക്കപ്പെടുന്നവർ (out caster) ക്കാശ്രയം സമൂഹമാണ്. കുടുംബത്തിൽ അനീതി ഉണ്ടായാൽ സമൂഹത്തോടു നമുക്കു പരാതിപ്പെടാം. അതുമൂലം സാമൂഹ്യനീതി ലഭിക്കും. സാമൂഹ്യദ്രോഷങ്ങൾ ചെയ്യുന്നവർ, സാമൂഹ്യവിരുദ്ധനടപടികൾ നടത്തുന്നവർ എന്നിവരെ സമൂഹം

ശിക്ഷിക്കുന്നുണ്ടല്ലോ. സമൂഹം, സമുദായമാകാം, രാഷ്ട്ര മാകാം, പൊതുജനങ്ങളാകാം. നാട്ടുകാരാകാം, ഏതാ യാലും സമൂഹത്തിൽ രക്ഷയുണ്ട്, ശിക്ഷയുണ്ട്.

ഒരു വ്യക്തി നല്ലവനായി ജീവിച്ചാൽ അതിന്റെ മാന്യത അവനുംപ്പെട്ട സമൂഹത്തിനും, കൂടി അനുഭവ പ്പെടുന്നുണ്ട്. ഉദാഹരണമായി കപ്പയിക്കർ വർഗ്ഗക്കാർ (അമേരിക്കയിൽ) സത്യസന്ധന്മാരായി അറിയപ്പെടു ന്നു. അവർ നിർമ്മിക്കുന്ന കപ്പയിക്കർ ഓട്ട്മീൽ ആരും കലർപ്പില്ലാത്തതായി സ്വീകരിക്കുന്നു അതുപോലെ നാം ചെയ്യുന്ന ദോഷങ്ങളും സമൂഹത്തെ ബാധിക്കുന്നു. ഉദാഹരണം സ്കോട്ട്ലൻഡുകാർ പിശുക്കന്മാരായി അറിയപ്പെടുന്നു. അവരിൽ ഒരുപക്ഷേ ധാരാളികളും കണ്ടേക്കാം. അതായത് നാം ചെയ്യുന്ന പ്രവൃത്തികൾ നമ്മുടെ സമൂഹത്തിന് ഒരു സംഭാവനയായിത്തീരു ന്നു. അത്, നമ്മുടെ ജോലിയോ, പഠനമോ, സൽഗ്ഗു ണമോ, സംസാരമോ, രീതിയോ എല്ലാം സമൂഹത്തെ വിശേഷിപ്പിക്കും. നാം നമ്മുടെ പ്രവർത്ത ങ്ങളിൽ വിജയിച്ചാൽ അതിനുള്ള ബഹുമാനവും അം ഗീകാരവും സമൂഹത്തിൽ നിന്നു് കിട്ടുമ്പോഴാണ് സാ ധാരണ, നമുക്ക് സമൂഹത്തിലുള്ള സ്ഥാനം വ്യക്തമായി തീട്ടപ്പെടുന്നതു്. ആകയാൽ ഓരോ വ്യക്തിക്കും സമൂ ഹത്തിൽ പ്രത്യേക സ്ഥാനവും വിലയും ഉണ്ടെന്നു് നാ മോർക്കണം. സമൂഹവുമായി യാതൊരു ബന്ധവുമില്ലാ തെ നാം ഒററപ്പെട്ടു് ജീവിക്കാൻ സാദ്ധ്യമല്ലെന്നുമാത്ര മല്ല, അതുകൊണ്ടു് യാതൊരു പരിഗണനവും ഈ ലോകത്തിൽ അനുഭവപ്പെടുകയുമില്ല. അപ്രകാരം ജീ വിക്കുന്നതു് വ്യർത്ഥവും, നിരുപയോഗവും കൂടിയാണ് അതുകൊണ്ടു് നമ്മിൽനിന്നു്, മാനസികമായും, സാ മ്പത്തികമായും, കായികമായും, സാംസ്ക്കാരികമാ യും, സാങ്കേതികമായും മററെല്ലാവിധത്തിലുമുള്ള സേ

വനങ്ങൾ നമ്മിൽ നിന്നു് സമൂഹം പ്രതീക്ഷിക്കുന്നുണ്ടെന്നു് നാമോരോരുത്തരും ഓർക്കേണ്ടതാണു്.

''ഒരുവൻ അവൻെറ തൊഴിലിൽ അതിയായ വൈദഗ്ദ്ധ്യം നേടിയാൽ, അവർ ആരും അറിയാത്തവനാന്തരത്തിൽ പോയി താമസിച്ചാൽ പോലും, മററുള്ളവർ അവനെ തേടി, വഴിവെട്ടിച്ചെന്നു'' കാണും അവൻെറ സേവനം ലഭിപ്പാൻ എന്നാണു് എഡിസൺ പറഞ്ഞിരിക്കുന്നതു്. ആകയാൽ നാം മാത്രം നന്നായാൽ പോരാ, നമ്മുടെ അയൽക്കാരും നന്നാകാൻ നാം സേവനം അനുഷ്ഠിക്കേണ്ടിയിരിക്കുന്നു അതാണു് വിദ്യാഭ്യാസത്തിൻെറ ആരംഭം. നമ്മുടെ ഭാവി തലമുറ അജ്ഞന്മാരാകാതെ, നമ്മുടെ ജ്ഞാനത്തിൽ ഉപരി അവർ കണ്ടുപിടിക്കാൻ തക്കവണ്ണം അവർക്കു് തലമുറകളിലെ അറിവുകൾ പഠിപ്പിക്കുകയാണു് ഇന്നു ചെയ്തുവരുന്നതു്.

ഒരു മനുഷ്യൻെറ മരണാനന്തരം, പുനഃസ്മരണനില നിൽക്കുന്നതെങ്കിൽ അതു് അയാൾ സമൂഹത്തിനു് ചെയ്തിട്ടുള്ള സേവനങ്ങളെമാത്രം ആശ്രയിച്ചു ഇരിക്കുന്നതാണു്. വിജ്ഞാനപരമായും, സാഹിത്യപരമായും, കലാപരമായും, കണ്ടുപിടുത്തപരമായും മനുഷ്യൻ പുരോഗതിയിലേയ്ക്കു് വന്നിട്ടുള്ളതു് പൂർവ്വന്മാരുടെ സാമൂഹ്യസേവന പ്രവർത്തനഫലമാണെന്നു് കാണാവുന്നതാണു് അവർ ചെയ്തിട്ടുള്ള സേവനങ്ങൾ അടിസ്ഥാനമാക്കി ഭാവിതലമുറയ്ക്കു് കൂടുതൽ പ്രവർത്തനങ്ങൾ ചെയ്തു. പുരോഗമിക്കുവാനും സാധിക്കുന്നു. അവരെ നാം മറന്നാലും അവരുടെ പ്രവർത്തനഫലം അവർക്കു് ശേഷവും ജീവിക്കുന്നു എന്നതാണു് മരണാനന്തരം നമ്മുടെ ഏക സമ്പത്തു് നമ്മുടെ പ്രവൃത്തികളാണെന്നു് പറയുന്നതു്. ഒരാളുടെ മക്കളായ നാം പരസ്പരപൂരകമായി സേവനം അനുഷ്ഠിക്കുമ്പോൾ മാത്രമാണു് വിശ്വാസ്

ഹോദര്യം നിലനിൽക്കുന്നത്. അപ്പോഴാണ് നാം നമ്മുടെ മുൻഗാമികളെ പിൻചെല്ലുകയും, അയൽക്കാരെ നമ്മേപ്പോലെ തന്നെ സ്നേഹിക്കയും ചെയ്യുന്നത്. ക്രിസ്ത്യാനികൾ കൂട്ടായ്മയെന്നും ഹിന്ദുക്കൾ സൽസംഗമെന്നും. മുസ്ലിങ്ങൾ സഹോദരസ്നേഹമെന്നും പറയുന്നതു തന്നെ സാമൂഹ്യസേവനത്തിൻെറ അടിസ്ഥാന ഘടകങ്ങളാണ്. ധർമ്മം കൊടുക്കുക, കൃത്യങ്ങൾ പാലിക്കുക, കഷ്ടപ്പെടുന്നവരെ സഹായിക്കുക. കൃഷിചെയ്ത് ഉല്പാദനം വർദ്ധിപ്പിക്കുക സമൂഹപ്രസ്ഥാനം നടത്തുക എന്നീ ചെറുതും വലുതുമായി നാം എന്തു് ചെയ്താലും അതു് സാമൂഹ്യ നന്മയെ ഉദ്ദേശിച്ചായിരിക്കണം എന്ന തത്വബോധം നമുക്കുണ്ടായാൽ മാത്രമേ മനുഷ്യസമുദായം പുരോഗമിക്കയുള്ളു. തപസ്സുചെയ്യുന്ന മഹർഷിമാർ പോലും ലക്ഷ്യമാക്കിയിരിക്കുന്നതു് ലോകസേവനമാണ്. ആകയാൽ നമുക്കുള്ള സാമൂഹ്യബോധം, നമ്മെ സാമൂഹ്യസേവനത്തിലേയ്ക്കു് നയിക്കട്ടെ,

എല്ലാ മതങ്ങളെക്കാൾ കൂടുതലായി സേവനത്തിനു് പ്രാധാന്യം ക്രിസ്തുമതത്തിനുള്ളതായി എല്ലാവരും സമ്മതിയ്ക്കും. ക്രിസ്തു സേവനത്തിൻെറയും ശുശ്രൂഷയുടെയും അത്ഭുതകരമായ മാതൃക ലോകത്തിനു് കാണിച്ചുകൊടുത്തു. മനുഷ്യസേവനത്തിൽ കൂടി ദൈവത്തെ സേവിക്കേണ്ടതാണെന്നു്, ''ദൈവത്തിൻെറ പിതൃത്വവും മനുഷ്യസാഹോദര്യവും'' എന്ന ആശയം അദ്ദേഹം ലോകത്തിനു് നൽകി. എൻെറ ക്രൂശെടുത്തു് എന്നെ അനുഗമിക്കുക എന്നാണ് തൻെറ ആഹ്വാനം. അതേ! ആ ക്രൂശിത രൂപമാണ് ക്രിസ്തീയസേവനത്തിൻെറ ചിഹ്നം അതായതു് ഒരു ത്രിത്വം—മനുഷ്യൻ + സമൂഹം + ദൈവം = സേവനം, സേവനത്തിൻെറ അന്ത്യം ത്യാഗവും. മേലോട്ടുള്ള മരക്കാൽ (Horizontal) വ്യക്തിയും, വിലങ്ങനെയുള്ളതു് (Perpendicular) സമൂ

ഹവും ക്രൂശിക്കപ്പെട്ട ക്രിസ്തു ദൈവവും തന്റെ മരണം ത്യാഗവുമായിട്ടാണ് അതിനെ വ്യാഖ്യാനിക്കുന്നത്. സമൂഹത്തെ നിലനിറുത്തുന്ന വ്യക്തികൾ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ ആരാധിക്കുന്നു (മനുഷ്യ സമൂഹത്തിനുവേണ്ടിയാണ് താൻ പ്രവർത്തിച്ചത്. അവരുടെ രക്ഷയ്ക്കുവേണ്ടി, നന്മയ്ക്കുവേണ്ടി, താൻ മരിച്ചു. ഇതുകൂടാതെ കന്യകാമറിയാം യേശുക്കുഞ്ഞിനെ എടുത്തുകൊണ്ടുനില്ക്കുന്നരൂപവും സാമൂഹ്യസേവനത്തിന്റെ അടയാളമായി ക്രിസ്ത്യാനികൾ സങ്കല്പിക്കുന്നു. ദൈവവും മനുഷ്യനുമായ ക്രിസ്തുവിനെ മാതാവ് (ലോകത്തിലെ ശ്രേഷ്ഠ) ശുശ്രൂഷിക്കുന്നു; സേവിക്കുന്നു. ആകയാൽ സേവനത്തിന്റെ ക്രൂശുമേന്തി, നമ്മുടെ സമൂഹത്തെ ദൈവസന്നിധിയിൽ സമർപ്പിച്ച് മനുഷ്യസേവനം വഴി ദൈവസേവനം അനുഷ്ഠിക്കുക എന്നതാണ് എല്ലാവരും മാനവപുരോഗതിക്കുവേണ്ടി ചെയ്യേണ്ടത്.

ആധുനികകാലത്ത് മഹാത്മഗാന്ധി 'സാമൂഹ്യസേവനം എന്റെ മതം' എന്ന തത്വം ലോകത്തിൽ പ്രചരിപ്പിക്കുകയും ഒരു വിപ്ളവം തന്നെ സൃഷ്ടിച്ച്, തന്റെ ചിന്താഗതികളും ആശയങ്ങളും ജീവിതം വഴി കാണിച്ച് മനുഷ്യസമുദായത്തെ അഭിവൃദ്ധിയെന്നത് നാം കണ്ടുകഴിഞ്ഞു. യേശുക്രിസ്തു നിഷ്ക്കർഷിച്ച മാർഗ്ഗത്തിൻ കൂടി അദ്ദേഹം സ്പഷ്ടമാക്കിയ മനുഷ്യസേവനം ഇത്രമാത്രം അനശ്വരമായെങ്കിൽ, ആ സേവനമാതൃക എന്തുകൊണ്ട് നമുക്കും പിന്തുടർന്നുകൂടാ? ഇല്ലെങ്കിൽ സമൂഹവ്യവസ്ഥമാറി 'ഹിപ്പികളെ' കൊണ്ട് നിറയുമെന്നു് നാം ഓർക്കണം. ആകയാൽ നാമോരോരുത്തരും സാമൂഹ്യസേവത്തിന് ഉദ്യമിക്കുക. ജയ്, ഗാന്ധിജി.

നമുക്കെങ്ങിനെ ദൈവത്തെ തൃപ്തിപ്പെടുത്താം? എങ്ങിനെ ദൈവത്തെ സ്തുതിക്കാം? ദൈവത്തിൻെറ സൃഷ്ടിയായി, ശുശ്രൂഷിക്കുന്നതിലൂടെ മാത്രം,

–ഗാന്ധിജി

മതം മനുഷ്യസേവനമാണ്, ദൈവ സേവനമാണ്.—അതിത്തി ഗാന്ധി.

''ദൈവമെ! തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ (ദൈവസേവനം) ഭൂമിയിലും (മനുഷ്യസേവനം) ആകേണമെ.''

ദൈവത്തിന് മഹത്വം,
ഭൂമിയിൽ സമാധാനം മനുഷ്യമക്കളിൽ സംപ്രീതി.

Mind travel fastest

KOTTAYAM PUBLIC LIBRARY
KOTTAYAM.

Cl. No. 301 A.S. Acc. No. 81109

This book should be returned on or before the date last stamped below.

13 MAY 1987
24 OCT 1990
5 MAR 1992
10 JAN 2000

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

South India.

301 [illegible]1102

A. S.

[illegible]

[illegible]

CENTRY
BOARD

KOTTAYAM PUBLIC LIBRARY

Call No. 301 A.S Acc. No. [illegible]

Author [illegible]

Title [illegible]

Indic Digital Archive Foundation

gpura.org